# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

2016 ജൂൺ 30, വ്യാഴം

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 162 - നമ്പർ 7

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### ഒന്നാം സമ്മേളനം

2016 ജൂൺ 30, വ്യാഴം

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

സെക്രട്ടറി-ഇൻ-ചാർജ്ജ്

**ശ്രീമതി പി. ജയലക്ഷ്മി**

ചീഫ് എഡിറ്റർ

**ശ്രീ. ബി. മഹേന്ദ്ര കുമാർ**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

886/2017

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി | : | ശ്രീ. ഇ. പി. ജയരാജൻ |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


പേജ്

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ 1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ 30

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ 30
(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ 73

**II അടിയന്തരപ്രമേയം**

എം.ബി.ബി.എസ്. പ്രവേശനം—

ശ്രീ. വി. എസ്. ശിവകുമാർ 296

(അവതരണാനുമതി നിഷേധിച്ചു.)

**III ശ്രദ്ധ ക്ഷണിക്കൽ**

(1) അനധികൃത ക്വാറി/ക്രഷർ യൂണിറ്റുകളുടെ പ്രവർത്തനം—

ശ്രീ. സി. ദിവാകരൻ 312

(2) റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം

ശ്രീ. മോൻസ് ജോസഫ് 315

**IV സബ്മിഷൻ**

(1) പുറ്റിങ്ങൽ വെടിക്കെട്ടപകടം—

ശ്രീ. ജി. എസ്. ജയലാൽ 318

(2) പുതിയ ആർട്സ് ആന്റ് സയൻസ് കോളേജുകൾ—

ശ്രീ. പി. സി. ജോർജ് 321

(3) വിള നാശത്തിന് നഷ്ടപരിഹാരം—

ശ്രീ. ഐ. സി. ബാലകൃഷ്ണൻ 323

(4) ബൈപ്പാസിന് സ്ഥലമേറ്റെടുക്കൽ—

ഡോ. എൻ. ജയരാജ് 324

*പേജ്*

(5) മണൽ ആഡിറ്റ്–

ശ്രീ. പി. ടി. എ. റഹീം 325

(6) അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ആനുകൂല്യങ്ങൾ–

ശ്രീ. കെ. വി. അബ്ദുൾ ഖാദർ 327

(7) കോട്ടക്കൽ ആയുർവ്വേദ യൂണിവേഴ്സിറ്റി–

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ 328

(8) നൂറനാട് ലെപ്രസി സാനിട്ടോറിയത്തെ സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തൽ–

ശ്രീ. ആർ. രാജേഷ് 330

(9) പോളിടെക്നിക്കിന്റെ അംഗീകാരം–

ശ്രീ. കെ. മുരളീധരൻ 331

(10) പ്ലാസ്റ്റിക്കിന്റെ ദുരുപയോഗം തടയലും റീസൈക്ലിംഗും–

ശ്രീ. എ. പ്രദീപ്കുമാർ 333

**V മേശപ്പുറത്തുവച്ച കടലാസ്സുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ 336

**VI ക്രമപ്രശ്നം**

(1) സഭാസമ്മേളന കാലയളവിൽ നയപരമായ കാര്യങ്ങൾ സഭയ്ക്കുപുറത്ത് പ്രഖ്യാപിക്കുന്നത് സംബന്ധിച്ച് 337

(2) ധവളപത്രം മലയാളത്തിൽ ലഭ്യമാക്കുന്നതു സംബന്ധിച്ച് 341

**VII ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച (തുടർച്ച)** 342

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### ഒന്നാം സമ്മേളനം

*2016 ജൂൺ 30, വ്യാഴം*

വാല്യം 162] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 7

നിയമസഭ 2016 ജൂൺ മാസം 30-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ.........ഓർഡർ......ചോദ്യം നമ്പർ *61.

### പട്ടികവർഗ്ഗ വിഭാഗത്തിനുള്ള ഭവന നിർമ്മാണ പദ്ധതി

1(*61) ശ്രീ. കെ. ആൻസലൻ :
ശ്രീ. എം. എം. മണി :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കുള്ള ഭവന നിർമ്മാണ പദ്ധതികളുടെ വിശദാംശം നൽകാമോ; ഈ പദ്ധതികൾ ഫലപ്രദമായി നടക്കുന്നില്ലെങ്കിൽ ആയതിന്റെ കാരണം അറിയിക്കാമോ;

(ബി) ഭവനരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾ എത്രയുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) ഭവനരഹിതർക്കെല്ലാം സമയബന്ധിതമായി വീട് നിർമ്മിച്ചു നൽകുവാനോ, പട്ടികവർഗ്ഗ സങ്കേതങ്ങൾക്കുപുറത്ത് എല്ലാവിധ ആധുനിക സൗകര്യങ്ങളുള്ളിടത്ത് പുനരധിവസിപ്പിക്കാനോ ഉള്ള പദ്ധതിയുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ ): സർ,

(എ) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അർഹരായ മുഴുവൻ കുടുംബങ്ങൾക്കും വീട് അനുവദിക്കുന്നതിനായി സർക്കാർ പട്ടികവർഗ്ഗ വികസന വകുപ്പുവഴി വിവിധ ഭവന പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ജനറൽ ഹൗസിംഗ് പദ്ധതി, HUDCO ഭവനനിർമ്മാണ പദ്ധതി, A.T.S.P. ഭവനനിർമ്മാണ പദ്ധതി എന്നിവയ്ക്കുപുറമേ ഗ്രാമവികസന വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്ന I.A.Y. ഭവന നിർമ്മാണ പദ്ധതി വഴിയും വീടുകൾ അനുവദിക്കുന്നുണ്ട്. 350 ചതുരശ്ര അടി വീട് നിർമ്മിക്കുന്നതിന് 3.5 ലക്ഷം രൂപയാണ് നിലവിൽ അനുവദിക്കുന്നത്. 6 വർഷം പൂർത്തിയായ വീടുകളുടെ അറ്റകുറ്റപണിക്ക് 1 ലക്ഷം രൂപയും പട്ടികവർഗ്ഗ വികസന വകുപ്പ് വഴിയും അനുവദിക്കുന്നുണ്ട്. ഭവന നിർമ്മാണത്തിന് അനുവദിക്കുന്ന തുക ഉപയോഗിച്ച് നിലവിൽ ഗുണഭോക്താക്കൾ തന്നെയാണ് വീടുകൾ നിർമ്മിക്കുന്നത്. നല്ലൊരു ശതമാനം ഗുണഭോക്താക്കളും സർക്കാർ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങളിൽ നിന്നും വ്യതിചലിക്കുന്നതായി കണ്ടിട്ടുണ്ട്. മാത്രമല്ല പട്ടികവർഗ്ഗ സങ്കേതങ്ങളിൽ പലതും ഗതാഗത സൗകര്യമില്ലാത്തതും ദുർഘടവുമായ വനാന്തരങ്ങളിലാണ് സ്ഥിതി ചെയ്യുന്നത്. ഇത്തരം പ്രദേശങ്ങളിൽ ഭവന നിർമ്മാണം നടത്തുമ്പോൾ ചുമട്ടുകൂലി ഇനത്തിൽത്തന്നെ നല്ലൊരു ശതമാനം തുക ചെലവഴിക്കേണ്ടിവരുന്നു. കൂടാതെ വിദഗ്ദ്ധരായ നിർമ്മാണ തൊഴിലാളികളുടെ അഭാവം, നിർമ്മാണ സാധന സാമഗ്രികളുടെ ദൗർലഭ്യം, പ്രകൃതിക്ഷോഭം തുടങ്ങിയ കാരണങ്ങളാലും പദ്ധതികളുടെ ഫലപ്രദമായ നടത്തിപ്പിന് തടസമാകാറുണ്ട്. ഇത്തരം അധിക ചെലവുമൂലം അനുവദിക്കുന്ന തുക മാത്രം ഉപയോഗിച്ച് പണി പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടാകാറുണ്ട്.

(ബി) ഉണ്ട്. കഴിഞ്ഞ അഞ്ച് വർഷം 33652 വീടുകൾ അനുവദിച്ചു. അതിൽ പണി പൂർത്തീകരിച്ചത് 384-ഉം പണി പൂർത്തീകരിക്കാൻ ബാക്കിയുള്ളത് 33268-ഉം ആണ്. ഇതിനു പുറമെ 20061 ഭവനരഹിതർ കൂടിയുണ്ട്.

(സി) പുതിയ സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഇ.എം.എസ്. സമ്പൂർണ്ണ പദ്ധതി വഴി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പാർപ്പിട പ്രശ്നം പരിഹരിച്ച് സമ്പൂർണ്ണ ഭവന പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭൂരഹിതർക്ക് TRDM വഴിയും വകുപ്പുതലത്തിൽ ഫണ്ട് ചെലവഴിച്ച് ഭൂമി വാങ്ങുന്ന പദ്ധതിയും നിലവിലുണ്ട്. വനാവകാശ നിയമം 2006 പ്രകാരവും KST ആക്ട് പ്രകാരവും ഭൂരഹിതർക്ക് ഭൂമി നൽകുന്നുണ്ട്. ഇതുപ്രകാരം തുടർന്നും ഭൂരഹിതർക്ക് ഭൂമി അനുവദിക്കുന്നതാണ്. 2016-17 വർഷം 5000 വീടുകൾ അനുവദിക്കാൻ ലക്ഷ്യമിടുന്നു.

<u>ശ്രീ. കെ. ആൻസലൻ</u> : സർ, മുൻ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് സമ്പൂർണ്ണ പട്ടികവർഗ്ഗ ഭവന പദ്ധതി പ്രഖ്യാപിച്ചിരുന്നു. അതിന്റെയടിസ്ഥാനത്തിൽ പട്ടികഗോത്ര വർഗ്ഗത്തിൽപ്പെട്ടവർക്കെല്ലാം ഭവനങ്ങൾ ലഭ്യമായിട്ടുണ്ടോ; ഈ സർക്കാർ പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്കെല്ലാം സമയബന്ധിതമായി വീട് നിർമ്മിച്ചു നൽകുവാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. എ. കെ. ബാലൻ</u> : സർ, അതാണ് 'ബി'-യുടെ ഉത്തരത്തിൽ സൂചിപ്പിച്ചത്. കഴിഞ്ഞ ഗവൺമെന്റ് 33652 വീടുകൾ അനുവദിച്ചതിൽ പൂർത്തീകരിച്ചത് 384 ആണ്. ബാക്കി വീടുകൾ പൂർത്തീകരിക്കുന്നതിന് 524 കോടി രൂപയാണ് ആവശ്യമായിട്ടുള്ളത്. അത് ബഡ്ജറ്റിൽ ഇല്ല. പുതിയ ഗവൺമെന്റ് ഈ തുക കണ്ടെത്തേണ്ടതായിട്ടുണ്ട്. ഇന്ദിരാ ആവാസ് യോജന പ്രധാനപ്പെട്ട ഒരു പദ്ധതിയാണ്. ട്രൈബൽ വകുപ്പ് ഒരു വീടിന് കൊടുക്കേണ്ടത് ഒരു ലക്ഷം രൂപയാണ്. ബാക്കി രണ്ടര ലക്ഷം രൂപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് കൊടുക്കേണ്ടത്. 50,000 രൂപ ഗവൺമെന്റ് സബ്സിഡിയാണ്. എന്നാൽ ഇന്ദിരാ ആവാസ് യോജനയിൽ ഒരു വീടുപോലും കൊടുത്തിട്ടില്ല.

<u>ശ്രീ. കെ. ആൻസലൻ</u> : സർ, മുൻ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് പട്ടികഗോത്ര വർഗ്ഗക്കാർക്കായി സമ്പൂർണ്ണ ഭവന പദ്ധതി പ്രഖ്യാപിച്ചിരുന്നത് നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. സംസ്ഥാനത്ത് വാസയോഗ്യമായ വസതിയില്ലാത്ത പട്ടികവർഗ്ഗത്തിൽപ്പെട്ടവരുടെ കണക്കെടുത്തിട്ടുണ്ടോ; ഇവർക്കെല്ലാം ഈ സർക്കാർ അധികാരം ഒഴിയുമ്പോൾ വീട് നൽകാൻ അടിയന്തരമായി നടപടിയെടുക്കുമെന്ന് പറയാൻ കഴിയുമോ?

<u>ശ്രീ. എ. കെ. ബാലൻ</u> : സർ, ഗവൺമെന്റിന്റെ കണക്കുപ്രകാരം ഭൂരഹിതരായിട്ടുള്ള കുടുംബങ്ങൾ 10517 ആണ്. അത് ഓരോ കൊല്ലം കഴിയുന്തോറും കൂടും. കാരണം കുടുംബങ്ങൾ വർദ്ധിക്കുകയാണ്. ഇപ്പോൾ 10517 കുടുംബങ്ങൾക്ക് സ്ഥലം കണ്ടെത്തി വീട് നിർമ്മിച്ച് കൊടുക്കേണ്ടതായിട്ടുണ്ട്. അതിനുപുറമേ നേരത്തെ സൂചിപ്പിച്ച 33652 പട്ടികവർഗ്ഗ കുടുംബങ്ങളുടെ വീടുനിർമ്മാണം പൂർത്തീകരിക്കേണ്ടതുമുണ്ട്. സാമ്പത്തികമായി വളരെയേറെ ബാധ്യത വരുന്ന കാര്യമാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം ഏതാണ്ട് 2137 കോടി രൂപയുടെ ഒരു പദ്ധതിക്ക് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. ജനസംഖ്യാനുപാതികമായിട്ടാണ് നൽകുന്നത് അതിനാൽ ഈ തുക പ്രതീക്ഷിക്കണ്ട എന്നാണ് മന്ത്രി പറഞ്ഞത്. എന്നാലും മൂന്നുനാല് ഹോസ്റ്റലുകളുടെ നിർമ്മാണത്തിനായി ആറ് കോടി രൂപ തരാമെന്ന് പറഞ്ഞിട്ടുണ്ട്.

<u>ശ്രീ. എം. എം. മണി</u> : സർ, ഞാൻ ഉപചോദ്യമായി ഉന്നയിക്കാൻ നിശ്ചയിച്ചിരുന്ന കാര്യങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ മറുപടി പറഞ്ഞിട്ടുണ്ട്. മുൻ സർക്കാരിന്റെ കാലത്ത് സമ്പൂർണ്ണ പട്ടികവർഗ്ഗ ഭവന പദ്ധതി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ പട്ടിക ഗോത്രവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കെല്ലാം ഭവനം ലഭ്യമായിട്ടുണ്ടോ; ഈ സർക്കാർ പട്ടികജാതി വർഗ്ഗങ്ങൾക്കെല്ലാം സമയബന്ധിതമായി വീട് നൽകുന്നതിന് നടപടി സ്വീകരിക്കുമോ എന്നതായിരുന്നു എന്റെ ഉപചോദ്യം. അതിനുള്ള മറുപടി അദ്ദേഹം പറഞ്ഞിട്ടുണ്ട്.

<u>ശ്രീ. എ. കെ. ബാലൻ</u> : സർ, സമഗ്രമായ ഭവന പദ്ധതിയെ സംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കുകയാണ്. ഇന്ദിരാ ആവാസ് യോജനയും ഇ.എം.എസ്. ഭവന പദ്ധതിയും സംയോജിപ്പിച്ചുകൊണ്ട് ഫലപ്രദമായി നടപ്പാക്കണമെങ്കിൽ ഗവൺമെന്റ് കാര്യക്ഷമമായി ഇടപെടുകയും റിവ്യൂ നടത്തുകയും വേണം. എങ്കിൽ ഇത് പ്രായോഗികമാക്കുന്നതിന് ബുദ്ധിമുട്ടുണ്ടാകുമെന്ന് തോന്നുന്നില്ല. യഥാർത്ഥത്തിൽ നാൽപതിനായിരത്തോളം വീടുകളുടെ പണി പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് കാര്യങ്ങൾ സൂചിപ്പിച്ചിട്ടുണ്ട്. കേന്ദ്രത്തിൽനിന്ന് ആനുപാതികമായി കിട്ടുന്നതിനപ്പുറം അഡീഷണൽ ട്രൈബൽ സപ്ലൈ ഇനത്തിൽ കുറച്ച് തുക കൂടി ചോദിച്ചിട്ടുണ്ട്. കഴിഞ്ഞ പ്രാവശ്യം 40 കോടി രൂപ കിട്ടിയിരുന്നു. എന്നാലും ഇക്കാര്യം നമ്മൾ പ്രൊസീഡ് ചെയ്യുകയാണ്. ഈ അഞ്ചുവർഷംകൊണ്ട് വീടിന്റെയും ഭൂമിയുടെയും പ്രശ്നം പരിഹരിക്കുന്നതിനുള്ള ശക്തമായ നിലപാടായിരിക്കും ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് സ്വീകരിക്കുക. അതിന് സമയബന്ധിതമായിട്ടുള്ള റിവ്യൂവും നടത്തും.

<u>ശ്രീ. മുരളി പെരുനെല്ലി</u> : സർ, പട്ടികഗോത്ര വർഗ്ഗ സങ്കേതങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്ന കാര്യത്തിൽ മുൻ യു.ഡി.എഫ്. സർക്കാർ പ്രഖ്യാപിച്ച പദ്ധതികളൊന്നും ആത്മാർത്ഥതയോടെ നടപ്പിലാക്കിയില്ലെന്നു മാത്രമല്ല അഴിമതിക്കുള്ള മാർഗ്ഗമായി ഉപയോഗിക്കുന്ന സ്ഥിതിവിശേഷം ഉണ്ടാകുകയും ചെയ്തിട്ടുണ്ട്. വയനാട്ടിൽ ഒരുമ്മൽ കോളനിയിൽ അടുക്കള പോലുമില്ലാതെ ചോർന്നൊലിക്കുന്ന കോളനികളുടെ മുറ്റവും റോഡും മുഴുവൻ ഇന്റർലോക്ക് ഇഷ്ടിക പാകി മോടിപിടിപ്പിച്ച സംഭവം ഒരു ഉദാഹരണമാണ്. പട്ടിക ഗോത്ര വർഗ്ഗത്തിൽപ്പെട്ടവരെ അവഹേളിക്കുന്ന ഇത്തരം വികസന പദ്ധതികൾക്കുപകരം അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തിക്കൊണ്ടുവരാനാവശ്യമായ സമഗ്രമായ പദ്ധതി ആവിഷ്കരിക്കുമോ?

<u>ശ്രീ. എ. കെ. ബാലൻ</u> : സർ, പട്ടികവർഗ്ഗ കോളനിയുടെ സമഗ്ര വികസനത്തിന് രണ്ട് പദ്ധതിയുണ്ട്. A.T.S.P (Additional Tribal Sub Plan) പ്രകാരം ഒരു കോളനി നവീകരണ പദ്ധതിയുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഊരുകൾ സന്ദർശിച്ചതിനുശേഷം ആ വകുപ്പുതന്നെ രൂപം കൊടുത്ത ST Hamlet Development പദ്ധതിയുമുണ്ട്. ദയനീയമായ അവസ്ഥ എന്താണെന്നുവച്ചാൽ, പ്രഖ്യാപിക്കുക എന്നല്ലാതെ ഇതിന് പണം അനുവദിക്കാറില്ല. എന്നാൽ പണം ഇല്ലായെന്ന് കണ്ടാൽ ശക്തമായി പ്രതികരണം ഉണ്ടാകണ്ടേ? അതിന്റെ ഭാഗമായാണ് ഈ പ്രശ്നം ഉണ്ടായത്. 2014-15-ൽ 134-കോളനികളും 2015-16-ൽ 150 കോളനികളും എടുത്തു. 284 കോളനികളിൽ 25 ശതമാനം പോലും പണി പൂർത്തീകരിച്ചിട്ടില്ല. കൽപ്പറ്റയിലെ ഒരുമ്മൽ കോളനിയിൽ ഈ പദ്ധതി നടപ്പിലാക്കിയതിന്റെ ഭാഗമായി 96 ലക്ഷം രൂപ ചെലവുചെയ്തുവെന്ന് പത്രങ്ങളിൽ വാർത്ത വരികയുണ്ടായി. യഥാർത്ഥത്തിൽ വീടുകളുടെ നവീകരണമാണ് ചെയ്യേണ്ടിയിരുന്നത്. വീടിന്റെ നവീകരണത്തിനുവേണ്ടി 2 ലക്ഷം രൂപയും നടപ്പാതയ്ക്കുവേണ്ടി 18 ലക്ഷം രൂപയും ചെലവഴിക്കുകയാണുണ്ടായത്. ഇടിഞ്ഞു പൊളിഞ്ഞ വീട്ടിനകത്തുനിന്ന് ആദിവാസി റോഡ് കണ്ട് ആസ്വദിക്കുകയാണ്. ഉദ്യോഗസ്ഥരോട് ഇക്കാര്യം സമഗ്രമായി പരിശോധിക്കാൻ പറഞ്ഞിട്ടുണ്ട്. പരിശോധന നടത്തിക്കൊണ്ടിരിക്കുകയാണ്. ഇതെല്ലാം പറ്റിക്കലാണ്. അക്കാര്യത്തിൽ യാതൊരു സംശയവുമില്ല. ഏജൻസികളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് സമഗ്രമായ പരിശോധന നടത്തി റിപ്പോർട്ട് നിയമസഭയിൽ വയ്ക്കാം.

<u>ശ്രീ. ഒ. ആർ. കേളു</u> : സർ, ഐ.എ.വൈ. ഭവന പദ്ധതി പ്രകാരം വീടുകൾ നിർമ്മിക്കുന്നതിനുവേണ്ടി മുൻ ഗവൺമെന്റ് വിഹിതം നൽകിയിട്ടില്ല. അങ്ങനെ നൽകാത്തതിന്റെ പേരിൽ 18500-ഓളം വീടുകളുടെ പണി പുരോഗമിക്കുന്നില്ല. അതുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തുകളും ബ്ലോക്ക് പഞ്ചായത്തുകളും പ്രതിസന്ധിയിലാണ്. അക്കാര്യങ്ങൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോയെന്നാണ് ചോദിക്കാനുള്ളത്.

<u>ശ്രീ. എ. കെ. ബാലൻ</u> : സർ, ഐ.എ.വൈ. പദ്ധതിയുമായി ബന്ധപ്പെട്ട് ഞാൻ അപ്പുറത്തിരിക്കുമ്പോൾത്തന്നെ രണ്ട് ശ്രദ്ധക്ഷണിക്കൽ പ്രമേയങ്ങൾ കൊണ്ടുവന്നതാണ്. 650 കോടി രൂപ അന്ന് കുടിശ്ശികയാണ്. ഇന്ദിരാ ആവാസ് യോജനയെന്നു പറയുന്നത് മൂന്ന് ലക്ഷം രൂപയുടെ പദ്ധതിയാണ്. അതിൽ 50,000 രൂപ ഗവൺമെന്റ് സബ്സിഡിയായി കൊടുക്കേണ്ടതാണ്. 70,000 രൂപ കേന്ദ്ര ഗവൺമെന്റ് കൊടുക്കുന്നുണ്ട്. ഇതിലെ പ്രശ്നം എന്നുപറയുന്നത്, തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങൾക്കും കൊടുക്കാൻ കഴിഞ്ഞില്ല ഗവൺമെന്റ് സബ്സിഡിയും കൊടുത്തില്ല എന്നതാണ്. അതിന്റെ ഫലമായി കേന്ദ്ര ഗവൺമെന്റ് കൊടുത്ത 70,000 രൂപ ചെലവഴിക്കാൻ സാധിക്കാത്ത സ്ഥിതിവിശേഷം വന്നു. ഇതിന്റെ അനുബന്ധമായിട്ടുണ്ടായ പ്രശ്നമെന്നുപറയുന്നത് രണ്ട് ലക്ഷം രൂപയാണ് പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഭവന നിർമ്മാണത്തിനുവേണ്ടി കൊടുക്കുന്നത്. ഇന്ദിരാ ആവാസ് യോജനയിൽ ഒരു ലക്ഷം രൂപ നമ്മൾ augment ചെയ്യുകയാണ്. അതും കൊടുത്തില്ല. ഫലത്തിൽ ഇന്ദിരാ ആവാസ് യോജന പദ്ധതി പ്രകാരം വീടുനിർമ്മാണം പൂർത്തീകരിക്കാൻ കഴിഞ്ഞില്ല.

മി. സ്പീക്കർ : ചോദ്യം നമ്പർ *61-മായി *70 ക്ലബ് ചെയ്യണമെന്ന് മിനിസ്റ്റർ പറഞ്ഞതല്ലാതെ നേരത്തെ റിക്വസ്റ്റ് തന്നിട്ടില്ല. അതുകൊണ്ട് അംഗങ്ങൾക്ക് ഉപചോദ്യം ചോദിക്കാവുന്നതാണ്.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ : സർ, ഈ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സംസ്ഥാനത്ത് 33,000 വീടുകൾ അനുവദിച്ചതിൽ 300 എണ്ണമാണ് പൂർത്തീകരിച്ചതെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഈ കണക്ക് ജില്ലാ തലത്തിലാണോ നിയോജകമണ്ഡലാടിസ്ഥാനത്തിലാണോ സംസ്ഥാന തലത്തിലാണോ എന്ന് വ്യക്തമാക്കുമോ? കഴിഞ്ഞ ഗവൺമെന്റ് തുടങ്ങിവച്ച ഹാംലെറ്റ്, മോഡൽ കോളനി ഉൾപ്പെടെയുള്ള പദ്ധതികളും കോർപ്പസ് ഫണ്ടുകളുമൊക്കെ ജനസംഖ്യാനുപാതികമായി ജില്ലാതലത്തിൽ അനുവദിക്കുമോ? ഇതിന്റെ മേൽനോട്ടം വഹിക്കുന്നതിനുവേണ്ടി സംസ്ഥാനത്ത് പ്രത്യേക എഞ്ചിനീയറിംഗ് വിംഗ് രൂപീകരിക്കുമോ?

ശ്രീ. എ. കെ. ബാലൻ : സർ, ബഹുമാനപ്പെട്ട മെമ്പറുടേത് നല്ലൊരു ചോദ്യമാണ്. പ്രതിപക്ഷത്തുനിന്ന് ഒരു ചോദ്യം വന്നോട്ടെ എന്നുള്ളതുകൊണ്ടാണ് ക്ലബ്ബ് ചെയ്യണമെന്ന് ഞാൻ പറഞ്ഞത്. 33652 വീടുകൾ അനുവദിച്ചതിൽ 384 എണ്ണമേ പൂർത്തീകരിച്ചിട്ടുള്ളൂ എന്നുപറഞ്ഞത് എന്റെ കണക്കല്ല. നിങ്ങളുടെ കാലഘട്ടത്തിൽ നിയമിച്ച ഡയറക്ടറുടെ നിയന്ത്രണത്തിൽ ഞാൻ യോഗം വിളിച്ചുചേർത്തു. അതിനു പുറമേ സെക്രട്ടേറിയറ്റ് ഉദ്യോഗസ്ഥരുടെയും ജില്ലാതല ഉദ്യോഗസ്ഥരുടെയും യോഗം വിളിച്ചുചേർത്തു. അങ്ങനെ എടുത്തിട്ടുള്ള ഔദ്യോഗിക കണക്കാണിത്. ഇതിലൊന്നും ഒരു രൂപത്തിലുള്ള മായം ചേർക്കൽ പ്രക്രിയയും ഇല്ല. ഇത് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഒരു

മോണിറ്ററിംഗ് കമ്മിറ്റിയെ വയ്ക്കുവാൻ പോകുകയാണ്. ഈ പണി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സെക്രട്ടേറിയേറ്റ് തലത്തിലുള്ള ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി ഓരോ മാസവും റിവ്യൂ ചെയ്യും. പഴയ ഗവൺമെന്റ് തുടങ്ങിവച്ച പദ്ധതികളാണെങ്കിലും, പണമില്ലെങ്കിൽപ്പോലും അവ ലഭ്യമാക്കി ഹാംലെറ്റ്, എസ് റ്റി. നവീകരണ പദ്ധതി തുടങ്ങിയവ തുടർന്നും മുമ്പോട്ട് കൊണ്ടു പോകുമെന്നുള്ളതിൽ യാതൊരു സംശയവും വേണ്ട. നിലവിലുള്ള പ്രശ്നം പറഞ്ഞു എന്നുമാത്രം. അത് അറിയാതിരിക്കാൻ പാടില്ലല്ലോ. നേരെമറിച്ച് ഞങ്ങൾ പ്രതിപക്ഷത്തിരുന്ന സമയത്ത് ആരെങ്കിലും ഇതുസംബന്ധിച്ച് ഒരു ചോദ്യവുമായി വന്നിരുന്നെങ്കിൽ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പ് മന്ത്രിയോട് ഇതുസംബന്ധിച്ച് കൃത്യമായി പറയുമായിരുന്നു. പക്ഷെ അന്ന് ഒളിച്ചുവച്ചു എന്നുള്ളതാണ് വസ്തുത. പാവങ്ങൾക്കു കിട്ടേണ്ട കാശ് സമയബന്ധിതമായി ലഭ്യമാക്കുന്നതിന് ശക്തമായിട്ടുള്ള നടപടി ഭരണപക്ഷത്തുനിന്നും പ്രതിപക്ഷത്തുനിന്നും ഉണ്ടാകണം. കോളനിയിലെ കുടിലുകളിൽ ഈ പാവങ്ങൾ കിടക്കാൻ തുടങ്ങിയിട്ട് കാലം കുറെ ആയില്ലേ.

<u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : സർ, വയനാട് ജില്ലയിൽ ജില്ലാ കളക്ടറോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ പ്രോജക്ട് ഓഫീസറോ അറിയാതെ കോളനി വികസനത്തിനുവേണ്ടി എഫ്.ഐ.റ്റി.എൽ. എന്ന ആലുവാ കൺസ്ട്രക്ഷൻ കമ്പനിക്ക് 36 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അതിലൊന്നാണ് നേരത്തെ ഇവിടെ സൂചിപ്പിച്ച ഒരുമ്മൽ കോളനി. 27 വീടുകൾ അവിടെയുണ്ട്. ഒരു വീടും പൂർത്തീകരിച്ചിട്ടില്ല. മുറ്റം മാത്രം ടൈൽസ് ചെയ്തിട്ടുണ്ട്. അതുപോലെ നാലായിരത്തോളം വീടുകളുടെ നിർമ്മാണം വിവിധ ഏജൻസികൾ എറ്റെടുത്തിട്ട് പണി പൂർത്തിയാകാതെ കിടക്കുകയാണ്. ഇതുസംബന്ധിച്ച് ഗവൺമെന്റിന്റെ നിലപാട് എന്താണ്; എഫ്.ഐ.റ്റി.എൽ. കൺസ്ട്രക്ഷൻ കമ്പനിയുടെ തട്ടിപ്പ് സംബന്ധിച്ച് സർക്കാർ അന്വേഷിക്കുമോ?

<u>ശ്രീ. എ. കെ. ബാലൻ</u> : സർ, ഇത് ഞാൻ നേരത്തെ സൂചിപ്പിച്ചതാണ്. എഫ്.ഐ.റ്റി.എൽ. (ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ്) എന്നത് ഒരു കൺസൾട്ടൻസി ഏജൻസിയാണ്. ഇങ്ങനെ എൻലിസ്റ്റ് ചെയ്തിട്ടുള്ള കുറേ കമ്പനികളുണ്ട്. ആ കമ്പനികൾ പ്രോപ്പറായി പ്രവൃത്തി ചെയ്തിരുന്നെങ്കിൽ പ്രശ്നമില്ലായിരുന്നു. ഗവൺമെന്റുതന്നെ ഊരു വികസന പദ്ധതികൾ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിനും ജില്ലാ നിർമ്മിതി കേന്ദ്രത്തിനും കൊടുക്കുന്നുണ്ട്. അവർ കൺസൾട്ടൻസി ഫീസ് വാങ്ങുന്നുമുണ്ട്. പ്രവൃത്തി ഇവരെ

ഏൽപ്പിച്ചുകഴിഞ്ഞാൽ പണി നടന്നുകൊള്ളണമെന്നില്ല. പക്ഷേ, ആ ഏജൻസി ഇതൊരു തട്ടിപ്പിനുവേണ്ടി ഉപയോഗിക്കുന്നുണ്ടോ എന്നുള്ള ഒരു പ്രശ്നമുണ്ട്. 96 ലക്ഷം രൂപയുടെ പദ്ധതിക്ക് 8,83,000 രൂപയാണ് കൺസൾട്ടൻസി ഫീസായി വാങ്ങിയത്. പക്ഷേ, ഉദ്ദേശ്യം എന്താണോ അതല്ല നിർവ്വഹിച്ചിട്ടുള്ളത്. ഒരുമ്മൽ കോളനിയുടെ അനുഭവം പത്ര-ദൃശ്യമാധ്യമങ്ങൾ പുറത്തുകൊണ്ടുവന്നതുകാരണം നമ്മൾ അറിഞ്ഞു. ബാക്കിയുള്ളതു സംബന്ധിച്ചുകൂടി പരിശോധിക്കേണ്ടതുണ്ട്. യഥാർത്ഥത്തിൽ 200 കോടി രൂപ ഈ പദ്ധതിക്കുവേണ്ടി അനുവദിച്ചതിൽ ഇതുവരെ 50 കോടി രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. എന്തായാലും ഈ പദ്ധതിയുമായി മുന്നോട്ടുപോകും. ആരുടെ ഭാഗത്തുനിന്നാണ് ഇറെഗുലാരിറ്റീസ് വന്നത് എന്നുള്ളത് പരിശോധിച്ച് ശക്തമായ നടപടി സ്വീകരിക്കുകയും ചെയ്യും.

ശ്രീ. എൻ. ഷംസുദ്ദീൻ : സർ, ഇരുപതിനായിരത്തിൽപ്പരം ഭവനരഹിതരായ ആദിവാസികളുണ്ടെന്നാണ് അങ്ങ് ഇവിടെ പറഞ്ഞത്. പത്തിരുപതുകൊല്ലം മുമ്പ് ഒരു ആദിവാസി കുടുംബത്തിന് ഒരു വീട് കൊടുത്തു. അന്ന് ആ കുടുംബത്തിലെ മൈനറായിരുന്ന കുട്ടികൾ ഇപ്പോൾ കല്യാണം കഴിച്ച് അവർക്കും കുടുംബമൊക്കെയായി. അങ്ങനെ അവിടെ ഒന്നോ രണ്ടോ ഫാമിലി വീണ്ടും വരികയാണ്. ഇരുപത് കൊല്ലം മുമ്പ് ഒരു വീട് കിട്ടി എന്നുള്ള ഒറ്റ കാരണംകൊണ്ട് ഇപ്പോൾ ഇവർക്ക് വീട് കിട്ടുന്നില്ല. അച്ഛന് കിട്ടിയെന്നുള്ളതുകൊണ്ട് തുടർന്ന് മകനും അയാളുടെ ഫാമിലിക്കും വീട് കിട്ടുന്നില്ല. ഭവനരഹിതരുടെ കണക്കെടുക്കുമ്പോൾ ഈ വസ്തുത പരിശോധിച്ചിട്ടുണ്ടോ; കണക്കിന്റെ കൃത്യത ഇതിലുണ്ടോ എന്ന് പരിശോധിക്കണം. അതുപോലെ വീടുകളുടെ എണ്ണം പെരുകുമ്പോൾ കോളനിയിൽ സ്ഥലമില്ലാതെവരുന്ന പ്രശ്നം ഉണ്ടാകുന്നുണ്ട്. അതുകൊണ്ട് കോളനികൾ വിപുലീകരിക്കാൻ സ്ഥലം ഏറ്റെടുത്തുകൊടുക്കുന്നതിനും വിപുലീകരണത്തിനുമുള്ള പദ്ധതിയുണ്ടോ?

ശ്രീ. എ. കെ. ബാലൻ : സർ, ഇതിന് ശാശ്വതമായിട്ടുള്ള പരിഹാരം കാണണമെങ്കിൽ എല്ലാ ആദിവാസി കുടുംബങ്ങൾക്കും നമ്മൾ സ്ഥലം കൊടുത്തേ പറ്റൂ. സ്ഥലമില്ല എന്നുള്ളത് യാഥാർത്ഥ്യമാണ്. സ്ഥലം ഇല്ലാത്തതുകൊണ്ടല്ല. ഭൂപരിഷ്കരണ നിയമം പാസ്സായിട്ടുള്ള നമ്മുടെ സംസ്ഥാനത്ത് ഇപ്പോഴും ഭൂപ്രമാണികൾ അനധികൃതമായി ഭൂമി കൈവശം വച്ചിരിക്കുകയാണ്. അതുകൊണ്ട് ഭൂമി ഇല്ലാത്തതിന്റെ പ്രശ്നമല്ല. ഇക്കാര്യത്തിൽ ശക്തമായ നിലപാട് നാം അപ്പുറത്തുനിന്നും ഇപ്പുറത്തുനിന്നും സ്വീകരിക്കണം. ഭൂപരിഷ്കരണ നിയമം നടപ്പിലാക്കിയിരിക്കുന്ന സംസ്ഥാനത്ത് ഒരു ആദിവാസി മരണപ്പെട്ടു കഴിഞ്ഞാൽ

അട്ടക്കളയിൽ കഴിച്ചുകൂട്ടുന്ന സ്ഥിതി എങ്ങനെയാണ് ഉണ്ടായത്. ഇതുസംബന്ധിച്ച് ഗൗരവമായി പരിശോധിക്കേണ്ടതുണ്ട്. നേരത്തെ പറഞ്ഞതുപോലെ ഏതാണ്ട് 1,10,000 കുടുംബങ്ങളാണുള്ളത്. നമ്മുടെ കണക്കുപ്രകാരം മുപ്പതിനായിരത്തോളം കുടുംബങ്ങൾക്ക് വീടില്ല. ഇരുപതിനായിരത്തോളം വീടുകൾ ഇപ്പോൾ ഗവൺമെന്റ് വച്ചുകൊടുക്കും. ശ്രീ. എൻ. ഷംസുദ്ദീൻ പറഞ്ഞതുപോലെ, ഓരോ വർഷവും ഒരുപാട് കുടുംബങ്ങൾക്ക് വീടുകൾ ഇല്ലാതാകും എന്ന അനുമാനത്തിലാണ് ഈ കണക്കുകൾ പറഞ്ഞത്. ഗവൺമെന്റിന്റെ കണക്കുപ്രകാരം ഇപ്പോൾ ഭൂമിയില്ലാത്തവർ പതിനായിരത്തിൽ ചില്വാനം മാത്രമേയുള്ളൂ. ബാക്കിയുള്ളവർക്ക് വനാവകാശ നിയമം, റ്റി.ആർ.ഡി.എം. എന്നിവ പ്രകാരം കൊടുത്തുകഴിഞ്ഞു. ഈ പതിനായിരം എന്ന നമ്പർ വീണ്ടും കൂടും.

<u>ശ്രീ. കെ. ബാബു</u> : സർ, ഇടുക്കി കഴിഞ്ഞാൽ ഏറ്റവും കൂടുതൽ ആദിവാസികൾ താമസിക്കുന്ന പ്രദേശമാണ് പറമ്പിക്കുളം, നെല്ലിയാമ്പതി തുടങ്ങിയവ. നെല്ലിയാമ്പതിയിൽ താമസിക്കുന്ന ആദിവാസികൾക്ക് ജാതിസർട്ടിഫിക്കറ്റ് ലഭിക്കുന്നില്ലെന്നു മാത്രമല്ല, അവർക്ക് താമസിക്കാൻ ഒരു സെന്റ് ഭൂമി പോലും ഇല്ലാത്ത അവസ്ഥയാണ്. അവരെ പുനരധിവസിപ്പിക്കുന്നതിനുതകുന്ന പദ്ധതികൾ ആവിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. എ. കെ. ബാലൻ</u> : സർ, പറമ്പിക്കുളത്ത് ആദിവാസികൾക്ക് ഭൂമിയില്ലെന്നുള്ള കാര്യം എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 10 ലക്ഷം രൂപ കൊടുത്ത് ആദിവാസികൾക്ക് ഭൂമി വാങ്ങുന്നതിനുള്ള നടപടി ഞാൻ മന്ത്രിയായിരുന്ന കാലഘട്ടത്തിൽ എടുത്തതാണ്. യു.ഡി.എഫ്.-ന്റെ കാലഘട്ടത്തിലും അത് തുടർന്നു. പിന്നീട് ആ പ്രശ്നം ഉണ്ടായിട്ടുണ്ടോ എന്ന് എനിക്കറിയില്ല. അവിടെ ഭൂമി ഉണ്ടെങ്കിൽ, വനഭൂമി ആണെങ്കിൽത്തന്നെയും കേന്ദ്ര വനാവകാശ നിയമം 2006 പ്രകാരം ഭൂമി കൊടുത്തിരിക്കും. അക്കാര്യത്തിൽ യാതൊരു സംശയവുമില്ല. വനഭൂമി അല്ലാത്ത ഭൂമി ഉണ്ടെങ്കിൽ അതിന് പട്ടയം കൊടുക്കുന്നതിനുള്ള നടപടിയും സ്വീകരിക്കും.

<u>ശ്രീ. കെ. സി. ജോസഫ്</u> : സർ, ബഹുമാന്യനായ മന്ത്രി ശ്രീ. എ. കെ. ബാലൻ പരിചയ സമ്പന്നനാണെങ്കിലും നൽകിയ ഉത്തരങ്ങൾ ഫാക്ച്വൽ അല്ല. ഐ.എ.വൈ. പദ്ധതിയിൽ എസ്. സി./എസ്. ടി. വിഭാഗത്തിന് വീട് കൊടുത്തിട്ടില്ലെന്ന് അങ്ങ് പറഞ്ഞു. അത് നിഷേധിക്കുന്നു.

<u>മി. സ്പീക്കർ</u> : അങ്ങ് ചോദ്യം ചോദിക്കുക. ചോദ്യത്തിന് പ്രസംഗിക്കണമെന്നില്ല. ചോദ്യം ചോദിക്കുക. ....(ബഹളം)......

ശ്രീ. കെ. സി. ജോസഫ് : സർ, അങ്ങും ഇവിടെ ഇരുന്ന ആളാണല്ലോ? .... (ബഹളം)...... ഞാൻ ഇനി ചോദ്യം ചോദിക്കുന്നില്ല. ....(ബഹളം).....

മി. സ്പീക്കർ : അങ്ങ് ചോദ്യം ചോദിക്കൂ. . . . .(ബഹളം)..... ചോദ്യത്തിന്റെ ഭാഗമായി പ്രസ്താവന നടത്തുന്നത് ശരിയാണോ? ....(ബഹളം)..... മന്ത്രിയോട് ചോദ്യം ചോദിക്കാം. അങ്ങ് ചോദ്യം ചോദിക്കുന്നെങ്കിൽ ചോദിക്കൂ..... (ബഹളം)..... നിങ്ങൾ പ്രകോപിതരാകണ്ട. ചോദ്യത്തിന്റെ ഭാഗമായി പ്രസ്താവന നടത്തുന്നത് ശരിയല്ലെന്നാണ് ചെയർ ഉദ്ദേശിച്ചത്. ശ്രീ. കെ. സി. ജോസഫ്, അങ്ങ് ചോദ്യം ചോദിക്കുന്നുണ്ടോ?

ശ്രീ. കെ. സി. ജോസഫ് : സർ, ഞാൻ ചോദ്യം ചോദിക്കുന്നില്ല.

ശ്രീ. എ. കെ. ബാലൻ : സർ, ഐ.എ.വൈ. എന്നൊരു വാക്ക് മുൻമന്ത്രി ശ്രീ. കെ. സി. ജോസഫിന്റെ ഭാഗത്തുനിന്നും വന്നു. മുൻമന്ത്രി ഗ്രാമവികസന വകുപ്പ് കൈകാര്യം ചെയ്തിരുന്ന കാലഘട്ടത്തിൽ ഇതുമായി ബന്ധപ്പെട്ട് രണ്ട് കോളിംഗ് അറ്റൻഷൻ ഞാൻ അവതരിപ്പിച്ചതാണ്. ഈ സഭയിൽ ഞാനും അദ്ദേഹവുമായി ഏറ്റുമുട്ടിയതാണ്. പ്രതിപക്ഷ നേതാവിനെ വച്ചുകൊണ്ട് ഒരന്വേഷണം നടത്താൻ ഞാൻ തയ്യാറാണ്, ഞാൻ ഫയലുകൾ കൊടുക്കാം. ഞാനിപ്പോൾ കൈകാര്യം ചെയ്യേണ്ടുന്ന വകുപ്പിൽ ഇന്ദിരാ ആവാസ് യോജന പദ്ധതി വഴി 2013-14, 2014-15-ൽ 9333 വീടുകളാണ് മുൻമന്ത്രിമാർ കൊടുക്കേണ്ടത്. അതേ എണ്ണം (9333) തന്നെയാണ് 2015-ലും 2016-ലും കൊടുക്കേണ്ടത്. ബഹുമാനപ്പെട്ട കെ. സി. ജോസഫ് പട്ടികജാതി വകുപ്പിൽനിന്ന് ഒരു പൈസപോലും ഐ.എ.വൈ.-യിൽ കൊടുത്തിട്ടില്ല. അത് നിങ്ങൾ പരിശോധിച്ചാൽ മതി.

ശ്രീ. എ. പി. അനിൽ കുമാർ : സർ, അങ്ങ് തെറ്റായ കാര്യങ്ങൾ പറഞ്ഞ് സഭയെ തെറ്റിദ്ധരിപ്പിക്കുകയാണ്. ഐ.എ.വൈ. പദ്ധതിക്കുവേണ്ടി പട്ടികജാതി വികസന വകുപ്പ് ഒരു രൂപപോലും കൊടുത്തിട്ടില്ലെന്ന അങ്ങയുടെ പരാമർശം നൂറ് ശതമാനം തെറ്റാണ്. അത് പരിശോധിക്കണം.

മി. സ്പീക്കർ : ശ്രീ. എ. പി. അനിൽ കുമാർ, അങ്ങേക്ക് ഉപചോദ്യം ചോദിക്കാനുണ്ടെങ്കിൽ ചോദിക്കാം.

ശ്രീ. എ. കെ. ബാലൻ : സർ, പരിശോധിക്കാമെന്നു മാത്രമല്ല ഞാൻ ഈ ഫയൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് കൊടുക്കാം. അതിലൊരു സംശയവും വേണ്ട. സത്യസന്ധമായിട്ടു മാത്രമെ ഈ അസംബ്ലിയിൽ പറയാൻ കഴിയൂ. അഡീഷണൽ ട്രൈബൽ സബ് പ്ലാൻ (ATSP) പ്രകാരം 2013-14 വർഷത്തിൽ 10071 വീടുകൾക്ക് സാങ്ഷൻ കൊടുത്തു. ഒരൊറ്റ വീടും പൂർത്തീകരിച്ചില്ല. ജനറൽ ഹൗസിംഗ് പ്രകാരം 2907 എണ്ണത്തിൽ 354 വീട്

പൂർത്തീകരിച്ചു. ഐ.എ.വൈ. പദ്ധതിയിൽ രണ്ടുവർഷംകൊണ്ട് 18674 വീടുകൾ പൂർത്തീകരിച്ചിട്ടില്ല എന്നുള്ള കണക്ക് നിങ്ങളുടെ ഡയറക്ടർ തന്നതാണ്. അദ്ദേഹത്തെ ഞാൻ മാറ്റിയിട്ടില്ല. എനിക്ക് കളവ് പറയേണ്ട ആവശ്യമില്ല. അതുകൊണ്ടാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് ഞാൻ ഫയൽ കൊടുക്കാമെന്ന് പറഞ്ഞത്. ഇതിൽ എന്തെങ്കിലും തെറ്റുണ്ടെങ്കിൽ ഉദ്യോഗസ്ഥൻമാരോട് വിശദീകരണം ചോദിക്കാം.

<u>ശ്രീ. ഇ. കെ. വിജയൻ</u> : സർ, ആദിവാസി കുടുംബങ്ങൾക്ക് ഇത്ര വീടുകൾ കൊടുത്തു എന്നുപറയുന്നതിനോടൊപ്പം കൊടുക്കുന്ന വീടുകളുടെ ഗുണനിലവാരം കൂടി പരിശോധിക്കേണ്ടത് അത്യാവശ്യമാണ്. എന്റെ അനുഭവത്തിൽ, നിർമ്മിച്ചുകഴിഞ്ഞ പല വീടുകളിലും ഒരു വർഷം കഴിയുമ്പോഴേക്കും വാതിലുകളും വിജാഗിരികളും ജനലുകളുമില്ലാത്ത പ്രശ്നങ്ങൾ ഉയർന്നുവരികയാണ്. ഒരു മോണിറ്ററിംഗ് സിസ്റ്റമില്ലാതെ ഇത്ര വീടുകൾ നിർമ്മിച്ചു എന്നുപറഞ്ഞാൽ ഓരോ വർഷം കഴിയുന്തോറും വീടുകളുടെ എണ്ണം കുറഞ്ഞുവരികയല്ലാതെ കൂടാനുള്ള സാദ്ധ്യതയില്ല. ഒരു പ്രത്യേക ഏജൻസിയെ ഇതിന്റെ നിർമ്മാണത്തിന് ഏല്പിച്ചില്ലെങ്കിൽ നമ്മുടെ ഖജനാവ് വലിയ തോതിൽ ചോർന്നുപോകുന്ന സാഹചര്യവും ആദിവാസി സമൂഹത്തിൽ വീടില്ലാത്ത സാഹചര്യവും ഉണ്ടാകും. ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നും അക്കാര്യത്തിൽ ശ്രദ്ധയുണ്ടാകുമോ?

<u>ശ്രീ. എ. കെ. ബാലൻ</u> : സർ, ഗുണമേന്മയുള്ള വീട് വച്ചുകൊടുക്കാൻ നമുക്ക് കഴിയുന്നില്ല എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. അഹാഡ്സിന്റെ പദ്ധതി അട്ടപ്പാടിയിൽ നടപ്പിലാക്കിയതിനുശേഷം എത്ര മനോഹരമായിട്ടുള്ള വീടുകളാണ് അവർ നിർമ്മിക്കുന്നത്. ഒരു ഏജൻസിയും പത്ത് പൈസ പോലും കമ്മീഷനായി എടുക്കുന്നില്ല. ആത്മാർത്ഥമായി ഉദ്യോഗസ്ഥന്മാർ പണിയെടുക്കും. ആദിവാസികളുടെ മനസ്സറിഞ്ഞുകൊണ്ട് പദ്ധതികൾ അവിടെ നടപ്പിലാക്കി. അങ്ങനെയുള്ള ഒരു ഏജൻസി ഉണ്ടാകുന്നത് നന്നായിരിക്കുമെന്ന് ഞാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് പറഞ്ഞിട്ടുണ്ട്. എന്റെ മുൻഗാമി ഈ വകുപ്പ് കൈകാര്യം ചെയ്ത സമയത്താണ് മൂന്നര ലക്ഷം രൂപയായി തുക കൂട്ടികൊടുത്തത്. ഓരോരോ കാലഘട്ടത്തിലും തുക കൂട്ടിക്കൊടുക്കുന്നുണ്ട്. തുക കൂട്ടിക്കൊടുത്തതിന്റെ ഭാഗമായി വീട് പൂർത്തിയാക്കാൻ കഴിയുന്നുണ്ടോ? വനാന്തരങ്ങളിൽ പ്രത്യേകിച്ച് പ്രാക്തന ആദിവാസികളുള്ള, കാടർ, കുറുമ്പർ, കാട്ടുനായ്ക്കർ, ചോല നായ്ക്കർ എന്നിവരുള്ള സ്ഥലങ്ങളിൽ മൂന്നര ലക്ഷം രൂപയ്ക്ക് ആരാണ് വീട് വച്ചുകൊടുക്കുക. അതുകൊണ്ട് ഈ തുക വർദ്ധിപ്പിച്ചേ മതിയാകൂ. അക്കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇതിന്റെ മോണിറ്ററിംഗിന് ഗവൺമെന്റ് ശക്തമായ നിലപാട് എടുക്കും.

## പട്ടികജാതിയിൽപ്പെട്ടവരുടെ വായ്പാകുടിശ്ശിക

2(*62) ശ്രീ. പി. വി. അൻവർ :
ശ്രീ. ആർ. രാജേഷ് :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിയിൽപ്പെട്ടവരുടെ വായ്പാകുടിശ്ശിക എഴുതിത്തള്ളാനുള്ള പദ്ധതി നിലവിലുണ്ടോ; ഇതിന്റെ വിശദാംശം അറിയിക്കുമോ;

(ബി) ഏതൊക്കെ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പയും എത്ര തുക വരെയുമാണ് എഴുതിത്തള്ളുന്നത്; അതിനായുള്ള നിബന്ധനകൾ എന്തൊക്കെയാണ്;

(സി) കൂടുതൽ പ്രയോജനം ലഭിക്കുംവിധം പദ്ധതി പുനരാവിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ,

(എ) ഉണ്ട്. സംസ്ഥാനത്തെ പട്ടികജാതി വിഭാഗക്കാർ സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, സഹകരണ വകുപ്പ് എന്നിവിടങ്ങളിൽ നിന്നും എടുത്തിട്ടുള്ളതും 31-3-2010-ന് മുമ്പ് തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായി തീർന്നിട്ടുള്ളതുമായ വായ്പകളിൽ മുതലും പലിശയും ഉൾപ്പെടെ 1,00,000 രൂപ വരെ സർക്കാർ എഴുതിത്തള്ളുന്ന പദ്ധതി നിലവിലുണ്ട്. (ഈ പദ്ധതിക്ക് തുടക്കം കുറിച്ചത് 2009-ലാണ്).

(ബി) സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, സഹകരണവകുപ്പ് എന്നിവിടങ്ങളിൽ നിന്നുള്ള വായ്പകളാണ് എഴുതി ത്തതള്ളുന്നത്. 31-3-2010-ന് മുമ്പ് തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായി തീർന്ന വായ്പകളിൽ മുതലും പലിശയും ഉൾപ്പെടെ 1,00,000 രൂപ വരെ എഴുതിത്തള്ളുന്നതാണ്. നിബന്ധനകൾ ഉൾപ്പെട്ട സർക്കാർ ഉത്തരവ് (അച്ചടി) 24/2015/പജപവവിവ, തീയതി 30-3-2015. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) ഇക്കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ശ്രീ. പി. വി. അൻവർ : സർ, സംസ്ഥാനത്തെ പട്ടികജാതി വിഭാഗക്കാർ സഹകരണ സ്ഥാപനങ്ങൾ, പട്ടികജാതി വികസന കോർപ്പറേഷൻ എന്നിവിടങ്ങളിൽ നിന്നും എടുത്തിട്ടുള്ളതും 31-3-2010-ന് തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശിക ആയതുമായ വായ്പകളിൽ ഒരു ലക്ഷം രൂപവരെ എടുത്ത ബാദ്ധ്യത എഴുതിത്തള്ളുന്നതിന് 2015-ൽ ഉത്തരവായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിൽനിന്നും നാളിതുവരെ എത്ര പേരുടെ കടബാദ്ധ്യത എഴുതിത്തള്ളിയെന്ന് വ്യക്തമാക്കാമോ?

ശ്രീ. എ. കെ. ബാലൻ : സർ, 8141 പേരുടെ കടബാദ്ധ്യതയാണ് എഴുതി തള്ളിയത്. ഇത് സഹകരണ വകുപ്പിൽനിന്നും കിട്ടിയിട്ടുള്ള റിപ്പോർട്ടാണ്. എന്റെ കണക്ക് അല്ല. പത്ത് കോടി മുപ്പത്തിയഞ്ച് ലക്ഷം രൂപ കൊടുത്തിരുന്നു. യഥാർത്ഥത്തിൽ സഹകരണ വകുപ്പിൽ 63986 അപേക്ഷകളാണ് കെട്ടിക്കിടക്കുന്നത്. ഇതിന് വകുപ്പിന്റെ കണക്കുപ്രകാരം 121.62 കോടി രൂപ കുടിശ്ശിക ആണ്. ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് അമ്പത് കോടി രൂപ റിലീസ് ചെയ്തത്. ഫലത്തിൽ 77.29 കോടി രൂപ ഇപ്പോൾ അവർക്ക് ബാക്കിയാണ്. പാവപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗക്കാർ ബാങ്കുകളിൽനിന്നും സഹകരണ സ്ഥാപനങ്ങളിൽ നിന്നും എസ് സി./എസ് ടി. കോർപ്പറേഷനുകളിൽനിന്നും എടുത്ത കടം എഴുതിത്തള്ളുന്ന സ്കീം 2009-ലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റാണ് കൊണ്ടുവന്നത്. അന്ന് ഇരുപത്തി അയ്യായിരം രൂപയായിരുന്നു എഴുതിത്തള്ളൽ. അത് പിന്നീട് ഒരു ലക്ഷം രൂപയിലേക്ക് എത്തിച്ചു. എൽ.ഡി.എഫ്. സർക്കാർ 114673 പേർക്ക് അറുപത്തി മൂന്ന് കോടി മൂന്ന് ലക്ഷം രൂപ കൊടുത്തു. തുക വർദ്ധിപ്പിച്ചതിന്റെ ഗുണം അവർക്ക് ലഭിച്ചോ; റിലീസ് ചെയ്യാൻ കഴിഞ്ഞോ? ഫിനാൻസ് വകുപ്പിൽ വെയ്സ് ആന്റ് മീൻസ് ക്ലിയറൻസ് ലഭിക്കാത്തതു കൊണ്ടാണ് ഇങ്ങനെ സംഭവിച്ചത്. ഞാൻ അന്നത്തെ മന്ത്രിയെ കുറ്റപ്പെടുത്തുന്നില്ല. ഇങ്ങനെ വരുമ്പോൾ ശക്തമായ ഒരു പ്രതികരണം നടത്തണ്ടേ; ഫിനാൻസ് വകുപ്പിനോട് പറഞ്ഞ് ഇത് റിലീസ് ചെയ്യിക്കണ്ടേ? ഞാൻ തന്നെ രണ്ടുമൂന്ന് പ്രാവശ്യം ഇക്കാര്യം പറഞ്ഞു. എനിക്ക് അന്ന് ഈ കണക്ക് ലഭിച്ചിരുന്നില്ല. എന്തുകൊണ്ട് ഈ കുടിശ്ശിക കൊടുത്തില്ല? ഇപ്പോൾ ഈ കുടിശ്ശിക കൊടുക്കുന്നതിനുള്ള ശക്തമായ നടപടിയാണ് എടുക്കാൻ പോകുന്നത്. മാത്രമല്ല, സഹകരണ സ്ഥാപനങ്ങളിൽ അപേക്ഷകൾ ലഭിച്ചാൽ അപേക്ഷകൾ കൃത്യമായി കോർപ്പറേഷന് കൊടുക്കുന്നതിനോ കോർപ്പറേഷൻ ഈ ഫണ്ട് യഥാസമയം റിലീസ് ചെയ്യുന്നതിനോ കാലതാമസം വരാതിരിക്കുന്നതിനുള്ള നടപടിയും സ്വീകരിക്കുന്നതാണ്.

ശ്രീ. പി. വി. അൻവർ : സർ, ഈ കാലയളവിൽ അർഹരായ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ വായ്പാ കുടിശ്ശിക എഴുതിത്തള്ളുന്നതിനായി എത്ര തുകയാണ് വകയിരുത്തിയതെന്നും അതിൽ ഏതെല്ലാം സ്ഥാപനങ്ങൾ എത്ര തുക വീതം എഴുതിത്തള്ളിയെന്നും മൊത്തം എത്ര തുകയാണ് ചെലവഴിച്ചതെന്നും വ്യക്തമാക്കാൻ സാധിക്കുമോ?

ശ്രീ. എ. കെ. ബാലൻ : സർ, 2016-2017-ലെ ബഡ്ജറ്റിനകത്ത് 50 കോടി രൂപ മാത്രമെ വകയിരുത്തിയിട്ടുള്ളൂ. ആ 50 കോടി രൂപകൊണ്ട് നമുക്കിത് പരിഹരിക്കാൻ കഴിയില്ല. സഹകരണ വകുപ്പിൽ നിന്നും ലഭിച്ച കണക്ക് പ്രകാരം 77.29 കോടി രൂപ കൊടുക്കാനുണ്ട്. തുക വർദ്ധിപ്പിക്കുന്ന കാര്യത്തെക്കുറിച്ച് ആലോചിച്ച് തുക വർദ്ധിപ്പിക്കേണ്ടതാണ്. നൂറുകണക്കിന് പാവങ്ങളാണ് പത്തിരുപത് കൊല്ലം മുമ്പ് ഈ സ്ഥാപനങ്ങളിൽ ആധാരം വച്ച് പണം വാങ്ങിയിട്ട് തേരാപാരാ നടക്കുന്നത്. ഇതിന് തുക വർദ്ധിപ്പിക്കേണ്ടതാണ്. മാത്രമല്ല 2010 മാർച്ച് മാസം 30-ാം തീയതിയാണ് ഇതിന്റെ കട്ട് ഓഫ് ഡേറ്റ്. അതും വർദ്ധിപ്പിക്കേണ്ടതാണ്. അക്കാര്യത്തെ സംബന്ധിച്ചും ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

ശ്രീ. ആർ. രാജേഷ് : സർ, പട്ടികജാതി ജനവിഭാഗത്തിന്റെ അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കാൻ കാണിക്കുന്ന ജാഗ്രതയെ അഭിനന്ദിക്കുകയാണ്. പട്ടികവർഗ്ഗ വികസന കോർപ്പറേഷനും സഹകരണ വകുപ്പും വഴി വായ്പാകുടിശ്ശിക തിരിച്ചടയ്ക്കാനും അതിന്റെ കാലാവധി നീട്ടുമെന്നുമുള്ള സർക്കാരിന്റെ പ്രഖ്യാപനവും സ്വാഗതം ചെയ്യുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വിദ്യാഭ്യാസാനുകൂല്യങ്ങളിൽ വലിയ കുടിശ്ശിക വരുത്തിയിട്ടുണ്ട്. പട്ടികജാതി ജനവിഭാഗത്തിന്റെ വിദ്യാഭ്യാസാനുകൂല്യങ്ങളുടെ കുടിശ്ശിക എത്രയാണ്; എത്ര ആളുകൾക്കാണ് കൊടുക്കാനുള്ളത്; ആ കുടിശ്ശിക അടിയന്തരമായി കൊടുക്കുന്നതിനാവശ്യമായ നടപടി സർക്കാർ സ്വീകരിക്കുമോ?

ശ്രീ. എ. കെ. ബാലൻ : സർ, ഈ ചോദ്യത്തിന് ഉത്തരം പറയേണ്ടത് ഈ വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രിയാണ്. ചോദ്യം ചോദിച്ചതുകൊണ്ട് ഞാൻ മറുപടി പറയാം. ഒ.ഇ.സി. വിദ്യാർത്ഥികൾക്ക് 116.41 കോടി രൂപയും ഒ.ബി.സി. വിദ്യാർത്ഥികൾക്ക് 16,06,00,000 രൂപയും SEBC (Socially & Economically

Backward Community) 30.35 കോടി രൂപയും കൊടുക്കാൻ ബാക്കിയുണ്ട്. ടോട്ടൽ 162. 82 കോടി രൂപ കൊടുക്കാൻ ബാക്കിയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ആദ്യം എന്റെയടുത്തു വരുന്നത് ശ്രീ. ദിനകരൻ, എക്സ് എം.എൽ.എ. ആണ്. (ധീവരസഭയുടെ നേതാവ്) അയാളുടെ കൂടെ M.Phil, MA, BA തുടങ്ങിയവയ്ക്ക് പഠിക്കുന്ന പത്തിരുപത്തിയഞ്ച് കുട്ടികളുമുണ്ടായിരുന്നു. രണ്ടര കൊല്ലമായിട്ടും അവർക്ക് വിദ്യാഭ്യാസാനുകൂല്യം കിട്ടിയിട്ടില്ല. ഇതും അസത്യമാണ് ഞാൻ പറയുന്നുവെന്ന് നിങ്ങൾ പറയരുത്. ദയവുചെയ്ത് നിങ്ങൾ ഇതും പരിശോധിച്ചോളൂ.

ശ്രീ. കെ. കുഞ്ഞിരാമൻ : സർ, സഹകരണ സ്ഥാപനങ്ങളിൽ നിന്നും പട്ടികജാതിവികസന കോർപ്പറേഷനിൽ നിന്നും എടുത്ത ലോണുകളാണ് എഴുതിത്തള്ളുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. 2010 മുതൽ എടുത്ത ലോൺ ആണ് എഴുതിത്തള്ളുന്നത്. അതിനുശേഷമുള്ള സ്ഥിതി വിവരക്കണക്കുകൾ പരിശോധിക്കേണ്ടതാണ്. അതുമാത്രമല്ല, കൃത്യമായി തുക അടയ്ക്കുന്നവർക്ക് ഇതിന്റെ ആനുകൂല്യം കിട്ടുന്നില്ലെന്ന പരാതിയുമുണ്ട്. കൃത്യമായി അടയ്ക്കുന്ന ആളുകൾക്ക് പലിശയിലെങ്കിലും ഒരിളവ് കൊടുക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. മറ്റൊരു പ്രധാനപ്പെട്ട കാര്യം, ദേശസാൽകൃത ബാങ്കുകളിൽനിന്നും ഒരു പട്ടികജാതിക്കാരനും ലോൺ കൊടുക്കുന്നില്ല. അടിയന്തരമായി ഒരു കണക്കെടുത്ത് പട്ടികജാതി വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് 25,000 രൂപയോ 50,000 രൂപയോ വരെയുള്ള ലോൺ ജാമ്യമില്ലാതെ കൊടുക്കാനുള്ള എന്തെങ്കിലും നടപടി സ്വീകരിക്കുമോ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്.

ശ്രീ. എ. കെ. ബാലൻ : സർ, ഇത് കറക്റ്റാണ്. നാഷണലൈസ്ഡ് ബാങ്കുകൾക്ക് ഈ സ്കീം ബാധകമല്ല. അതുകൂടി പരിശോധിക്കേണ്ടതാണ്. കട്ട് ഓഫ് ഇയർ 2010 ആണ്. അത് വർദ്ധിപ്പിക്കുന്ന കാര്യത്തെ സംബന്ധിച്ച് പരിശോധിക്കുമെന്നാണ് ഞാൻ പറഞ്ഞത്. ഒരു ലക്ഷം രൂപ എന്ന പരിധിയും യഥാർത്ഥത്തിൽ വർദ്ധിപ്പിക്കേണ്ടതാണ്. കാരണം പലിശ കൂടിക്കൂടി പലിശയും പിഴപ്പലിശയും എല്ലാം കൂടിയാണ് ഒരു ലക്ഷം രൂപ എഴുതിത്തള്ളുന്നത്. ആ കാര്യം പരിശോധിക്കാം.

ശ്രീ. എ. പി. അനിൽ കുമാർ : സർ, അങ്ങ് ഇവിടെ പറഞ്ഞ വായ്പ എഴുതിത്തള്ളുന്ന പദ്ധതി കൊണ്ടുവന്നത് കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ്. അന്ന് 25,000 രൂപ വരെയായിരുന്നു വായ്പാ പരിധി. എന്റെ ഓർമ്മ ശരിയാണെങ്കിൽ അന്ന് ഏതാണ്ട് 52-55 കോടി രൂപയാണ് അങ്ങ് മന്ത്രിയായിരിക്കുമ്പോൾ നീക്കിവച്ചത്. യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്ന സമയത്ത് 25,000 രൂപയെന്നുള്ളത് ഒരു ലക്ഷം രൂപയാക്കുകയും അതിനുവേണ്ടി ഏതാണ്ട് 60 കോടി രൂപയിലധികം നീക്കിവയ്ക്കുകയും ചെയ്തു. അങ്ങ് ഇവിടെ പറഞ്ഞത്, ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് ആ പൈസ കൊടുത്തതെന്നാണ്. അങ്ങേക്കറിയാം, കഴിഞ്ഞ ബഡ്ജറ്റിനകത്തുവച്ച പണമാണ്. ആ പണമാണ് കൊടുത്തത്. കഴിഞ്ഞ ഗവൺമെന്റ് തന്നെ ആവശ്യമായ പണം നീക്കിവച്ചിരുന്നു എന്നുള്ളത് അങ്ങേക്ക് അറിവുള്ള കാര്യമാണ്. താങ്കൾ ആരംഭിച്ച പദ്ധതി ഒരു ലക്ഷം രൂപവരെയാക്കുകയും അതിനാവശ്യമായ മുഴുവൻ പണം ഇല്ലെങ്കിലും ഒന്നാം ഘട്ടത്തിൽ ആവശ്യമായ തുകയെന്നുള്ള നിലയ്ക്ക് 60 കോടി രൂപയിലധികം യു.ഡി.എഫ്. ഗവൺമെന്റ് അനുവദിക്കുകയും ചെയ്തു. അതോടൊപ്പംതന്നെ ഒ.ഇ.സി.-യുടെ കാര്യത്തിൽ, അങ്ങ് 2011-ൽ മന്ത്രി സ്ഥാനത്തുനിന്ന് ഒഴിഞ്ഞുപോകുമ്പോൾ എത്രയായിരുന്നു കുടിശ്ശിക എന്നുകൂടി പറയുന്നില്ല. അത്തരം കാര്യങ്ങളിൽ യഥാർത്ഥത്തിൽ സഭയ്ക്ക് നല്കേണ്ട വ്യക്തമായ ഉത്തരമല്ല അങ്ങ് നല്കിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് വായ്പ എഴുതിത്തള്ളുന്നതിനുവേണ്ടി എത്ര തുക അനുവദിച്ചുവെന്നുള്ള കാര്യവും എന്തുമാത്രം പണം ഒ.ഇ.സി. വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പൻഡ്, ലംപ്സം ഗ്രാന്റ് തുടങ്ങിയവയ്ക്ക് നല്കി എന്നുള്ള കാര്യവും വ്യക്തമാക്കാൻ അങ്ങേക്ക് ഇപ്പോൾ കഴിയുമോ?

ശ്രീ. എ. കെ. ബാലൻ : സർ, ഞാൻ ബഹുമാനപ്പെട്ട മുൻമന്ത്രിയോട് പറഞ്ഞല്ലോ, എൽ.ഡി.എഫ്. ഭരിക്കുന്ന സമയത്ത് 25,000 രൂപ എഴുതിത്തള്ളുന്ന സ്കീം അന്ന് വളരെ ഫലപ്രദമായിരുന്നു. ഇൻഡ്യാരാജ്യത്ത് എവിടെയും ഇല്ലാത്തതാണ്. എൽ.ഡി.എഫ്. കൊണ്ടുവന്നു. നിങ്ങൾ കാലോചിതമായി ആ തുക വർദ്ധിപ്പിച്ചുവെന്ന് ഞാൻ തന്നെ പറഞ്ഞല്ലോ. ഒരു ലക്ഷമാക്കി എന്നുള്ളതിന്റെ കോൺട്രിബ്യൂഷൻ നിങ്ങൾക്ക് തന്നല്ലോ. പക്ഷെ, പ്രശ്നമെന്താണെന്നുവച്ചാൽ 114673 പേർക്ക് (ഒരു ലക്ഷത്തി പതിനാലായിരത്തി അറുനൂറ്റി എഴുപത്തി മൂന്ന്) 65.3 ലക്ഷം രൂപയാണ് ഞങ്ങൾ കൊടുത്തത്. നിങ്ങളുടെ കാലഘട്ടത്തിൽ 8141 പേർക്ക് 10,35,00,000 (പത്തുകോടി മുപ്പത്തിയഞ്ച് ലക്ഷം രൂപ) കൊടുത്തു. ബഡ്ജറ്റിൽ

നിങ്ങൾ 50 കോടി രൂപ വച്ചു. 50 കോടി രൂപ ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് റിലീസ് ചെയ്തത്. കറക്റ്റാണ്, നിങ്ങൾ 50 കോടി രൂപ വച്ചു. എന്നാൽ തന്നെ 77.29 കോടി രൂപ അതിൽ ഇപ്പോൾ ബാക്കിയാണ്. അതാണ് ഞാൻ പറഞ്ഞത്. ഇതിലൊന്നും ഒരു കളവുമില്ല. താങ്കൾ പറഞ്ഞതും ഞാൻ പറഞ്ഞതുമൊക്കെ കറക്റ്റാണ്. 46 കോടി രൂപ ഡോ. കുട്ടപ്പൻ അരിയേഴ്സ് വച്ചിരുന്നത് ഈ വകുപ്പ് കൈകാര്യം ചെയ്യുമ്പോൾ ഞാൻ അത് കൊടുത്തുതീർത്തു. ഞാൻ പോകുന്ന സമയത്ത് 13 കോടി രൂപ കുടിശ്ശികയുണ്ടായിരുന്നു. അത് നിങ്ങൾ കൊടുത്തു. ബാക്കി ഒന്നുമില്ല. എന്നാൽ ഇപ്പോഴുള്ളതാണ് ഞാൻ പറഞ്ഞത്; 162.82 കോടി രൂപയുടെ കുടിശ്ശിക ഇപ്പോഴുമുണ്ട്. 70 കോടി രൂപ ഞങ്ങൾ കൊടുത്തതാണ്. നിങ്ങളുടെ ബഡ്ജറ്റിലുള്ളതാണ്. ആ 70 കോടി രൂപ കൊടുത്തതിനു ശേഷം 162.82 കോടി രൂപ ഇപ്പോൾ കുടിശ്ശികയാണ്. ഒ.ഇ.സി.-ക്ക് 116.41 കോടി രൂപ ഇന്നലെവരെയുള്ള കണക്കാണ്.

മി. സ്പീക്കർ : ..........പ്ലീസ്....... കൺക്ലൂഡ്................

ശ്രീ. എ. കെ. ബാലൻ : സർ, അക്കാര്യം ഞാൻ ബഹുമാനപ്പെട്ട മുൻമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താം. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഒരു മാസംകൊണ്ട് ഞങ്ങൾ 853 കോടി രൂപയാണ് എ.എസ്. കൊടുത്തത്. സമയബന്ധിതമായി പദ്ധതികൾ ആവിഷ്കരിക്കുന്നതിന് പണത്തിന്റെ പ്രശ്നം ഇനിയുണ്ടാകില്ല. ബഡ്ജറ്റിൽ എത്രയാണുള്ളത് അത് സമയബന്ധിതമായി കൊടുക്കും. പഴയ കുടിശ്ശിക കൊടുക്കുന്നതിനുള്ള ബുദ്ധിമുട്ടുണ്ട്. ഇതിപ്പോൾ ബഡ്ജറ്റിലുണ്ടല്ലോ; ബഡ്ജറ്റിലുള്ളത് നിർത്തിവയ്ക്കാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വിചാരിച്ചാലും കഴിയില്ല. അത് വാങ്ങി ഈ വിഭാഗത്തിന് കൊടുത്തിരിക്കും. അതിനെ എതിർക്കാൻ ഒരു ഫിനാൻസ് ഡിപ്പാർട്ട്മെന്റിനെയും സമ്മതിക്കില്ല.

ശ്രീ. ഡി. കെ. മുരളി : സർ, ഒരു ലക്ഷം രൂപ വരെയുള്ള വായ്പാകുടിശ്ശിക എഴുതിത്തള്ളുമെന്ന കഴിഞ്ഞ സർക്കാരിന്റെ പ്രഖ്യാപനത്തിനുശേഷം തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിന്റെ വിവിധ ശാഖകളിൽനിന്ന് നിർദ്ദിഷ്ട തുകയിൽ (ഒരു ലക്ഷത്തിൽ കൂടുതൽ) വരുന്ന തുകയും പലിശയും അടച്ചതിനുശേഷം പ്രമാണങ്ങൾ ഈടുവച്ചതും മറ്റും തിരികെ കൊടുത്തില്ലെന്ന പരാതി വ്യാപകമായുണ്ട്. അക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രമാണങ്ങൾ തിരികെ വാങ്ങി കൊടുക്കുവാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. എ. കെ. ബാലൻ</u> : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം ശരിയാണ്. കാശ് കൊടുത്തുകഴിഞ്ഞാലും സഹകരണ വകുപ്പിൽനിന്ന് കൃത്യസമയത്ത് ആധാരങ്ങൾ റിലീസ് ചെയ്യുന്നതിന് കാലതാമസം വരുന്നുണ്ട്. അക്കാര്യത്തിൽ ഇനി കാലതാമസം ഉണ്ടാകില്ല. ബഹുമാനപ്പെട്ട സഹകരണവകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി ഈ പ്രശ്നം പരിഹരിക്കും. എപ്പോഴാണോ കാശ് കൊടുക്കുന്നത് അപ്പോൾത്തന്നെ ആധാരം റിലീസ് ചെയ്തു കൊടുക്കുക. ഈ പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u> : സർ, പട്ടികജാതി വിഭാഗത്തിൽപ്പെട്ട ആളുകളുടെ വായ്പാകുടിശ്ശിക എഴുതിത്തള്ളുന്ന പദ്ധതി നല്ലതാണ്. അതോടൊപ്പംതന്നെ കൃത്യമായി ഈ സംഖ്യ അടയ്ക്കുന്ന ആളുകൾക്ക് ഏതെങ്കിലും തരത്തിലുള്ള ഒരു പ്രോത്സാഹനം അല്ലെങ്കിൽ സംഖ്യ ഇളവ് ചെയ്തുകൊടുക്കാനുള്ള പരിപാടി സർക്കാരിന്റെ കീഴിലുണ്ടോയെന്നറിയണം.

<u>ശ്രീ. എ. കെ. ബാലൻ:</u> സർ, സംഖ്യ കൃത്യമായി അടയ്ക്കുന്ന ആളുകൾക്ക് ഏതെങ്കിലും തരത്തിലുള്ള ഇൻസെന്റീവ് ആവശ്യമാണെന്നുള്ളത് സ്വാഭാവികമാണ്. അതിനെപ്പറ്റി ഇപ്പോൾ ആലോചിച്ചിട്ടില്ല.

**കുടിവെള്ള വിതരണം**

3 (*63) <u>ശ്രീ. റോഷി അഗസ്റ്റിൻ</u> :
<u>ശ്രീ. മോൻസ് ജോസഫ്</u> :
<u>ശ്രീ. സി. എഫ്. തോമസ്</u> :
<u>ഡോ. എൻ. ജയരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ള വിതരണത്തിന് വിദേശസഹായം ലഭ്യമായ ഏതൊക്കെ പദ്ധതികളാണ് സംസ്ഥാനത്തുള്ളത്;

(ബി) ഈ പദ്ധതികളുടെ നിർമ്മാണം ഏത് ഘട്ടത്തിലാണ്;

(സി) വിദേശസഹായത്തോടുകൂടിയുള്ള പുതിയ പദ്ധതികൾ ആരംഭിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഈ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ഇ) ഏതൊക്കെ ജില്ലകളിലാണ് ഈ പുതിയ പദ്ധതികൾ നടപ്പിലാക്കുവാൻ നിശ്ചയിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ,

(എ) ജപ്പാൻ ഇന്റർനാഷണൽ കോ-ഓപ്പറേഷൻ ഏജൻസി (ജൈക്ക)-യുടെ ധനസഹായത്തോടെ കേരള വാട്ടർ സപ്ലൈ പ്രോജക്ടിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന തിരുവനന്തപുരം, മീനാട്, ചേർത്തല, കോഴിക്കോട്, പട്ടുവം എന്നീ കുടിവെള്ള പദ്ധതികളും ലോകബാങ്ക് ധനസഹായത്തോടെ നടപ്പാക്കുന്ന ജലനിധി പദ്ധതിയുമാണ് സംസ്ഥാനത്ത് വിദേശ സഹായം ലഭ്യമായ കുടിവെള്ള വിതരണ പദ്ധതികൾ.

(ബി) മേൽപ്പറഞ്ഞ ഓരോ പദ്ധതികളിലും ഇൻടേക്ക്-കിണർ, ജലശുദ്ധീകരണ ശാല, ട്രാൻസ്മിഷൻ മെയിൻ, വിതരണ ശൃംഖല, ജലസംഭരണികൾ എന്നിവ ഉൾപ്പെടുന്നു. ഇതിൽ ചേർത്തല, പട്ടുവം എന്നീ പദ്ധതികളിൽ ഉൾക്കൊണ്ടിരുന്നവ പൂർണ്ണമായും, തിരുവനന്തപുരം, മീനാട്, കോഴിക്കോട് പദ്ധതികൾ ഭാഗികമായും കമ്മീഷൻ ചെയ്തു. തിരുവനന്തപുരം, മീനാട്, കോഴിക്കോട് പദ്ധതികളുടെ വിതരണ ശൃംഖലയുടെ ശേഷിക്കുന്ന പണികളും നിലവിലുള്ള തിരുവനന്തപുരം, കോഴിക്കോട് പദ്ധതികളുടെ ശുദ്ധീകരണശാലകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങളുമാണ് ഇനി പൂർത്തീകരിക്കുവാനുള്ളത്.

ജലനിധി ഒന്നാംഘട്ട പദ്ധതിയുടെ പ്രവർത്തികൾ പൂർത്തീകരിച്ചു കഴിഞ്ഞു. രണ്ടാംഘട്ട പദ്ധതിയിലെ ബാച്ച് 1-ൽ 20 പഞ്ചായത്തുകളിലായി 465 കുടിവെള്ള പദ്ധതികൾ ഏറ്റെടുത്തതിൽ 441 എണ്ണം പൂർത്തീകരിച്ച് കുടിവെള്ള വിതരണം നടത്തിവരുന്നു. ബാക്കിയുള്ളവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. ബാച്ച് 2-ൽ 61 പഞ്ചായത്തുകളിലായി 1182 കുടിവെള്ള പദ്ധതികൾ ഏറ്റെടുത്തതിൽ 734 എണ്ണം പൂർത്തീകരിച്ച് കുടിവെള്ള വിതരണം നടത്തിവരുന്നു. ബാക്കിയുള്ളവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. ബാച്ച് 3-ൽപ്പെട്ട 23 പഞ്ചായത്തുകളിൽ പദ്ധതി പ്രവർത്തനങ്ങൾ പ്രാരംഭഘട്ടത്തിലാണ്. മാളയും സമീപ 5 പഞ്ചായത്തുകൾക്കുമുള്ള പദ്ധതി, ഊരകം, വേങ്ങര, പറപ്പൂർ എന്നീ പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതി, തെന്നല, ഒഴൂർ, പെരുമണ്ണക്ലാരി എന്നീ 3 പഞ്ചായത്തുകൾക്കു വേണ്ടിയുള്ള കുടിവെള്ള പദ്ധതി എന്നിങ്ങനെ 3 കേരള വാട്ടർ അതോറിറ്റി മൾട്ടി ജി.പി. കുടിവെള്ള പദ്ധതികളും ജലനിധി രണ്ടാംഘട്ടത്തിൽ പുരോഗമിച്ചു വരുന്നു.

ജലനിധി രണ്ടാംഘട്ട പദ്ധതിയുടെ റീസ്ട്രക്ചറിംഗിനുവേണ്ടിയുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ഇതിൽ രണ്ട് പുതിയ മൾട്ടി ജി.പി. പദ്ധതികളായ നെടുമ്പാശ്ശേരിയും സമീപ പഞ്ചായത്തുകൾക്കുമുള്ള പദ്ധതി, ചീക്കോടും സമീപ പഞ്ചായത്തുകൾക്കുമുള്ള പദ്ധതി എന്നിവ ഉൾപ്പെടുന്നു.

(സി) ഉണ്ട്.

(ഡി) ജൈക്ക പദ്ധതി അഞ്ച് ജില്ലകളിലാണ് നടപ്പാക്കിയത്. പ്രധാനമായും ഇതിൽ ഉൾപ്പെടാത്ത ജില്ലകളെ ഉൾപ്പെടുത്തി ഒരു സമഗ്ര ജില്ലാ പദ്ധതി (കോംപ്രിഹെൻസീവ്-ഡിസ്ട്രിക്റ്റ് പ്ലാൻ, സി.ഡി.പി.)ആരംഭിക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു. 92 പ്രൊപ്പോസലുകൾ അടങ്ങിയ 5932.19 കോടി രൂപയുടെ വിദേശ നിക്ഷേപ സഹായത്തിനായുള്ള കരട് പദ്ധതി സർക്കാർ പരിശോധിച്ചുവരുന്നു.

(ഇ) പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട്, കാസർഗോഡ് മുതലായ ജില്ലകളിലാണ് ഈ പദ്ധതി നടപ്പിലാക്കാൻ നിശ്ചയിച്ചിരിക്കുന്നത്.

ശ്രീ. റോഷി അഗസ്റ്റിൻ : സർ, വിദേശ സഹായത്തോടുകൂടി രണ്ട് പദ്ധതികൾ ഇപ്പോൾ നടപ്പിലാക്കുന്നതായി മന്ത്രി പറഞ്ഞു. ജപ്പാൻ ഇന്റർനാഷണൽ കോ-ഓപ്പറേഷൻ ഏജൻസിയുടെ ധനസഹായത്തോടുകൂടിയുള്ള പദ്ധതിയും ലോകബാങ്ക് ധനസഹായത്തോടെ നടപ്പാക്കുന്ന ജലനിധി പദ്ധതിയും. എല്ലാ ജില്ലകളിലും തുടങ്ങിയ ഈ പദ്ധതികൾ ഭാഗികമായിട്ടാണ് തീർക്കാൻ സാധിച്ചിട്ടുള്ളത്. സമഗ്രമായ ഒരു പദ്ധതി നടപ്പിലാക്കുന്നതിനുള്ള പരിശ്രമം നടത്തുന്നു എന്ന് മനസ്സിലാക്കുന്നു. ആരംഭിച്ച ജില്ലകളിലെ കുടിവെള്ള പ്രശ്നം സമയബന്ധിതമായി പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, നേരത്തെ ഉൾപ്പെടുത്തിയിരുന്ന പദ്ധതികളിൽ ചേർത്തലയും പട്ടുവവും പൂർത്തീകരിച്ചതായാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്നത്. പക്ഷേ ഈ രണ്ട് പദ്ധതികളിൽപോലും ആദ്യം രൂപകല്പന ചെയ്ത വിതരണ ശൃംഖല സ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ല, പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. അതേസമയം തിരുവനന്തപുരം, മീനാട്, കോഴിക്കോട് പദ്ധതികൾ ഭാഗികമായി മാത്രമേ കമ്മീഷൻ ചെയ്തിട്ടുള്ളൂ. അത് പൂർണ്ണമായും കമ്മീഷൻ ചെയ്യുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്താവുന്നതാണ്.

<u>ശ്രീ. റോഷി അഗസ്റ്റിൻ</u> : സർ, പുതിയ പദ്ധതി ഏറ്റെടുക്കുന്നതിൽ ഇടുക്കി ജില്ലയും ഉൾപ്പെട്ടിട്ടുണ്ട്. ജലനിധി പദ്ധതി നടപ്പാക്കുന്ന ജില്ലകളിൽ മറ്റ് ഇതരപദ്ധതികൾ നടപ്പിലാക്കുന്നതിന് തടസ്സങ്ങൾ നേരിടുന്നതായി പല റിപ്പോർട്ടുകളും കാണുന്നുണ്ട്. ഇടുക്കി പോലുള്ള പ്രദേശങ്ങളിൽ, ഭൂമിശാസ്ത്രപരമായ സവിശേഷതകൊണ്ടുതന്നെ, പലപ്പോഴും ജലനിധി പദ്ധതികൊണ്ടുമാത്രം കുടിവെള്ള പ്രശ്നം പൂർണ്ണമായും പരിഹരിക്കാൻ സാധിക്കുന്നില്ല. അതുകൊണ്ട് ജലനിധിയിൽ എടുത്തിട്ടുണ്ടെങ്കിൽപോലും ആ പ്രദേശങ്ങളിലും സമഗ്രമായ ഈ കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? കൊടുത്തിരിക്കുന്ന പ്രൊപ്പോസലുകളിൽ ജലനിധി പദ്ധതിയിൽ ഏറ്റെടുത്തിരിക്കുന്ന പഞ്ചായത്തുകളെ ഒഴിവാക്കിക്കൊണ്ടാണോ ഈ പ്രൊപ്പോസലുകൾ നൽകിയിട്ടുള്ളത്; അങ്ങനെയെങ്കിൽ അത് പുനഃപരിശോധിച്ച് മലയോര മേഖലയിലെ കുടിവെള്ള പ്രശ്നം പരിഹരിക്കാൻ ജലനിധി പദ്ധതിയിൽ ഏറ്റെടുത്തിട്ടുണ്ടെങ്കിലും ഈ പദ്ധതിയിൽക്കൂടി ഉൾപ്പെടുത്താൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. മാത്യു ടി. തോമസ്</u> : സർ, "ജൈക്ക പദ്ധതി" 5 ജില്ലകളിലാണ് നടപ്പാക്കിയത്. ജൈക്കയിൽ ഉൾപ്പെടാതെ വന്ന ജില്ലകളെ ഉൾപ്പെടുത്തിയാണ് സമഗ്ര ജില്ലാ പദ്ധതി (കോംപ്രിഹെൻസീവ് ഡിസ്ട്രിക്റ്റ് പ്ളാൻ) ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുള്ളത്, അതിൽ പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട്, കാസർഗോഡ് എന്നീ 9 ജില്ലകളിൽ (ജൈക്ക നടപ്പാക്കി കഴിഞ്ഞ 5 ജില്ലകൾ ഒഴികെയുള്ള 9 ജില്ലകൾ) നടപ്പാക്കാനാണ് പരിഗണന കൊടുക്കുന്നത്.

<u>ശ്രീ. മോൻസ് ജോസഫ്</u> : സർ, ബഹുമാനപ്പെട്ട മന്ത്രി മറുപടിയിൽ ജൈക്ക പദ്ധതി 5 ജില്ലകളിൽ നടപ്പാക്കിയതിനെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. ഇപ്പോൾ പുതുതായി ഗവൺമെന്റിന്റെ പരിഗണനയിൽ നിൽക്കുന്ന കോംപ്രിഹെൻസീവ് ഡിസ്ട്രിക്റ്റ് പ്ളാൻ നടപ്പാക്കുന്നതിനെക്കുറിച്ചും അങ്ങ് സൂചിപ്പിച്ചു. അതിനെയും സ്വാഗതം ചെയ്യുകയാണ്. പക്ഷേ, നമ്മൾ നടപ്പാക്കിയ പദ്ധതികളുടെ പ്രോപ്പർ മെയിന്റനൻസ് ഇന്ന് ഏറ്റവും വലിയ ഒരു പ്രശ്നമായി നിലനിൽക്കുകയാണ്. സമയത്ത് നമുക്ക് അറ്റകുറ്റപ്പണികൾ ചെയ്യാൻ പറ്റാതെ വരുന്ന, പൈപ്പ് പൊട്ടുന്ന ഭാഗങ്ങളിൽ അത് നന്നാക്കാൻ പറ്റാതെ വരുന്ന പ്രതിസന്ധിയുടെ ഒരു പ്രധാന കാരണം മെയിന്റനൻസ് ഗ്രാന്റിന്റെ കുറവാണ്. അത് വർദ്ധിപ്പിക്കണമെന്ന് കാലങ്ങളായി നമ്മളെല്ലാവരും ആവശ്യപ്പെട്ടുവരുന്നുണ്ട്. പക്ഷേ അതിന് പരിഹാരമുണ്ടാകുന്നില്ല. അതുപോലെതന്നെ കരാറുകാരുടെ കുടിശ്ശികയുടെ

കാര്യത്തിലും. പുതിയ പദ്ധതികളെക്കുറിച്ച് പറയുമ്പോൾ നിലവിലുള്ള പദ്ധതികൾ നന്നായി കൊണ്ടുപോകാൻ കഴിയാത്ത സ്ഥിതിവിശേഷം നിൽക്കുകയാണ്. ഇത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുന്ന വിധത്തിൽ മെയിന്റനൻസ് ഗ്രാന്റും കരാറുകാരുടെ കുടിശ്ശികയും കൊടുത്തു തീർത്ത് പദ്ധതികൾ മുന്നോട്ട് കൊണ്ടുപോകാനുള്ള, വേഗത്തിൽ നടപ്പിലാക്കാനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. മാത്യു ടി. തോമസ് : സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് പ്രസക്തമായ കാര്യമാണ്. നമ്മൾ മുൻഗണന കൊടുക്കേണ്ടുന്ന വിഷയം, ഭാഗികമായി മാത്രം കമ്മീഷൻ ചെയ്തിരിക്കുന്ന പ്രോജക്റ്റുകൾ പൂർണ്ണമായും കമ്മീഷൻ ചെയ്യാൻ കഴിയുകയും അതോടൊപ്പംതന്നെ ഇവയുടെ യഥാസമയമുള്ള മെയിന്റനൻസ് നടത്തുകയുമാണ്. അതിന് ആവശ്യമായ മുൻഗണന കൊടുക്കാൻ ഗവൺമെന്റ് ശ്രദ്ധിക്കുന്നതാണ്, അത്തരത്തിലുള്ള നടപടികൾ തീർച്ചയായും സ്വീകരിക്കും.

ശ്രീ. സി. എഫ്. തോമസ് : സർ, ഈ സഭയിലെ എല്ലാ അംഗങ്ങളേയും ബാധിക്കുന്ന വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. എല്ലാ കോൺസ്റ്റിറ്റ്യൂവൻസികളിലും കുടിവെള്ള പ്രശ്നം വളരെ രൂക്ഷമാണ്. അടിസ്ഥാനസൗകര്യ വികസനത്തിൽ മുന്തിയ പ്രാധാന്യം കൊടുക്കേണ്ട കുടിവെള്ളത്തിന്റെ കാര്യത്തിൽ 5932.19 കോടി രൂപയുടെ ജൈക്ക പദ്ധതിയുടെ കരട് പരിശോധിച്ചുവരുന്നു എന്നുപറഞ്ഞു. 9 ജില്ലകൾ കവർ ചെയ്യുന്നതാണ്. ഗവൺമെന്റ് വളരെ ഗൗരവത്തോടെ എടുത്തുകൊണ്ട് ഈ കരട് പദ്ധതി എത്രയുംവേഗം പൂർണ്ണമാക്കി വിദേശ സഹായത്തിനായി സമർപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. മാത്യു ടി. തോമസ് : സർ, ആ കരട് പദ്ധതി ഗവൺമെന്റ് പരിശോധിച്ചുവരികയാണ്. ചെറിയ തുകയല്ല, 92 പ്രൊപ്പോസലുകളിലായി 5932.19 കോടി രൂപയാണ് നമുക്കാവശ്യമായുള്ളത്. അതിനുവേണ്ട ചർച്ചകൾ നടത്തിക്കൊണ്ടിരിക്കുന്നു. പണം ലഭ്യമാക്കി വളരെ ഗൗരവത്തോടുകൂടി, ത്വരിതമായിത്തന്നെ നടപ്പാക്കാനുള്ള ശ്രമമാണ് ഗവൺമെന്റ് നടത്തുന്നത്.

ഡോ. എൻ. ജയരാജ് : സർ, എൻ.ആർ.ഡി.ഡബ്ല്യു.പി. പ്രോജക്ടുമായി ബന്ധപ്പെട്ട്, സ്റ്റേറ്റ് ഗവൺമെന്റ് 50 ശതമാനവും സെൻട്രൽ ഗവൺമെന്റ് 50 ശതമാനവും എന്ന കണക്കിലാണ് പ്രോജക്ടുകൾ നടപ്പാക്കുന്നത്. കൃത്യമായൊരു അലോക്കേഷൻ എല്ലാ വർഷവും സ്റ്റേറ്റ് ഗവൺമെന്റിന്റെ ബഡ്ജറ്റിൽ വച്ചെങ്കിൽ

മാത്രമേ ഇത് കൃത്യമായി ഇംപ്ലിമെന്റ് ചെയ്ത് മുന്നോട്ടുപോകാൻ കഴിയുകയുള്ളൂ. അത്തരമൊരു അലോക്കേഷൻ ഇക്കാര്യത്തിൽ ഉണ്ടാകുമോ എന്നുള്ളതാണ് പ്രധാനപ്പെട്ട കാര്യം. അതോടൊപ്പംതന്നെ വളരെ ഗൗരവമായൊരു വിഷയം പി.ഡബ്ല്യു.ഡി.-യുമായി ബന്ധപ്പെട്ടതാണ്. റോഡ് റിസ്റ്റോറേഷനുമായി ബന്ധപ്പെട്ട് വളരെയേറെ ഹൈക്ക് ചെയ്ത എസ്റ്റിമേറ്റുകളാണ് പി.ഡബ്ല്യു.ഡി. പലപ്പോഴും കൊടുക്കുന്നത്. അതുകൊണ്ട് വാട്ടർ അതോറിറ്റിയുടെ പ്രോജക്ട് കോസ്റ്റിന്റെ നല്ലൊരു ശതമാനം പി.ഡബ്ല്യു.ഡി.-ക്ക് കൈമാറേണ്ട ഒരവസ്ഥയാണ്. എരുമേലി-കാഞ്ഞിരപ്പള്ളി റോഡ്, 88 ലക്ഷം രൂപയാണ് പി.ഡബ്ല്യു.ഡി. എസ്റ്റിമേറ്റ് തയ്യാറാക്കിയത്. അവസാനം റിസ്റ്റോറേഷൻ കഴിഞ്ഞപ്പോൾ 48 ലക്ഷം രൂപയേ ഉള്ളൂ. ഇങ്ങനെ ഹൈക്ക് ചെയ്യുന്ന അനാവശ്യമായ ഒരു ഇടപെടൽ വാട്ടർ അതോറിറ്റിയുടെ പ്രോജക്ടുമായി ബന്ധപ്പെട്ട് പി.ഡബ്ല്യു.ഡി.-യുടെ ഭാഗത്തു നിന്നുണ്ടാകുന്നുണ്ട്. ഇതിൽ രണ്ടുകൂട്ടരുംകൂടി ജോയിന്റായിട്ടുള്ള ഇൻസ്പെക്ഷൻ നടത്തി പോയില്ലെങ്കിൽ നമ്മുടെ പ്രോജക്ട് കോസ്റ്റിന്റെ നല്ലൊരു ഭാഗം മറ്റ് ഡിപ്പാർട്ടുമെന്റുകൾക്ക് പോകുന്ന ഒരവസ്ഥ ഇന്ന് നിലവിലുണ്ട്. അതിനൊരു പരിഹാരമുണ്ടാക്കാൻ ഈ ഗവൺമെന്റ് നടപടി എടുക്കുമോ എന്നുള്ളതാണ് ചോദ്യം?

<u>ശ്രീ. മാത്യു ടി. തോമസ്</u> : സർ, അങ്ങ് ചോദിച്ചത് പ്രധാനമായും രണ്ട് കാര്യങ്ങളാണ്. ഒന്ന്, നാഷണൽ റൂറൽ ഡ്രിങ്കിംഗ് വാട്ടർ പ്രോഗ്രാമിന്റെ അലോക്കേഷൻ 50:50 ആകുമ്പോൾ സംസ്ഥാന ഗവൺമെന്റ് വിഹിതം കൊടുക്കുമോ എന്നുള്ളതാണ്. കേന്ദ്രാവിഷ്കൃത പദ്ധതികളിൽ അത് നടപ്പാക്കാനാവശ്യമായ സംസ്ഥാനത്തിന്റെ വിഹിതം ഉറപ്പാക്കുന്ന കാര്യത്തിൽ ധനകാര്യമന്ത്രി ഉറപ്പു നൽകിയിട്ടുണ്ട്. കേന്ദ്രത്തിൽനിന്ന് കിട്ടുന്ന തുകയ്ക്ക് തുല്യമായ തുക ഒരു കാരണവശാലും കുറവുവരാതെ ഗവൺമെന്റ് കൊടുക്കാൻ നടപടി സ്വീകരിക്കുമെന്ന് ഉറപ്പുനൽകിയിട്ടുണ്ട്. പക്ഷേ അതിൽ ആശങ്ക ഉയർത്തുന്ന വിഷയം കേന്ദ്രത്തിന്റെ വിഹിതം കുറഞ്ഞുകുറഞ്ഞ് വരുന്നു എന്നുള്ളതാണ്. 2012-13-ൽ സെൻട്രൽ അലോക്കേഷനായി 170.78 കോടി രൂപയാണ് കിട്ടിയതെങ്കിൽ 2015-16 ആയപ്പോൾ അത് 45.28 കോടി രൂപയായി കുറഞ്ഞു. ഏതാണ്ട് 73.49 ശതമാനം കട്ട് കേന്ദ്ര വിഹിതത്തിൽ ഉണ്ടായിരിക്കുന്നു. ഇത് വളരെ ഗൗരവമുള്ളൊരു വിഷയമാണ്. പ്രത്യേകിച്ച് ഗ്രാമീണമേഖലയിലെ കുടിവെള്ള പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റ് നൽകിയിരുന്ന തുക 73.49 ശതമാനംകണ്ട് വെട്ടിക്കുറച്ചിരിക്കുകയാണ്. ഇതുസംബന്ധിച്ച് ഞാൻ കഴിഞ്ഞ ദിവസം കേന്ദ്രമന്ത്രി

ശ്രീ. ചൗധരി ബീരേന്ദ്ര സിംഗിനെ നേരിട്ട് കണ്ട് നിവേദനം കൊടുത്തിരുന്നു. അപ്പോൾ അദ്ദേഹം പറഞ്ഞത്, കേന്ദ്ര ബഡ്ജറ്റിലെ അലോക്കേഷൻ കുറഞ്ഞിരിക്കുന്നു. രാജ്യത്തെമ്പാടും 12000 കോടി രൂപ നീക്കിവച്ചിരുന്നത് 4000 കോടി രൂപയായി കുറഞ്ഞിരിക്കുന്നു എന്നാണ്. ഗ്രാമീണ കുടിവെള്ള മേഖലയ്ക്ക് ഒരു മുൻഗണന കൊടുക്കണമെന്ന പ്രധാനപ്പെട്ട ആവശ്യം നിവേദനമായി കേന്ദ്ര ഗവൺമെന്റിന് ഇതിനോടകം സമർപ്പിച്ചുകഴിഞ്ഞു. രണ്ടാമത് അങ്ങ് പറഞ്ഞത് പി.ഡബ്ല്യു.ഡി.-യുമായി ബന്ധപ്പെട്ട വിഷയമാണ്. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയും ഞാനും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും കൂടി ഒരുവട്ടം ചർച്ച നടത്തിക്കഴിഞ്ഞു. ജോയിന്റ് ഇൻസ്പെക്ഷൻ നടത്തി റീസണബിളായി എസ്റ്റിമേറ്റ് തയ്യാറാക്കുന്ന തരത്തിൽ ഒരു നടപടിക്രമം ഞങ്ങൾ ആലോചിച്ച് നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. വി. ജോയി : സർ, ഈ കുടിവെള്ള പദ്ധതികളുടെ പ്രവർത്തനങ്ങളെല്ലാം വളരെ ഇഴഞ്ഞിഴഞ്ഞാണ് പോകുന്നത്. പലതും നാലും അഞ്ചും വർഷം കഴിഞ്ഞാലും പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. പല പ്രോജക്ടുകളിലും ജീവനക്കാരില്ലെന്ന പരാതി വ്യാപകമായി ഉയരുന്നുണ്ട്. ഇതിനൊരു പരിഹാരം കാണാൻ സർക്കാർ ശ്രമിക്കുമോ?

ശ്രീ. മാത്യു ടി. തോമസ് : സർ, ജീവനക്കാരില്ലാത്ത പ്രശ്നം പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുന്നതാണ്. പ്രോജക്ട് ഡിസൈൻ ചെയ്ത് എസ്റ്റിമേറ്റ് എടുത്ത് അനുമതി കിട്ടി ടെണ്ടർ വിളിച്ച് പല കരാറുകാരും പണി പൂർത്തീകരിക്കാതെ പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിനുശേഷം കോൺട്രാക്ടറുടെ റിസ്ക് ആന്റ് കോസ്റ്റിൽ റീ-ടെണ്ടർ നടത്തുക അങ്ങനെ കുറെ കാര്യങ്ങളുണ്ട്. പക്ഷേ ഈ പ്രശ്നം വളരെ ഗൗരവത്തോടെയാണ് സർക്കാർ കാണുന്നത്. കുടിവെള്ള പദ്ധതികൾ വേഗത്തിൽ പൂർത്തീകരിക്കാൻ ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

ശ്രീ. എം. വിൻസെന്റ് : സർ, കുടിവെള്ള പദ്ധതികൾ പുതിയതായി പലതും ആരംഭിക്കുന്നുണ്ട്. പക്ഷെ ഇപ്പോഴും പതിറ്റാണ്ടുകൾ പഴക്കമുള്ള ഡിസ്ട്രിബ്യൂഷൻ സിസ്റ്റമാണ് നിലനിൽക്കുന്നത്. അക്കാലത്ത് അതിനാവശ്യമായ തരത്തിലുള്ള പൈപ്പുലൈനുകളാണ് സ്ഥാപിച്ചത്. പക്ഷെ ഇന്നത്തെ ആവശ്യവുമായി അതിന് ഒരിക്കലും പൊരുത്തപ്പെട്ടുപോകാൻ സാധിക്കില്ല. അതുകൊണ്ട് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം മാറ്റാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. മാത്യു ടി. തോമസ് : സർ, പലയിടത്തും പല പ്രശ്നങ്ങളാണ്. ചിലയിടങ്ങളിൽ മതിയായ വിതരണ ശൃംഖലയില്ലെന്നതാണ് പ്രശ്നം, എന്നാൽ മറ്റു ചിലയിടങ്ങളിൽ വിതരണ ശൃംഖലയുണ്ട്, പക്ഷേ വെള്ളം വേണ്ടത്ര ശുദ്ധീകരിച്ചെടുക്കാൻ കഴിയുന്നില്ല. ഈ രണ്ടുവിഷയവും ഒരുമിപ്പിച്ച് കൂട്ടായിമാത്രമേ പരിഹരിച്ചെടുക്കാൻ സാധിക്കുകയുള്ളൂ. ജലത്തിന്റെ വിതരണ കാര്യങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും ജനപ്രതിനിധികളെയും കൂടുതൽ പങ്കാളികളാക്കുന്ന തരത്തിൽ എന്തുമാറ്റം ഉണ്ടാക്കാൻ കഴിയും എന്നുള്ളത് ഗവൺമെന്റ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീമതി സി. കെ. ആശ : സർ, ചേർത്തല മണ്ഡലത്തിലേക്ക് വൈക്കം മൂവാറ്റുപുഴയാറിൽനിന്നും കുടിവെള്ളം കൊണ്ടുപോകുന്ന ഒരു പദ്ധതിയാണ് ജപ്പാൻ കുടിവെള്ള പദ്ധതി. വൈക്കത്ത് മറവൻതുരുത്ത് പഞ്ചായത്തിൽ കൂടിയാണ് ജപ്പാൻ കുടിവെള്ള പദ്ധതിയുടെ പൈപ്പ് ലൈൻ കടന്നുപോകുന്നത്. കാര്യക്ഷമമല്ലാത്ത പ്രവർത്തനം കാരണം പൈപ്പ് ലൈൻ പൊട്ടി പഞ്ചായത്തിലെ റോഡുകളും വീടുകളും ഒലിച്ചുപോകുന്ന അവസ്ഥ നിരന്തരം ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഇതുസംബന്ധിച്ച് അന്വേഷണം നടത്തുമോ?

ശ്രീ. മാത്യു ടി. തോമസ് : സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് വളരെ ഗൗരവമുള്ള വിഷയമാണ്. ഇതുസംബന്ധിച്ച് അന്വേഷണം നടത്താനൊന്നുമില്ല. പൈപ്പ് ലൈൻ പൊട്ടിക്കൊണ്ടേയിരിക്കുകയാണ്. അവിടെ നാല് കിലോമീറ്റർ ദൂരത്തിൽ Glass Reinforcement Plastic (GRP) പൈപ്പുകളാണ് ഇട്ടത്. മറവൻതുരുത്ത് പഞ്ചായത്ത് ബഹുമാനപ്പെട്ട അംഗത്തിന്റെ പ്രദേശം കൂടിയാണ്. ജനങ്ങൾ വലിയ പ്രതിഷേധത്തിലാണ്. അവിടെ ജി.ആർ.പി. പൈപ്പുകൾ മാറ്റി എം.എസ്. പൈപ്പ് ഇട്ടെങ്കിൽ മാത്രമേ പ്രശ്നം പരിഹരിക്കാൻ സാധിക്കൂ. അതിനുള്ള പ്രൊപ്പോസൽ ഉണ്ട്. നാല് കിലോമീറ്റർ ദൂരത്തിൽ Glass Reinforcement Plastic (GRP) പൈപ്പുകളാണ് പൊട്ടിക്കൊണ്ടിരിക്കുന്നത്. അത് പൊട്ടാത്ത രൂപത്തിൽ, റോഡിന് തകരാറ് ഉണ്ടാകാത്ത തരത്തിൽ നാട്ടുകാരുടെ സഹകരണത്തോടുകൂടി എം.എൽ.എ. മുൻകൈ എടുത്താൽ ആ പ്രശ്നം പരിഹരിക്കാവുന്നതേയുള്ളൂ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, 1952-ൽ ആരംഭിച്ച ഒരു കുടിവെള്ള പദ്ധതിയാണ് കോട്ടയം മുനിസിപ്പാലിറ്റിയിലെ കുടിവെള്ള പദ്ധതി. അന്ന് ചെറിയ തോതിൽ തുടങ്ങിയതാണ്. അത് ഓപ്പൺ ചെയ്ത് കുറച്ചുകൂടി വിപുലമാക്കുന്നതിനുള്ള പദ്ധതികൾ ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. രണ്ട് പ്രശ്നങ്ങളുണ്ട്. ഒന്ന്, ഇവിടെ നടന്നുകൊണ്ടിരിക്കുന്ന പണിക്ക് പണം കൊടുക്കാതിരിക്കുന്നതുകൊണ്ട് പണി നിർത്തിവച്ച് കോൺട്രാക്ടർമാർ മടങ്ങുകയാണ്. അങ്ങയുടെ നാട്ടിൽ തന്നെയുള്ള ഒരു കോൺട്രാക്ടർ ആണ്. ഒന്നുകിൽ അദ്ദേഹത്തെ ഉപദേശിച്ച് ഈ പണി ചെയ്യാൻ പറയണം. അല്ലെങ്കിൽ അദ്ദേഹത്തിന് കൊടുക്കാനുള്ള പണം കൊടുത്ത് ഈ പണി ചെയ്യിക്കാനുള്ള ഏർപ്പാട് ചെയ്യണം. രണ്ട്, അവിടത്തെ പൈപ്പുകളെല്ലാം പൊട്ടുകയാണ്. പൈപ്പ് പൊട്ടുന്നതോടുകൂടി റോഡുകളെല്ലാം കുഴിബോംബ് വച്ചതുപോലെ നാമാവശേഷമാകുകയാണ്. ഭൂമിയ്ക്കടിയിലെ ബോംബായി ഈ പൈപ്പ് നിലനിൽക്കാതിരിക്കുന്നതിനുവേണ്ടി പൈപ്പ് റിപ്ലേസ് ചെയ്യുന്നതിനും നടത്തിക്കൊണ്ടിരിക്കുന്ന പണി തുടർന്നുകൊണ്ടുപോകുന്നതിനും തുക കൊടുക്കുന്നതിനും വേണ്ട അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ശ്രീ. മാത്യു ടി. തോമസ് : സർ, ബഹുമാനപ്പെട്ട അംഗം ഒരു മുൻ ജലവിഭവവകുപ്പുമന്ത്രി കൂടിയാണ്. ഈ ഗവൺമെന്റ് വന്ന് അധികാരമേറ്റെടുത്ത് ഒരു മാസത്തിനുള്ളിൽ വരുത്തിയ ഒരു കടമായി അങ്ങ് അത് വ്യാഖ്യാനിക്കുകയില്ല എന്നാണ് എന്റെ വിശ്വാസം. വലിയ തുക പല കരാറുകാർക്കും കൊടുക്കാനുണ്ട്. അത് കൊടുക്കാൻ ആവശ്യമായ പണം നമ്മുടെ കൈവശമില്ല. മാത്രവുമല്ല കേന്ദ്ര വിഹിതം ഗ്രാമീണ മേഖലയിൽ കുറഞ്ഞുകൊണ്ടിരിക്കുകയുമാണ്. എന്നാൽ പണമില്ലാത്തതിന്റെ പേരിൽ പദ്ധതികൾ തടസ്സപ്പെട്ടുപോകാതിരിക്കാൻവേണ്ട ശ്രദ്ധ കൊടുക്കാമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഉറപ്പുനൽകിയിട്ടുണ്ട്.

ശ്രീ. കെ. മുരളീധരൻ : സർ, ഇതരസംസ്ഥാന തൊഴിലാളികൾ എന്നതിനുപകരം അന്യസംസ്ഥാന തൊഴിലാളികൾ എന്നാണ് *64-ാമത്തെ ചോദ്യത്തിൽ കൊടുത്തിരിക്കുന്നത്.

മി. സ്പീക്കർ : പരിശോധിക്കാം.

## അന്യസംസ്ഥാന തൊഴിലാളികൾ

4(* 64) ശ്രീ. എൽദോ എബ്രഹാം :
ശ്രീ. സി. ദിവാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. മുഹമ്മദ് മുഹസിൻ. പി : താഴെകാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര അന്യസംസ്ഥാന തൊഴിലാളികളുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതര സംസ്ഥാന തൊഴിലാളികൾക്കായി ലേബർ ക്യാമ്പുകൾ നിർമ്മിച്ചു നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള നടപടികൾ ഏതുവരെയായി എന്ന് വെളിപ്പെടുത്തുമോ;

(സി) ലേബർ ക്യാമ്പുകളുടെ നിർമ്മാണത്തിനായി 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ എത്ര കോടി രൂപ വീതം വകയിരുത്തിയെന്നും ഈ തുക ചെലവഴിച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്നും വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്ത് ജോലി ചെയ്യുന്ന ഇതരസംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ പൂർത്തിയായിട്ടുണ്ടോ; ഏതെല്ലാം രീതിയിലാണ് ഇവരുടെ രജിസ്ട്രേഷൻ നടത്തി വരുന്നതെന്ന് വിശദമാക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ) : സർ,

(എ) കൃത്യമായ കണക്ക് ലഭ്യമല്ല. സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ 2013-ൽ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് ഏകദേശം 25 ലക്ഷത്തിലധികം ഇതര സംസ്ഥാന തൊഴിലാളികൾ ജോലി ചെയ്തുവരുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്.

(ബി) തൊഴിൽ വകുപ്പിന്റെ കീഴിലുള്ള "ഭവനം ഫൗണ്ടേഷൻ കേരള" ഇതരസംസ്ഥാന തൊഴിലാളികൾക്കായി നടപ്പിലാക്കിവരുന്ന ഭവന പദ്ധതികളിൽ ഒന്നാണ് അപ്ന-ഘർ പദ്ധതി. ഇതിന്റെ ആദ്യ സ്കീം പാലക്കാട് ജില്ലയിൽ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ആകെ ചെലവ് പ്രതീക്ഷിക്കുന്നത് 8 കോടി രൂപയാണ്. ഈ പദ്ധതിയുടെ നിർമ്മാണം 2016 ഒക്ടോബറോടുകൂടി പൂർത്തിയാക്കാൻ കഴിയും. 768 പേർക്ക് എല്ലാവിധ സൗകര്യങ്ങളുമുള്ള ഹോസ്റ്റലാണിത്. ഈ മാതൃകയിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് നഗരങ്ങളിലും ഇതര സംസ്ഥാന തൊഴിലാളികൾക്കുവേണ്ടി പാർപ്പിട സൗകര്യം നിർമ്മിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലാണ്.

(സി) 2013-14-ൽ ഈ പദ്ധതിക്കുവേണ്ടി 2.5 കോടി രൂപ ലഭിച്ചു. 2014-15-ൽ തുക അനുവദിച്ചിട്ടില്ല. എന്നാൽ 2015-2016-ൽ ഈ പദ്ധതിക്കുവേണ്ടി 4 കോടി രൂപ ലഭിച്ചു. അപ്ന-ഘർ പദ്ധതിക്ക് നാളിതുവരെ 3 കോടി രൂപയോളം ചെലവഴിച്ചിട്ടുണ്ട്.

(ഡി) ഇല്ല. കേരളത്തിലെ ഇതരസംസ്ഥാന തൊഴിലാളികളുടെ വിവര ശേഖരണവും ക്ഷേമ പ്രവർത്തനവും നടപ്പിലാക്കുന്നതിനുവേണ്ടി കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെ കീഴിൽ 2010 മാർച്ച് മുതൽ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി നടപ്പിലാക്കി വരുന്നു. 'ടി' പദ്ധതിയിൽ 30.04.2016 വരെ 53,136 തൊഴിലാളികൾ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവരുടെ രജിസ്ട്രേഷൻ ഉറപ്പുവരുത്തുന്നതിനും ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിനും ലക്ഷ്യമിട്ട് സമഗ്രമായ ഒരു പദ്ധതി ഈ സാമ്പത്തിക വർഷംതന്നെ നടപ്പിലാക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു.

<u>ശ്രീ. എൽദോ എബ്രഹാം</u> : സർ, ഇതരസംസ്ഥാന തൊഴിലാളികൾ കേരളത്തിന്റെ നിർമ്മാണ മേഖലയിലും കൃഷിയിടങ്ങളിലും നൽകിവരുന്ന സംഭാവനകൾ നിസ്തുലമാണ്. ഈ തൊഴിലാളികളുടെ ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിനും തിരിച്ചറിയൽ കാർഡ് നൽകുന്നതിനുമുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ?

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u> : സർ, ഈ ചോദ്യത്തിന്റെ ഉത്തരം എന്റെ ആദ്യത്തെ ഉത്തരത്തിൽ തന്നെ വ്യക്തമാക്കിയിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളുടെ സേവനം ഗൗരവമായി ഗവൺമെന്റ് കാണുകയാണ്. അവർക്ക് നിയമത്തിന്റെ പൂർണ്ണമായ പരിരക്ഷ നൽകുന്നതിനുള്ള നടപടികളിലേക്കാണ് ഗവൺമെന്റ് പോകുന്നത്. എല്ലാ തൊഴിലാളികളെയും ക്ഷേമപദ്ധതികളുടെ ഭാഗമാക്കി മാറ്റുന്നതിനുള്ള നിലപാടും സ്വീകരിക്കുന്നുണ്ട്.

<u>ശ്രീ. എൽദോ എബ്രഹാം</u> : സർ, കേരളത്തിൽ ഏറ്റവുമധികം ഇതര സംസ്ഥാന തൊഴിലാളികൾ ജോലി ചെയ്യുന്ന പ്രധാനപ്പെട്ട സ്ഥലങ്ങളിലൊന്നാണ് പെരുമ്പാവൂർ. പെരുമ്പാവൂരിലാണ് രാജ്യത്തെത്തന്നെ ഞെട്ടിച്ച ജിഷ വധക്കേസ് നടന്നത്. ക്രിമിനൽ സ്വഭാവമുള്ള ഒരുപാട് ആളുകൾ ഈ മേഖലയിൽ പണിയെടുക്കാൻ സംസ്ഥാനത്തേക്ക് കടന്നുവരുന്നുവെന്നുള്ളതും വളരെ ഗുരുതരമായ വിഷയമാണ്. ഇക്കാര്യത്തിൽ സർക്കാരിന്റെ ഭാഗത്തുനിന്നും അനുയോജ്യമായ എന്തു മുൻകരുതൽ നടപടിയാണ് സ്വീകരിക്കുന്നത്?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ : സർ, ഇതര സംസ്ഥാനങ്ങളിൽനിന്നും വരുന്നവരെല്ലാം ക്രിമിനൽ എന്ന നിലപാട് നമുക്കില്ല. ഏത് വിഭാഗത്തിൽ പ്പെട്ടവരായാലും കുറ്റവാളികൾ കുറ്റവാളികളാണ്. സംസ്ഥാനത്തുള്ളവരായാലും ഇതര സംസ്ഥാനത്തുള്ളവരായാലും കുറ്റകൃത്യങ്ങൾക്കെതിരെ ഒരേ നിലപാടാണ് ഗവൺമെന്റ് സ്വീകരിക്കുക. ഒറ്റപ്പെട്ട സംഭവങ്ങൾ ഉണ്ടാകാം. ആ ഒറ്റപ്പെട്ട സംഭവത്തിന്റെ അടിസ്ഥാനത്തിൽ ഒരു വിഭാഗത്തെ പൊതുവൽക്കരണം നടത്തുന്നത് ശരിയല്ല.

ശ്രീ. സി. ദിവാകരൻ : സർ, ഇതര സംസ്ഥാന തൊഴിലാളികളുടെ കൃത്യമായ കണക്കുകൾ സൂക്ഷിക്കാൻ വല്ല വഴിയുമുണ്ടോ? 25 ലക്ഷം പേരുണ്ടെന്ന് എനിക്ക് തന്ന മറുപടിയിൽ ഉണ്ട്. പക്ഷേ പേര് രജിസ്റ്റർ ചെയ്തിരിക്കുന്നത് 53000 പേരാണ്. ഇങ്ങനെ വ്യക്തമായ രേഖകൾ ഇല്ലാതെ വരുന്നത് നിർഭാഗ്യകരമല്ലേ. അതിന് രജിസ്റ്റർ മെയിന്റയിൻ ചെയ്യുകയോ എന്തെങ്കിലും നടപടി എടുക്കുകയോ ചെയ്യണം.

ശ്രീ. റ്റി. പി. രാമകൃഷ്ണൻ : സർ, നമ്മുടെ നാടിന്റെ പൊതുസ്ഥിതി വച്ചുകൊണ്ട് ജോലി ചെയ്യുന്നതിന് നിർബന്ധപൂർവ്വമായ രജിസ്ട്രേഷൻ നടപ്പിലാക്കാൻ സാധിക്കുകയില്ല. എത്ര തൊഴിലാളികൾ കേരളത്തിൽ വന്ന് ജോലി ചെയ്യുന്നുണ്ട്, എത്ര തൊഴിലാളികൾ വരികയും പോകുകയും ചെയ്യുന്നുണ്ട്. ഈ സ്ഥിതിയെല്ലാം കണക്കിലെടുക്കേണ്ടതുണ്ട്. ഗവൺമെന്റിന്റെ മുൻപിലുള്ള ഒരു രേഖ ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ടിന്റെ റിപ്പോർട്ടാണ്. ഇതിൽ കൃത്യമായ കണക്ക് രേഖപ്പെടുത്തുന്നില്ല. ട്രെയിനിൽ വന്ന് ഇറങ്ങുന്നവരുടെയും പോകുന്നവരുടെയും കണക്കുനോക്കിയിട്ടാണ് ഈ രേഖ തയ്യാറാക്കിയിരിക്കുന്നത്. ഇതിൽ പറയുന്നത്, സുമാർ 25 ലക്ഷം പേരാണ്. കൃത്യമായ കണക്കില്ല. കൃത്യമായ കണക്ക് ശേഖരിക്കുക എന്ന ലക്ഷ്യം വച്ചുകൊണ്ട് ഈ തൊഴിലാളികളെ ഒരു പ്രത്യേക ഇൻഷ്വറൻസ് സ്കീമിന്റെ പരിധിയിൽ കൊണ്ടുവന്ന് അവർക്ക് കാർഡ് നൽകുന്നതിനും രേഖ പൂർണ്ണമാക്കുന്നതിനും വേണ്ടിയുള്ള ശ്രമമാണ് ഗവൺമെന്റ് നടത്തിവരുന്നത്. ആ അർത്ഥത്തിൽ ഈ പദ്ധതി ഈ വർഷംതന്നെ നടപ്പിലാക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

# (2) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i)നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### സംയോജിത കന്നുകാലി വികസന പദ്ധതി

5 (*65) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. റോജി എം. ജോൺ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ ഗവൺമെന്റിന്റെ കാലത്ത് സംയോജിത കന്നുകാലി വികസന പദ്ധതി നടപ്പിലാക്കുവാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരുന്നതെന്ന് പരിശോധിച്ചുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഉണ്ടായിരുന്നത്;

(സി) ഇത് നടപ്പാക്കുന്നതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) പദ്ധതി നിർവ്വഹണത്തിൽ എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു) :

(എ) ഉണ്ട്. സംസ്ഥാനത്തെ ആഭ്യന്തര പാൽ, മുട്ട എന്നിവയുടെ ഉത്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ മൃഗസംരക്ഷണ മേഖലയിലെ കർഷകരെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്ത് 2011-12 കാലയളവിൽ സംസ്ഥാനത്ത് ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ഫോർ ലൈവ്ലിഹുഡ് സപ്പോർട്ട് (LDLS) എന്ന സംയോജിത കന്നുകാലി വികസന പദ്ധതി നടപ്പിലാക്കിയിരുന്നു.

(ബി) സംസ്ഥാനത്ത് 7740 കർഷകർക്ക് ഒരു ഗർഭിണി കിടാരി, രണ്ട് ആട്, പത്ത് കോഴി എന്നിവ 50 ശതമാനം സബ്സിഡിയിൽ വിതരണം ചെയ്തു ഈ പദ്ധതിയിൽ 20 കോടി രൂപ വിനിയോഗിക്കപ്പെട്ടു. 25000 രൂപയുടെ വീതം ആനുകൂല്യം ഓരോ ഗുണഭോക്താവിനും ലഭിച്ചു. എല്ലാ ജില്ലകളിലും പദ്ധതി നടപ്പിലാക്കി. ഇതിലൂടെ 308 ലക്ഷം ലിറ്റർ പാലും 136.8 ലക്ഷം മുട്ടയും സംസ്ഥാനത്ത് പ്രതിവർഷം അധികമായി ഉല്പാദിപ്പിക്കപ്പെടാൻ ഉദ്ദേശിച്ചാണ് പദ്ധതി ആവിഷ്കരിച്ചത്. 20 കോടി രൂപ ധനസഹായമായി നൽകിയ ഈ പദ്ധതിയിൽ 10 കോടി രൂപ കേന്ദ്ര ധനസഹായമായും 10 കോടി രൂപ സംസ്ഥാന പദ്ധതി വിഹിതത്തിൽ നിന്നുമാണ് വിനിയോഗിച്ചത്.

(സി) 2011-12 സാമ്പത്തിക വർഷം മൃഗസംരക്ഷണ വകുപ്പിന്റെ സംസ്ഥാന പദ്ധതിവിഹിതമായ 10 കോടി രൂപയും കേന്ദ്രസർക്കാരിന്റെ ഒറ്റത്തവണ അധിക കേന്ദ്രസഹായമായ 10 കോടി രൂപയും ലഭ്യമാക്കി പദ്ധതി നടപ്പിലാക്കി.

(ഡി) 7740 കർഷകർക്ക് ആനുകൂല്യം ലഭിച്ച ഈ പദ്ധതിയിലൂടെ 308 ലക്ഷം ലിറ്റർ പാലും 136.8 ലക്ഷം മുട്ടയും അധികമായി ഉല്പാദിപ്പിക്കപ്പെട്ടിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ട്.

## മദ്യനയം

6 (*66) ശ്രീ. എം. സ്വരാജ് :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ മദ്യനയം അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ അതിൽ ഗുരുതരമായ പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) മദ്യനയത്തിന്റെ പരിണിത ഫലമായി മയക്കുമരുന്നും കഞ്ചാവും വ്യാപകമായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് നിയന്ത്രിക്കാൻ എന്തു നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ;

(സി) സാമൂഹ്യവിപത്തായി മാറിയിട്ടുള്ള മദ്യത്തിന്റെ ഉപഭോഗം കുറയ്ക്കാൻ എന്തെല്ലാം തീരുമാനങ്ങൾ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ) :

(എ) കഴിഞ്ഞ സർക്കാരിന്റെ മദ്യനയം വിശദമായി അവലോകനം ചെയ്തുവരുന്നു. പ്രസ്തുത നയം യാഥാർത്ഥ്യബോധമില്ലാത്തതും പ്രായോഗികമായി പരാജയവുമായിരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിലുള്ള മദ്യനയം പ്രാവർത്തികമായതിനു ശേഷം സംസ്ഥാനത്ത് മയക്കുമരുന്നിന്റെയും കഞ്ചാവിന്റെയും ഉപയോഗവും വ്യാപനവും വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2013, 2014 വർഷങ്ങളിൽ യഥാക്രമം 793-ഉം 970-ഉം എൻ.ഡി.പി.എസ്. കേസ്സുകളാണ് എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്തത്. എന്നാൽ 2015 വർഷത്തിൽ മാത്രം 1430 എൻ.ഡി.പി.എസ്. കേസ്സുകളാണ് എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്തത്.

സംസ്ഥാനത്ത് മയക്കുമരുന്ന് വ്യാപനത്തിനെതിരെ എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും വ്യാപകമായ ബോധവത്ക്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നു. ലഹരിവസ്തുക്കൾ മൂലമുള്ള ആരോഗ്യ പ്രശ്നങ്ങളെ സംബന്ധിച്ച് പൊതുജനങ്ങളിൽ പ്രത്യേകിച്ച് യുവജനങ്ങൾക്കിടയിലും ബോധവത്ക്കരണം നടത്തുന്നതിന് വമ്പിച്ച ബോധവത്ക്കരണ പ്രവർത്തനങ്ങളാണ് സംസ്ഥാന തലത്തിൽ എക്സൈസ് വകുപ്പ് ആസൂത്രണം ചെയ്തു വരുന്നത്. കൂടാതെ നിലവിൽ മദ്യ, മയക്കുമരുന്ന് വ്യാപനം തടയുന്നതിനായി എക്സൈസ് ഷാഡോ സംവിധാനം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളിലൂടെ എൻഫോഴ്സ്മെന്റ് ശക്തമാക്കിയിട്ടുണ്ട്. എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിലുള്ള സ്ക്വാഡും കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. സമൂഹത്തിൽ വർദ്ധിച്ചുവരുന്ന എൻ.ഡി.പി.എസ്. കുറ്റകൃത്യങ്ങൾ തടയുന്നതിനോടൊപ്പംതന്നെ യുവതലമുറയെ മയക്കുമരുന്നിന്റെ നീരാളിപ്പിടുത്തത്തിൽനിന്ന് രക്ഷപ്പെടുത്തുവാനും ഇത്തരം നടപടികളിലൂടെ ലക്ഷ്യമിടുന്നു.

(സി) കേരളത്തിൽ വർദ്ധിച്ചുവരുന്ന മദ്യാസക്തിയും അതിൽനിന്നും ഉടലെടുക്കുന്ന ആരോഗ്യ-സാമൂഹ്യപ്രശ്നങ്ങളും സർക്കാർ വളരെ ഗൗരവത്തോടെയാണ് വീക്ഷിക്കുന്നത്. മദ്യം/ലഹരി വസ്തുക്കൾക്കെതിരെ ശക്തമായ ബോധവത്ക്കരണ പ്രവർത്തനങ്ങളിലൂടെ മദ്യവർജ്ജനത്തിലൂന്നിയുള്ള ഒരു മദ്യനയമാണ് ലക്ഷ്യമിടുന്നത്. മദ്യപാനത്തെ ഉദാത്തവൽക്കരിക്കുന്ന സാമൂഹ്യശീലങ്ങളിൽനിന്നും മുഴുവൻ ജനങ്ങളെയും ബോധവത്ക്കരണ പ്രവർത്തനങ്ങളിലൂടെ മദ്യവിമുക്തമാക്കുകയാണ് ലക്ഷ്യം. ഇതിനായി ബോധവത്ക്കരണ പ്രവർത്തനം ഒരു ജനകീയ പ്രസ്ഥാനമായി വളർത്തിയെടുക്കുവാനും ലക്ഷ്യമിടുന്നുണ്ട്.

## മഴവെള്ള സംഭരണത്തിനും മഴക്കാലക്കെടുതികൾ നിയന്ത്രിക്കുന്നതിനും നടപടികൾ

7 (*67) ശ്രീ. പി. കെ.അബ്ദു റബ്ബ് :
ശ്രീ. റ്റി. എ. അഹമ്മദ് കബീർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൺസൂൺകാലത്ത് ലഭ്യമാകുന്ന മഴവെള്ളം പരമാവധി സംഭരിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ വിശദമാക്കുമോ;

(ബി) ഇക്കാലത്തുണ്ടാകാവുന്ന വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിനും ജനജീവിതത്തിന് തടസ്സമുണ്ടാകാതിരിക്കുന്നതിനും എന്തൊക്കെ മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇക്കാര്യത്തിനായി വയലേലകൾ, ചതുപ്പുകളുൾപ്പെടെയുള്ള തണ്ണീർത്തടങ്ങൾ എന്നിവയെ സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്) :

(എ) മഴവെള്ള സംഭരണം ജനകീയമാക്കുന്നതിനും വേനൽക്കാലത്തെ രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്നതിനുമായി കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെ കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന മഴവെള്ള സംഭരണ പദ്ധതിയാണ് 'വർഷ' പദ്ധതി. ഒരു ഭവനത്തിന് 5000 ലിറ്റർ എന്ന നിലയിൽ രണ്ട് ഭവനത്തിലേക്ക് 10,000 ലിറ്റർ ശേഷിയുള്ള സംഭരണിയാണ് നിലവിൽ കേരള വാട്ടർ അതോറിറ്റി നിർമ്മിച്ചുവരുന്നത്. പദ്ധതി ചെലവിന്റെ 90 ശതമാനം കേന്ദ്രസഹായവും 10 ശതമാനം ഉപഭോക്തൃ വിഹിതവുമായിരുന്നു. എന്നാൽ 1-4-2015 മുതൽ കേന്ദ്രവിഹിതം 60 ശതമാനമായി കുറച്ചിട്ടുണ്ട്. എൻ.ജി.ഒ. (നോൺ ഗവൺമെന്റ് ഓർഗനൈസേഷൻ) മുഖേനയാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. കേരള വാട്ടർ അതോറിറ്റി 2002 മുതൽ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി എന്നീ ജില്ലകളിലായി 5748 യൂണിറ്റുകളുടെ പണികൾ പൂർത്തിയാക്കിയിട്ടുണ്ട്. ജലനിധിയുടെ ഭാഗമായ മഴകേന്ദ്രം, മഴവെള്ളം പരമാവധി സംഭരിച്ച് കുടിവെള്ളമാക്കി പ്രയോജനപ്പെടുത്തുന്നതിന് വീടുകളിൽ മഴവെള്ള സംഭരണികൾ സബ്സിഡി നിരക്കിൽ നിർമ്മിച്ചുവരുന്നു. ലളിതമായ ഫെറോസിമെന്റ് സാങ്കേതികവിദ്യ ഉപയോഗിച്ച് രൂപപ്പെടുത്തുന്ന ടാങ്കുകളാണ് കൂടുതലായും നിർമ്മിച്ചുവരുന്നത്. മേൽക്കൂരയിൽ വീഴുന്ന മഴവെള്ളം പ്ലാസ്റ്റിക് പാത്തി, പൈപ്പുകൾ എന്നിവ ഉപയോഗിച്ച് അരിച്ച് സംഭരണികളിൽ ശേഖരിക്കുന്നു. ഇപ്രകാരം ശേഖരിക്കുന്ന മഴവെള്ളം വേനൽക്കാലത്ത് കുടിക്കുന്നതിനും മറ്റ് ആവശ്യങ്ങൾക്കുമായി ഉപയോഗിക്കുന്നു.

മഴവെള്ള സംഭരണികളിൽ നിന്നും നിറഞ്ഞുകവിഞ്ഞൊഴുകുന്ന മഴവെള്ളം തൊട്ടടുത്തുള്ള കിണറുകളിലേക്കോ റീചാർജ്ജ് പിറ്റിലേക്കോ കടത്തിവിട്ട് ഭൂജല സമ്പത്ത് വർദ്ധിപ്പിക്കുന്നു. പദ്ധതിക്കായി തെരഞ്ഞെടുക്കപ്പെടുന്ന ഗ്രാമപഞ്ചായത്തുകളിലെ കുടുംബങ്ങൾക്ക് സബ്സിഡി നിരക്കിൽ മഴവെള്ള സംഭരണികൾ നിർമ്മിച്ചുനൽകുന്നതിലൂടെ അവരുടെ കുടിവെള്ള ക്ഷാമത്തിന് ഒരു പരിധിവരെ പരിഹാരം കാണുന്നതിന് സാധിക്കുന്നു. ചെക്ക് ഡാം നിർമ്മിക്കുന്നതുവഴിയും കുളങ്ങളുടെ പുനരുദ്ധാരണം വഴിയും ജലസേചന വകുപ്പ് മഴവെള്ള സംഭരണം പ്രാവർത്തികമാക്കുന്നുണ്ട്.

(ബി&സി) ഇക്കാലത്തുണ്ടാകാവുന്ന വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിനായി വരൾച്ചാ ദുരിതാശ്വാസത്തിനായി നിർമ്മിച്ചിട്ടുള്ള താൽക്കാലിക തടയണകൾ ഇളക്കിമാറ്റിയും നദിയിലുള്ള ചെക്ക് ഡാമുകൾ/റെഗുലേറ്ററുകൾ എന്നിവയിലൂടെ ഷട്ടർ ഉയർത്തിയും വെള്ളം ഒഴുകിപ്പോകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി മുൻകരുതലുകൾ എടുത്തിട്ടുണ്ട്.

## ക്യാമ്പസ്സുകളെ പുകയില-ലഹരി വിമുക്തമാക്കാൻ നടപടി

8 (*68) ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്യാമ്പസുകളെ പുകയില - ലഹരി വിമുക്തമാക്കുവാനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) വിദ്യാർത്ഥികളിൽ പുകയില - ലഹരി വിരുദ്ധ അവബോധം വളർത്തുന്നതോടൊപ്പം വിപണന ശൃംഖല കൂടി ഇല്ലാതാക്കുവാൻ ശക്തമായ നടപടിയെടുക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ) :

(എ) മദ്യവർജ്ജന പ്രവർത്തനങ്ങളും മയക്കമരുന്ന് വിരുദ്ധ പ്രവർത്തനങ്ങളും ശക്തിപ്പെടുത്തുന്നതിന് സംസ്ഥാനതലത്തിൽ ബോധവത്ക്കരണ മിഷന് രൂപം നൽകുന്നതാണ്. സ്റ്റുഡന്റ് പോലീസ് കേഡറ്റ്, സ്കൂളുകളിലേയും കോളേജുകളിലേയും ലഹരിവിരുദ്ധ ക്ലബ്ബുകൾ, എൻ.എസ്.എസ്., കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതികളടക്കമുള്ള സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി-യുവജന സംഘടനകൾ എന്നിവരെ സഹകരിപ്പിച്ച് ലഹരിവിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് ബോധവത്കരണ മിഷൻ രൂപീകരിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. ഇതുകൂടാതെ ക്യാമ്പസ്സുകളെ ലഹരി വിമുക്തമാക്കുന്നതിന് സർക്കാർ വിപുലവും വൈവിദ്ധ്യവുമായ ബോധവൽക്കരണ പരിപാടികളാണ് നടപ്പിലാക്കി വരുന്നത്. വിദ്യാർത്ഥികളിലും യുവജനങ്ങളിലുമുള്ള മദ്യാസക്തിയെ എക്സൈസ് വകുപ്പ് വളരെ ഗൗരവപൂർവ്വമാണ് പരിഗണിക്കുന്നത്. മയക്കമരുന്നിന്റെയും മറ്റ് ലഹരി വസ്തുക്കളുടെയും ദൂഷ്യവശങ്ങളെക്കുറിച്ച് വിദ്യാർത്ഥികളെയും യുവാക്കളെയും പൊതുജനങ്ങളെയും ബോധവാൻമാരാക്കാൻ സ്കൂൾ-കോളേജുകൾ കേന്ദ്രീകരിച്ച് ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് ബോധവൽക്കരണപ്രവർത്തനങ്ങൾ നടത്തിവരുന്നു.

സ്കൂൾ തലത്തിൽ 1735 ലഹരിവിരുദ്ധ ക്ലബ്ബുകളും കോളേജ് തലത്തിൽ 261 ലഹരിവിരുദ്ധ ക്ലബ്ബുകളും രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ക്ലബ്ബുകളുടെ നേതൃത്വത്തിൽ സെമിനാർ, ലഹരി വിരുദ്ധ ബോധവത്കരണ ക്ലാസ്സ്, ലഹരിവിരുദ്ധ ബോധവൽക്കരണ സ്റ്റാളുകൾ, ഘോഷയാത്ര, കൂട്ടയോട്ടം, ഉപന്യാസ മത്സരം, പ്രസംഗമത്സരം, ഡോക്യുമെന്ററി പ്രദർശനം, ലഹരിവിരുദ്ധ ആശയങ്ങൾ അടങ്ങിയ ക്വിസ് പ്രോഗ്രാം എന്നിവ നടത്തിവരുന്നു. എല്ലാ സ്കൂളുകളിലും കോളേജുകളിലും ഇത്തരത്തിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നുണ്ട്. വിദ്യാർത്ഥികൾക്കിടയിൽ സ്കൂൾ തലങ്ങളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റുമായും കോളേജ് തലത്തിൽ നാഷണൽ സർവ്വീസ് സ്കീമുമായും സഹകരിച്ച് ലഹരിവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. ലഹരിവിരുദ്ധ ആശയങ്ങൾ സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി എസ്.സി.ഇ.ആർ.ടി.-യുടെ ശിപാർശപ്രകാരം സ്കൂൾ കരിക്കുലം കമ്മിറ്റി തീരുമാനം അനുസരിച്ച് 7, 8 ക്ലാസ്സുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. വരുന്ന അദ്ധ്യയന വർഷത്തിൽ 9,10 ക്ലാസ്സുകളിലും ലഹരിവിരുദ്ധ ആശയങ്ങൾ സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും ഹയർ സെക്കണ്ടറി ഫസ്റ്റ് ഇയർ ഹോം സയൻസിലും ലഹരിവിരുദ്ധ ആശയങ്ങൾ ഉൾപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ലഹരിപദാർത്ഥങ്ങളുടെ ഉല്പാദനം, വിപണനം, ഉപഭോഗം എന്നിവ സംബന്ധിച്ച വിവരം വിദ്യാർത്ഥികൾക്ക് പേരോ മറ്റ് വിശദാംശങ്ങളോ വെളിപ്പെടുത്താതെ ബന്ധപ്പെട്ട അധികാരികളെ അറിയിക്കുന്നതിനുവേണ്ടി സ്കൂളുകളിൽ വിവരശേഖരണപ്പെട്ടി 'ശ്രദ്ധ' 'SRADA' (Students, Response Against Drug & Alcohol) എന്ന പേരിൽ സ്ഥാപിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. ലഹരിവിരുദ്ധ സന്ദേശം സ്കൂൾ കോളേജ് വിദ്യാർത്ഥികളിൽ എത്തിക്കുന്നതിന് അദ്ധ്യാപകർക്കുവേണ്ടി 'അതിജീവനം' (Survival) എന്ന കൈപ്പുസ്തകം വിദ്യാഭ്യാസവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന എസ്.സി.ഇ.ആർ.ടി.-യിലൂടെ തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്.

(ബി) മദ്യ-ലഹരിവസ്തുക്കൾക്കെതിരെ വൈവിധ്യമാർന്ന ബോധവൽക്കരണ പ്രവർത്തനത്തോടൊപ്പം ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനവും നടത്തി സ്കൂളുകളിലും പരിസരപ്രദേശങ്ങളിലുമുള്ള മദ്യത്തിന്റെയും ലഹരി വസ്തുക്കളുടെയും ഉപഭോഗവും വിപണനവും പൂർണ്ണമായി ഇല്ലാതാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ഗോത്രവർഗ്ഗ സംസ്കാരം നിലനിർത്തുന്നതിന് നടപടി

9 (*69) ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രാക്തന-ഗോത്രവർഗ്ഗ വിഭാഗങ്ങളുടെയും മറ്റു പിന്നാക്ക ജനവിഭാഗങ്ങളുടെയും പ്രാചീന കലാരൂപങ്ങളും ആചാരങ്ങളും അന്യം നിന്നുകൊണ്ടിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) മുൻ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ആരംഭിച്ച "ഗദ്ദിക" പോലുള്ള പരിപാടികൾ കൂടുതൽ മെച്ചപ്പെട്ട നിലയിൽ സംഘടിപ്പിക്കുവാൻ തയ്യാറാകുമോ; വിശദമാക്കുമോ;

(സി) അന്യം നിന്നുപോകുന്ന "ഭാഷയും-കലാരൂപങ്ങളും" അടയാളപ്പെടുത്തി വയ്ക്കുന്നതിനും അവയെക്കുറിച്ച് പഠിക്കുന്നതിനും പദ്ധതി തയ്യാറാക്കുമോ; എങ്കിൽ വിശദമാക്കുമോ;

(ഡി) പ്രാക്തന-ഗോത്രവർഗ്ഗങ്ങൾക്കിടയിൽ നിലനിൽക്കുന്ന ഭാഷയും സംസ്കാരവും സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ പ്രത്യേക ദുർബല/പ്രാക്തന-ഗോത്രവിഭാഗങ്ങളുടെയും മറ്റ് പിന്നോക്ക ജനവിഭാഗങ്ങളുടെയും പാരമ്പര്യ കലാരൂപങ്ങളും ആചാരങ്ങളും അന്യംനിന്നുകൊണ്ടിരിക്കുകയാണ്. മുൻ തലമുറയിൽനിന്നും സമുദായത്തിലെ പ്രായമായവരിൽനിന്നും പാരമ്പര്യ കലാരൂപങ്ങളും ആചാരങ്ങളും മുഴുവനായും പകർന്ന് കിട്ടാത്തതിനാലും പുതിയ തലമുറയിലുള്ളവർക്ക് മറ്റ് വിഭാഗങ്ങളുമായുള്ള ഇടപെടലുകൾകൊണ്ട് അവയോട് മതിപ്പ് കുറഞ്ഞതിനാലും തൊഴിൽപരവും വിദ്യാഭ്യാസസമ്പാദനവും മറ്റുമായി സമുദായാംഗങ്ങൾ തമ്മിൽ മുൻകാലങ്ങളിലുണ്ടായിരുന്ന കൂട്ടായ്മയും ഒത്തുചേരലും കുറഞ്ഞതിനാലും മറ്റുമാണ് പാരമ്പര്യ കലാരൂപങ്ങളും ആചാരങ്ങളും അന്യംനിന്നുപോകുന്നത്. എന്നാൽ കിർത്താഡ്സിന്റെ ആദികലാകേന്ദ്രത്തിന്റെ ഭാഗമായി അന്യംനിന്നുപോകുന്ന ഗോത്രകലാരൂപങ്ങളെയും കരകൗശല വൈദഗ്ദ്ധ്യങ്ങളെയും സംരക്ഷിക്കുവാനും പരിപോഷിപ്പിക്കുവാനും ഗൗരവമായ നടപടികൾ കഴിഞ്ഞ കുറെ വർഷങ്ങളായി എടുത്തുവരുന്നുണ്ട്.

(ബി) മുൻ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ആരംഭിച്ച "ഗദ്ദിക" നാടൻകലാമേള, പ്രദർശന വിപണനമേള എല്ലാ വർഷവും സംസ്ഥാനത്തെ തെരഞ്ഞെടുത്ത രണ്ട് ജില്ലകളിൽ ആധുനികരീതിയിൽ സംഘടിപ്പിച്ചുവരികയാണ്. ഈ പരിപാടിയിൽ പട്ടികവർഗ്ഗക്കാർ സൊസൈറ്റികളായോ കൂട്ടസംരംഭങ്ങളായോ തുടങ്ങിയിട്ടുള്ള സ്ഥാപനങ്ങളിലെ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും അവ വിറ്റഴിക്കുന്നതിനും പുതിയ വിപണികൾ കണ്ടെത്തുന്നതിനും വംശീയ വൈദ്യം, വംശീയ ഭക്ഷണം, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ നാടൻ കലാരൂപങ്ങൾ തുടങ്ങിയവ പുതുതലമുറയ്ക്കും പൊതുസമൂഹത്തിനും പരിചയപ്പെടുത്തി കൊടുക്കുന്നതിനുമാണ് "ഗദ്ദിക" സംഘടിപ്പിച്ചുവരുന്നത്. ഈ സാമ്പത്തിക വർഷം സംസ്ഥാനത്തെ രണ്ട് ജില്ലകളിൽ നാടൻ കലാമേളയും പ്രദർശന വിപണനമേളയും കൂടുതൽ മെച്ചപ്പെട്ട രീതിയിൽ സംഘടിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) പട്ടികജാതി-പട്ടികവർഗ്ഗ കലാരൂപങ്ങളെ സംരക്ഷിക്കുന്നതിനും നിലനിർത്തുന്നതിനുമായി എല്ലാ വർഷവും പല പേരുകളിലായി നാടൻ കലാമേളകൾ സംഘടിപ്പിക്കാറുണ്ട്. പട്ടികവർഗ്ഗ കലാകാരന്മാരുടെയും കരകൗശല വിദഗ്ദ്ധരുടെയും പേരുവിവരസൂചിക അവരെ മറ്റാളുകൾക്ക് പരിചയപ്പെടുത്തുന്നതിനായി കിർത്താഡ്സ് മുഖേന തയ്യാറാക്കിയിട്ടുണ്ട്. അന്യംനിന്നുപോകുന്ന പട്ടികവർഗ്ഗ വിഭാഗക്കാരുടെ തനത് നൃത്തരൂപങ്ങളായ കാസർഗോഡ് ജില്ലയിലെ കൊറഗ സമുദായക്കാരുടെ തനത് നൃത്തം, വയനാട് ജില്ലയിലെ പണിയൻ സമുദായക്കാരുടെ നൃത്തരൂപമായ കമ്പളക്കളി, വട്ടക്കളി, ഇടുക്കി ജില്ലയിലെ ഊരാളി സമുദായങ്ങളുടെ പരമ്പരാഗത നൃത്തമായ ഊരാളിക്കൂത്ത് (ആട്ടവും പാട്ടും) പ്രത്യേക ദുർബ്ബല ഗോത്രവിഭാഗമായ കാട്ടുനായ്ക്കരുടെ പരമ്പരാഗത നൃത്തകലാരൂപങ്ങളായ കോലാട്ടെ, തോട്ടിയാട്ടെ, സൊദോദ്ധിമി എന്നീ നൃത്തരൂപങ്ങളുടെ 15 ദിവസം നീണ്ടുനിൽക്കുന്ന പഠനക്കളരി കാർത്താഡ്സിൽ സംഘടിപ്പിച്ചിട്ടുണ്ട്.

56-ാമത് സംസ്ഥാന സ്കൂൾ യുവജനോത്സവത്തിൽ വയനാട് ജില്ലയിലെ പണിയനൃത്തം, കാസർഗോഡ് ജില്ലയിലെ മംഗലംകളി, ഇടുക്കി ജില്ലയിലെ ആട്ടം, പളിയ സമുദായക്കാരുടെ പളിയനൃത്തം, പാലക്കാട് ജില്ലയിലെ ഇരുള സമുദായക്കാരുടെ ഇരുളനൃത്തം എന്നീ കലാരൂപങ്ങൾ ആദ്യമായി പ്രദർശന ഇനമായി തിരുവനന്തപുരം ജില്ലയിലെ ഗാന്ധിപാർക്കിൽ സംഘടിപ്പിച്ചിരുന്നു. വരുംവർഷങ്ങളിൽ ഇത്തരം കലാരൂപങ്ങൾ മത്സരഇനങ്ങളിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ എടുത്തുവരുന്നുണ്ട്. അന്യംനിന്നുപോകുന്ന ഗോത്രവർഗ്ഗ ഭാഷകളെ സംരക്ഷിക്കുന്നതിനായി കിർത്താഡ്സ് വഴി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

അതിൻപ്രകാരം കേരളത്തിലെ നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന ഭാഷകളെക്കുറിച്ച് പഠിക്കുകയും അവയെ സംരക്ഷിക്കുന്നതിന് സ്വീകരിക്കാവുന്ന നടപടികളെക്കുറിച്ച് വയനാട്ടിലെ പട്ടികവർഗ്ഗ സമുദായമായ പണിയൻ സമുദായത്തിന്റെ ഭാഷയ്ക്കുവേണ്ടി രൂപീകരിച്ച ലിപിയും ഉൾപ്പെടുത്തിക്കൊണ്ടുള്ള സമഗ്രമായ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഇതിനുപുറമെ ഏതാനും പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഭാഷയിൽ നിഘണ്ടു, പാഠാവലി, പഠനസഹായി എന്നിവ തയ്യാറാക്കുകയും ചെയ്തു കൊണ്ടിരിക്കുന്നു. കൂടാതെ "പട്ടികവർഗ്ഗഭാഷയും വായ്മൊഴി ശേഖരണവും" എന്ന പദ്ധതിയും തുടങ്ങിയിട്ടുണ്ട്.

(ഡി) സ്വീകരിച്ചു വരുന്നു.

**ആദിവാസികളുടെ പാർപ്പിട പ്രശ്നങ്ങൾ**

10 (*70) ശ്രീ. കെ. എം. ഷാജി :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികളുടെ പാർപ്പിട പ്രശ്നപരിഹാരത്തിന് നിലവിലുള്ള പദ്ധതികളെ സംബന്ധിച്ച വിശദവിവരം നൽകാമോ;

(ബി) ഈ പദ്ധതികൾ പ്രകാരമുള്ള തുക വിതരണം ചെയ്യുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണമെന്താണെന്ന് വിശദമാക്കാമോ;

(സി) ഇനിയും പാർപ്പിട സൗകര്യം ലഭ്യമായിട്ടില്ലാത്ത ആദിവാസി കുടുംബങ്ങളുടെ വിവരശേഖരണം നടത്തിയിട്ടുണ്ടോ; ഇതു സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) :

(എ) ആദിവാസികളുടെ പാർപ്പിടപ്രശ്ന പരിഹാരത്തിനായി സംസ്ഥാനത്തെ ഭവനരഹിതരായ മുഴുവൻ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും വീടുകൾ അനുവദിക്കുന്നതിന് സമ്പൂർണ്ണ ഭവനനിർമ്മാണ പദ്ധതി പ്രഖ്യാപിച്ചിരുന്നു. അതിൻപ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പുമുഖേന നടപ്പിലാക്കുന്ന ജനറൽ

ഹൗസിംഗ് സ്കീം, ഹഡ്കോ ഭവനനിർമ്മാണ പദ്ധതി, എ.ടി.എസ്.പി. ഭവന നിർമ്മാണ പദ്ധതി എന്നീ പദ്ധതികൾ മുഖേനയും ഗ്രാമവികസന വകുപ്പിന്റെ ഐ.എ.വൈ. പദ്ധതിപ്രകാരവും വീടുകൾ അനുവദിച്ചുവരുന്നു. വീട് അനുവദിച്ച് ആറ് വർഷം പൂർത്തിയായവയ്ക്ക് അറ്റകുറ്റപ്പണികൾ, നവീനപ്രവർത്തനങ്ങൾ എന്നിവയ്ക്കായി ഒരു ലക്ഷം രൂപ അനുവദിക്കുന്നുണ്ട്. കൂടാതെ 12 വർഷങ്ങൾക്കുമുമ്പ് വീട് അനുവദിച്ചതും, കാലപ്പഴക്കംകൊണ്ട് പുനരുദ്ധരിച്ച് ഉപയോഗിക്കാൻ കഴിയാത്തതുമായ വീടുകൾക്ക് പകരം മുൻഗണനാക്രമത്തിൽ പുതിയ വീടുകൾ അനുവദിച്ചുവരുന്നു.

(ബി) ഭവനനിർമ്മാണത്തിനായി വിവിധ ശീർഷകങ്ങളിൽ അനുവദിച്ച തുക യഥാസമയം വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ ഐ.എ.വൈ. പദ്ധതിയിൽ 2014-15, 2015-16 വർഷങ്ങളിൽ അനുവദിച്ച 18674 വീടുകൾക്ക് സർക്കാർ നൽകേണ്ട തുക വിതരണം ചെയ്തിട്ടില്ല.

(സി) ഉണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

## പുനർജനി - 2030 പദ്ധതി

11 (*71) ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'പുനർജനി-2030' എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതിയുടെ നടത്തിപ്പിനായി എപ്പോഴെങ്കിലും മദ്യത്തിന് സെസ് ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിലൂടെ ഇതുവരെ എത്ര തുക സമാഹരിച്ചു എന്നും എത്ര തുക ചെലവഴിച്ചു എന്നും വ്യക്തമാക്കുമോ;

(സി) ഈ പദ്ധതിയിൽ ഉൾപ്പെടുത്തി തൊഴിൽ നഷ്ടപ്പെട്ട ബാർ തൊഴിലാളികൾക്ക് ധനസഹായം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം സഹായങ്ങളാണ് നൽകിയതെന്ന് വെളിപ്പെടുത്തുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ) :

(എ) ജി.ഒ. (എംഎസ്.) നമ്പർ.174/14/നി.വ തീയതി 14-10-2014-ലെ ഉത്തരവ് പ്രകാരം 'പുനർജനി-2030" എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. 2014-15 വർഷത്തെ മദ്യനയത്തിന്റെ ഭാഗമായി ബാറുകൾ നിർത്തലാക്കുന്നതുമൂലം തൊഴിൽ നഷ്ടപ്പെടുന്ന തൊഴിലാളികളുടെയും മദ്യാസക്തിക്ക് അടിമപ്പെട്ടവരെയും പുനരധിവസിപ്പിക്കുക എന്നതാണ് "പുനർജനി-2030" എന്ന പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(ബി) പുനർജനി-2030 എന്ന പദ്ധതിയുടെ നടത്തിപ്പിനായി മദ്യത്തിന് സെസ്സ് ഏർപ്പെടുത്തിയിട്ടുണ്ട്. 2014 ഒക്ടോബർ മുതൽ ഈ പദ്ധതിയുടെ നടത്തിപ്പിനായി മദ്യത്തിന്റെ വിൽപ്പന നികുതിയിന്മേൽ അഞ്ചുശതമാനം പുനരധിവാസ സെസ്സ് സർക്കാർ ചുമത്തിയിട്ടുണ്ട്. ഇപ്രകാരം 2014 ഒക്ടോബർ മാസം വരെയുള്ള കാലയളവിൽ ബിവറേജസ് കോർപ്പറേഷൻ 472.5 കോടി രൂപ പുനരധിവാസ സെസ്സ് ഇനത്തിൽ സമാഹരിച്ചിട്ടുണ്ട്. ഇതിൽ കോർപ്പറേഷൻ ചെലവഴിച്ച ആകെ തുക 11,26, 55,000 രൂപയാണ്.

(സി) 4-9-2014-ലെ ജി.ഒ. (ആർറ്റി.) നമ്പർ 723/14/നി.വ. നമ്പർ ഉത്തരവ് പ്രകാരം 5851 തൊഴിലാളികൾക്ക് 5000 രൂപ വീതം ആകെ 2,92,55,000 രൂപ ഇടക്കാല ആശ്വാസമായും 20-12-2014-ലെ ജി.ഒ (എംഎസ്.)206/14/നി.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 5809 തൊഴിലാളികൾക്ക് 10,000 രൂപ വീതം ആകെ 5,80,90,000 രൂപ താൽക്കാലിക സമാശ്വാസമായും തൊഴിൽ നഷ്ടപ്പെട്ടതുമൂലം ആത്മഹത്യ ചെയ്ത മൂന്ന് തൊഴിലാളികളുടെ ആശ്രിതർക്ക് 2,00,000 രൂപ വീതം ആകെ 6,00,000 രൂപയും പുനർജ്ജനി-2030 എന്ന പദ്ധതിയിൽ സമാഹരിച്ച തുകയിൽനിന്നും വിതരണം ചെയ്തിട്ടുണ്ട്.

**പട്ടികവർഗ്ഗ കോളനി വികസന പദ്ധതി**

12 (*72) ശ്രീ. പി. കെ. ശശി :
ശ്രീ. എം. എം. മണി :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ കോളനി വികസന പദ്ധതിയെന്ന പേരിൽ മുൻസർക്കാർ നടപ്പാക്കിയ പദ്ധതി അവലോകനം ചെയ്തിരുന്നോ ;

(ബി) പട്ടികവർഗ്ഗക്കാരുടെ വീട് വാസയോഗ്യമാക്കാൻ നടപടിയെടുക്കാതെ മുറ്റവും റോഡും തറയോട്ട പാകിയ വികസന സമീപനത്തോടുള്ള നിലപാട് അറിയിക്കാമോ;

(സി) പദ്ധതിയിലെ പാഴ്ചെലവിനെ കുറിച്ചും അഴിമതിയെക്കുറിച്ചും സമഗ്രാന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടിയെടുക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) :

(എ) പദ്ധതി അവലോകനം ചെയ്തിട്ടുണ്ട്.

(ബി) 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ എ.ടി.എസ്.പി. പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് പട്ടികവർഗ്ഗകോളനി വികസന പദ്ധതി നടപ്പിലാക്കിയത്. പദ്ധതിപ്രകാരം പട്ടികവർഗ്ഗക്കാരുടെ പ്രത്യേക സാമൂഹിക സാമ്പത്തിക വികസനത്തെ കേന്ദ്രീകരിച്ച് തെരഞ്ഞെടുക്കപ്പെട്ട പട്ടികവർഗ്ഗ സങ്കേതങ്ങളിൽ കുടിവെള്ളം, വൈദ്യുതി, നടപ്പാതകൾ, നടപ്പാലങ്ങൾ, കമ്മ്യൂണിറ്റി സെന്ററുകൾ, അംഗൻവാടി, റോഡുകൾ, വീടുകളുടെ നിർമ്മാണം/അറ്റകുറ്റപ്പണികൾ മുതലായ അടിസ്ഥാന സൗകര്യവികസന പദ്ധതികൾ ഉൾപ്പെടുത്തിയാണിത് നടപ്പിലാക്കുന്നത്. 2014-15-ൽ വിവിധ ജില്ലകളിലെ തെരഞ്ഞെടുത്ത 134 പട്ടികവർഗ്ഗ കോളനികളിലാണ് ഈ പ്രവൃത്തി നടപ്പിലാക്കിയത്. ഇതിനായി 135.75 കോടി രൂപ അനുവദിച്ചിരുന്നു. കളക്ടർ ചെയർമാനായ ജില്ലാതല വർക്കിംഗ് ഗ്രൂപ്പ് അംഗീകരിച്ചാണ് ഈ പദ്ധതികൾ നടപ്പിലാക്കിയത്. ഊരു സമിതികൾ കൂടിയാണ് പദ്ധതി ആവിഷ്കരിച്ചത്. ഈ പദ്ധതിയിൽ നാളിതുവരെ 30 ശതമാനം പുരോഗതിയാണ് കൈവരിക്കാനായത്. 2015-16 വർഷത്തിൽ മുൻവർഷത്തേതിൽ നിന്നും വ്യത്യസ്തമായി ജില്ലാതല വർക്കിംഗ് ഗ്രൂപ്പുകളിൽ അംഗീകരിക്കുന്നതിനുപകരം കേന്ദ്രീകൃതമായി സംസ്ഥാനതലത്തിൽ നേരിട്ട് സർക്കാർ ഉത്തരവുമൂലമാണ് ഈ പദ്ധതി നടപ്പിലാക്കിയത്. ഇതിനായി 50 പട്ടികവർഗ്ഗ സങ്കേതങ്ങളെയാണ് തെരഞ്ഞെടുത്തത്. നിർവ്വഹണ ഏജൻസിയായി ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ (എഫ്.ഐ.ടി.) എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തി. നിലമ്പൂർ മുൻസിപ്പാലിറ്റിയിലെയും പോത്തുകല്ല് പഞ്ചായത്തിലെയും 12 ഊരുകളുടെ പദ്ധതി അവരേയും ഏൽപ്പിച്ചു. ഇതിനുള്ള ഡി.പി.ആർ. തയ്യാറാക്കിയത് എഫ്.ഐ.ടി. എന്ന സ്ഥാപനമാണ്.

ഈ പദ്ധതികളിൽ വീട് നിർമ്മാണവും വീടിന്റെ അറ്റകുറ്റപ്പണികളും വരേണ്ടതാണെങ്കിലും അതിനായി വകയിരുത്തിയ 65 കോടി രൂപയുടെ പദ്ധതിയിൽ വളരെക്കുറച്ച് സംഖ്യ മാത്രമേ അതിനായി മാറ്റിവച്ചിട്ടുള്ളൂ. ഈ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് കൽപ്പറ്റയിലെ ഒരുവുമ്മൽ കോളനിയിൽ വീടുകളുടെ ശോചനീയാവസ്ഥ പരിഹരിക്കാതെ ഇന്റർലോക്ക് കട്ടകൾ വിരിച്ച് മോടികൂട്ടിയതിനെപ്പറ്റി മാധ്യമങ്ങളിൽ വാർത്ത വന്നിരുന്നു. തുടർന്ന് പരിശോധിച്ചതിൽ കോൺക്രീറ്റ് റോഡ് പണിയുന്നതിന് 14.83 ലക്ഷം രൂപയും ഇന്റർലോക്ക് കട്ട പാകി നടപ്പാത നിർമ്മിക്കുന്നതിന് 11.44 ലക്ഷം രൂപയും ഓട നിർമ്മാണത്തിന് 4.86 ലക്ഷം രൂപയും ദൈവപ്പുര നിർമ്മാണത്തിന് 25 ലക്ഷം രൂപയും സംരക്ഷണഭിത്തി നിർമ്മാണത്തിന് 11.84 ലക്ഷം രൂപയും മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭീമമായ തുകയും ചെലവഴിച്ചതായി കാണപ്പെട്ടു. അവിടെയുള്ള ഒട്ടാകെ വീടുകളുടെ നവീകരണത്തിനായി കേവലം 2.48 ലക്ഷം രൂപ മാത്രമാണ് ചെലവഴിച്ചതായി കാണുന്നത്. ഇത് ഒട്ടാകെ പദ്ധതിയുടെ മൂന്ന് ശതമാനത്തിൽ താഴെമാത്രമാണ്. ഇവിടെ 15 വീടുകളിലായി 27 കുടുംബങ്ങൾ താമസിച്ചുവരുന്നുണ്ട്. പലരും താൽക്കാലിക ഷെഡ്ഡുകളിലും താമസിക്കുന്നുണ്ട്. ഇവിടത്തെ അടിസ്ഥാന പ്രശ്നമായ വീട് നിർമ്മാണത്തിന് യാതൊന്നും ചെയ്യാതെ നടത്തുന്ന കോളനി വികസന സമീപനത്തോട് യോജിക്കാനാവില്ല. ഭാവിയിൽ കോളനി വികസന പദ്ധതി നടപ്പിലാക്കുമ്പോൾ ഭവന നിർമ്മാണം കൂടി ഉൾപ്പെടുത്തിക്കൊണ്ട് സുതാര്യമായ രീതിയിൽ സർക്കാർ ഈ പദ്ധതി നടപ്പാക്കുന്നതാണ്.

(സി) പദ്ധതി നടത്തിപ്പുമായി ഇപ്പോൾ ഉയർന്ന് വന്നിട്ടുള്ള പ്രശ്നങ്ങൾ വിശദമായി പരിശോധിക്കുകയും പാഴ്ച്ചെലവും അഴിമതിയും ഉള്ളതായി കാണപ്പെട്ടാൽ സമഗ്രന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

**സാമൂഹ്യവനവൽക്കരണ പദ്ധതിയും വനഭൂമി കയ്യേറ്റവും**

13 (*73) <u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u> :
<u>ശ്രീ. മുല്ലക്കര രത്നാകരൻ</u> :
<u>ശ്രീ. ജി. എസ്. ജയലാൽ</u> :
<u>ശ്രീമതി സി. കെ. ആശ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യ വനവൽക്കരണ പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്നും പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് എത്ര ഹെക്ടർ വനഭൂമിയുണ്ടെന്ന് വെളിപ്പെടുത്താമോ; ഈ വനഭൂമി സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ കേന്ദ്രാനുമതിയില്ലാതെ വനഭൂമി കയ്യേറ്റക്കാർക്ക് നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര ഹെക്ടർ ഭൂമി ഇപ്രകാരം നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു) :

(എ) ഉണ്ട്. സാമൂഹ്യ വനവൽക്കരണ വിഭാഗം നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു :

1. 2009 മുതൽ പൊതുജനപങ്കാളിത്തത്തോടെ നടപ്പിലാക്കി വരുന്ന വൃക്ഷവൽക്കരണ പരിപാടിയാണ് "ഹരിതകേരളം". ത്രിതല പഞ്ചായത്തുകൾ, വിദ്യാർത്ഥികൾ, യുവജന സംഘടനകൾ മതസ്ഥാപനങ്ങൾ, രാഷ്ട്രീയ പാർട്ടികൾ എന്നിവയുടെ പങ്കാളിത്തത്തോടെയുള്ള പരിപാടിയാണിത്. ഈ പദ്ധതിയുടെ കുടക്കീഴിൽ നടപ്പാക്കുന്ന ഒന്ന് മുതൽ ഒൻപതുവരെയുള്ള ക്ലാസ്സുകളിലെ വിദ്യാർത്ഥികളെ ഉൾപ്പെടുത്തി "എന്റെ മരം പദ്ധതി", ഹയർ സെക്കണ്ടറിതലം മുതൽ കോളേജുതലം വരെയുള്ള വിദ്യാർത്ഥികളെ ഉൾപ്പെടുത്തി "നമ്മുടെ മരം പദ്ധതി", ചുമട്ടുതൊഴിലാളികളുടെ പങ്കാളിത്തത്തോടും സഹകരണത്തോടുംകൂടി "വഴിയോരത്തണൽ പദ്ധതി" എന്നിവ നടപ്പിലാക്കിവരുന്നു.

2. സംസ്ഥാനത്തെ സ്വകാര്യഭൂമികളിൽ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്ന വർക്ക് പ്രോത്സാഹന ധനസഹായം നൽകുന്ന പദ്ധതി 2012 വർഷം മുതൽ നടപ്പിലാക്കിവരുന്നുണ്ട്. തേക്ക്, ചന്ദനം, മഹാഗണി, ആഞ്ഞിലി, പ്ലാവ്, ഈട്ടി, കമ്പകം, കുമ്പിൾ, കുന്നിവാക, തേമ്പാവ് എന്നിങ്ങനെ പത്തിനം വൃക്ഷത്തൈകൾ നട്ടുപരിപാലിക്കുന്നവർക്ക് തൈകളുടെ എണ്ണം അനുസരിച്ച് തൈ ഒന്നിന് 30 മുതൽ 50 രൂപ വരെ സഹായം നൽകുന്നു.

3. വേമ്പനാട് കായൽ ഉൾപ്പെടെയുള്ള തണ്ണീർത്തടങ്ങളുടെയും കണ്ടൽ ക്കാടുകളുടെയും കണ്ണൂർ മേഖലയിലെ തണ്ണീർത്തടങ്ങളുടെയും ജൈവ വൈവിധ്യ സംരക്ഷണം ലക്ഷ്യമിട്ട് കേന്ദ്ര സഹായത്തോടുകൂടി 2006-07 മുതൽ തണ്ണീർത്തട സംരക്ഷണ പദ്ധതി നടപ്പിലാക്കിവരുന്നു.

4. വനത്തിനുപുറത്തുള്ള ജൈവവൈവിധ്യ സംരക്ഷണം പരിപോഷിപ്പിക്കുന്നതിലേക്കായി ഓരോ ജില്ലയിലും തെരഞ്ഞെടുക്കപ്പെടുന്ന കാവുകൾക്ക് സാമ്പത്തിക സഹായം നൽകി വരുന്നുണ്ട്. കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി കോട്ടയം, ആലപ്പുഴ ജില്ലകളിലെ കാവുകൾക്ക് ധനസഹായം നൽകുന്നതുകൂടാതെ, കൺസർവേഷൻ ഓഫ് ബയോഡൈവേഴ്സിറ്റി സ്കീമിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും അഞ്ച് കാവുകൾക്കെങ്കിലും ധനസഹായം നൽകുന്ന പദ്ധതിയും നിലവിലുണ്ട്.

5. ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന വിവിധ വ്യക്തികളെയും/സംഘടനകളെയും കണ്ടെത്തി അവരെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി "സിറ്റിസൺ കൺസർവേറ്റർ പ്രോഗ്രാം" നടപ്പിലാക്കിവരുന്നു. ലഭ്യമായ സ്വകാര്യഭൂമികളിലും പൊതുസ്ഥലങ്ങളിലും ചെറുവനങ്ങൾ സൃഷ്ടിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് "കുട്ടിവനം" എന്ന പദ്ധതിയും വരും തലമുറയ്ക്ക് ഔഷധസസ്യങ്ങളുടെ പ്രാധാന്യത്തെക്കുറിച്ച് അവബോധം വളർത്തുന്നതിനായി "ഹെർബൽ ഗാർഡൻ" എന്ന പദ്ധതിയും അശ്വതി മുതൽ രേവതി വരെയുള്ള 27 ജന്മനക്ഷത്രങ്ങളെ പ്രതിനിധീകരിക്കുന്ന വൃക്ഷങ്ങൾ നട്ടുവളർത്തി സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള "നക്ഷത്രവനം പദ്ധതി"-യും നടപ്പിലാക്കിവരുന്നു.

6. തണ്ണീർത്തട സംരക്ഷണ പദ്ധതിയും നദീതട സംരക്ഷണ പദ്ധതിയും സാമൂഹ്യവനവൽക്കരണ വിഭാഗം മുഖേന ഈ വർഷം കൂടുതൽ ഊന്നൽ നൽകിക്കൊണ്ട് നടപ്പിലാക്കുന്നതിനുവേണ്ടി നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) സംസ്ഥാനത്തെ വനവിസ്തൃതി 11309.48 സ്ക്വയർ കിലോമീറ്ററാണ്. (1130948 ഹെക്ടർ) ഇവയെ കേരള വന നിയമം, കേന്ദ്ര വന്യജീവി സംരക്ഷണ നിയമം എന്നിവ പ്രകാരം റിസർവ് വനമായും വന്യജീവി സങ്കേതങ്ങളായും ദേശീയോദ്യാനങ്ങളായും വിജ്ഞാപനം ചെയ്തുകൊണ്ടും പരിസ്ഥിതി ലോല പ്രദേശങ്ങളെ ഇ.എഫ്.എൽ നിയമപ്രകാരവും നിക്ഷിപ്ത വനപ്രദേശങ്ങളെ വെസ്റ്റഡ് ഫോറസ്റ്റ് നിയമപ്രകാരവും സംരക്ഷിച്ചുവരുന്നു. കൂടാതെ 1980-ലെ കേന്ദ്ര വനസംരക്ഷണ നിയമത്തിന്റെ പിൻബലത്തോടെ വന സംരക്ഷണം കൂടുതൽ കാര്യക്ഷമമാക്കി വരുന്നുണ്ട്. പ്രസ്തുത വനമേഖലകളെ ഭരണസൗകര്യാർത്ഥം സർക്കിൾ, ഡിവിഷൻ, റെയ്ഞ്ച്, സ്റ്റേഷൻ, സെക്ഷൻ എന്നിങ്ങനെ തിരിച്ച് സംരക്ഷിച്ചുവരുന്നു. ഇതിനുപുറമെ പൊതുജനപങ്കാളിത്തത്തോടെയും വന പരിപാലന സംരക്ഷണപ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തിവരുന്നു.

(സി) കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ കേന്ദ്രാനുമതിയില്ലാത്ത വനഭൂമി കയ്യേറ്റക്കാർക്ക് നൽകിയിട്ടില്ല.

## അമിത ചുമട്ടുകൂലി

14 (*74) ശ്രീ. റോജി എം. ജോൺ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ഹൈബി ഈഡൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമിത ചുമട്ടുകൂലി നിർത്തലാക്കുന്നതിന് മുൻ സർക്കാർ എന്തെല്ലാം കർമ്മ പദ്ധതികളാണ് തയ്യാറാക്കിയിരുന്നത്; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിരുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതി നിർവ്വഹണത്തിലൂടെ എന്തെല്ലാം ലക്ഷ്യങ്ങൾ കൈവരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ) :

(എ) തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, പാലക്കാട്, കണ്ണൂർ എന്നീ പത്ത് ജില്ലകളിൽ ഏകീകൃത കയറ്റിറക്ക് കൂലി പ്രാബല്യത്തിൽ വന്നിട്ടുണ്ട്. മലപ്പുറം, വയനാട് ജില്ലകളിലും ഏകീകൃത കയറ്റിറക്ക് കൂലി സംബന്ധിച്ച് ധാരണയായിട്ടുണ്ട്. ഇടുക്കി, കാസർഗോഡ് ജില്ലകളിൽ ഇത് സംബന്ധിച്ച ചർച്ചകൾ ദ്രുതഗതിയിൽ നടന്നുവരികയാണ്.

(ബി) സംസ്ഥാനമൊട്ടാകെയുള്ള അമിതകൂലിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പൂർണ്ണമായും പരിഹരിക്കുവാൻ ലക്ഷ്യമിട്ടാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയത്.

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഏകീകൃത കയറ്റിറക്ക് കൂലി ലേബർ കമ്മീഷണറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ചുമട്ടുതൊഴിലാളികളുടെ സേവനം ആവശ്യമുള്ളവർക്ക് ടി കൂലി മനസ്സിലാക്കി എസ്.ബി.റ്റി.-യുടെ ബ്രാഞ്ചുകളിൽ പണമടച്ച് അവിടുന്നുള്ള രസീത് ചുമട്ടുത്തൊഴിലാളി ക്ഷേമ ബോർഡിൽ ഹാജരാക്കി തൊഴിലാളികളുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. അമിതവേതനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ നടപടികൾ സ്വീകരിക്കുന്നതിനായി തൊഴിൽവകുപ്പ് കോൾ സെന്റർ ആരംഭിച്ചിട്ടുണ്ട്. 155214/1800-42-555-214 എന്നീ ടോൾഫ്രീ നമ്പരുകളിൽ വിളിച്ച് പരാതി രേഖപ്പെടുത്താവുന്നതാണ്.

(ഡി) അമിത ചുമട്ടുകൂലി ഈടാക്കുന്നതായുള്ള പരാതികളുടെ എണ്ണം കുറഞ്ഞിട്ടുണ്ട്. കോൾ സെന്റർ മുഖേനയും മറ്റും ലഭിക്കുന്ന പരാതികളിൽ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ഇടപെട്ട് അമിതമായി ഈടാക്കിയ തുക തിരികെ വാങ്ങി നൽകുകയും നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

**ക്ഷീരകർഷകർ നേരിടുന്ന പ്രശ്നങ്ങൾ**

15(*75) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരകർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) ക്ഷീരോല്പാദനം പ്രോത്സാഹിപ്പിക്കുന്നതിനായി ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങൾ വിശദമാക്കാമോ;

(സി) ക്ഷീരകർഷകർക്ക് ന്യായമായ വിലയ്ക്ക് കാലിത്തീറ്റ ലഭ്യത ഉറപ്പാക്കാനായി എന്തു സംവിധാനം ഏർപ്പെടുത്തുമെന്ന് അറിയിക്കാമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു) :

(എ) ക്ഷീരകർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിശോധിച്ചിട്ടുണ്ട്. പ്രധാനമായും ചുവടെ കൊടുത്തിരിക്കുന്ന പ്രശ്നങ്ങളാണ് ക്ഷീര കർഷകർ നേരിടുന്നത് :

(1) തീറ്റപ്പുല്ലിന്റെ ലഭ്യതക്കുറവ്.

(2) കാലിത്തീറ്റയുടെ വില വർദ്ധനവ്.

(3) സങ്കരയിനം പശുക്കളുടെ രോഗപ്രതിരോധ ശേഷിയിലുള്ള കുറവ്.

(4) ചികിത്സാ ചെലവ്.

(5) കൃത്രിമ ബീജദാനത്തിന്റെ ലഭ്യതക്കുറവ്.

(6) കന്നുകാലി വായ്പകൾക്ക് ബാങ്കുകൾ ഈടാക്കുന്ന ഉയർന്ന പലിശ നിരക്ക്.

(7) നല്ല ഇനം പശുക്കളുടെ ലഭ്യതക്കുറവ്.

(ബി) ക്ഷീരോല്പാദനം വർദ്ധിപ്പിക്കുവാൻ ക്ഷീര വികസന വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. തീറ്റപ്പുൽ വികസന പദ്ധതി, മിൽക്ക് ഷെഡ് വികസന പദ്ധതി, കാലിത്തീറ്റ സബ്സിഡി, ക്ഷീര സംഘങ്ങളെ സഹായിക്കുന്നതിനുള്ള പദ്ധതി മുതലായവ നടപ്പിലാക്കിവരുന്നു.

ഉയർന്ന ജനിതക ഗുണനിലവാരമുള്ള ബീജം കർഷകർക്ക് ലഭ്യമാക്കുക, ബാങ്കുകളുമായി സഹകരിച്ച് കുറഞ്ഞ പലിശ നിരക്കിൽ പശുവായ്പ ലഭ്യമാക്കുക/ പലിശ സബ്സിഡി നൽകുക, ക്ഷീരകർഷകർക്കും കന്നുകാലികൾക്കും കുറഞ്ഞ നിരക്കിൽ ഇൻഷ്വറൻസ് പരിരക്ഷ നൽകുക, ഫാം യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുക, പച്ചപ്പുൽ, വൈക്കോൽ, കാലിത്തീറ്റയായി ഉപയോഗിക്കുന്ന അസംസ്കൃതവസ്തുക്കൾ എന്നിവയുടെ വിതരണ ശൃംഖല ശക്തിപ്പെടുത്തുക, ബയോഗ്യാസ് പ്ലാന്റുകൾക്കുള്ള ധനസഹായം വർദ്ധിപ്പിക്കുക എന്നിവ ക്ഷീരോല്പാദനം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങളാണ്.

(സി) ക്ഷീര കർഷകർക്ക് ന്യായമായ വിലയ്ക്ക് കാലിത്തീറ്റ ലഭ്യത ഉറപ്പാക്കാനായി സംസ്ഥാന സർക്കാർ ക്ഷീര സംഘങ്ങളിൽ പാലളക്കുന്ന കർഷകർക്ക് ഓരോ ലിറ്റർ പാലിനും ഒരു രൂപ നിരക്കിൽ കർഷകർക്ക് കാലിത്തീറ്റ സബ്സിഡി നൽകിവരുന്നു. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിയുടെ ഭാഗമായി പരമാവധി മൊത്തം മൂന്ന് രൂപ വരെ കാലിത്തീറ്റ സബ്സിഡി നൽകിവരുന്നു. കൂടാതെ മിൽമയുടെ മേഖലാ യൂണിയനുകൾ അവരുടെ ലാഭവിഹിതത്തിൽ നിന്നും കർഷകർക്ക് കാലിത്തീറ്റ സബ്സിഡി നൽകി വരുന്നുണ്ട്. കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷനും ക്ഷീരകർഷകർക്ക് കാലിത്തീറ്റയ്ക്ക് സബ്സിഡി നൽകുന്നുണ്ട്.

**കുടിവെള്ളപ്രശ്നം**

16 (*76) ശ്രീ. എസ്. ശർമ്മ :
ശ്രീ. ബി. സത്യൻ :
ശ്രീ. ജോർജ് എം. തോമസ് :
പ്രൊഫ. കെ. യു. അരുണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രൂക്ഷമായ കുടിവെള്ളപ്രശ്നം നേരിട്ടിട്ടും മുൻ സർക്കാർ വേണ്ടത്ര ജാഗ്രതയോടെ പ്രവർത്തിക്കാതിരുന്നത് സ്വകാര്യ കുടിവെള്ള കമ്പനികളെ സഹായിക്കാനാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് കുടിവെള്ളക്ഷാമം നേരിടുന്ന സ്ഥലത്ത് താൽക്കാലികമായി വിതരണം ചെയ്ത കുടിവെള്ളം വേണ്ടത്ര ശുദ്ധീകരിക്കാത്തതോ അശുദ്ധമായതോ ആണെന്ന വാർത്തയുടെ അടിസ്ഥാനത്തിൽ കുടിവെള്ള വിതരണത്തിന്റെ പ്രഭവകേന്ദ്രത്തെ സംബന്ധിച്ച് നിരീക്ഷണവും, നിയന്ത്രണവും, നിബന്ധനയും പുറപ്പെടുവിക്കുവാൻ നടപടി സ്വീകരിക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു. ടി. തോമസ്) :

(എ) സർക്കാരിന്റെ പരിഗണനയിലേക്ക് ഈ ആക്ഷേപം വന്നിട്ടില്ല.

(ബി) കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന സ്ഥലങ്ങളിൽ താൽക്കാലികമായി ടാങ്കറുകൾ വഴി വിതരണം ചെയ്യുന്നതിനായി കേരള ജല അതോറിറ്റിയുടെ ജല ശുദ്ധീകരണ കേന്ദ്രങ്ങളിൽനിന്നും നൽകുന്ന കുടിവെള്ളം പൂർണ്ണമായും ശുദ്ധീകരിച്ച് അണുവിമുക്തമാക്കിയതാണ്. കേരള ജല അതോറിറ്റി പൊതുവിതരണ ശൃംഖല വഴി വിതരണം ചെയ്യുന്നതിനായി ശുദ്ധീകരിച്ച് ഗുണനിലവാരം ഉറപ്പാക്കിയ കുടിവെള്ളം തന്നെയാണ് താൽക്കാലിക ജലവിതരണത്തിനായും ഉപയോഗിക്കപ്പെടുന്നത്. കേരള ജല അതോറിറ്റിയുടെ ജലശുദ്ധീകരണശാലകളിൽ ആവശ്യമായ സുരക്ഷാ മുൻകരുതലുകൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ കുടിവെള്ള ആവശ്യത്തിനായി ജലം ശേഖരിക്കുന്ന സ്രോതസ്സുകൾ മാലിന്യമുക്തമാണെന്നും കുടിവെള്ളത്തിന് യോഗ്യമാണെന്നും വാട്ടർ അതോറിറ്റിയെക്കൊണ്ട് പരിശോധിപ്പിച്ച് ഉറപ്പുവരുത്തേണ്ടതാണെന്ന് ജില്ലാ കളക്ടർമാർക്ക് കർശന നിർദ്ദേശം നൽകിയിരുന്നു. കേരള വാട്ടർ അതോറിറ്റിയുടെ സ്രോതസ്സിൽനിന്നും ഗുണനിലവാരം പരിശോധിച്ച് കേരള വാട്ടർ അതോറിറ്റിയുടെ പൂർണ്ണ ഉത്തരവാദിത്വത്തിലാണ് കുടിവെള്ളം ടാങ്കറുകളിലേക്ക് ശേഖരിച്ച് വിതരണം ചെയ്തിട്ടുള്ളത്. ജല അതോറിറ്റിയുടെ സ്രോതസ്സുകളിൽ നിന്നും ജലം ലഭ്യമാകാത്ത പ്രദേശങ്ങളിൽ ജല വിതരണത്തിനുപയോഗിക്കുന്ന സ്രോതസ്സ് ബന്ധപ്പെട്ട തഹസിൽദാർ അംഗീകൃത പരിശോധനാ ലാബിൽ നിന്നുമുള്ള പരിശോധനാ ലാബിൽ നിന്നുമുള്ള പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർട്ടിഫൈ ചെയ്യുകയും ഇപ്രകാരമുള്ള സ്രോതസ്സുകളിൽ നിന്നുമാത്രമായി ജലസംഭരണം പരിമിതപ്പെടുത്തുകയും ചെയ്തിരുന്നു. ജലശേഖരണം മുതൽ വിതരണം പൂർത്തീകരിക്കുന്നതുവരെ വാഹനത്തിൽ ഒരു സർക്കാർ ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യം ഉറപ്പാക്കിയിരുന്നു. എപ്പിക്കോട്ടിംഗ് ഉള്ള വാഹനങ്ങളും കുടിവെള്ള വിതരണത്തിന് ഉപയോഗിച്ചിരുന്നു.

സംസ്ഥാനത്ത് വാട്ടർ അതോറിറ്റി ഒഴികെയുള്ള എല്ലാ കുടിവെള്ള സ്രോതസ്സുകൾക്കും ഭക്ഷ്യ സുരക്ഷാ വകുപ്പ് നൽകുന്ന ലൈസൻസോ രജിസ്ട്രേഷനോ ഉണ്ടായിരിക്കേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെ ഇത്തരം ലൈസൻസോ രജിസ്ട്രേഷനോ ഉള്ള സ്രോതസ്സുകളിൽ നിന്നുമാത്രമേ കുടിവെള്ളം ശേഖരിക്കാവൂ എന്നതടക്കം ഇതുസംബന്ധിച്ച് മാനദണ്ഡങ്ങൾ ഭക്ഷ്യസുരക്ഷാ കമ്മീഷണർ പുറപ്പെടുവിച്ചിട്ടുണ്ട്. ടി മാനദണ്ഡങ്ങൾ കുടിവെള്ളം വിതരണം ചെയ്യുന്ന എല്ലാവരും പാലിക്കുവാൻ ബാദ്ധ്യസ്ഥരാണ്.

**വനഭൂമി സംരക്ഷിക്കാൻ നടപടി**

17 (*77) ശ്രീ. കെ. കുഞ്ഞിരാമൻ :

ശ്രീ. കെ. ദാസൻ :

ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനഭൂമി സംരക്ഷിക്കുന്ന കാര്യത്തിൽ മുൻ സർക്കാർ വേണ്ട നടപടി സ്വീകരിച്ചില്ലെന്ന പരാതിയുടെ അടിസ്ഥാനത്തിൽ ഈ സർക്കാർ ഇതിനായി ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങൾ വിശദമാക്കാമോ;

(ബി) വനഭൂമി കയ്യേറ്റം ഒഴിപ്പിക്കുന്നതു സംബന്ധിച്ച് 2015 സെപ്റ്റംബർ മാസം ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവിന്റെ വിശദവിവരങ്ങൾ അറിയിക്കാമോ;

(സി) പ്രസ്തുത വിധിയുടെ അടിസ്ഥാനത്തിൽ മുൻ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും സർക്കാർ ഇക്കാര്യത്തിൽ എന്തു ചെയ്യാനുദ്ദേശിക്കുന്നെന്നും അറിയിക്കാമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു) :

(എ) വനസംരക്ഷണം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് കൂടുതൽ ഫോറസ്റ്റ് സ്റ്റേഷനുകൾ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വനം കയ്യേറ്റശ്രമങ്ങൾ യഥാസമയം കണ്ടെത്തി അവ തടയുകയും കുറ്റക്കാർക്കെതിരെ നിയമനടപടികൾ സ്വീകരിച്ചു വരുന്നു. വനഭൂമിയുടെ സംരക്ഷണത്തിനായി വനാതിർത്തികൾ നിർണ്ണയിച്ച് സ്ഥിരം ജണ്ടകൾ സ്ഥാപിക്കുന്നതിനുള്ള

നടപടികൾ സ്വീകരിച്ചുവരുന്നു. അതിലേക്കായി വനം വകുപ്പിലെ ബീറ്റ് ഫോറസ്റ്റ് ഓഫീസർ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർ എന്നിവർക്ക് സർവ്വേ ജോലികളിൽ പരിശീലനം നൽകി വരുന്നു. വനം കയ്യേറ്റ സാധ്യതയുള്ള സ്ഥലങ്ങളിൽ നിരന്തരം പട്രോളിംഗ് നടത്തിയും വനസംരക്ഷണം ഉറപ്പാക്കുന്നു. വനാതിർത്തിയോട് ചേർന്നുള്ള പ്രദേശങ്ങളിൽ ജനപങ്കാളിത്തത്തോടെയുള്ള വനപരിപാലന സംരക്ഷണ പ്രവർത്തനങ്ങൾ വഴി വനം കയ്യേറ്റശ്രമങ്ങളും വനകുറ്റകൃത്യങ്ങളും തടയുന്നതിന് കഴിഞ്ഞിട്ടുണ്ട്. ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റിയും സർക്കിൾ കൺസർവേറ്റർമാരുടെ നേതൃത്വത്തിൽ സർക്കിൾതല കമ്മിറ്റികളും വിവിധ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിച്ച് ഫലപ്രദമായി വനം കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(ബി) നേച്ചർ ലവേഴ്സ് മൂവ്മെന്റ് ഫയൽ ചെയ്ത ഒ.പി. 18467/02, ഒൺ എർത്ത് ഒൺ ലൈഫ് സൊസൈറ്റി ഫയൽ ചെയ്ത ഒ.പി 1947/2003 എന്നീ കേസ്സുകളിലെ 4-9-2015-ലെ വിധിയിൽ 1957-ലെ കേരള ലാന്റ് കൺസർവൻസി ആക്ട്, 1961-ലെ കേരള ഫോറസ്റ്റ് ആക്ട് എന്നിവ പ്രകാരം കയ്യേറ്റക്കാർക്ക് നിയമാനുസൃതം സ്റ്റാറ്റ്യൂട്ടറി നോട്ടീസ് നൽകി അതിൽ ഉചിതമായ ഉത്തരവ് പുറപ്പെടുവിച്ച് കയ്യേറ്റം ഒഴിപ്പിക്കേണ്ടതാണെന്നും വിധിപ്പകർപ്പ് കൈപ്പറ്റി ആറ് മാസത്തിനുള്ളിൽ ഇതുസംബന്ധിച്ച നടപടികൾ ആരംഭിച്ച് തുടർന്ന് ആറ് മാസക്കാലയളവുകൊണ്ട് നടപടികൾ പൂർത്തിയാക്കേണ്ടതുമാണ്.

(സി) കേരള ലാന്റ് കൺസർവൻസി ആക്ട് 1957 പ്രകാരം സ്റ്റാറ്റ്യൂട്ടറി നോട്ടീസ് നൽകി കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതു സംബന്ധിച്ച് അഡ്വക്കേറ്റ് ജനറലിന്റെ അഭിപ്രായം ആരായുകയും അത് ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഈ വിഷയം 20-1-2016-ൽ കൂടിയ സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റി മീറ്റിംഗിലും ചർച്ച ചെയ്തു. ഈ ചർച്ചയുടേയും അഡ്വക്കേറ്റ് ജനറലിന്റെ അഭിപ്രായത്തിന്റെയും അടിസ്ഥാനത്തിൽ വനം കയ്യേറ്റം ഒഴിപ്പിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകുന്നത് സംബന്ധിച്ച് പരിശോധിച്ചുവരുന്നു.

## അഴിമതി ആരോപണങ്ങൾ

18 (*78) ശ്രീ. എ. പ്രദീപ്കുമാർ :

ശ്രീ. കെ. വി. അബ്ദുൾ ഖാദർ :

ശ്രീ. എം. രാജഗോപാലൻ :

ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് മന്ത്രിമാർക്കും ഉദ്യോഗസ്ഥർക്കുമെതിരെ ഉയർന്ന അഴിമതി ആരോപണങ്ങളെ പ്രതിരോധിക്കാനായി അഡ്വക്കേറ്റ് ജനറലും, ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷനും നിയമ സഹായ സംവിധാനങ്ങൾ ദുരുപയോഗപ്പെടുത്തി എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിരുന്നോ; എങ്കിൽ ഇക്കാര്യത്തിൽ അന്വേഷണം നടത്തി തിരുത്തൽ നടപടികൾക്ക് സാധ്യതയുണ്ടോ എന്ന കാര്യം പരിശോധിക്കുമോ;

(ബി) ബാർ കോഴ കേസ്സിൽ ഉൾപ്പെടെ ഈ നിയമസഹായ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തിയത് കൂടാതെ സംസ്ഥാനത്തിന് പുറമെ നിന്ന് അഭിഭാഷകരെ കൊണ്ടുവന്ന് നിയമോപദേശം തേടുകയും കേസ് നടത്തുകയും ചെയ്തതിനെക്കുറിച്ച് സമഗ്രാന്വേഷണം നടത്തി നഷ്ടം ഈടാക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) :

(എ) മുൻ സർക്കാരിന്റെ കാലത്ത് മന്ത്രിമാർക്കും ഉദ്യോഗസ്ഥർക്കുമെതിരെ ഉയർന്ന അഴിമതി ആരോപണങ്ങളെ പ്രതിരോധിക്കാനായി അഡ്വക്കേറ്റ് ജനറലും ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷനും നിയമ സഹായ സംവിധാനങ്ങൾ ദുരുപയോഗപ്പെടുത്തിയോ എന്ന വിഷയം പരിശോധിച്ചുവരുന്നു. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ 18-6-2016-ലെ സർക്കുലർ 3/2016 പ്രകാരം നിയമസഹായ സംവിധാനങ്ങൾ ദുരുപയോഗപ്പെടുത്തി എന്ന വിഷയത്തെപ്പറ്റി പരിശോധിക്കാൻ ഒരു ഗുഡ് ഗവേണൻസ് ഓഡിറ്റ് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇത് 2016 ജൂലൈ പകുതിയോടുകൂടിയേ പൂർത്തിയാവുകയുള്ളൂ.

(ബി) മുൻ ധനകാര്യ-നിയമ-ഭവന നിർമ്മാണ വകുപ്പുമന്ത്രിക്കെതിരെ രജിസ്റ്റർ ചെയ്ത വി.സി.6/14/എസ്.ഐ.യു1 (ബാർ കോഴക്കേസ്) കേസിന്റെ അന്വേഷണവേളയിൽ സുപ്രീംകോടതി മുതിർന്ന അഭിഭാഷകരായ ശ്രീ. എൻ. നാഗേശ്വര റാവു, ശ്രീ. മോഹൻ പരാശരൻ എന്നിവരോട് നിയമോപദേശം തേടാൻ വിജിലൻസ് ഡയറക്ടർ സ്വന്തം നിലയിൽ തീരുമാനിക്കുകയും ഉപദേശം നേടുകയും ചെയ്തിട്ടുണ്ട്. ഇവരുടെ ഫീസിനത്തിൽ 7,70,000 (എഴ് ലക്ഷത്തി എഴുപതിനായിരം രൂപ മാത്രം) രൂപ നൽകുവാൻ വിജിലൻസ് ഡയറക്ടർ ശിപാർശ നൽകിയിരുന്നു. അഡ്വക്കേറ്റ് ജനറലിന്റെ authorization ഇല്ലാതെ വിജിലൻസ് വകുപ്പിന് സ്വന്തം നിലയ്ക്ക് നിയമ വകുപ്പിനെയും അഡ്വക്കേറ്റ് ജനറലിനെയും മറികടന്ന് പുറമെയുള്ള അഭിഭാഷകരിൽ നിന്നും നിയമോപദേശം തേടാവുന്നതല്ലെന്ന് നിയമ വകുപ്പ് സെക്രട്ടറി 6-10-2015-ൽ അഭിപ്രായപ്പെട്ടു. എന്നാൽ ഇതിനെ മറികടന്നുകൊണ്ട് ധനകാര്യ വകുപ്പ് 4-11-2015-ലും 20-1-2016-ലും ഈ തുക നൽകണമെന്ന് ശിപാർശ ചെയ്തു. ഇതിൽ 9-3-2016-ന് തെരഞ്ഞെടുപ്പ് പ്രഖ്യാപനത്തിനുശേഷം തുക നൽകുവാൻ മന്ത്രിസഭ അംഗീകരിക്കുകയുണ്ടായി. ഇതേ വിഷയത്തിൽ കേരള ഹൈക്കോടതിയിൽ OP (Crl)No. 376/2015-ൽ ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയ്ക്കുവേണ്ടി സംസ്ഥാന സർക്കാരിന്റെ പാനലിലില്ലാത്ത ശ്രീ. കപിൽ സിബൽ, ശ്രീ. മുഹമ്മദ് നിസാമുദ്ദീൻ പാഷ എന്നിവരെ നിയമിച്ചതിന് 37,10,000 രൂപ (മുപ്പത്തിയേഴ് ലക്ഷത്തി പതിനായിരം രൂപ മാത്രം) ഫീസിനത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. ഇത് അംഗീകരിച്ചിട്ടില്ല. ഇതടക്കമുള്ള വിഷയങ്ങൾ ഗുഡ് ഗവേണൻസ് ഓഡിറ്റിൽ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**ഭൂജല പരിപോഷണം**

19 (*79) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂജല പരിപോഷണം ജനകീയമാക്കാൻ മുൻ ഗവൺമെന്റ് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിയിരുന്നതെന്ന് വിശദമാക്കുമോ;

(ബി) ഈ പദ്ധതിക്ക് എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഉണ്ടായിരുന്നതെന്ന് വിശദമാക്കുമോ ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടതെന്ന് വിശദമാക്കുമോ;

(ഡി) പദ്ധതി നിർവ്വഹണത്തിൽ എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യൂ. ടി. തോമസ്) :

(എ) ഭൂജല വകുപ്പിനുകീഴിൽ ഭൂജല സംരക്ഷണത്തിനായി ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായുള്ള പ്രവർത്തനങ്ങളും നടത്തി വരുന്നു. ഭൂജല പരിപോഷണം ജനകീയമാക്കുന്നതിനുള്ള പദ്ധതി ജലനിധി മുഖേന നടപ്പിലാക്കിവരുന്നു.

(ബി) സംസ്ഥാനത്ത് ഭൂജലശോഷണം തടയുക, കൃത്രിമ ഭൂജല സംപോഷണ പദ്ധതി വഴി ഭൂജല നിരപ്പ് ഉയർത്തുക, ജലസ്രോതസ്സുകളിൽ കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുക എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ.

(സി) ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും എന്ന പദ്ധതിയിൽപ്പെടുത്തി തടയണകൾ, അടിയണകൾ, റീച്ചാർജ് പിറ്റുകൾ, തുറന്ന കിണറുകൾ വഴിയുള്ള കിണർ റീച്ചാർജിംഗ് എന്നിവ നടപ്പാക്കിവരുന്നു. ജലനിധിയുടെ രണ്ടാം ഘട്ട പദ്ധതിക്ക് കീഴിൽ ജലപരിപോഷണത്തിനുള്ള മുഴുവൻ തുകയും സർക്കാർ സബ്സിഡിയായി നൽകുന്നു.

(ഡി) ഭൂജല നിരപ്പ് ഉയർന്നുവരുവാൻ സഹായകമായ തരത്തിൽ മഴവെള്ളം ഭൂമിയിലേക്ക് താഴ്ന്നിറങ്ങുവാൻ ലക്ഷ്യമിട്ട് സ്വീകരിച്ച ഭൂജല സംപോഷണ മാർഗ്ഗങ്ങൾ ഫലപ്രദമായിട്ടുണ്ട്.

## പട്ടികജാതി വിഭാഗങ്ങൾക്കായി ഭൂരഹിത-ഭവനരഹിത-പുനരധിവാസ പദ്ധതി

20 (*80) ശ്രീമതി സി. കെ. ആശ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി വിഭാഗങ്ങൾക്കായി ഭൂരഹിത-ഭവന രഹിത-പുനരധിവാസ പദ്ധതി നടപ്പാക്കിവരുന്നുണ്ടോ; ഉണ്ടെങ്കിൽ ഈ പദ്ധതി എന്ന് മുതലാണ് ആരംഭിച്ചതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ പദ്ധതിയുടെ മറവിൽ കോളനികൾ സ്ഥാപിക്കാനുള്ള നീക്കം നടക്കുന്നുണ്ടോ; പട്ടികജാതി വിഭാഗങ്ങളെ ഇനിയും കോളനിവല്ക്കരിക്കരുതെന്ന സർക്കാർ ഉത്തരവ് നിലവിലുണ്ടോ;

(സി) ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ഭൂമി തട്ടിപ്പുകൾ നടക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) :

(എ) ഉണ്ട്. 1989-ലാണ് ഈ പദ്ധതി നിലവിൽ വന്നത്.

(ബി) കോളനികൾ സ്ഥാപിക്കുന്നതിന് സർക്കാർ പ്രത്യേകിച്ച് നീക്കങ്ങളൊന്നും നടത്തുന്നില്ല. പട്ടികജാതി വിഭാഗങ്ങളെ ഇനിയും കോളനിവൽക്കരിക്കരുതെന്നതിന് സർക്കാർ ഉത്തരവ് നിലവിലില്ല.

(സി) ഭൂമി വാങ്ങി ഉയർന്ന വിലയ്ക്ക് വിൽക്കുന്ന ഇടനിലക്കാർ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് തടയാൻ ജില്ലാ/ബ്ലോക്ക്തല ഉദ്യോഗസ്ഥന്മാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

**ജലവിതരണത്തിനായുള്ള കർമ്മപദ്ധതി**

21 (*81) ശ്രീ. അനിൽ അക്കര :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിതരണത്തിനായുള്ള പഴയ പൈപ്പുകൾ മാറ്റി പുതിയ പൈപ്പുകൾ സ്ഥാപിക്കുന്നതിന് മുൻ ഗവൺമെന്റ് എന്തെല്ലാം കർമ്മപദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു; വിശദമാക്കാമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചിരുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിരുന്നു; വിശദമാക്കാമോ;

(ഡി) പദ്ധതി നിർവ്വഹണത്തിൽ എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു. ടി. തോമസ്) :

(എ) ജലവിതരണത്തിനായുള്ള പഴയ പൈപ്പുകൾ മാറ്റി പുതിയ പൈപ്പുകൾ സ്ഥാപിക്കുന്നതിന് മുൻസർക്കാർ ബഡ്ജറ്റിൽ "19-റീപ്ലേസ്മെന്റ്" എന്ന പദ്ധതി ആവിഷ്കരിച്ചിരുന്നു. ഇതുവഴി കാലപ്പഴക്കവും കേടുപാടുകളും വന്ന പൈപ്പ് ലൈനുകൾ ഘട്ടംഘട്ടമായി മാറ്റി പുതിയവ സ്ഥാപിച്ച് ജലവിതരണം കാര്യക്ഷമമാക്കാനും മെയിന്റനൻസ് ചെലവ് കുറയ്ക്കുവാനും ലക്ഷ്യമിട്ടിരുന്നു.

(ബി) കാലപ്പഴക്കംകൊണ്ട് കൂടെക്കൂടെ തകരാറിലാകുന്ന പൈപ്പുകൾമൂലം ജലവിതരണരംഗത്തുണ്ടാകുന്ന തടസ്സവും ജലനഷ്ടവും ഒഴിവാക്കാൻ പുതിയ പൈപ്പുകൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിച്ചിരുന്നു. കൂടാതെ പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും ചോർച്ച പരിഹരിക്കാനുള്ള സാമ്പത്തിക ബാധ്യത കുറയ്ക്കുവാനും കൂടുതൽ ജനങ്ങളിലേക്ക് ജലവിതരണം സാധ്യമാക്കാനും ലക്ഷ്യമിട്ടിരുന്നു.

(സി) പഴയ പൈപ്പുകൾ മാറ്റിസ്ഥാപിക്കുന്ന പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനായി ബഡ്ജറ്റിൽ തുക വകയിരുത്തി ജല അതോറിറ്റിക്ക് ലഭ്യമാക്കുന്നു. തുടർന്ന് പൈപ്പുകളുടെ കാലപ്പഴക്കം, പ്രാധാന്യം, പൊട്ടലുകളുടെ എണ്ണം എന്നിവ കണക്കിലെടുത്ത് അവ മാറ്റിസ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം നൽകുകയും തുടർന്ന് ഭരണാനുമതി നൽകുകയും വാട്ടർ അതോറിറ്റി പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കുകയും ചെയ്യുന്നു. വിവിധ തലത്തിൽ അവലോകനയോഗം നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ യഥാസമയം നൽകി പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു. കേരള വാട്ടർ അതോറിറ്റി സതേൺ റീജിയണിന്റെ കീഴിൽ 264 കോടി രൂപയ്ക്കും സെൻട്രൽ റീജിയണിന്റെ കീഴിൽ 186 കോടി രൂപയ്ക്കും നോർത്തേൺ റീജിയണിന്റെ കീഴിൽ 120 കോടി രൂപയ്ക്കും കൂടി ആകെ 570 കോടി രൂപയ്ക്കും കാലപ്പഴക്കംചെന്ന പൈപ്പുകൾ മാറ്റിസ്ഥാപിക്കുന്നതിനായി ഭരണാനുമതി നൽകുകയും പദ്ധതികൾ നടപ്പിലാക്കി വരികയും ചെയ്യുന്നു.

(ഡി) അടിക്കടി പൈപ്പ്ലൈനിൽ ചോർച്ചമൂലമുണ്ടാകുന്ന ശുദ്ധജല നഷ്ടം തടയാനും പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും ചോർച്ച പരിഹരിക്കുന്നതിലൂടെ സാമ്പത്തിക ബാദ്ധ്യത കുറയ്ക്കുവാനും സാധിക്കുന്നു. കൂടാതെ പൈപ്പിലുണ്ടാകുന്ന ലീക്കുകൾമൂലം റോഡുകൾ തകരുന്നത് തടയുവാനും സാധിക്കുന്നു.

## ജപ്പാൻ കുടിവെള്ളപദ്ധതി

22 (*82) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. വി. ടി. ബൽറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ കുടിവെള്ളപദ്ധതി നടപ്പിലാക്കുന്നതിന് മുൻ സർക്കാർ എന്തെല്ലാം കർമ്മപരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഇതുവഴി എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിച്ചത്;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടത്; വിശദമാക്കുമോ;

(ഡി) പദ്ധതി നിർവ്വഹണത്തിൽ എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു. ടി. തോമസ്) :

(എ) ജപ്പാൻ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള തിരുവനന്തപുരം, മീനാട്, ചേർത്തല, കോഴിക്കോട്, പട്ടുവം എന്നീ അഞ്ച് കുടിവെള്ള പദ്ധതികളുടെ പ്രവർത്തനം കാര്യക്ഷമമായി നടപ്പിലാക്കാനും മോണിറ്റർ ചെയ്യാനുമായി, പദ്ധതിയുടെ ചുമതലയുള്ള ചീഫ് എഞ്ചിനീയറും കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറും പദ്ധതി പ്രവർത്തനങ്ങൾ നിരന്തരം വിലയിരുത്തുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തുവന്നിരുന്നു. വകുപ്പുമന്ത്രി തലവനായുള്ള കോ-ഓർഡിനേഷൻ കമ്മിറ്റി, ചീഫ് സെക്രട്ടറി തലവനായുള്ള എംപവേർഡ് കമ്മിറ്റി, ഫണ്ട് റിലീസ് കമ്മിറ്റി എന്നിവ സർക്കാർ തലത്തിൽ ജിക്ക പ്രോജക്റ്റിന്റെ നടത്തിപ്പിനായി പ്രത്യേകം ഏർപ്പെടുത്തിയിട്ടുണ്ടായിരുന്നു. കൂടാതെ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ഉടലെടുക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായി വരുന്ന അംഗീകാരങ്ങൾക്ക് വാട്ടർ അതോറിറ്റി ബോർഡിനെയും സർക്കാരിനെയും സമീപിച്ച് പരിഹാരങ്ങൾ തേടിയിരുന്നു. ജില്ലാതലത്തിലും കോ-ഓർഡിനേഷൻ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടായിരുന്നു.

ഇവയുടെ ഫലമായി ഉൾപ്പെട്ടിരുന്ന നിർമ്മാണങ്ങൾ പൂർത്തിയാക്കി ചേർത്തല പദ്ധതി 3-1-2012-ലും പട്ടുവം പദ്ധതി 14-3-2013-ലും കമ്മിഷൻ ചെയ്തു. മീനാട് പദ്ധതി 24-2-2011-ലും കോഴിക്കോട് പദ്ധതി 27-2-2015-ലും ഭാഗികമായി കമ്മിഷൻ ചെയ്യുകയുണ്ടായി. തിരുവനന്തപുരം പദ്ധതി 18-5-2010-ൽ തന്നെ ഭാഗികമായി കമ്മിഷൻ ചെയ്തിരുന്നു. ശേഷിക്കുന്ന തിരുവനന്തപുരം, മീനാട്, കോഴിക്കോട് പദ്ധതികളുടെ വിതരണ ശൃംഖലയുടെ പണികളും തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിലെ നിലവിലുള്ള ശുദ്ധജല വിതരണ പദ്ധതികളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങളും പൂർത്തിയാക്കാനുള്ള നടപടികൾ മുൻസർക്കാരിന്റെ കാലത്ത് എടുക്കുകയുണ്ടായി. പ്രസ്തുത പണികൾ നടന്നുവരുന്നു. മീനാട് പദ്ധതിയുടെ വിതരണശൃംഖലകളുടെ ബാക്കി പണികൾ M/s. TECPRO Infrastructure Ltd., Kochi എന്ന കമ്പനിക്ക് 2012 ജൂണിൽ കരാർ നൽകിയിരുന്നു. M/s. TECPRO-യുടെ സാമ്പത്തിക പ്രശ്നങ്ങളാൽ പണി മന്ദഗതിയിലായതിനാൽ അവരുടെ സേവനം അവസാനിപ്പിക്കുവാൻ തീരുമാനിച്ചിരുന്നുവെങ്കിലും സർക്കാർ തലത്തിൽ യോഗങ്ങൾ കൂടുകയും 2016 ഡിസംബർ മാസത്തിൽ വിതരണ ശൃംഖലയുടെ പണി പൂർത്തിയാക്കാമെന്നുള്ള അവരുടെ ഉറപ്പിന്മേൽ പണി 2016 ഫെബ്രുവരി മാസം പുനരാരംഭിച്ചിട്ടുണ്ട്.

(ബി) ഇതുവഴി അഞ്ച് പദ്ധതിപ്രദേശങ്ങളിലും വിഭാവനം ചെയ്തിരുന്ന തോതിൽ, അതായത് തിരുവനന്തപുരം 10.7 ലക്ഷം ജനങ്ങൾക്കും മീനാട് 5.26 ലക്ഷം ജനങ്ങൾക്കും ചേർത്തല 6.53 ലക്ഷം ജനങ്ങൾക്കും കോഴിക്കോട് 12.08 ലക്ഷം ജനങ്ങൾക്കും പട്ടുവം 5.30 ലക്ഷം ജനങ്ങൾക്കും കുടിവെള്ളം എത്തിക്കുകയെന്ന ലക്ഷ്യം കൈവരിക്കാനാണ് ഉദ്ദേശിച്ചത്.

(സി) ഭാഗികമായി കമ്മിഷൻ ചെയ്ത പദ്ധതികളുടെ ബാക്കി പണികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുവേണ്ടി സർക്കാർ തലത്തിലും വാട്ടർ അതോറിറ്റി തലത്തിലും യോഗങ്ങൾ ചേരുകയും പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്തുവന്നു. ജിക്ക വായ്പയുടെ സമയപരിധി 31-12-2016 വരെ നീട്ടിക്കിട്ടുന്നതിനു വേണ്ടി സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. എന്നാൽ 28-7-2015-നു ശേഷം സമയപരിധി നീട്ടിക്കിട്ടിയില്ല. എന്നിരുന്നാലും ബാക്കി പണികൾക്കുള്ള തുക സ്റ്റേറ്റ് ഷെയറിൽ ഉൾപ്പെടുത്തി 150 കോടി രൂപ മുൻ സർക്കാർ ബഡ്ജറ്റിൽ വകയിരുത്തുകയുമുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ തുടർപണികൾ പുരോഗമിച്ചുവരുന്നു.

(ഡി) തിരുവനന്തപുരം പദ്ധതിയുടെ പൂർത്തീകരണത്തിന്റെ ഫലമായി നഗരത്തിലാകമാനം വിതരണം ചെയ്യുന്ന വെള്ളത്തിന്റെ തോത് 74 ദശലക്ഷം ലിറ്റർ അധികമായി വർദ്ധിപ്പിക്കുവാൻ സാധിച്ചു. അതുപോലെ മീനാട് പദ്ധതി പ്രദേശത്ത് 3913 വാട്ടർ കണക്ഷനുകളും പദ്ധതിപ്രദേശത്ത് വിതരണം ചെയ്യുന്ന വെള്ളത്തിന്റെ തോത് 24 ദശലക്ഷം ലിറ്റർ അധികമായും നൽകുവാൻ സാധിച്ചു. ചേർത്തല പദ്ധതിപ്രകാരം 39500 വാട്ടർ കണക്ഷനുകളും പദ്ധതി പ്രദേശത്ത് വിതരണം ചെയ്യുന്ന വെള്ളത്തിന്റെ തോത് 57 ദശലക്ഷം ലിറ്റർ അധികമായും നൽകുവാൻ സാധിച്ചു. കൂടാതെ കോഴിക്കോട് പ്രദേശത്ത് 989 കണക്ഷനുകളും 55 ദശലക്ഷം ലിറ്റർ ജലം അധികമായും നൽകുവാനും പട്ടുവം പദ്ധതി പ്രദേശത്ത് 8307 കണക്ഷനുകളും 30 ദശലക്ഷം ലിറ്റർ വെള്ളവും നൽകുവാൻ സാധിച്ചിട്ടുണ്ട്. വിതരണശൃംഖലയുടെ ബാക്കി പണികൾ പൂർത്തിയാക്കിയാൽ മാത്രമേ പൂർണ്ണതോതിൽ പ്രവർത്തിപ്പിക്കുവാൻ കഴിയുകയുള്ളൂ.

**സ്വയംപര്യാപ്ത പട്ടികജാതി കോളനി പദ്ധതി**

23 (*83) ശ്രീ. എം. നൗഷാദ് :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. വി. ജോയി :
ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ പ്രഖ്യാപിച്ച 'സ്വയം പര്യാപ്ത പട്ടികജാതി കോളനി പദ്ധതി' അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം അറിയിക്കുമോ;

(ബി) പദ്ധതി ലക്ഷ്യപ്രാപ്തി നേടാതെ പോയതിന്റെ കാരണങ്ങൾ എന്തൊക്കെ യാണെന്ന് അറിയിക്കാമോ; പദ്ധതി നടത്തിപ്പിനെക്കുറിച്ച് അന്വേഷണം നടത്തുമോ; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി തുടരാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ രൂപരേഖ വിശദീകരിക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) :

(എ) ഉണ്ട്. പട്ടികജാതി സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയുടെ പുരോഗതി

വിലയിരുത്തുന്നതിന് സംസ്ഥാനതലത്തിലും ജില്ലാതലത്തിലും അവലോകന യോഗങ്ങൾ നടത്താറുണ്ട്. സംസ്ഥാന തലത്തിൽ 30-6-2015-ൽ അവലോകന യോഗം നടത്തി. ജില്ലാ തലങ്ങളിൽ യോഗങ്ങൾ നടത്തിയ തീയതികൾ ചുവടെ ചേർക്കുന്നു:

| ജില്ല | അവലോകന യോഗം നടന്ന തീയതി |
|---|---|
| തിരുവനന്തപുരം | 22-7-2015 |
| കൊല്ലം | 29-2-2016 |
| പത്തനംതിട്ട | 25-1-2015 |
| ആലപ്പുഴ | 10-3-2014 |
| കോട്ടയം | 4-3-2016 |
| ഇടുക്കി | 2-3-2016 |
| എറണാകുളം | 10-12-2015 |
| തൃശ്ശൂർ | 25-1-2016 |
| പാലക്കാട് | 12-11-2014 |
| മലപ്പുറം | 27-5-2015 |
| കോഴിക്കോട് | 30-5-2016 |
| വയനാട് | 18-1-2015 |
| കണ്ണൂർ | 1-10-2015 |
| കാസർഗോഡ് | യോഗം ചേർന്നിട്ടില്ല. |

(ബി) സ്വയംപര്യാപ്തഗ്രാമം പദ്ധതി നടപ്പിലാക്കാൻ തെരഞ്ഞെടുത്ത സർക്കാർ ഏജൻസികളുടെ കാര്യശേഷിക്കുറവ്, തനത് മനുഷ്യവിഭവശേഷിക്കുറവ്, കോളനി നിവാസികളുടെ എതിർപ്പ്, കമ്മ്യൂണിറ്റി ഹാൾ മുതലായവയ്ക്ക് കോളനിയിലെ സ്ഥലലഭ്യതക്കുറവ്, കോളനി നിവാസികളുടെ ആവശ്യപ്രകാരം എസ്റ്റിമേറ്റിൽ വരുന്ന നിരന്തര മാറ്റങ്ങൾ തുടങ്ങിയ കാരണങ്ങളാലാണ് കോളനികളുടെ നവീകരണ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിക്കാത്തത്. പദ്ധതി നടത്തിപ്പിനെക്കുറിച്ച് പരാതി ലഭ്യമായാൽ ഇതുസംബന്ധിച്ച് അന്വേഷണം നടത്താറുണ്ട്.

(സി) പ്രസ്തുത പദ്ധതി തുടരാൻ ഉദ്ദേശിക്കുന്നുണ്ട്. പദ്ധതിയുടെ രൂപരേഖയും വിശദാംശങ്ങളും തയ്യാറായി വരുന്നു.

**സ്വയംപര്യാപ്തഗ്രാമം പദ്ധതി**

24 (*84) ശ്രീ. എ. പി. അനിൽ കുമാർ :

ശ്രീ. വി. പി. സജീന്ദ്രൻ :

ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ ഗവൺമെന്റ് പട്ടികജാതി സങ്കേതങ്ങളിൽ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിച്ചത് ; വിശദാംശങ്ങൾ നൽകുമോ ;

(സി) പദ്ധതി നിർവ്വഹണത്തിന് ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്;

(ഡി) പദ്ധതി നടത്തിപ്പിൽ എന്തെല്ലാം നേട്ടങ്ങളാണ് കൈവരിക്കാൻ സാധിച്ചത് ; വിശദമാക്കുമോ ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) :

(എ) ഉണ്ട്. പട്ടികജാതി വികസന വകുപ്പിന്റെ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിപ്രകാരം 2012-13 സാമ്പത്തികവർഷം 114 കോളനികളെയും 2013-14 സാമ്പത്തികവർഷം 102 കോളനികളെയും തെരഞ്ഞെടുത്ത് പദ്ധതി പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(ബി) (1) കോളനിക്കുള്ളിലെ റോഡ്/നടപ്പാത

(2) കുടിവെള്ളം

(3) വൈദ്യുതീകരണം

(4) വീട് പുനരുദ്ധാരണം

(5) കമ്മ്യൂണിറ്റി ഹാൾ/കളിസ്ഥലം

(6) ഡ്രെയിനേജ്

(7) മാലിന്യ സംസ്കരണം

(8) ബയോഗ്യാസ് പ്ലാന്റ്

(9) വരുമാനദായക പദ്ധതികൾ

(10) വനിതകളുടെ സ്വയം സഹായ സംഘങ്ങൾ വഴിയുള്ള സൂക്ഷ്മ സംരംഭങ്ങൾ

(11) സോളാർ തെരുവ് വിളക്ക്

(12) റീട്ടെയിനിംഗ് വാൾ

(13) അടുക്കളത്തോട്ടം

(14) ശുചീകരണ പ്രവർത്തനം

(15) ആശയവിനിമയ സൗകര്യം തുടങ്ങിയ വികസന പ്രവർത്തനങ്ങൾ കോളനികളുടെ സാഹചര്യമനുസരിച്ച് നടപ്പിലാക്കിവരുന്നു.

(സി) 2012-13 സാമ്പത്തിക വർഷം 114 കോളനികൾ തെരഞ്ഞെടുത്തുവെങ്കിലും ഒരു കോളനിയിൽ ചില സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. ഇപ്പോൾ പ്രവൃത്തികൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2013-14 വർഷം 102 കോളനികൾ തെരഞ്ഞെടുത്തിട്ടുണ്ട്. ആകെ 216 കോളനികളിൽ വികസന പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഓരോ കോളനിയുടെയും പ്രവൃത്തിയുടെ സുഗമമായ നടത്തിപ്പിനായി ബന്ധപ്പെട്ട എം.എൽ.എ./എം.പി. (ചെയർമാൻ), വാർഡ് മെമ്പർ, എസ്. സി. പ്രൊമോട്ടർ, ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ, ഏജൻസിയുടെ രണ്ട് പ്രതിനിധികൾ, കോളനിയിൽ നിന്നുള്ള ഒരു വനിതയും പുരുഷനും എന്നിവരടങ്ങുന്ന ഒരു പ്രാദേശിക മോണിറ്ററിംഗ് കമ്മിറ്റി, അവിടെ നടത്തുന്ന വികസന പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) ടി പദ്ധതിപ്രകാരം 216 കോളനികളിൽ ഓരോ കോളനിയുടെയും ആവശ്യമനുസരിച്ച് കുടിവെള്ള വിതരണം, വൈദ്യുതി, ഭവന പുനരുദ്ധാരണം, റോഡ്, നടപ്പാത തുടങ്ങിയ പ്രവൃത്തികൾ നടപ്പിലാക്കാനാണ് ലക്ഷ്യമിട്ടത്. എന്നാൽ ഇതിൽ 32 കോളനികളിൽ മാത്രമാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. മറ്റ് കോളനികളിൽ പല കാരണങ്ങളാൽ പ്രവൃത്തി ഫലപ്രദമായി തുടരാൻ കഴിഞ്ഞിട്ടില്ല.

**കുട്ടനാട് പാക്കേജ്**

25 (*85) ശ്രീ. എ. എം. ആരിഫ് :
ശ്രീ. വി. എസ്. അച്ചുതാനന്ദൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജ് പ്രകാരം ജലവിഭവ വകുപ്പ് വഴി എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കാനായിരുന്നു കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) പദ്ധതിയുടെ പുരോഗതിയും പദ്ധതി ലക്ഷ്യമിട്ടതുപോലെ പൂർത്തീകരിക്കാൻ കഴിയാതെ പോയിട്ടുണ്ടോ; എങ്കിൽ കാരണം വെളിപ്പെടുത്താമോ; പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായി കേന്ദ്ര - സംസ്ഥാന സർക്കാരുകൾ എത്ര തുക വീതം അനുവദിച്ചിരുന്നുവെന്നും അതിൽ എത്ര തുക വീതം ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ; പദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായ വീഴ്ചകൾ വിശകലനം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ;

(സി) കുട്ടനാട് പാക്കേജ് തുടരേണ്ടതില്ലെന്ന കേന്ദ്ര സർക്കാർ തീരുമാനത്തിന്റെ കാരണമെന്തെന്ന് സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; പാക്കേജ് വേണ്ടെന്നുവച്ചാൽ പദ്ധതി പൂർത്തീകരിക്കുന്നതെങ്ങനെയാണെന്ന് വിശദമാക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു. ടി. തോമസ്) :

(എ) പ്രൊഫസർ എം. എസ്. സ്വാമിനാഥൻ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിലെ കുട്ടനാട് പാക്കേജ് 2008-ൽ കേന്ദ്രസർക്കാർ തത്വത്തിൽ അംഗീകരിക്കുകയും നിലവിലുള്ള സ്കീമുകൾക്ക് അനുസൃതമായി പദ്ധതി സമർപ്പിക്കുന്ന മുറയ്ക്ക് അനുമതി നൽകുന്നതിന് തീരുമാനമാവുകയും ചെയ്തു. കുട്ടനാട് പാക്കേജ് 75% കേന്ദ്രവിഹിതവും 25% സംസ്ഥാന വിഹിതവുമായുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭിച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു.

കെ.ഇ.എൽ. - 1 :

നെടുമുടി പഞ്ചായത്തിലെ 11 പാടശേഖരങ്ങളുടെ പുറംബണ്ട് സംരക്ഷണത്തിനായി 24.7 കോടി രൂപ അടങ്കൽ വരുന്ന പദ്ധതി 28-1-2010-ൽ കേന്ദ്ര ടി.എ.സി. അംഗീകരിക്കുകയും 12-7-2010-ൽ കൂടിയ കേന്ദ്ര എംപവേർഡ് കമ്മിറ്റി അംഗീകാരം നൽകുകയും തുടർന്ന് പ്ലാനിംഗ് ബോർഡിന്റെ ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് 24.76 കോടി രൂപയ്ക്ക് 5-5-2010-ൽ ലഭിക്കുകയും ചെയ്തു.

കെ.ഇ.എൽ. - 2 :

കായൽനിലങ്ങളിലെ 9 പാടശേഖരങ്ങളുടെ പുറംബണ്ട് സംരക്ഷിക്കുന്നതിനായി 118.913 കോടി രൂപ അടങ്കൽ വരുന്ന പദ്ധതിക്ക് 12-5-2010-ൽ കൂടിയ കേന്ദ്ര എംപവേർഡ് കമ്മിറ്റി അംഗീകാരം നൽകുകയുണ്ടായി. തുടർന്ന് 30-7-2010-ൽ പ്ലാനിംഗ് ബോർഡിന്റെ ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ലഭിച്ചു.

കെ.ഇ.എൽ. - 3 :

പാടശേഖരങ്ങളുടെ പുറംബണ്ട് സംരക്ഷണത്തിനായി 379.05 കോടി രൂപ അടങ്കൽ വരുന്ന പദ്ധതി 4-1-2011-ൽ കേന്ദ്ര ടി.എ.സി. അംഗീകരിക്കുകയും 18-8-2011-ൽ കൂടിയ കേന്ദ്ര എംപവേർഡ് കമ്മിറ്റി 379.05 കോടി രൂപയ്ക്ക് അംഗീകാരം നൽകുകയും തുടർന്ന് പ്ലാനിംഗ് ബോർഡിന്റെ ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് 30-5-2011-ൽ 106.13 കോടി രൂപയ്ക്ക് ലഭിക്കുകയും ചെയ്തു.

ഓണാട്ടുകര -(കെ.ഇ.എൽ. - 4) :

ഓണാട്ടുകര പ്രദേശത്തെ 12 നീർത്തടങ്ങളിലെ വെള്ളപ്പൊക്ക നിവാരണത്തിനായി 248.39 കോടി രൂപ അടങ്കൽ വരുന്ന പദ്ധതി 17-8-2011-ൽ കേന്ദ്ര ടി.എ.സി. അംഗീകരിക്കുകയും 15-12-2011-ൽ കൂടിയ കേന്ദ്ര എംപവേർഡ് കമ്മിറ്റി അതിൽ 70 കോടി രൂപയ്ക്ക് 9-11-2011-ൽ അംഗീകാരം നൽകുകയും ചെയ്തു.

കേന്ദ്രാനുമതി ലഭിക്കേണ്ട പദ്ധതികൾ

തണ്ണീർമുക്കം ബണ്ടിന്റെ നവീകരണം :

തണ്ണീർമുക്കം ബണ്ടിന്റെ നവീകരണത്തിനുള്ള 255.335 കോടി രൂപയുടെ പദ്ധതി റിപ്പോർട്ട് ഗവൺമെന്റ് തത്വത്തിൽ അംഗീകരിക്കുകയും ഫ്ലഡ് മാനേജ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്രാനുമതി ലഭിക്കുന്നതിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

തോട്ടപ്പള്ളി സ്പിൽവേയുടെ നവീകരണം :

തോട്ടപ്പള്ളി സ്പിൽവേയുടെ നവീകരണത്തിന് 47 കോടി രൂപയുടെ പദ്ധതി റിപ്പോർട്ട് സ്റ്റേറ്റ് ടി.എ.സി. അംഗീകരിച്ചു. പദ്ധതിക്ക് കേന്ദ്ര സർക്കാർ അംഗീകാരത്തിനായി നടപടി സ്വീകരിച്ചുവരുന്നു.

കുട്ടനാട് താലൂക്കിലെ വെള്ളപ്പൊക്ക നിവാരണ പദ്ധതി

ഈ പ്രവൃത്തിയുടെ പദ്ധതി റിപ്പോർട്ട് സ്റ്റേറ്റ് ടി.എ.സി. അംഗീകരിച്ചു. പദ്ധതി റിപ്പോർട്ട് കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്.

(ബി) നടപടിക്രമങ്ങളിലും പ്രവൃത്തികൾ ടെണ്ടർ ചെയ്തു കരാറിലേർപ്പെടുന്നതിലും നേരിട്ട കാലതാമസവും പ്രവൃത്തികളിലുണ്ടായ തടസ്സങ്ങളും ബുദ്ധിമുട്ടുകളും കൊണ്ട് പാക്കേജിന്റെ ലക്ഷ്യങ്ങൾ പൂർണ്ണമായും പൂർത്തീകരിക്കുവാൻ കഴിഞ്ഞിരുന്നില്ല.

നടപടിക്രമങ്ങളുടെ കാലതാമസം :

വിശദമായ പദ്ധതിരേഖ കേന്ദ്രഗവൺമെന്റ് അംഗീകരിച്ചതിനുശേഷം കെ.ഇ.എൽ-3, ഓണാട്ടുകര എന്നീ പദ്ധതികൾ കേന്ദ്ര ജലവിഭവ വകുപ്പിന്റെ എംപവേർഡ് കമ്മിറ്റിയുടെ അംഗീകാരത്തിന് കാത്തുനിന്നതിനാലും പാടശേഖരങ്ങളുടെ നിർമ്മാണപ്രവൃത്തികളുടെ ടെണ്ടർ നടപടികൾ ഗ്രൂപ്പ് അടിസ്ഥാനത്തിൽ ക്ഷണിച്ചതുമൂലവും കരാറുകാർ പ്രവൃത്തികൾ ഏറ്റെടുക്കുവാൻ വിസമ്മതിച്ചതിനാലും

കാലതാമസമുണ്ടായി. ടി പ്രവൃത്തികൾ വീണ്ടും ടെണ്ടർ ചെയ്യുന്ന അവസരത്തിൽ പൊതുമരാമത്ത് നിരക്കുകൾ പുനർനിർണ്ണയിച്ചതിനാൽ എസ്റ്റിമേറ്റുകൾ പുതുക്കേണ്ട സാഹചര്യവും കാലതാമസത്തിന് കാരണമായിട്ടുണ്ട്. കെ.ഇ.എൽ-3, ഓണാട്ടുകര, കുട്ടനാട് താലൂക്ക് എന്നീ പദ്ധതികളുടെ പാടശേഖരങ്ങളുടെ പ്രവൃത്തികൾക്കുള്ള ആദ്യദർഘാസിന് കരാറുകാരിൽനിന്നും പ്രതികരണം ലഭിക്കാത്തതിനാൽ വീണ്ടും ടെണ്ടർ നടപടികൾ പൂർത്തീകരിക്കുവാൻ കാലതാമസം നേരിട്ടു.

കെ.ഇ.എൽ-2, തണ്ണീർമുക്കം എന്നീ പദ്ധതികൾക്ക് കരാറുകാർ തമ്മിലുള്ള തർക്കം കോടതി വ്യവഹാരത്തിലേക്ക് നയിച്ചതിനാൽ കരാറിലേർപ്പെടുന്നതിന് കാലതാമസം നേരിട്ടു. സമുദ്രനിരപ്പിന് താഴെ സ്ഥിതി ചെയ്യുന്ന പാടശേഖരങ്ങളിൽ മഴക്കാലത്ത് വെള്ളപ്പൊക്കംമൂലം നിർമ്മാണപ്രവൃത്തികൾ സാദ്ധ്യമാകാത്തതിനാൽ നിർമ്മാണ പ്രവൃത്തികൾ വൈകാൻ ഇടയായിട്ടുണ്ട്. കൂടാതെ കൃഷി ചെയ്യുന്ന പാടശേഖരങ്ങളിൽ കൃഷിയേയും അനുബന്ധപ്രവൃത്തികളേയും ബാധിക്കുന്നതിനാൽ നിർമ്മാണ പ്രവൃത്തികൾ തടസ്സപ്പെടുന്നു. മോട്ടോർത്തറകളുടെയും മോട്ടർപുരകളുടെയും നിർമ്മാണം കൃഷി നടക്കുമ്പോഴും കൃഷി ഒരുക്കുവാൻവേണ്ടി വെള്ളം വറ്റിക്കുന്ന സമയത്തും നടത്തുവാൻ സാധിക്കുന്നില്ല. ആയതിനാൽ ഒരു വർഷത്തിൽ ഏകദേശം മൂന്ന് മാസം മാത്രമേ നിർമ്മാണ പ്രവൃത്തികൾക്കായി ലഭിക്കാറുള്ളൂ. പാടശേഖരങ്ങളിലേക്കുള്ള സാധനസാമഗ്രികളുടെ നീക്കം ഇടുങ്ങിയതും പോള നിറഞ്ഞതുമായ തോടുകളിലൂടെ ആയതിനാലും നിർമ്മാണം മന്ദഗതിയിലാകുന്നു. നിർമ്മാണപ്രവൃത്തികൾ വീതികുറഞ്ഞ പുറംബണ്ടുകളിലായതിനാൽ സാധനസാമഗ്രികൾ (പ്രത്യേകിച്ച് കരിങ്കല്ല്) സംഭരിക്കുവാനുള്ള കടവുകളുടെ അഭാവം, സാധനസാമഗ്രികൾ പണിസ്ഥലത്ത് സംഭരിക്കുവാനുള്ള സ്ഥലപരിധി, കർഷകരുടെയും തദ്ദേശവാസികളുടെയും എതിർപ്പ്, നിലവിൽ റോഡ് സൗകര്യമുള്ളിടത്ത് ചെളികൊണ്ട് ബണ്ടുയർത്തുന്നതിന് തദ്ദേശവാസികളുടെ എതിർപ്പ്, വെള്ളത്തിൽനിന്നുകൊണ്ട് കല്ലടുക്കി പണിയുവാൻ വൈഭവമുള്ള തൊഴിലാളികളുടെ ദൗർലഭ്യം, പാറമടകളുടെ നിരോധനത്തെ തുടർന്നുള്ള കരിങ്കല്ലിന്റെ ലഭ്യതക്കുറവ് എന്നിവയെല്ലാം പ്രവൃത്തികളുടെ പൂർത്തീകരണത്തിൽ കാലതാമസം സൃഷ്ടിച്ചു. കേന്ദ്ര സംസ്ഥാന സർക്കാരുകൾ അനുവദിച്ച തുകയുടെയും ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.* പദ്ധതി നടത്തിപ്പിൽ സർക്കാരിന്റെ ഭാഗത്തുനിന്നും വീഴ്ച സംഭവിച്ചിട്ടില്ല.

(സി) ഇതുസംബന്ധിച്ച് കേന്ദ്രസർക്കാർ അറിയിപ്പുകൾ ഒന്നുംതന്നെ ജലവിഭവ വകുപ്പിന് ലഭ്യമാക്കിയിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## പ്ലാച്ചിമട കൊക്കകോള വിക്ടിംസ് റിലീഫ് ആന്റ് കോമ്പൻസേഷൻ സ്പെഷ്യൽ ട്രിബ്യൂണൽ ബിൽ

26 (*86) ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. കെ. ബാബു :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാച്ചിമട കൊക്കകോള വിക്ടിംസ് റിലീഫ് ആന്റ് കോമ്പൻസേഷൻ സ്പെഷ്യൽ ട്രിബ്യൂണൽ ബിൽ അംഗീകാരം നൽകാതെ രാഷ്ട്രപതി മടക്കിയതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്നാണ് അറിയിച്ചിരിക്കുന്നത്;

(ബി) അപാകതകൾ പരിഹരിച്ച് ബിൽ വീണ്ടും പാസ്സാക്കാൻ നടപടിയെടുക്കുമോ; വിശദമാക്കാമോ;

(സി) ദുരിതബാധിതർക്ക് വൈകാതെ നഷ്ടപരിഹാരം ലഭ്യമാക്കാനായി എന്തു നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു. ടി. തോമസ്) :

(എ) ദേശീയ ഹരിത ട്രിബ്യൂണൽ ബിൽ 2011-ലുള്ള വകുപ്പുകൾ പ്രകാരം പ്ലാച്ചിമട കൊക്കകോള കമ്പനിമൂലം ദുരിതമനുഭവിക്കുന്ന ജനങ്ങൾക്ക് നഷ്ടപരിഹാരം നൽകാവുന്നതാണ് എന്നതുകൊണ്ട് ഇതിനുവേണ്ടി ഒരു പ്രത്യേക ട്രിബ്യൂണൽ സ്ഥാപിക്കുന്നതിനുവേണ്ടി നിയമനിർമ്മാണം ആവശ്യമില്ലെന്നാണ് അറിയിച്ചിരിക്കുന്നത്.

(ബി&സി) ബിൽ വീണ്ടും പാസ്സാക്കുന്നത് പ്രശ്നത്തിന് പരിഹാരമാവില്ല. ഇക്കാര്യത്തിൽ സ്വീകരിക്കേണ്ട അനന്തര നടപടികൾ സംബന്ധിച്ച് പരിശോധിച്ചുവരുന്നു.

## വനാവകാശ നിയമം

27(*87) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനാവകാശ നിയമ പ്രകാരം ആദിവാസികൾക്ക് ലഭിച്ച ഭൂമി വനം വകുപ്പ് ഇപ്പോഴും വനഭൂമിയായി കണക്കാക്കുന്ന സാഹചര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇതു കാരണം വീട് വയ്ക്കാനോ വനവിഭവങ്ങൾ ശേഖരിക്കാനോ ആദിവാസികൾക്ക് കഴിയാത്ത സാഹചര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) ആദിവാസികളുടെ വനഭൂമിക്ക് റവന്യൂ ഭൂമിയുടെ പദവി നൽകി ഭൂമി ക്രയവിക്രയം അടക്കമുള്ള അധികാരം ആദിവാസികൾക്ക് ഉറപ്പുവരുത്തുന്നതിന് നിയമനിർമ്മാണത്തിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) :

(എ) വനാവകാശ നിയമപ്രകാരം ആദിവാസികൾക്ക് ലഭിച്ച ഭൂമി വനം വകുപ്പ് ഇപ്പോഴും വനഭൂമിയായി കണക്കാക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ വനഭൂമിക്ക് ലഭിച്ച കൈവശരേഖയിൽ നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതിന് വനം വകുപ്പിന്റെ അനുമതി തേടേണ്ടതുണ്ട്.

(ബി) വീട് വയ്ക്കാനോ വനവിഭവങ്ങൾ ശേഖരിക്കാനോ ആദിവാസികൾക്ക് കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ആദിവാസികളുടെ വനഭൂമിക്ക് റവന്യൂ ഭൂമിയുടെ പദവി നൽകി ഭൂമി ക്രയവിക്രയം അടക്കമുള്ള അധികാരം ആദിവാസികൾക്ക് ഉറപ്പുവരുത്തുന്നത് ആദിവാസികളുടെ പരമ്പരാഗതമായ ആവാസവ്യവസ്ഥയ്ക്കും കൃഷിരീതിക്കും വിഘാതമാകുമെന്നതിനാൽ ഇക്കാര്യം പരിഗണിക്കാൻ നിർവ്വാഹമില്ല. പട്ടികഗോത്രവർഗ്ഗങ്ങൾക്കും മറ്റ് പരമ്പരാഗത വനവാസികൾക്കും (വനാവകാശം അംഗീകരിക്കൽ) ആക്ട് 2006 പ്രകാരം നൽകുന്ന വനഭൂമിക്കുള്ള അവകാശം പിൻതുടർച്ചയായി അവകാശികൾക്ക് ലഭിക്കും. മറ്റ് കൈമാറ്റങ്ങൾ കേന്ദ്ര നിയമത്തിന് വിരുദ്ധമാണ്.

**കടലാക്രമണം ചെറുക്കുന്നതിനുള്ള നടപടികൾ**

28 (*88) ഡോ. എൻ. ജയരാജ് :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടൽക്ഷോഭത്തിൽ നിന്നും തീരദേശവാസികളെ രക്ഷിക്കുവാനുള്ള പുതിയ പദ്ധതികൾ ഈ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) കടൽഭിത്തിയും പുലിമുട്ട് നിർമ്മാണവും വഴി തീരദേശവാസികൾക്ക് സംരക്ഷണം നൽകാൻ കഴിയുന്നുണ്ടോ; പുതുതായി ഏതെല്ലാം സ്ഥലങ്ങളിൽ പുലിമുട്ട് നിർമ്മാണം പൂർത്തീകരിച്ചു എന്ന് വ്യക്തമാക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു. ടി. തോമസ്) :

(എ) ഈ സർക്കാർ ഇതിനകം പുതിയ പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല.

(ബി) കഴിയുന്നുണ്ട്. തിരുവനന്തപുരം ജില്ലയിൽ പൂന്തുറ, പനത്തുറക്കര എന്നീ സ്ഥലങ്ങളിൽ പുലിമുട്ടുകൾ പൂർത്തീകരിച്ചു.

**വനഭൂമി തട്ടിപ്പുകേസിൽ സി.ബി.ഐ. അന്വേഷണം**

29 (*89) ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. ആന്റണി ജോൺ :
ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടമുടമകൾ നിയമവിരുദ്ധമായി കൈവശം വച്ചിട്ടുള്ള നെല്ലിയാമ്പതിയിലെ വനഭൂമി തിരികെ പിടിക്കാനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ;

(ബി) ഇക്കാര്യത്തിൽ ഉണ്ടായിട്ടുള്ള കോടതി ഉത്തരവുകളുടെ വിശദാംശം നൽകാമോ;

(സി) തോട്ടമുടകളുമായുള്ള കരാർ വ്യവസ്ഥകൾ വെളിപ്പെടുത്താമോ; വ്യവസ്ഥകളുടെ ലംഘനം നടന്നതായി കണ്ടെത്തിയിരുന്നോ; എങ്കിൽ അതിന്റെ വിശദവിവരം വെളിപ്പെടുത്തുമോ;

(ഡി) വനഭൂമി തട്ടിപ്പുകേസിൽ മുൻ വനം വകുപ്പുമന്ത്രി സി.ബി.ഐ. അന്വേഷണം ആവശ്യപ്പെട്ടിരുന്നോ; സി.ബി.ഐ. അന്വേഷണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു) :

(എ) പാട്ടത്തിന് നൽകിയ വനഭൂമി പാട്ടവ്യവസ്ഥകൾക്ക് വിരുദ്ധമായി അനധികൃതമായി കൈമാറ്റം ചെയ്യതും, പാട്ടക്കരാർ/വനനിയമങ്ങളുടെ ലംഘനം നടത്തിയതും പാട്ടക്കരാർ കാലാവധി കഴിഞ്ഞതുമായ നെല്ലിയാമ്പതിയിലെ ഉൾപ്പെടെയുള്ള എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്നതിലേക്കായി നിലവിലെ കൈവശക്കാർക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകി അവർക്ക് എതിർവാദങ്ങൾ ഉന്നയിക്കുന്നതിന് അവസരം നൽകി അവ പരിശോധിച്ച് തൃപ്തികരമല്ലാത്തപക്ഷം പ്രസ്തുത എസ്റ്റേറ്റുകൾ സർക്കാരിലേക്ക് ഏറ്റെടുക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(ബി) നെല്ലിയാമ്പതിയിൽ വനം വകുപ്പ് പാട്ടത്തിന് നൽകിയ എസ്റ്റേറ്റുകളിൽ 30 എണ്ണം തിരിച്ചെടുക്കാൻ സർക്കാർ തീരുമാനമായിട്ടുണ്ട്. ഇപ്രകാരം തിരിച്ചെടുത്ത ബിയാട്രീസ് എസ്റ്റേറ്റ് ബിറ്റ്-1 മായി ബന്ധപ്പെട്ട് WP(C) No.35832/15 നമ്പർ കേസിൽ മേൽപ്പടി എസ്റ്റേറ്റ് തിരികെ നൽകുന്നതിന് 26-11-2015-ൽ ബഹു. ഹൈക്കോടതി ഉത്തരവാകുകയുണ്ടായി. അതിനെതിരെ ബഹു. സുപ്രീം കോടതിയിൽ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്. ബിയാട്രീസ് എസ്റ്റേറ്റിലെ മറ്റൊരു ബിറ്റുമായി ബന്ധപ്പെട്ട ബഹു. ഹൈക്കോടതിയിലുള്ള WA.369 &375/15 നമ്പർ കേസ്സുകളിലെ 10-7-2015-ലെ ഉത്തരവിനെതിരെ ബഹു. സുപ്രീം കോടതിയിൽ അപ്പീൽ ഫയൽ ചെയ്തിരുന്നു. ബഹു. സുപ്രീം കോടതി 11-1-2016-ലെ ഉത്തരവ് പ്രകാരം ബഹു. ഹൈക്കോടതിയുടെ മേൽഉത്തരവ് സ്റ്റേ ചെയ്തിട്ടുണ്ട്. നെല്ലിയാമ്പതിയിലെ മീരാ ഫ്ലോറസ് എസ്റ്റേറ്റ് ഏറ്റെടുത്തതിനെതിരെ M/s. New World Investment (P) Ltd ഫയൽ ചെയ്ത 18339/11-ാം നമ്പർ റിട്ട് പെറ്റീഷൻ 19-11-2015-ലെ ഉത്തരവുപ്രകാരം ബഹു. ഹൈക്കോടതി തള്ളിക്കളഞ്ഞിട്ടുണ്ട്. നെല്ലിയാമ്പതിയിലെ തന്നെ 20 എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്നതിനുള്ള ഉത്തരവുകൾ നടപ്പാക്കുന്നതിന് എതിരെ ബഹു. ഹൈക്കോടതി വിവിധ തീയതികളിലായി സ്റ്റേ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി കേസുകളിൽ എതിർ സത്യവാങ്മൂലം ഫയൽ ചെയ്തിട്ടുണ്ടെങ്കിലും സ്റ്റേ ഒഴിവാക്കി കിട്ടിയിട്ടില്ല. വിശദാംശങ്ങൾ അനുബന്ധം- 1 ആയി ചേർക്കുന്നു.*

(സി) നെല്ലിയാമ്പതിയിലെ എസ്റ്റേറ്റുകളിൽ ഭൂരിഭാഗവും മുൻ കൊച്ചിരാജാവ് അനിശ്ചിതകാലത്തേക്ക് കാർഷികാവശ്യത്തിനായി വിദേശികൾക്ക് പാട്ടത്തിന് കൈമാറ്റം ചെയ്തിട്ടുള്ളതാണ്. ടി എസ്റ്റേറ്റുകൾ 8-5-1909-ലെ കൊച്ചി സർക്കാരിന്റെ വിജ്ഞാപനപ്രകാരം റിസർവ് വനമായി സംരക്ഷിക്കപ്പെട്ടിട്ടുള്ളതാണ്. ഓരോ എസ്റ്റേറ്റിനും പ്രത്യേകം പാട്ടക്കരാർ നിലവിലുണ്ട്. നിലവിലെ കൈവശക്കാർ ടി എസ്റ്റേറ്റുകൾ കൈവശപ്പെടുത്തിയിട്ടുള്ളത് കരാറിന് വിരുദ്ധമായ അനവധി കൈമാറ്റങ്ങളിലൂടെയാണ്. കരാർവ്യവസ്ഥയിലെ ഈ ലംഘനങ്ങൾ കണ്ടെത്തിയതിനെത്തുടർന്ന് എസ്റ്റേറ്റുകൾ സർക്കാരിലേക്ക് ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. തോട്ടം ഉടമകളുമായി കൊച്ചി സർക്കാർ ഏർപ്പെട്ട കരാറുകളിലെ ചില പ്രധാന വ്യവസ്ഥകൾ താഴെ രേഖപ്പെടുത്തുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(1) പാട്ടഭൂമിയിലൂടെ ഒഴുകുന്ന പുഴകൾ, നീർച്ചാലുകൾ മുതലായവയിലുള്ള വെള്ളം എസ്റ്റേറ്റ് ആവശ്യങ്ങൾക്ക് വേണ്ടതിൽ അധികമായി വരുന്നതിന്റെ അവകാശവും ചെറുകിട വനവിഭവങ്ങൾ ശേഖരിക്കാനും നീക്കം ചെയ്യാനുമുള്ള അവകാശവും സർക്കാരിനുള്ളതാകുന്നു.

(2) പാട്ടക്കരാറിൽ ഉൾപ്പെട്ട ഭൂമിയും ചുറ്റുപാടും പാട്ടക്കാരന് കൈവശം വയ്ക്കുന്നതിനും അനുഭവിക്കുന്നതിനും മാത്രം അവകാശമുള്ളതാണ്.

(3) പാട്ടഭൂമിയിലെ തേക്ക്, എബണി, കരിമരം എന്നിവ ഒഴികെയുള്ള മരങ്ങൾ പാട്ടത്തീയതി മുതൽ ആറ് മാസത്തിനുള്ളിൽ മുറിച്ച് നീക്കം ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം നിശ്ചിത ഫീസ് സർക്കാരിന് ഒടുക്കി പാട്ടക്കാരന് ഏറ്റെടുക്കാവുന്നതാണ്.

(4) പാട്ടക്കാരന് താത്പര്യമില്ലാത്തപക്ഷം പാട്ടഭൂമി മുഴുവനായോ ഭാഗികമായോ സർക്കാരിന് തിരികെ നൽകാവുന്നതാണ്.

(5) പാട്ടക്കാരൻ കുടിശ്ശിക വരുത്തുന്നപക്ഷം പാട്ടക്കാരന്റെ ലഭ്യമായ വകകൾ വിറ്റ് ഈടാക്കാവുന്നതാണ്.

(6) പാട്ടഭൂമിയിലൂടെ കടന്നുപോകുന്നതും പാട്ടക്കാലാവധിക്കുമുമ്പായി നിലവിലുള്ളതുമായ വഴികൾ ഉപയോഗിക്കാവുന്നതാണ്.

(7) പാട്ടഭൂമിയുടെ എല്ലാ കൈമാറ്റങ്ങളും നാലുമാസത്തിനുള്ളിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.

(8) പാട്ടക്കാരന്റെ കൃഷി ചെയ്ത ഭൂമി ഏറ്റെടുക്കുകയാണെങ്കിൽ പാട്ടക്കാരന് കൃഷിക്കും നിർമ്മിതികൾക്കും നഷ്ടപരിഹാരം നൽകുന്നതാണ്.

(ഡി) നെല്ലിയാമ്പതിയിലെ പാട്ടഭൂമി വിവിധ ബാങ്കുകളിൽ പണയപ്പെടുത്തി ലോൺ എടുത്തതുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ സംബന്ധിച്ച് പാടഗിരി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന കേസുകൾ മുൻ വനംവകുപ്പുമന്ത്രിയുടെ ശിപാർശപ്രകാരം സി.ബി.ഐ. അന്വേഷിച്ചിരുന്നു. ഇതിന്റെ റിപ്പോർട്ട് സി.ബി.ഐ. ബഹു. കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. പുതുതായി സി.ബി.ഐ. അന്വേഷണം നടത്തുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിന് നയപരമായ തീരുമാനം ആവശ്യമാണ്.

## ജലനിധി രണ്ടാംഘട്ട പദ്ധതികൾ

30 (*90) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. അനിൽ അക്കര :
ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലനിധി രണ്ടാംഘട്ട പദ്ധതികൾ ആരംഭിക്കുന്നതിന് മുൻ ഗവൺമെന്റ് എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിരുന്നു; വിശദമാക്കുമോ;

(ബി) ഇതുവഴി എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിച്ചത്;

(സി) ഇതിനായി ഭരണതലത്തിൽ കൈക്കൊണ്ട നടപടികൾ എന്തെല്ലാം; വിശദമാക്കാമോ;

(ഡി) പദ്ധതി നിർവ്വഹണത്തിൽ കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു. ടി. തോമസ്) :

(എ) 2012-2017 കാലയളവിൽ ഗ്രാമപഞ്ചായത്തുകളിൽ ജനകീയ പങ്കാളിത്തത്തോടെ, കുടിവെള്ള ശുചിത്വസൗകര്യങ്ങൾ ഒരുക്കുന്നതിന് 1022 കോടി രൂപ മുതൽ മുടക്ക് പ്രതീക്ഷിക്കുന്ന രണ്ടാംഘട്ട ജലനിധി പദ്ധതി സർക്കാർ ആവിഷ്കരിക്കുകയും ലോകബാങ്കിൽ നിന്നും ആവശ്യമായ ധനസഹായം ലഭിക്കുകയും ചെയ്തിട്ടുണ്ട്. എറണാകുളം, ആലപ്പുഴ ഒഴികെ കേരളത്തിലെ എല്ലാ ജില്ലകളിൽ നിന്നുമുള്ള തെരഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായത്തുകളിലും തുടർന്നുള്ള ബാച്ചുകളിൽ കാസർഗോഡ്, കണ്ണൂർ, വയനാട്, മലപ്പുറം, കോഴിക്കോട്, പാലക്കാട്, കോട്ടയം, ഇടുക്കി, തൃശ്ശൂർ എന്നീ 9 ജില്ലകളിലെ തെരഞ്ഞെടുത്ത വിവിധ പഞ്ചായത്തുകളിലുമാണ് പദ്ധതി നടപ്പിലാക്കുന്നത്.

(ബി) ഗ്രാമീണ ജനതയ്ക്ക് ഗുണമേന്മയേറിയതും, സുസ്ഥിരവുമായ കുടിവെള്ള ശുചിത്വസൗകര്യങ്ങൾ ആവശ്യാധിഷ്ഠിതമായി വികേന്ദ്രീകൃത രീതിയിൽ ഒരുക്കുന്നതാണ് പദ്ധതിയുടെ പ്രാഥമികലക്ഷ്യം. മൂന്നുബാച്ചുകളിലായി 11.5 ലക്ഷത്തോളം പേർക്ക് സുരക്ഷിതമായ കുടിവെള്ളവും 6.9 ലക്ഷം പേർക്ക് ശുചിത്വ സംവിധാനങ്ങളും നടപ്പാക്കാൻ പദ്ധതി ലക്ഷ്യമിട്ടിട്ടുണ്ട്.

(സി) വിവിധ ബാച്ചുകളിലായി നടപ്പാക്കുന്ന പദ്ധതിയുടെ ഒന്നാം ബാച്ചിൽ ആലപ്പുഴ, എറണാകുളം ഒഴികെ മറ്റു ജില്ലകളിൽ നിന്നും തെരഞ്ഞെടുക്കുന്ന ഗ്രാമപഞ്ചായത്തുകളിലും തുടർന്നുള്ള ബാച്ചുകളിൽ കാസർഗോഡ്, കണ്ണൂർ, വയനാട്, മലപ്പുറം, കോഴിക്കോട്, പാലക്കാട്, കോട്ടയം, ഇടുക്കി, തൃശ്ശൂർ എന്നീ ജില്ലകളിലെ തെരഞ്ഞെടുക്കുന്ന വിവിധ പഞ്ചായത്തുകളിലും പദ്ധതി നടപ്പാക്കുന്നതിന് സർക്കാർ തീരുമാനിക്കുകയുണ്ടായി. കൂടാതെ കേരള വാട്ടർ അതോറിറ്റിയുടെ ഏതാനും മൾട്ടി ജി.പി. പദ്ധതികൾ പുനരുദ്ധാരണ, നവീകരണ പ്രവർത്തനങ്ങൾ നടത്തി, സമീപ പഞ്ചായത്തുകൾക്ക് ജലനിധി മാതൃകയിൽ ജലവിതരണം നടത്തുന്നതിനുള്ള പദ്ധതികളും നടപ്പാക്കുന്നതിന് തീരുമാനിച്ചിരുന്നു. ടി പഞ്ചായത്തുകളിൽ എല്ലാം തന്നെ ശുചിത്വസൗകര്യങ്ങളും ഗ്രൗണ്ട് വാട്ടർ റീചാർജ്ജ് സംവിധാനങ്ങളും നടപ്പാക്കുന്നതിനും ലക്ഷ്യമിട്ടിട്ടുണ്ട്. ജലനിധി രണ്ടാംഘട്ട പദ്ധതി നിർവ്വഹണത്തിനാവശ്യമായ തുകയിൽ 64% ലോകബാങ്ക് വായ്പ മുഖേന ലഭ്യമാക്കുകയും ബാക്കി തുക ജലനിധി നിയമാവലി അനുസരിച്ചുള്ള സംസ്ഥാന സർക്കാർ-ഗ്രാമപഞ്ചായത്ത്-ഗുണഭോക്തൃ സമിതികളുടെ വിഹിതമായും എടുക്കുന്നു.

(ഡി) പദ്ധതി നിർവ്വഹണത്തിൽ കൈവരിച്ച പുരോഗതി താഴെ കൊടുക്കുന്നു.

ബാച്ച് - 1 : - 465 കുടിവെള്ള പദ്ധതികൾ നടപ്പാക്കാനായി ഏറ്റെടുത്തതിൽ 441 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ളവ പൂർത്തീകരിക്കുന്നതിനും പദ്ധതികൾ പൂർത്തിയായ പഞ്ചായത്തുകളിൽ നിന്നും പദ്ധതികൾ വിട്ടുതൽ ചെയ്ത് ഗുണഭോക്തൃസമിതികൾക്ക് കൈമാറുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു.

ബാച്ച് - 2 : - 1182 പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിൽ 734 പദ്ധതികൾ ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ളവ ഈ വർഷംതന്നെ പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

ബാച്ച് - 3 : - 498 കുടിവെള്ള പദ്ധതികളാണ് ഈ ബാച്ചിലെ വിവിധ പഞ്ചായത്തുകളിലായി നടപ്പാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. പകുതിയിലേറെ പദ്ധതികളുടെ സ്രോതസ്സുകളുടെ പ്രവർത്തികൾ ആരംഭിച്ചുകഴിഞ്ഞു.

1156 ചെറുകിട ജലവിതരണ പദ്ധതികൾ ഇതുവരെ (മേയ്, 2016) കമ്മീഷൻ ചെയ്തിട്ടുണ്ട്. 342000 ത്തോളം ഗുണഭോക്താക്കൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നുണ്ട്. മൾട്ടി ജി.പി പദ്ധതികൾ - 12 ഗ്രാമപഞ്ചായത്തുകൾക്ക് കുടിവെള്ള വിതരണം നടത്തുന്നതിനായി മൂന്ന് കെ.ഡബ്ല്യു.എ. പദ്ധതികൾ തെരഞ്ഞെടുത്തിരുന്നു. ഇതിൽ മാളയും സമീപ അഞ്ച് പഞ്ചായത്തുകൾക്കുമുള്ള പദ്ധതിയിൽ കേരള വാട്ടർ അതോറിറ്റിയുടെ പൊതുഘടകങ്ങളുടെ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ജലനിധി വിതരണ ശൃംഖലയുടെ 90 ശതമാനം പണിയും പൂർത്തിയായിട്ടുണ്ട്. ഊരകം, വേങ്ങര, പറപ്പൂർ പദ്ധതിയും തെന്നല, ഒഴൂർ, പെരുമണ്ണക്ലാരി പദ്ധതിയും കേരള വാട്ടർ അതോറിറ്റി, ജലനിധി ഘടകങ്ങളുടെ പ്രവർത്തികളും പുരോഗമിച്ചുവരുന്നു. ജലനിധി രണ്ടാംഘട്ട പദ്ധതിയുടെ റീസ്ട്രക്ച്ചറിംഗിനുവേണ്ടിയുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### എരിമയൂർ കുണ്ടുകാട് കോളനിയിലെ നിർമ്മാണപ്രവർത്തനങ്ങൾ

1(478) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വയംപര്യാപ്ത ഗ്രാമമായി തെരഞ്ഞെടുത്ത എരിമയൂർ പഞ്ചായത്തിലെ കുണ്ടുകാട് കോളനിയിലെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം പ്രവൃത്തികളാണ് ഇതിനകം പൂർത്തീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) സ്വയംപര്യാപ്ത ഗ്രാമമായി തെരഞ്ഞെടുത്ത എരിമയൂർ പഞ്ചായത്തിലെ കുണ്ടുകാട് കോളനിയിലെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടില്ല.

(ബി) (1) 28 വീടുകളുടെ പ്ലാസ്റ്ററിംഗ് വർക്ക് പൂർത്തീകരിച്ചിട്ടുണ്ട്.

(2) എരിമയൂർ കുത്തന്നൂർ റോഡിൽ കോളനിക്കകത്ത് 200 മീറ്റർ സൈഡ് കെട്ടിയിട്ടുണ്ട്.

(3) വാട്ടർ ടാങ്കിന്റെ പില്ലറുകൾ മുകൾഭാഗം സ്ലാബ് കോൺക്രീറ്റിംഗ്.

(4) കോളനിക്കകത്ത് ഏകദേശം 100 മീറ്റർ റോഡ് കോൺക്രീറ്റ് ചെയ്തിട്ടുണ്ട്.

(5) ടി റോഡിന്റെ ഇരുവശത്തിലും റീറ്റൈനിംഗ് വാൾ നിർമ്മിച്ചിട്ടുണ്ട്.

(സി) സ്വയംപര്യാപ്ത ഗ്രാമം പദ്ധതിപ്രകാരം പട്ടികജാതി കോളനി നവീകരണ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. പണികൾ ഏറ്റെടുത്ത ഏജൻസികളുടെ കാര്യശേഷിക്കുറവ്, തനതു മനുഷ്യ വിഭവശേഷിക്കുറവ്, കോളനിയിലെ സ്ഥലലഭ്യതക്കുറവ്, കോളനിക്കാരുടെ ആവശ്യപ്രകാരം എസ്റ്റിമേറ്റിൽ വരുന്ന നിരന്തര മാറ്റങ്ങൾ തുടങ്ങിയ കാരണങ്ങളാലാണ് കോളനികളുടെ നവീകരണ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിക്കാത്തത്.

**വീട് നിർമ്മാണത്തിന് തുക**

2(479) <u>ശ്രീ. സി. ദിവാകരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിൽ വീടുകൾ നിർമ്മിക്കുന്നതിനായി നിലവിൽ എത്ര തുകയാണ് അനുവദിക്കുന്നത്; വിശദമാക്കാമോ;

(ബി) പ്രസ്തുത തുക വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) നിലവിൽ ഭവന നിർമ്മാണ ധനസഹായമായി 3,00,000 രൂപ അനുവദിച്ചുനൽകുന്നുണ്ട്. ധനസഹായ തുകയായ മൂന്ന് ലക്ഷം രൂപ യഥാക്രമം 45000 - രൂപ (15 %) 90,000 രൂപ (30%)1,20,000 - രൂപ (40%) 45000 രൂപ (15%) എന്നീ നാല് ഗഡുകളായി നിർമ്മാണ പുരോഗതിക്ക് അനുസരിച്ച് ഓൺലൈനായി ബാങ്ക് വഴി വിതരണം ചെയ്യുന്നു.

(ബി) ധനസഹായ തുക വർദ്ധിപ്പിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

**സ്വയംപര്യാപ്ത പട്ടികജാതി ഗ്രാമം പദ്ധതി**

3(480) <u>ശ്രീ. ബി. സത്യൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കായി ഭവനനിർമ്മാണം, കുടിവെള്ളം, വൈദ്യുതി, മറ്റടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഒരുക്കുന്നതിനായി പ്രത്യേക പദ്ധതി തയ്യാറാക്കുമോ; വിശദാംശങ്ങൾ നൽകാമോ;

(ബി) പട്ടികജാതി കോളനികൾ സ്വയംപര്യാപ്ത പട്ടികജാതി ഗ്രാമം പദ്ധതിയിലുൾപ്പെടുത്തി നവീകരിക്കുന്ന പദ്ധതി പല കോളനികളിലും തടസ്സപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പൂർത്തീകരിക്കുന്നതിനായി നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കായി ഭവനനിർമ്മാണത്തിന് വകുപ്പ് വഴിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയും നിലവിൽ ധനസഹായം അനുവദിക്കുന്നുണ്ട്. കുടിവെള്ളം, വൈദ്യുതി, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഒരുക്കുന്നതിനായി വകുപ്പിന്റെ കോർപ്പസ് ഫണ്ട് ജില്ലാതലത്തിൽ അനുവദിക്കാറുണ്ട്. തദ്ദേശ സ്ഥാപനങ്ങൾ വഴിയും പദ്ധതി നടപ്പിലാക്കിവരുന്നു. ടി ആവശ്യങ്ങൾക്കായി പ്രത്യേക പദ്ധതി തയ്യാറാക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

(ബി) ഉണ്ട്. സ്വയംപര്യാപ്ത ഗ്രാമം പദ്ധതി ഏറ്റെടുത്തിരിക്കുന്ന വിവിധ ഏജൻസികളുടെ യോഗം വിളിച്ചുചേർക്കുകയും അടിയന്തരമായി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

**മണലൂർ നിയോജകമണ്ഡലത്തിലെ പട്ടികജാതി കോളനികൾ**

4(481) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ നിയോജകമണ്ഡലത്തിൽ എത്ര പട്ടികജാതി കോളനികളാണ് നിലവിലുള്ളത്;

(ബി) ഒരു കോളനി പട്ടികജാതി കോളനിയായി പരിഗണിക്കണമെങ്കിൽ അവിടെ എത്ര പട്ടികജാതി കുടുംബങ്ങൾ ഉണ്ടായിരിക്കണമെന്നാണ് വ്യവസ്ഥയെന്നറിക്കാമോ;

(സി) പട്ടികജാതി കോളനികളുടെ നിലമെച്ചപ്പെടുത്തുന്നതിനായി നിലവിലുള്ള പദ്ധതികൾ എന്തെല്ലാം; പുതിയ പദ്ധതികൾ പരിഗണനയിലുണ്ടോ എന്നുമറിയിക്കാമോ?

ഉത്തരം

(എ) മണലൂർ നിയോജകമണ്ഡലത്തിൽ 82 പട്ടികജാതി കോളനികളാണ് നിലവിലുള്ളത്.

(ബി) ചുരുങ്ങിയത് 10 പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്നതും 50 ശതമാനത്തിൽ അധികം പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതുമായ പ്രദേശങ്ങളെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഒരു പട്ടികജാതി സങ്കേതമായി പരിഗണിക്കുന്നു.

(സി) പട്ടികജാതി കോളനികളിൽ വൈദ്യുതി, കുടിവെള്ളം, ഗതാഗത സൗകര്യം എന്നിവ വിപുലപ്പെടുത്തുന്നതിനും മെച്ചപ്പെട്ട സൗകര്യം ലഭ്യമാക്കുന്നതിലേക്കും അവികസിത കോളനിയിലെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനുമായി വകുപ്പിന്റെ കോർപ്പസ് ഫണ്ട് ശീർഷകത്തിൽ വകയിരുത്തുന്ന തുകയുടെ ഒരു നിശ്ചിത ഭാഗം പട്ടികജാതി സംഖ്യാനുപാതികമായി ജില്ലകൾക്ക് അനുവദിച്ചുവരുന്നു. ഈ പദ്ധതിപ്രകാരം മേൽ പരാമർശിച്ച അടിസ്ഥാനസൗകര്യവികസനത്തിനായി 25 ലക്ഷം രൂപവരെയുള്ള പ്രോജക്ടുകൾക്ക് ജില്ലാതല കമ്മിറ്റിക്ക് അംഗീകാരം നൽകാവുന്നതാണ്. അൻപതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്ന കോളനികളുടെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയും വളരെ ശോചനീയമായ കോളനികളിൽ ഗാന്ധിഗ്രാമം പദ്ധതിയും വകുപ്പ് നടപ്പിലാക്കിവരുന്നു. ഈ പദ്ധതികൾക്ക് പുറമേ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പട്ടികജാതി കോളനികളുടെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് പ്രോജക്ട് അടിസ്ഥാനത്തിൽ എസ്.സി.പി. ഫണ്ട് ഉപയോഗിച്ച് പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യുന്നു. പ്രസ്തുത പദ്ധതികൾക്ക് പുറമേ മറ്റു പാക്കേജുകളൊന്നുംതന്നെ നിലവിൽ പരിഗണനയിലില്ല.

**ഭൂരഹിതരായ പട്ടികജാതിക്കാർക്ക് ഭൂമി നൽകുന്ന പദ്ധതി**

5 (482) <u>ശ്രീ. എ. പി. അനിൽ കുമാർ</u> :
<u>ശ്രീ. കെ. സി. ജോസഫ്</u> :
<u>ശ്രീ. വി. പി. സജീന്ദ്രൻ</u> :
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂരഹിതരായ പട്ടികജാതിക്കാർക്ക് ഭൂമി നൽകുന്നതിനായുള്ള പദ്ധതി മുൻഗവൺമെന്റിന്റെ കാലത്ത് നടപ്പാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) ഈ പദ്ധതിക്ക് എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഉണ്ടായിരുന്നതെന്ന് വിശദമാക്കുമോ;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്;

(ഡി) പദ്ധതി നടത്തിപ്പിൽ എന്തെല്ലാം നേട്ടങ്ങളാണ് കൈവരിക്കാൻ സാധിച്ചതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഭൂരഹിതർക്ക് ഭൂമി വാങ്ങുന്നതിനുള്ള ഒരു പദ്ധതി വകുപ്പിന് കീഴിൽ നടപ്പാക്കി വരുന്നുണ്ട്. ഇതുപ്രകാരം 2011-12 മുതൽ 2015-16 വരെയുള്ള കാലയളവിൽ 30063 പട്ടികജാതി കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിന് ഭൂമി വാങ്ങുന്നതിനുള്ള ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) ഭൂരഹിതരും 50,000 രൂപയിൽ കുറവ് വാർഷിക വരുമാനമുള്ളവരുമായ എല്ലാ പട്ടികജാതി കുടുംബങ്ങൾക്കും സ്വന്തമായി വീട് നിർമ്മിക്കാൻ ഭൂമി ലഭ്യമാക്കുന്നതാണ് ഈ പദ്ധതി.

(സി) പദ്ധതി നടത്തിപ്പിനായി മുൻവർഷങ്ങളിലേതുപോലെ എല്ലാ വർഷവും ബഡ്ജറ്റിൽ നിശ്ചിത തുക വകയിരുത്തുകയും ആയത് തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്ക് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 2011-12-ൽ മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും അനുവദിച്ചിരുന്ന 1.75 ലക്ഷം, 2 ലക്ഷം രൂപ എന്നിവ യഥാക്രമം 2 ലക്ഷവും 3 ലക്ഷവുമായി വർദ്ധിപ്പിച്ചു. 2014-15-ൽ പഞ്ചായത്തുകളിൽ ചുരുങ്ങിയത് 5 സെന്റ് സ്ഥലം വാങ്ങുന്നതിന് 3.75 ലക്ഷം രൂപയും മുനിസിപ്പാലിറ്റികളിൽ 3 സെന്റ് സ്ഥലം വാങ്ങുന്നതിന് 4.5 ലക്ഷം രൂപയും കോർപ്പറേഷനുകളിൽ 3 സെന്റ് സ്ഥലം വാങ്ങുന്നതിന് 6 ലക്ഷം രൂപയുമായി ധനസഹായത്തുക വർദ്ധിപ്പിക്കുകയുണ്ടായി.

(ഡി) സംസ്ഥാനത്തെ ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങളുടെ എണ്ണം കുറച്ചുകൊണ്ട് വരുന്നതിനാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

**പട്ടികജാതി പട്ടികവർഗ്ഗ ജനവിഭാഗങ്ങൾക്കായി മൊബൈൽ ക്ലിനിക്കുകൾ**

6 (483) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി - പട്ടികവർഗ്ഗ ജനവിഭാഗങ്ങൾക്കായി വാമനപുരം നിയോജക മണ്ഡലത്തിൽ എവിടെയെങ്കിലും മൊബൈൽ ക്ലിനിക്കുകൾ പ്രവർത്തനം നടത്തുന്നുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) എസ് സി. - എസ് റ്റി. ജനവിഭാഗങ്ങൾ കൂടുതലായി അധിവസിക്കുന്ന പെരിങ്ങമല, നന്ദിയോട്, പാങ്ങോട് പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് മൊബൈൽ ക്ലിനിക്കുകളുടെ സേവനം ലഭ്യമാക്കുന്നതിനും, അവർക്ക് ആവശ്യമായ മരുന്നുകൾ സൗജന്യമായി എത്തിക്കുന്നതിനും സൗജന്യ ലബോറട്ടറി സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകൾ മുഖാന്തിരം വാമനപുരം നിയോജകമണ്ഡലത്തിൽ പ്രത്യേകമായ മൊബൈൽ ക്ലിനിക്കുകൾ പ്രവർത്തനം നടത്തുന്നില്ല.

(ബി) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ നെടുമങ്ങാട് പ്രവർത്തിച്ചു വരുന്ന മൊബൈൽ മെഡിക്കൽ യൂണിറ്റ് വാമനപുരം നിയോജകമണ്ഡലത്തിലെ പട്ടികവർഗ്ഗ സെറ്റിൽമെന്റുകൾ സന്ദർശിച്ച് മെഡിക്കൽ സേവനവും സൗജന്യ മരുന്നുവിതരണവും നടത്തുന്നുണ്ട്. കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതിപ്രകാരം ലാബോറട്ടറി, ചികിത്സാച്ചെലവുകൾ ഉൾപ്പെടെയുള്ള മെഡിക്കൽ ചെലവുകൾക്ക് ധനസഹായം അനുവദിക്കുന്നുണ്ട്.

## പട്ടികജാതി കോളനികളുടെ വികസനം

7 (484) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിക്കാരുടെ ഉന്നമനത്തിനും പട്ടികജാതി കോളനികളുടെ വികസനത്തിനുമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരമേൽക്കുന്ന സമയത്ത് പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളുടെ പൊതു സ്ഥിതിയെന്തായിരുന്നു എന്നത് വിശദമാക്കാമോ;

(സി) കൊയിലാണ്ടി മണ്ഡലത്തിൽ എത്ര പട്ടികജാതി കോളനികളാണുള്ളതെന്നും അവ ഏതെല്ലാമാണെന്നും ഓരോ കോളനിയിലെയും കുടുംബങ്ങളുടെ എണ്ണം എത്രയാണെന്നും വിശദമാക്കാമോ;

(ഡി) ഈ കോളനികളിൽ ഓരോന്നിലും ഇന്ന് അനുഭവപ്പെടുന്ന അപര്യാപ്തതകൾ, പരിമിതികൾ, അടിയന്തര വികസനാവശ്യങ്ങൾ എന്നിവ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; ഓരോ കോളനി കേന്ദ്രീകരിച്ചും വിശദമായ പദ്ധതി ആവിഷ്കരിച്ച് കോളനികളിൽ അടിസ്ഥാന സൗകര്യ വികസനം നടപ്പിലാക്കുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പട്ടികജാതി വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട് ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയുടെ 1/3 ഭാഗം പട്ടികജാതി കോളനികളുടെ വിവിധ അടിസ്ഥാന സൗകര്യ വികസനത്തിനായി ജനസംഖ്യാനുപാതികമായി ജില്ലകൾക്ക് അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ഈ പദ്ധതിപ്രകാരം പട്ടികജാതി കോളനികൾക്കുള്ളിലെ റോഡ് നിർമ്മാണം, സംരക്ഷണഭിത്തി നിർമ്മാണം, കലുങ്ക് നിർമ്മാണം, പട്ടികജാതി ഗുണഭോക്താക്കൾക്ക് വ്യക്തിഗത കണക്ഷൻ മുഖേന കുടിവെള്ളം ലഭ്യമാക്കുന്ന പദ്ധതി, പട്ടികജാതി സങ്കേതങ്ങൾ വൈദ്യുതീകരിക്കൽ എന്നിവ ഏറ്റെടുക്കാവുന്നതാണ്. പ്രസ്തുത പദ്ധതികളുടെ നിർവ്വഹണത്തിനായി 25 ലക്ഷം രൂപയ്ക്കുവരെ ഭരണാനുമതി നൽകാൻ ജില്ലാകളക്ടർ ചെയർമാനായിട്ടുള്ള ജില്ലാതല കമ്മിറ്റിക്ക് അധികാരമുണ്ടായിരിക്കും. പ്രസ്തുത പദ്ധതി ഈ സാമ്പത്തികവർഷവും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

(ബി) 2015-16 സാമ്പത്തിക വർഷം വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾപ്പെടെ വകുപ്പിന് ലഭ്യമായ തുക 1431.10 കോടി രൂപയും ചെലവഴിച്ച തുക 1025.67 കോടി രൂപയുമാണ്. ആകെ 71.67 ശതമാനം തുക വിനിയോഗിച്ചിട്ടുണ്ട്. ഓരോ പദ്ധതിക്കും വകയിരുത്തിയിട്ടുള്ള തുകയും ചെലവഴിച്ച തുകയും പരാമർശിക്കുന്ന വിശദമായ പട്ടിക അനുബന്ധം I ആയി ചേർക്കുന്നു.*

(സി) വിശദമായ പട്ടിക അനുബന്ധം II ആയി ചേർക്കുന്നു.*

(ഡി) മിക്ക കോളനികളിലും ഭാഗികമായി അടിസ്ഥാന സൗകര്യങ്ങളുണ്ടെങ്കിലും കുടിവെള്ളക്ഷാമം, റോഡുകളുടെ ശോചനീയാവസ്ഥ, ടോയ്‌ലെറ്റിന്റെ അഭാവം, തെരുവ് വിളക്കുകളുടെ അഭാവം എന്നിവയാണ് പ്രധാന അപര്യാപ്തതകൾ. ഓരോ കോളനികൾ കേന്ദ്രീകരിച്ചും വിശദമായ പദ്ധതി തയ്യാറാക്കി ജില്ലാതലത്തിൽ അടിസ്ഥാന സൗകര്യവികസനം നടപ്പിലാക്കാവുന്നതാണ്. ഇതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുള്ള എസ്.സി.പി. ഫണ്ടും ജില്ലയ്ക്ക് അനുവദിക്കുന്ന കോർപ്പസ് ഫണ്ടും വിനിയോഗിക്കാവുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പട്ടികജാതി കോളനികളുടെ വികസനം

8(485) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി കോളനികളുടെ അടിസ്ഥാനസൗകര്യ വികസനത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

പട്ടികജാതി കോളനികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി സ്വയംപര്യാപ്ത ഗ്രാമം പദ്ധതി, ഗാന്ധിഗ്രാമം പദ്ധതി എന്നിവ നടപ്പിലാക്കുന്നു. കൂടാതെ വകുപ്പിന്റെ കോർപ്പസ് ഫണ്ട്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എസ്.സി.പി. ഫണ്ട് എന്നിവ വിനിയോഗിച്ച് കോളനികളിൽ കുടിവെള്ളം, റോഡ്, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യവികസന പ്രവർത്തനങ്ങൾ നടത്തുന്നു. 2008-ൽ കില നടത്തിയ സർവ്വേ റിപ്പോർട്ട് പ്രകാരം അൻപതോ അതിലധികമോ പട്ടികജാതിക്കാർ താമസിക്കുന്ന 436 കോളനികളെ സംസ്ഥാനത്തുടനീളം കണ്ടെത്തിയിരുന്നു. ടി കോളനികളിൽനിന്നും എം.എൽ.എ.-മാർ തെരഞ്ഞെടുക്കുന്ന കോളനികളിൽ പരമാവധി ഒരു കോടി രൂപ വരെ ചെലവഴിച്ച് സ്വയംപര്യാപ്ത ഗ്രാമം പദ്ധതി നടപ്പിലാക്കിവരുന്നു. സർക്കാർ അക്രെഡിറ്റഡ് ഏജൻസികളിൽ നിന്നും എം.എൽ.എ./എം.പി.-മാർ നിർദ്ദേശിക്കുന്ന ഏജൻസികൾ മുഖേനയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. ഓരോ കോളനിയുടെയും പ്രവൃത്തിയുടെ സുഗമമായ നടത്തിപ്പിനായി ബന്ധപ്പെട്ട എം.എൽ.എ./എം.പി. (ചെയർമാൻ), വാർഡ് മെമ്പർ, എസ്.സി പ്രമോട്ടർ, ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ, ഏജൻസിയുടെ രണ്ട് പ്രതിനിധികൾ, കോളനിയിൽ നിന്നുള്ള ഒരു വനിതയും പുരുഷനും എന്നിവരടങ്ങുന്ന ഒരു പ്രാദേശിക മോണിറ്ററിംഗ് കമ്മിറ്റി, അവിടെ നടത്തുന്ന വികസന പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നുണ്ട്. 'ഗാന്ധി ഗ്രാമം' പദ്ധതി പ്രകാരം 12 കോളനികളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. ടി പദ്ധതിപ്രകാരം താഴെപ്പറുന്ന വികസന പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്.

(1) കോളനിക്കുള്ളിലെ റോഡ്/നടപ്പാത

(2) കുടിവെള്ളം

(3) വൈദ്യുതീകരണം

(4) വീട് പുനരുദ്ധാരണം

(5) കമ്മ്യൂണിറ്റി ഹാൾ/കളിസ്ഥലം

(6) ഡ്രെയിനേജ്

(7) മാലിന്യസംസ്കരണം

(8) ബയോഗ്യാസ് പ്ലാന്റ്

(9) വരുമാനദായക പദ്ധതികൾ

(10) വനിതകളുടെ സ്വയംസഹായ സംഘങ്ങൾ വഴിയുള്ള സൂക്ഷ്മ സംരംഭങ്ങൾ

(11) സോളാർ തെരുവ് വിളക്ക്

(12) റീട്ടെയിനിംഗ് വാൾ

(13) അടുക്കളത്തോട്ടം

(14) ശുചീകരണ പ്രവർത്തനം

(15) ആശയവിനിമയ സൗകര്യം തുടങ്ങിയ വികസന പ്രവർത്തനങ്ങൾ കോളനികളുടെ സാഹചര്യമനുസരിച്ച് നടപ്പിലാക്കിവരുന്നു.

**പട്ടികജാതി കുടുംബങ്ങളുടെ ഭവന നിർമ്മാണ പദ്ധതി**

9 (486) ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. എം. മുകേഷ് :
ശ്രീ. പി. കെ. ശശി :
ശ്രീമതി വീണാ ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങളുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ അതു ലഭ്യമാക്കുമോ;

(ബി) ഇത്തരം കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിനായി എന്തു പദ്ധതിയാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) മുൻസർക്കാരിന്റെ കാലത്ത് അനുവദിച്ച പരിമിത എണ്ണം വീടുകളിൽ മൂന്നിലൊന്നു മാത്രം പണിപൂർത്തിയാക്കിയതായി പറയപ്പെടുന്ന സ്ഥിതിവിശേഷം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഡി) വീട്ടു നിർമ്മാണം പൂർത്തിയാക്കാൻ കഴിയാതെ ബുദ്ധിമുട്ടുന്നവരെ സഹായിക്കാനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) നിലവിൽ 26210 ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങളുള്ളതായി കണക്കാക്കിയിട്ടുണ്ട്.

(ബി) പട്ടികജാതി വികസന വകുപ്പിന്റെ ഭവന നിർമ്മാണ ധനസഹായ പദ്ധതി നിലവിലുണ്ട്. വീട് നിർമ്മാണത്തിനായി 3,00,000 രൂപ അനുവദിച്ചുവരുന്നു.

(സി) വിലയിരുത്തിയിട്ടുണ്ട്. മുൻസർക്കാരിന്റെ കാലത്ത് ആകെ 24594 വീടുകൾ അനുവദിച്ചതിൽ 14031 എണ്ണം പൂർത്തിയാക്കിയിട്ടുണ്ട്. ഇനി 10563 വീടുകൾ കൂടി പൂർത്തിയാക്കാനുണ്ട്.

(ഡി) ഭവന നിർമ്മാണ ധനസഹായം കൈപ്പറ്റിയിട്ട് പണി പൂർത്തിയാക്കാത്ത വീടുകൾ പൂർത്തിയാക്കുന്നതിനുള്ള പദ്ധതി രൂപീകരിക്കുന്ന വിഷയം പരിശോധിച്ചു വരുന്നു.

**പട്ടികജാതി വിഭാഗക്കാരുടെ ചികിത്സാ ധനസഹായം**

10(487) <u>ശ്രീ. യു. ആർ. പ്രദീപ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗക്കാരുടെ ചികിത്സാ ധനസഹായവുമായി ബന്ധപ്പെട്ട് 2015 ഡിസംബർ മാസം മുതൽ 2016 മാർച്ച് മാസം വരെ ലഭിച്ച ആകെ അപേക്ഷകൾ എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇനിയും തീർപ്പാകാതെയുള്ള അപേക്ഷകൾ എത്രയാണെന്ന് അറിയിക്കുമോ; ആയത് അടിയന്തരമായി തീർപ്പ് കൽപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 9157 എണ്ണം.

(ബി) 5988 എണ്ണം. നടപടി സ്വീകരിക്കുന്നതാണ്.

## പട്ടികജാതി വിഭാഗങ്ങൾക്കുള്ള ഭവന നിർമ്മാണ പദ്ധതി

11(488) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ധനരായ പട്ടികജാതി കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുവാൻ നിലവിൽ എത്ര രൂപയാണ് സർക്കാർ നൽകുന്നതെന്നറിയിക്കാമോ;

(ബി) നിലവിലുള്ള പ്രസ്തുത തുക വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) നിലവിൽ ഭവന നിർമ്മാണ ധനസഹായമായി 3,00,000 രൂപ അനുവദിച്ചു നൽകുന്നുണ്ട്.

(ബി) ധനസഹായ തുക വർദ്ധിപ്പിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

## ഭവനരഹിതരായ പട്ടികജാതിക്കാർക്ക് വീട് നിർമ്മിക്കാൻ പദ്ധതി

12 (489) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭവനരഹിതരായ പട്ടികജാതിക്കാർക്ക് വീട് നിർമ്മിക്കുന്നതിന് മുൻ സർക്കാർ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നിർമ്മാണത്തിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) പദ്ധതി നടത്തിപ്പിലൂടെ എന്തെല്ലാം നേട്ടങ്ങളാണ് കൈവരിച്ചതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഭവന നിർമ്മാണ പദ്ധതി പ്രകാരവും ദുർബ്ബല വിഭാഗ പുനരധിവാസ പദ്ധതിപ്രകാരവും എല്ലാ സാമ്പത്തിക വർഷത്തിലും ഭവനരഹിതരായ പട്ടികജാതിക്കാർക്ക് ഭവനനിർമ്മാണത്തിനായി തുക അനുവദിച്ചു നൽകുന്നുണ്ട്. 2014-15 വർഷം മുതൽ പട്ടികജാതിയിൽപ്പെട്ടവർക്ക് ഭവനനിർമ്മാണ ധനസഹായമായി മൂന്ന് ലക്ഷം രൂപയും പട്ടികജാതിയിലെ ദുർബ്ബലവിഭാഗത്തിൽപ്പെട്ടവർക്ക് 3.5 ലക്ഷം രൂപയും അനുവദിച്ചുവരുന്നു.

ഭവനനിർമ്മാണ പദ്ധതി :

| വർഷം | നീക്കിവച്ച തുക (ലക്ഷത്തിൽ) | അനുവദിച്ച വീടുകളുടെ എണ്ണം | ചെലവഴിച്ച തുക (ലക്ഷത്തിൽ ) |
|---|---|---|---|
| 2011-12 | 9000 | 3500 | 8986.01 |
| 2012-13 | 10000 | 5000 | 9999.85 |
| 2013-14 | 9500 | 6397 | 8484.75 |
| 2014-15 | 16000 | 4500 | 12381.45 |
| 2015-16 | 26000 | 5197 | 14556.65 |

പട്ടികജാതി വിഭാഗത്തിൽ ഒട്ടാകെ അനുവദിച്ച 24594 വീടുകളിൽ 10563 വീടുകൾ പൂർത്തിയായിട്ടില്ല.

ദുർബ്ബല വിഭാഗ ഭവന പുനരധിവാസപദ്ധതി :

| വർഷം | നീക്കിവച്ച തുക (ലക്ഷത്തിൽ) | അനുവദിച്ച വീടുകളുടെ എണ്ണം | ചെലവഴിച്ച തുക (ലക്ഷത്തിൽ ) |
|---|---|---|---|
| 2011-12 | 233.18 | 131 | 227.32 |
| 2012-13 | 165.35 | 96 | 162.85 |
| 2013-14 | 328.54 | 261 | 269.94 |
| 2014-15 | 334.78 | 140 | 267.79 |
| 2015-16 | 1400 | 146 | 620.02 |

(ബി) സംസ്ഥാനത്തെ ഭവനരഹിതരായ പട്ടികജാതിക്കാരെ പുനരധിവസിപ്പിക്കുകയെന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വിവിധ സാമ്പത്തിക വർഷങ്ങളിലായി സ്വന്തമായി സ്ഥലമുള്ള 25324 പേർക്ക് ഭവന നിർമ്മാണ ധനസഹായം അനുവദിച്ച നൽകി. അവരെ പുനരധിവസിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) എല്ലാ സാമ്പത്തിക വർഷവും ഭവന നിർമ്മാണ ധനസഹായത്തിനായി നിശ്ചിത തുക ബഡ്ജറ്റിൽ വകയിരുത്തി ജില്ലകൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. ജില്ലകൾക്ക് ഭൗതികലക്ഷ്യം അനുവദിച്ച് നൽകുകയും ഗുണഭോക്താക്കളെ ഗ്രാമസഭ ലിസ്റ്റിൽ നിന്നും കണ്ടെത്തി ധനസഹായം നാല് ഗഡുക്കളായി ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ട് മുഖേന നൽകിവരുന്നുണ്ട്.

(ഡി) സംസ്ഥാനത്ത് ഭവനരഹിതരായിട്ടുള്ള 25324 പേർക്ക് ഭവന നിർമ്മാണ ധനസഹായം അനുവദിച്ച നൽകുക വഴി ടി കുടുംബങ്ങൾക്ക് സ്വന്തമായി ഭവനം ഉണ്ടാക്കുന്നതിനും അവരുടെ സാമൂഹ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനും സാധിച്ചിട്ടുണ്ട്.

**പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള ഗ്രാന്റ്**

13(490) ശ്രീ. ബി. ഡി. ദേവസ്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഗ്രാന്റ് അനുവദിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗ്രാന്റുകൾ അതാത് അദ്ധ്യയനവർഷം തന്നെ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അപേക്ഷകളിൽ ന്യൂനതകളുണ്ടായാൽ ആയത് പരിഹരിച്ച് കിട്ടുന്നതുവരെ കാലതാമസം ഉണ്ടാകാറുണ്ട്. ന്യൂനത പരിഹരിച്ച് അപേക്ഷ ലഭിക്കുന്നമുറയ്ക്ക് ധനസഹായം അനുവദിക്കുന്നതാണ്.

(ബി) ഇനി മുതൽ ഗ്രാന്റുകൾ അതത് അദ്ധ്യയനവർഷം തന്നെ വിതരണം ചെയ്യുന്നതിന് ശക്തമായ നടപടി സ്വീകരിക്കും.

### പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ ചികിത്സാ ധനസഹായം

14(491) ശ്രീ. ബി. ഡി. ദേവസ്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട നിർദ്ധനരായ രോഗികളുടെ ചികിത്സയ്ക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള അപേക്ഷകളിൽ എന്നുവരെ അപേക്ഷിച്ചവർക്ക് സഹായം അനുവദിച്ചിട്ടുണ്ടെന്നും അനുവദിച്ചവ എന്നുവരെ വിതരണം ചെയ്തിട്ടുണ്ടെന്നും അറിയിക്കാമോ ;

(ബി) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ ചികിത്സാ ധനസഹായ അപേക്ഷകൾ പ്രകാരം ധനസഹായം ഉടൻ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

### പട്ടികജാതിവിഭാഗത്തിൽപ്പെടുന്നവർക്കുള്ള ചികിത്സാ ധനസഹായ വിതരണം

15 (492) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെടുന്നവർക്ക് അനുവദിച്ചതും എന്നാൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വിതരണം നടത്താൻ കഴിയാതെ പോയതുമായ ചികിത്സാ ധനസഹായം അടിയന്തരമായി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന രോഗികൾക്ക് ചികിത്സാധനസഹായം ലഭിക്കുന്നതിനായി ഹാജരാക്കേണ്ട രേഖകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) നടപടി സ്വീകരിക്കുന്നതാണ്.

(ബി) (1) നിശ്ചിത മാതൃകയിലുള്ള ചികിത്സാ ധനസഹായ അപേക്ഷ

(2) ചികിത്സിക്കുന്ന ആശുപത്രിയിൽ നിന്നുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ്

(3) ജാതി സർട്ടിഫിക്കറ്റ്

(4) വരുമാന സർട്ടിഫിക്കറ്റ്

## പ്രീ-മെട്രിക് ഹോസ്റ്റലുകളിലെ വിദ്യാർത്ഥികളുടെ ആനുകൂല്യങ്ങൾ

16 (493) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രീ-മെട്രിക് ഹോസ്റ്റലുകളിലെ വിദ്യാർത്ഥികൾക്ക് നല്കിവരുന്ന അലവൻസുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പോക്കറ്റ് മണി, യൂണിഫോം അലവൻസ്, ബാഗ്, ചെരുപ്പ് അലവൻസുകൾ എന്നിവ കാലാനുസൃതമായി വർദ്ധിപ്പിച്ച് നൽകുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഹോസ്റ്റൽ വിദ്യാർത്ഥികൾക്ക് പഠനയാത്രക്കാവശ്യമായ ഫണ്ട് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) പ്രീ-മെട്രിക് ഹോസ്റ്റലിലെ വിദ്യാർത്ഥികൾക്ക് മെസ് ചാർജ്ജിനത്തിൽ പ്രതിമാസം 2000 രൂപയും പോക്കറ്റ് മണിയായി പ്രതിമാസം 125 രൂപയും അനുവദിച്ചുവരുന്നു. പ്രീമെട്രിക് ഹോസ്റ്റലിലെ വിദ്യാർത്ഥികൾക്ക് നൽകിവരുന്ന മറ്റ് അലവൻസുകൾ ഇനം തിരിച്ച് ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ഇനം | വിഭാഗം | നിലവിലെ നിരക്ക് (രൂപയിൽ ) |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | യൂണിഫോം അലവൻസ് (വർഷത്തിൽ ഒരിക്കൽ ) | എൽ.പി. | 500 |
| | | യു.പി. | 700 |
| | | എച്ച്.എസ്. | 800 |
| | | ഹയർ സെക്കണ്ടറി | 800 |
| 2 | നോട്ട്ബുക്ക്, സ്റ്റേഷനറി | എൽ.പി. | 200 |
| | | യു.പി. | 200 |
| | | എച്ച്.എസ്. | 300 |
| | | ഹയർ സെക്കണ്ടറി | 400 |

| (1) | (2) | (3) | (4) |
|---|---|---|---|
| 3 | പത്രങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളും ഒരു സ്ഥാപനത്തിന് പ്രതിമാസം | .... | 400 |
| 4 | സോപ്പ്,എണ്ണ തുടങ്ങിയവ | .... | (പ്രതിമാസം)<br>പെൺ - 75<br>ആൺ - 50 |
| 5 | തോർത്ത്, ചീപ്പ്, ബസ് കൂലി തുടങ്ങിയവ | .... | പ്രതിമാസം - 60 |
| 6 | കലാകായിക ഉപകരണങ്ങൾ | .... | നിജസ്ഥിതി അനുസരിച്ച് വാങ്ങി നൽകേണ്ടതാണ്. |
| 7 | മുടി വെട്ടുന്നത് | .... | ആൺ -30 (പ്രതിമാസം) |
| 8 | ചികിത്സാ ചെലവ് | .... | ഒരു സ്ഥാപനത്തിന് പ്രതിവർഷം 3000 രൂപ |
| 9 | ബെഡ്ഷീറ്റ് | .... | നിജസ്ഥിതി അനുസരിച്ച് |
| 10 | ബാഗ് | .... | പ്രതിവർഷം 150 |
| 11 | ചെരുപ്പ് | .... | പ്രതിവർഷം 150 |
| 12 | നൈറ്റ്ഡ്രസ് (പ്രതിവർഷം) | യു.പി. | 500 |
| | | എച്ച്.എസ്. | 600 |
| 13 | കമ്പിളി (വയനാട്, ഇടുക്കി, പാലക്കാട് ജില്ലകളിൽ മാത്രം) | .... | ഒരു കുട്ടിക്ക് മൂന്ന് വർഷത്തിലൊരിക്കൽ 600 രൂപ |

(ബി) നടപടി സ്വീകരിച്ചിട്ടുണ്ട്. പോക്കറ്റ് മണി 125 രൂപയായി വർദ്ധിപ്പിച്ചുകൊണ്ട് 25-6-2016 ലെ സ.ഉ (കൈ) നമ്പർ 43/2016/പജപവവിവ പ്രകാരം ഉത്തരവായിട്ടുണ്ട്. മെസ് ചാർജ്, പോക്കറ്റ് മണി എന്നിവ ഒഴികെയുള്ള അലവൻസുകൾ വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

(സി) ഹോസ്റ്റൽ വിദ്യാർത്ഥികൾക്ക് പഠനയാത്രക്കാവശ്യമായ ഫണ്ട് അനുവദിച്ചുവരുന്നുണ്ട്.

## പ്രീ-മെട്രിക് ഹോസ്റ്റലുകളിൽ നൈറ്റ് വാച്ചർ

17(494) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെൺകുട്ടികൾക്കായുള്ള പ്രീ-മെട്രിക് ഹോസ്റ്റലുകളിൽ പുരുഷന്മാരാണ് ഇപ്പോൾ നൈറ്റ് വാച്ചർമാരായി സേവനമനുഷ്ഠിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം ഹോസ്റ്റലുകളിൽ വനിതകളെ നൈറ്റ് വാച്ചറായി നിയമിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഹോസ്റ്റലുകളിൽ വനിതകളെ നൈറ്റ് വാച്ചറായി നിയമിക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ചുരുക്കം ചില സ്ഥലങ്ങളിൽ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, മലപ്പുറം എന്നീ ജില്ലകളിലെ എല്ലാ പ്രീ-മെട്രിക് ഹോസ്റ്റലുകളിലും ഇടുക്കി ജില്ലയിലെ രണ്ട് പ്രീ-മെട്രിക് (പെൺ) ഹോസ്റ്റലുകളിലും കോഴിക്കോട് ജില്ലയിൽ ഒരു പ്രീ-മെട്രിക് (പെൺ) ഹോസ്റ്റലിലും വനിതാ നൈറ്റ് വാച്ചർമാരാണ് സേവനമനുഷ്ഠിക്കുന്നത്.

(ബി) നിയമനം നൽകുന്നതിന് സ്പെഷ്യൽ റൂൾ അനുവദിക്കുന്നതിനാൽ നിയമതടസ്സമില്ല. നിലവിൽ പി.എസ്.സി. മുഖേന ലാസ്റ്റ് ഗ്രേഡ് (വാച്ച്മാൻ) ലിസ്റ്റിൽ നിന്നുമാണ് വാച്ച്മാൻ തസ്തികയിലേക്ക് ആളെ നിയമിക്കുന്നത്. അഡ്വൈസ് ചെയ്യപ്പെടുന്ന വനിതകൾ ജോലിയിൽ പ്രവേശിക്കാതെ വരുമ്പോൾ മാത്രമാണ് പുരുഷ വാച്ചറെ ടി തസ്തികയിൽ നിയമിക്കേണ്ടതായി വരുന്നത്.

(സി) നിലവിൽ വനിതകൾക്കും നിയമനം നൽകുന്നുണ്ട്.

## സ്വയംപര്യാപ്ത ഗ്രാമം പദ്ധതി

18(495) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന് കീഴിൽ നടപ്പിലാക്കിയ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി കല്ല്യാശ്ശേരി മണ്ഡലത്തിലെ ചെറുതാഴം ഗ്രാമപഞ്ചായത്തിലെ ഏഴിലോട് കോളനിയിലും മാടായി പഞ്ചായത്തിലെ മൂലക്കീൽ കോളനിയിലും നടപ്പിലാക്കിയ പ്രവൃത്തികളുടെ പുരോഗതി അറിയിക്കുമോ; പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കിയ ഏജൻസികൾക്ക് ഇതുവരെ എത്ര തുക നൽകിയിട്ടുണ്ട്;

(ബി) പുതുതായി ഏതെങ്കിലും കോളനിയെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ചെറുതാഴം ഗ്രാമപഞ്ചായത്തിലെ ഏഴിലോട് കോളനിയിൽ 100 ശതമാനം പ്രവൃത്തികളും മാടായി ഗ്രാമപഞ്ചായത്തിലെ മൂലക്കിൽ കോളനിയിൽ 25 ശതമാനം പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. ഏഴിലോട് കോളനിയിൽ 25 ലക്ഷം രൂപയും മൂലക്കിൽ കോളനിയിൽ 25 ലക്ഷം രൂപയും നിർവ്വഹണ ഏജൻസികളായ എഫ്.ഐ.റ്റി., സിഡ്കോ കോഴിക്കോട് എന്നീ എജൻസികൾക്ക് നൽകിയിട്ടുണ്ട്.

(ബി) പുതുതായി ഏതെങ്കിലും കോളനിയെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള തീരുമാനം എടുത്തിട്ടില്ല.

**പട്ടികജാതിക്കാർക്കും ആദിവാസികൾക്കുമുള്ള സംവരണം**

19(496) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിക്കാർക്കും ആദിവാസികൾക്കുമായി വിവിധ വകുപ്പുകളിൽ പ്രഖ്യാപിച്ച പ്രത്യേക നിയമനങ്ങൾ പലപ്പോഴും ജനറൽ വിഭാഗത്തിന് നൽകി സംവരണം അട്ടിമറിക്കപ്പെടുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പരാതിയുടെ നിജസ്ഥിതി പരിശോധിക്കുകയുണ്ടായോയെന്ന് വിശദമാക്കാമോ;

(സി) പട്ടികജാതിക്കാർക്കും ആദിവാസികൾക്കുമായി റിപ്പോർട്ട് ചെയ്യുന്ന സംവരണ തസ്തികകൾ ഇവർക്ക് തന്നെ ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്താൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത വിഭാഗക്കാരുടെ സംവരണ തസ്തികകൾ മറ്റു വിഭാഗത്തിലേക്ക് മാറ്റപ്പെടുന്നത് തടയാനും കർശന നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

(സി&ഡി) 1958-ലെ കേരള സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളിലെ 14 (എസ്) ചട്ടപ്രകാരം സർക്കാർ സർവ്വീസിൽ പത്ത് ശതമാനം സംവരണം പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കായി അനുവദിച്ചിട്ടുണ്ട്. ഇതനുസരിച്ച് പത്ത് ശതമാനം പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിനായി ഏർപ്പെടുത്തിയിട്ടുള്ള സ്പെഷ്യൽ റിക്രൂട്ട്മെന്റ് പദ്ധതിയനുസരിച്ച് ഓരോ വർഷവും ജനുവരി ഒന്ന് അടിസ്ഥാനമാക്കി പട്ടികജാതി/പട്ടികവർഗ്ഗവിഭാഗം ജീവനക്കാരുടെ വകുപ്പ് തിരിച്ചുള്ള പ്രാതിനിധ്യം അവലോകനം ചെയ്യുകയും അതുവഴി ഗസറ്റഡ്, നോൺ ഗസറ്റഡ്, ലാസ്റ്റ് ഗ്രേഡ് എന്നീ മൂന്ന് കാറ്റഗറികളിൽ പത്ത് ശതമാനം പ്രാതിനിധ്യം ഉറപ്പാക്കുകയും ചെയ്തുവരുന്നു. വാർഷിക അവലോകനത്തിൽ ഏതെങ്കിലും വകുപ്പിൽ ഏതെങ്കിലും കാറ്റഗറിയിൽ നിശ്ചിത ശതമാനത്തിൽ കുറവുണ്ടെന്ന് കണ്ടാൽ അത് നികത്തുവാൻ സംവരണതത്ത്വങ്ങൾ പാലിച്ച് അനുയോജ്യമായ തസ്തികകൾ സംവരണം ചെയ്ത് പൊതുഭരണ (എംപ്ലോയ്മെന്റ് സെൽ) വകുപ്പിൽനിന്നും ഉത്തരവുകൾ പുറപ്പെടുവിക്കുകയും അപ്രകാരം സംവരണം ചെയ്യപ്പെട്ട തസ്തികകളിലെ നിയമന പുരോഗതി ഓരോ മാസവും അതത് വകുപ്പിൽ നിന്നും ശേഖരിച്ച് വിലയിരുത്തി വിശദാംശങ്ങൾ ത്രൈമാസ പുരോഗതി റിപ്പോർട്ടായി പുറത്തിറക്കുകയും ചെയ്തുവരുന്നു. പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നിയമനത്തിലെ പുരോഗതി വിലയിരുത്തുന്നതിനും മറ്റ് അനുബന്ധ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനും ബഹു. മുഖ്യമന്ത്രി ചെയർമാനായുള്ള റിവ്യൂ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ റിസർവ് ചെയ്ത് നൽകി രണ്ടുവർഷം കഴിഞ്ഞിട്ടും നിയമനം നടക്കാത്ത ഒഴിവുകൾ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാനും നിയമന നടപടികൾ ത്വരിതപ്പെടുത്തുവാനുംവേണ്ടി ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി ഒരു ഹൈലെവൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി ഇടയ്ക്കിടെ യോഗം ചേർന്ന് ഇതുസംബന്ധിച്ച തൽസ്ഥിതി വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട വകുപ്പുതലവന്മാർക്ക് നൽകിവരുകയും ചെയ്യുന്നുണ്ട്.

**പട്ടികവർഗ്ഗ ക്ഷേമപദ്ധതികൾ**

20 (497) ശ്രീ. കെ. വി. വിജയദാസ് :

ശ്രീ. പി. ഉണ്ണി :

ശ്രീ. ബി. ഡി. ദേവസ്സി :

ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് അട്ടപ്പാടി മേഖലയിൽ പട്ടിക വർഗ്ഗത്തിൽപ്പെട്ട നൂറോളം നവജാതശിശുക്കൾ മരിക്കാനിടയായ സാഹചര്യം പരിശോധിച്ചിരുന്നോ; വിശദാംശം നൽകുമോ ;

(ബി) പട്ടിക വർഗ്ഗത്തിൽപ്പെട്ട പ്രത്യേകിച്ച് ശിശുക്കളും അമ്മമാരും പട്ടിണികൊണ്ടും ചികിത്സ ലഭിക്കാതെയും മരിക്കാനിടയായ സാഹചര്യം ഇല്ലാതാക്കാൻ ഈ സർക്കാർ നടപ്പാക്കാനുദ്ദേശിക്കുന്ന വികസന-ക്ഷേമ പദ്ധതികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) പരിശോധിച്ചിരുന്നു. അമ്മമാരുടെ പോഷകാഹാരക്കുറവുമൂലം തൂക്കക്കുറവോടു കൂടി ജനിക്കുന്ന കുഞ്ഞുങ്ങളാണ് പ്രധാനമായും മരണപ്പെട്ടിരുന്നത്. ഇത്തരം കുഞ്ഞുങ്ങൾക്ക് ജന്മനാലോ പിന്നീടോ ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടായിരുന്നതായി ആരോഗ്യ വകുപ്പ് റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. വീടുകളിൽ നടന്നിരുന്ന പ്രസവം, കുടുംബത്തിൽ നിന്നും പ്രസവപരിചരണം ലഭിക്കാതിരുന്നത്, ചികിത്സാ വൈമുഖ്യം, വാഹനസൗകര്യത്തിന്റെ അഭാവം, മുലയൂട്ടുമ്പോൾ അനുഭവപ്പെട്ട ശ്വാസതടസ്സം തുടങ്ങിയവയായിരുന്നു ശിശുമരണങ്ങളുടെ പ്രധാന കാരണങ്ങൾ. സർക്കാർ വകുപ്പുകളുടെ നിരന്തര ഇടപെടൽ നിമിത്തം ഇത്തരം കാരണങ്ങൾക്ക് പരിഹാരം കണ്ടെത്തി ശിശുമരണനിരക്ക് കുറച്ചു കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ നടപ്പാക്കുന്ന എല്ലാ ക്ഷേമപദ്ധതികളും പട്ടികവർഗ്ഗക്കാരുടെ സമഗ്ര പുരോഗതി ലക്ഷ്യമാക്കിയിട്ടുള്ളതാണ്. ശിശുക്കളുടെയും അമ്മമാരുടെയും ആരോഗ്യ സംരക്ഷണം മുൻനിർത്തി ഭക്ഷ്യ സഹായ പദ്ധതി, ജനനി-ജന്മരക്ഷ പദ്ധതി എന്നിവ പട്ടികവർഗ്ഗ വികസന വകുപ്പ്

നടപ്പിലാക്കിവരുന്നു. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എല്ലാവർക്കും എല്ലാത്തരം ചികിത്സയും സൗജന്യമാക്കുന്ന സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതിയും വകുപ്പ് നടപ്പിലാക്കുന്നുണ്ട്. കൂടാതെ ഭക്ഷ്യലഭ്യത ഉറപ്പുവരുത്തുന്നതിനായി സംസ്ഥാന സാമൂഹ്യനീതി വകുപ്പിന്റെ സഹകരണത്തോടെ 192 പട്ടികവർഗ്ഗ ഊരുകളിൽ 'കമ്മ്യൂണിറ്റി കിച്ചൻ ' എന്ന പദ്ധതിയും നടപ്പിലാക്കി വരുന്നുണ്ട്.

## പട്ടികവർഗ്ഗക്കാർക്ക് സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി

21(498) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികവർഗ്ഗക്കാർക്ക് വേണ്ടിയുള്ള സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം എന്തെല്ലാം ആനുകൂല്യങ്ങളാണ് അവർക്ക് നൽകി വരുന്നതെന്ന്; വിശദമാക്കാമോ?

ഉത്തരം

സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാരുടെ ആരോഗ്യസംരക്ഷണം ഉറപ്പുവരുത്തുന്നതിനായി നടപ്പാക്കി വരുന്ന പദ്ധതിയാണ് സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി. 13-8-2007-ലെ സ.ഉ.(എംഎസ്.)45/2007/പജപവവിവ നമ്പർ ഉത്തരവിലെയും അതിലെ മാർഗ്ഗനിർദ്ദേശങ്ങളിലെയും വ്യവസ്ഥകൾക്കനുസരിച്ചുള്ള ആനുകൂല്യങ്ങളാണ് പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്ക് നൽകിവരുന്നത്. എ.പി.എൽ./ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട പട്ടികവർഗ്ഗ വിഭാഗക്കാർക്ക് 10,000 രൂപ വരെ ചികിത്സാ ചെലവ് സർക്കാർ ആശുപത്രികളിലും മെഡിക്കൽ കോളേജ് ആശുപത്രികളിലും സൗജന്യമായി ലഭിക്കുന്നു. പട്ടികവർഗ്ഗത്തിൽപ്പെട്ട ബി.പി.എൽ. വിഭാഗക്കാർക്ക് (വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ താഴെയുള്ള) രോഗികൾക്ക് സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട സർക്കാർ ആശുപത്രികൾ, സർക്കാർ മെഡിക്കൽ കോളേജുകൾ, കണ്ണൂർ ജില്ലയിലെ പരിയാരം മെഡിക്കൽ കോളേജ്, തിരുവനന്തപുരം ജില്ലയിലെ ശ്രീ ചിത്തിര തിരുനാൾ മെഡിക്കൽ സയൻസ് ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, റീജിയണൽ കാൻസർ സെന്റർ, ശ്രീ അവിട്ടം തിരുനാൾ ആശുപത്രി, റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്ത്താൽമോളജി, മലബാർ കാൻസർ സെന്റർ എന്നീ സ്ഥാപനങ്ങൾവഴി ടി പദ്ധതി നടപ്പാക്കിവരുന്നു. ചികിത്സാ ചെലവ് 50,000 രൂപയിൽ അധികരിക്കുകയാണെങ്കിൽ സർക്കാർ ഉത്തരവിലൂടെ അനുമതി നൽകി ചികിത്സാ ചെലവ് അനുവദിച്ചുവരുന്നുണ്ട്. ആശുപത്രിയിൽ സൗജന്യമായി

നൽകാനില്ലാത്ത മരുന്നുകൾ ആശുപത്രിയോട് അനുബന്ധിച്ചുള്ള മെഡിക്കൽ സ്റ്റോറുകളിൽ നിന്നും വാങ്ങുന്നതിനുള്ള ചെലവ്, ആശുപത്രിയോട് അനുബന്ധിച്ചുള്ള ഹോസ്പിറ്റൽ വികസന സമിതി അധീനതയിലുള്ള മെഡിക്കൽ സ്റ്റോറുകളിൽ നിന്നും ലഭ്യമല്ലാത്ത മരുന്നുകൾ പുറത്തുള്ള മെഡിക്കൽ സ്റ്റോറുകളിൽ നിന്നും വാങ്ങുന്നതിനുള്ള ചെലവ്, ആശുപത്രികളിൽ നിന്നുള്ള ലാബ് ടെസ്റ്റിന്റെ ചെലവുകൾ, സർക്കാർ ആശുപത്രികൾ/സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സൗജന്യമായി ലഭ്യമാകാത്ത ലാബ് ടെസ്റ്റുകൾ പുറത്തു നിന്നുള്ള സ്ഥാപനങ്ങളിൽനിന്നും ചെയ്യുന്നതിനുള്ള ചെലവ്, രോഗികൾക്ക് ചികിത്സയ്ക്കായി അത്യാവശ്യം വേണ്ടിവരുന്ന ചികിത്സാ ഉപകരണങ്ങൾ ആശുപത്രികളിൽ ലഭ്യമല്ലാത്ത സാഹചര്യത്തിൽ പുറത്തുനിന്നും ലഭ്യമാക്കുന്നതിനുള്ള ചെലവ്, (രോഗികളെ ആശുപത്രിയിൽ എത്തിക്കുന്നതിനും അവശരായ) രോഗികളെ ചികിത്സ കഴിഞ്ഞ് വീടുകളിൽ എത്തിക്കുന്നതിനും മരണമടഞ്ഞവരുടെ മൃതദേഹം വീടുകളിൽ എത്തിക്കുന്നതിനും വേണ്ടിവരുന്ന യഥാർത്ഥ ആംബുലൻസ്/ വാഹന വാടക, ആശുപത്രികളിൽ രോഗികളായവർക്ക് സൗജന്യഭക്ഷണം ലഭ്യമല്ലാത്ത അവസരങ്ങളിൽ ഭക്ഷണത്തിനായി പ്രതിദിനം 150 രൂപവരെയുള്ള ചെലവ്, ആശുപത്രികളിൽ രോഗികളായവരുടെ കൂട്ടിരിപ്പിനായി തങ്ങുന്ന ഒരാൾക്ക് പ്രതിദിനം 200 രൂപ വരെയുള്ള ചെലവ് എന്നിവ അനുവദിച്ചുനൽകുന്നു.

**വനാവകാശ നിയമം**

22 (499) ശ്രീ. രാജു എബ്രഹാം :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനാവകാശ നിയമത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) ഈ നിയമപ്രകാരമുള്ള കൈവശാവകാശം നൽകുന്നതിന് 2006-2011-ലെ സർക്കാരും അതിനുശേഷം വന്ന സർക്കാരും സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(സി) ഈ നിയമപ്രകാരം അർഹതപ്പെട്ട ശേഷിക്കുന്നവർക്കു കൂടി ഭൂമി നൽകുന്നതിന് ഈ സർക്കാർ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ വ്യക്തമാക്കാമോ?

## ഉത്തരം

(എ) അനേകം തലമുറകളായി വനത്തിൽ താമസിച്ചുപോന്ന പരമ്പരാഗത വനവാസികൾക്ക് തങ്ങൾ കൈവശം വച്ചുപോന്ന ഭൂമിക്ക് അവകാശരേഖ നൽകുന്നതിനായി ലക്ഷ്യംവച്ച് നടപ്പിലാക്കപ്പെട്ട നിയമമാണ് 2006-ലെ പട്ടികവർഗ്ഗക്കാരുടെയും വനത്തിൽ താമസിച്ചുപോരുന്ന മറ്റ് പരമ്പരാഗത താമസക്കാരുടെയും (വനാവകാശം അംഗീകരിക്കൽ) നിയമം. ചരിത്രാതീതകാലം മുതൽ വനഭൂമിയിലും വിഭവത്തിന്മേലുമുള്ള അധികാരം കയ്യാളിയവർ നടത്തിയ ചൂഷണത്തെത്തുടർന്ന് ഗോത്രവർഗ്ഗങ്ങൾ നേരിട്ടുവന്ന ചരിത്രപരമായ അനീതിക്ക് പരിഹാരമെന്നോണമാണ് ഈ നിയമം വിഭാവനം ചെയ്യപ്പെട്ടത്.

(ബി &സി) 2008 വർഷമാണ് വനാവകാശ നിയമം നടപ്പിലാക്കാനുള്ള നടപടികൾക്ക് തുടക്കം കുറിച്ചത്. ഗ്രാമസഭ ചേർന്ന് വനാവകാശ കമ്മിറ്റികൾ മുഖേന അപേക്ഷകൾ സ്വീകരിക്കുകയും ആയവ പരിശോധിച്ച് സംസ്ഥാനതല കമ്മിറ്റിയുടെ മേൽനോട്ടത്തിൽ സബ്ഡിവിഷണൽ കമ്മിറ്റി, ജില്ലാതല കമ്മിറ്റി മുമ്പാകെ സമർപ്പിച്ച് അംഗീകരിപ്പിച്ച് വനാവകാശ രേഖ നൽകുകയും ചെയ്യുന്ന പ്രക്രിയ നടപ്പിലാക്കുന്നു. ഇതിനായി വനാവകാശ കമ്മിറ്റികൾ രൂപീകരിക്കുകയും സർവ്വേ നടപടികൾ ആരംഭിച്ച് ഇതിൻപ്രകാരം 2006-2011, 2011-2016-ലെ സർക്കാരുകൾ നൽകിയ വനാവകാശ രേഖകൾ സംബന്ധിച്ച താരതമ്യം ചുവടെ ചേർക്കുന്നു:

| വർഷം | ലഭിച്ച വനാവകാശ അപേക്ഷകൾ (വ്യക്തിഗത അവകാശം, സാമൂഹിക അവകാശം, വികസന അവകാശം) | ജില്ലാതല കമ്മിറ്റി പാസാക്കിയ ക്ലെയിമുകൾ | നൽകിയ രേഖകളുടെ എണ്ണം | വിതരണം ചെയ്ത ഭൂമിയുടെ അളവ് (ഏക്കർ) |
|---|---|---|---|---|
| 2006-2011 | 37492 | 22443 | 16723 | 20502 |
| 2011-2016 | 492 | 4154 | 8824 | 12784 |
| ആകെ | 37984 | 26597 | 25547 | 33286 |

**ആദിവാസി ക്ഷേമം**

23 (500) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. കെ. രാജൻ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോഷകാഹാരക്കുറവുമൂലം സംസ്ഥാനത്ത് ആദിവാസി ശിശുമരണങ്ങൾ നടന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ എത്ര ആദിവാസി ശിശുമരണങ്ങൾ ഉണ്ടായെന്ന് വെളിപ്പെടുത്തുമോ;

(ബി) ആദിവാസി ശിശുമരണങ്ങൾ ഒഴിവാക്കുന്നതിനും, ആദിവാസികളുടെ ആരോഗ്യ സംരക്ഷണത്തിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ആദിവാസികളുടെ ഇടയിൽ പട്ടിണിമൂലം ആത്മഹത്യകൾ ഉണ്ടായിട്ടുണ്ടോ; ആദിവാസികളുടെ ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചു നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) പോഷകാഹാരക്കുറവുകൊണ്ടുമാത്രം സംസ്ഥാനത്ത് ആദിവാസി ശിശുമരണങ്ങൾ നടന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ 106 ശിശുമരണങ്ങളുണ്ടായിട്ടുണ്ട്.

(ബി) ആദിവാസി ശിശുമരണങ്ങൾ ഒഴിവാക്കുന്നതിനും സമഗ്ര ആരോഗ്യ സംരക്ഷണത്തിനുമായി ക്ഷേമപദ്ധതികൾ സർക്കാർ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ നടപ്പിലാക്കിവരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയും സാമൂഹ്യ നീതി, ആരോഗ്യം, സിവിൽ സപ്ലൈസ് എന്നീ വകുപ്പുകൾ മുഖേനയും സർക്കാരിന്റെ മറ്റ് ഏജൻസികൾ മുഖേനയുമാണ് പ്രധാനമായും പദ്ധതികൾ നടപ്പിലാക്കിവരുന്നത്. ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി പ്രതിമാസം 1000 രൂപ നിരക്കിൽ ആകെ 18 മാസം ധനസഹായം നൽകിവരുന്ന ജനനീ ജന്മരക്ഷ പദ്ധതി, ന്യൂട്രീഷ്യൻ

റീഹാബിലിറ്റേഷൻ സെന്റർ മുഖേന ഭാരക്കുറവുള്ള കുട്ടികൾക്ക് പ്രത്യേക ആരോഗ്യ പരിരക്ഷ, സാമൂഹ്യക്ഷേമ വകുപ്പ് മുഖേന ആറ് മാസം മുതൽ ആറ് വയസ്സുവരെയുള്ള കുട്ടികൾക്ക് പോഷകാഹാര ലഭ്യത, കുടുംബശ്രീ, എൻ.ആർ.എൽ.എം. മുഖേന കമ്മ്യൂണിറ്റി കിച്ചൻ, ഭക്ഷ്യലഭ്യത ഉറപ്പുവരുത്തുന്നതിനായി പി.വി.ടി.ജി.-ക്കും മറ്റ് പട്ടികവർഗ്ഗവിഭാഗങ്ങൾക്കുമായി ഫുഡ് സപ്പോർട്ട് പ്രോഗ്രാം എന്നിവ നടപ്പിലാക്കി വരുന്നു. മേൽ പദ്ധതികളിൽ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങളെയും ഉൾപ്പെടുത്തുന്നതിനാണ് സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) ഇല്ല. പട്ടികവർഗ്ഗക്കാരുടെ സമഗ്ര വികസനം ലക്ഷ്യമാക്കി സർക്കാർ നിലവിൽ വിദ്യാഭ്യാസ, ആരോഗ്യ, സാമൂഹ്യ-സാമ്പത്തിക ഉന്നമന പദ്ധതികൾ, നിയമ പരിരക്ഷ പദ്ധതി എന്നിവ നടപ്പിലാക്കിവരുന്നു. എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഭൂമി, വീട്, മെച്ചപ്പെട്ട വിദ്യാഭ്യാസം, സമ്പൂർണ്ണ ആരോഗ്യ പരിരക്ഷ എന്നിവ പ്രദാനം ചെയ്യുന്ന പദ്ധതികൾ, മെച്ചപ്പെട്ട തൊഴിൽദാന പദ്ധതികൾ തുടങ്ങി വ്യത്യസ്തങ്ങളും ഫലപ്രാപ്തി ലക്ഷ്യത്തോടുള്ളതുമായ നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത്.

**ആദിവാസി വിഭാഗത്തിലുള്ളവർക്ക് ജാതി സർട്ടിഫിക്കറ്റ്**

24(501) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ താമസിക്കുന്ന ആദിവാസി വിഭാഗത്തിലുള്ള ചിലർക്ക് ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ ആദിവാസി വിഭാഗത്തിൽപ്പെട്ട എല്ലാവർക്കും ജാതി സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നടപടി സ്വീകരിക്കുന്നതാണ്.

## ഹാംലെറ്റ് വികസന പദ്ധതി

25 (502) ശ്രീ. വി. പി. സജീന്ദ്രൻ :

ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

ശ്രീ. എ. പി. അനിൽ കുമാർ :

ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാർക്കായി ഹാംലെറ്റ് വികസന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിച്ചത്;

(സി) പദ്ധതി നിർമ്മാണത്തിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്;

(ഡി) പദ്ധതി നടത്തിപ്പിലൂടെ എന്തെല്ലാം നേട്ടങ്ങളാണ് കൈവരിച്ചതെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്. 2013-14 സാമ്പത്തിക വർഷം 18 പട്ടികവർഗ്ഗ സങ്കേതങ്ങളിലും, 2014-15 സാമ്പത്തിക വർഷം 22 പട്ടികവർഗ്ഗ സങ്കേതങ്ങളിലും, 2015-16 വർഷം 10 പട്ടികവർഗ്ഗ സങ്കേതങ്ങളിലും ഹാംലെറ്റ് വികസന പദ്ധതി നടപ്പാക്കിവരുന്നു.

(ബി) പട്ടികവർഗ്ഗക്കാരുടെ ഉന്നമനം കണക്കിലെടുത്ത് അവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനായി വീടുകളുടെ പുനരുദ്ധാരണം, കക്കൂസ്, കുളിമുറി എന്നിവയുടെ നിർമ്മാണം, വീട് വൈദ്യുതീകരണം, മേൽക്കൂര കോൺക്രീറ്റ്, കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം, റോഡ്, പാലം എന്നിവയുടെ നിർമ്മാണം, അംഗൻവാടി റിപ്പയർ, മഴവെള്ള സംഭരണിയുടെ നിർമ്മാണം, വാലായ്മപ്പുര നിർമ്മാണം, മൃഗസംരക്ഷണം, കൃഷി വികസനം, മണ്ണ് സംരക്ഷണം, സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ, സ്കൂൾ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ എന്നീ ലക്ഷ്യങ്ങളാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

(സി) 2013-14 വർഷത്തിൽ 18 പട്ടികവർഗ്ഗ സങ്കേതങ്ങളിലും 2014-15 വർഷത്തിൽ 22 പട്ടികവർഗ്ഗ സങ്കേതങ്ങളിലും 2015-16 വർഷത്തിൽ 10 പട്ടികവർഗ്ഗ സങ്കേതങ്ങളിലും വിവിധ ഏജൻസികൾ മുഖേന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ഡി) 2013-14-ൽ 18 കോളനികളും 2014-15-ൽ 22 കോളനികളും 2015-16-ൽ 10 കോളനികളിലുമായി 50 കോളനികളെ തെരഞ്ഞെടുക്കുകയും അതിൽ 4 കോളനികളിലെ പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തു. ഇവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

**ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് സമയബന്ധിതമായി ഭൂമി അനുവദിക്കൽ**

26(503) ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട്, ഇടുക്കി ജില്ലകളിൽ ഭൂരഹിതരായ പട്ടികവർഗ്ഗക്കാർ നിരന്തര സമരത്തിലേർപ്പെടേണ്ടിവന്ന സാഹചര്യം വിലയിരുത്തിയിരുന്നോ; വിശദാംശം നൽകുമോ;

(ബി) ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് സമയബന്ധിതമായി ഭൂമി നൽകാനായി ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയുടെ വിശദാംശം അറിയിക്കാമോ;

(സി) ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങളുടെ കണക്ക് ലഭ്യമാണോ?

ഉത്തരം

(എ) വയനാട് ജില്ലയിലെ മാനന്തവാടി, സുൽത്താൻബത്തേരി, വൈത്തിരി താലൂക്കുകളിലും, ഇടുക്കി ജില്ലയിൽ പെരിഞ്ചാംകുട്ടിയിലും ഭൂമിക്കായി സമരങ്ങൾ നടന്നിട്ടുണ്ട്. ഭൂരഹിതരായ ആദിവാസികൾക്ക് കുറഞ്ഞത് ഒരേക്കർ ഭൂമിയെങ്കിലും വാങ്ങി നൽകണമെന്ന ആവശ്യം ഉന്നയിച്ചാണ് സമരം നടന്നിട്ടുള്ളത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന നടപ്പിലാക്കിയ പദ്ധതിയും "ആശിക്കും ഭൂമി ആദിവാസികൾക്ക് സ്വന്തം" എന്ന പദ്ധതിയും കൂടാതെ വയനാട്ടിൽ സിക്കിൾസെൽ അനീമിയ രോഗികൾക്ക് മുൻഗണന നൽകി "ഒരേക്കർ ഭൂമി വാങ്ങി നൽകുന്ന" പദ്ധതി തുടങ്ങിയവ നടപ്പിലാക്കിവരുന്നു.

(സി) ലഭ്യമാണ്. നവംബർ 2015-ൽ പട്ടികവർഗ്ഗ വികസന വകുപ്പ് അനുബന്ധ ഓഫീസുകൾ മുഖേന നടത്തിയ വിവര ശേഖരണ പ്രകാരം സംസ്ഥാനമൊട്ടാകെ 14519 പട്ടികവർഗ്ഗ കുടുംബങ്ങൾ ഭൂരഹിതരുടെ പട്ടികയിലുണ്ട്.

## കാസർഗോഡ് ജില്ലയിൽ പട്ടികവർഗ്ഗ പെൺകുട്ടികൾക്കായി പോസ്റ്റ്മെട്രിക് ഹോസ്റ്റൽ

27(504) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പട്ടികവർഗ്ഗ പെൺകുട്ടികൾക്കായി പോസ്റ്റ് മെട്രിക് ഹോസ്റ്റൽ ഇല്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ജില്ലയിലെ ബേഡഡുക്ക വില്ലേജിൽ കുണ്ടംകുഴി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിനോടു ചേർന്ന് ഹോസ്റ്റൽ നിർമ്മിക്കുന്നതിനായി ഒരേക്കർ സ്ഥലം റവന്യൂ വകുപ്പിൽ നിന്ന് ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത സ്ഥലം പ്രയോജനപ്പെടുത്തി ജില്ലയിൽ എസ്. ടി. പെൺകുട്ടികൾക്കായി പോസ്റ്റ് മെട്രിക്ക് ഹോസ്റ്റൽ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ബേഡഡുക്ക വില്ലേജിലെ റീസർവ്വേ നമ്പർ 216/2-ബി-യിൽ ഉൾപ്പെട്ട ഒരേക്കർ സ്ഥലം പ്രീ-മെട്രിക് ഹോസ്റ്റൽ നിർമ്മിക്കുന്നതിനായി റവന്യൂ വകുപ്പ് ലഭ്യമാക്കിയിട്ടുണ്ട്.

(സി) പ്രസ്തുത സ്ഥലത്ത് പെൺകുട്ടികൾക്കായുള്ള പ്രീ-മെട്രിക് ഹോസ്റ്റൽ നിർമ്മിക്കുന്നതിന് നടപടികൾ പുരോഗമിച്ചുവരുന്നു. ആയതിനാൽ ടി സ്ഥലത്ത് എസ്.ടി. പെൺകുട്ടികൾക്കായി പോസ്റ്റ്മെട്രിക് ഹോസ്റ്റൽ അനുവദിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## പട്ടികജാതി -പട്ടികവർഗ്ഗ കോളനികളുടെ ശോചനീയാവസ്ഥ

28(505) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ കോളനികളുടെ അടിസ്ഥാന സൗകര്യങ്ങളിലെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഭൂരഹിതർ, ഭവനരഹിതർ, വൈദ്യുതി ലഭ്യത ഇല്ലാത്തവർ, ശുദ്ധമായ കുടിവെള്ളം ലഭിക്കാത്തവർ, നല്ല ഗതാഗത സൗകര്യമില്ലാത്തവർ, ഇങ്ങനെ കഷ്ടത അനുഭവിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ ഉന്നമനത്തിനായി ഒരു സമഗ്ര പാക്കേജ് പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ;

(സി) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ, അവർക്ക് ലഭിക്കാതെ ചൂഷണത്തിന് ഇരയാകുന്ന സാഹചര്യം ഒഴിവാക്കാൻ കൈക്കൊണ്ടിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ കോളനികളുടെ അടിസ്ഥാന സൗകര്യങ്ങളിലെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുന്ന ഭൂരഹിതർക്ക് ഭൂമി വാങ്ങുന്നതിനും ഭവനരഹിതർക്ക് ഭവന നിർമ്മാണത്തിനും ഭവനങ്ങളുടെ അറ്റകുറ്റപ്പണികൾക്കും പ്രത്യേക പദ്ധതികൾ ഇപ്പോൾത്തന്നെ നിലവിലുണ്ട്. പ്രസ്തുത പദ്ധതികൾവഴി ഈ പ്രശ്നം പരിഹരിക്കാനാവുന്നില്ലെങ്കിൽ പ്രത്യേക പാക്കേജ് പരിഗണിക്കുന്നതാണ്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എല്ലാവർക്കും ഭൂമിയും വീടും നൽകുന്നതിനും ഊരുകളിലെ അടിസ്ഥാന സൗകര്യത്തിനുമുള്ള സമഗ്ര പാക്കേജ് സർക്കാരിന്റെ പരിഗണനയിലാണ്. ഇതിനു പുറമേ താഴെ പറയുന്ന ഘടകങ്ങൾ ഉൾപ്പെടുത്തി സമഗ്ര പാക്കേജ് കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

- ഭൂമിയില്ലാത്തവർക്ക് ഭൂമി
- സമ്പൂർണ്ണ ഭവന നിർമ്മാണം
- തൊഴിലുറപ്പ് പദ്ധതി

- എല്ലാ കോളനികളിലും ശുദ്ധമായ കുടിവെള്ളം
- വൈദ്യുതി
- ആരോഗ്യമേഖലയെ പരിപോഷിപ്പിക്കൽ/ബോധവത്ക്കരിക്കൽ
- വിദ്യാഭ്യാസത്തിനായി അംഗൻവാടികൾ/സ്കൂളുകൾ/ഹോസ്റ്റലുകൾ ആരംഭിക്കലും നിർമ്മാണവും
- ഗർഭിണികളായ അമ്മമാർക്കും കൗമാര പ്രായക്കാരായ ആൺകുട്ടികൾ, പെൺകുട്ടികൾ, കുഞ്ഞുങ്ങൾ എന്നിവർക്കും പോഷകാഹാരം ഉറപ്പുവരുത്തൽ
- അടിയ, പണിയ, ഹിൽപുലയ, അരനാടൻ, മലൈപണ്ടാരം, പ്രാക്തന ഗോത്രവർഗ്ഗക്കാർ എന്നീ സമുദായക്കാരുടെ തൊഴിൽ പരിശീലനവും നൈപുണ്യ വികസനവും

(സി) പട്ടികജാതി വിഭാഗത്തിൽപ്പെടുന്നവർക്ക് നൽകിവരുന്ന ആനുകൂല്യങ്ങളും ധനസഹായങ്ങളും ബാങ്ക് അക്കൗണ്ടുകൾ വഴിയാണ് നിലവിൽ നൽകിവരുന്നത്. പട്ടികവർഗ്ഗക്കാർക്ക് അനുവദിക്കുന്ന വിവിധ ആനുകൂല്യങ്ങൾ അവർക്കുതന്നെ ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി

- ജില്ലാതലത്തിലും ഫീൽഡ് തലത്തിലും മോണിറ്ററിംഗ് സംവിധാനം ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്.
- ഊരുകൂട്ടം ശക്തിപ്പെടുത്തിയും പൊതുമാധ്യമങ്ങളെ ഉപയോഗിച്ചും സർക്കാരിന്റെ അവകാശങ്ങളെയും ആനുകൂല്യങ്ങളെയും കുറിച്ച് ബോധവൽക്കരണം നടത്തുന്നു.
- ആഡിറ്റ് ഉൾപ്പെടെയുള്ള പരിശോധനാ സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നു.
- എല്ലാ പട്ടികവർഗ്ഗക്കാർക്കും ആധാറുമായി ബന്ധപ്പെടുത്തി ബാങ്ക് അക്കൗണ്ടുകൾ ആരംഭിക്കുന്ന നടപടി പൂർത്തിയായിവരുന്നു. ബാങ്കിംഗ് സംവിധാനം മെച്ചപ്പെടുത്തുന്നതിനായി സ്റ്റേറ്റ് ലെവൽ ബാങ്കിംഗ് കമ്മിറ്റിയുമായി ചേർന്ന് നടപടി സ്വീകരിച്ചുവരുന്നു.

## സമ്പൂർണ്ണ പട്ടികവർഗ്ഗ ഭവന പദ്ധതി

29(506) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ ഗവൺമെന്റ് സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാർക്കായി സമ്പൂർണ്ണ പട്ടികവർഗ്ഗ ഭവനപദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചത് ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) പദ്ധതി നിർമ്മാണത്തിന് ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് ;

(ഡി) പദ്ധതി നടത്തിപ്പിൽ എന്തെല്ലാം നേട്ടങ്ങളാണ് കൈവരിക്കാൻ സാധിച്ചതെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ&ബി) മുൻ ഗവൺമെന്റ് സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാർക്കായി സമ്പൂർണ്ണ പട്ടികവർഗ്ഗ ഭവന പദ്ധതി ആവിഷ്കരിച്ചിരുന്നു. സമ്പൂർണ്ണ ഭവന നിർമ്മാണം എന്ന ലക്ഷ്യം പൂർത്തീകരിക്കാനായി വീട് വയ്ക്കാൻ സ്വന്തമായി ഭൂമി ലഭ്യമായവരും ഭവനരഹിതരുമായ എല്ലാ പട്ടികവർഗ്ഗക്കാർക്കും ഭവനനിർമ്മാണത്തിനായി കേരള സർക്കാരിന്റെ മിഷൻ 676 പദ്ധതിയിൽപ്പെടുന്ന ഭവന നിർമ്മാണ പദ്ധതി ആസൂത്രണം ചെയ്തിരുന്നു. ആയതിലേയ്ക്കായി 2014-15 സാമ്പത്തിക വർഷാരംഭത്തിൽ തന്നെ ഭവനരഹിതരും, വീട് വയ്ക്കുന്നതിന് സ്ഥലസൗകര്യമുള്ളവരുമായ സംസ്ഥാനത്തൊട്ടാകെയുള്ള മുഴുവൻ പട്ടികവർഗ്ഗക്കാരുടെയും വിശദാംശം ശേഖരിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 30308 കുടുംബങ്ങൾക്ക് ഭവനം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ നിശ്ചയിച്ചു. 2014-15-ൽ വിവിധ പദ്ധതികൾ പ്രകാരം 24315 വീടുകളും 2015-16-ൽ ഐ.എ.വൈ. പദ്ധതി പ്രകാരം 9337 വീടുകളും അനുവദിക്കുകയും ചെയ്തു. എന്നാൽ ഇതിൽ 384 വീടുകൾ മാത്രമേ പൂർത്തീകരിക്കാനായിട്ടുള്ളൂ. ഐ.എ.വൈ. പദ്ധതിയിൽ അനുവദിച്ച 18674 വീടുകൾക്കുള്ള സർക്കാർ സഹായം അനുവദിച്ചിട്ടില്ല.

(സി) പദ്ധതി നിർവ്വഹണത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന ജനറൽ ഹൗസിംഗ് സ്കീം, ഹഡ്കോ ഭവന നിർമ്മാണ പദ്ധതി, എ.ടി.എസ്.പി. ഭവന നിർമ്മാണ പദ്ധതി, ഗ്രാമവികസന വകുപ്പിന്റെ ഐ.എ.വൈ. പദ്ധതി പ്രകാരവും വീടുകൾ നൽകിവരുന്നുണ്ട്. കൂടാതെ പട്ടികവർഗ്ഗക്കാർക്ക് ഭവന നിർമ്മാണത്തിന് അനുവദിച്ചുവന്നിരുന്ന ഗ്രാന്റ്, ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിന് അപര്യാപ്തമാണെന്നു കണ്ട് ടി തുക 2.5 ലക്ഷം രൂപയിൽനിന്ന് 3.5 ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കുകയും വർദ്ധിപ്പിച്ച നിരക്കിൽ തുക അനുവദിച്ചുവരികയും ചെയ്യുന്നു.

(ഡി) 2014-15 സാമ്പത്തിക വർഷം ജനറൽ ഹൗസിംഗ് പദ്ധതിയിൽ ഉൾപ്പെടുത്തി 2907 വീടുകളും, 2015-16 സാമ്പത്തിക വർഷം ഹഡ്കോ ഭവന നിർമ്മാണ പദ്ധതി പ്രകാരം 2000 വീടുകളും എ.ടി.എസ്.പി. ഭവന നിർമ്മാണ പദ്ധതിയിൽപ്പെടുത്തി 10071 വീടുകളും ഉൾപ്പെടെ ആകെ 14978 വീടുകൾ പട്ടികവർഗ്ഗ വികസന വകുപ്പ് അനുവദിക്കുകയുണ്ടായി. ഇതിൽ 384 വീടുകൾ മാത്രമെ പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടുള്ളു. കൂടാതെ ഐ.എ.വൈ. പദ്ധതി പ്രകാരം 2015-16 വർഷം 9337 വീടുകളും അനുവദിച്ചിട്ടുണ്ട്. ഐ.എ.വൈ. പദ്ധതിയിൽ അനുവദിച്ച ആകെ 18674 വീടുകൾക്കുള്ള സർക്കാർ സഹായം നൽകാത്തതിനെ തുടർന്ന് പണി ആരംഭിച്ചിട്ടുമില്ല.

## നെന്മാറയിലെ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമിയും വീടും അനുവദിക്കുന്നതിന് നടപടി

30(507) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിൽ സ്വന്തമായി വീടും സ്ഥലവും ഇല്ലാത്ത പട്ടികവർഗ്ഗകുടുംബങ്ങൾ ഉള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര പട്ടികവർഗ്ഗ കുടുംബങ്ങൾക്കാണ് സ്വന്തമായി വീടും സ്ഥലവും ഇല്ലാത്തതെന്ന് വിശദമാക്കുമോ;

(സി) നെന്മാറ മണ്ഡലത്തിലെ എത്ര ആദിവാസി കുടുംബങ്ങൾക്കാണ് വനാവകാശ നിയമപ്രകാരം ഭൂമി അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഡി) നെന്മാറ മണ്ഡലത്തിലെ മുഴുവൻ ആദിവാസി വിഭാഗങ്ങൾക്കും ഭൂമി അനുവദിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 391.

(സി) 191.

(ഡി) നെന്മാറ മണ്ഡലത്തിലെ മുഴുവൻ ആദിവാസി വിഭാഗങ്ങൾക്കും ഭൂമി അനുവദിക്കാൻ ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

**പാമ്പൻതോട് പട്ടികവർഗ്ഗ കോളനിയുടെ വികസനം**

31(508) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ കോങ്ങാട് മണ്ഡലത്തിൽ ഉൾപ്പെട്ട പാമ്പൻതോട് പട്ടികവർഗ്ഗ കോളനികളുടെ സമഗ്ര വികസനത്തിന്റെ രൂപരേഖ തയ്യാറായിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത പ്രൊപ്പോസലുകളിൽ എത്ര എണ്ണം സ്റ്റേറ്റ് ലെവൽ വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തിനായി സമർപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട് ; വിശദവിവരം നൽകുമോ ?

ഉത്തരം

(എ & ബി) ഇല്ല. നടപ്പ് സാമ്പത്തിക വർഷത്തെ ഹാംലെറ്റ് ഡെവലപ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പട്ടികവർഗ്ഗ സങ്കേതങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം**

32 (509) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ ഗവൺമെന്റ് സംസ്ഥാനത്ത് പട്ടികവർഗ്ഗ സങ്കേതങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിച്ചത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത പദ്ധതി നിർമ്മാണത്തിന് ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്;

(ഡി) പദ്ധതി നടത്തിപ്പിൽ എന്തെല്ലാം നേട്ടങ്ങളാണ് കൈവരിക്കാൻ സാധിച്ചത് എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. 2013-14 സാമ്പത്തിക വർഷം 18 പട്ടികവർഗ്ഗ സങ്കേതങ്ങളിലും 2014-15 സാമ്പത്തിക വർഷം 22 പട്ടികവർഗ്ഗ സങ്കേതങ്ങളിലും 2015-16 വർഷം 10 പട്ടികവർഗ്ഗ സങ്കേതങ്ങളിലുമായി അടിസ്ഥാന സൗകര്യ വികസനം നടപ്പാക്കിവരുന്നു.

(ബി) പട്ടികവർഗ്ഗക്കാരുടെ ഉന്നമനം കണക്കിലെടുത്ത് അവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനായി വീടുകളുടെ പുനരുദ്ധാരണം, കക്കൂസ്, കുളിമുറി എന്നിവയുടെ നിർമ്മാണം, വീട് വൈദ്യുതീകരണം, മേൽക്കൂര കോൺക്രീറ്റ്, കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം, റോഡ്, പാലം എന്നിവയുടെ നിർമ്മാണം, അംഗൻവാടി റിപ്പയർ, മഴവെള്ള സംഭരണിയുടെ നിർമ്മാണം, വാലായ്മപ്പുര നിർമ്മാണം, മൃഗസംരക്ഷണം, കൃഷി വികസനം, മണ്ണ് സംരക്ഷണം, സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ, സ്കൂൾ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ എന്നീ ലക്ഷ്യങ്ങളാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

(സി) 2013-14 വർഷത്തിൽ 18 പട്ടികവർഗ്ഗ സങ്കേതങ്ങളിലും 2014-15 വർഷത്തിൽ 22 പട്ടികവർഗ്ഗ സങ്കേതങ്ങളിലും 2015-16 വർഷത്തിൽ 10 പട്ടികവർഗ്ഗ സങ്കേതങ്ങളിലും വിവിധ ഏജൻസികൾ മുഖേന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ഡി) 2013-14-ൽ 18 കോളനികളും 2014-15-ൽ 22 കോളനികളും 2015-16-ൽ 10 കോളനികളിലുമായി മുഴുവൻ 50 കോളനികളെ തെരഞ്ഞെടുക്കുകയും അതിൽ 4 കോളനികളിലെ പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തു. ഇവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

### പട്ടികവർഗ്ഗക്കാരായ ഭൂരഹിതർക്ക് ഭൂമി നൽകുന്ന പദ്ധതി

33 (510) ശ്രീ. വി. പി. സജീന്ദ്രൻ :

ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

ശ്രീ. എ. പി. അനിൽ കുമാർ :

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ ഗവൺമെന്റ് സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാരായ ഭൂരഹിതർക്ക് ഭൂമി നൽകുന്നതിന് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിച്ചിട്ടുള്ളത്;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഡി) പദ്ധതി നടത്തിപ്പിൽ എന്തെല്ലാം നേട്ടങ്ങളാണ് കൈവരിക്കാൻ സാധിച്ചതെന്ന് വിശദമാക്കുമോ?

#### ഉത്തരം

(എ) മുൻ ഗവൺമെന്റ് സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാരായ ഭൂരഹിതർക്ക് ഭൂമി നൽകുന്നതിന് 'ആശിക്കുംഭൂമി ആദിവാസികൾക്ക് സ്വന്തം' എന്ന പദ്ധതി നടപ്പിലാക്കി. ഇതുപ്രകാരം 558 പേർക്ക് 195.45 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്.

(ബി) ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.

(സി) സംസ്ഥാനത്തെ ഭൂരഹിതരായ മുഴുവൻ പട്ടികവർഗ്ഗ കുടുംബങ്ങളുടെയും വിവരം ലഭ്യമായിട്ടുണ്ട്. ഇവർക്ക് വിതരണം ചെയ്യുവാൻ ആവശ്യമായ ഭൂമി കണ്ടെത്തുന്നതിന് ജില്ലാതല ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ഈ പദ്ധതി പ്രകാരം 558 പട്ടികവർഗ്ഗ കുടുംബങ്ങൾക്കായി 195.45 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്.

## പട്ടികവർഗ്ഗത്തിൽപ്പെട്ടവരുടെ സമഗ്ര വികസനം

34 (511) ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. ഐ. ബി. സതീഷ് :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗത്തിൽപ്പെട്ടവരുടെ സമഗ്ര വികസനത്തിനായി നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ വിശദമാക്കുമോ;

(ബി) പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്കായി പ്രത്യേക തൊഴിൽദാന പദ്ധതിയോ വരുമാനമുറപ്പാക്കൽ പദ്ധതിയോ നടപ്പാക്കാൻ ആലോചിക്കുന്നുണ്ടോ;

(സി) ഇവരുടെ കൃഷിയിൽ വന്യമൃഗങ്ങളുടെ ശല്യം ഒഴിവാക്കാനും ആധുനിക സാങ്കേതിക വിദ്യകൾ വ്യാപിപ്പിക്കാനും പ്രത്യേകം ഉദ്യോഗസ്ഥരെ നിയമിക്കുമോ?

### ഉത്തരം

(എ) പട്ടികവർഗ്ഗക്കാരുടെ സമഗ്ര വികസനത്തിനായി അഡീഷണൽ ട്രൈബൽ സബ് പ്ലാൻ, സമഗ്ര കോളനി വികസനം, സമ്പൂർണ്ണ ഭവന പദ്ധതി, വിദ്യാഭ്യാസ പദ്ധതികൾ, ആരോഗ്യ സുരക്ഷാ പദ്ധതി, റ്റി.ആർ.ഡി.എം. വഴി ഭൂമി ലഭ്യമാക്കൽ കൂടാതെ കോർപ്പസ് ഫണ്ട്, ആർട്ടിക്കിൾ 275 പ്രകാരമുള്ള സ്പെഷ്യൽ സെൻട്രൽ അസ്സിസ്റ്റൻസ് (SCA to TSP) എന്നിവയിലൂടെ പട്ടികവർഗ്ഗക്കാരുടെ സമഗ്ര വികസനം ലക്ഷ്യം വയ്ക്കുന്നു. വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) ഉണ്ട്. വ്യവസായ വകുപ്പുമായി ചേർന്ന് സ്വയംതൊഴിൽ പദ്ധതിയിലൂടെ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും പരമ്പരാഗത കൃഷി രീതികൾ തുടരുന്നതിനും കൂടാതെ കുടുംബശ്രീ, ഗ്രാമ വികസന വകുപ്പ്, കൃഷി വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, ടൂറിസം വകുപ്പ് എന്നീ പ്രധാന വകുപ്പുകൾ വഴി തൊഴിൽദാന പദ്ധതി നടപ്പിലാക്കാനും മിൽമ പോലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ വഴി വിപണനത്തിനായുള്ള ആധുനിക തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും കൂടാതെ വിവിധ നൈപുണ്യ വികസന പരിശീലന സ്ഥാപനങ്ങളുമായി ചേർന്ന് തൊഴിലധിഷ്ഠിത കോഴ്സുകൾ നൽകി തൊഴിൽ ഉറപ്പുവരുത്താനും ഉദ്ദേശിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) വന്യമൃഗശല്യങ്ങളിൽ നിന്നും കൃഷിയെ സംരക്ഷിക്കുന്നതിനായി സോളാർ ഫെൻസിംഗ്, കിടങ്ങുകൾ എന്നിവ നിർമ്മിച്ച് കൃഷിയെ സംരക്ഷിക്കുവാൻ ഉദ്ദേശിക്കുന്നു. കൃഷി വകുപ്പും ഫോറസ്റ്റ് വകുപ്പുമായി ചേർന്ന് ആധുനിക സാങ്കേതിക വിദ്യകൾ വ്യാപിപ്പിക്കുന്ന കാര്യം പരിശോധിക്കേണ്ടതുണ്ട്.

## പട്ടികവർഗ്ഗ ക്ഷേമത്തിനായുള്ള ബഡ്ജറ്റ് തുകയുടെ പൂർണ്ണ വിനിയോഗം ഉറപ്പുവരുത്താൻ നടപടി

35(512) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗക്ഷേമത്തിനായുള്ള ബഡ്ജറ്റ് തുകയിൽ നാമമാത്രമായ തുക മാത്രമേ ഓരോവർഷവും സംസ്ഥാനത്ത് ചെലവഴിക്കുന്നുള്ളൂ എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ബഡ്ജറ്റ് തുകയുടെ വിനിയോഗത്തിന് പലപ്പോഴും തടസ്സമാകുന്നത് എന്താണെന്ന കാര്യം പരിശോധിക്കുമോ;

(സി) എങ്കിൽ ബഡ്ജറ്റ് തുകയുടെ പൂർണ്ണവിനിയോഗം ഉറപ്പുവരുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. പട്ടികവർഗ്ഗ ഉപപദ്ധതിയിൽ പട്ടികവർഗ്ഗ ക്ഷേമത്തിനായി ബഡ്ജറ്റിൽ വകയിരുത്തുന്ന തുക ചുവടെ ചേർത്തിരിക്കുന്ന വകുപ്പുകൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾക്കാണ് :

- പട്ടികവർഗ്ഗ വികസന വകുപ്പ് നേരിട്ട് നടപ്പിലാക്കുന്ന പദ്ധതി
- തദ്ദേശ സ്വയംഭരണ വകുപ്പ് (ടി.എസ്.പി. വിഹിതം)
- പൊതുമരാമത്ത് വകുപ്പ് (കെട്ടിട നിർമ്മാണ പ്രവൃത്തികൾ)
- ഗ്രാമ വികസന വകുപ്പ് (ഐ.എ.വൈ. /എൻ.ആർ.എൽ.എം.)
- കിർത്താഡ്സ് (പരിശീലനം, ഗവേഷണം)
- തദ്ദേശ സ്വയംഭരണ വകുപ്പ് (ടി.എസ്.പി. വിഹിതം)

- പൊതുമരാമത്ത് വകുപ്പ് (കെട്ടിട നിർമ്മാണ പ്രവൃത്തികൾ)
- ഗ്രാമ വികസന വകുപ്പ് (ഐ.എ.വൈ./എൻ.ആർ.എൽ.എം.) എന്നീ വകുപ്പുകൾക്ക് പദ്ധതികൾ നടപ്പിലാക്കുന്നതിനായി അനുവദിക്കുന്ന തുക പൂർണ്ണമായും ചെലവഴിക്കുന്നില്ല. എന്നാൽ സംസ്ഥാന/ കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾപ്പെടെ ആകെ ലഭിക്കുന്ന 65%-ലധികം ഫണ്ട് പട്ടികവർഗ്ഗ വികസന വകുപ്പ് നേരിട്ട് നടപ്പിലാക്കുന്ന പദ്ധതികൾക്ക് വകയിരുത്തുന്നു. അതിൽ 90 ശതമാനത്തോളം ഫണ്ടും ചെലവഴിച്ച് വരുന്നു.

(ബി) നിർമ്മാണം ഉൾപ്പെടെയുള്ള പ്രവൃത്തികൾ ജില്ലാടിസ്ഥാനത്തിൽ ഊരുകൂട്ടത്തിൽ ചർച്ച ചെയ്ത് പദ്ധതി രൂപീകരണം, അംഗീകാരം, സാങ്കേതിക അനുമതി എന്നീ നടപടിക്രമങ്ങളിലെ കാലതാമസം മൂലം പദ്ധതി നിർവ്വഹണത്തിന് മതിയായ സമയം ലഭിക്കാതെ പോകുന്നു. കൂടാതെ ദുർഘടമേഖല, കാലാവസ്ഥ വ്യതിയാനം, അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവ് എന്നിവ മൂലം പദ്ധതി അതാത് വർഷം പൂർണ്ണമായി പൂർത്തീകരിക്കുവാൻ സാധിക്കാത്തതിനാൽ ബഡ്ജറ്റ് തുക പൂർണ്ണമായി വിനിയോഗിക്കപ്പെടുന്നില്ല.

(സി) ബഡ്ജറ്റ് തുകയുടെ പൂർണ്ണ വിനിയോഗം ഉറപ്പുവരുത്തുന്നതിനായി സർക്കാർ തലത്തിൽ വകുപ്പുതല അവലോകന യോഗങ്ങൾ നടത്തുന്നുണ്ട്. ജില്ലാതല ഉദ്യോഗസ്ഥർ എല്ലാ മാസവും 5-ാം തീയതിക്കകം മാസാന്ത്യ പദ്ധതി പുരോഗതി വിവരം ഡയറക്ടറുടെ വിലയിരുത്തലിനായി ലഭ്യമാക്കുന്നുണ്ട്. സർക്കാർ തലത്തിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് വകുപ്പദ്ധ്യക്ഷൻമാരുടെ യോഗങ്ങളിൽ പദ്ധതി വിലയിരുത്തി തുകയുടെ പൂർണ്ണ വിനിയോഗം ഉറപ്പുവരുത്തുന്നു. ജില്ലാതലത്തിൽ ജില്ലാ കളക്ടർമാർ ജില്ലാ വികസന സമിതിയിലും ജില്ലാതല വർക്കിംഗ് ഗ്രൂപ്പിലും അവലോകനം നടത്തി പദ്ധതി പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകി പദ്ധതി പൂർത്തീകരിച്ചുവരുന്നു. വിവിധ അംഗീകൃത ഏജൻസികൾ വഴി നടപ്പിലാക്കുന്ന പദ്ധതികൾ മോണിറ്റർ ചെയ്യുന്നതിനായി വകുപ്പദ്ധ്യക്ഷന്റെ നേതൃത്വത്തിൽ പദ്ധതി പുരോഗതി വിലയിരുത്തുന്നു.

വകുപ്പുതല ജില്ലാതല ഓഫീസർമാരുടെ യോഗം ചേർന്ന് പദ്ധതി പുരോഗതി വിലയിരുത്തി പദ്ധതിയുടെ പൂർണ്ണ വിനിയോഗം ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പദ്ധതി നടത്തിപ്പ് ഏകോപിപ്പിക്കുന്നതിനായി പട്ടികവർഗ്ഗ വികസന ഡയറക്ടറേറ്റിൽ ഒരു പ്ലാനിംഗ്& മോണിറ്ററിംഗ് സെൽ പ്രവർത്തിക്കുന്നു.

## ഇ-ഗ്രാന്റ്സ് പദ്ധതിയുടെ നടപടിക്രമങ്ങൾ

36 (513) ശ്രീ. കെ. ബാബു :
ശ്രീ. സി. കൃഷ്ണൻ :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-ഗ്രാന്റ്സ് പദ്ധതിയെക്കുറിച്ച് അവലോകനം നടത്തിയിട്ടുണ്ടോ;

(ബി) പട്ടികവർഗ്ഗ/പട്ടികജാതി, പിന്നോക്കസമുദായങ്ങളിൽപ്പെട്ട നിരവധി വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ്സ് പദ്ധതി പ്രകാരമുള്ള സഹായധനം ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിരുന്നോ; എങ്കിൽ നിർദ്ധനരായ പിന്നോക്കവിഭാഗ വിദ്യാർത്ഥികൾക്ക് അർഹതപ്പെട്ട പണം ലഭിക്കാതെ പോയതിന്റെ കാരണം അറിയിക്കാമോ; ഉദ്ദേശം 164 കോടി രൂപ ഇത്തരത്തിൽ ലഭിക്കാതെ പോയെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനുത്തരവാദികൾ ആരൊക്കെയാണ്; അവർക്കെതിരെ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(സി) ഇ-ഗ്രാന്റ്സുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ലഘൂകരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) അവലോകനം നടത്തിയിട്ടുണ്ട്.

(ബി) പിന്നോക്ക വിഭാഗങ്ങളുടെയും OEC വിഭാഗങ്ങളുടെയും വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകുന്നതിൽ കുടിശ്ശിക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എണ്ണത്തിലുണ്ടായ വർദ്ധനവും ഫീസ് നിരക്കിലുണ്ടായ വർദ്ധനവും 30 സമുദായങ്ങൾക്ക് 6 ലക്ഷം രൂപ വാർഷിക വരുമാന പരിധിക്ക് വിധേയമായി, ഒ.ഇ.സി. നിരക്കിൽ വിദ്യാഭ്യാസാനുകൂല്യം അനുവദിച്ചതും ഫണ്ടിന്റെ ലഭ്യതക്കുറവും നിർദ്ധനരായ പിന്നോക്ക വിഭാഗം വിദ്യാർത്ഥികൾക്കുള്ള അർഹതപ്പെട്ട വിദ്യാഭ്യാസാനുകൂല്യം കുടിശ്ശികയാകുന്നതിന് കാരണമായി. നിലവിലുള്ള കുടിശ്ശിക കൊടുത്തു തീർക്കുന്നതിന് 70 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ബാക്കി തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇ-ഗ്രാന്റ്സുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് സോഫ്റ്റ്വെയറിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്ന കാര്യം പരിഗണനയിലാണ്. സി-ഡിറ്റുമായി സഹകരിച്ച് ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

**ദളിത് ക്രിസ്ത്യൻ വിഭാഗത്തിന്റെ വിദ്യാഭ്യാസ ആനുകൂല്യം**

37(514) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദളിത് ക്രിസ്ത്യൻ വിഭാഗത്തിന് ഉന്നത വിദ്യാഭ്യാസത്തിന് സർക്കാരിൽ നിന്നും കിട്ടിക്കൊണ്ടിരിക്കുന്ന ഗ്രാന്റും സ്റ്റൈപൻഡും ഇപ്പോൾ ലഭിയ്ക്കുന്നില്ല എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ. ഇവർക്ക് എത്ര മാസത്തെ കുടിശ്ശിക കൊടുക്കാനുണ്ട് എന്നറിയിക്കാമോ; ഇവ എന്നേക്ക് കൊടുത്തു തീർക്കും എന്നറിയിക്കാമോ;

(ബി) പട്ടികജാതി -പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് നൽകി വരുന്ന പഠനോപകരണങ്ങൾ ദളിത് ക്രിസ്ത്യൻ വിഭാഗത്തിനും അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; ഇതു സംബന്ധിച്ച് വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2015 സെപ്റ്റംബർ മുതൽ 2016 ജൂൺ വരെയുള്ള പത്ത് മാസത്തെ കുടിശ്ശിക കൊടുക്കാനുണ്ട്. 05/2016-ൽ അനുവദിച്ച 70 കോടി രൂപകൊണ്ട് 15-1-2016 വരെയുള്ള കുടിശ്ശിക നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 30-6-2016-ന് മുമ്പായി ടി തുക വിതരണം ചെയ്യുന്നതാണ്. ബാക്കി കുടിശ്ശിക കൊടുക്കുന്നത് സംബന്ധിച്ച വിഷയം പരിഗണനയിലാണ്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

**മൈക്രോ ക്രെഡിറ്റ് വായ്പ അനുവദിച്ചതിലെ ക്രമക്കേട്**

38 (515) ശ്രീ. കെ. ദാസൻ :
ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ :
ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന പിന്നോക്ക വികസന കോർപ്പറേഷനിൽ നിന്നും മൈക്രോ ക്രെഡിറ്റ് വായ്പ, സമുദായ സംഘടനകൾക്കു നൽകിയിട്ടുണ്ടോ;

(ബി) വായ്പ സംബന്ധിച്ച നിബന്ധനകൾ എന്തൊക്കെയായിരുന്നെന്നും വായ്പ വാങ്ങിയ ഏതെങ്കിലും സംഘടന നിബന്ധന ലംഘിച്ചിരുന്നോയെന്നും അറിയിക്കാമോ;

(സി) ഇതേക്കുറിച്ച് നടത്തിയ അന്വേഷണവും അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികളും വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിയിൽ ക്രമക്കേട് നടന്നതായുള്ള ആക്ഷേപത്തെക്കുറിച്ച് അന്വേഷണം നടത്താൻ നടപടിയെടുക്കുമോ?

ഉത്തരം

(എ) സമുദായ സംഘടനകൾക്ക് നൽകുന്നില്ല. സന്നദ്ധ സംഘടനകൾക്കും കുടുംബശ്രീ സി.ഡി.എസ്.-കൾക്കും വായ്പ നൽകുന്നുണ്ട്.

(ബി) വായ്പ നൽകുന്നത് സംബന്ധിച്ച നിബന്ധനകൾ താഴെപ്പറയുന്നവയാണ് :

(1) വായ്പ സംഘടനകളുടെ കീഴിലുള്ള സ്വയം സഹായ സംഘങ്ങൾ വഴി അംഗങ്ങൾക്ക് വിതരണം ചെയ്യുന്നുണ്ട്. ഒരു അയൽക്കൂട്ടത്തിന് പരമാവധി 5 ലക്ഷം രൂപ വായ്പയായി വിതരണം ചെയ്യാവുന്നതാണ്.

(2) അയൽക്കൂട്ടങ്ങളിലെ അംഗസംഖ്യ 20-ൽ കൂടുവാൻ പാടുള്ളതല്ല.

(3) NBCFDC മൈക്രോ ക്രെഡിറ്റ് പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന ഓരോ അയൽക്കൂട്ടങ്ങളിലും 75% അംഗങ്ങളും മറ്റ് പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ടവരായിരിക്കണം.

(4) ഗ്രാമങ്ങളിൽ 81,000 രൂപയിൽ താഴെയും നഗര പ്രദേശങ്ങളിൽ 1,03,000 രൂപയിൽ താഴെയും കുടുംബ വാർഷിക വരുമാനമുള്ള വ്യക്തികൾക്ക് മാത്രമേ വായ്പ അനുവദിക്കാനാവുകയുള്ളൂ.

(5) വരുമാനദായകമായ ഏതെങ്കിലും പദ്ധതി തുടങ്ങുന്നതിന്/ നിലവിലുള്ള പദ്ധതി വിപുലീകരിക്കുന്നതിന് വായ്പാ തുക വിനിയോഗിക്കേണ്ടതാണ്.

(6) ഒരു വ്യക്തിക്ക് അനുവദിക്കാവുന്ന പരമാവധി വായ്പ 25,000 രൂപയാണ്.

(7) കോർപ്പറേഷൻ നിലവിൽ ഈടാക്കുന്ന പലിശ നിരക്ക് 3% ആണ്. ഗുണഭോക്താക്കളിൽനിന്ന് ഈടാക്കേണ്ട പലിശ നിരക്ക് 5% ആണ്.

(8) തുക ദുരുപയോഗം ചെയ്താൽ കരാർ ലംഘനമായി കണക്കാക്കി കരാർ വ്യവസ്ഥകൾ പ്രകാരം 3% പലിശ കൂടാതെ 12% അധിക പലിശ ഈടാക്കി, തുക തിരിച്ചുപിടിക്കുന്നതാണ്.

(9) തിരിച്ചടവ് കാലാവധി 36 മാസം.

ശ്രീനാരായണ ധർമ്മ പരിപാലന യോഗം (SNDP) എന്ന സംഘടന നിബന്ധന ലംഘിച്ചിരുന്നുവെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്.

(സി) ക്രമക്കേട് നടന്നതായുള്ള ആക്ഷേപത്തെക്കുറിച്ച് കോർപ്പറേഷൻ തലത്തിൽ അന്വേഷണവും പരിശോധനയും നടത്തുകയും, എസ്.എൻ.ഡി.പി. യോഗം സമർപ്പിച്ച വായ്പാ വിനിയോഗ പട്ടികയിൽ ഉൾപ്പെടുന്നവർക്ക് വിനിയോഗ സർട്ടിഫിക്കറ്റ് പ്രകാരമുള്ള വായ്പാ തുക ലഭിച്ചിട്ടില്ലായെന്നും ചിലരിൽനിന്നും കൂടുതൽ പലിശ ഈടാക്കി എന്നും കണ്ടെത്തി. വായ്പാ തുക ദുർവിനിയോഗം ചെയ്തത് ബോധ്യപ്പെട്ട സാഹചര്യത്തിൽ 3% പലിശയും, 12% പിഴപ്പലിശയും ചേർത്ത് മൊത്തം 15% പലിശയ്ക്ക് മുഴുവൻ തുകയും തിരിച്ചുപിടിക്കുവാൻ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഇതുസംബന്ധിച്ച് വിജിലൻസ് അന്വേഷണം നടന്നുവരുന്നു.

**മുഖാരി-മൂവാരി സമുദായത്തെ ഒ.ബി.സി. പട്ടികയിൽ ഉൾപ്പെടുത്താൻ നടപടി**

39 (516) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ ഒ.ബി.സി. പട്ടികയിൽ ഉൾപ്പെടുത്തിയ മുഖാരി-മൂവാരി സമുദായം സംസ്ഥാന ഒ.ബി.സി. പട്ടികയിൽ ഉൾപ്പെട്ടിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മുഖാരി-മൂവാരി സമുദായത്തെക്കുറിച്ച് കിർത്താഡ്സ് വിവരശേഖരണം നടത്തിയിട്ടും അന്തിമ റിപ്പോർട്ട് സമർപ്പിക്കാൻ വൈകുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; ഇക്കാര്യത്തിൽ ഇതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രാദേശികതല വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിൽ കിർത്താഡ്സ് റിപ്പോർട്ട് തയ്യാറാക്കിവരികയാണ്. പ്രസ്തുത റിപ്പോർട്ട് കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ പരിശോധിച്ച് സർക്കാരിലേക്ക് ശിപാർശ ചെയ്താൽ മാത്രമേ സർക്കാരിന് ഈ വിഷയം പരിഗണിക്കുവാൻ കഴിയൂ.

## വാമനപുരം മണ്ഡലത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭവനനിർമ്മാണം

40(517) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജക മണ്ഡലത്തിലെ എത്ര പട്ടികജാതി-പട്ടികവർഗ കുടുംബങ്ങൾക്ക് 2011 മുതൽ നാളിതു വരെ വീട് വച്ച് നൽകിയിട്ടുണ്ടെന്നുള്ള പഞ്ചായത്ത് തിരിച്ചുള്ളതും എസ്. സി./ എസ്. റ്റി. ഇനം തിരിച്ചുള്ളതുമായ പട്ടിക ലഭ്യമാക്കുമോ;

(ബി) വീട് ഇനിയും എത്ര പട്ടികജാതി - പട്ടികവർഗ കുടുംബങ്ങൾക്കാണ് ലഭിക്കാനുള്ളതെന്നുള്ള പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

(സി) പട്ടികജാതി-പട്ടികവർഗ കുടുംബങ്ങൾക്ക് വീട് വച്ച് നൽകുന്നതിനും ഭൂമിയില്ലാത്തവർക്ക് ഭൂമി നൽകി വീട് വച്ച് കൊടുക്കുന്നതിനും സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) വാമനപുരം നിയോജക മണ്ഡലത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 2011 മുതൽ നാളിതുവരെ വീട് വച്ച് നൽകിയിട്ടുണ്ടെന്നുള്ള പഞ്ചായത്ത് തിരിച്ചുള്ളതും എസ് സി./എസ് റ്റി. ഇനം തിരിച്ചുള്ളതുമായ പട്ടിക അനുബന്ധം -I *ആയി ചേർക്കുന്നു.

(ബി) ലിസ്റ്റ് അനുബന്ധം -II* ആയി ചേർക്കുന്നു.

(സി) ഭൂരഹിതരായ പട്ടികജാതി വിഭാഗക്കാർക്ക് ഭൂമി വാങ്ങുന്നതിന് ഗ്രാമപഞ്ചായത്ത് തലത്തിൽ 5 സെന്റ് ഭൂമി വാങ്ങുന്നതിന് 3,75,000 രൂപയും മുൻസിപ്പൽ പ്രദേശത്ത് 3 സെന്റ് ഭൂമി വാങ്ങുന്നതിന് 4,50,000 രൂപയും കോർപ്പറേഷൻ പരിധിയിൽ 6 ലക്ഷം രൂപയും അനുവദിക്കുന്നു. ഭവനരഹിതരായ പട്ടികജാതി വിഭാഗക്കാർക്ക് ഭവന നിർമ്മാണ ധനസഹായമായി 3 ലക്ഷം രൂപയും നൽകിവരുന്നു. പട്ടികവർഗ്ഗ കുടുംബങ്ങളുടെ പാർപ്പിട പ്രശ്ന പരിഹാരത്തിനായി സർക്കാർ നിരവധി ഭവന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ജനറൽ ഹൗസിംഗ് സ്കീം, ഹഡ്കോ ഭവനനിർമ്മാണ പദ്ധതി, എ.റ്റി.എസ്.പി. ഭവന നിർമ്മാണ പദ്ധതി എന്നിവയാണ് ഇവയിൽ പ്രമുഖം. ഭൂമിയില്ലാത്തവർക്ക് ഭൂമി നൽകുന്നതിനായി ആശിക്കും ഭൂമി ആദിവാസിക്ക് സ്വന്തം, ആദിവാസി പുനരധിവാസ വികസന മിഷൻ എന്നീ പദ്ധതികൾ മുഖേന ഭൂമി ലഭ്യമാക്കി മേൽപ്പറഞ്ഞ പ്രകാരം ഭവന നിർമ്മാണം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പട്ടികജാതി-പട്ടികവർഗ്ഗ വികസന പദ്ധതികളുടെ നടത്തിപ്പ് ചുമതല

41(518) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ പട്ടികജാതി -പട്ടികവർഗ്ഗ വികസന വകുപ്പുകളെ മറികടന്ന് പ്രസ്തുത വകുപ്പുകളിലൂടെ നടപ്പിലാക്കിവന്ന എത്ര പദ്ധതികൾ നേരിട്ട് എൻ.ജി.ഒ.-കൾക്കും മറ്റ് ഇതര ഏജൻസികൾക്കും നടത്തിപ്പ് ചുമതല നൽകി ഉത്തരവ് നൽകിയിട്ടുണ്ട് ; വിശദവിവരം നൽകാമോ;

(ബി) ഇത്തരം കേസ്സുകൾ പുനഃപരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിൽ ഇപ്രകാരമുള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളതായി ഇപ്പോൾ ശ്രദ്ധയിൽ വന്നിട്ടില്ല.

## പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ

42 (519) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് നിയോജക മണ്ഡലത്തിലെ ഏതെല്ലാം കോളനികളിലാണ് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള വികസന പ്രവർത്തനങ്ങൾ നടന്നുവരുന്നത്;

(ബി) ഓരോ കോളനിക്കും അനുവദിച്ച തുക എത്രയാണ്; എത്ര രൂപയുടെ പ്രവൃത്തികൾ പൂർത്തിയായി; എപ്പോഴാണ് ഈ പ്രവൃത്തികൾ ആരംഭിച്ചത്; കാലാവധി എന്നു വരെയാണ്; ഇതുവരെ പൂർത്തീകരിച്ചിട്ടില്ലെങ്കിൽ കാരണമെന്താണ്;

(സി) പ്രവൃത്തി ഏറ്റെടുത്ത കരാറുകാരന്റെ സ്ഥാപനത്തിന്റെ പേരെന്താണ്; കാലവിളംബമുണ്ടായിട്ടുണ്ടെങ്കിൽ ഉത്തരവാദികൾക്കെതിരെ എന്തു നടപടി സ്വീകരിച്ചു?

<u>ഉത്തരം</u>

(എ) 2012-13 സാമ്പത്തിക വർഷം സ്വയംപര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം കാസർഗോഡ് നിയോജക മണ്ഡലത്തിലെ അമോയ് കോളനിയിലും ഗോളിയടുക്ക-ബദിയടുക്ക കോളനിയിൽ ഗാന്ധി ഗ്രാമം പദ്ധതി പ്രകാരവും വികസന പ്രവർത്തനങ്ങൾ നടത്തിവരുന്നു. പട്ടികവർഗ്ഗ കോളനികളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള ഹാംലെറ്റ് വികസന പദ്ധതി പ്രകാരം 2013-14 വർഷത്തിൽ കാറടുക്ക പഞ്ചായത്തിലെ മായിലാംകോട്ട കോളനിയെ തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) കാസർഗോഡ് നിയമസഭാ മണ്ഡലത്തിൽ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം അമോയ് കോളനിക്കും ഗാന്ധിഗ്രാമം പദ്ധതി പ്രകാരം ഗോളിയടുക്ക-ബദിയടുക്ക കോളനിക്കും വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് ഒരു കോടി രൂപ വീതമാണ് അനുവദിച്ചിരിക്കുന്നത്. ഒന്നാം ഗഡുവായി അമോയ് കോളനിക്ക് 25 ലക്ഷം രൂപയും ഗോളിയടുക്ക-ബദിയടുക്ക കോളനിക്ക് 25 ലക്ഷം രൂപയും ബന്ധപ്പെട്ട നിർവ്വഹണ ഏജൻസിക്ക് നൽകിയിട്ടുണ്ട്. 2012-13 സാമ്പത്തിക വർഷം സ്വയംപര്യാപ്ത ഗ്രാമം പദ്ധതിക്കും 2014-15 സാമ്പത്തിക വർഷം ഗാന്ധി ഗ്രാമം പദ്ധതിക്കുമാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. കരാർ ഒപ്പിട്ട് 6 മാസത്തിനകം പണി പൂർത്തീകരിക്കേണ്ടിയിരുന്നു. സ്വയംപര്യാപ്ത ഗ്രാമം പദ്ധതി നടപ്പിലാക്കാൻ തെരഞ്ഞെടുത്ത സർക്കാർ ഏജൻസികളുടെ കാര്യശേഷിക്കുറവ്, തനതു മനുഷ്യവിഭവശേഷിക്കുറവ്, കമ്മ്യൂണിറ്റി ഹാൾ മുതലായവയ്ക്ക് കോളനിയിലെ സ്ഥല ലഭ്യതക്കുറവ്, കോളനി നിവാസികളുടെ ആവശ്യപ്രകാരം എസ്റ്റിമേറ്റിൽ വരുന്ന നിരന്തര മാറ്റങ്ങൾ തുടങ്ങിയ കാരണങ്ങളാലാണ് കോളനികളുടെ നവീകരണ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിക്കാത്തത്. മായിലാംകോട്ട പട്ടികവർഗ്ഗ കോളനിയിൽ വീടുകളുടെ നിർമ്മാണം, പുനരുദ്ധാരണം, കമ്മ്യൂണിറ്റി ഹാളിന്റെ നിർമ്മാണം എന്നിവയ്ക്കായി 65,50,000 രൂപ (അറുപത്തഞ്ച് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) വകയിരുത്തിയിരുന്നു. ഇതിൽ 28,37,500 രൂപ നിർവ്വഹണ ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രത്തിന് നൽകിയിട്ടുണ്ട്. 15-1-2014-ന് എഗ്രിമെന്റ് വച്ച് പ്രവൃത്തികൾ ആരംഭിച്ചിരുന്നു. 31-3-2014 വരെയായിരുന്നു കാലാവധി. ഭവന നിർമ്മാണ പ്രവൃത്തികൾ ഗുണഭോക്താക്കൾ നേരിട്ടാണ് ചെയ്യുന്നത്. കമ്മ്യൂണിറ്റി ഹാളിന് സ്ഥലം ലഭ്യമായിട്ടില്ലാത്തതിനാൽ നിർമ്മാണം ആരംഭിച്ചിട്ടില്ല.

(സി) അമോയ് കോളനി - ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് (ആലുവ).

ഗോളിയടുക്ക-ബദിയടുക്ക കോളനി-സിഡ്കോ. സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് ഏജൻസികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള പ്രവൃത്തി ഏറ്റെടുത്തത് ജില്ലാ നിർമ്മിതി കേന്ദ്രമാണ്. സമയബന്ധിതമായി പദ്ധതി നടപ്പിലാക്കുന്നുണ്ട്.

**സ്വയംപര്യാപ്ത ഗ്രാമം പദ്ധതി**

43(520) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിലെ ആണ്ടികൊളമ്പ് നായാടി കോളനിയുടെ വികസനത്തിനായി നടത്തുന്ന 'സ്വയംപര്യാപ്ത ഗ്രാമം പദ്ധതി'യുടെ പ്രവർത്തനം ഏത് ഘട്ടംവരെയായി; വിശദമാക്കുമോ;

(ബി) 'സ്വയംപര്യാപ്ത ഗ്രാമം പദ്ധതി' മണ്ഡലത്തിലെ മുഴുവൻ കോളനികളിലും നടപ്പാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിലെ ആണ്ടികൊളമ്പ് നായാടി കോളനിയുടെ വികസന പ്രവർത്തനങ്ങൾ 48% പൂർത്തീകരിച്ചു.

പൂർത്തീകരിച്ച പ്രവൃത്തികൾ.

1. മണ്ണ് സംരക്ഷണ ഭിത്തി - 3 എണ്ണം
2. കോളനിക്കകത്തുള്ള കോൺക്രീറ്റ് റോഡ് - 8 എണ്ണം
3. പൊതുകിണർ നവീകരണം - 1
4. കോളനിക്കകത്തുള്ള അഴുക്കുചാൽ നിർമ്മാണം - 1
5. കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കുഴൽക്കിണർ കുഴിച്ചു. പമ്പ് ഹൗസ് നിർമ്മിച്ചു.
6. പോസ്റ്റ് മാറ്റൽ, കണക്ഷൻ നൽകൽ തുടങ്ങിയ വൈദ്യുതീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചു.
7. കോളനിയുടെ വികസന പ്രവർത്തനങ്ങൾക്കായി 65 ലക്ഷം രൂപ കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രം എന്ന ഏജൻസിക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. പ്രവൃത്തികൾ പുരോഗമിക്കുന്നു.

(ബി) 2008-ലെ കില നടത്തിയ സർവ്വേ റിപ്പോർട്ട് പ്രകാരം അമ്പതോ അതിലധികമോ പട്ടികജാതിക്കാർ താമസിക്കുന്ന 436 കോളനികളെ സംസ്ഥാനത്തുടനീളം കണ്ടെത്തിയിരുന്നു. ടി കോളനികളിൽനിന്നും എം.എൽ.എ.-മാർ തെരഞ്ഞെടുക്കുന്ന കോളനികളിലാണ് പരമാവധി ഒരു കോടി രൂപ വരെ ചെലവഴിച്ച് സ്വയം പര്യാപ്ത ഗ്രാമം പദ്ധതി നടപ്പിലാക്കിവരുന്നത്. മുഴുവൻ കോളനികളിലും പദ്ധതി നടപ്പാക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

**പിന്നോക്കക്ഷേമ പദ്ധതികൾ**

44(521) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക സമുദായത്തിൽപ്പെട്ട പാവപ്പെട്ടവരുടെ ഉന്നമനം ലക്ഷ്യമിട്ട് പുതിയ പദ്ധതികളെന്തെങ്കിലും ആവിഷ്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പിന്നോക്ക വിഭാഗങ്ങളുടെ തൊഴിലില്ലായ്മ, ഉന്നതവിദ്യാഭ്യാസം, സാങ്കേതിക വിദ്യാഭ്യാസം തുടങ്ങിയവയ്ക്കുള്ള അവസരങ്ങളുടെ കുറവ് എന്നിവ കണക്കിലെടുത്ത് കൂടുതൽ പദ്ധതികൾ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എന്തെല്ലാം പദ്ധതികളാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ മുഖാന്തിരം വിവിധ മേഖലകളിൽ 320 കോടി രൂപയുടെ വായ്പാ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

(ബി) പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ, പിന്നോക്ക വിഭാഗങ്ങളുടെ തൊഴിലില്ലായ്മ, വിദ്യാഭ്യാസ പിന്നോക്കാവസ്ഥ എന്നിവ കണക്കിലെടുത്ത് പദ്ധതികൾ ആസൂത്രണം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട്.

(സി) (i) അഭ്യസ്തവിദ്യരായ യുവജനങ്ങൾക്കുവേണ്ടിയുള്ള സ്വയം തൊഴിൽ പദ്ധതികൾ

(ii) പരമ്പരാഗത മേഖലയിൽ തൊഴിലെടുക്കുന്നവർക്ക് ആധുനിക വൽക്കരണത്തിനായുള്ള പദ്ധതികൾ

(iii) തൊഴിൽ നൈപുണ്യ പരിശീലന പദ്ധതി എന്നിവയാണ് പരിഗണനയിലുള്ളത്.

## ദയാവധം സംബന്ധിച്ച കേന്ദ്രനിയമം

45 (522) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് ദയാവധം നടപ്പാക്കുന്നതു സംബന്ധിച്ച കേന്ദ്രനിയമം ആവിഷ്കരിക്കുന്നതിൽ സംസ്ഥാനത്തിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് സംസ്ഥാന സർക്കാർ അഭിപ്രായമറിയിച്ചിട്ടില്ലെങ്കിൽ അഭിപ്രായം സ്വരൂപിക്കാൻ ഉദ്ദേശിക്കുന്ന രീതി വ്യക്തമാക്കുമോ;

(സി) ഇത്തരം വിഷയങ്ങളിലെ നിയമനിർമ്മാണം സംബന്ധിച്ച് സംസ്ഥാനത്തിന്റെ അഭിപ്രായമറിയിക്കുന്നതിന് മുൻപ് പൊതുസമൂഹത്തിന്റെ നിലപാട് അറിയുന്നതിന് ശ്രമിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അത് ആവശ്യമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി&സി) ബാധകമല്ല.

## കാസർഗോഡ് ജില്ലയിൽ എം.എ.സി.റ്റി.

46 (523) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഇതേവരെ മോട്ടോർ ആക്സിഡെന്റ് ക്ലെയിംസ് ട്രൈബ്യൂണൽ ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) മോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രൈബ്യൂണൽ ഇല്ലാത്ത മറ്റേതെങ്കിലും ജില്ലയുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ഒന്നിലേറെ മോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രൈബ്യൂണലുകൾ പ്രവർത്തിക്കുന്ന ജില്ലകളുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) കാസർഗോഡ് ജില്ലയിൽ മോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രൈബ്യൂണൽ ആരംഭിക്കാൻ ഉദ്ദേശമുണ്ടോ എന്നും ഉണ്ടെങ്കിൽ എവിടെയാണെന്നും വ്യക്തമാക്കുമോ;

<u>ഉത്തരം</u>

(എ) പ്രിൻസിപ്പൽ ജില്ലാ കോടതിയും ഫസ്റ്റ്, സെക്കൻഡ്, തേർഡ് അഡീഷണൽ ജില്ലാ കോടതികളും ഉൾപ്പെടെ നാല് കോടതികൾ എം.എ.സി.റ്റി.-യായി പ്രവർത്തിക്കുന്നുണ്ട്. നിലവിലെ സാമ്പത്തിക സ്ഥിതി പരിഗണിച്ച് സ്വതന്ത്ര എം.എ.സി.റ്റി സ്ഥാപിക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല.

(ബി) എല്ലാ ജില്ലകളിലും എം.എ.സി.റ്റി. പ്രവർത്തിക്കുന്നുണ്ട്. എന്നാൽ കാസർഗോഡ്, ഇടുക്കി ജില്ലകളിൽ സ്വതന്ത്ര എം.എ.സി.റ്റി. പ്രവർത്തിക്കുന്നില്ല. ഈ ജില്ലകളിൽ പ്രിൻസിപ്പൽ ജില്ലാ കോടതിയും ഫസ്റ്റ് അഡീഷണൽ ജില്ലാ കോടതിയും എം.എ.സി.റ്റി. കോടതികളായി പ്രവർത്തിക്കുന്നുണ്ട്.

(സി) ഉണ്ട്. 1. തിരുവനന്തപുരം, 2. കൊല്ലം, 3. കോട്ടയം, 4. എറണാകുളം, 5. തൃശ്ശൂർ, 6. പാലക്കാട്, 7. മലപ്പുറം, 8. കോഴിക്കോട്, 9. കണ്ണൂർ

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

**കോടതികളിൽ കെട്ടിക്കിടക്കുന്ന ക്രിമിനൽ കേസ്സുകൾ**

47(524) <u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാസ്ത്രീയ പരിശോധന നടത്തുന്നതിന് ആവശ്യമായ സാങ്കേതിക വിദഗ്ദ്ധരില്ലെന്ന കാരണത്താൽ കേരളത്തിലെ കോടതികളിൽ എത്ര ക്രിമിനൽ കേസുകൾ കെട്ടിക്കിടക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ആയതിൻമേൽ തീർപ്പ് കല്പിക്കുന്നതിനാവശ്യമായ സാങ്കേതിക വിദഗ്ദ്ധരുടെ തസ്തികകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 2015 വർഷം വരെ ഹൈക്കോടതിയിലും സബോർഡിനേറ്റ് കോടതികളിലുമായി ആകെ 949466 ക്രിമിനൽ കേസ്സുകൾ തീർപ്പാക്കാനായി കെട്ടിക്കിടപ്പുണ്ട്.

(ബി) ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ നികത്തുന്നതിനുള്ള നടപടികൾ വകുപ്പുതലത്തിൽ സ്വീകരിച്ചിട്ടുണ്ട്.

## നെയ്യാറ്റിൻകരയിൽ കുടുംബ കോടതി

48 (525) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകരയിൽ ഒരു കുടുംബ കോടതി അനുവദിച്ചിട്ടുണ്ടോ;

(ബി) ഇത് പ്രവർത്തനം ആരംഭിക്കുന്നത് സംബന്ധിച്ച് ഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിക്കുന്നുണ്ടോ; അതിന്റെ നിലവിലെ അവസ്ഥ എന്താണ്എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ട്. ഇതിന്റെ ഭാഗമായി സ്ഥലം, കെട്ടിടം മുതലായവയുടെ ലഭ്യത പരിശോധിച്ചുവരികയാണ്.

## കലാഭവൻ മണിക്ക് സ്മാരകം

49 (526) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കലാഭവൻ മണിക്ക് ചാലക്കുടിയിൽ ഒരു സ്മാരകം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

സാംസ്കാരിക വകുപ്പ് നേരിട്ട് സ്മാരക നിർമ്മാണം ഏറ്റെടുത്ത് നടത്താറില്ല. പ്രശസ്ത നടൻ കലാഭവൻ മണിയുടെ സ്മരണാർത്ഥം സ്മാരകം നിർമ്മിക്കണമെന്ന് ആവശ്യപ്പെട്ട് സാംസ്കാരിക വകുപ്പിൽ നിലവിൽ അപേക്ഷകൾ ഒന്നും ലഭ്യമായിട്ടില്ല. കലാഭവൻ മണിയുടെ സ്മാരകം നിർമ്മിക്കുന്നതിന് സ്ഥലവും, മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഉറപ്പുവരുത്തി വിശദമായ പ്ലാനും എസ്റ്റിമേറ്റും സഹിതം ഏതെങ്കിലും സംഘടനയോ സമിതിയോ അപേക്ഷ ലഭ്യമാക്കുകയാണെങ്കിൽ ആയത് പരിശോധിച്ച് ഫണ്ടിന്റെ ലഭ്യത അനുസരിച്ച് സ്മാരക നിർമ്മാണത്തിന് ധനസഹായം അനുവദിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുന്നതാണ്.

## മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിള കലാ അക്കാദമിക്കുള്ള ഗ്രാന്റ്

50 (527) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടിയിലെ മഹാകവി മോയിൻകുട്ടി വൈദ്യർ സ്മാരക മാപ്പിള കലാ അക്കാദമിക്ക് കഴിഞ്ഞ വർഷം പ്ലാൻ, നോൺ പ്ലാൻ ഇനങ്ങളിൽ എത്ര രൂപയാണ് അനുവദിച്ചത് എന്ന് അറിയിക്കാമോ;

(ബി) നിലവിലുള്ള ഗ്രാന്റ് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ എത്ര തുകയാണ് വർദ്ധിപ്പിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കൊണ്ടോട്ടിയിലെ മഹാകവി മോയിൻകുട്ടി വൈദ്യർ സ്മാരക മാപ്പിളകലാ അക്കാദമിക്ക് കഴിഞ്ഞ വർഷം പ്ലാൻ ശീർഷകത്തിൽ തുക വകയിരുത്തിയിരുന്നില്ല. എന്നാൽ നോൺ പ്ലാൻ ശീർഷകത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 50 ലക്ഷം രൂപ അക്കാദമിക്ക് അനുവദിച്ചിട്ടുണ്ട്.

(ബി) മോയിൻകുട്ടി വൈദ്യർ സ്മാരക മാപ്പിളകലാ അക്കാദമിക്ക് ഈ സാമ്പത്തിക വർഷം നോൺ പ്ലാൻ ശീർഷകത്തിൽ 60,50,000 (അറുപത് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) രൂപ വകയിരുത്തിയിട്ടുണ്ട്.

## വാദ്യകല പ്രോത്സാഹിപ്പിക്കുന്നതിനായുള്ള നടപടി

51 (528) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാദ്യകല പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) പല്ലാവൂർ ത്രയം എന്നറിയപ്പെടുന്ന വാദ്യകുലപതികളുടെ നാമധേയത്തിൽ നെന്മാറ നിയോജകമണ്ഡലത്തിലെ പല്ലശ്ശേനയിൽ ഒരു കലാക്ഷേത്രം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വാദ്യകലയുടെ പ്രോത്സാഹനത്തിനായി നിരവധി പദ്ധതികൾ കേരള സംഗീത നാടക അക്കാദമി ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്. വാദ്യകലയുടെ പ്രചാരണത്തിനും പരിപോഷണത്തിനുമായി പ്രസ്തുത കലയെ അക്കാദമിയുടെ പ്രോഗ്രാമുകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആചാര്യ സ്ഥാനത്തുള്ള കലാകാരന്മാരുടെ മേളാവിഷ്കാരങ്ങൾ അക്കാദമി പല കേന്ദ്രങ്ങളിലും നടത്തിയിട്ടുണ്ട്. മേളകലയിൽ പുതുതലമുറയ്ക്ക് മികച്ച അവസരങ്ങൾ നൽകുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി മുറ്റത്തെ മുല്ല, താളമേളം എന്ന പേരിൽ വാദ്യോത്സവം അക്കാദമി സംഘടിപ്പിച്ചു വരുന്നു. കൂടാതെ വാദ്യകലാരംഗത്ത് പ്രവർത്തിക്കുന്ന കലാകാരന്മാരെ അക്കാദമി പുരസ്കാരങ്ങൾക്കായി പരിഗണിച്ചു വരുന്നുണ്ട്. അക്കാദമി സർക്കാരുമായി സഹകരിച്ച് ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനി മുഖേന 196 വാദ്യകലാകാരന്മാർക്ക് ഇൻഷ്വറൻസ് പരിരക്ഷ, മെഡിക്ലെയിം എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

**കണ്ണപുരം കലാഗ്രാമം**

52 (529) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കണ്ണപുരത്ത് കേരള ഫോക് ലോർ അക്കാദമിക്ക് അനുവദിച്ച സ്ഥലത്ത് കലാഗ്രാമം സ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) നിർമ്മിതി തയ്യാറാക്കി സമർപ്പിച്ച പ്രോജക്ടിന് അംഗീകാരം നൽകുന്നതിനും കലാഗ്രാമത്തിന് കൂടുതൽ ഫണ്ട് ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) 2009-10 സാമ്പത്തിക വർഷത്തിൽ കണ്ണപുരം കലാഗ്രാമം പദ്ധതിക്കായി കേരള ഫോക്‌ലോർ അക്കാദമിക്ക് 10,00,000 രൂപ അനുവദിക്കുകയുണ്ടായി. ടി തുക ഉപയോഗിച്ച് സ്ഥലം ചുറ്റുമതിൽ കെട്ടുന്നതിന് നിർമ്മിതി കേന്ദ്രത്തിനെ ഏൽപ്പിച്ചിട്ടുണ്ട്. ചുറ്റുമതിൽ നിർമ്മാണത്തിന്റെ എൺപത്

ശതമാനം പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷത്തിൽ ശ്രീ. റ്റി. വി. രാജേഷ് എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്നും കലാഗ്രാമത്തിനാവശ്യമായ സ്റ്റേജിന്റെയും ഗ്രീൻ റൂമിന്റെയും നിർമ്മാണ പ്രവർത്തനത്തിന് 50 ലക്ഷം രൂപ അനുവദിക്കുന്നതിന് ഭരണാനുമതി നൽകിയും ഉത്തരവായിട്ടുണ്ട്.

(ബി) കലാഗ്രാമം നിർമ്മാണത്തിന് അധികതുക അനുവദിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

**കുഞ്ചൻ സ്മാരകത്തിന്റെ നവീകരണം**

53 (530) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക സ്ഥാപനമായ കുഞ്ചൻ സ്മാരകത്തിന്റെ നവീകരണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ലക്കിടി കുഞ്ചൻ സ്മാരകത്തിന്റെ പ്രവർത്തനങ്ങൾക്കായി 1-7-2006 മുതൽ 31-3-2011 വരെ എത്ര തുക അനുവദിച്ചു എന്നും എന്തെല്ലാം വികസന പ്രവർത്തനങ്ങൾ നടത്തി എന്നും വ്യക്തമാക്കാമോ:

(സി) 1-7-2011 മുതൽ 31-3-2016 വരെ എത്ര തുക അനുവദിച്ചു എന്നും എന്തെല്ലാം വികസന പ്രവർത്തനങ്ങൾ നടത്തി എന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) പാലക്കാട് ലക്കിടി കുഞ്ചൻ സ്മാരകം ഭരണ സമിതിയിൽനിന്നും സ്മാരകം നവീകരണത്തിന് ധനസഹായം അഭ്യർത്ഥിച്ച് സർക്കാരിൽ പ്രൊപ്പോസൽ ലഭ്യമായിട്ടില്ല. കുഞ്ചൻ സ്മാരകത്തിന്റെ നവീകരണത്തിന് വിശദമായ പ്രൊപ്പോസൽ ലഭ്യമാക്കുകയാണെങ്കിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ധനസഹായം അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. കുഞ്ചൻ സ്മാരകത്തിൽ ക്ലാസ് മുറികളുടെ നിർമ്മാണത്തിന് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 24.95 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പാലക്കാട് കുഞ്ചൻ നമ്പ്യാർ സ്മാരകത്തിന് 1-7-2006 മുതൽ 31-3-2011 വരെ 39.25 ലക്ഷം രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. കുഞ്ചൻ നമ്പ്യാർ സ്മാരകത്തിന്റെ നവീകരണവും വികസനവും കണക്കിലെടുത്ത് തുള്ളൽ കലയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് കലാമണ്ഡലം കൽപ്പിത സർവ്വകലാശാലയുമായുള്ള ധാരണയനുസരിച്ച് 2008-ൽ കലാപീഠം പ്രവർത്തനം തുടങ്ങി. തുള്ളലിന്റെ അനുബന്ധ വിഷയങ്ങളായ മൃദംഗം, കർണ്ണാടക സംഗീതം, മോഹിനിയാട്ടം എന്നീ കലാവിഷയങ്ങളിൽ ത്രിവത്സര പാർട്ട്-ടൈം കോഴ്സുകൾ ആരംഭിച്ച് കേരള കലാമണ്ഡലം കൽപ്പിത സർവ്വകലാശാലയുടെ സാക്ഷ്യപത്രം നൽകിവരുന്നു. കുഞ്ചൻ നമ്പ്യാരെക്കുറിച്ചും തുള്ളലിനെക്കുറിച്ചും പ്രതിപാദിക്കുന്ന 'ത്രിദളം' ഡി.വി.ഡി. തയ്യാറാക്കി. കുഞ്ചൻ സ്മാരകത്തിൽ നാട്യശാല നിർമ്മിക്കുകയും സ്മാരകത്തിന്റെ വെബ്സൈറ്റ് തയ്യാറാക്കുകയും കുഞ്ചൻ അവാർഡ് ജേതാക്കളുടെ ജീവചരിത്രം അടങ്ങിയ നടനകൈരളി പുസ്തകം പ്രസിദ്ധീകരിക്കുകയും ചെയ്തു.

(സി) പാലക്കാട് കുഞ്ചൻ നമ്പ്യാർ സ്മാരകത്തിന് 1-7-2011 മുതൽ 31-3-2016 വരെ ശമ്പള ചെലവുൾപ്പെടെ 71.56 ലക്ഷം രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. കുഞ്ചൻ നമ്പ്യാർ സ്മാരകത്തിന്റെ നവീകരണത്തിനും ദൈനംദിന ചെലവുകൾക്കുമായി അനുവദിച്ച തുകയിൽനിന്നും മൂന്ന് ലക്ഷം രൂപ ചെലവഴിച്ച് സ്മാരകത്തിന്റെ ചുറ്റുമതിൽ നിർമ്മിച്ചു. 10 ലക്ഷം രൂപ ഉപയോഗിച്ച് ക്ലാസ് മുറികളുടെ നിർമ്മാണ പ്രവർത്തനം നടത്തിവരുന്നു. കുഞ്ചൻ അവാർഡ് തുക 5000 രൂപയിൽനിന്നും 10,000 രൂപയായി വർദ്ധിപ്പിച്ചു. കൂടാതെ സ്മാരകം ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പളം, കുഞ്ചൻ ദിനം, തുള്ളൽ സ്കോളർഷിപ്പ്, മറ്റ് ദൈനംദിന ചെലവുകൾ എന്നിവയ്ക്കും തുക വിനിയോഗിച്ചിട്ടുണ്ട്.

**കായംകുളത്തെ മൾട്ടിപ്ലക്സ് തിയേറ്ററിന്റെ നിർമ്മാണം**

54 (531) <u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളത്ത് അനുവദിച്ച നിർദ്ദിഷ്ട മൾട്ടിപ്ലക്സ് തയേറ്ററിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളുടെ പുരോഗതി വിശദമാക്കാമോ;

(ബി) ആയതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള കാലതാമസം എന്തുകൊണ്ടെന്ന് വിശദമാക്കാമോ ; നിർമ്മാണ പ്രവർത്തനങ്ങൾ എന്നേക്ക് ആരംഭിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കായംകുളം നഗരസഭ പ്രദേശത്ത് തിയേറ്റർ നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം നാളിതുവരെ കെ.എസ്.എഫ്.ഡി.സി.-ക്ക് ലഭ്യമാക്കിയിട്ടില്ല. സ്ഥലം ലഭ്യമായാൽ മാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു വേണ്ട വിശദമായ പദ്ധതി രൂപീകരണം, മൂലധനസമാഹരണം, പദ്ധതി നിർവ്വഹണം എന്നിവയ്ക്കായുള്ള നടപടികൾക്ക് തുടക്കമിടാൻ കഴിയുകയുള്ളൂ.

**പയ്യന്നൂർ പൂരക്കളി അക്കാദമി**

55 (532) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പയ്യന്നൂർ കേന്ദ്രമാക്കി അനുവദിച്ച പൂരക്കളി അക്കാദമിക്ക് ഫണ്ട് ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഫണ്ട് വിനിയോഗത്തിന്റെ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പ്രസ്തുത പൂരക്കളി അക്കാദമി എപ്പോൾ പ്രവർത്തനം ആരംഭിക്കുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) സർക്കാർ സ.ഉ.(സാധാ) നമ്പർ 91/2016/സിഎൽഎഡി തീയതി 27-2-2016 ഉത്തരവ് പ്രകാരം 5,00,000 (അഞ്ച് ലക്ഷം) രൂപ പൂരക്കളി അക്കാദമിയുടെ താൽക്കാലിക സമിതിയിലെ സെക്രട്ടറിയായ ഫോക്‌ലോർ അക്കാദമി സെക്രട്ടറിക്ക് അനുവദിക്കുകയും ടി തുക അക്കാദമിയുടെ ടി.പി.എ. 1369 ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽനിന്നും നാളിതുവരെ തുക ഒന്നും ചെലവഴിച്ചിട്ടില്ല.

(ബി) പൂരക്കളി അക്കാദമിയുടെ കമ്മിറ്റി വിളിച്ചു ചേർത്ത് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ ഉടൻ സ്വീകരിക്കുന്നതാണ്.

## കൊട്ടാരക്കര തമ്പുരാൻ ക്ലാസിക്കൽ കലാമ്യൂസിയം

56 (533) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തുവും പുരാരേഖയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ ഏക സർക്കാർ മ്യൂസിയമായ കൊട്ടാരക്കര തമ്പുരാൻ ക്ലാസിക്കൽ കലാമ്യൂസിയത്തിന്റെ പ്രവർത്തനം തുടരുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മ്യൂസിയത്തിന്റെ നവീകരണത്തിനും വിപുലീകരണത്തിനുമായി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) കൊട്ടാരക്കര തമ്പുരാൻ സ്മാരക ക്ലാസിക്കൽ കലാ മ്യൂസിയത്തിന്റെ നവീകരണ തുടർ പ്രവർത്തനങ്ങൾക്കായി 13,73,124 രൂപ ചെലവഴിച്ചിട്ടുണ്ട്. മ്യൂസിയം സ്ഥിതി ചെയ്യുന്ന കെട്ടിടം ദേവസ്വം ബോർഡിന്റെ അധീനതയിലായതിനാൽ മ്യൂസിയത്തിന്റെ വിപുലമായ വികസന പ്രവർത്തനങ്ങൾക്ക് പരിധിയുണ്ട്. എന്നാൽ പ്രസ്തുത മ്യൂസിയം ഉൾപ്പെടുന്ന സ്ഥലം 1968-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ട് പ്രകാരം സംരക്ഷിത സ്മാരകമായി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിനായി പ്രസ്തുത സ്ഥലത്തിന്റെ റവന്യൂ വിശദ വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## പൊരിങ്ങൽകുത്ത് ഡാമിലെ ബോട്ടിംഗ്

57 (534) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാലക്കുടി മണ്ഡലത്തിലെ പൊരിങ്ങൽകുത്ത് ഡാമിൽ ഹൈഡൽ ടൂറിസത്തിന്റെ ഭാഗമായി ആരംഭിച്ച ബോട്ടിംഗിന് വനം വകുപ്പിന്റെ അനുമതി നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

കേന്ദ്ര വന നിയമപ്രകാരമുള്ള അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് അനുമതി ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## വനം വകുപ്പ് സർവ്വേ

58 (535) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന്റെ സർവ്വേ റിപ്പോർട്ടുകൾ നിശ്ചിത സമയത്ത് ലഭിക്കാത്തതുമൂലം ടി വകുപ്പുമായി ബന്ധപ്പെട്ട വിവിധ കോടതികളിലുള്ള കേസുകളെ പ്രതികൂലമായി ബാധിക്കുന്ന സാഹചര്യമുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഇതു പരിഹരിക്കുന്നതിനായി വനം വകുപ്പിന് സ്വന്തമായി സർവ്വേ ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) സർവ്വേ റിപ്പോർട്ടുകൾ നിശ്ചിത സമയത്ത് ലഭിക്കാത്തതുമൂലം വിവിധ കോടതികളിലുള്ള കേസ്സുകളെ പ്രതികൂലമായി ബാധിക്കുന്ന സാഹചര്യമില്ല.

(ബി) ഉണ്ട്.

(സി) സർവ്വേയർമാരുടെ കുറവ് പരിഹരിക്കുന്നതിനായി 30 പേർ ഉൾക്കൊള്ളുന്ന നാലു ബാച്ചുകളിലായി വനം വകുപ്പിലെ ബീറ്റ് ഫോറസ്റ്റ് ഓഫീസർ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർക്ക് സർവ്വേ വകുപ്പിന്റെ കീഴിൽ സർവ്വെ പരിശീലനം നൽകുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. ഈ ഉത്തരവ് പ്രകാരം, 2 ബാച്ചുകളിലായി 60 പേരുടെ ട്രെയിനിംഗ് പൂർത്തിയായിട്ടുണ്ട്. ടി പരിശീലനത്തിൽ ചെയിൻ സർവ്വെ, ഹയർ സർവ്വേ, മോഡേൺ സർവ്വെ എന്നിവയിൽ പരിശീലനം നൽകിയിട്ടുണ്ട്. വിജയകരമായി ട്രെയിനിംഗ് പൂർത്തിയാക്കിയവരെ വനാതിർത്തി നിർണ്ണയിക്കുന്നതിന് നിയോഗിച്ചിട്ടുണ്ട്. മൂന്നാമത് ബാച്ചിന്റെ പരിശീലനം ഇപ്പോൾ നടന്നു വരികയാണ്. കേരള സർവ്വേ & ബൗണ്ടറീസ് റൂൾസ് -1964-റൂൾ -101 ഷെഡ്യൂളിൽ ചെയിൻ സർവ്വേ, ഹയർ സർവ്വേ പാസ്സായ ബീറ്റ് ഫോറസ്റ്റ് ഓഫീസർ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരെ കൂടി ഉൾപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

**വനം കയ്യേറ്റങ്ങൾ തടയുന്നതിനുള്ള നടപടികൾ**

59 (536) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം ജില്ലകളിൽ വനം കൈയേറ്റങ്ങൾ കണ്ടെത്തിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(ബി) അനധികൃത വനം കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനും വനഭൂമി കൈയേറുന്നത് തടയുന്നതിനുമായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) 1-7-2011 മുതൽ 31-3-2016 വരെ എത്ര വനം കൈയേറ്റങ്ങൾ കണ്ടുപിടക്കപ്പെട്ടു; അതിൽ എത്ര ഒഴിപ്പിച്ചു; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ വനമേഖലയിൽ 2011 വരെ 7289.3377 ഹെക്ടർ വനഭൂമി അനധികൃതമായി കയ്യേറ്റം നടത്തിയതായി കണ്ടെത്തിയിട്ടുണ്ട്. അതിന്റെ ജില്ലാ സർക്കിൾ തിരിച്ചുള്ള വിവരം അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(ബി) വനം കയ്യേറ്റങ്ങൾ തടയുന്നതിനായി വനാതിർത്തികളിൽ ജണ്ടകളും, കയ്യാലകളും നിർമ്മിച്ചും, ഫീൽഡ് പട്രോളിംഗുകൾ യഥാസമയം നടത്തിയും വനസംരക്ഷണ സമിതികൾ മുഖേന ബോധവത്ക്കരണം സംഘടിപ്പിച്ചും നടപടികൾ സ്വീകരിച്ചുവരുന്നു. നേച്ചർ ലവേഴ്സ് മൂവ്മെന്റ് ഫയൽ ചെയ്ത ഒ.പി. 18467/02, ഒൺ എർത്ത് ഒൺ ലൈഫ് സൊസൈറ്റി ഫയൽ ചെയ്ത ഒ.പി. 1947/2003 എന്നീ കേസ്സുകളിലെ 4-9-2015-ലെ ബഹു. ഹൈക്കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ അനധികൃത വനം കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകുന്നത് സംബന്ധിച്ച് പരിശോധിച്ചുവരുന്നു.

(സി) 1-7-2011 മുതൽ 31-3-2016 വരെ 1371.4237 ഹെക്ടർ വനം കയ്യേറ്റങ്ങൾ കണ്ടുപിടിക്കപ്പെട്ടു. അതിൽ 859.6731 ഹെക്ടർ വനഭൂമി ഒഴിപ്പിച്ചു. സർക്കിൾ തിരിച്ചുള്ള വിവരം അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വന്യമൃഗങ്ങൾ മൂലമുണ്ടാകുന്ന നാശനഷ്ടം

60 (537) ശ്രീ. പി. ഉബൈദുള്ള :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനമേഖലയിലും വനാതിർത്തിയിലും വസിക്കുന്നവർ വന്യമൃഗങ്ങളുടെ ആക്രമണത്തിനിരയാകുന്നത് വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വന്യമൃഗങ്ങളാൽ വഴിയാത്രക്കാർ പോലും അപകടങ്ങളിൽപ്പെട്ട് മരണമടയുന്ന സംഭവങ്ങൾ ഉണ്ടാകുന്ന ഭീതി ഇല്ലാതാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) വന്യമൃഗങ്ങൾമൂലം കാർഷികനഷ്ടം അനുഭവിക്കുന്ന കർഷകരെ രക്ഷിക്കാൻ എന്തൊക്കെ പദ്ധതികൾക്കാണ് രൂപം നൽകിയിട്ടുള്ളത് എന്ന് വിശദമാക്കുമോ ?

### ഉത്തരം

(എ) വനമേഖലയിലും വനാതിർത്തിയിലും താമസിക്കുന്നവർ വന്യമൃഗങ്ങളുടെ ആക്രമണത്തിന് ഇരയാകുന്നത് വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വന്യമൃഗങ്ങളാൽ വഴിയാത്രക്കാർപോലും അപകടങ്ങളിൽപ്പെട്ട് മരണമടയുന്ന സംഭവങ്ങൾ ഉണ്ടാകുന്ന ഭീതി ഇല്ലാതാക്കാൻ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

1. സൗരോർജ്ജ കമ്പിവേലി നിർമ്മിച്ചുകൊണ്ടുള്ള പ്രതിരോധം
2. ആനപ്രതിരോധ കിടങ്ങുകളുടെ നിർമ്മാണം
3. ആനപ്രതിരോധ മതിലുകളുടെ നിർമ്മാണം
4. റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിച്ച് വനത്തിനു

   വെളിയിൽ വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേക്ക് തെളിച്ചുവിടുന്നതിനുള്ള നടപടികൾ

5. പ്രശ്നക്കാരായ ആനകളെ തിരികെ കാട്ടിലേക്ക് അയയ്ക്കുന്നതിന് എലിഫന്റ് സ്ക്വാഡുകളുടെ പ്രവർത്തനം

6. ആനത്താരകളുടെ ക്രോഡീകരണത്തിന്റെ ഭാഗമായി സ്വകാര്യ സ്ഥലങ്ങൾ ഏറ്റെടുക്കുന്ന നടപടികൾ

7. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക് ഡാമുകളും നിർമ്മിക്കുന്നതിനും വനവത്കരണം നടത്തുന്നതിനുമുള്ള നടപടികൾ

8. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ഭക്ഷണ ലഭ്യത ഉറപ്പു വരുത്തുന്നതിനായി ഫലവൃക്ഷങ്ങൾ നട്ടുവളർത്തുകയും ജലലഭ്യത ഉറപ്പാക്കുന്നതിനായി തടയണകൾ നിർമ്മിക്കുകയും ചെയ്തുവരുന്നു.

മേൽപ്പറഞ്ഞ സംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. സ്ഥലം എം.എൽ.എ., ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, വിവിധ സന്നദ്ധ സംഘടനകളുടെ പ്രതിനിധികൾ (എൻ.ജി.ഒ.) എന്നിവർ ഉൾപ്പെടുന്ന ഒരു മേൽനോട്ട സമിതി, ഡിപ്പാർട്ടുമെന്റ് നടത്തുന്ന വിവിധ സംരക്ഷണ പ്രവർത്തനങ്ങളെ വിലയിരുത്തിവരുന്നു.

(സി) വന്യജീവികളുടെ ആക്രമണത്തിൽ കൃഷിനാശം സംഭവിക്കുന്നവർക്ക് 1980-ലെ കേരളാ റൂൾസ് ഫോർ പേമെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്ടിംഗ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ് എന്ന ചട്ടപ്രകാരം നിലവിൽ നഷ്ടപരിഹാരം നൽകിവരുന്നുണ്ട്.

## വനശ്രീ യൂണിറ്റുകളുടെ നവീകരണം

61 (538) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ ഗവൺമെന്റിന്റെ കാലത്ത് വനശ്രീ യൂണിറ്റുകളെ നവീകരിക്കാനും, ശക്തിപ്പെടുത്താനും എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തത് ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതു സംബന്ധിച്ച് കൈവരിക്കാനുദ്ദേശിച്ചത്;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) പദ്ധതി നിർവ്വഹണത്തിൽ എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്?

<u>ഉത്തരം</u>

(എ) വന വികാസ ഏജൻസികളുടെ മേൽനോട്ടത്തിൽ വനവിഭവശേഖരണം, മൂല്യവർദ്ധന വിപണനം എന്നീ പ്രവർത്തനങ്ങൾ വന സംരക്ഷണ സമിതികൾ, ഇക്കോഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവയിലെ എല്ലാ അംഗങ്ങൾക്കും പ്രയോജനം ലഭിക്കത്തക്കവിധത്തിൽ നിർവ്വഹിക്കുന്നതിന് വനശ്രീ യൂണിറ്റുകൾ പുനഃസംഘടിപ്പിക്കുകയായിരുന്നു പ്രധാന പരിപാടി. വനമേഖലകളിൽനിന്നും ശേഖരിച്ച തടിയേതര വന വിഭവങ്ങൾ സൂക്ഷിക്കുന്നതിനുള്ള ശേഖരണ കേന്ദ്രങ്ങൾ, സംസ്കരിച്ച് മൂല്യവർദ്ധനവ് നടത്തുന്നതിനുള്ള യന്ത്ര സംവിധാനങ്ങളോടുകൂടിയ പ്രോസസ്സിംഗ് കേന്ദ്രങ്ങൾ, ഉൽപ്പന്ന വിപണന കേന്ദ്രങ്ങൾ എന്നിവ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഏർപ്പെടുത്തുന്നതിനായി ദേശീയ ഔഷധസസ്യ ബോർഡിന്റെ ധനസഹായം ലഭ്യമാക്കാൻ നടപടി എടുത്തു.

(ബി) വന മേഖലകളിൽ നിന്നും ശേഖരിച്ച തടിയേതര വന വിഭവങ്ങൾ ദീർഘകാലം കേടുകൂടാതെ സൂക്ഷിക്കുവാനും, യന്ത്രങ്ങളുടെ സഹായത്തോടുകൂടി കൂടുതൽ കാര്യക്ഷമതയോടെ വിപണിയിലെ ആവശ്യാനുസരണം മൂല്യവർദ്ധനവ് നടത്തി വിപണനത്തിന് സജ്ജമാക്കുവാനും അതുവഴി ആദിവാസികൾക്ക് കൂടുതൽ തൊഴിലവസരങ്ങളും വരുമാനവും ഉണ്ടാക്കുകയുമാണ് മേൽ സംവിധാനം വഴി ലക്ഷ്യമിട്ടത്.

(സി) (1) വനശ്രീ യൂണിറ്റുകളുടെ മേൽനോട്ടത്തിനായി, വന വികാസ ഏജൻസികളിൽ പ്രത്യേക കമ്മിറ്റികളെ ചുമതലപ്പെടുത്തി.

(2) സംസ്ഥാന വന വികാസ ഏജൻസിയുടെ കീഴിൽ "വനശ്രീ സെല്ലിന്റെ" പ്രവർത്തനം ഊർജ്ജിതപ്പെടുത്തി.

(3) പ്രവർത്തന ഫണ്ട് സമയത്തിന് ലഭ്യമാക്കുവാനായി വന വികാസ ഏജൻസിയിൽ "റിവോൾവിംഗ് ഫണ്ട്" രൂപീകരിച്ചു.

(4) ശേഖരണം, മൂല്യവർദ്ധനവ്, വിപണനം എന്നിവയ്ക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഏർപ്പെടുത്തുവാൻ ദേശീയ ഔഷധസസ്യ ബോർഡിന്റെയും മറ്റ് വിവിധ സർക്കാർ ഏജൻസികളിൽനിന്നും ധനസഹായത്തിനായി പദ്ധതികൾ തയ്യാറാക്കി സമർപ്പിച്ചു.

(5) വനശ്രീ വിഭവങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും പായ്ക്കിംഗ് മെച്ചപ്പെടുത്തുന്നതിനും മറ്റ് വിപണന തന്ത്രങ്ങൾ ആവിഷ്ക്കരിക്കുന്നതിനും വിദഗ്ദ്ധ പഠനം നടത്തുന്നതിനും നടപടി സ്വീകരിച്ചു.

(6) വന വിഭവ ശേഖരത്തിലേർപ്പെടുന്ന ആദിവാസികൾക്ക് വിപണി വിലയുമായി ബന്ധപ്പെട്ട് പ്രതിഫലം ഉടനടി നൽകുവാൻ നടപടിയെടുത്തു.

(7) വനശ്രീയുമായി ബന്ധപ്പെട്ട യൂണിറ്റുകളുടെ കണക്കുകൾ സമയബന്ധിതമായി ഓഡിറ്റ് ചെയ്യുവാൻ നടപടിയെടുത്തു.

(8) വനശ്രീ വിഭവങ്ങൾ ഓൺലൈനായി വിൽക്കുന്നതിന് നടപടി ആരംഭിച്ചു.

(ഡി) വന വികാസ ഏജൻസി തലത്തിൽ കമ്മിറ്റികൾ രൂപീകരിച്ചതിലൂടെ വനശ്രീ സംബന്ധമായ പ്രവർത്തന കാര്യങ്ങളിൽ കാലതാമസം ഒഴിവാക്കുവാൻ സാധിച്ചു. റിവോൾവിംഗ് ഫണ്ടിന്റെ രൂപീകരണത്തിലൂടെ വന വിഭവ ശേഖരണ, സംസ്കരണ, മൂല്യവർദ്ധന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്ക് വേതനം ഉൾപ്പെടെയുള്ള കാര്യങ്ങൾ സമയബന്ധിതമായി കൊടുക്കുവാൻ സാധിക്കുന്നു. മറ്റ് ഏജൻസികളിലൂടെ ഫണ്ട് ലഭ്യമാക്കുക വഴി ശേഖരണ, സംസ്കരണ, മൂല്യവർദ്ധന പ്രവർത്തനങ്ങൾക്കാവശ്യമായ സാമഗ്രികൾ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ ദേശീയ ഔഷധസസ്യ ബോർഡിൽനിന്നും 364 ലക്ഷം രൂപയുടെ പദ്ധതി അനുവദിച്ചു കിട്ടി. ഓൺലൈൻ വഴിയിലൂടെയുള്ള മാർക്കറ്റിംഗ് സേവനങ്ങൾ ഏർപ്പെടുത്തുന്ന നടപടി പുരോഗമിച്ചുവരുന്നു.

## ഇടുക്കി ജില്ലയിൽ പട്ടയം ലഭിച്ച ഭൂമി

62 (539) ശ്രീ. എം. എം. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ പട്ടയം ലഭിച്ച ഭൂമിയിൽ കർഷകർ നട്ടുവളർത്തിയ മരങ്ങൾ മുറിച്ച് മാറ്റുന്നതിന് തടസ്സം നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) പ്രശ്ന പരിഹാരത്തിനായി ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്നതു സംബന്ധിച്ച വിശദാംശം നൽകാമോ?

ഉത്തരം

(എ)ഇടുക്കി ജില്ലയിൽ പട്ടയം ലഭിച്ച ഭൂമിയിൽ കർഷകർ നട്ടുവളർത്തിയ മരങ്ങൾ മുറിച്ച് മാറ്റുന്നതിന് തടസ്സം നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട പരാതി ലഭിച്ചിട്ടുണ്ട്.

(ബി) 1964-ലെ ഭൂപതിവ് ചട്ടങ്ങൾ, 1993-ലെ പ്രത്യേക ചട്ടങ്ങൾ എന്നിവ പ്രകാരം അനുവദിക്കുന്ന ഭൂപതിവ് പട്ടയങ്ങളിലെ ചില വ്യവസ്ഥകൾ പട്ടയഭൂമിയിൽ നട്ടുവളർത്തിയ മരങ്ങൾ മുറിക്കുന്നതിന് പ്രതിബന്ധമാകുന്നുണ്ട്. ഇടുക്കി ജില്ലയിൽ മിക്കവാറും വില്ലേജുകൾ 1986-ലെ വൃക്ഷ സംരക്ഷണ നിയമത്തിലെ 5-ാം വകുപ്പ് പ്രകാരമോ, 2006-ലെ വൃക്ഷം വളർത്തൽ പ്രോത്സാഹന നിയമ പ്രകാരമോ വിജ്ഞാപനം ചെയ്തിട്ടുള്ളവയാണ്.

ഇവിടങ്ങളിൽ മരങ്ങൾ മുറിക്കുന്നതിന് നിയന്ത്രണങ്ങൾ നിലവിലുള്ളതാണ്.

വനഭൂമിയിൽ നിലവിൽ പട്ടയം ലഭിച്ചിട്ടുള്ള സ്ഥലങ്ങളിൽ പട്ടയക്കാർക്കും, ഗിരിജൻ സെറ്റിൽമെന്റുകളിൽ വസിക്കുന്ന ഗിരിജനങ്ങൾക്കും 11 ഇനങ്ങളിൽപ്പെട്ട (മാവ്, അമ്പഴം, പുളി, നെല്ലി, കുടംപുളി, മട്ടി, മുരിക്ക്, അൽബീസിയ, സിൽവർ ഓക്ക്, പ്ലാവ്, ആഞ്ഞിലി) മരങ്ങൾ മുറിച്ചെടുത്ത് ഉപയോഗിക്കാൻ 15-3-1993-ലെ സ.ഉ. (എംഎസ്.) നമ്പർ 23/93/വനം നമ്പർ ഉത്തരവ് പ്രകാരം അനുവാദം നൽകിയിരുന്നു. ഇതിൽ പ്ലാവും ആഞ്ഞിലിയും മുറിക്കുന്നതിനുള്ള അനുമതി 19-5-1993-ലെ സ.ഉ.(എംഎസ്.) നമ്പർ 36/93/വനം നമ്പർ ഉത്തരവ് പ്രകാരം നിർത്തലാക്കി. എന്നാൽ 27-5-2015-ലെ സ.ഉ.(എംഎസ്.) നമ്പർ 40/2015/വനം നമ്പർ ഉത്തരവ് പ്രകാരവും 9-7-2015-ലെ സ.ഉ.(എംഎസ്.) നമ്പർ 49/15/വനം നമ്പർ ഉത്തരവ് പ്രകാരവും പ്ലാവ്, ആഞ്ഞിലി മരങ്ങൾ പട്ടയ ഭൂമിയിൽനിന്നും മുറിക്കുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

## അമ്പൂരി പഞ്ചായത്തിലെ ആദിവാസികളുടെ വീട് നിർമ്മാണം

63(540) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പൂരി പഞ്ചായത്തിലെ പുരവിമല, ചാക്കപ്പാറ മേഖലകളിലെ ആദിവാസികൾക്ക് കൈവശ ഭൂമിയിൽ നിന്നും തടികൾ മുറിച്ച് ഉപയോഗിക്കാൻ അനുമതി നൽകാത്തതു കാരണം വീടു പണി പൂർത്തിയാക്കാനാവാതെ അവരനുഭവിക്കുന്ന വിഷമം പരിഹരിക്കുന്നതിന് എന്തൊക്കെ നടപടിയാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് ഏതെങ്കിലും സർക്കാർ ഉത്തരവ് നിലവിലുണ്ടോ എന്ന് അറിയിക്കാമോ;

(സി) മുൻപ് ഏതെങ്കിലും മേഖലയിലെ ആദിവാസി വിഭാഗക്കാർക്ക് ഇത്തരത്തിൽ അനുമതി നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അമ്പൂരി പഞ്ചായത്തിലെ പുരവിമല, ചാക്കപ്പാറ ഭാഗങ്ങളിൽനിന്നും ആദിവാസികൾക്ക് വീട് വയ്ക്കുന്നതിനായി കൈവശ ഭൂമിയിൽ നിന്നിരുന്ന 5 ഇനം മരങ്ങളിൽ (പ്ലാവ്, ആഞ്ഞിലി, മരുതി, ചടച്ചി, ഇരുൾ) നിന്ന് 1.5 ക്യൂ. മീ. തടി മുറിച്ചുപയോഗിക്കാനുള്ള അനുമതി നൽകിയിട്ടുണ്ട്. പുരവിമല, ചാക്കപ്പാറ മേഖലകളിൽനിന്നും ടി ആവശ്യത്തിലേക്കായി 17 അപേക്ഷകളാണ് നെയ്യാർ അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡന്റെ കാര്യാലയത്തിൽ ലഭിച്ചിട്ടുള്ളത്. അതിൽ 9 അപേക്ഷകളിൽ നടപടി സ്വീകരിച്ച് മരം മുറിക്കുന്നതിന് ഉത്തരവ് നൽകിയിട്ടുണ്ട്. ബാക്കി അപേക്ഷകളിൽ ന്യൂനതകൾ ഉള്ളതിനാൽ അവ പരിഹരിക്കുവാനായി നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്. 6-6-2015-ലെ സ.ഉ. (എം.എസ്.) നമ്പർ 42/2015/വനം (അനുബന്ധമായി ചേർത്തിരിക്കുന്നു*)

(സി) ഉണ്ട്. മുമ്പും സ.ഉ. (കൈ) 52/2009/വനം. തീയതി, 26-11-2009, സ.ഉ.(കൈ) 6/07/ വനം. തീയതി, 12-2-2007 എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരവും ആദിവാസി വിഭാഗങ്ങൾക്ക് ഭവന നിർമ്മാണത്തിന് തടി നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## വൃക്ഷത്തൈ വിതരണം

64 (541) ശ്രീ. വി. ഡി. സതീശൻ :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീ. അൻവർ സാദത്ത് :

ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻഗവൺമെന്റിന്റെ കാലത്ത് പൊതുജനങ്ങൾക്ക് വൃക്ഷത്തൈകൾ വിതരണം ചെയ്യുന്നതിന് എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തത്; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതു സംബന്ധിച്ച് കൈവരിക്കാനുദ്ദേശിച്ചത്;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) പദ്ധതി നിർവ്വഹണത്തിൽ എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്?

ഉത്തരം

(എ) പൊതുജനങ്ങൾക്ക് വൃക്ഷത്തൈകൾ വിതരണം ചെയ്യുന്നതിനും വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നതിനും വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതിനുംവേണ്ടി വനം വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന സുപ്രധാന പദ്ധതിയാണ് "ഹരിത കേരളം പദ്ധതി". ത്രിതല പഞ്ചായത്തുകൾ, വിദ്യാർത്ഥികൾ, യുവജന സംഘടനകൾ, മത സ്ഥാപനങ്ങൾ, രാഷ്ട്രീയ പാർട്ടികൾ, വാർത്താ മാധ്യമങ്ങൾ എന്നിവയുടെ പങ്കാളിത്തത്തോടെയുള്ള പരിപാടിയാണിത്. പ്രസ്തുത പദ്ധതിയുടെ കുടക്കീഴിൽ 1 മുതൽ 9 വരെ ക്ലാസ്സുകളിലുള്ള വിദ്യാർത്ഥികളെ ഉൾപ്പെടുത്തി "എന്റെ മരം" പദ്ധതിയും, +2 തലം മുതൽ കോളേജ് തലം വരെയുള്ള വിദ്യാർത്ഥികളെ ഉൾപ്പെടുത്തി "നമ്മുടെ മരം" പദ്ധതിയും, ചുമട്ടുതൊഴിലാളികളുടെ പങ്കാളിത്തത്തോടും സഹകരണത്തോടുംകൂടി "വഴിയോരത്തണൽ" പദ്ധതിയും നടപ്പിലാക്കി. "എന്റെ മരം", "നമ്മുടെ മരം" എന്നീ പദ്ധതിയിൻ കീഴിൽ വിദ്യാർത്ഥികൾക്ക് സൗജന്യ നിരക്കിൽ വൃക്ഷത്തൈകൾ വിതരണം ചെയ്തു. വഴിയോരത്തണൽ പദ്ധതിയിൻ കീഴിൽ ഒരു വർഷം പ്രായമായ വിവിധയിനം തദ്ദേശീയ വൃക്ഷത്തൈകൾ പാതയോരങ്ങളിൽ നട്ടുപിടിപ്പിച്ച് സംരക്ഷിച്ചുവരുന്നു.

(ബി) വൃക്ഷാവരണം വർദ്ധിപ്പിച്ച് ആഗോള താപനത്തെയും, കാലാവസ്ഥാ വ്യതിയാനത്തെയും, വായു മലിനീകരണത്തെയും ചെറുക്കുക, മണ്ണ്-ജല സംരക്ഷണം ഉറപ്പുവരുത്തുക , സാധാരണ ജനങ്ങൾക്ക് ആവശ്യമുള്ള തടി, വിറക്, കാലിത്തീറ്റ എന്നിവ ലഭ്യമാക്കുക, സ്വകാര്യ കൈവശ സ്ഥലങ്ങളിലെ തടി ലഭ്യത വർദ്ധിപ്പിക്കുക, വൃക്ഷവത്കരണം, വന്യജീവി സംരക്ഷണം, ജൈവവൈവിധ്യ സംരക്ഷണം, ഹരിതവത്ക്കരണം മുഖേന ലഭ്യമാകുന്ന പാരിസ്ഥിതിക സേവനങ്ങൾ എന്നിവയെ സംബന്ധിച്ച അവബോധം പൊതുജനങ്ങളിലും വിദ്യാർത്ഥികളിലും സൃഷ്ടിച്ച് പ്രകൃതി സംരക്ഷണം ഉറപ്പാക്കുക എന്നിവ ലക്ഷ്യമാക്കിയാണ് ഹരിതകേരളം പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്.

(സി) ഓരോ വർഷവും ജൂൺ മാസത്തിൽ വിതരണം ചെയ്യുവാനുള്ള തൈകളുടെ ഉത്പാദനം എല്ലാ ജില്ലകളിലും മുൻ വർഷം നവംബർ, ഡിസംബർ മാസങ്ങളിൽ ആരംഭിക്കുകയും ജനുവരി മുതൽ മേയ് മാസം വരെ തൈകളുടെ പരിചരണ പരിപാലന പ്രവർത്തനങ്ങൾ നടത്തി മതിയായ വളർച്ചയെത്തിയതും വിതരണത്തിന് ആവശ്യമായതുമായ എണ്ണം തൈകൾ ഉത്പാദിപ്പിക്കുകയും ചെയ്യുന്നുണ്ട്. ഇപ്രകാരം ഉത്പാദിപ്പിക്കുന്ന തൈകൾ വിദ്യാർത്ഥികൾക്ക് സൗജന്യമായും പൊതുജനങ്ങൾക്കും മറ്റ് സന്നദ്ധ സംഘടനകൾക്കും കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള സൗജന്യ നിരക്കിലുമാണ് വിതരണം ചെയ്തുവരുന്നത്.

(ഡി) ഹരിതകേരളം പദ്ധതിയിലൂടെ കഴിഞ്ഞ അഞ്ച് വർഷങ്ങളിലായി ആകെ 388.61 ലക്ഷം തൈകൾ വിതരണം ചെയ്തിട്ടുണ്ട്.

| ക്രമ നമ്പർ | വർഷം | വിതരണം ചെയ്ത തൈകളുടെ എണ്ണം (ലക്ഷത്തിൽ) |
|---|---|---|
| 1 | 2011-12 | 70.72 |
| 2 | 2012-13 | 88.16 |
| 3 | 2013-14 | 83.83 |
| 4 | 2014-15 | 73.14 |
| 5 | 2015-16 | 72.76 |

ടി പദ്ധതിയിലൂടെ സംസ്ഥാനത്തിന്റെ ഹരിതാഭ വർദ്ധിപ്പിക്കുവാനും പൊതു ജനങ്ങളിലും വിദ്യാർത്ഥികളിലും പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കാനും കഴിയുന്നുണ്ട്.

## കേരളത്തിലെ വനവിസ്തൃതി

65 (542) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വനവിസ്തൃതിയെ സംബന്ധിച്ച കഴിഞ്ഞ പത്തു കൊല്ലത്തെ വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) കേരളത്തിൽ ഇപ്പോൾ എത്ര വനഭൂമിയാണുള്ളതെന്ന് അറിയിക്കുമോ;

(സി) 2011-2016 കാലഘട്ടത്തിൽ എത്ര വനം കയ്യേറ്റങ്ങൾ നടന്നിട്ടുണ്ട്; എത്ര ഹെക്ടർ വനമാണ് ഇത്തരത്തിൽ കയ്യേറിയിട്ടുള്ളത്; ഇവ തിരിച്ചുപിടിക്കുന്നതിനും കയ്യേറ്റക്കാർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) ആധുനിക സങ്കേതങ്ങൾ ഉപയോഗിച്ച് സംസ്ഥാനത്തെ വനഭൂമിയുടെ കൃത്യമായ വിസ്തൃതി കണ്ടെത്തുന്നതിനും അത് നഷ്ടപ്പെടാതെ പരിപാലിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ) കേരളത്തിലെ വനവിസ്തൃതിയെ സംബന്ധിച്ച കഴിഞ്ഞ 10 കൊല്ലത്തെ വർഷം തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

(ബി) കേരളത്തിൽ ഇപ്പോൾ 11309.48 ചതുരശ്ര കിലോ മീറ്റർ (1130948 ഹെക്ടർ) വനഭൂമിയാണുള്ളത്.

(സി) 2011-2016 കാലഘട്ടത്തിൽ 1371.4237 ഹെക്ടർ വനഭൂമി കയ്യേറിയിട്ടുണ്ട്. അതിൽ 859.6731 ഹെക്ടർ വനഭൂമി ഒഴിപ്പിച്ചു. കയ്യേറ്റക്കാർക്കെതിരെ ഒ.ആർ. കേസ്സുകൾ രജിസ്റ്റർ ചെയ്ത്, കോടതിയിൽ കേസ് ചാർജ് ചെയ്ത് നിയമനടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) വനഭൂമിയുടെ കൃത്യമായ വിസ്തൃതി കണ്ടെത്തുന്നതിന് ജി.പി.എസ്., ജി.ഐ.എസ്. മാപ്പിംഗ് സോഫ്റ്റ്‌വെയർ എന്നീ സംവിധാനങ്ങൾ ഉപയോഗിച്ചു വരുന്നുണ്ട്. കൂടാതെ വനാതിർത്തി സർവ്വേ ചെയ്ത് ജണ്ടയിട്ട് സംരക്ഷിക്കുന്നതിനായി ബീറ്റ് ഫോറസ്റ്റ് ഓഫീസർ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ എന്നിവർക്ക് സർവ്വേ പരിശീലനം നൽകി അവരുടെ സേവനവും കൂടി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വനഭൂമി നഷ്ടപ്പെടാതെ പരിപാലിക്കുന്നതിനായി വനസംരക്ഷണ ജീവനക്കാരുടെയും തദ്ദേശീയരായ വാച്ചർമാരുടെയും സേവനം ഉപയോഗിച്ച് സംരക്ഷണ പ്രവർത്തനങ്ങൾ ചെയ്തുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വന്യജീവികൾമൂലമുള്ള കൃഷിനാശം

66 (543) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനത്തിന് സമീപമേഖലകളിലുള്ള കർഷകരുടെ കൃഷിയിടങ്ങളിൽ വന്യജീവികൾ വരുത്തുന്ന കൃഷിനാശം തടയുന്നതിന് എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) വന്യജീവികളാൽ കൃഷിനാശം നേരിട്ടവർക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള പദ്ധതിയെക്കുറിച്ച് ആലോചിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) വനത്തിന് സമീപ മേഖലകളിലുള്ള കർഷകരുടെ കൃഷിയിടങ്ങളിൽ വന്യജീവികൾ വരുത്തുന്ന കൃഷിനാശം തടയുന്നതിന് വനം വകുപ്പ് കാലാകാലങ്ങളിലായി വിവിധ തരത്തിലുള്ള പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. സൗരോർജ്ജ കമ്പിവേലി, ആനപ്രതിരോധ കിടങ്ങ്, കരിങ്കൽ ഭിത്തി, ജൈവവേലി എന്നിവയുടെ നിർമ്മാണം നടത്തിവരുന്നുണ്ട്.

(ബി) വന്യജീവികളുടെ ആക്രമണത്തിൽ കൃഷിനാശം സംഭവിക്കുന്നവർക്ക് 1980-ലെ കേരള റൂൾസ് ഫോർ പേമെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ് എന്ന ചട്ടപ്രകാരം നിലവിൽ നഷ്ടപരിഹാരം നൽകിവരുന്നുണ്ട്.

## വന്യമൃഗങ്ങൾ നാട്ടിലേക്ക് ഇറങ്ങി മനുഷ്യന്റെ ജീവനും സ്വത്തിനുമുള്ള ഭീഷണി

67 (544) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗങ്ങൾ നാട്ടിലേയ്ക്ക് ഇറങ്ങി മനുഷ്യന്റെ ജീവനും സ്വത്തിനും ഭീക്ഷണിയാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(ബി) വന്യമൃഗങ്ങൾ ഇറങ്ങി കൃഷി നശിപ്പിച്ചതും മനുഷ്യരെയും മൃഗങ്ങളെയും ആക്രമിച്ചതുമായ എത്ര പരാതികൾ 2016-ൽ ലഭിച്ചുവെന്ന് അറിയിക്കുമോ; പരാതികളുടെ വിവരങ്ങൾ ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) ആയതിന്മേൽ വനംവകുപ്പ് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിൻെറ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വന്യജീവി ആക്രമണങ്ങളിൽനിന്നും മനുഷ്യന്റെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനായി ജനവാസ കേന്ദ്രങ്ങളോട് ചേർന്നുള്ള വനാതിർത്തിയിൽ എലിഫന്റ് പ്രൂഫ് ട്രെഞ്ച്, സൗരോർജ്ജവേലി, എലിഫന്റ് പ്രൂഫ് വാൾ എന്നിവ നിർമ്മിച്ച് പരിപാലിച്ചുപോരുന്നു. കൂടാതെ വന്യമൃഗങ്ങൾ കുടിവെള്ളത്തിനായി ജനവാസ കേന്ദ്രങ്ങളിലേക്ക് വരുന്നത് ഒഴിവാക്കുന്നതിനായി വനത്തിനകത്ത് വിവിധ ഭാഗങ്ങളിൽ ചെക്ക് ഡാമുകൾ നിർമ്മിക്കുകയും കൂടുതൽ കാലത്തേയ്ക്ക് ജലലഭ്യത ഉറപ്പുവരുത്തുന്നതിനായി മണ്ണ്, ജലസംരക്ഷണ പ്രവർത്തനങ്ങൾ നടത്തിവരികയും ചെയ്യുന്നു. വനജാഗ്രതാ സമിതിയുടെ നേതൃത്വത്തിൽ വനത്തിന് സമീപ പ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് ബോധവത്ക്കരണം, ജാഗ്രതാ നിർദ്ദേശങ്ങൾ മുതലായവ നൽകുന്നതിനായി ക്യാമ്പുകൾ നടത്താറുണ്ട്. നാട്ടിലിറങ്ങുന്ന കാട്ടാനകളേയും മറ്റ് വന്യമൃഗങ്ങളേയും വനത്തിലേയ്ക്ക് തന്നെ കയറ്റിവിടുന്നതിനും മറ്റുമായി റാപിഡ് റെസ്പോൺസ് ടീം, ആദിവാസി വാച്ചർമാർ എന്നിവരുടെ സേവനം ഉപയോഗപ്പെടുത്തിവരുന്നു.

(ബി) വന്യമൃഗങ്ങൾ ഇറങ്ങി കൃഷി നശിപ്പിച്ചതിനും മനുഷ്യരെയും മൃഗങ്ങളേയും ആക്രമിച്ചതിനും 2016-ൽ 3352 പരാതികൾ ലഭിച്ചു. പരാതികളുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു:

| ജില്ല | ലഭിച്ച പരാതികളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 112 |
| കൊല്ലം | 120 |
| പത്തനംതിട്ട | 20 |
| കോട്ടയം | 7 |
| ഇടുക്കി | 156 |
| എറണാകുളം | 61 |
| തൃശ്ശൂർ | 131 |
| പാലക്കാട് | 294 |

| | |
|---|---|
| മലപ്പുറം | 188 |
| കോഴിക്കോട് | 118 |
| വയനാട് | 1708 |
| കണ്ണൂർ | 177 |
| കാസർഗോഡ് | 260 |

(സി) വന്യജീവികൾ ഇറങ്ങി കൃഷി നശിപ്പിച്ചതിനും മനുഷ്യരേയും മൃഗങ്ങളേയും ആക്രമിച്ചതിനും 2016-ൽ വിതരണം ചെയ്ത നഷ്ടപരിഹാരത്തുക ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു:

| ജില്ല | വിതരണം ചെയ്ത നഷ്ടപരിഹാരത്തുക |
|---|---|
| തിരുവനന്തപുരം | 13,18,033 |
| കൊല്ലം | 22,39,162 |
| പത്തനംതിട്ട | 2,48,245 |
| കോട്ടയം | ഇല്ല |
| ഇടുക്കി | 4,61,035 |
| എറണാകുളം | 1,92,293 |
| തൃശ്ശൂർ | 64,033 |
| പാലക്കാട് | 14,68,770 |
| മലപ്പുറം | 5,75,913 |
| കോഴിക്കോട് | ഇല്ല |
| വയനാട് | 23,60,580 |
| കണ്ണൂർ | 2,85,636 |
| കാസർഗോഡ് | 1,20,346 |

**വന്യമൃഗങ്ങൾ കൃഷി നശിപ്പിക്കുന്നതുമൂലമുള്ള നഷ്ടപരിഹാരത്തുക**

68 (545) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. റോജി എം. ജോൺ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗങ്ങൾ കൃഷിനശിപ്പിക്കുന്നത് മൂലമുള്ള നഷ്ടപരിഹാരത്തുക കൃത്യമായി വിതരണം ചെയ്യാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് മുൻ സർക്കാരിന്റെ കാലത്ത് ആസൂത്രണം ചെയ്തതെന്ന് വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതു സംബന്ധിച്ച് കൈവരിക്കാനുദ്ദേശിച്ചത്;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) പദ്ധതി നിർവ്വഹണത്തിൽ എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്?

ഉത്തരം

(എ) വന്യമൃഗങ്ങൾ കൃഷിനശിപ്പിക്കുന്നത് മൂലമുള്ള നഷ്ടപരിഹാരത്തുക കൃത്യമായി വിതരണം ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി, ആയതിനെ സേവനാവകാശ നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നഷ്ടപരിഹാരത്തിനായുള്ള അപേക്ഷകൾ ഓൺലൈനായി സ്വീകരിച്ച് നടപടി എടുക്കുന്നതിനുള്ള സംവിധാനം നിലവിൽ വന്നു. വന്യമൃഗങ്ങൾ കൃഷി നശിപ്പിക്കുന്നതുമൂലം നഷ്ടം സംഭവിക്കുന്ന കർഷകർക്ക് 1980-ലെ കേരളാ റൂൾസ് ഫോർ പേമെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ് എന്ന ചട്ടപ്രകാരം നഷ്ടപരിഹാരം നൽകുന്നതിന് ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ചിരുന്നു.

(ബി) വന്യജീവി ആക്രമണംമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് ആശ്വാസമായി നൽകുന്ന നഷ്ടപരിഹാരത്തുക കാലതാമസമില്ലാതെ വിതരണം ചെയ്യുകയെന്ന ലക്ഷ്യമാണ് കൈവരിക്കാൻ ഉദ്ദേശിച്ചത്.

(സി) വന്യജീവി ആക്രമണംമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് നൽകുന്ന നഷ്ടപരിഹാരത്തുക കാലതാമസമില്ലാതെ നൽകുന്നതിനായാണ് സേവനാവകാശ നിയമത്തിൽ ഉൾപ്പെടുത്തി അപേക്ഷകളിൽ 30 ദിവസത്തിനകം തീരുമാനം എടുക്കുവാൻ നടപടി എടുത്തിട്ടുള്ളത്. കൂടാതെ ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ സുതാര്യമാക്കുവാൻ 24-2-2016-ന് ഓൺലൈൻ സംവിധാനം നിലവിൽവന്നു.

(ഡി) പദ്ധതികളിലൂടെ നഷ്ടപരിഹാരത്തുക നൽകുന്നതിലെ കാലതാമസം പരമാവധി ഒഴിവാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. 2011-12, 2012-13, 2013-14, 2014-15 എന്നീ വർഷങ്ങളിൽ വന്യജീവി ആക്രമണത്തിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് ചുവടെ പറയുന്ന പ്രകാരം നഷ്ടപരിഹാരം നൽകിയിട്ടുണ്ട്:

| സാമ്പത്തിക വർഷം | നഷ്ടപരിഹാരം നൽകിയ തുക (രൂപ) |
|---|---|
| 2011-12 | 2,71,91,059 |
| 2012-13 | 2,73,75,594 |
| 2013-14 | 4,25,10,199 |
| 2014-15 | 3,92,09,607 |
| 2015-16 | 4,42,70,509 |

**മണിയാറൻകുടി-ഉടുമ്പന്നൂർ റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ**

69 (546) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കിയിൽ വനമേഖലയിലൂടെ കടന്നുപോകുന്ന മണിയാറൻകുടി-ഉടുമ്പന്നൂർ റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾക്ക് LAC-ADS-ൽ ഉൾപ്പെടുത്തി എത്ര തുക അനുവദിച്ച് ഉത്തരവായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ ഏതു ഘട്ടത്തിലെത്തിയെന്ന് വ്യക്തമാക്കുമോ;

(സി) യഥാകാലം പുനരുദ്ധാരണ പ്രവൃത്തികൾ നടക്കാതിരുന്നതുമൂലമുള്ള റോഡിന്റെ ദുർഘടാവസ്ഥ കണക്കിലെടുത്ത് ഭരണാനുമതി ലഭിച്ചിട്ടുള്ള തുക വിനിയോഗിച്ച് അടിയന്തരമായി റോഡുപണി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മണിയാറൻകുടി-ഉടുമ്പന്നൂർ റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾക്ക് LAC-ADS -ൽ ഉൾപ്പെടുത്തി 100 ലക്ഷം രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

(ബി&സി) സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടി റോഡിന്റെ പണികൾ ആരംഭിക്കുന്നതിന് 1980-ലെ ഫോറസ്റ്റ് കൺസർവേഷൻ ആക്ട് പ്രകാരം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭ്യമാക്കേണ്ടതാണ്. ടി അനുമതി ലഭ്യമായിട്ടില്ല. അത് ലഭ്യമായാൽ മാത്രമേ റോഡ് പണി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

**വന്യമൃഗങ്ങളുടെ ആക്രമണത്തിന് വിധേയരാകുന്നവർക്ക് ധനസഹായം**

70 (547) <u>ശ്രീ. എം. എം. മണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗങ്ങളുടെ ആക്രമണത്തിന് വിധേയരാകുന്ന ജനങ്ങൾക്ക് നൽകിവരുന്ന സഹായം എന്തൊക്കെയാണ്; ജീവഹാനി വരുന്നവരുടെ ആശ്രിതർക്ക് എത്ര രൂപയുടെ ധനസഹായമാണ് നൽകിവരുന്നത്;

(ബി) വന്യമൃഗങ്ങളുടെ ആക്രണത്തിൽ ജീവൻ നഷ്ടപ്പെട്ട ആശ്രിതർക്ക് ധനസഹായം നൽകുന്നതിന് കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇടുക്കി ജില്ലയിൽ എത്ര അപേക്ഷകളിന്മേൽ ധനസഹായം അനുവദിക്കാനുണ്ട് എന്നതു സംബന്ധിച്ച വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ) വന്യമൃഗങ്ങളുടെ ആക്രമണത്തിന് വിധേയമായി പരിക്ക് പറ്റുകയും കൃഷിനാശം സംഭവിക്കുകയും ചെയ്യുന്നവർക്ക് 22-3-2013-ലെ ജി.ഒ. (എംഎസ്.) നമ്പർ 32/13/F&WLD പ്രകാരം പരമാവധി 75,000 രൂപ വരെയും, വന്യജീവി ആക്രമണം മൂലം മരണപ്പെടുന്ന വ്യക്തിയുടെ ആശ്രിതർക്ക് 17-11-2014-ലെ ജി.ഒ. (എം.എസ്) നമ്പർ 96/14/വനം പ്രകാരം 5,00,000 രൂപ വരെയും കാടിനു പുറത്തുവച്ച് പാമ്പുകടിയേറ്റ് മരണപ്പെടുന്നവരുടെ ആശ്രിതർക്ക് 1,00,000 രൂപ വരെയും നഷ്ടപരിഹാരം നൽകിവരുന്നു.

(ബി) വന്യജീവി ആക്രമണം മൂലമുണ്ടാകുന്ന ജീവഹാനിക്ക്, മതിയായ രേഖകൾ അപേക്ഷകൻ യഥാസമയം ഹാജരാക്കാത്ത സാഹചര്യത്തിലും, മതിയായ ഫണ്ട് ലഭ്യമാകാത്ത സാഹചര്യത്തിലും മാത്രമാണ് കാലതാമസമുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്.

(സി) ഇടുക്കി ജില്ലയിൽ വന്യമൃഗങ്ങളുടെ ആക്രമണത്തിൽ മരണപ്പെട്ട 5 പേരുടെ ആശ്രിതർക്കും പരിക്കേറ്റ 3 പേർക്കും ധനസഹായം അനുവദിക്കാനുണ്ട്. ഇതിൽ മരണം സംഭവിച്ച 4 പേരുടെ ആശ്രിതർ ധനസഹായത്തിനുള്ള അപേക്ഷ നാളിതുവരെ സമർപ്പിച്ചിട്ടില്ല. ആയത് അടിയന്തിരമായി സമർപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. പാമ്പുകടിമൂലം ജീവഹാനി സംഭവിച്ച അഞ്ചാമത്തെ ആളുടെ അപേക്ഷ 21-6-2016-ൽ ലഭിക്കുകയും ആയതിന്മേൽ നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്. വന്യജീവി ആക്രമണത്തിൽ പരിക്കേറ്റ 3 പേരുടെ അപേക്ഷകളിൽ ധനസഹായം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## 'വനദീപ്തി' പദ്ധതി വ്യാപിപ്പിക്കാൻ നടപടി

71 (548) <u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂരിലെ പത്തുപറയെ മാതൃകയാക്കി 'വനദീപ്തി' പദ്ധതി സംസ്ഥാനത്ത് സാദ്ധ്യതയുള്ളയിടങ്ങളിൽ വ്യാപിപ്പിക്കാൻ സർക്കാർ പരിഗണിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ;

(ബി) മനുഷ്യരും വന്യമൃഗങ്ങളും തമ്മിലുള്ള ഏറ്റുമുട്ടലും, വന്യമൃഗങ്ങൾ മൂലമുള്ള കൃഷിനാശവും നിയന്ത്രിക്കാൻ ഫലപ്രദമാണെന്ന് തെളിയിക്കപ്പെട്ടതും വനത്തിനുള്ളിൽ നിർമ്മിക്കുന്നതുമായ 'തടയണകൾ' കൂടുതൽ വ്യാപിപ്പിക്കുന്നതിനുള്ള നടപടി പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) സർക്കാരിന്റെ 23-6-2012-ലെ ജി.ഒ.(ആർ.റ്റി.) 314/12/വനം നമ്പർ ഉത്തരവ് പ്രകാരം പുനലൂർ ഡിവിഷന്റെ കീഴിലുള്ള പത്തുപറയിൽ 5 ഹെക്ടർ വനപ്രദേശത്ത് വനദീപ്തി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഏകവിളത്തോട്ടങ്ങൾ മൂലമുണ്ടാകുന്ന ദൂഷ്യഫലങ്ങൾ ഒഴിവാക്കുന്നതിലേക്കായി തദ്ദേശീയ വൃക്ഷത്തൈകൾ ഉപയോഗിച്ച് സ്വാഭാവിക വനം പുനർജനിപ്പിക്കുക, ടി പ്രദേശത്ത് ജൈവവൈവിദ്ധ്യ സംരക്ഷണം ഉറപ്പാക്കുക, ചുറ്റുപാടുമുള്ള പ്രദേശത്തെ മണ്ണ്-ജല സംരക്ഷണ പ്രക്രിയയ്ക്ക് സഹായകരമാവുക, വന്യജീവികൾക്ക് യോജിച്ച ആവാസ വ്യവസ്ഥ ഒരുക്കുക, പൊതുജനങ്ങൾക്ക്, വിശിഷ്യാ തദ്ദേശവാസികൾക്ക് വനത്തെ നേരിട്ട് അറിയുവാനും പ്രകൃതി പഠനത്തിനുമുള്ള അവസരം ഒരുക്കുക, ഭാവിയിൽ ഇക്കോ ടൂറിസം സെന്ററാക്കി മാറ്റുക എന്നിവയാണ് വനദീപ്തി പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

പ്രസ്തുത പദ്ധതിയുടെ പാരിസ്ഥിതിക നേട്ടങ്ങൾ കണക്കിലെടുത്ത് സ്ഥലലഭ്യതയും ഫണ്ടിന്റെ ലഭ്യതയും അനുസരിച്ച് ടി പദ്ധതി സാദ്ധ്യതയുള്ള ഇടങ്ങളിൽ വ്യാപിപ്പിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ഉണ്ട്. സംരക്ഷിത വന മേഖലകളിലെ വാർഷിക കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി കൂടുതൽ തടയണകൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

## കാട്ടാനശല്യം കാരണം കർഷകർക്കുണ്ടായ നഷ്ടം

72 (549) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് നിയോജകമണ്ഡലത്തിൽ കാട്ടാനകളുടെ ശല്യം കാരണം കഴിഞ്ഞ അഞ്ചുവർഷം കർഷകർക്കുണ്ടായ നഷ്ടം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) കർഷകർക്ക് നഷ്ടപരിഹാരമായി എന്തു തുക നൽകിയെന്നും ഇനിയും നൽകാനുള്ള തുക എത്രയെന്നും പ്രസ്തുത തുക എന്ന് നൽകുമെന്നും വ്യക്തമാക്കുമോ;

(സി) കാട്ടാനകളുടെ ശല്യം നിയന്ത്രിക്കാൻ എന്തു നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) കാസർഗോഡ് ഡിവിഷൻ നിലവിൽ വന്ന 7-6-2012 മുതൽ കാട്ടാനശല്യംമൂലം കൃഷിനാശം സംഭവിച്ചതിന് 131 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അവയിൽ ഏകദേശം 20 ലക്ഷത്തോളം രൂപയുടെ നഷ്ടം സംഭവിച്ചതായി കണക്കാക്കുന്നു.

(ബി) 116 അപേക്ഷകർക്ക് 18,16,558 രൂപ (പതിനെട്ട് ലക്ഷത്തി പതിനാറായിരത്തി അഞ്ഞൂറ്റി അൻപത്തിയെട്ട് രൂപ) നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്. 15 അപേക്ഷകർക്കായി 1,83,442 രൂപ (ഒരു ലക്ഷത്തി എൺപത്തി മൂവായിരത്തി നാന്നൂറ്റി നാല്പത്തിരണ്ട് രൂപ) ഇനി നൽകാനുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നഷ്ടപരിഹാരം നൽകുന്നതാണ്.

(സി) കാസർഗോഡ് ജില്ലയുടെ വിവിധ ഭാഗങ്ങളിൽ 49.50 കി.മീറ്റർ സോളാർ ഫെൻസിംഗ് നിർമ്മിച്ചിട്ടുണ്ട്. കൂടാതെ കയ്യാല, കിടങ്ങ് എന്നിവയും നിർമ്മിച്ചിട്ടുണ്ട്. ജില്ലയിൽ ഒരു റാപ്പിഡ് റെസ്പോൺസ് ടീം പ്രവർത്തിച്ചു വരുന്നുണ്ട്. 5 കി. മീറ്റർ ദൂരം 6.8 കോടി രൂപ ചെലവിൽ ആന പ്രതിരോധ മതിൽ നിർമ്മിക്കുന്നതിനുവേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്.

## പൂത്തൂർ സുവോളജിക്കൽ പാർക്ക്

73 (550) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ പൂത്തൂർ സുവോളജിക്കൽ പാർക്കിന് കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) കഴിഞ്ഞ വാർഷിക ബഡ്ജറ്റിൽ പുത്തൂർ സുവോളജിക്കൽ പാർക്കിന് എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും അതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) തൃശ്ശൂർ ജില്ലയിൽ പുത്തൂരിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന സുവോളജിക്കൽ പാർക്കിന് കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) 2016-17 വാർഷിക ബഡ്ജറ്റിൽ 2406-02-110-48-Zoological Park, Wildlife Protection and Research Centre എന്ന ശീർഷകത്തിൽ 400 ലക്ഷം രൂപയും (നാനൂറ് ലക്ഷം രൂപ), 4406-02-110-97-Zoological Park, Wildlife Protection and Research Centre (NABARD RIDF) എന്ന ശീർഷകത്തിൽ 800 ലക്ഷം രൂപയും (എണ്ണൂറ് ലക്ഷം രൂപ) തൃശ്ശൂർ സുവോളജിക്കൽ പാർക്കിന് വകയിരുത്തിയിട്ടുണ്ട്. (ആകെ 1200 ലക്ഷം രൂപ). ഇതിൽ 54,639 രൂപ (അൻപത്തി നാലായിരത്തി അറുന്നൂറ്റി മുപ്പത്തിയൊൻപത് രൂപ) ഇതുവരെ ചെലവഴിച്ചിട്ടുണ്ട്.

**വന്യജീവികളുടെ ആക്രമണംമൂലം കൃഷിനാശം സംഭവിച്ച കർഷകർക്കുള്ള നഷ്ടപരിഹാരത്തുക**

74 (551) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവികളുടെ ആക്രമണംമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് അനുവദിക്കുന്ന നഷ്ടപരിഹാരത്തുക അപര്യാപ്തമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) വന്യജീവികളുടെ ആക്രമണംമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് അനുവദിക്കുന്ന നഷ്ടപരിഹാരത്തുക 8-1-2015-ലെ സർക്കാർ ഉത്തരവ് (എഎസ്.) നമ്പർ 2/2015/വനം-വന്യജീവി-വകുപ്പ് പ്രകാരം പുതുക്കി നിശ്ചയിച്ചിട്ടുള്ളതാണ്. നഷ്ടപരിഹാരത്തുക അപര്യാപ്തമാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഉത്തരം (എ)യുടെ വെളിച്ചത്തിൽ ബാധകമല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പാൽ, മുട്ട, മാംസം എന്നിവയുടെ ഉല്പാദനത്തിൽ സ്വയംപര്യാപ്തത

75 (552) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. :
ശ്രീ. കെ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗ സംരക്ഷണ രംഗത്ത് കൂടുതൽ തൊഴിൽ അവസരങ്ങൾ, പ്രത്യേകിച്ച് സ്ത്രീകൾക്ക്, സൃഷ്ടിക്കുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എന്തെല്ലാം പദ്ധതികളാണെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് പാൽ, മുട്ട, മാംസം എന്നിവയുടെ ഉല്പ്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിന് സാധിച്ചിട്ടുണ്ടോ, ഇല്ലെങ്കിൽ സ്വയംപര്യാപ്തത നേടുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) മൃഗസംരക്ഷണ മേഖലയിൽ സ്ത്രീകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

മൃഗസംരക്ഷണ വകുപ്പ് :

1. ഫാമുകളിൽ യന്ത്രവത്കരണം നടപ്പിലാക്കുന്നതിന് സഹായം നൽകുന്ന പദ്ധതി : - 2016-17-ൽ നടപ്പിലാക്കുന്ന ഈ പദ്ധതിയിൽ വനിതാ സംരംഭകർക്ക് പ്രാമുഖ്യം നൽകും.

2. ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ് പദ്ധതി :

3. എഗ്ഗർ നഴ്സറി : - സർക്കാർ ഫാമുകളിൽ ഉല്പാദിപ്പിക്കുന്ന ഒരു ദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങളെ പരിപാലിച്ച് 2 മാസം പ്രായമാകുമ്പോൾ കർഷകർക്ക് വിതരണം ചെയ്യുന്നു. ഭൂരിഭാഗം ഗുണഭോക്താക്കളും സ്ത്രീകളാണ്.

4. കേന്ദ്രാവിഷ്കൃത പദ്ധതിയായ ആർ.കെ.വി.വൈ. പദ്ധതി :- സ്ത്രീകൾക്കുകൂടി തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്പ്മെന്റ് കോർപ്പറേഷൻ :

1. കെപ്കോ ആശ്രയ :- സംസ്ഥാനത്തിലെ തെരഞ്ഞെടുക്കപ്പെടുന്ന പഞ്ചായത്തുകളിലെ മുഴുവൻ വിധവകൾക്കും 10 കോഴി, 10 കിലോ തീറ്റ, 50 രൂപയുടെ മരുന്ന് എന്നിവ സൗജന്യമായി നൽകുന്ന പദ്ധതി.

2. പിന്നാമ്പുറ കോഴിവളർത്തൽ പദ്ധതി :- ഒരു പ്രദേശത്ത് തെരഞ്ഞെടുക്കപ്പെടുന്ന ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 500 വനിതാ ഗുണഭോക്താക്കൾക്ക് 3 ഘട്ടമായി ഗുണഭോക്തൃ വിഹിതമായി 35 രൂപ നിരക്കിൽ 45 കോഴികളെ വിതരണം ചെയ്യുന്ന പദ്ധതി.

3. കോഴിവളർത്തൽ ഗ്രാമങ്ങൾ :- തെരഞ്ഞെടുക്കപ്പെടുന്ന 25 പഞ്ചായത്തുകളിൽ പഞ്ചായത്തൊന്നിന് 660 വനിതാ ഗുണഭോക്താക്കൾക്ക് 5 കോഴി, 2 കിലോ തീറ്റ, 50 രൂപയുടെ മരുന്ന് എന്നിവ നൽകുന്ന പദ്ധതി. ഗുണഭോക്തൃ വിഹിതമായി 150 രൂപ അടയ്ക്കേണ്ടതുണ്ട്.

4. കോഴിവളർത്തൽ ഗ്രാമങ്ങൾ - മാനന്തവാടി, വയനാട് :- മാനന്തവാടിയിലെ 7 പഞ്ചായത്തുകളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഒരു പഞ്ചായത്തിലെ 650 വനിതകൾക്ക് 8 കോഴി, 10 കിലോ തീറ്റ, 50 രൂപയുടെ മരുന്ന് എന്നിവ സൗജന്യമായി നൽകുന്നു.

5. കെപ്കോ നഗരപ്രിയ :- തെരഞ്ഞെടുക്കപ്പെടുന്ന നഗരസഭകളിലെ വനിതാ ഗുണഭോക്താക്കൾക്ക് 5 കോഴി, 5 കിലോ തീറ്റ, 30 രൂപയുടെ മരുന്ന്, ആധുനികരീതിയിലുള്ള ഒരു കൂട് എന്നിവ നൽകുന്ന പദ്ധതി. ഗുണഭോക്തൃ വിഹിതമായി ഒരു നിശ്ചിത തുക അടയ്ക്കേണ്ടതുണ്ട്.

6. കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ് പദ്ധതി :- സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെടുന്ന സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് 5 കോഴി, 3 കിലോ തീറ്റ, 50 രൂപയുടെ മരുന്ന് എന്നിവ നൽകുന്ന പദ്ധതി.

(ബി) സംസ്ഥാനത്ത് പാൽ, മുട്ട, മാംസം എന്നിവയുടെ ഉല്പാദനത്തിൽ സംസ്ഥാനം സ്വയംപര്യാപ്തത നേടിയിട്ടില്ല. ഈ മേഖലയിൽ സ്വയംപര്യാപ്തത നേടുന്നതിന് സർക്കാർ നിരവധി പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(1) ശാസ്ത്രീയരീതിയിൽ കന്നുകുട്ടി പരിപാലന പദ്ധതികൾ

(2) ഗോവർദ്ധിനി

(3) 13-ാം ധനകാര്യ കമ്മീഷൻ

(4) സൗജന്യ നിരക്കിൽ കൃത്രിമ ബീജധാനം

(5) കറവപ്പശുക്കൾക്ക് വിരമരുന്ന് നൽകൽ

(6) സൗജന്യ നിരക്കിൽ ധാതുലവണ മിശ്രിതം

(7) എരുമ വളർത്തൽ പ്രോത്സാഹന പദ്ധതികൾ

(8) അകിടുരോഗ നിയന്ത്രണ പദ്ധതികൾ

(9) മൃഗാരോഗ്യ ക്യാമ്പുകൾ

(10) രാത്രികാല അടിയന്തര മൃഗചികിത്സാ സേവനം

(11) പ്രധാന രോഗങ്ങൾക്കെതിരെയുള്ള പ്രതിരോധ കുത്തിവെയ്പ്

(12) സാറ്റലൈറ്റ് ബ്രീഡിംഗ് യൂണിറ്റുകൾ

(13) പിന്നാമ്പുറ താറാവു വളർത്തൽ

(14) സ്കൂൾ കുട്ടികൾക്ക് കോഴികളെ വിതരണം ചെയ്യുന്ന പദ്ധതി

(15) മീറ്റ് പ്രോഡക്ട് ഓഫ് ഇൻഡ്യ, കേരള ഫീഡ്സ് ലിമിറ്റഡ് എന്നിവയിലൂടെ ഗുണനിലവാരമുള്ള കാലിത്തീറ്റ നിർമ്മാണ ഫാക്ടറികൾ സ്ഥാപിക്കൽ

(16) കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്പ്മെന്റ് കോർപ്പറേഷൻ മുഖേന പിന്നാമ്പുറ കോഴിവളർത്തൽ, നഗരങ്ങളിൽ കൂടുകളിൽ കോഴിവളർത്തൽ

(17) ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റിയുടെ കീഴിൽ സുൽത്താൻ ബത്തേരിയിൽ ആധുനിക അറവുശാല

(18) മാംസോത്പാദനം വർദ്ധിപ്പിക്കുന്നതിന് വാണിജ്യാടിസ്ഥാനത്തിൽ പരിശീലനം

(19) പട്ടികജാതി വകുപ്പിലൂടെ പട്ടികജാതി ഗുണഭോക്താക്കൾക്ക് പശുവിനെ നൽകുന്ന പദ്ധതി

(20) ആർ.കെ.വി.വൈ പദ്ധതി

(21) ഇടുക്കി പാക്കേജ്, കുട്ടനാട് പാക്കേജ്.

## ഏറനാട് മണ്ഡലത്തിലെ എടവണ്ണയിലെ ഹാച്ചറി

76 (553) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് മണ്ഡലത്തിലെ എടവണ്ണയിൽ സ്ഥാപിക്കുന്നതിന് ഭരണാനുമതി നല്കിയ എടവണ്ണ ഹാച്ചറിയുടെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) ഒന്നാം ഘട്ടപ്രവർത്തിയുടെ ഭാഗമായി എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) എടവണ്ണ ഹാച്ചറിയുടെ രണ്ടാംഘട്ട പ്രവർത്തികൾ എപ്പോൾ ആരംഭിക്കുമെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) ഹാച്ചറിയുടെ പ്രവർത്തനത്തിനുവേണ്ടിയുള്ള വിവിധ കെട്ടിടങ്ങളുടെ സിവിൽ കൺസ്ട്രക്ഷൻ വർക്കുകൾ കേരള ലാന്റ് ഡവലപ്മെന്റ് കോർപ്പറേഷൻ മുഖേന നടന്നുകൊണ്ടിരിക്കുകയാണ്. ഹാച്ചറിയുടെ ആവശ്യത്തിനായുള്ള 25000 ലിറ്റർ ശേഷിയുള്ള വാട്ടർ ടാങ്കിന്റെ പണി പൂർത്തിയായിട്ടുണ്ട്.

(ബി) ഹാച്ചറിക്കുവേണ്ട ബ്രൂഡർ, ഗ്രോവർ, ലേയർ ഷെഡ്ഡുകൾ, ഹാച്ചറി കെട്ടിടം, ഓഫീസ് കെട്ടിടം, ലബോറട്ടറി, മാലിന്യ സംസ്കരണ ടാങ്കുകൾ, വാട്ടർ ടാങ്ക് തുടങ്ങിയ വർക്കുകളാണ് ഒന്നാം ഘട്ടത്തിൽ നിർമ്മിക്കാനുദ്ദേശിക്കുന്നത്.

(സി) ഒന്നാംഘട്ട നിർമ്മാണം പൂർത്തീകരിച്ചശേഷം ആർ.കെ.വി.വൈ. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് രണ്ടാംഘട്ട പ്രവർത്തനങ്ങൾ എത്രയും വേഗം ആരംഭിക്കുന്നതാണ്.

## ഗോവർദ്ധിനി

77 (554) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ ഗവൺമെന്റിന്റെ കാലത്ത് ഗോവർദ്ധിനി പദ്ധതി നടപ്പിലാക്കാൻ എന്തെല്ലാം കർമ്മപദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടെന്ന വിശദമാക്കാമോ ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതു സംബന്ധിച്ച് കൈവരിക്കാനുദ്ദേശിച്ചിരുന്നത്; വ്യക്തമാക്കുമോ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) പദ്ധതി നിർവ്വഹണത്തിൽ എന്തെല്ലാം നേട്ടങ്ങൾ ഇതുവരെ കൈവരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് 2014-15 സാമ്പത്തിക വർഷം മുതൽ ഗോവർദ്ധിനി പദ്ധതി നടപ്പിലാക്കിവരുന്നു. 2014-15 സാമ്പത്തിക വർഷം 24 കോടി രൂപ ഗോവർദ്ധിനി പദ്ധതിക്കായി വകയിരുത്തുകയും 38160 കന്നുകുട്ടികളെ ഈ പദ്ധതിയിലൂടെ എൻറോൾ ചെയ്യുകയും ചെയ്തു. 2015-16 സാമ്പത്തിക വർഷം 30 കോടി രൂപ വകയിരുത്തുകയും 2014-15 സാമ്പത്തിക വർഷം എൻറോൾ ചെയ്ത 38160 കന്നുകുട്ടികളുടെ പരിരക്ഷയ്ക്കും 2015-16 സാമ്പത്തിക വർഷത്തിൽ എൻറോൾ ചെയ്ത 9840 കന്നുകുട്ടികളുടെ പരിരക്ഷയ്ക്കും വേണ്ടി തുക വിനിയോഗിക്കുവാനും സാധിച്ചു.

(ബി) 1. കന്നുകുട്ടികൾക്ക് സമഗ്ര ആരോഗ്യ സംരക്ഷണം നൽകുക.

2. ആരോഗ്യമുള്ള ഒരു കന്നുകുട്ടി പ്രായപൂർത്തിയാകുന്നത് 15 മാസത്തിൽ കവിയാതിരിക്കുക.

3. ആദ്യ പ്രസവം 24 മാസത്തിനും 26 മാസത്തിനുമിടയ്ക്ക് തന്നെ നടക്കുക.

4. രണ്ടു പ്രസവങ്ങൾ തമ്മിലുള്ള ഇടവേള കുറയ്ക്കുക അതായത് 13 മാസത്തിൽ കവിയാതിരിക്കുക.

5. സങ്കരയിനം കന്നുകാലികളുടെ ഒരു പ്രസവത്തിലെ പാലുല്പാദന ശേഷി മുഴുവനും പ്രയോജനപ്പെടുത്തുക.

6. ഇപ്പോൾ നിലവിലുള്ള ഉത്പാദനശേഷി കുറഞ്ഞ പശുക്കൾക്ക് പകരം അത്യുല്പാദനശേഷിയുള്ള പശുക്കളുടെ ഒരു തലമുറ ഉത്പാദിപ്പിക്കുകയും നിലനിർത്തുകയും ചെയ്യുക.

7. കേരളത്തിന്റെ ആകെ പാലുല്പാദനം വർദ്ധിപ്പിക്കുക.

(സി) 2014-15 സാമ്പത്തിക വർഷം 24 കോടി രൂപ ഗോവർദ്ധിനി പദ്ധതിക്കായി വകയിരുത്തുകയും 38160 കന്നുകുട്ടികളെ ഈ പദ്ധതിയിലൂടെ എൻറോൾ ചെയ്യുകയും ചെയ്തു. 2015-16 സാമ്പത്തിക വർഷം 30 കോടി രൂപ വകയിരുത്തുകയും 2014-15 സാമ്പത്തിക വർഷം എൻറോൾ ചെയ്ത 38160 കന്നുകുട്ടികളുടെ പരിരക്ഷയ്ക്കും 2015-16 സാമ്പത്തിക വർഷത്തിൽ എൻറോൾ ചെയ്ത 9840 കന്നുകുട്ടികളുടെ പരിരക്ഷയ്ക്കും വേണ്ടി തുക വിനിയോഗിക്കുവാനും സാധിച്ചു.

(ഡി) 2014-15 സാമ്പത്തിക വർഷം വകയിരുത്തിയ 24 കോടി രൂപയിൽ 38160 കന്നുകുട്ടികളെയും 2015-16 സാമ്പത്തിക വർഷം വകയിരുത്തിയ 30 കോടി രൂപയിൽ 9840 കന്നുകുട്ടികളെയും എൻറോൾ ചെയ്യുവാൻ സാധിച്ചു. ഈ പദ്ധതിയിലൂടെ 48000 കന്നുകുട്ടികൾക്ക് ശാസ്ത്രീയ പരിചരണമുറകൾ ഉറപ്പുവരുത്തുവാനും അതുവഴി അവയുടെ ജനിതകമേന്മയും ഉത്പാദനക്ഷമതയും പരമാവധി പ്രയോജനപ്പെടുന്ന വിധത്തിൽ വിനിയോഗിക്കുവാനും സാധിച്ചു.

## മൃഗാശുപത്രികൾ വെറ്ററിനറി പോളിക്ലിനിക്കുകളായി ഉയർത്തുവാൻ നടപടി

78 (555) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര മൃഗാശുപത്രികൾ വെറ്ററിനറി പോളിക്ലിനിക്കുകളായി ഉയർത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പോളിക്ലിനിക്കുകൾക്ക് അനുമതി നൽകുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ; ഇതുസംബന്ധിച്ച് 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; പ്രസ്തുത തുക പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ;

(സി) പോളിക്ലിനിക്കുകൾ സംബന്ധിച്ച് പുതിയ പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; കടുത്തുരുത്തി മൃഗാശുപത്രി പോളിക്ലിനിക്കായി ഉയർത്തുന്നത് സംബന്ധിച്ച ഫയൽ നടപടികളുടെ നിലവിലുള്ള സ്ഥിതി വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഈ വിഷയം സർക്കാർ തലത്തിൽ തീരുമാനം ആയിട്ടില്ല. 2015-16-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ക്രമനമ്പർ 81 (മൃഗസംരക്ഷണം) പ്രകാരം സംസ്ഥാനത്തെ വെറ്ററിനറി സേവനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 7 പോളിക്ലിനിക്കുകൾ അനുവദിക്കുന്നതിന് 1.70 കോടി രൂപ വകയിരുത്തിയിരുന്നു. ഇതുപ്രകാരം തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട താലൂക്കിലെ മാറനല്ലൂർ വെറ്ററിനറി ഡിസ്പെൻസറി, കോട്ടയം ജില്ലയിലെ വൈക്കം താലൂക്കിലെ കടുത്തുരുത്തി വെറ്ററിനറി ഡിസ്പെൻസറി, എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ താലൂക്കിലെ കൂത്താട്ടുകുളം വെറ്ററിനറി ഹോസ്പിറ്റൽ, മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി താലൂക്കിലെ തിരൂരങ്ങാടി വെറ്ററിനറി ഡിസ്പെൻസറി, കോഴിക്കോട് ജില്ലയിലെ കോഴിക്കോട് താലൂക്കിലെ കുന്ദമംഗലം വെറ്ററിനറി ഹോസ്പിറ്റൽ, കണ്ണൂർ ജില്ലയിലെ തലശ്ശേരി താലൂക്കിലെ ചെറുവാഞ്ചേരി വെറ്ററിനറി ഹോസ്പിറ്റൽ, കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ് താലൂക്കിലെ കാഞ്ഞങ്ങാട് വെറ്ററിനറി ഹോസ്പിറ്റൽ എന്നീ വെറ്ററിനറി ഡിസ്പെൻസറി/വെറ്ററിനറി ഹോസ്പിറ്റലുകളെ പോളിക്ലിനിക്കുകൾ ആക്കി ഉയർത്തുന്നതിനുള്ള ശിപാർശ ലഭിച്ചിരുന്നു. എന്നാൽ തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാലും നിലവിലുള്ള സാമ്പത്തിക നിയന്ത്രണ ഉത്തരവുകളുടെ അടിസ്ഥാനത്തിലും ടി ശിപാർശ പരിഗണിക്കുകയുണ്ടായില്ല. ഈ വിഷയത്തിൽ സർക്കാർ തീരുമാനമൊന്നും എടുത്തിട്ടില്ല.

(സി) പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട്. 7 വെറ്ററിനറി ഡിസ്പെൻസറി/വെറ്ററിനറി ഹോസ്പിറ്റലുകൾ എന്നിവയെ പോളിക്ലിനിക്കുകൾ ആക്കി ഉയർത്തുന്നതിനുള്ള ശിപാർശയിൽ കടുത്തുരുത്തി മൃഗാശുപത്രിയും ഉൾപ്പെട്ടിരുന്നു. എന്നാൽ സാമ്പത്തിക നിയന്ത്രണ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പ്രസ്തുത ശിപാർശ പരിഗണിക്കുകയുണ്ടായില്ല. നിലവിൽ അത്തരം നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയിലില്ല.

**മൃഗസംരക്ഷണ പദ്ധതികൾ**

79 (556) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2016 കാലയളവിൽ മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട് ഏതൊക്കെ പദ്ധതികൾ നടപ്പിലാക്കി; വ്യക്തമാക്കാമോ;

(ബി) പുതിയ പദ്ധതികൾ പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 2011-2016 കാലയളവിൽ മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി:

1. ഗോരക്ഷാ പദ്ധതി (എ.ഡി.സി.പി.)
2. ബയോളജിക്കൽ പ്രൊഡക്ഷൻ കോംപ്ലക്സിന് ധനസഹായം
3. മൃഗാശുപത്രികളുടെ വികസനവും പുനഃസംഘാടനവും
4. ഊർജ്ജിത കന്നുകാലി വികസനം
5. കന്നുകാലി വളർത്തൽ കേന്ദ്രങ്ങൾ ശക്തിപ്പെടുത്തൽ
6. കോഴി വളർത്തൽ കേന്ദ്രങ്ങളും കോഴി ഉത്പാദനവും
7. താറാവ്/കാട വളർത്തലും ഉത്പാദനവും
8. ആട്ട വളർത്തൽ കേന്ദ്രങ്ങളുടെ വികസനം
9. ഊർജ്ജിത പന്നിവളർത്തൽ വികസന പരിപാടി
10. വികസനവും പരിശീലനവും പദ്ധതി
11. സ്വയംതൊഴിൽ കണ്ടെത്തുന്നതിന് നൈപുണ്യ വികസന പദ്ധതി
12. വിവര സാങ്കേതികവിദ്യ മെച്ചപ്പെടുത്തലും ആധുനികവത്കരണവും
13. കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ പൗൾട്രി വികസനം
14. കന്നുകുട്ടി പരിപാലന പദ്ധതി (എസ്.എൽ.ബി.പി. പദ്ധതി)
15. ഗവേഷണ വികസനം
16. മുയൽ പ്രജനന പദ്ധതികൾ
17. ഭക്ഷ്യസുരക്ഷാ പദ്ധതിയിൻകീഴിൽ മുട്ടയും പാലും വർദ്ധിപ്പിക്കാനുള്ള പദ്ധതി
18. കന്നുകാലി ഇൻഷ്വറൻസ്
19. കണ്ണൂർ മരയ്ക്കാർകണ്ടിയിൽ ആധുനിക രീതിയിലുള്ള അറവുശാല സ്ഥാപിക്കൽ

20. മൃഗസംരക്ഷണ സ്ഥിതിവിവരക്കണക്കും സാമ്പിൾ സർവ്വേയും 50% കേന്ദ്ര സഹായം
21. സംസ്ഥാന വെറ്ററിനറി കൗൺസിൽ - 50 % കേന്ദ്ര സഹായം
22. കന്നുകാലി രോഗങ്ങളെ നിയന്ത്രിക്കുന്നതിന് സംസ്ഥാനങ്ങൾക്കുള്ള ധനസഹായം - 75% കേന്ദ്രസഹായം
23. കോഴി-താറാവ് വളർത്തൽ കേന്ദ്രങ്ങൾ - 80 % കേന്ദ്ര സഹായം
24. ദേശീയ തീറ്റപ്പുൽ വികസന പദ്ധതി - 75 % കേന്ദ്ര സഹായം
25. നിലവിലുള്ള മൃഗാശുപത്രികളുടെയും ഡിസ്പെൻസറികളുടെയും വികസനം - 25 % കേന്ദ്ര സഹായം
26. വെഞ്ച്വർ ക്യാപിറ്റൽ ഫണ്ട്
27. ജീവനോപാധിക്കായി കന്നുകാലി വളർത്തൽ
28. വീട്ടുപടിക്കൽ മൃഗചികിത്സാ സേവനം
29. പിന്നാമ്പുറ കോഴിവളർത്തൽ പദ്ധതികൾ
30. സംരംഭകത്വ വികസന പദ്ധതി
31. വൈദഗ്ധ്യവികസന പദ്ധതി - 50 % കേന്ദ്ര സഹായം
32. ഡിപ്പാർട്ടുമെന്റ് ഫാമുകൾ ശക്തിപ്പെടുത്തൽ
33. കർഷക രജിസ്ട്രേഷൻ
34. ഗോവർദ്ധിനി
35. കന്നുകാലി സെൻസസ് (100 % കേന്ദ്ര സഹായം)
36. നാഷണൽ ലൈവ് സ്റ്റോക്ക് മിഷൻ (60 % കേന്ദ്ര സഹായം)
37. കേരള പെർസ്പെക്ടീവ് പ്ലാൻ-2030.

<u>കേരള ഫീഡ്സ് ലിമിറ്റഡ് :</u>

1. കൊല്ലം ജില്ലയിൽ കരുനാഗപ്പള്ളിയിൽ പ്രതിദിനം 300 മെട്രിക് ടൺ ഉല്പാദനശേഷിയുള്ള ആധുനിക കാലിത്തീറ്റ ഫാക്ടറി 2012 ഒക്ടോബറിൽ പ്രവർത്തനമാരംഭിച്ചു.

2. കോഴിക്കോട് ജില്ലയിലെ തിരിവാങ്ങൂരിൽ പ്രതിദിനം 300 മെട്രിക് ടൺ ഉല്പാദനശേഷിയുള്ള ആധുനിക കാലിത്തീറ്റ ഫാക്ടറി 2016 ജനവരി മാസത്തോടെ പ്രവർത്തനമാരംഭിച്ചു.

3. പാലക്കാട് ജില്ലയിലെ മുതലമടയിൽ പ്രതിദിനം 30 ടൺ ഉല്പാദനശേഷിയുള്ള സമ്പുഷ്ടീകരിച്ച വൈക്കോൽ കട്ട നിർമ്മാണ പ്രവർത്തനം പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ചു. 2016-17-ൽ വ്യാവസായികാടിസ്ഥാനത്തിൽ പ്രവർത്തനം ആരംഭിക്കും.

<u>മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ :</u>

2011-16 കാലയളവിൽ താഴെപ്പറയുന്ന പദ്ധതികൾ പൂർത്തീകരിച്ചു:

1. ഗാഢശീതീകരണിയുടെ നിർമ്മാണം
2. കോഴി സംസ്കരണ പ്ലാന്റ്
3. ആധുനിക കോഴി ഫാം
4. ആധുനിക പന്നി ഫാം
5. ഫീഡ് ഉല്പാദന പ്ലാന്റ്
6. ബയോഗ്യാസ് പ്ലാന്റ്.

<u>കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്പ്മെന്റ് കോർപ്പറേഷൻ :</u>

1. കെപ്കോ ആശ്രയ പദ്ധതി
2. റൂറൽ ബാക്ക്യാർഡ് പൗൾട്രി പ്രൊഡക്ഷൻ
3. കോൾ നിലങ്ങളിലെ കോഴിവളർത്തൽ
4. കോഴിവളർത്തൽ ഗ്രാമങ്ങൾ, മാനന്തവാടി, വയനാട്
5. കെപ്കോ വനിതാ മിത്രം പദ്ധതി
6. നഗരപ്രിയ
7. പട്ടികജാതിക്കാർക്ക് വേണ്ടിയുള്ള കോഴി വളർത്തൽ പദ്ധതി
8. കെപ്കോ ഗ്രാമങ്ങൾ പദ്ധതി
9. ഗ്രാമം നിറയെ കോഴികൾ പദ്ധതി
10. കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ് പദ്ധതി
11. വീട്ടമ്മയുടെ അരുമക്കോഴികൾ.

<u>കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ്</u>

1. നാഷണൽ പ്രോജക്റ്റ് ഫോർ കാറ്റിൽ ആന്റ് ബഫല്ലോ ബ്രീഡിംഗ് (NPCBB)
2. ഗോസുരക്ഷ കന്നുകാലി ഇൻഷ്വറൻസ് പദ്ധതി
3. ഇടുക്കി പാക്കേജ് - വിവിധ പദ്ധതികൾ
4. തീറ്റപ്പുൽമേട് വികസന പദ്ധതി
5. സൈലേജ് നിർമ്മാണത്തിനുള്ള പദ്ധതി
6. കൈകൊണ്ട് പ്രവർത്തിക്കുന്ന ചാഫ് കട്ടർ വിതരണ പദ്ധതി
7. രാഷ്ട്രീയ കൃഷി വികാസ് യോജന
8. 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് മുഖേനയുള്ള പദ്ധതി
9. നാഷണൽ പ്രോഗ്രാം ഫോർ ബൊവൈൻ ബ്രീഡിംഗ് (NPBB)
10. ഹേർഡ് ബുക്ക് സ്കീം
11. മലബാറി ആടുകളുടെ സംരക്ഷണവും മെച്ചപ്പെടുത്തലും
12. തീറ്റപ്പുല്ലിന്റെയും പുൽവിത്തുകളുടെയും ഗവേഷണവും വികസനവും നടത്തുന്നതിനുവേണ്ടിയുള്ള സഹായം
13. മൃഗസംരക്ഷണ പ്രവർത്തനങ്ങളെക്കുറിച്ച് പരിശീലനം നൽകുന്നതിനുള്ള സഹായം
14. കന്നുകാലി പ്രജനനം ശക്തിപ്പെടുത്തുന്നതിനുള്ള അടിസ്ഥാന സൗകര്യ വികസനം
15. ആടുകളുടെ കൃത്രിമ ബീജധാനത്തിനായി ഗാഢശീതീകരിച്ച ബീജമാത്രകളുടെ ഉൽപ്പാദനവും വിതരണവും
16. പന്നിവളർത്തൽ മേഖലയുടെ വികസനം
17. കുടുംബശ്രീ യൂണിറ്റുകളുമായി സഹകരിച്ച് തീറ്റപ്പുൽ ഉൽപ്പാദന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി
18. ഇടുക്കി ജില്ലയിലെ കോലാഹലമേട്ടിലും മാട്ടുപ്പെട്ടിയിലും കൊല്ലം ജില്ലയിലെ കുളത്തുപ്പുഴയിലുമുള്ള ഹൈടെക് ഡയറി ഫാമുകൾക്ക് സഹായം

19. ഫീൽഡ് പെർഫോമൻസ് റിക്കോർഡിംഗ് വഴി കന്നുകാലികളുടെ ജനിതക ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനായുള്ള പദ്ധതികൾ

20. കേരളത്തിന്റെ തനതുജനുസ്സുകളായ വെച്ചൂർ കാസർഗോഡ് ഡ്വാർഫ്, മറ്റ് നാടൻ ജനുസ്സുകളുടെയും സംരക്ഷണത്തിനും വ്യാപനത്തിനുമുള്ള പദ്ധതി

21. വിത്തുകാളകളുടെ ജീനോമിക് തെരഞ്ഞെടുപ്പിനായി ജീനോമിക് ലബോറട്ടറി

22. തീറ്റപ്പുൽ വിത്തുല്പാദനവും വിപണനവും.

(ബി) പരിഗണനയിലുണ്ട്. നിലവിലുള്ള പദ്ധതികൾ കൂടുതൽ കാര്യക്ഷമമായും ഫലപ്രദമായും നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതോടൊപ്പം സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള 45 ബ്ലോക്കുകളിൽ നടന്നുവരുന്ന രാത്രികാല മൃഗചികിത്സാ സേവനം 20 പുതിയ ബ്ലോക്കുകളിൽകൂടി 2016-17 വർഷം ഏർപ്പെടുത്തുവാൻ ലക്ഷ്യമിടുന്നു. 2016-17 സാമ്പത്തിക വർഷം മൃഗസംരക്ഷണ വകുപ്പിന്റെ ഫാമുകളുടെ ശാക്തീകരണം എന്ന പദ്ധതിയുടെ കീഴിൽ 5-ൽ കൂടുതൽ പശുക്കളുള്ള കർഷകർക്ക് കറവയന്ത്രം സ്ഥാപിക്കുന്നതിന് 25000 രൂപയുടെ ധനസഹായം ലഭ്യമാക്കും.

<u>കേരള ഫീഡ്സ് ലിമിറ്റഡ് :</u>

1. ഇടുക്കി ജില്ലയിലെ അരീക്കുഴയിൽ പ്രതിദിനം 500 മെട്രിക് ടൺ ഉല്പാദന ശേഷിയുള്ള ആധുനിക കാലിത്തീറ്റ ഫാക്ടറിയുടെ നിർമ്മാണം 2016-17 സാമ്പത്തിക വർഷാവസാനം പൂർത്തിയാകും.

2. മലപ്പുറം ജില്ലയിലെ ആതവനാടിൽ നിലവിലുള്ള പ്രതിദിനം 4 മെട്രിക് ടൺ ഉല്പാദനശേഷിയുള്ള ധാതുലവണ മിശ്രിത ഫാക്ടറി വിപുലീകരിച്ച് പ്രതിദിനം 10 മെട്രിക് ടൺ ഉല്പാദനശേഷിയുള്ള ധാതുലവണ മിശ്രിത ഫാക്ടറിയാക്കി 2016 ആഗസ്റ്റ് മാസത്തോടെ പ്രവർത്തനം ആരംഭിക്കും.

3. തൃശ്ശൂർ ജില്ലയിലെ കല്ലേറ്റുംകരയിൽ പ്രതിദിനം 50 മെട്രിക് ടൺ ഉല്പാദനശേഷിയുള്ള ബൈപാസ് പ്രോട്ടീൻ ഫാക്ടറി 2016-17 സാമ്പത്തിക വർഷാവസാനത്തോടെ പൂർത്തിയാകും.

<u>കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് :</u>

2016-17 സാമ്പത്തിക വർഷത്തിൽ കൊല്ലം ജില്ലയിലെ കുളത്തൂപ്പുഴ, ഏരൂർ പഞ്ചായത്തുകളിൽ കെ.എൽ.ഡി. ബോർഡ് നടപ്പാക്കുവാനുദ്ദേശിക്കുന്ന "Establishment of Satellite Dairy Units Around Modern Bull Mother Farm, Kulathupuzha” എന്ന പദ്ധതി.

## ക്ഷീര കർഷകർക്ക് തൊഴിലുറപ്പ്

80 (557) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ക്ഷീരകർഷകരെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

തൊഴിലുറപ്പ് പദ്ധതി കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. ക്ഷീരകർഷകരെ, ക്ഷീരകർഷകരുടെ മൃഗപരിപാലനവുമായി ബന്ധപ്പെട്ട് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നുവെങ്കിലും ഇതുവരെ ഇത് സംബന്ധിച്ച് ഉത്തരവ് ലഭിച്ചിട്ടില്ല. എന്നാൽ ക്ഷീരകർഷക മേഖലയിലെ കന്നുകാലി തൊഴുത്ത് നിർമ്മാണവും പുൽക്കൃഷി പദ്ധതിയും തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## പാൽ ഉല്പാദനവും ക്ഷീരസംഘങ്ങളുടെ പ്രവർത്തനവും ക്ഷീരകർഷകർക്കുള്ള പെൻഷനും

81 (558) ശ്രീ. സി. ദിവാകരൻ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാൽ ഉല്പാദനത്തിൽ സംസ്ഥാനം സ്വയംപര്യാപ്തത കൈവരിക്കാൻ പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ, ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) ക്ഷീര സംഘങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(സി) പാൽ വില ചാർട്ട് പരിഷ്കരണവുമായി ബന്ധപ്പെട്ട് എത്ര പഠന റിപ്പോർട്ടുകൾ നിലവിലുണ്ടെന്നും ചാർജ്ജ് പരിഷ്കരണവുമായി ബന്ധപ്പെട്ട് പുതിയ വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ ഈ സമിതിയുടെ റിപ്പോർട്ട് എപ്പോൾ ലഭിക്കുമെന്നും വെളിപ്പെടുത്തുമോ?

(ഡി) ക്ഷീരകർഷകർക്കുള്ള പെൻഷൻ, കാലിത്തീറ്റ സബ്സിഡി തുടങ്ങിയവ കൊടുത്തു തീർക്കാനുണ്ടോ; ഉണ്ടെങ്കിൽ എപ്പോൾ കൊടുത്തു തീർക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. പാൽ ഉൽപ്പാദനത്തിൽ സംസ്ഥാനം സ്വയംപര്യാപ്തത കൈവരിക്കാൻ വകുപ്പ് പുതിയ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്. തീറ്റപ്പുല്ലിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് ഒരു സമഗ്ര തീറ്റപ്പുൽ കൃഷി വികസന പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നു. കൂടാതെ, നിലവിൽ നടപ്പിലാക്കി വരുന്ന മിൽക്ക് ഷെഡ് വികസന പദ്ധതി, കാലിത്തീറ്റ വിതരണ സബ്സിഡി പദ്ധതി, മറ്റ് വിജ്ഞാപന വ്യാപന പ്രവർത്തനങ്ങൾ, ക്ഷീര സഹകരണ സംഘങ്ങൾക്കുള്ള ധനസഹായ പദ്ധതികൾ എന്നിവ മുന്തിയ പ്രാധാന്യം നല്കി നടപ്പിലാക്കുന്നതിനും ഉദ്ദേശിക്കുന്നു.

മിൽമയും മേഖലാ യൂണിയനുകളും പാൽ ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ സ്വന്തം ഫണ്ട് ഉപയോഗിച്ച് കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടുകൂടിയും വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. പാലുല്പാദന വർദ്ധനവിനുവേണ്ടി മിൽമയുടെ മലബാർ, എറണാകുളം, തിരുവനന്തപുരം മേഖലാ യൂണിയനുകൾ, മിനി ഡയറി പദ്ധതി, പശുക്കളെയും കിടാരികളെയും വാങ്ങുന്നതിനുള്ള സഹായം, തൊഴുത്ത് പണിയുന്നതിന് സാമ്പത്തിക സഹായം, കറവയന്ത്രം വാങ്ങുന്നതിന് സാമ്പത്തിക സഹായം, പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള ക്യാമ്പുകൾ, കർഷകർക്കും കറവക്കാർക്കും സൊസൈറ്റി സ്റ്റാഫുകൾക്കുമുള്ള ട്രെയിനിംഗ്, ഉല്പാദന വർദ്ധനവിനും കാലികളുടെ ആരോഗ്യ സംരക്ഷണത്തിനും വേണ്ട വിരമരുന്നും മറ്റു ഉല്പന്നങ്ങളും നൽകുക, കാലിത്തീറ്റയ്ക്കുള്ള സബ്സിഡി, എറണാകുളം മേഖലാ യൂണിയൻ കാലിത്തീറ്റ ഇൻസെന്റീവ്, പശുക്കളെയും കിടാരികളെയും വാങ്ങുന്നതിനുള്ള സഹായം, ഫാമുകൾക്ക് ട്രാൻസ്പോർട്ടേഷൻ സബ്സിഡി, റബ്ബർമാറ്റ് വാങ്ങുന്നതിന് സബ്സിഡി, പ്രഷർവാഷർ വാങ്ങുന്നതിന് സബ്സിഡി, മലബാർ മേഖലാ യൂണിയൻ സമീകൃത കാലിത്തീറ്റ, വൈക്കോൽ, പച്ചപ്പുൽ, ബദൽ തീറ്റ വിതരണം, ഫാം സപ്പോർട്ട് പദ്ധതിയിൽ സബ്സിഡിയോടെ ഫാം ഉപകരണങ്ങൾ, കിടാരി പരിപാലന പരിപാടി, ഗ്രാമപ്രദേശങ്ങളിൽ കൃത്രിമ ബീജധാന സംവിധാനം, പശുക്കളെ വാങ്ങുന്നതിനുള്ള ബാങ്ക് വായ്പാ സൗകര്യം തുടങ്ങിയവ പ്രാധാന്യം നൽകി നടപ്പിലാക്കുന്നു. കൂടാതെ എൻ.ഡി.പി., എൻ.പി.ഡി.ഡി., ആർ.കെ.വി.വൈ. മുതലായ പദ്ധതികൾ വഴി ക്ഷീരോല്പാദന വർദ്ധനവിനുള്ള നടപടികൾ മിൽമ സ്വീകരിച്ചുവരുന്നു.

(ബി) 1969-ലെ കേരള സഹകരണ സംഘങ്ങൾ നിയമവും ചട്ടങ്ങളും പ്രകാരം സംഘം പരിശോധനയുൾപ്പെടെയുള്ള പരിപാടികൾ കാര്യക്ഷമമാക്കുകയും കൃത്യമായ അവലോകനം നടത്തി സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. മുൻവർഷം സംഘങ്ങളുടെ അടിസ്ഥാന സൗകര്യവികസനം, ഓട്ടോമേഷൻ എന്നിവ നടപ്പിലാക്കി സംഘങ്ങളുടെ കർഷകരുടെ ഇടപാടുകൾ കൂടുതൽ സുതാര്യമാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

(സി) പാൽവില ചാർട്ട് പരിഷ്കരണവുമായി ബന്ധപ്പെട്ട് നിലവിൽ കേരള വെറ്ററിനറി സർവ്വകലാശാല നടത്തിയ ഒരു പഠനത്തിന്റെ ഇടക്കാല റിപ്പോർട്ടാണ് ഉള്ളത്. ഇതുമായി ബന്ധപ്പെട്ട് നിലവിൽ വിദഗ്ധ സമിതിയെ നിയോഗിച്ചിട്ടില്ല.

(ഡി) ക്ഷീരകർഷക ക്ഷേമനിധി മുഖാന്തിരം ക്ഷീരകർഷകർക്കുള്ള പെൻഷൻ നാളിതുവരെ കുടിശ്ശിക കൂടാതെ നൽകിയിട്ടുണ്ട്. 2015-16 വർഷം കാലിത്തീറ്റ സബ്സിഡിയിനത്തിൽ ലഭിച്ച 1350 ലക്ഷം രൂപ പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ട്. കുടിശ്ശിക ഇല്ല.

**ജലനിധി പദ്ധതി**

82 (559) ശ്രീ. എ. എം. ആരിഫ് :
ശ്രീ. കെ. ആൻസലൻ :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ജലനിധി' പദ്ധതിയുടെ നടത്തിപ്പിലെ അലംഭാവം, പദ്ധതി ലക്ഷ്യപ്രാപ്തിയിലെത്തിക്കാൻ കഴിയാത്ത അവസ്ഥ സംസ്ഥാനത്ത് സംജാതമാക്കിയിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ഓരോ ഘട്ടത്തിന്റെയും ആസൂത്രണവും, നിർമ്മാണവും, വിതരണവും സമയബന്ധിതമായി നടത്താൻ കഴിഞ്ഞിരുന്നോ ; വ്യക്തമാക്കുമോ;

(സി) 'ജലനിധി' പദ്ധതി സാധാരണ ജനങ്ങൾക്ക് പ്രയോജനപ്പെടുത്തക്കവിധം പ്രായോഗികമായി നടപ്പാക്കാൻ നിർദ്ദേശം നൽകുമോ;

(ഡി) പദ്ധതിയുടെ പൂർത്തീകരണത്തോടെ എത്ര പേർക്ക് ഇതിന്റെ പ്രയോജനം ലഭ്യമാക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ;

(ഇ) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് എന്തെങ്കിലും ആരോപണങ്ങൾ ഉയർന്നുവന്നിട്ടുണ്ടോയെന്ന് പരിശോധിക്കുമോ?

ഉത്തരം

(എ) ഉള്ളതായി കണ്ടെത്തിയിട്ടില്ല.

(ബി) പദ്ധതി നടത്തിപ്പിലെ വിവിധ ഘട്ടങ്ങൾ (ആസൂത്രണം, നിർവ്വഹണം, വിതരണം ഇവ) സമയബന്ധിതമായി നടപ്പാക്കുന്നതിന് ജലനിധി പദ്ധതി രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ മൺസൂൺ ആരംഭിച്ച് കഴിഞ്ഞാൽ പ്രധാന ഘടകമായ സ്രോതസ്സിന്റെ പ്രവൃത്തികൾ അടുത്ത വർക്കിംഗ് സീസണിൽ മാത്രമേ ആരംഭിക്കാൻ കഴിയുകയുള്ളൂ. ഇതുമൂലം കാലതാമസം ഉണ്ടാകാറുണ്ട്. കൂടാതെ, കരാറുകാരെ കണ്ടെത്തുന്നതിനും വനം വകുപ്പ് പോലെയുള്ള അനുബന്ധ വകുപ്പുകളിൽ നിന്നും ആവശ്യമായ ക്ലിയറൻസ് ലഭിക്കേണ്ടതിനും ഉണ്ടാകുന്ന കാലതാമസം, റോഡ് കട്ടിംഗിന് അനുമതി ലഭ്യമാക്കുന്നതിനും കെ.എസ്.ഇ.ബി.-യിൽ നിന്നും ഇലക്ട്രിസിറ്റി കണക്ഷൻ ലഭിക്കുന്നതിനും ഉണ്ടാകുന്ന കാലതാമസം എന്നിവ സമയബന്ധിതമായി പദ്ധതി നിർവ്വഹണം നടത്തുന്നതിന് തടസ്സമാകാറുണ്ട്.

(സി) ജലനിധി പദ്ധതിയുടെ നിർവ്വഹണവും നടത്തിപ്പും സംബന്ധിച്ച പ്രായോഗികതകൾ പരിശോധിച്ച് സാധാരണജനങ്ങൾക്ക് പ്രയോജനം ലഭിക്കുന്ന രീതിയിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

(ഡി) 11.5 ലക്ഷത്തോളം പേർക്ക് ശുദ്ധമായ കുടിവെള്ളം നൽകുന്നതിനും 6.9 ലക്ഷത്തോളം പേർക്ക് ശുചിത്വ സംവിധാനങ്ങൾ ഒരുക്കുന്നതിനുമാണ് ജലനിധി രണ്ടാംഘട്ട പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്.

(ഇ) പദ്ധതിയുമായി ബന്ധപ്പെട്ട ആരോപണങ്ങൾ ഇതുവരെയും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ചീക്കോട് കുടിവെള്ള പദ്ധതി**

83 (560) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി നിയോജകമണ്ഡലത്തിലെ ചീക്കോട് കുടിവെള്ള പദ്ധതിയുടെ നിലവിലുള്ള അവസ്ഥ വ്യക്തമാക്കുമോ;

(ബി) പദ്ധതി പൂർണ്ണമായും കമ്മീഷൻ ചെയ്യുന്നതിന് എത്ര കാലം എടുക്കുമെന്ന് വ്യക്തമാക്കാമോ;

(സി) പദ്ധതി പൂർത്തീകരണത്തിനായി ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങൾ ഏന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ചീക്കോട് കുടിവെള്ള വിതരണ പദ്ധതി ഭാഗികമായി 27-2-2016-ന് കമ്മീഷൻ ചെയ്തു. വിതരണ ശൃംഖലയുടെ പ്രവൃത്തി പുരോഗതിയിലാണ്. 116 കി.മീ. വിതരണ ശൃംഖലയുടെ 80% പൂർത്തീകരിച്ചു. എസ്.എൽ.എസ്.എസ്.സി.-2014-ൽ ലഭിച്ച 110 എം.എം. പി.വി.സി./90 എം.എം. പി.വി.സി. ഉൾപ്പെടുന്ന 80 കി. മീ. വിതരണ ശൃംഖല സ്ഥാപിക്കുന്നതിന്റെ സാങ്കേതികാനുമതി ചീഫ് എഞ്ചിനീയർ നൽകി ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. പദ്ധതിയുടെ വിതരണ ശൃംഖലകൾ സ്ഥാപിച്ച് ഗാർഹിക കണക്ഷനുകൾ നൽകുന്ന പ്രവൃത്തി ജലനിധി ഏറ്റെടുത്ത് നടപ്പിലാക്കുന്നു. ഇതിന് ആവശ്യമായ സർവ്വേ നടത്തി ഡി.പി.ആർ. (Detailed Project Report) ലഭ്യമാക്കുവാൻ കിറ്റ്കോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൊണ്ടോട്ടി, രാമനാട്ടുകര എന്നീ മുനിസിപ്പാലിറ്റികളിൽ നിലവിലുള്ള ഡാനിഡ പദ്ധതിയുമായി ഈ പദ്ധതി ബന്ധിപ്പിച്ച് ജലവിതരണം നടത്തുന്നുണ്ട്.

(ബി&സി) ഈ പദ്ധതിയുടെ രൂപരേഖയിൽ നിർദ്ദേശിച്ച രീതിയിൽ 400 കി.മീ. വിതരണ ശൃംഖല സ്ഥാപിക്കേണ്ടതായിട്ടുണ്ട്. ഇതിൽ 196 കി.മീ. സ്ഥാപിക്കാനുള്ള ഫണ്ട് ലഭിച്ചിട്ടുണ്ട്. ഈ പ്രവൃത്തി പൂർണ്ണമായും ജൂൺ 2017-നകം പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ ജലനിധി മുഖേനയുള്ള വിതരണശൃംഖല ജലസംഭരണിയുമായി ബന്ധിപ്പിച്ച് ശുദ്ധജല വിതരണം നടപ്പിലാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

**പ്രാദേശിക ജലാശയങ്ങൾ നവീകരിക്കുന്നതിന് നടപടി**

84 (561) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രാദേശിക ജലാശയങ്ങളുടെ സർവ്വേ സംബന്ധിച്ച നടപടികൾ ഏതുഘട്ടത്തിലാണ്; വിശദമാക്കാമോ;

(ബി) കേന്ദ്ര സർക്കാർ പദ്ധതിയായ 'ആർ. ആർ. ആർ. ഓഫ് പോണ്ട്സ് ' -ൽ ഉൾപ്പെടുത്തി പ്രാദേശിക ജലാശയങ്ങൾ നവീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) എല്ലാ പാരമ്പര്യ ജലസ്രോതസുകളെയും നവീകരിക്കുന്നതിന് ഒരു സമഗ്ര പദ്ധതി ആസൂത്രണം ചെയ്തു നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ പ്രാദേശിക ജലാശയങ്ങളുടെ (പൊതു ഉടമസ്ഥത യിലുള്ളവ) കണക്കെടുപ്പ്, ചീഫ് എഞ്ചിനീയർ, ഇൻവെസ്റ്റിഗേഷൻ ആന്റ് ഡിസൈൻസ്, വികാസ് ഭവൻ, തിരുവനന്തപുരം ആഫീസ് മുഖേന നടത്തിയിട്ടുണ്ട്. ഇതിൻപ്രകാരം സംസ്ഥാനത്ത് 40000-ത്തിലധികം ജലസ്രോതസ്സുകൾ (കുളങ്ങൾ) ഉള്ളതായി കണക്കാക്കിയിട്ടുണ്ട്.

(ബി) തൃശ്ശൂർ ജില്ലയിലെ പൂമല ചെറുകിട ജലസേചന പ്രോജക്ടിന് ആർ.ആർ.ആർ. പദ്ധതിയിലുൾപ്പെടുത്തി 25% കേന്ദ്ര ധനസഹായം ലഭ്യമാക്കുന്നതിനുള്ള പ്രാഥമിക അംഗീകാരം കേന്ദ്ര ജലകമ്മീഷന്റെ കോയമ്പത്തൂർ ഓഫീസിൽ നിന്നും ലഭിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി പ്രാദേശിക ജലാശയങ്ങൾ നവീകരിക്കുന്നതിന് തടസ്സമായി നിൽക്കുന്നത് പദ്ധതിയുടെ ഗൈഡ്‌ലൈനാണ്. 2013-ൽ പ്രസിദ്ധീകരിച്ച ഗൈഡ്‌ലൈൻ പ്രകാരം 5 ഹെക്ടർ എങ്കിലും വലിപ്പമുള്ള ജലാശയങ്ങൾ/കുളങ്ങൾ (ഗ്രാമ പ്രദേശങ്ങളിൽ) മാത്രമേ നവീകരണത്തിനായി ഏറ്റെടുക്കാൻ കഴിയൂ. ഇക്കാരണത്താലാണ് കുളങ്ങൾ വളരെയേറെയുള്ള കേരളത്തെ ഈ പദ്ധതിയിലുൾപ്പെടുത്തി പ്രാദേശിക ജലാശയങ്ങൾ നവീകരിക്കാൻ കഴിയാത്തത്.

(സി) വിഷയം പരിശോധിക്കാവുന്നതാണ്.

**മീനാട് കുടിവെള്ള പദ്ധതി**

85 (562) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ സഹായത്തോടെയുള്ള മീനാട് കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചത് എന്നാണെന്ന് വ്യക്തമാക്കുമോ;

(ബി) പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ മുടങ്ങിയിട്ട് എത്ര കാലമായി;

(സി) പദ്ധതിയിൽ അവശേഷിക്കുന്ന പ്രവർത്തികൾ എന്തെല്ലാമാണ്; അവ എവിടെയെല്ലാമാണ്;

(ഡി) ശേഷിക്കുന്ന പണികൾ അടിയന്തരമായി ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഇ) പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2006 ഏപ്രിൽ മാസം.

(ബി) പദ്ധതി പ്രകാരം വിതരണശൃംഖലകളുടെ പണികൾ ആദ്യം ഏറ്റെടുത്തിരുന്ന കരാറുകാരൻ M/s. K. Ramakrishna Contractors Pvt. Ltd., Hyderabad ആയിരുന്നു. പ്രസ്തുത കരാറുകാരൻ പണി ഉപേക്ഷിച്ച് പോയതിനാൽ M/s. TECPRO Infra Structure Ltd., Kochi എന്ന കമ്പനിക്ക് 2012 ജൂണിൽ ബാക്കി പണികൾക്ക് കരാർ നൽകിയിരുന്നു. 2012 ആഗസ്റ്റിൽ പ്രവൃത്തികൾ ആരംഭിച്ചു. കരാർ കാലാവധി 2013 ഡിസംബർ വരെ ആയിരുന്നുവെങ്കിലും 160 കി.മീ. വിതരണശൃംഖലയുടെ പണികൾ പൂർത്തിയാക്കാനുണ്ട്. കൂടാതെ നേരത്തെ പൂർത്തീകരിച്ച പൈപ്പ് ലൈനിൽ ഗ്യാപ്പ് ക്ലോസിംഗ് ജോലികൾ ചെയ്ത് പൂർത്തികരിക്കാനുണ്ട്. M/s. TECPRO-യുടെ സാമ്പത്തിക പ്രശ്നങ്ങളാൽ പണി മന്ദഗതിയിലായതിനാൽ അവരുടെ സേവനം അവസാനിപ്പിക്കുവാൻ തീരുമാനിച്ചിരുന്നെങ്കിലും 2016 ഡിസംബർ മാസത്തിൽ വിതരണശൃംഖലയുടെ പണി പൂർത്തിയാക്കാമെന്നുള്ള അവരുടെ ഉറപ്പിന്മേൽ പണി 2016 ഫെബ്രുവരി മാസം പുനരാരംഭിച്ചിട്ടുണ്ട്.

(സി) പദ്ധതിയിൽ അവശേഷിക്കുന്നത് വിതരണശൃംഖലയുടെ പണികൾ മാത്രമാണ്. അവ പദ്ധതിയിലെ പതിനെട്ട് വില്ലേജുകളിലായി നടന്നുവരുന്നു. പ്രസ്തുത പണികളുടെ വിശദവിവരം അനുബന്ധം -1 ആയി ചേർത്തിരിക്കുന്നു.*

(ഡി&ഇ) ശേഷിക്കുന്ന വിതരണശൃംഖലയുടെ പണികൾ M/s. TECPRO എന്ന കമ്പനി 2016 ഡിസംബർ മാസത്തിനുള്ളിൽ പൂർത്തിയാക്കുമെന്നുള്ള അവരുടെ ഉറപ്പിന്മേൽ പുനരാരംഭിച്ചിട്ടുണ്ട്. 2016 ഡിസംബർ അവസാനത്തോടെ പണികൾ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

**ജലസേചന വകുപ്പിലെ നിർമ്മാണ പ്രവർത്തനങ്ങൾ**

86 (563) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ 5 വർഷക്കാലം ജലസേചന വകുപ്പിൽ എത്ര റെഗുലേറ്റർ കം ബ്രിഡ്ജ്, തടയണകൾ എന്നിവ നിർമ്മിക്കാൻ അനുമതി നൽകിയിട്ടുണ്ട്; അവ ഏതെല്ലാം; ഈ ഇനത്തിൽ ഓരോ വർഷവും എത്ര തുകയ്ക്കുള്ള ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്; ഇവയിൽ എത്രയെണ്ണം പൂർത്തിയായി; പൂർത്തിയാകാനുള്ളതിന്റെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

കഴിഞ്ഞ 5 വർഷങ്ങളിലായി ചീഫ് എഞ്ചിനീയർ(ജലസേചനവും ഭരണവും)-യുടെ കീഴിൽ 480 ചെക്ക് ഡാം, 22 റെഗുലേറ്റർ കം ബ്രിഡ്ജ് എന്നിവ നിർമ്മിക്കാൻ അനുമതി നൽകിയിട്ടുണ്ട്. ഇവയിൽ 315 ചെക്ക് ഡാമുകൾ, 6 റെഗുലേറ്റർ കം ബ്രിഡ്ജ് എന്നിവ പൂർത്തിയായി. 7 പ്രവൃത്തികൾ വിവിധ സാങ്കേതിക കാരണങ്ങളാൽ ഉപേക്ഷിച്ചു. മറ്റുള്ള പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. ഓരോ വർഷവും ഭരണാനുമതി നൽകിയ തുക അനുബന്ധം -I ആയി ചേർക്കുന്നു.* പ്രവൃത്തികളുടെ പട്ടിക അനുബന്ധം - II ആയി ചേർക്കുന്നു.* ചീഫ് എഞ്ചിനീയർ പദ്ധതി വിഭാഗം II-ന്റെ കീഴിൽ കഴിഞ്ഞ അഞ്ചു വർഷക്കാലമായി ഭരണാനുമതി നൽകിയിട്ടുള്ള റെഗുലേറ്റർ കം ബ്രിഡ്ജ്, തടയണകൾ എന്നിവ സംബന്ധിച്ച വിവരം അനുബന്ധം-III ആയി ചേർക്കുന്നു.*

## പാറശ്ശാല മണ്ഡലത്തിലെ കുളങ്ങളുടെ സംരക്ഷണം

87 (564) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിലുള്ള ചെറുതും വലുതുമായുള്ള ആയിരത്തിലേറെ കുളങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനും അവ ജലസേചന ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിനും ഏതെങ്കിലും തരത്തിലുള്ള നടപടികൾ കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ജലസ്രോതസുകൾ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ച് സ്കൂൾതലം മുതൽ അവബോധം വളർത്തേണ്ടതിന്റെ ആവശ്യകതയുടെ അടിസ്ഥാനത്തിൽ ഇക്കൊല്ലം ഏതെങ്കിലും പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ജലസേചന വകുപ്പിന് കീഴിൽ നിലവിലുള്ള ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി/13th FC എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി പാറശ്ശാല മണ്ഡലത്തിൽ 5 കുളങ്ങൾ നവീകരിച്ചിട്ടുണ്ട്. കൂടാതെ സബ്ജക്ട് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയിൽ ഉൾപ്പെടുത്തി 3 കുളങ്ങൾ നവീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ ചീഫ് എഞ്ചിനീയർ സമർപ്പിച്ചിരുന്നുവെങ്കിലും ഫണ്ടിന്റെ അപര്യാപ്തത കാരണം ഭരണാനുമതി നൽകുവാൻ സാധിച്ചില്ല.

(ബി) പരിശോധിക്കാവുന്നതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**കരീമ്പ, കോങ്ങാട് എന്നീ പഞ്ചായത്തുകളിലെ കുടിവെള്ളക്ഷാമം**

88 (565) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിലെ കരീമ്പ, കോങ്ങാട് എന്നീ പഞ്ചായത്തുകളിലെ രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി അടിയന്തരനടപടി സ്വീകരിക്കുമോ;

(ബി) ഇതിനായി വാട്ടർ അതോറിറ്റി എം.ഡി.-ക്ക് നൽകിയ കത്തിന്മേൽ സത്വര നടപടി സ്വീകരിച്ച് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) കോങ്ങാട് മണ്ഡലത്തിലെ കരീമ്പ, കോങ്ങാട് എന്നീ ഗ്രാമ പഞ്ചായത്തുകൾക്ക് വേണ്ടി കാഞ്ഞിരപ്പുഴ ഡാം സ്രോതസ്സാക്കി ഒരു സമഗ്ര ശുദ്ധജല വിതരണ പദ്ധതിയുടെ സാധ്യതാപഠനം നടത്തിവരികയാണ്. പദ്ധതിയുടെ വിവിധ ഘടകങ്ങൾ നിർമ്മിക്കുന്നതിന് അനുയോജ്യമായ സ്ഥലങ്ങൾ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ ലഭ്യമാക്കുന്ന മുറയ്ക്ക് മാത്രമേ പദ്ധതിക്കായി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ കഴിയുകയുള്ളൂ.

**ചിറക്കര ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പ്രവർത്തനസജ്ജമാക്കാൻ നടപടി**

89(566) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ലട ജലസേചന പദ്ധതിയിൻകീഴിൽ ചിറക്കര ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥാപിതമായിട്ടുള്ള ചിറക്കര ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പ്രവർത്തന സജ്ജമാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രവർത്തനസജ്ജമാക്കുന്നതിനായി ഇനി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുള്ളതെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ആയത് എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(സി) പരവൂർ നഗരസഭ, പൂതക്കുളം ഗ്രാമപഞ്ചായത്ത്, ചിറക്കര ഗ്രാമപഞ്ചായത്ത് എന്നീ പ്രദേശങ്ങളിൽ കനാൽ നിർമ്മാണം പൂർത്തീകരിക്കുവാൻ എത്ര രൂപ വേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പ്രവർത്തനക്ഷമമാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്. പരവൂർ ഡിസ്ട്രിബ്യൂട്ടറിയുടെ 23 കി.മീ. വരെയുള്ള കനാലിന്റെയും ലിഫ്റ്റിന്റെയും അറ്റകുറ്റപണികൾ, പരവൂർ ഡിസ്ട്രിബ്യൂട്ടറിയുടെ 23 കി.മീ. മുതൽ 32.3 കി.മീ. വരെയുള്ള കനാലിന്റെ അറ്റകുറ്റപണികൾ എന്നിവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ പ്രവൃത്തികൾക്കുവേണ്ടിയുള്ള ഒരു പദ്ധതി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ ലിഫ്റ്റിന്റെ പ്രവർത്തനക്ഷമതയെ സംബന്ധിച്ച ഒരു പഠനവും നടത്തേണ്ടതുണ്ട്.

(സി) ഉണ്ട്. പരവൂർ ഡിസ്ട്രിബ്യൂട്ടറിയുടെ ചെ. 0 മുതൽ 23000 മീറ്റർ വരെയുള്ള കനാലിന്റെയും ലിഫ്റ്റിന്റെയും അറ്റകുറ്റപ്പണി, 23000 മുതൽ 32330 മീറ്റർ വരെയുള്ള കനാലിന്റെ അറ്റകുറ്റപ്പണി, പണി തീരാനുള്ള കോട്ടപ്പുറം മൈനർ ഡിസ്ട്രിബ്യൂട്ടറി എന്നിവ ഉൾപ്പെടുത്തി 10 കോടി രൂപയുടെ ഒരു പദ്ധതി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

ടി പദ്ധതി PMKSY-ൽ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും ഫണ്ടിന്റെ അപര്യാപ്തതമൂലം ഈ പ്രവൃത്തിയെ പുതിയ ലിസ്റ്റിൽ ഉൾപ്പെടുത്തിയിരുന്നില്ല.

**തൃശ്ശൂർ ജില്ലയിലെ കനോലി കനാലിലെ ജലപാതകൾ**

90 (567) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ കനോലി കനാലിൽ നിലവിൽ ജലപാതകൾ ഉണ്ടെങ്കിൽ വിശദമാക്കാമോ;

(ബി) കനാലിൽ പുതിയ ജലപാതകളുടെ നിർമ്മാണത്തിന് പദ്ധതികൾ ഉണ്ടെങ്കിൽ ഏതൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

(സി) ഗുരുവായൂർ ക്ഷേത്രം, പാലയൂർ, പാവരട്ടിപള്ളികൾ, തൃപ്രയാർ, കൊടുങ്ങല്ലൂർ ക്ഷേത്രങ്ങൾ എന്നിവിടങ്ങളിലെ തീർത്ഥാടകരുടെ സൗകര്യാർത്ഥമുള്ള ജലപാത നിർമ്മാണം പരിഗണിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) തൃശ്ശൂർ ജില്ലയിലെ കനോലി കനാലിൽ നിലവിലുള്ള ജലപാത പി.സി. കനാൽ (പൊന്നാനി-കൊച്ചിൻ കനാൽ) എന്ന പേരിൽ 68 കി.മീ. നീളത്തിൽ ഉണ്ട്.

(ബി) മേൽപ്പറഞ്ഞ ജലപാത ഇപ്പോൾ ദേശീയ ജലപാതയുടെ ഭാഗമായി വിജ്ഞാപനം ചെയ്തിരിക്കുകയാണ്. ആയതിനാൽ പുതിയ പദ്ധതികളെ സംബന്ധിച്ച വിവരങ്ങൾ ദേശീയ ജലപാതയുടെ നിയമങ്ങൾക്ക് വിധേയമായി മാത്രമേ ചെയ്യാൻ കഴിയുകയുള്ളൂ. ഈ പദ്ധതികൾ ദേശീയ ജലപാതയുടെ നിർമ്മാണപ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്ന കേന്ദ്ര സർക്കാർ സ്ഥാപനമായ ഇൻലാന്റ് വാട്ടർവെയ്സ് അതോറിറ്റി ഓഫ് ഇന്ത്യ (IWAI)-യാണ് ആസൂത്രണം ചെയ്യുന്നത്.

(സി) സാധ്യതാപഠനം നടത്തിയശേഷം പരിശോധിക്കാവുന്നതാണ്.

## കവ്വായി കായലിലെയും കാര്യങ്കോട് നദിയിലെയും കരയിടിച്ചിൽ തടയുന്നതിന് നടപടി

91 (568) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ മണ്ഡലത്തിലെ തീരപ്രദേശങ്ങളായ കവ്വായി കായലിലെയും കാര്യങ്കോട് നദിയിലെയും വ്യാപകമായ കരയിടിച്ചിൽ തടയുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത പ്രദേശങ്ങളിൽ കരകെട്ടി സംരക്ഷിക്കാനും അനിയന്ത്രിതമായ മണലെടുപ്പ് തടയാനും നടപടി സ്വീകരിയ്ക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഫണ്ട് ലഭ്യതയ്ക്കനുസൃതമായി നടപടി സ്വീകരിക്കാവുന്നതാണ്.

(ബി) പ്രസ്തുത പ്രദേശങ്ങളിൽ കരകെട്ടി സംരക്ഷിക്കുന്നതിന് മുൻഗണനാ ക്രമത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകുന്നമുറയ്ക്ക് നടപ്പിലാക്കാവുന്നതാണ്. മണലെടുപ്പ് തടയുന്നതിനുള്ള നടപടികൾ റവന്യൂ, പോലീസ്, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവയുടെ കൂട്ടായ നിയന്ത്രണത്തിൽ നടപ്പിലാക്കാവുന്നതാണ്.

## ചേലക്കര മണ്ഡലത്തിൽ തടയണ നിർമ്മാണം

92 (569) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിൽ നിർമ്മാണത്തിലിരിക്കുന്ന ഇനിയും പൂർത്തീകരിക്കാത്ത തടയണകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ; അവ പൂർത്തീകരിക്കാത്തതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ;

(ബി) ചെറുതുരുത്തി തടയണ നിർമ്മാണം പൂർത്തിയാക്കുന്നതിൽ കുറ്റകരമായ അലംഭാവം കാണിച്ചതായി കംപ്ട്രോളർ & ആഡിറ്റർ ജനറൽ റിപ്പോർട്ടിൽ പരാമർശമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച വിശദാംശങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) നിർമ്മാണം പൂർത്തിയാക്കേണ്ട തടയണകളുടെ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത തടയണ നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ചേലക്കര മണ്ഡലത്തിൽ നിർമ്മാണത്തിലിരിക്കുന്ന ഇനിയും പൂർത്തീകരിക്കാത്ത തടയണകളുടെ പേരും വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു.*

(ബി) ഉണ്ട്. പണി പൂർത്തായായാകാത്തതുമൂലം ഇതിനായി ചെലവാക്കിയിട്ടുള്ള 2.80 കോടി രൂപ പൊതുജനങ്ങൾക്ക് ഉപകാരപ്രദമായിട്ടില്ല എന്നും മൂന്ന് വർഷത്തോളം ടി പ്രവൃത്തി പുനഃക്രമീകരിക്കുവാൻ നടപടിയൊന്നും സ്വീകരിച്ചിട്ടില്ലെന്നും അക്കൗണ്ടന്റ് ജനറലിന്റെ ഇൻസ്പെക്ഷൻ റിപ്പോർട്ടിൽ പരാമർശമുണ്ട്.

(സി) ടി തടയണയുടെ ബാക്കിയുള്ള പണികളുടെ 15 കോടി രൂപയുടെള്ള എസ്റ്റിമേറ്റ് തയ്യാറാക്കിക്കുന്നതിനുള്ള നടപടി ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) സ്വീകരിച്ചുവരുന്നു.

**കായംകുളം മണ്ഡലത്തിലെ ജലസേചന പദ്ധതികൾ**

93 (570) <u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം അസംബ്ലി മണ്ഡലത്തിൽ 2014-15, 2015-16 കാലഘട്ടത്തിൽ, മേജർ/മൈനർ ഇറിഗേഷൻ വകുപ്പ് വഴി ഭരണാനുമതി ലഭിച്ചിരുന്ന പ്രവൃത്തികൾ ഏതൊക്കെയെന്നും, പദ്ധതികൾ, അനുവദിച്ച തുക, പ്രവൃത്തികളുടെ നിലവിലുള്ള പുരോഗതി എന്നിവയും വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

മേജർ വിഭാഗം :

2014-15-ൽ കായംകുളം നിയോജകമണ്ഡലത്തിൽ കൃഷ്ണപുരം ഗ്രാമപഞ്ചായത്തിൽ വാർഡ് നമ്പർ 16-10 എന്നിവയെ ബന്ധിപ്പിച്ചുകൊണ്ട് ആമകടമ്പ തോടിനു കുറുകെ ഒരു ആംബുലൻസ് ബ്രിഡ്ജിന്റെ നിർമ്മാണം-തുക 25.00 ലക്ഷം-പ്രവൃത്തി പൂർത്തീകരിച്ചു. 2014-15-ൽ കായംകുളം മുനിസിപ്പാലിറ്റിയിൽ വാർഡ് 31-ൽ ചിറയിൽപ്പടി ഭാഗത്ത് മലയൻ കനാലിന്റെ ഇടതുകരയുടെ സംരക്ഷണ പ്രവൃത്തികൾ-തുക 15.00 ലക്ഷം-പ്രവൃത്തി ടെണ്ടർ നടപടികളിലാണ്.

മൈനർ വിഭാഗം :

2014-15-ൽ ചെട്ടികുളങ്ങര പഞ്ചായത്തിലെ പുഞ്ചക്കാല തട്ടാവഴി തോട്ടിൽ റെയിൽവെ ലൈനിനു സമീപം സംരക്ഷണ പണികൾ-തുക 25.00 ലക്ഷം-90% പണികൾ പൂർത്തീകരിച്ചു. 2014-15-ൽ മുതുകുളം പഞ്ചായത്തിൽ ചക്കകുളങ്ങര പാടശേഖര തോടിന്റെ സംരക്ഷണ പണികൾ-തുക 8.40 ലക്ഷം മൂന്ന് തവണ ടെണ്ടർ ചെയ്തെങ്കിലും പ്രതികരണമില്ല. 2015-16 വർഷത്തിൽ പ്രവൃത്തികൾക്കൊന്നും തന്നെ ഭരണാനുമതി നൽകിയിട്ടില്ല.

**ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ**

94 (571) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇറിഗേഷൻ, മൈനർ ഇറിഗേഷൻ വകുപ്പുകളിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ജലസേചന വകുപ്പിനുകീഴിൽ വിവിധ സ്കീമുകളിലായി മേജർ ഇറിഗേഷൻ വിഭാഗത്തിൽ 1333 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളിൽ 161 പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട്. മൈനർ ഇറിഗേഷൻ വിഭാഗത്തിൽ വിവിധ സ്കീമുകളിലായി 2360 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 623 പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടതായുണ്ട്.

(ബി) ടി പ്രവൃത്തികൾ കാലതാമസം കൂടാതെ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## പുത്തൂർ കുടിവെള്ള പദ്ധതി

95 (572) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നിയോജകമണ്ഡലത്തിൽ ആസ്തി വികസന പദ്ധതി പ്രകാരം കരിവെള്ളൂർ-പെരളം പഞ്ചായത്തിൽ നടപ്പിലാക്കുന്ന പുത്തൂർ കുടിവെള്ള പദ്ധതിയുടെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പൂർത്തീകരിച്ച് ജനങ്ങൾക്ക് കുടിവെള്ളം എപ്പോൾ വിതരണം ചെയ്യാൻ സാധിക്കുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) പ്രസ്തുത പദ്ധതിയുടെ കിണർ, ടാങ്ക്, പമ്പിംഗ് മെയിൻ, വിതരണശൃംഖല എന്നിവ പൂർത്തീകരിച്ചു. വൈദ്യുതി കണക്ഷൻ ലഭിക്കേണ്ടതുണ്ട്.

(ബി) വൈദ്യുതി കണക്ഷൻ ലഭ്യമായാൽ 2016 ആഗസ്റ്റ് മാസത്തോടെ പദ്ധതി കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

## കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ വിവിധ കുടിവെള്ള പദ്ധതികൾ

96 (573) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ കേരള വാട്ടർ അതോറിട്ടി മുഖേന പരിപാലിക്കപ്പെടുന്നതും മറ്റ് വകുപ്പുകളുടെ നിർദ്ദേശപ്രകാരം കേരള വാട്ടർ അതോറിട്ടി ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നതും നടപ്പിലാക്കാനിരിക്കുന്നതുമായ വിവിധ കുടിവെള്ള പദ്ധതികൾ ഏതെല്ലാം; ഓരോ പദ്ധതിയുടെയും വിശദമായ വിവരം വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതികളിൽ പ്രവർത്തനക്ഷമമല്ലാത്തതായി മാറിയ പദ്ധതികൾ ഏതെല്ലാം ; ഇത്തരത്തിലുള്ള പദ്ധതികളെ പ്രവർത്തനയോഗ്യമാക്കാൻ കേരള വാട്ടർ അതോറിറ്റി തനതായും മറ്റ് വകുപ്പുകളുമായി ചേർന്നും എന്ത് നടപടി ഉടൻ സ്വീകരിക്കും എന്നത് വ്യക്തമാക്കാമോ;

(സി) കൊയിലാണ്ടി നഗരത്തിൽ ചിറ്റാറികടവ് റെഗുലേറ്റർ കം ബ്രിഡ്ജ് കമ്മീഷൻ ചെയ്യുന്നതോടെ പ്രാവർത്തികമാക്കാൻ ഉദ്ദേശിച്ച് കേരള വാട്ടർ അതോറിട്ടി മുൻ സർക്കാരിന്റെ കാലയളവിൽ സമർപ്പിച്ച പ്രോജക്ടിന്റെ വിശദാംശം ലഭ്യമാക്കാമോ; ഈ പ്രോജക്ടിന്റെ സമ്പൂർണ പകർപ്പ് ലഭ്യമാക്കാമോ; സർക്കാരിന് സമർപ്പിച്ച ഈ പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിന് അന്നത്തെ സർക്കാർ നടപടി സ്വീകരിച്ചിരുന്നുവോ; ഈ പദ്ധതി ഇപ്പോൾ പരിഗണിച്ച് ഭരണാനുമതി നൽകാൻ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ കേരള വാട്ടർ അതോറിറ്റി മുഖേന പരിപാലിക്കപ്പെടുന്ന പദ്ധതികൾ താഴെ ചേർക്കുന്നു:

- കോമത്തുകര ശുദ്ധജല വിതരണ പദ്ധതി (1, 2 & 3)
- കൊയിലാണ്ടി ശുദ്ധജല വിതരണ പദ്ധതി
- വരകുന്ന് ശുദ്ധജല വിതരണ പദ്ധതി
- കക്രാട്ട് കുന്ന് ശുദ്ധജല വിതരണ പദ്ധതി
- കൊല്ലം ശുദ്ധജല വിതരണ പദ്ധതി
- മൂഴിക്കൽ മീത്തൽ ശുദ്ധജല വിതരണ പദ്ധതി (1&2)
- കോട്ടക്കുന്ന് ശുദ്ധജല വിതരണ പദ്ധതി
- കോട്ടത്തുരുത്തി ശുദ്ധജല വിതരണ പദ്ധതി
- പയ്യോളി ശുദ്ധജല വിതരണ പദ്ധതി (1&2)
- ഇരിങ്ങൾമൂരാട് ശുദ്ധജല വിതരണ പദ്ധതി (പമ്പ് ഹൗസ് ഇല്ല)
- പുതേരിപ്പാറ ശുദ്ധജല വിതരണ പദ്ധതി
- മൊയിലൂർകുന്ന് ശുദ്ധജല വിതരണ പദ്ധതി
- വീരവഞ്ചേരി ശുദ്ധജല വിതരണ പദ്ധതി
- തിക്കോടി ശുദ്ധജല വിതരണ പദ്ധതി
- കിടഞ്ഞിക്കുന്ന് ശുദ്ധജല വിതരണ പദ്ധതി

മറ്റു വകുപ്പുകളുടെ നിർദ്ദേശപ്രകാരം കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കി വരുന്നതും നടപ്പിലാക്കാനിരിക്കുന്നതുമായ പദ്ധതികൾ താഴെ ചേർക്കുന്നു :

ഡെപ്പോസിറ്റ് വർക്ക്:

നടപ്പിലാക്കാനിരിക്കുന്ന പദ്ധതികൾ :

കൊയിലാണ്ടി മുനിസിപ്പാലിറ്റിയിലെ ചുണ്ടയിൽ കുടിവെള്ള പദ്ധതി - 29.50 ലക്ഷം രൂപ

നടപ്പിലാക്കിവരുന്ന പദ്ധതികൾ :

1. മുടാടി പഞ്ചായത്തിലെ കാനത്തിൽ താഴെ കുടിവെള്ള പദ്ധതി- 14.40 ലക്ഷം രൂപ
2. കൊയിലാണ്ടി മുനിസിപ്പാലിറ്റിയിലെ പഴങ്കാവിൽ കോളനി കുടിവെള്ള പദ്ധതി - 33.10 ലക്ഷം രൂപ

കെ.എസ്.സി.എ.ഡി.സി. വർക്ക് :

1. കെ.എസ്.സി.എ.ഡി.സി.-കൊയിലാണ്ടി ഫിഷിംഗ് വില്ലേജ്, കൊയിലാണ്ടി മുനിസിപ്പാലിറ്റി 120 ലക്ഷം രൂപ

   ഒരു കിണറും ടാങ്കും നിർമ്മാണം ഒഴികെയുള്ള അനുബന്ധ പ്രവൃത്തികൾ മുഴുവൻ പൂർത്തിയാക്കുകയും അറുപത് പൊതുടാപ്പുകളിലൂടെ ജലവിതരണം നടത്തുന്നുമുണ്ട്.

2. കെ.എസ്.സി.എ.ഡി.സി. പയ്യോളി - 86 ലക്ഷം രൂപ

   പൈപ്പ് ലൈൻ പണി പൂർത്തിയായിട്ടില്ലാത്തതിനാൽ പദ്ധതി കമ്മീഷൻ ചെയ്യാൻ കഴിഞ്ഞിട്ടില്ല.

(ബി) പ്രവർത്തനക്ഷമമല്ലാതായ പദ്ധതികൾ താഴെ ചേർക്കുന്നു :

1. കൊയിലാണ്ടി ശുദ്ധജല വിതരണ പദ്ധതി :

   പുതുതായി ഒരു മോട്ടോർ സ്ഥാപിച്ച് ഒ.എച്ച്. ടാങ്ക് നിർമ്മിച്ച് പൈപ്പ്‌ലൈൻ സ്ഥാപിച്ച് കുടിവെള്ള വിതരണം നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

2. ഇരിങ്ങൽ - മൂരാട് ശുദ്ധജല വിതരണ പദ്ധതി :

പുതുതായി അഞ്ചാം വാർഡിൽ ഒരു കിണർ നിർമ്മിച്ച് നിലവിലുള്ള 10,000 ലിറ്ററിന്റെ ടാങ്കിലേക്ക് പമ്പ് ചെയ്ത് നിലവിലുള്ള വിതരണശൃംഖല വഴി ജലവിതരണം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) എസ്റ്റിമേറ്റ് സർക്കാരിൽ ലഭ്യമാക്കിയിട്ടില്ല. വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്കുമാത്രമേ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

**നായർകുഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി**

97 (574) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡ് സഹായത്തോടെ ടെണ്ടർ ചെയ്ത കുന്ദമംഗലം മണ്ഡലത്തിലെ നായർകുഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി കരാർ എടുക്കാൻ ആരും സന്നദ്ധമാവാത്തത് കാരണം നടപ്പിലാക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എസ്റ്റിമേറ്റ് തുകയിൽ സിംഹഭാഗവും പൈപ്പ് വാങ്ങുന്നതിനായതിനാലാണ് കരാർ ഏറ്റെടുക്കാൻ ആരും മുമ്പോട്ടുവരാതിരുന്നതെന്നത് കണക്കിലെടുത്ത് പൈപ്പിനും സിവിൽ വർക്കിനും പ്രത്യേകം പ്രത്യേകം ടെണ്ടർ ക്ഷണിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്. നായർകുഴി ലിഫ്റ്റ് ഇറിഗേഷൻ പ്രവൃത്തി പമ്പ് ഹൗസിന്റെ നിർമ്മാണവും പൈപ്പ്‌ലൈൻ പ്രവൃത്തിയും ഉൾപ്പെട്ടതാണ്. ഇവ രണ്ടും ഒരുമിച്ച് ചെയ്തെങ്കിൽ മാത്രമേ പ്രവൃത്തി കമ്മീഷൻ ചെയ്യാൻ സാധിക്കുകയുള്ളൂ. ആയതിനാൽ ഒരുമിച്ച് ടെണ്ടർ നൽകുന്നതാണ് ഗുണകരം. ഭരണാനുമതി നൽകിയ എസ്റ്റിമേറ്റ് 2012 ഷെഡ്യൂൾ നിരക്കിലാണ്. കരാറുകാർ ആരും വരാതിരിക്കുന്നതിനാൽ എസ്റ്റിമേറ്റ് ഇപ്പോഴത്തെ നിരക്കിൽ പുനഃക്രമീകരിച്ച് വീണ്ടും ടെണ്ടർ ചെയ്യാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

## കാസർഗോഡ് മയ്യിച്ച-വെങ്ങാട്ട് പാലത്തേരയിൽ കാർഷിക പാക്കേജിൽ ഉൾപ്പെടുത്തി പാലം നിർമ്മിക്കുന്നത്

98 (575) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ മയ്യിച്ച-വെങ്ങാട്ട് പാലത്തേര പുഴയ്ക്ക് കുറുകെ കാർഷിക പാക്കേജിൽ ഉൾപ്പെടുത്തി പാലം നിർമ്മിക്കുന്നതിനായി നേരത്തെ സ്വീകരിച്ച നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ; പ്രസ്തുത പ്രവൃത്തി എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

പ്രസ്തുത പ്രവർത്തിക്ക് കാർഷിക പാക്കേജിൽ അംഗീകാരം ലഭിച്ചിട്ടില്ല.

## കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ടിന്റെ കനാലുകൾ ബലപ്പെടുത്തുന്നതിനും മെയിന്റനൻസിനുമായി സമഗ്രമായ ഒരു പാക്കേജ് നടപ്പിലാക്കാൻ നടപടി

99 (576) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ഇറിഗേഷൻ പ്രോജക്റ്റ് നിലവിൽ വന്നത് എന്നാണ്; വ്യക്തമാക്കാമോ ;

(ബി) ഈ പ്രോജക്റ്റിന്റെ ഭാഗമായുള്ള മെയിൻ കനാൽ, ബ്രാഞ്ച് കനാൽ, ഡിസ്ട്രിബ്യൂട്ടറി എന്നിവ ഏതെല്ലാമാണ്; കൊയിലാണ്ടി മണ്ഡലത്തിലൂടെ കടന്ന് പോവുന്നത് ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) കുറ്റ്യാടി ഇറിഗേഷൻ പ്രോജക്റ്റ് കനാലിന്റെ പല ഭാഗങ്ങളും നാശാവസ്ഥയിലാണെന്നും ഇതുകാരണം വേനൽ കാലത്ത് വെള്ളമെത്താത്ത അവസ്ഥ കൊയിലാണ്ടിയിലെ മിക്ക പഞ്ചായത്തുകളിലും ഉണ്ടായെന്നതും പ്രസ്തുത പ്രശ്നവുമായി ബന്ധപ്പെട്ട് കൊയിലാണ്ടി തഹസിൽദാരുടെ ഓഫീസ് ജനപ്രതിനിധികൾ ഖെരാവോ ചെയ്തു എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കുറ്റ്യാടി ഇറിഗേഷൻ പ്രോജക്റ്റിന്റെ വിവിധ കനാലുകൾ ബലപ്പെടുത്തുന്നതിനും മെയിന്റനൻസിനുമായി സമഗ്രമായ ഒരു പാക്കേജ് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) പതിനായിരക്കണക്കിന് കുടുംബങ്ങളുടെ കുടിവെള്ള ആവശ്യമെന്ന നിലയിൽ ഇതിന് പ്രാഥമിക പരിഗണന നൽകുമോ?

<u>ഉത്തരം</u>

(എ) കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ട് 1963-ൽ ആരംഭിക്കുകയും 1993-ൽ പൂർത്തീകരിക്കുകയും ചെയ്തു.

(ബി) മെയിൻ കനാൽ, ബ്രാഞ്ച് കനാൽ, ഡിസ്ട്രിബ്യൂട്ടറി എന്നിവയുടെ പേരും വിശദവിവരങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി & ഇ) കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ടിന്റെ വിവിധ കനാലുകൾ ബലപ്പെടുത്തുന്നതിനും മെയിന്റനൻസിനുമായി പ്രധാൻമന്ത്രി കൃഷി സിൻചായി യോജനയിലെ (Pradhan Mantri Krishi Sinchayee Yojana - PMKSY) ആക്സിലറേറ്റഡ് ഇറിഗേഷൻ ബെനിഫിറ്റ് പ്രോഗ്രാമിലെ (Accelerated Irrigation Benefit Programme - AIBP) ജില്ലാ ജലസേചന പദ്ധതിയിൽ (District Irrigation Plan - DIP) ഉൾപ്പെടുത്തുന്നതിനു വേണ്ടി 209.50 കോടി രൂപയുടെ നിർദ്ദേശങ്ങൾ തയ്യാറായിവരുന്നു.

**കോഴിക്കോട് ചാത്തമംഗലം എൻ.ഐ.ടി.-യിലെ ശുദ്ധജലക്ഷാമം**

100 (577) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ചാത്തമംഗലം എൻ.ഐ.ടി.-യിൽ ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ജപ്പാൻ കുടിവെള്ള പദ്ധതി എൻ.ഐ.ടി.-യിലേക്ക് നീട്ടുന്നതിനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടോ; ഇതിനായി എത്ര പണം കെട്ടിവയ്ക്കണമെന്നാണ് കണക്കാക്കിയിട്ടുള്ളത് ;

(സി) ചാത്തമംഗലം ഗ്രാമപഞ്ചായത്ത് പണം കെട്ടിവച്ചാൽ ജപ്പാൻ കുടിവെള്ള പദ്ധതിയിൽ നിന്നും ജലം ലഭ്യമാക്കുമോ എന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അപേക്ഷ ലഭിച്ചിട്ടുണ്ട്. എന്നാൽ എൻ.ഐ.ടി. ഉൾപ്പെടുന്ന പഞ്ചായത്ത് ജൈക്ക പദ്ധതിയുടെ പരിധിയിൽ വരുന്നില്ല. അതിനാൽ ഇതിന്റെ ചെലവ് കണക്കാക്കിയിട്ടില്ല.

(സി) നിലവിലെ ഡിസൈൻ പ്രകാരം ചാത്തമംഗലം ഗ്രാമപഞ്ചായത്ത് ജപ്പാൻ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഡിസൈനിൽ ഉൾപ്പെടാത്തതു കാരണം ജപ്പാൻ കുടിവെള്ള പദ്ധതിയിൽ നിന്നും ചാത്തമംഗലം പഞ്ചായത്തിലേയ്ക്ക് ജലം ലഭ്യമാക്കുന്നതിന് സാധ്യത വളരെ കുറവാണ്. എന്നാൽ മാവൂർ ശുദ്ധീകരണശാല ഉൾപ്പെടുത്തി ചാത്തമംഗലം മാവൂർ പഞ്ചായത്തുകൾക്കുവേണ്ടി തയ്യാറാക്കിയ പദ്ധതിയിൽ നിന്നും എൻ.ഐ.ടി.-യിലേക്ക് കുടി ജലം ലഭ്യമാക്കാനാവുമോ എന്നു പരിശോധിക്കുന്നതാണ്.

**ആലപ്പാട്ട് പഞ്ചായത്തിലെ പുലിമുട്ട് നിർമ്മാണം**

101(578) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിന്റെ ചുമതലയിൽ, ആലപ്പാട്ട് പഞ്ചായത്തിലെ ഏതെല്ലാം ഭാഗങ്ങളിൽ പുലിമുട്ട് നിർമ്മിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കുഴിത്തുറ, ശ്രായിക്കാട് ഭാഗങ്ങളിൽ നിർമ്മിച്ചുകൊണ്ടിരിക്കുന്ന പുലിമുട്ടിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ;

(സി) പുലിമുട്ട് നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ പ്രദേശത്തെ മറ്റ് പ്രോജക്ടുകളുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) അഴീക്കൽ, പറയക്കടവ്, കുരിക്കശ്ശേരി ക്ഷേത്രം എന്നീ ഭാഗങ്ങളിൽ പുലിമുട്ട് നിർമ്മാണം പൂർത്തീകരിച്ചു.

(ബി) നിലവിൽ ഈ ഭാഗങ്ങളിൽ പുലിമുട്ട് നിർമ്മാണം നടക്കുന്നില്ല.

(സി) കുഴിത്തുറ, ശ്രായിക്കാട് ഭാഗങ്ങളിലെ പുലിമുട്ട് നിർമ്മാണത്തിനുള്ള പ്രൊപ്പോസൽ നബാർഡിൽ ഉൾപ്പെടുത്തി 2015-ൽ അനുമതിക്കായി സമർപ്പിച്ചെങ്കിലും ഭരണാനുമതി ആയിട്ടില്ല.

(ഡി) വെള്ളാനത്തുരുത്തിൽ ചെയിനേജ് 34.000 കി.മീ.-ഉം 35.000 കി.മീ.-റ്ററും ഇടയിൽ ഒരു ഗ്രോയിൻസ് ഫീൽഡിന് ചവറ ഐ.ആർ.ഇ.-യിൽ നിന്നും ഫണ്ട് അനുവദിച്ചിട്ടുണ്ട്. സാങ്കേതികാനുമതി നൽകുന്നതിനായി എസ്റ്റിമേറ്റ് പരിഗണനയിലാണ്.

**കടൽക്ഷോഭ പ്രദേശങ്ങളിൽ കടൽഭിത്തി നിർമ്മിക്കാൻ നടപടി**

102 (579) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിൽ മഴക്കാലത്ത് സ്ഥിരമായി കടൽക്ഷോഭം അനുഭവപ്പെടുന്ന കാപ്പാട്, കോട്ടപ്പുറം, കൊളാവി പ്രദേശങ്ങളിൽ ഈയടുത്ത ദിവസങ്ങളിൽ അതിരൂക്ഷമായ കടൽക്ഷോഭം അനുഭവപ്പെട്ട് കടൽഭിത്തി തകർന്നതും പുതിയതായി നിർമ്മിച്ച തീരദേശ റോഡ് തകർന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൊയിലാണ്ടി മണ്ഡലത്തിലെ നിരന്തര കടൽക്ഷോഭ പ്രദേശങ്ങൾ ഉൾപ്പെടുത്തി എൻ.സി.സി.റ്റി. പഠനം നടത്തി കണ്ടെത്തിയ പ്രദേശങ്ങളിൽ കടൽഭിത്തി നിർമ്മിക്കുന്നതിനും നിലവിലുള്ളവ ശക്തിപ്പെടുത്തുന്നതിനും മുൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിരുന്നുവോ;

(സി) കടൽക്ഷോഭ പ്രദേശങ്ങളിൽ കടൽഭിത്തി നിർമ്മിക്കാൻ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കടൽഭിത്തി നിർമ്മാണവുമായി ബന്ധപ്പെട്ട് എൻ.സി.സി.റ്റി. പഠനം നടത്തിയിട്ടില്ല. എന്നാൽ 200 dm3 കരിങ്കല്ല് ഉപയോഗിച്ച് 1687 മീറ്റർ നീളം വരുന്ന കടൽഭിത്തി ശക്തിപ്പെടുത്തുന്നതിന് 17 പ്രവൃത്തികൾക്കായി 518 ലക്ഷം രൂപയുടെ ഭരണാനുമതിയും കരിങ്കല്ല് കോർവാൾ ഉപയോഗിച്ച് 280 മീറ്റർ നീളം വരുന്ന കടൽഭിത്തി അടിയന്തരമായി മഴക്കാലത്ത് സംരക്ഷിക്കുന്നതിന് 22 പ്രവൃത്തികൾക്കായി 72 ലക്ഷം രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്.

(സി) ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കാവുന്നതാണ്.

## മലപ്പുറത്തെ കുടിവെള്ള പദ്ധതികൾ

103(580) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം നിയോജകമണ്ഡലത്തിൽ ആസ്തിവികസന ഫണ്ടിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന കുടിവെള്ള പദ്ധതികളിൽ ഭരണാനുമതി ലഭിച്ചവ എത്രയെന്നും അവ ഓരോന്നും ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും വിശദാമാക്കാമോ;

(ബി) അംഗീകാരം ലഭിക്കാത്ത പദ്ധതികൾക്ക് അടിയന്തര ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) മലപ്പുറം നിയോജകമണ്ഡലത്തിൽ ആസ്തിവികസന ഫണ്ടിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന പദ്ധതികളിൽ ആറ് പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതികളുടെ നിലവിലെ അവസ്ഥ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) സർക്കാരിൽ ലഭിച്ചിട്ടുള്ള വിശദമായ പദ്ധതി റിപ്പോർട്ടുകൾ പരിശോധിച്ച് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## സംസ്ഥാനത്തെ കുടിവെള്ള പദ്ധതികൾ

104(581) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ കേരള വാട്ടർ അതോറിറ്റിയുടെ എത്ര കുടിവെള്ള പദ്ധതികളുടെ പണികൾ നടന്നുവരുന്നു; അവ ഏതെല്ലാം;

(ബി) ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ച് എത്ര പദ്ധതികളുടെ പണി ആരംഭിക്കാനുണ്ട്; അവ ഏതെല്ലാം;

(സി) കഴിഞ്ഞ 5 വർഷക്കാലം എൻ.ആർ.ഡി.ഡബ്ല്യൂ.പി.-യുടെ കീഴിൽ എത്ര തുകയ്ക്കുള്ള കുടിവെള്ള പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്; വർഷം തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ഡി) കഴിഞ്ഞ 5 വർഷത്തിനുള്ളിൽ നബാർഡിന്റെ സഹായത്തോടെ എത്ര തുകയ്ക്കുള്ള കുടിവെള്ള പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്; വർഷം തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) സംസ്ഥാനത്ത് കേരള ജലഅതോറിറ്റിയുടെ കീഴിൽ നിലവിൽ 213 വൻകിട കുടിവെള്ള പദ്ധതികളുടെ പണികൾ നടന്നുവരുന്നു. ഇവയുടെ വിവരം അനുബന്ധം - 1 ആയി ചേർത്തിട്ടുണ്ട്.*

ഇതിനു പുറമെ ന്യൂനപക്ഷക്ഷേമ വകുപ്പിന്റെയും കേരള തീരദേശ വിതരണ കോർപ്പറേഷന്റെയും ഫണ്ടുപയോഗിച്ച് നടപ്പിലാക്കുന്ന വിതരണ ശൃംഖല ദീർഘിപ്പിക്കുന്നതുൾപ്പെടെയുള്ള ചെറുകിട പദ്ധതികളും പട്ടികജാതി പട്ടികവർഗ്ഗ കോളനികളിലേക്കുള്ള ചെറുകിട പദ്ധതികളും എം.എൽ.എ./എം.പി. ഫണ്ടുപയോഗിച്ച് നടപ്പാക്കുന്ന ചെറുകിട പദ്ധതികളും പഴകിയതും കേടായതുമായ വിതരണ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കിവരുന്നു.

(ബി) ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ച പദ്ധതികളിൽ പണി ആരംഭിക്കാനുള്ള 37 വൻകിട പദ്ധതികൾ നിലവിലുണ്ട്. അവയുടെ വിവരം അനുബന്ധം-2 ആയി ചേർത്തിട്ടുണ്ട്.*

(സി) മറുപടി അനുബന്ധം - 3 ആയി ചേർത്തിരിക്കുന്നു.*

(ഡി) മറുപടി അനുബന്ധം - 4 ആയി ചേർത്തിരിക്കുന്നു.*

**നെടുമങ്ങാട് മണ്ഡലത്തിലെ അർബൻ വാട്ടർ സപ്ലൈ സ്കീം**

105(582) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ നിലവിലുള്ള പദ്ധതിയായ അർബൻ വാട്ടർ സപ്ലൈ സ്കീം വിപുലീകരിച്ച് പത്ത് ദശലക്ഷം യൂണിറ്റായി ഉയർത്തുന്നതിനുള്ള പദ്ധതി നടപ്പിലാക്കുമോയെന്ന് വ്യക്തമാക്കാമോ;

(ബി) നാൽപ്പത് വർഷം മുമ്പ് സ്ഥാപിച്ച എ.സി. പൈപ്പ് മാറ്റി പുതിയ പൈപ്പ് സ്ഥാപിക്കുവാൻ പദ്ധതിയുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ നിലവിലുള്ള 13.70 ദശലക്ഷം ലിറ്റർ ശേഷിയുള്ള അർബൻ വാട്ടർ സപ്ലൈ സ്കീം വിപുലീകരിക്കുന്നതിനുള്ള പദ്ധതിയുടെ വിശദമായ എൻജിനീയറിംഗ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) നാല്പത് വർഷം മുമ്പ് സ്ഥാപിച്ച എ.സി. പൈപ്പുകളിൽ 3464 മീറ്റർ 150 എം.എം. എ.സി. പൈപ്പും 4696 മീറ്റർ 100 എം.എം. എ.സി. പൈപ്പും ചേർത്ത് ആകെ 8160 മീറ്റർ എ.സി. പൈപ്പുകൾ ഇതുവരെ മാറ്റിസ്ഥാപിച്ചിട്ടുണ്ട്. 3450 മീറ്റർ എ.സി. പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിന് മൂന്ന് വർക്കുകളിലായി 24.40 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ബാക്കിവരുന്ന ഏകദേശം 25 കി. മീ. ദൈർഘ്യത്തിലുള്ള പൈപ്പുകൾ മാറ്റിസ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിവരുന്നു.

**തിരുവമ്പാടി മണ്ഡലത്തിലെ ചെറുകിട ജലസേചന**
**പുഴ സംരക്ഷണ പ്രവൃത്തികൾ**

106(583) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തിരുവമ്പാടി മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ചതും പ്രവൃത്തി ആരംഭിച്ചതും പ്രവൃത്തി പൂർത്തീകരിച്ചതുമായ ചെറുകിട ജലസേചന പുഴ സംരക്ഷണ പ്രവർത്തികളുടെ വിശദാംശവും നിലവിലുള്ള സ്ഥിതിയും വിശദമാക്കാമോ?

ഉത്തരം

വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

**മൂവാറ്റുപുഴ നിയോജകമണ്ഡലത്തിലെ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ**

107(584) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈനർ ഇറിഗേഷൻ വകുപ്പിന്റെ കീഴിൽ മൂവാറ്റുപുഴ നിയോജക മണ്ഡലത്തിൽ നടന്നുവരുന്നതും ഭരണാനുമതി ലഭിച്ചതുമായ പ്രവൃത്തികൾ ഏതൊക്കെയാണെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും അറിയിക്കാമോ;

(ബി) മേജർ ഇറിഗേഷൻ വകുപ്പിന്റെ കീഴിൽ മൂവാറ്റുപുഴ നിയോജക മണ്ഡലത്തിൽ നടന്നുവരുന്നതും ഭരണാനുമതി ലഭിച്ചതുമായ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(സി) റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗപ്പെടുത്തി നടന്നുവരുന്ന പ്രവൃത്തികളുടെ വിവരവും നിലവിലെ സ്ഥിതിയും അറിയിക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) വിശദാംശങ്ങൾ അനുബന്ധം - I-ൽ ചേർക്കുന്നു.*

(ബി) വിശദാംശങ്ങൾ അനുബന്ധം II-ൽ ചേർക്കുന്നു.*

(സി) റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗപ്പെടുത്തി അനുമതി നൽകിയതിൽ ഒരു പ്രവൃത്തി ഒഴികെ എല്ലാം പൂർത്തീകരിച്ചിട്ടുണ്ട്. "ആയവന പഞ്ചായത്തിൽ ഒന്നാം വാർഡിൽ മുഹയ്ദിൽ മസ്ജിദ് കടവിന് സമീപം കാളിയാർ നദിയുടെ സംരക്ഷണം" എന്ന പ്രവൃത്തിക്ക് എഗ്രിമെന്റ് വച്ചുവെങ്കിലും പ്രവൃത്തി ആരംഭിച്ചിട്ടില്ല.

**ജലാശയങ്ങളിലെ ജൈവവൈവിധ്യം**

108(585) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജലാശയങ്ങളിലെ തനത് ജൈവവൈവിധ്യത്തിന്റെ ശോഷണം സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) ഇത്തരം ജൈവവൈവിധ്യത്തിന്റെ നിലനിൽപിന് ഭീഷണിയായ ജലസസ്യ-ജന്തുജാലങ്ങളെ ഒഴിവാക്കാൻ പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) എങ്കിൽ അതിനായി ബന്ധപ്പെട്ട വകുപ്പുകളും ത്രിതല പഞ്ചായത്ത് സംവിധാനവും യോജിച്ച് പ്രവർത്തിക്കുന്നതിനായുള്ള നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ജലാശയ ജൈവവൈവിധ്യ കണക്കെടുപ്പും അതിന്റെ സംരക്ഷണവും ലക്ഷ്യമാക്കി റാംസർ സൈറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള ശാസ്താംകോട്ട, വേമ്പനാട്, അഷ്ടമുടി എന്നീ തണ്ണീർത്തടങ്ങളിലെയും തിരുവനന്തപുരം വെള്ളായണി കായലിലെയും വയനാട്ടിലെ പൂക്കോട് തടാകത്തിന്റെയും ജൈവവൈവിധ്യ പഠനം നടന്നുവരുന്നു. മൺസൂൺ കാലത്തെ മത്സ്യങ്ങളുടെ പ്രജനനത്തെക്കുറിച്ചും കേരളത്തിലെ 44 നദികളിലെയും മത്സ്യസമ്പത്തുകളെക്കുറിച്ചുമുള്ള പഠനം നടത്തിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പമ്പയാറിൽ അനിയന്ത്രിതമായി വ്യാപിച്ച കബംബ എന്ന കളസസ്യത്തെ നിയന്ത്രിക്കുന്നതിനുവേണ്ടിയുള്ള പഠനവും ശുദ്ധജല മത്സ്യങ്ങളിൽ രാസവസ്തുക്കളുടെ മാലിന്യബാധ സംബന്ധിച്ചുള്ള പഠനവും സംസ്ഥാന ജൈവ വൈവിധ്യ ബോർഡിന്റെ നേതൃത്വത്തിൽ നടത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സംസ്ഥാന ജൈവവൈവിധ്യ ബോർഡുമായി ബന്ധപ്പെട്ട് സ്വീകരിക്കുന്നതാണ്.

(സി) ശാസ്താംകോട്ട തടാകത്തിന്റെ സംരക്ഷണത്തിനായി തടാകപ്രദേശത്ത് ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്തുകളെ ഉൾപ്പെടുത്തി ഒരു സംയുക്ത ജൈവവൈവിധ്യ പരിപാലന സമിതി രൂപീകരിക്കുകയും പമ്പാ നദിയുടെ സംരക്ഷണത്തിനായി ഇതിന്റെ സമീപത്തുള്ള പഞ്ചായത്തുകളെ ഉൾപ്പെടുത്തി ഒരു സംയുക്ത ജൈവവൈവിധ്യ പരിപാലന സമിതി രൂപീകരിക്കുകയും ചെയ്തു. സമിതികളുടെ പ്രവർത്തനം കാര്യക്ഷമമമാണെന്ന് ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

**കരുനാഗപ്പള്ളി മണ്ഡലത്തിലെ ജപ്പാൻ കുടിവെള്ള പദ്ധതികൾ**

109(586) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ കുടിവെള്ള പദ്ധതി പ്രകാരം കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിൽ കുടിവെള്ളം വിതരണം ചെയ്യുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഏതെല്ലാം കേന്ദ്രങ്ങളിൽ നിന്ന് കുടിവെള്ളം പമ്പ് ചെയ്യുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) കരുനാഗപ്പള്ളി നഗരസഭാ പ്രദേശത്ത് ജപ്പാൻ കുടിവെള്ള പദ്ധതി പ്രകാരം കുടിവെള്ളം വിതരണം ചെയ്യുന്നുണ്ടോ;

(ഡി) കുലശേഖരപുരം പഞ്ചായത്തിലെ ടി.എസ്. കനാലിനോട് ചേർന്ന ഭാഗങ്ങൾ, രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന പ്രദേശമെന്ന പരിഗണനയിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുമോയെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) ജപ്പാൻ കുടിവെള്ള പദ്ധതി പ്രകാരം കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ പ്രദേശങ്ങളിൽ കുടിവെള്ളം വിതരണം ചെയ്യുന്നില്ല.

(സി) ഇല്ല.

(ഡി) ജപ്പാൻ കുടിവെള്ള പദ്ധതിയിൽ നിന്നും കുലശേഖരപുരം പഞ്ചായത്തിൽ കുടിവെള്ളം വിതരണം നടത്തുവാൻ സാധിക്കുന്നതല്ല.

## ഭാരതപ്പുഴയ്ക്ക് കുറുകെ സ്റ്റീൽ തടയണ നിർമ്മാണം

110(587) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാരതപ്പുഴയ്ക്ക് കുറുകെ സ്റ്റീൽ തടയണ നിർമ്മാണം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത പദ്ധതിക്ക് ചെലവ് വരുന്ന തുക എത്രയാണെന്നും പദ്ധതിയുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കുമോ;

(ബി) സ്റ്റീൽ തടയണ നിർമ്മാണംമൂലം മുൻപ് ഭരണാനുമതി നൽകിയ തടയണകളിലേക്ക് വേണ്ടത്ര ജലം എത്തിച്ചേരുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വേണ്ടത്ര പഠനം നടത്താതെയും അശാസ്ത്രീയ നിർമ്മാണംമൂലവും നഷ്ടമുണ്ടായി എന്ന് കരുതുന്നുണ്ടോ; എങ്കിൽ ആയതിന്റെ ഉത്തരവാദിത്വം ആർക്കാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത പദ്ധതിക്ക് 5 കോടി 61 ലക്ഷം രൂപ പൂർത്തീകരണ ഘട്ടത്തിൽ ചെലവ് വന്നിട്ടുള്ളതായി നിർമ്മാണമേറ്റെടുത്ത കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് അറിയിച്ചിട്ടുണ്ട്. ഇതിനായി 22-5-2013-ലെ G.O.(Rt) No. 563/2013/WRD പ്രകാരം ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ചെന്നൈ ഐ.ഐ.ടി.-യുടെ ശാസ്ത്രീയ പഠനത്തിനും ഡിസൈനിംഗിനും അനുസൃതമായി നിർമ്മാണം നിർവ്വഹിക്കാനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്.

## കൊട്ടാരക്കരയിലെ പുലമൺ തോടിന്റെ സംരക്ഷണം

111(588) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കരയിലെ പുലമൺ തോടിന്റെ സംരക്ഷണ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചത് എന്നാണെന്നും അടങ്കൽ തുക എത്രയാണെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ എഗ്രിമെന്റ് നടപടികൾ പൂർത്തിയായത് എന്നാണെന്നറിയിക്കുമോ ;

(സി) ഇതിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചത് എന്നാണ്; നാളിതുവരെ എത്ര ശതമാനം പണികൾ നടന്നു; വിശദമാക്കാമോ;

(ഡി) നിർമ്മാണ പ്രവൃത്തികൾ തടസപ്പെട്ടിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും; വ്യക്തമാക്കാമോ?

ഉത്തരം

(എ) കൊട്ടാരക്കരയിലെ പുലമൺ തോടിന്റെ സംരക്ഷണ പ്രവൃത്തിക്ക് 16-2-2012-ൽ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ അടങ്കൽ തുക 225.00 ലക്ഷം രൂപയാണ്.

(ബി) എഗ്രിമെന്റ് നടപടികൾ 3-12-2013-ൽ പൂർത്തിയായി. (എഗ്രിമെന്റ് നമ്പർ 80/എസ്.ഇ/എം.ഐ./2013-14)

(സി) ഇതിന്റെ നിർമ്മാണ പ്രവൃത്തികൾ 12-12-2013-ൽ ആരംഭിച്ചു. നാളിതുവരെ 45% പണികൾ നടന്നു.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനാവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള പ്രവൃത്തിയുടെ പ്രോഗ്രാം ചാർട്ട് തയ്യാറാക്കി അതിൻപ്രകാരം പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിനായി കരാറുകാരന് നോട്ടീസ് നൽകിയിട്ടുണ്ട്.

**മുല്ലപ്പെരിയാറിൽ തമിഴ്നാടിന്റെ അനധികൃത ഷട്ടർ കൺട്രോൾ യൂണിറ്റുകൾ**

112(589) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ അണക്കെട്ടിനു സമീപത്തെ സ്പിൽവേയിൽ സംസ്ഥാനത്തിന്റെ അനുമതിയില്ലാതെ തമിഴ്നാട് ഷട്ടർ കൺട്രോൾ യൂണിറ്റുകൾ സ്ഥാപിച്ചതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം എത്ര യൂണിറ്റുകളാണ് അനുമതിയില്ലാതെ സ്ഥാപിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(സി) ഇത് അണക്കെട്ടിലെ ജലനിരപ്പ് ഉയർത്തുന്നതിന്റെ മുന്നോരുക്കമാണെന്ന നിഗമനം വിശകലനം ചെയ്തിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ഡി) തമിഴ്നാടിന്റെ ഈ നടപടി ഉന്നധാതികാര സമിതിയുടെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമണോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഇ) ഏങ്കിൽ തമിഴ്നാടിന്റെ ഈ നടപടി പ്രതിരോധിക്കാൻ എന്തെല്ലാം ചെയ്തുവെന്ന വിശദമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) മുല്ലപ്പെരിയാർ അണക്കെട്ടിലെ സ്പിൽ വേ ഷട്ടറുകളിൽ, ഡാമിന്റെ ഇൻസ്ട്രുമെന്റേഷന്റെ ഭാഗമായി ഓരോ ഷട്ടറിനും ഓരോ യൂണിറ്റ് യന്ത്രവത്കൃത ഗേജുകൾ (Dial Gauges) വച്ച് ആകെ 13 യൂണിറ്റുകൾ തമിഴ്നാട് പൊതുമരാമത്ത് വകുപ്പ് സ്ഥാപിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) അണക്കെട്ടിലെ ജലനിരപ്പ് ഉയർത്തുന്നതുമായി ഗേജുകൾ സ്ഥാപിച്ചതിന് ബന്ധമില്ല.

(ഡി & ഇ) ഈ നടപടി ഉന്നതാധികാര സമിതിയുടെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണെന്ന് കണ്ടെത്തിയിട്ടില്ല.

**തണ്ണീർത്തടങ്ങളുടെയും ജലാശയങ്ങളുടെയും സംരക്ഷണം**

113 (590) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തണ്ണീർത്തടങ്ങളും ജലാശയങ്ങളും ഉൾപ്പെടെയുള്ള കേരളത്തിലെ ജലസ്രോതസ്സുകൾ മലിനീകരണത്തിൽ നിന്നും കയ്യേറ്റങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ശാസ്താംകോട്ട കായൽ ഉൾപ്പെടെയുള്ള കായലുകളുടെ കയ്യേറ്റവും മലിനീകരണവും തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) 2008 ആഗസ്റ്റ് മാസത്തിന് മുമ്പ് നടത്തിയ അനധികൃത തണ്ണീർത്തട നികത്തലുകൾ നിയമാനുസൃതമാക്കിയ നടപടി ജലസ്രോതസ്സുകളുടെ സംരക്ഷണത്തെ എങ്ങനെ ബാധിക്കുമെന്ന് പഠനം നടത്തിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) തണ്ണീർത്തടങ്ങളും ജലാശയങ്ങളും ഉൾപ്പെടെയുള്ള കേരളത്തിലെ ജലസ്രോതസ്സുകൾ മലിനീകരണത്തിൽ നിന്നും കയ്യേറ്റങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിനായി ജലസ്രോതസ്സുകളുടെ സംരക്ഷണ പുനരുദ്ധാരണ പ്രവൃത്തികളുടെ ഭാഗമായി മലിനജലം നേരിട്ട് ഒഴുകിയെത്താതിരിക്കുന്നതിനും ജലസ്രോതസ്സുകളിൽ അടിഞ്ഞുകൂടിയിട്ടുള്ള മാലിന്യമടങ്ങിയ ചെളി നീക്കം ചെയ്യുന്നതിനുമുള്ള പ്രവൃത്തികൾ സാമ്പത്തിക ലഭ്യതയനുസരിച്ച് നിർവ്വഹിച്ചു വരുന്നു. കൂടാതെ ജലാശയങ്ങളോട് ചേർന്നുള്ള കയ്യേറ്റം ശ്രദ്ധയിൽപ്പെട്ടാലുടൻ റവന്യൂ അധികൃതരെ അറിയിക്കാറുണ്ട്. ജലസ്രോതസ്സുകളിലേക്ക് പാഴ്ജലം ഒഴുക്കുന്നതിന് ജല നിയമം 1974 പ്രകാരം കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നിയന്ത്രണം ഏർപ്പെടുത്തിവരുന്നു. വ്യവസായ സ്ഥാപനങ്ങൾ, ആശുപത്രികൾ, പാർപ്പിട സമുച്ചയങ്ങൾ, വലിയ ഹോട്ടലുകൾ, റിസോർട്ടുകൾ എന്നിവയെ ജലനിയമ പ്രകാരമുള്ള അനുമതി പരിധിയിൽ കൊണ്ടു വന്ന് ശാസ്ത്രീയമായ മലിനജല ശുദ്ധീകരണ സംവിധാനങ്ങൾ ഏർപ്പെടുത്തിച്ചും അതിന്റെ പ്രവർത്തനം ഇടയ്ക്കിടെ മോണിറ്റർ ചെയ്തും ബോർഡ് ജലമലിനീകരണം നിയന്ത്രിച്ചുവരുന്നു. ഹൗസ് ബോട്ടുകളിൽ നിന്നുമുള്ള ജലമലിനീകരണം തടയുന്നതിനായി ഫോർ സ്ട്രോക്ക് ഔട്ട് ബോർഡ് എഞ്ചിനോ ഇൻ ബോർഡ് എഞ്ചിനോ ഉപയോഗിക്കുകയും സീവേജ് മാലിന്യം കരയിലെ സ്വന്തമായ സീവേജ് സംസ്കരണ സംവിധാനം വഴിയോ പൊതുമലിനജല ശുദ്ധീകരണ സംവിധാനം വഴിയോ സംസ്കരിക്കുകയും ചെയ്യുന്ന ഹൗസ് ബോട്ടുകൾക്ക് മാത്രമേ ബോർഡ് അനുമതി പുതുക്കി നൽകുന്നുള്ളൂ.

(ബി) ശാസ്താംകോട്ട കായൽ സംരക്ഷണത്തിന്റെ ഭാഗമായുള്ള പദ്ധതി നിലവിൽ തയ്യാറാക്കിയിട്ടുള്ളത് കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന സെന്റർ ഫോർ വാട്ടർ റിസോഴ്സ് ഡെവലപ്മെന്റ് ആന്റ് മാനേജ്മെന്റ് എന്ന സ്ഥാപനമാണ്. പ്രസ്തുത റിപ്പോർട്ടിൽ കായൽ മലിനീകരണം ഒഴിവാക്കുന്നതിനും കയ്യേറ്റം തടയുന്നതിനുമുള്ള പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്. ശാസ്താംകോട്ട

തടാകവും പരിസരവും സംരക്ഷിത മേഖലയായി പ്രഖ്യാപിച്ച് നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി തടാകത്തിലും വൃഷ്ടി പ്രദേശത്ത് നിശ്ചിത ദൂരം വരെയും മലിനീകരണമുണ്ടാക്കുന്ന പ്രവൃത്തികൾ നിരോധിച്ചുകൊണ്ട് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് 9-6-2010-ൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ടി വിജ്ഞാപനമനുസരിച്ച് കായലിൽ കുളിക്കുന്നതും വസ്ത്രം നനയ്ക്കുന്നതും വാഹനം കഴുകുന്നതും മൃഗങ്ങളെ കുളിപ്പിക്കുന്നതും ഹോട്ടലുകൾ, വ്യവസായശാലകൾ, വാണിജ്യസ്ഥാപനങ്ങൾ, ആശുപത്രികൾ എന്നിങ്ങനെ ഏതെങ്കിലും സ്ഥാപനത്തിൽ നിന്നും ഓടകളിലൂടെയോ മറ്റ് മാർഗ്ഗങ്ങളിലൂടെയോ കായലിലേക്ക് പാഴ്ജലം ഒഴുക്കുന്നതും തടാകത്തിന്റെ അതിരിൽ നിന്നും 500 മീറ്റർ ചുറ്റളവിൽ മണൽ, കളിമണ്ണ്, മണ്ണ് എന്നിവയുടെ ഖനനവും തടാകത്തിൽ നിരോധിച്ചിട്ടുണ്ട്. ടി നിരോധനം ഇപ്പോഴും തുടരുന്നു. കായലിൽ വൃഷ്ടി പ്രദേശത്ത് നിരോധിച്ചിട്ടുള്ള പ്രവർത്തനങ്ങൾ പൊതുജനങ്ങളെ അറിയിക്കുന്നതിലേയ്ക്കായി വിജ്ഞാപനത്തിൽ നിരോധിച്ചിട്ടുള്ള കാര്യങ്ങൾ പരാമർശിച്ചുകൊണ്ടുള്ള പരസ്യ ബോർഡുകൾ കായലിന്റെ ചുറ്റുവട്ടത്ത് പല ഭാഗങ്ങളിലായി സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ശാസ്താംകോട്ട കായലിനെ മലിനപ്പെടുത്തുന്ന സ്രോതസ്സുകൾ കണ്ടെത്തുവാനും കായലിന്റെ വിവിധ ഭാഗങ്ങളിലുള്ള ജലത്തിന്റെ ഗുണനിലവാരം തുടർച്ചയായി പരിശോധിക്കുവാനുമായി മാസത്തിലൊരിക്കൽ കായലും പരിസരവും ബോർഡുദ്യോഗസ്ഥർ നിരീക്ഷിക്കുന്നുണ്ട്. കായലിന്റെ ജലപരിശോധന നടത്തി വെള്ളത്തിന്റെ ഗുണനിലവാരം നോക്കിവരുന്നു. ഇതുവരെ നടത്തിയ ജലപരിശോധനയിൽ ഗാർഹിക മാലിന്യത്തിന്റെ സൂചകമായ കോളിഫോം ബാക്ടീരയയുടെ സാന്നിദ്ധ്യമാണ് കാണാൻ കഴിഞ്ഞിട്ടുള്ളത്.

(സി) ജലസേചന വകുപ്പ് പ്രത്യേക പഠനങ്ങളൊന്നും നടത്തിയിട്ടില്ല.

**താൽക്കാലികാടിസ്ഥാനത്തിലും കരാർ വ്യവസ്ഥയിലുമുള്ള ജോലി**

114(591) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ ജലവിഭവ വകുപ്പിന്റെ വിവിധ ഓഫീസുകളിൽ താൽക്കാലികാടിസ്ഥാനത്തിലും കരാർ വ്യവസ്ഥയിലും എത്രപേർ ജോലി ചെയ്യുന്നുണ്ട് ; ഓഫീസ് തിരിച്ച് വിശദമാക്കാമോ ?

ഉത്തരം

ജലവിഭവ വകുപ്പിൻ കീഴിൽ കേരള ജല അതോറിറ്റിയിൽ കാസർഗോഡ് ജില്ലയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികാടിസ്ഥാനത്തിൽ 4 എൽ.ഡി. ക്ലാർക്കുമാരും (ഡബ്ല്യൂ.എസ്.പി. സബ് ഡിവിഷൻ, കാസർഗോഡ് - 3, പി.എച്ച്. സബ് ഡിവിഷൻ, കാഞ്ഞങ്ങാട് -1), ഭൂജല വകുപ്പിൽ കാസർഗോഡ് ജില്ലാ ഓഫീസിൽ ദിവസവേതനാടിസ്ഥാനത്തിൽ 6 പേരും, ജലനിധി പദ്ധതിയുടെ ഭാഗമായി കാസർഗോഡ് ജില്ലയിൽ കരാർ വ്യവസ്ഥയിൽ പത്തു പഞ്ചായത്തുകളിലായി പതിനാല് പേരും (ഗ്രാമപഞ്ചായത്തു തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*) ജോലി ചെയ്യുന്നുണ്ട്.

**മഴവെള്ള സംഭരണം**

115 (592) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. പി. ടി. തോമസ് :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴവെള്ള സംഭരണം ജനകീയമാക്കുന്നതിന് മുൻ സർക്കാർ എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഇതുവഴി എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിച്ചത്;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടതെന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കുമോ;

(ഡി) പദ്ധതി നിർവ്വഹണത്തിൽ എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

ഉത്തരം

(എ) മഴവെള്ള സംഭരണം ജനകീയമാക്കുന്നതിനും വേനൽക്കാലത്തെ രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്നതിനുമായി കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെ കേരള വാട്ടർ അതോറിറ്റി 2002 മുതൽ നടപ്പിലാക്കുന്ന

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

മഴവെള്ള സംഭരണ പദ്ധതിയാണ് 'വർഷ' പദ്ധതി. തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി എന്നീ ജില്ലകളിലായി 5748 യൂണിറ്റുകളുടെ പണികൾ പൂർത്തിയാക്കിയിട്ടുണ്ട്. മഴവെള്ള സംഭരണം ജനകീയമാക്കുന്നതിന് ജലനിധിയുടെ ഭാഗമായി പ്രവർത്തിക്കുന്ന മഴകേന്ദ്രം പ്രധാനമായും താഴെപ്പറയുന്ന പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത്.

• ഗ്രാമപഞ്ചായത്തുതലം മുതൽ സംസ്ഥാനതലം വരെ വിവിധ മാധ്യമങ്ങളിലൂടെ പ്രചാരണം നടത്തി സന്ദേശം ജനങ്ങളിൽ എത്തിച്ചു.

• മാതൃക മഴവെള്ള സംഭരണികൾ പൊതുസ്ഥലങ്ങളിൽ നിർമ്മിച്ച് പ്രദർശിപ്പിച്ചു.

• മഴകേന്ദ്രത്തിന്റെ മേൽനോട്ടത്തിൽ വീടുകളിൽ മഴവെള്ള സംഭരണികൾ സബ്സിഡി നിരക്കിൽ നിർമ്മിച്ചു നൽകി.

(ബി) വർഷകാലത്ത് വീടിന്റെ മേൽക്കൂരയിൽ പതിക്കുന്ന മഴവെള്ളം ശാസ്ത്രീയമായി ടാങ്കിൽ ശേഖരിച്ച് സുരക്ഷിതമായി സൂക്ഷിച്ച് വേനൽക്കാലത്ത് ഉപയോഗിക്കുന്നതിനാണ് മഴവെള്ള സംഭരണ പദ്ധതിയായ 'വർഷ' പദ്ധതികൊണ്ട് കേരള വാട്ടർ അതോറിറ്റി ലക്ഷ്യമിട്ടിരിക്കുന്നത്. ഒരു ഭവനത്തിന് 5000 ലിറ്റർ എന്ന നിലയിൽ 2 ഭവനത്തിലേക്ക് 10000 ലിറ്റർ ശേഷിയുള്ള സംഭരണിയാണ് നിലവിൽ കേരള വാട്ടർ അതോറിറ്റി നിർമ്മിച്ചുവരുന്നത്. പര്യാപ്തമായ ജലസ്രോതസ്സുകളുടെ അഭാവമുള്ള പ്രദേശങ്ങളിൽ ജലലഭ്യത ഉറപ്പുവരുത്തുക എന്നതാണ് പ്രധാനമായും ലക്ഷ്യമിടുന്നത്.

ജലനിധി നടപ്പാക്കുന്ന മഴവെള്ള സംഭരണ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു :

- മഴവെള്ളം സംഭരിച്ചു ഉപയോഗിക്കുന്ന സംസ്കാരം കേരളത്തിലുടനീളം പ്രചരിപ്പിക്കുക.
- കുടിവെള്ളം ലഭ്യമാക്കുവാൻ സാധിക്കുന്ന പ്രദേശങ്ങളിൽ മഴവെള്ളം ശേഖരിച്ച് കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുക.
- വരൾച്ചയെ പ്രതിരോധിക്കുന്നതിനുള്ള മാർഗ്ഗമായി മഴവെള്ള സംഭരണം, ഭൂജല പരിപോഷണം എന്നിവ പ്രോത്സാഹിപ്പിക്കുക.
- മഴവെള്ള സംഭരണ മാതൃകകൾ സജ്ജമാക്കി ജനങ്ങളെ ഇത്തരം പ്രവർത്തനങ്ങളിലേയ്ക്ക് ആകർഷിക്കുക.

- മഴവെള്ളം സംഭരിച്ച് ജലാശങ്ങളെ പരിപോഷിപ്പിക്കുക.
- മഴവെള്ളം ജലഗുണനിലവാര പ്രശ്നത്തിന് പരിഹാരമായി ഉപയോഗപ്പെടുത്തുക മുതലായവയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) 2002 മുതൽ കേരള വാട്ടർ അതോറിറ്റി 'വർഷ' പദ്ധതി നടപ്പിലാക്കിവരുന്നു. പദ്ധതിയുടെ ചെലവിന്റെ 90 ശതമാനം കേന്ദ്ര സഹായവും 10 ശതമാനം ഉപഭോക്തൃവിഹിതവുമായിരുന്നു. എന്നാൽ 1-4-2015 മുതൽ കേന്ദ്ര വിഹിതം 60 ശതമാനമായി കുറച്ചിട്ടുണ്ട്. എൻ.ജി.ഒ. (നോൺ ഗവൺമെന്റ് ഓർഗനൈസേഷൻ) മുഖേനയാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. സംസ്ഥാന ബഡ്ജറ്റിൽ എല്ലാ വർഷവും മഴവെള്ള സംഭരണത്തിനായി തുക വകയിരുത്തുകയും പ്രസ്തുത തുക വിനിയോഗിച്ച് ഗ്രാമപഞ്ചായത്തുകളിലെ തെരഞ്ഞെടുക്കപ്പെട്ട കുടുംബങ്ങൾക്ക് ജലനിധി പദ്ധതി മുഖേന മഴവെള്ള സംഭരണികൾ നിർമ്മിച്ചു നൽകുകയും ചെയ്യുന്നു.

(ഡി) പദ്ധതി നിർവ്വഹണത്തിൽ കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ കോട്ടയം, ഇടുക്കി ജില്ലകളിൽ 1266 മഴവെള്ള സംഭരണ യൂണിറ്റുകളുടെ പണി പൂർത്തീകരിച്ചു.

മഴകേന്ദ്രം ഇതിനോടകം സംസ്ഥാനത്തെ അഞ്ച് ജില്ലകളിലെ 15 ഗ്രാമപഞ്ചായത്തുകളിലായി 4000 കുടുംബങ്ങൾക്ക് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കി. ഇതിലേയ്ക്ക് സർക്കാരിൽ നിന്നും ലഭ്യമാക്കിയ 16.22 കോടി രൂപയും ഗുണഭോക്തൃവിഹിതമായി ലഭിച്ച 1.36 കോടി രൂപയും വിനിയോഗിച്ചു. 1200 സർക്കാർ സ്കൂളുകളിൽ മഴവെള്ള സംഭരണികൾ നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു.

**ഭൂഗർഭ ജലവിതാനം**

116(593) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഭൂഗർഭ ജലവിതാനത്തിന്റെ കണക്കെടുപ്പ് കൃത്യമായ ഇടവേളകളിൽ നടത്താറുണ്ടോ; ഓവർ എക്സ്പ്ലോയിറ്റഡ്, ക്രിട്ടിക്കൽ, സെമിക്രിട്ടിക്കൽ, സേഫ് എന്നിങ്ങനെ കണക്കുകൾ ലഭ്യമാണോ?

## ഉത്തരം

സംസ്ഥാനത്തെ ഭൂജല നിരപ്പിൽ ഉണ്ടാകുന്ന വ്യതിയാനങ്ങളെക്കുറിച്ച് നിരീക്ഷിക്കുന്നതിന് ഭൂജല വകുപ്പ് സംസ്ഥാനത്തുള്ള 871 നിരീക്ഷണ കിണറുകളിൽ നിന്നുള്ള ജലനിരപ്പ് പഠനവിധേയമാക്കുന്നുണ്ട്. ഈ നിരീക്ഷണ കിണറുകളിൽ നിന്നുള്ള ജലനിരപ്പും വെള്ളത്തിന്റെ രാസഘടനയും കൃത്യമായ ഇടവേളകളിൽ ശേഖരിക്കുന്നുണ്ട്.

ഇങ്ങനെ ലഭ്യമാക്കുന്ന ഡാറ്റ ഉപയോഗിച്ച് സംസ്ഥാനത്ത് ജലവിതാനത്തിന്റെ ഏറ്റക്കുറച്ചിലുകൾ സംബന്ധിച്ച് കേന്ദ്ര ഭൂജല ബോർഡും സംസ്ഥാനത്തെ ഭൂജല വകുപ്പും സംയുക്തമായി പഠനങ്ങൾ നടത്തി റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കുന്നുണ്ട്. മുൻകാലങ്ങളിൽ ഈ പഠന റിപ്പോർട്ട് 5 വർഷത്തിൽ ഒരിക്കൽ ആയിരുന്നു. ഇപ്പോൾ ഇത് രണ്ട് വർഷത്തിൽ ഒരിക്കൽ എന്ന രീതിയിൽ ആണ് റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നത്. ഏറ്റവും അവസാനം 2011 മാർച്ച് വരെയുള്ള ജല ലഭ്യതയുടെ പഠന റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്. 2013 വരെയുള്ള റിപ്പോർട്ട് അന്തിമഘട്ടത്തിലാണ്. സംസ്ഥാനത്തെ ബ്ലോക്കുകളെ ഭൂജല ലഭ്യത, ഉപഭോഗം എന്നിവയെ അടിസ്ഥാനമാക്കി ഓവർ എക്സ്പ്ലോയിറ്റഡ്, ക്രിട്ടിക്കൽ, സെമി ക്രിട്ടിക്കൽ, സെയ്ഫ് എന്നിങ്ങനെ 4 വിഭാഗങ്ങളായി തരംതിരിച്ചിട്ടുണ്ട്. ആകെയുള്ള 152 ബ്ലോക്കുകളിൽ പാലക്കാട് ജില്ലയിലെ ചിറ്റൂർ ബ്ലോക്ക് "ഓവർ എക്സ്പ്ലോയിറ്റഡ്" ആയും കാസർഗോഡ് ജില്ലയിലെ കാസർഗോഡ് ബ്ലോക്ക്, പാലക്കാട് ജില്ലയിലെ മലമ്പുഴ ബ്ലോക്ക് എന്നിവ "ക്രിട്ടിക്കൽ" ആയും തരം തിരിച്ചിട്ടുണ്ട്. 23 ബ്ലോക്കുകൾ സെമി ക്രിട്ടിക്കൽ ആയും ബാക്കിയുള്ള 126 ബ്ലോക്കുകൾ സെയ്ഫ് എന്ന പട്ടികയിലും പെടുത്തിയിട്ടുണ്ട്.

## ഭൂഗർഭ ജലവിതാനം

117 (594) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂഗർഭ ജലവിതാനം താഴ്ന്നതായ കണക്കുകൾ പുറത്ത് വരുന്ന സാഹചര്യത്തിൽ ഇതിനെ മറികടക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഭൂമിയിലേക്ക് ഊർന്നിറങ്ങുന്ന ജലത്തിന്റെ അളവ് വർദ്ധിപ്പിക്കുന്നതിനായി നദികൾക്ക് കുറുകെ തടയണകൾ നിർമ്മിക്കുക എന്ന ആശയം കൂടുതൽ വ്യാപകമാക്കാൻ പദ്ധതിയുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) പരമ്പരാഗത ജലസ്രോതസ്സുകൾ ഇല്ലാതായിക്കൊണ്ടിരിക്കുന്ന ഇപ്പോഴത്തെ സാഹചര്യത്തിൽ നിലവിലുള്ളവയുടെ ഒരു ഡാറ്റാ ബാങ്ക് രൂപീകരിക്കുകയും അവ സംരക്ഷിക്കുകയും ചെയ്യുന്ന പദ്ധതി വിഭാവനം ചെയ്യാൻ കഴിയുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഭൂജല വകുപ്പ് സംസ്ഥാനത്തെ വിവിധ ഭാഗങ്ങളിലുള്ള നിരീക്ഷണ കിണറുകളിൽ നിന്നും ജലവിതാനം നിശ്ചിത ഇടവേളകളിൽ രേഖപ്പെടുത്തി പഠനങ്ങൾ നടത്തിവരുന്നുണ്ട്. ഈ പഠനങ്ങളിൽ നിന്നും സംസ്ഥാനത്തെ ഭൂജലവിതാനം ക്രമാതീതമായി താഴ്ന്നതായി കാണുന്നില്ല. എന്നാൽ വേനൽക്കാലങ്ങളിൽ ജലവിതാനം താഴ്ന്നതായും മൺസൂൺ കാലങ്ങളിൽ ജലവിതാനം ഉയരുന്നതായും ആണ് പൊതുവിൽ കാണപ്പെടുന്നത്. എന്നാൽ ചില ഭാഗങ്ങളിൽ ഭൂജലത്തിന്റെ അമിതമായ ഉപയോഗം നിമിത്തം ജലവിതാനത്തിൽ കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്.

(ബി&സി) നദികളിൽ അനുയോജ്യമായ സ്ഥലങ്ങളിൽ തടയണകൾ നിർമ്മിക്കുന്നത് മണ്ണിലേക്ക് കൂടുതൽ ജലം ആഴ്ന്നിറങ്ങുന്നതിന് സഹായിക്കുന്നു. ഭൂജല വകുപ്പ് ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും എന്ന പദ്ധതിയിൽപ്പെടുത്തി തടയണകൾ നിർമ്മിക്കുന്നുണ്ട്. ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിന് ആവശ്യമെന്നുകാണുന്ന എല്ലാ നടപടികളും സർക്കാർ പരിഗണിക്കുന്നതാണ്.

**മഴപ്പൊലിമ പദ്ധതി**

118(595) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂർ നിയോജകമണ്ഡലത്തിൽ മഴപ്പൊലിമ പദ്ധതിയിലൂടെ എത്ര കിണറുകൾ റീചാർജ് ചെയ്തിട്ടുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി ഒല്ലൂർ നിയോജകമണ്ഡലത്തിലെ മുഴുവൻ വാർഡുകളിലും നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഒല്ലൂർ നിയോജകമണ്ഡലത്തിൽ മഴപ്പൊലിമ പദ്ധതിയിലൂടെ നടത്തറ പഞ്ചായത്തിൽ 525-ഉം പുത്തൂർ പഞ്ചായത്തിൽ 30-ഉം കിണറുകൾ റീചാർജ്ജ് ചെയ്തിട്ടുണ്ട്.

(ബി) നടപടി സ്വീകരിച്ചുവരുന്നു.

## പരിസ്ഥിതി പുനരുജ്ജീവന പദ്ധതി

119(596) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം അസംബ്ലി മണ്ഡലത്തിൽ പരിസ്ഥിതി പുനരുജ്ജീവന പദ്ധതി പ്രകാരം സോയിൽ കൺസർവേഷൻ വകുപ്പ് വഴി എത്ര കുളങ്ങൾക്കാണ് ഭരണാനുമതി ലഭിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചെന്നും, പ്രവൃത്തികളുടെ നിലവിലുള്ള പുരോഗതി എന്തൊക്കെയാണെന്നും വിശദമാക്കാമോ?

ഉത്തരം

(എ&ബി) കായംകുളം അസംബ്ലി മണ്ഡലത്തിൽ പരിസ്ഥിതി പുനരുജ്ജീവനത്തിനായുള്ള കുട്ടനാട് പാക്കേജ് പദ്ധതിയിൽ ഉൾപ്പെടുത്തി സോയിൽ കൺസർവേഷൻ വകുപ്പ് മുഖേന 50 കുളങ്ങളുടെ പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് ഭരണാനുമതി നല്കിയിട്ടുണ്ട്. 39 കുളങ്ങളുടെ പുനരുദ്ധാരണം നടപ്പിലാക്കുന്നതിനായി സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 13 കുളങ്ങളുടെ പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

## അനധികൃത മിനറൽ വാട്ടർ ബ്രാൻഡുകളുടെ നിരോധനം

120 (597) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിൽ ഉല്പാദിപ്പിക്കുന്ന മിനറൽ വാട്ടർ ബ്രാൻഡുകൾ സംസ്ഥാനത്തിൽ ധാരാളമായി വിറ്റഴിക്കപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ: വിശദാംശം നൽകാമോ;

(ബി) ഇത്തരം ബ്രാൻഡഡ് മിനറൽ വാട്ടറിന്റെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് സർക്കാർ തലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) കൃത്യമായ ഇടവേളകളിൽ ഇവയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഗുണമേന്മയില്ലാത്ത മിനറൽ വാട്ടർ വിറ്റഴിക്കുന്ന കമ്പനികളെ നിരോധിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ആയത് പൊതുജനങ്ങളെ യഥാസമയം അറിയിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അന്യസംസ്ഥാനങ്ങളിൽ ഉല്പാദിപ്പിക്കുന്ന മിനറൽ വാട്ടർ ബ്രാൻഡുകൾ സംസ്ഥാനത്ത് അതിർത്തി ജില്ലകളിൽ കൂടുതലായി വിറ്റഴിക്കപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ ഇത്തരത്തിൽ വിവിധ ബ്രാൻഡുകളിലുള്ള മിനറൽ വാട്ടർ വിറ്റഴിക്കപ്പെടുന്നുണ്ട്. കൂടാതെ Aqua Fina, Kinley, Himalaya മുതലായ വൻകിട ബ്രാൻഡുകളുടെ കുടിവെള്ളം വിൽപ്പന സംസ്ഥാന വ്യാപകമായി നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വിപണിയിൽ വിറ്റഴിക്കപ്പെടുന്ന ഇത്തരം കുടിവെള്ളത്തിന്റെ സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിലുള്ള ലബോറട്ടറികളിൽ പരിശോധനക്ക് വിധേയമാക്കി നിശ്ചിത ഗുണനിലവാരം ഇല്ലെന്ന് കണ്ടെത്തുന്ന സംഗതികളിൽ ഉൽപ്പാദകർക്കും വിപണനം ചെയ്യുന്നവർക്കും വിറ്റഴിക്കുന്നവർക്കുമെതിരെ നിയമാനുസൃത നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ ഏഴ് കേസ്സുകൾ ഈ വർഷം ഫയൽ ചെയ്തിട്ടുണ്ട്.

(സി) 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം സംസ്ഥാനത്തെ വിവിധ നിർമ്മാണ യൂണിറ്റുകളിൽ ഭക്ഷ്യസുരക്ഷാ ഓഫീസർമാരുടെ നേതൃത്വത്തിൽ നിശ്ചിത കാലയളവുകളിൽ സ്ക്വാഡുകളെ നിയോഗിച്ച് പരിശോധന നടത്തുകയും, കുപ്പിവെള്ളത്തിന്റെ ഫോർമൽ സാമ്പിളുകളും, ഇൻഫോർമൽ സാമ്പിളുകളും ലബോറട്ടറി പരിശോധനയ്ക്കായി അയയ്ക്കുകയും കുറ്റക്കാർക്കെതിരെ നിയമാനുസൃതം നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) നിരോധന ഉത്തരവുകൾ പുറപ്പെടുവിച്ചാൽ, പകർപ്പ് ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ ഔദ്യോഗിക വെബ്സൈറ്റായ www.foodsafety.kerala.gov.in-ൽ പ്രസിദ്ധീകരിക്കുവാൻ വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.

## ബേപ്പൂരിലെ ജപ്പാൻ കുടിവെള്ള പദ്ധതി

121 (598) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജപ്പാൻ കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്തത് മുഖേന ബേപ്പൂർ നിയോജക മണ്ഡലത്തിൽപ്പെട്ട ബേപ്പൂർ, ചെറുവണ്ണൂർ, നല്ലളം, കടലുണ്ടി എന്നീ മേഖലകളിൽ നിർമ്മിച്ച ടാങ്കുകളിൽ വെള്ളമെത്തിയിട്ടും ജനങ്ങൾക്ക് ഇനിയും വെള്ളം കിട്ടിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ജല വിതരണത്തിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; ഇതിന്റെ പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കുമെന്ന് വിശദമാക്കാമോ?

### ഉത്തരം

ഉണ്ട്. ബേപ്പൂർ മേഖലാ ജലസംഭരണിയിൽ നിന്നുള്ള വിതരണ പൈപ്പുകളുടെ 90% പ്രവൃത്തികളും പൂർത്തീകരിച്ചു കഴിഞ്ഞു. ഈ പൈപ്പുകളിലൂടെ ജലം ഒഴുക്കിയുള്ള ടെസ്റ്റുകളാണ് നടന്നുകൊണ്ടിരിക്കുന്നത്. പദ്ധതിയുടെ വിതരണ ശൃംഖലയുടെ പണികൾ ആദ്യകരാറുകാരനായ രാമകൃഷ്ണ കോൺട്രാക്ടേഴ്സ് ഭാഗികമായി പൂർത്തീകരിച്ചശേഷം പണി ഉപേക്ഷിച്ചു പോകുകയുണ്ടായി. ശേഷിക്കുന്ന പണികൾ പുനർവിന്യസിച്ച് M/s. Shriram EPC എന്ന കോൺട്രാക്ടർക്ക് നൽകിയിട്ടുണ്ട്. പൈപ്പിൽ ചോർച്ച കണ്ടെത്തിയാൽ അതിന്റെ അറ്റകുറ്റപ്പണി നടത്തുകയും പഴയ കരാറുകാരൻ സ്ഥാപിച്ച പൈപ്പുമായി യോജിപ്പിക്കുകയും ചെയ്യുന്ന ജോലിയാണ് പുരോഗമിക്കുന്നത്. ആഗസ്റ്റ് മാസത്തോടെ ബേപ്പൂർ മേഖലയിൽ ഭാഗികമായി ജലവിതരണം നടത്താമെന്ന് പ്രതീക്ഷിക്കുന്നു. ചെറുവണ്ണൂർ, നല്ലളം മേഖലയിലെ വിതരണ ശൃംഖലയുടെ 55% മാത്രമാണ് ഇപ്പോൾ പൂർത്തീകരിച്ചിട്ടുള്ളത്. ജലസംഭരണിയിൽ നിന്നുള്ള പ്രധാന പൈപ്പുകൾ PWD, NH റോഡുകളിലൂടെ സ്ഥാപിക്കേണ്ടതായിട്ടുണ്ട്. ഇതിനുള്ള അനുമതി ലഭിക്കേണ്ടതുമുണ്ട്. പൊതുമരാമത്ത് വകുപ്പിൽ നിന്നുള്ള അനുമതി ലഭിക്കുന്ന മുറയ്ക്ക് മാത്രമേ പ്രവൃത്തി ആരംഭിക്കാൻ കഴിയുകയുള്ളൂ. ഡിസംബറോടു കൂടി ഭാഗികമായി ജലവിതരണം നടത്താമെന്ന് പ്രതീക്ഷിക്കുന്നു. കടലുണ്ടി മേഖലാ വിതരണശൃംഖലയുടെ 94% പൈപ്പുകളും സ്ഥാപിച്ചുകഴിഞ്ഞെങ്കിലും പഴയ കരാറുകാരൻ സ്ഥാപിച്ച പൈപ്പുകളിലെ ഗ്യാപ്പുകൾ പൂർത്തീകരിക്കേണ്ടതുണ്ട്. ജലസംഭരണിയുമായി ബന്ധിപ്പിക്കുന്ന ജോലിയും തീർക്കാനുണ്ട്. പൈപ്പുകളുടെ ഗ്യാപ്പുകൾ കൂടുതലും PWD റോഡിലായതിനാൽ പൊതുമരാമത്ത് വകുപ്പിന്റെ അനുമതിയും ലഭിക്കേണ്ടതുണ്ട്. ജലസംഭരണിയിൽ നിന്നും ജലം ഒഴുക്കി പരിശോധിച്ചുമാത്രമേ ഗ്യാപ്പുകൾ പൂർത്തിയാക്കാൻ കഴിയൂ. ജോലികൾ ഡിസംബറോടുകൂടി ഭാഗികമായി പൂർത്തീകരിക്കാമെന്ന് പ്രതീക്ഷിക്കുന്നു.

**കുറ്റ്യാടി നിയോജകമണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ**

122(599) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്ന കുടിവെള്ള പദ്ധതികൾ ഏതൊക്കെ;

(ബി) പഞ്ചായത്തിന്റെയും കുടിവെള്ള പദ്ധതിയുടെയും പേരും അനുവദിച്ച തുകയും പ്രവൃത്തി ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന കാര്യവും വ്യക്തമാക്കുമോ;

(സി) മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ ഭരണാനുമതി ലഭിച്ചതും എന്നാൽ പ്രവൃത്തി ഇതിനകം ആരംഭിക്കാത്തതുമായ കുടിവെള്ള പദ്ധതികളുടെ വിശദാംശങ്ങൾ നൽകുമോ;

(ഡി) മണ്ഡലത്തിലെ കുടിവെള്ള പ്രശ്നത്തിന് പരിഹാരം കാണാൻ ഏതെങ്കിലും പുതിയ പദ്ധതികൾ ജലവിഭവ വകുപ്പിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) 1. SPAN- കുറ്റ്യാടി ശുദ്ധജലവിതരണ പദ്ധതി (കുറ്റ്യാടി പഞ്ചായത്ത്)

2. എം.പി.എൽ.എ.ഡി.എസ്. കയ്യാനകുന്നത്ത് കുടിവെള്ള പദ്ധതി

(തിരുവള്ളൂർ പഞ്ചായത്ത്)

കുറ്റ്യാടി നിയോജക മണ്ഡലത്തിൽ ജലനിധി രണ്ടാംഘട്ടത്തിൽ ബാച്ച് 2-ൽ മണിയൂർ ഗ്രാമപഞ്ചായത്തിലും ബാച്ച് 3-ൽ ആയഞ്ചേരി, പുറമേരി, വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്തുകളിലും കുടിവെള്ള പദ്ധതികൾ നടപ്പാക്കിവരുന്നു.

(ബി) 1. SPAN-കുറ്റ്യാടി ശുദ്ധജലവിതരണ പദ്ധതി അനുവദിച്ച തുക-683.99 ലക്ഷം രൂപ നിലവിലത്തെ സ്ഥിതി- പദ്ധതിയുടെ ടാങ്ക്, പൈപ്പ് ലൈനുകൾ, ശുദ്ധീകരണശാല, പമ്പ് സൈറ്റ് മുതലായ പ്രവൃത്തികൾ പൂർത്തീകരിച്ചു. പദ്ധതിക്ക് വൈദ്യുതി കണക്ഷൻ ലഭ്യമായിട്ടില്ല.

2. എം.പി.എൽ.എ.ഡി.എസ്. കയ്യാനകുന്നത്ത് കുടിവെള്ള പദ്ധതി (തിരുവള്ളൂർ ഗ്രാമപഞ്ചായത്ത്)

അനുവദിച്ച തുക-34.30 ലക്ഷം രൂപ

നിലവിലത്തെ സ്ഥിതി - പ്രവൃത്തി നടന്നു വരുന്നു.

മണിയൂർ ഗ്രാമപഞ്ചായത്തിൽ ഒരു ബൃഹത് പദ്ധതിയും 19 ചെറുകിട കുടിവെള്ള പദ്ധതികളുമാണ് നടപ്പാക്കുന്നത്. ചെറുകിട പദ്ധതികളെല്ലാം പൂർത്തീകരിച്ച് കമ്മീഷൻ ചെയ്തിട്ടുണ്ട്. ബൃഹത് പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു:

| | |
|---|---|
| ബൃഹത് പദ്ധതിക്ക് സാങ്കേതികാനുമതി നൽകിയ തുക | 12.16 കോടി രൂപ |
| ചെറുകിട പദ്ധതികൾക്ക് സാങ്കേതികാനുമതി നൽകിയ തുക | 3.532 കോടി രൂപ |

ആയഞ്ചേരി, പുറമേരി, വില്ല്യാപ്പള്ളി എന്നീ ഗ്രാമപഞ്ചായത്തുകളിൽ നടപ്പാക്കുന്ന കുടിവെള്ള പദ്ധതികൾ പ്രാരംഭഘട്ടത്തിലാണ്. ആയഞ്ചേരി ഗ്രാമ പഞ്ചായത്തിൽ 36 ചെറുകിട കുടിവെള്ള പദ്ധതികളും, പുറമേരി ഗ്രാമപഞ്ചായത്തിൽ 33 ചെറുകിട കുടിവെള്ള പദ്ധതികളും, വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്തിൽ 39 കുടിവെള്ള പദ്ധതികളുമാണ് നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ളത്. പഞ്ചായത്തിൽ നിന്നും ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകി കുടിവെള്ള പദ്ധതികളുടെ പ്രവൃത്തികൾ ആരംഭിക്കുകയാണ് ചെയ്യുന്നത്.

(സി) എൻ.ആർ.ഡി.ഡബ്ല്യൂ.പി. പദ്ധതിയിൽ ഉൾപ്പെടുത്തി 2015 എസ്.എൽ.എസ്.എസ്.സി. (സ്റ്റേറ്റ് ലെവൽ സ്കീം സാംങ്ഷനിംഗ് കമ്മിറ്റി)യിൽ കുന്നുമ്മേൽ കുടിവെള്ള വിതരണ പദ്ധതിക്ക് 700 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകി.

(ഡി) കുറ്റ്യാടി മണ്ഡലത്തിലെ കുടിവെള്ള പ്രശ്നത്തിന് പരിഹാരം കാണുന്നതിലേക്കായി എൽ.എ.സി.-എ.ഡി.എഫ്.-കയ്യാടിപ്പാറ കുടിവെള്ള പദ്ധതിക്ക് (ആയഞ്ചേരി ഗ്രാമപഞ്ചായത്ത്) വേണ്ടി 40 ലക്ഷം രൂപയുടെ പദ്ധതി പരിഗണനയിലുണ്ടായിരുന്നു. ഫണ്ടിന്റെ അപര്യാപ്തതമൂലം ഇതിനുള്ള ഭരണാനുമതി ആയിട്ടില്ല.

**ജല ഗുണനിലവാര പരിശോധന**

123(600) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല ഗുണ നിലവാര പരിശോധനയ്ക്കായി ലാബുകൾ ആരംഭിക്കാൻ മുൻ ഗവൺമെന്റ് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട് ;

(ബി) ഇതുവഴി എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിച്ചത്;

(സി) ഇതിനായി ഭരണ തലത്തിൽ കൈക്കൊണ്ട നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ഡി) പദ്ധതി നിർവ്വഹണത്തിൽ എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം, വ്യക്തമാക്കുമോ?

ഉത്തരം

(എ) കേന്ദ്ര സർക്കാരിന്റെ ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് ജലഗുണനിലവാര പരിശോധന ലാബുകൾ ആരംഭിക്കാനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. 33 സബ്ഡിവിഷണൽ ലാബുകൾ ഇപ്രകാരം ആരംഭിച്ചിട്ടുണ്ട്. 14 ജില്ലാ ലാബുകളും ഒരു സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ടും പ്രവർത്തിച്ചു വരുന്നുണ്ട്. ഇതിനുപുറമേ ലാബുകളുടെ നവീകരണത്തിനും പുനരുദ്ധാരണത്തിനും ഈ പദ്ധതിയിൽപ്പെടുത്തി പ്രവർത്തനങ്ങൾ നടത്തി വരുന്നു. ഇതു കൂടാതെ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ മൂന്ന് മൊബൈൽ ലാബുകൾ ആരംഭിക്കുന്നതിനും സബ്ഡിവിഷണൽ ലാബുകൾ ഇല്ലാത്ത സ്ഥലങ്ങളിലേക്കായി 31 പുതിയ സബ്ഡിവിഷണൽ ലാബുകൾ ആരംഭിക്കാനുമുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പാക്കുകയാണ് ഇതിലൂടെ പ്രധാനമായും ലക്ഷ്യമിടുന്നത്. ഇതിനു പുറമേ കഴിയുന്നത്ര കുടിവെള്ള സ്രോതസ്സുകളുടെ ഗുണനിലവാരം പരിശോധിക്കുകയും പരിശോധനാ ഫലം കേന്ദ്ര സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ പൊതുജനങ്ങൾക്ക് കുടിവെള്ള സാമ്പിളുകൾ നിശ്ചിത ഫീസ് അടച്ച് പരിശോധിക്കുവാനുള്ള സൗകര്യം ഇതുവഴി ലഭ്യമാക്കുന്നുണ്ട്.

(സി) ഗുണനിലവാര പരിശോധനാ ലാബുകൾ തുടങ്ങുന്നതിനായി പദ്ധതി തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സംസ്ഥാനതല പദ്ധതി അനുമതി സമിതി (എസ്.എൽ.എസ്.എസ്.സി.)-യിൽ സമർപ്പിച്ച് അംഗീകാരം നേടിയെടുക്കുകയും ഇപ്രകാരം അംഗീകാരം ലഭിക്കുന്ന പദ്ധതികൾ സംസ്ഥാന സർക്കാരിന്റെ ഭരണാനുമതിയോടുകൂടി ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് നടപ്പിലാക്കുകയും ചെയ്യാറുണ്ട്.

(ഡി) സംസ്ഥാനത്ത് കുടിവെള്ള പരിശോധനയ്ക്കുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തി കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഈ ലാബുകൾ വഴി ഗ്രാമീണ മേഖലയിലെ കുടിവെള്ള സ്രോതസ്സുകൾ പരിശോധിച്ച് ഗുണനിലവാരം നിർണ്ണയിക്കുകയും പരിശോധനാഫലം കേന്ദ്ര സർക്കാരിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ പൊതുജനങ്ങൾക്ക് കുടിവെള്ള സാമ്പിളുകൾ ലാബുകളിൽ പരിശോധിക്കാനുള്ള സൗകര്യവും ലഭ്യമാക്കുന്നുണ്ട്.

**ചവറ മണ്ഡലത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുവാൻ നടപടി**

124(601) ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറ മണ്ഡലത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് പ്രാദേശിക സ്രോതസ്സുകൾ കണ്ടെത്തി അനുയോജ്യമായ പദ്ധതികൾ നടപ്പാക്കുമോ?

(ബി) ചവറ മണ്ഡലത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുവാൻ പ്രത്യേക പദ്ധതി തയ്യാറാക്കി നൽകിയാൽ പരിഗണിക്കുമോ?

ഉത്തരം

(എ) ശാസ്താംകോട്ട തടാകത്തിലെ ജലനിരപ്പ് ക്രമാതീതമായി താഴുന്നതുകാരണം ചവറ-പന്മന പഞ്ചായത്തുകളിൽ ജലവിതരണത്തിന്റെ അളവ് കുറഞ്ഞിട്ടുണ്ട്. ചവറ മണ്ഡലത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി പ്രാദേശിക സ്രോതസ്സുകളുപയോഗിച്ച് ചെറുകിട ശുദ്ധജല വിതരണ പദ്ധതികൾ നടപ്പിലാക്കുന്നത് പ്രായോഗികമല്ല.

(ബി) പദ്ധതി സംബന്ധിച്ച് ഉണ്ടാകുന്ന നിർദ്ദേശങ്ങളുടെ പ്രായോഗിക വശങ്ങൾ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## തടയണ നിർമ്മാണം

125(602) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ കാക്കടവിൽ നേവൽ അക്കാദമി, സി.ആർ.പി.എഫ് ക്യാമ്പ് എന്നിവയ്ക്ക് കുടിവെള്ളം നൽകുന്ന പദ്ധതി പ്രദേശത്ത് വർഷങ്ങളായി പണിയുന്ന തടയണ നിർമ്മാണം ഒഴിവാക്കി സ്ഥിരം തടയണ നിർമ്മിക്കാനുള്ള നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും ഈ തടയണ നിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

കാസർഗോഡ് ജില്ലയിലെ കാക്കടവിൽ നേവൽ അക്കാദമി, സി.ആർ.പി.എഫ്. ക്യാമ്പ് എന്നിവയ്ക്ക് കുടിവെള്ളം നൽകുന്ന പദ്ധതി പ്രദേശത്ത്, വർഷാവർഷം പണിയുന്ന താൽക്കാലിക തടയണ നിർമ്മാണം ഒഴിവാക്കി സ്ഥിരം തടയണ നിർമ്മിക്കുന്നതിനുള്ള ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. അത് സമർപ്പിക്കുന്നതിനുള്ള തീയതി 7-7-2016-നാണ്.

## മംഗലം ഡാം സമഗ്ര ശുദ്ധജല വിതരണ പദ്ധതി

126(603) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഴക്കഞ്ചേരി, വണ്ടാഴി, വടക്കഞ്ചേരി, കണ്ണമ്പ്ര പഞ്ചായത്തുകൾക്കായുള്ള മംഗലം ഡാം സമഗ്ര ശുദ്ധജല വിതരണ പദ്ധതിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ;

(ബി) ടാങ്ക് നിർമ്മാണത്തിനുള്ള സ്ഥലം കൈമാറ്റം സംബന്ധിച്ച് ഇറിഗേഷൻ വകുപ്പും, വാട്ടർ അതോറിറ്റിയും തമ്മിൽ ധാരണയിലെത്തിയിട്ടുണ്ടോ;

(സി) പദ്ധതിയുടെ നിർമ്മാണം എന്ന് ആരംഭിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പ്രവർത്തനം ആരംഭിച്ചിട്ടില്ല.

(ബി) ഈ പദ്ധതിയുടെ ഘടകങ്ങൾ നിർമ്മിക്കുന്നതിന് മംഗലംഡാം വില്ലേജിൽ ബ്ലോക്ക് 50-ൽ റീ-സർവ്വെ നമ്പർ 1-ൽ പെട്ട 250 സെന്റ് സ്ഥലത്തിന് ഉപയോഗാനുമതി നൽകി ഉത്തരവായിട്ടുണ്ട്.

(സി) ഈ പദ്ധതിയുടെ ഒന്നാം ഘട്ടമായി 20 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടി പൂർത്തീകരിച്ച് എത്രയും പെട്ടെന്ന് പ്രവൃത്തി ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**മണിമല മേജർ കുടിവെള്ള പദ്ധതി**

127(604) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ അഞ്ച് പഞ്ചായത്തു കൾക്കായി വിഭാവനം ചെയ്ത മണിമല മേജർ കുടിവെള്ള പദ്ധതിയുടെ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ വിതരണ ശൃംഖലയ്ക്കുള്ള ടെണ്ടർ നടപടി പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ;

(സി) എങ്കിൽ നിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി എത്രകാലത്തിനുള്ളിൽ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ഇ) കാഞ്ഞിരപ്പള്ളി, ചിറക്കടവ് പഞ്ചായത്തുകളിലെ കരിമ്പുകയം കുടിവെള്ള പദ്ധതിയുടെ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(എഫ്) ഈ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ മണിമല ശുദ്ധജല വിതരണ പദ്ധതിയുടെ ഉറവിടത്തിൽ നിന്നും ശുദ്ധീകരണശാലയിലേക്കുള്ള പമ്പിംഗ് ആരംഭിച്ച് ജലശുദ്ധീകരണശാലയിലെ ജലസംഭരണികളിൽ നിന്നും രണ്ടു സോണുകളിലേക്കുള്ള ശുദ്ധജല വിതരണം ഭാഗികമായി ആരംഭിച്ചു. പദ്ധതിയുടെ മറ്റു സോണുകളിൽ ഉള്ള സംഭരണികളിലേയ്ക്ക് ജലം പമ്പു ചെയ്യുന്നതിനാവശ്യമായ പമ്പു സെറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പുതുക്കിയ എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിവരുന്നു.

(ബി&സി) വിതരണ ശൃംഖലയുടെ ടെണ്ടറുകൾ ലഭ്യമായത് കേരള വാട്ടർ അതോറിറ്റി പരിശോധിച്ചുവരുന്നു.

(ഡി) പൂർണ്ണ തോതിൽ പദ്ധതി പൂർത്തിയാക്കുന്നതിന് ഭരണാനുമതിക്കായി പുതുക്കിയ എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി വരുന്നതേയുള്ളൂ.

(ഇ) പദ്ധതിയുടെ ശുദ്ധീകരണശാല പ്രവർത്തിപ്പിച്ച് ജലം ഗ്രാമദീപം ബൂസ്റ്റിംഗ് സ്റ്റേഷനിൽ എത്തിച്ച് നിലവിലുള്ള ജലസംഭരണികൾ, പൈപ്പ് ലൈനുകൾ, പമ്പുസെറ്റുകൾ ഇവ ഉപയോഗിച്ച് ജലവിതരണം നടത്തിവരുന്നു. നിർമ്മാണം പൂർത്തിയായ ജലസംഭരണികളിലേക്ക് ജലം എത്തിക്കുന്നതിനുള്ള പമ്പുസെറ്റും ട്രാൻസ്ഫോർമറും സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റുകൾ കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിവരുന്നു.

(എഫ്) സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ജലനിധി ഒന്നാം ഘട്ട പദ്ധതികൾ**

128 (605) <u>ശ്രീ. അൻവർ സാദത്ത്</u> :
<u>ശ്രീ. വി. എസ്. ശിവകുമാർ</u> :
<u>ശ്രീ. എൽദോസ് കുന്നപ്പിള്ളി</u> :
<u>ശ്രീ. അടൂർ പ്രകാശ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലനിധി ഒന്നാംഘട്ട പദ്ധതികൾ പൂർത്തിയാക്കാൻ മുൻ സർക്കാർ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതുവഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിച്ചിരുന്ന തെന്ന് വ്യക്തമാക്കാമോ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിരുന്നതെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി നിർവ്വഹണത്തിൽ എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ജലനിധി ഒന്നാംഘട്ട പദ്ധതികൾ മുൻ സർക്കാർ അധികാരത്തിൽ വരുന്നതിനു മുൻപു തന്നെ പൂർത്തീകരിച്ചു.

(ബി) ജനകീയ പങ്കാളിത്തത്തിന് ഒരു പുതിയ മുഖം നൽകിക്കൊണ്ട് ഗുണഭോക്താക്കളുടേയും പഞ്ചായത്തുകളുടേയും പങ്കാളിത്തത്തോടെ ശുദ്ധജലത്തിലൂടെ സാമൂഹിക വികസനം എന്ന ലക്ഷ്യം രൂപകല്പന ചെയ്ത് ലോകബാങ്ക് സഹായത്തോടെ ഗ്രാമീണ മേഖലയിൽ കേരള സർക്കാർ നടപ്പിലാക്കിയ ഒരു ആവശ്യാധിഷ്ഠിത സമ്പൂർണ്ണ ജനകീയ പദ്ധതിയാണ് ജലനിധി.

ശുദ്ധജലം, ശുചിത്വം, ആരോഗ്യം എന്നിവ പരസ്പര പൂരകങ്ങളായി കൂട്ടിയിണക്കിയുള്ള സമഗ്ര അടിസ്ഥാന സൗകര്യ വികസന പദ്ധതിയാണിത്. നിലവിലുള്ള കുടിവെള്ള വിതരണ സമ്പ്രദായത്തിന്റെ പോരായ്മകൾ പരിഹരിക്കുന്നതിനും ഗ്രാമീണ ജനങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട കുടിവെള്ള ശുചിത്വ സൗകര്യസേവനം ഉറപ്പുവരുത്തുന്നതിനുമാണ് ഇതിലൂടെ ലക്ഷ്യമിട്ടിരുന്നത്.

(സി) പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി സർക്കാർ ജലവിഭവ വകുപ്പിനു കീഴിൽ 'കെ.ആർ.ഡബ്ല്യു. എസ്.എ.' (Kerala Rural Water Supply and Sanitation Agency) എന്ന സ്ഥാപനത്തിനു രൂപം കൊടുക്കുകയും, ആയതിന് സംസ്ഥാനതലത്തിലും, 9 ജില്ലാ ആസ്ഥാനങ്ങളിലും ഓഫീസുകൾ പ്രവർത്തനം നടത്തുകയും ചെയ്തു. പദ്ധതി പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക വർഷാ വർഷമുള്ള കേരള സർക്കാരിന്റെ ബഡ്ജറ്റിൽ വകകൊള്ളിക്കുകയും ആയത് കെ.ആർ.ഡബ്ല്യു.എസ്.എ.-യ്ക്ക് സമയബന്ധിതമായി നൽകുകയും ചെയ്തു.

(ഡി) കേരളത്തിലെ 112 ഗ്രാമപഞ്ചായത്തുകളിലായി 3710 കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ച് തുടർ നടത്തിപ്പിനായി ഗുണഭോക്താക്കൾക്ക് കൈമാറി. ഇതിലൂടെ 10.56 ലക്ഷം ഗ്രാമീണ ജനങ്ങൾക്ക് കുടിവെള്ള സൗകര്യം നൽകി. 68023 പുതിയ കക്കൂസുകൾ നിർമ്മിച്ചു. 24194 ഒറ്റക്കുഴി കക്കൂസുകളെ ഇരട്ടക്കുഴി ശുചിത്വ കക്കൂസുകളാക്കി, 89,319 പരിസ്ഥിതി മാനേജ്മെന്റ് യൂണിറ്റുകൾ (സോക് പിറ്റ്, കമ്പോസ്റ്റ് പിറ്റ് മുതലായവ) 68.36 കി.മി അഴുക്കുചാൽ, 13304 മഴവെള്ള സംഭരണികൾ എന്നിവ നിർമ്മിച്ചുനൽകി.

**ശുദ്ധജല വിതരണം**

129(606) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോർത്ത് പറവൂർ പമ്പ് ഹൗസിൽ നിന്ന് വിതരണം ചെയ്തു വരുന്ന ശുദ്ധജലം മുടക്കമില്ലാതെയും സമതുലിതമായും വിതരണം ചെയ്യുന്നതിന് പള്ളിപ്പുറം ഗ്രാമപഞ്ചായത്തിൽ പുതുതായി ഓവർഹെഡ് വാട്ടർ ടാങ്ക് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വെളിപ്പെടുത്താമോ;

(ബി) ഇതുസംബന്ധിച്ച് വിശദമായ പ്രോജക്ട് തയ്യാറാക്കി സമർപ്പിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുമോ എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ജപ്പാൻ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടാത്ത ജില്ലകളെ പ്രധാനമായും ഉൾപ്പെടുത്തി ഒരു സമഗ്ര ജില്ല പദ്ധതി (കോംപ്രിഹെൻസിവ് ഡിസ്ട്രിക്റ്റ് പ്ലാൻ (CDP))-യുടെ പ്രാരംഭ രൂപരേഖ കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്. ഉദ്ദേശ്യം 9700 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന പറവൂർ മുനിസിപ്പാലിറ്റിയുടെയും സമീപ പഞ്ചായത്തുകളുടെയും കുടിവെള്ള വിതരണ പദ്ധതിയുടെ പുനരുദ്ധാരണ പദ്ധതി CDP-യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പള്ളിപ്പുറം ഗ്രാമപഞ്ചായത്തിനുവേണ്ടി ഓവർഹെഡ് ജലസംഭരണി സ്ഥാപിക്കുന്നതിന് 960 ലക്ഷം രൂപ ചെലവുവരുന്ന പ്രൊപ്പോസൽ ഈ പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് തയ്യാറാക്കിയ പ്രാരംഭ രൂപരേഖയിന്മേൽ അധികവിവരങ്ങൾ കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ആവശ്യപ്പെട്ടു കഴിഞ്ഞിട്ടുണ്ട്.

**മണലൂർ നിയോജകമണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ**

130(607) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ നിയോജകമണ്ഡലത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി നടപ്പാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണ്;

(ബി) വെന്തിടങ്ങ്, കരിക്കൊടി ഭാഗങ്ങളിലെ ജലലഭ്യതക്കായി നടപ്പാക്കിവരുന്ന സാർക്ക് പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി അറിയിക്കാമോ ;

(സി) ഒളരി പ്രദേശത്തെ ടാങ്കിന്റെ പ്രവർത്തനം തുടങ്ങിയോ എന്ന് വ്യക്തമാക്കാമോ;

(ഡി) പദ്ധതിയുടെ കമ്മീഷനിംഗ് സംബന്ധിച്ച വിശദാംശം അറിയിക്കാമോ?

<u>ഉത്തരം</u>

(എ) മണലൂർ നിയോജകമണ്ഡലത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി നടപ്പാക്കിയ പദ്ധതികൾ

1. മണലൂർ, കാരമുക്ക് കുടിവെള്ള പദ്ധതി
2. വെങ്കിടങ്ങ് പഞ്ചായത്ത് കുടിവെള്ള പദ്ധതി
3. പാവറട്ടി, മുല്ലശ്ശേരി പഞ്ചായത്തിലെ സമഗ്ര കുടിവെള്ള പദ്ധതി. ഇതിൽ മണലൂർ-കാരമുക്ക്, വെങ്കിടങ്ങ് പദ്ധതികൾ ഭാഗികമായി കമ്മീഷൻ ചെയ്തിട്ടുള്ളതാണ്.

   ജലനിധി രണ്ടാംഘട്ടത്തിന്റെ ഒന്നാം ബാച്ചിൽ ഇലവള്ളി ഗ്രാമ പഞ്ചായത്തിൽ 3007 കുടുംബങ്ങൾക്ക് കുടിവെള്ളം നൽകുന്നതിനായി ഒരു (ബൃഹത്) പദ്ധതി നടപ്പാക്കി വരുന്നുണ്ട്.

(ബി) വെങ്കിടങ്ങ്-കരിക്കൊടി ഭാഗങ്ങളിലെ ജലലഭ്യതയ്ക്കായി നടപ്പാക്കി വരുന്ന സാർക്ക് പദ്ധതിയിൽ ഉൾപ്പെടുത്തി ചെമ്പുക്കാവിൽ നിന്നും ഒളരി ഭൂഗർഭജല സംഭരണിയിലേക്കുള്ള ഗ്രാവിറ്റി മെയിനിന്റെ പണിയും ഒളരി ടാങ്കിൽ നിന്നും മണലൂർ, വെങ്കിടങ്ങ് ഉപരിതല ടാങ്കിലേക്ക് പമ്പിംഗ് മെയിൻ ഇടുന്ന ജോലിയും കൂടാതെ മണലൂരിൽ ഒരു ഉപരിതല ടാങ്കിന്റെ നിർമ്മാണവും പൂർത്തീകരിച്ചിട്ടുള്ളതും 21-4-2015-ൽ ഭാഗികമായി കമ്മീഷൻ ചെയ്തിട്ടുള്ളതുമാകുന്നു. പൂർണ്ണതോതിൽ കമ്മീഷൻ ചെയ്യുന്നതിനായി ഒളരിയിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന ജോലി പൂർത്തീകരിച്ചിട്ടുണ്ട്. ഇലക്ട്രിക്ക് കണക്ഷൻ ലഭിക്കുന്നതിന് നടപടി എടുത്തിട്ടുണ്ട്. കണക്ഷൻ ലഭിച്ചാലുടൻ പൂർണ്ണതോതിൽ കുടിവെള്ള വിതരണം നടത്താൻ സാധിക്കുന്നതാണ്.

(സി&ഡി) ഒളരി പ്രദേശത്തെ ടാങ്കിൽ നിന്നും മണലൂർ മണ്ഡലത്തിലെ പ്രദേശങ്ങളിലേക്ക് കുടിവെള്ള വിതരണം തുടങ്ങുകയും ഭാഗികമായി വിതരണം ചെയ്യുന്നുമുണ്ട്. കെ.എസ്.ഇ.ബി. കണക്ഷൻ ലഭിച്ചാൽ മാത്രമേ പദ്ധതി പൂർണ്ണതോതിൽ കമ്മീഷൻ ചെയ്യാൻ കഴിയുകയുള്ളൂ.

**പട്ടുവം ജപ്പാൻ കുടിവെള്ള പദ്ധതി**

131 (608) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്യാശ്ശേരി മണ്ഡലത്തിലെ പട്ടുവം ജപ്പാൻ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെട്ട പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം രൂക്ഷമായതിനാൽ രണ്ടാം ഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത പ്രദേശങ്ങളിൽ കുടിവെള്ളം ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ;

(ബി) കുടിവെള്ളക്ഷാമം രൂക്ഷമായ ചെറുതാഴം, കുഞ്ഞിമംഗലം പഞ്ചായത്തുകളിൽ ജപ്പാൻ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി കുടിവെള്ളം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) കല്യാശ്ശേരി മണ്ഡലത്തിലെ കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങൾ ഉൾപ്പെട്ട പട്ടുവത്തിനും സമീപ വില്ലേജുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതിക്ക് 1390.37 ലക്ഷം രൂപയുടെ വിശദമായ എൻജിനീയറിംഗ് റിപ്പോർട്ട് നബാർഡ് ആർ.ഐ.ഡി.എഫ്. XXI-ൽ സാമ്പത്തിക സഹായം ലഭിക്കുന്നതിനായി സമർപ്പിച്ചിട്ടുണ്ട്.

(ബി) കുഞ്ഞിമംഗലം-ചെറുതാഴം പഞ്ചായത്തുകൾക്കായി ജിക്ക പദ്ധതിയുടെ ചേനയന്നൂരിലുള്ള ഗ്രാവിറ്റി മെയിൻ സ്രോതസ്സായി ഒരു കുടിവെള്ള പദ്ധതിക്കുള്ള വിശദമായ എൻജിനീയറിംഗ് റിപ്പോർട്ട് 2014-ലെ എസ്.എൽ.എസ്.എസ്.സി. (സ്റ്റേറ്റ് ലെവൽ സാങ്ഷനിംഗ് കമ്മിറ്റി)യുടെ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്നുവെങ്കിലും ഫണ്ടിന്റെ അപര്യാപ്തതമൂലം പരിഗണിച്ചിരുന്നില്ല. മേൽ പദ്ധതിയുടെ വിതരണ ശൃംഖല ഒഴികെയുള്ള ഫേസ്-I പദ്ധതിക്കാണ് ഡി.ഇ.ആർ (ഡീറ്റയിൽഡ് എൻജിനീയറിംഗ് റിപ്പോർട്ട്) സമർപ്പിച്ചിരുന്നത്. പ്രസ്തുത എസ്റ്റിമേറ്റ് പുതുക്കിയ ഡി.എസ്.ആർ. (ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റ്സ്) പ്രകാരം കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിവരുന്നു.

## ശുദ്ധജല പദ്ധതികൾ പൂർത്തിയാക്കാൻ മുൻ ഗവൺമെന്റ് ആവിഷ്കരിച്ച് നടപ്പാക്കിയ പദ്ധതികൾ

132 (609) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശുദ്ധജല പദ്ധതികൾ പൂർത്തിയാക്കാൻ മുൻ ഗവൺമെന്റ് എന്തെല്ലാം കർമ്മ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഇതുവഴി എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിച്ചത്;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; വിശദമാക്കുമോ;

(ഡി) പദ്ധതി നിർവ്വഹണത്തിൽ എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

ഉത്തരം

(എ) സംസ്ഥാനത്ത് ശുദ്ധജല പദ്ധതികൾ പൂർത്തിയാക്കാൻ മുൻ ഗവൺമെന്റ് 100 ദിന കർമ്മ പരിപാടി, സപ്തധാരാ പദ്ധതി, മിഷൻ 676 തുടങ്ങിയ പേരുകളിൽ കർമ്മപദ്ധതികൾ ആവിഷ്കരിച്ചിരുന്നു. 100 ദിന കർമ്മ പരിപാടിയിൽ 21 ശുദ്ധജലവിതരണ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. സപ്തധാരാ പദ്ധതി മുഖേന 33 പദ്ധതികളും, മിഷൻ 676 മുഖേന കേരളാ ജല അതോറിറ്റിയിൽ നിലവിൽ പണി നടന്നുകൊണ്ടിരിക്കുന്ന ചെറുതും വലുതുമായ 154 കുടിവെള്ള പദ്ധതികളും പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്.

(ബി) മേൽപ്പറഞ്ഞ കർമ്മപദ്ധതികൾ മുഖേന കേരള വാട്ടർ അതോറിറ്റിയിൽ പണി നടന്നുകൊണ്ടിരുന്ന കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിച്ച് പൊതുജനങ്ങൾക്ക് ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കാനാണ് ലക്ഷ്യമിട്ടിരുന്നത്.

(സി) കേരള വാട്ടർ അതോറിറ്റിയിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ചെറുതും വലുതുമായ പദ്ധതികൾ അടിയന്തരമായി പൂർത്തീകരിക്കാൻവേണ്ടി സർക്കാർ തലത്തിൽ അവലോകന യോഗങ്ങൾ കൂടുകയും തടസ്സങ്ങൾ നീങ്ങുന്നതിനായി നടപടി സ്വീകരിക്കുകയും ചെയ്യുന്നു.

(ഡി) മേൽപ്പറഞ്ഞ കർമ്മപദ്ധതികൾ മുഖേന 158 പദ്ധതികൾ പൂർത്തീകരിക്കാനും ജനങ്ങൾക്ക് ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുവാനും കേരള വാട്ടർ അതോറിറ്റിക്ക് കഴിഞ്ഞിട്ടുണ്ട്.

**കുളക്കട പവിത്രേശ്വരം കുടിവെള്ള പദ്ധതി**

133(610) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽപ്പെടുന്ന കുളക്കട-പവിത്രേശ്വരം കുടിവെള്ള പദ്ധതിയിൽ അവശേഷിക്കുന്ന പ്രവൃത്തികൾ എന്തെല്ലാമാണെന്നും അവയുടെ നിലവിലുള്ള സ്ഥിതിയും വിശദമാക്കുമോ;

(ബി) പദ്ധതി എപ്പോൾ കമ്മീഷൻ ചെയ്യാനാണ് ആദ്യം വിഭാവനം ചെയ്തിരുന്നതെന്നും, അവശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിച്ച്, പദ്ധതി എപ്പോൾ പൂർണ്ണമായും കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) കുളക്കട-പവിത്രേശ്വരം കുടിവെള്ള പദ്ധതിയുടെ വിതരണശൃംഖല കുളക്കടയിൽ 25 കി.മീ.-ഉം പവിത്രേശ്വരത്ത് 8 കി.മീ.-ഉം സ്ഥാപിച്ച് ഭാഗികമായി ജലവിതരണം നടത്തിവരുന്നു. ഫേസ്-2-ൽ ഉൾപ്പെടുത്തി വിതരണശൃംഖല വിപുലീകരിച്ച് പൂർണ്ണതോതിൽ ജലവിതരണം നടത്തുന്നതിലേയ്ക്ക് വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുവേണ്ട സർവ്വേ ജോലികൾ കേരള വാട്ടർ അതോറിറ്റിയിൽ നടന്നുവരുന്നു.

(ബി) പദ്ധതിയുടെ ഒന്നാംഘട്ടം 2013 ഡിസംബർ മാസത്തോടെ കമ്മീഷൻ ചെയ്യാനാണ് ആദ്യം വിഭാവനം ചെയ്തിരുന്നത്. 2014 ഡിസംബർ മാസത്തിൽ ഒന്നാം ഘട്ടം കമ്മീഷൻ ചെയ്തു. പദ്ധതിയുടെ രണ്ടാം ഘട്ടത്തിനായുള്ള വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് (D.E.R) കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി വരുന്നു. ഡി.ഇ.ആർ.-ന് ഭരണാനുമതി നൽകിയശേഷം മാത്രമേ എന്നത്തേയ്ക്ക് പദ്ധതി പൂർണ്ണമായി കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാൻ സാധിക്കുകയുള്ളൂ.

### മാവൂർ, ചാത്തമംഗലം പഞ്ചായത്തുകളിൽ കുടിവെള്ളം ലഭ്യമാക്കുന്നത്

134(611) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം നിയോജക മണ്ഡലത്തിൽ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ പരിധിയിൽപ്പെടാത്ത ചാത്തമംഗലം, മാവൂർ പഞ്ചായത്തുകളിൽ കുളിമാട് പമ്പിംഗ് സ്റ്റേഷനിൽ നിന്ന് കുടിവെള്ളം ലഭ്യമാക്കുന്നത് സംബന്ധിച്ച് റിപ്പോർട്ട് നൽകാൻ ഒരു സമിതിയെ നിയോഗിച്ചിരുന്നോ എന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ പ്രസ്തുത സമിതിയുടെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ;

(സി) മാവൂർ, ചാത്തമംഗലം പഞ്ചായത്തുകളിൽ കുടിവെള്ളം ലഭ്യമാക്കുന്നത് സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിന്, ബന്ധപ്പെട്ടവരുടെ ഒരു യോഗം വിളിച്ചു ചേർക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ചാത്തമംഗലം, മാവൂർ പഞ്ചായത്തുകളിൽ കുടിവെള്ളം ലഭ്യമാക്കുന്നത് സംബന്ധിച്ച് സാധ്യതാ പഠനം നടത്തുന്നതിനുവേണ്ടി, കോഴിക്കോട് പ്രോജക്ട് പ്ലാനിംഗ് & ഡിസൈൻ സൂപ്രണ്ടിംഗ് എഞ്ചിനീയറെ നിയോഗിച്ചിട്ടുണ്ട്.

(ബി) കോഴിക്കോട് പ്രോജക്ട് പ്ലാനിംഗ്&ഡിസൈൻ സൂപ്രണ്ടിംഗ് എഞ്ചിനീയർ സമർപ്പിച്ച സാധ്യതാ പഠന റിപ്പോർട്ട് ഉത്തരമേഖല ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ ലഭ്യമായിട്ടുണ്ട്.

(സി) കുടിവെള്ളപ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് ആദ്യഘട്ടമെന്ന നിലയ്ക്ക് ജില്ലാതല യോഗങ്ങൾ ചേരുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

### ജപ്പാൻ കുടിവെള്ള പദ്ധതി

135(612) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ കടിവെള്ള പദ്ധതിയിൻകീഴിലുള്ള മീനാട് ശുദ്ധ ജലവിതരണ പദ്ധതി പ്രകാരം ഡിസ്ട്രിബ്യൂഷൻ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തന പുരോഗതി അറിയിക്കുമോ;

(ബി) പ്രസ്തുത പ്രവർത്തനങ്ങൾ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(സി) പരവൂർ നഗരസഭാ പ്രദേശത്ത് പ്രസ്തുത പദ്ധതിയുടെ പ്രയോജനം ലഭിക്കുവാൻ എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ&ബി) വിതരണശൃംഖലകളുടെ പണികൾ ആദ്യം ഏറ്റെടുത്തിരുന്ന കരാറുകാരൻ M/s. K. Ramakrishna Contractors Pvt. Ltd., Hyderabad ആയിരുന്നു. പ്രസ്തുത കരാറുകാരൻ പണി ഉപേക്ഷിച്ചുപോയതിനാൽ M/s. TECPRO Infra Structure Ltd., Kochi എന്ന കമ്പനിക്ക് 2012 ജൂണിൽ ബാക്കി പണികൾക്ക് കരാർ നൽകിയിരുന്നു. 2012 ആഗസ്റ്റിൽ പ്രവൃത്തികൾ ആരംഭിച്ചു. കരാർ കാലാവധി 2013 ഡിസംബർ വരെ ആയിരുന്നെങ്കിലും 160 കി.മീ. വിതരണ ശൃംഖലയുടെ പണികൾ പൂർത്തിയാക്കാനുണ്ട്. കൂടാതെ നേരത്തേ പൂർത്തീകരിച്ച പൈപ്പ് ലൈനിൽ ഗ്യാപ്പ് ക്ലോസിംഗ് ജോലികൾ ചെയ്ത് പൂർത്തീകരിക്കാനുണ്ട്. M/s. TECPRO-യുടെ സാമ്പത്തിക പ്രശ്നങ്ങളാൽ പണി മന്ദഗതിയിലായതിനാൽ അവരുടെ സേവനം അവസാനിപ്പിക്കുവാൻ തീരുമാനിച്ചിരുന്നു എങ്കിലും 2016 ഡിസംബർ മാസത്തിൽ വിതരണ ശൃംഖലയുടെ പണി പൂർത്തിയാക്കാമെന്നുള്ള അവരുടെ ഉറപ്പിന്മേൽ പണി 2016 ഫെബ്രുവരി മാസം പുനരാരംഭിച്ചിട്ടുണ്ട്.

(സി) പരവൂർ നഗരസഭാ പ്രദേശത്ത് ഒരു റെയിൽവേ ക്രോസ്സിംഗ് പണി ചെയ്യുവാനുണ്ട്. കൂടാതെ നഗരസഭാ പ്രദേശത്തെ റോഡ് മുറിക്കുന്നതിന് അനുവാദം ലഭ്യമാക്കേണ്ടതുമുണ്ട്. PWD റോഡിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് നിലവിൽ നിരോധനമുള്ളതിനാൽ ഇതും പണികളുടെ പുരോഗതിയെ ബാധിക്കുന്നുണ്ട്.

**ബാവിക്കര റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണം**

136(613) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് നഗരത്തിലെയും പ്രാന്തപ്രദേശങ്ങളിലെയും ജനങ്ങൾക്ക് ശുദ്ധജലം ലഭ്യമാക്കാനുദ്ദേശിച്ച് നിർമ്മാണം ആരംഭിച്ച ബാവിക്കര റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം പാതിവഴിയിൽ ഉപേക്ഷിക്കപ്പെടാനുള്ള കാരണമെന്താണ്;

(ബി) പ്രസ്തുത പദ്ധതിയുടെ ആരംഭം മുതൽ എത്ര കരാറുകാർ ഇതിന്റെ പ്രവൃത്തി ഏറ്റെടുത്ത് ഉപേക്ഷിച്ച പോയിട്ടുണ്ട്;

(സി) കരാറുകാർ ഓരോരുത്തരും ചെയ്ത പ്രവൃത്തിയും, കൈപ്പറ്റിയ തുകയും, പേരുവിവരം സഹിതം നൽകുമോ;

(ഡി) ഈ പദ്ധതിയുടെ മൊത്തം കരാർ തുക എത്ര; പദ്ധതിയുടെ എത്ര ശതമാനം ജോലികൾ പൂർത്തിയായിട്ടുണ്ട്; ബാക്കി പണി പൂർത്തിയാക്കാൻ എന്തു നടപടിയാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ബാവിക്കര റഗുലേറ്റർ കം ബ്രിഡ്ജിന്റെ പ്രവൃത്തി 2005-ൽ ആരംഭിക്കുകയും പ്രവൃത്തി നടന്നുകൊണ്ടിരിക്കുമ്പോൾ സൈറ്റ് കണ്ടീഷൻ അനുസരിച്ച് പ്രവൃത്തിയിൽ മാറ്റം അനിവാര്യമായി വരികയും ചെയ്തു. എന്നാൽ അത് പ്രകാരം പ്രവൃത്തി ഏറ്റെടുത്ത് ചെയ്യാൻ ആദ്യം പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ തയ്യാറാവാതെ വന്നതിനാൽ അദ്ദേഹത്തെ പ്രവൃത്തിയിൽ നിന്ന് ഒഴിവാക്കുകയും എസ്റ്റിമേറ്റ് പുതുക്കി പ്രവൃത്തി വീണ്ടും റീ-ടെണ്ടർ ചെയ്യുകയും ശ്രീ. മൊയ്തീൻകുട്ടി ഹാജി എന്ന കരാറുകാരൻ 82% അധികനിരക്കിൽ 2012-ൽ പ്രവൃത്തി ഏറ്റെടുക്കുകയും ചെയ്തു. എന്നാൽ ബാക്കി പ്രവൃത്തി പുരോഗമിക്കുമ്പോൾ പുഴയുടെ അടിത്തട്ട് ക്രമാതീതമായി താഴ്ന്നതായി കാണുകയും നിലവിലെ ഡിസൈൻ അപ്രായോഗികമായി വരികയും എസ്റ്റിമേറ്റ് വീണ്ടും പുതുക്കുകയും ചെയ്തു. എന്നാൽ എക്സ്ട്രാ ഐറ്റത്തിനും കരാറുകാരൻ അധിക നിരക്ക് ആവശ്യപ്പെട്ടതിനാൽ അദ്ദേഹത്തെയും നിരുപാധികം കരാർ വ്യവസ്ഥയിൽ നിന്ന് ഒഴിവാക്കുകയും ചെയ്തു. പദ്ധതി ഉപേക്ഷിച്ചിട്ടില്ല.

(ബി) ഈ പ്രവൃത്തി 2 കരാറുകാർ ഏറ്റെടുത്ത് ഉപേക്ഷിച്ച പോയിട്ടുണ്ട്.

(സി) ആദ്യ കരാറുകാരനായ ശ്രീ. എം. എം. എ. ഹാരിസ്, റൈറ്റ് അബട്ട്മെന്റ്, 25 മീറ്റർ ആപ്രൺ, മെയിൻ പിയർസ് (റൈറ്റ്) പാർട്ട്, ബോഡി വാൾ 5 മീറ്റർ, കട്ട് ഓഫ് പൈൽസ് എന്നിവ പണിതിട്ടുണ്ട്. ഇതിലേക്കായി 277.42 ലക്ഷം രൂപ കൈപ്പറ്റിയിട്ടുണ്ട്. രണ്ടാമത്തെ കരാറുകാരൻ caisson well, cutoff wall, apron 53m, body wall for half portion, short piers (25 എണ്ണം) ഇവ പണിതിട്ടുണ്ട്. ഇതിലേക്കായി 164.83 ലക്ഷം രൂപ കൈപ്പറ്റിയിട്ടുണ്ട്.

(ഡി) ഈ പദ്ധതിയുടെ പുതുക്കിയ മൊത്തം എസ്റ്റിമേറ്റ് തുക 12,83,19,700 രൂപയാണ്. മൊത്തം മുപ്പത് ശതമാനത്തിനടുത്ത് പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. അടിത്തട്ട് ക്രമാതീതമായി താഴ്ന്നതുമൂലം നിലവിലുള്ള സൈറ്റ് കണ്ടീഷൻ അനുസരിച്ച് നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**കായംകുളം മണ്ഡലത്തിലെ കേരള വാട്ടർ അതോറിറ്റിയുടെ പദ്ധതികൾ**

137(614) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം അസംബ്ലി നിയോജകമണ്ഡലത്തിൽ വരൾച്ചാ ദുരിതാശ്വാസ പദ്ധതികൾ ഉൾപ്പെടെ കേരള വാട്ടർ അതോറിറ്റിയുടെ നേതൃത്വത്തിൽ 2014-15, 2015-16 കാലയളവിൽ ഭരണാനുമതി ലഭിച്ചിരുന്ന പ്രവൃത്തികൾ ഏതൊക്കെയാണ്; വിശദമാക്കാമോ ;

(ബി) പദ്ധതികളുടെ നിലവിലുള്ള അവസ്ഥ തരം തിരിച്ച് വിശദമാക്കാമോ?

ഉത്തരം

(എ) കായംകുളം അസംബ്ലി നിയോജകമണ്ഡലത്തിൽ വരൾച്ചാ ദുരിതാശ്വാസ പദ്ധതികൾ ഉൾപ്പെടെ കേരള വാട്ടർ അതോറിറ്റിയുടെ നേതൃത്വത്തിൽ 2014-15, 2015-16 കാലയളവിൽ ഭരണാനുമതി ലഭിച്ചിരുന്ന പ്രവൃത്തികൾ ചുവടെ സൂചിപ്പിക്കുന്നു :

2014-15 :

1. കണ്ടല്ലൂർ പഞ്ചായത്ത് -ഡി. ആർ.ഡബ്ല്യൂ 2014-15- പട്ടോളി മാർക്കറ്റ് മുതൽ 63 എം.എം. പി.വി.സി. ലൈൻ സ്ഥാപിക്കൽ - 50,000 രൂപ
2. കൃഷ്ണപുരം പഞ്ചായത്ത് - ഡി.ആർ.ഡബ്ല്യൂ 2014-15- പൈപ്പ് ലൈൻ നീട്ടൽ - വിവിധ വാർഡുകൾ - 1,50,000 രൂപ
3. കായംകുളം മുനിസിപ്പാലിറ്റി- ഡി.ആർ.ഡബ്ല്യൂ 2014-15-പൈപ്പ് ലൈൻ നീട്ടൽ -വിവിധ വാർഡുകൾ - 4,50,000 രൂപ
4. പത്തിയൂർ പഞ്ചായത്ത്- ഡി.ആർ.ഡബ്ല്യൂ 2014-15- പൈപ്പ് ലൈൻ നീട്ടൽ -വിവിധ സ്ഥലങ്ങൾ -1,00,000 രൂപ
5. ആറാട്ടുപുഴ പഞ്ചായത്ത് - 7.5 എച്ച്.പി. സബ്മേഴ്സിബിൾ പമ്പ് സെറ്റ് വിതരണം- 3,75,000 രൂപ
6. കായംകുളം മുനിസിപ്പാലിറ്റി - 10 എച്ച്.പി. സബ്മേഴ്സിബിൾ പമ്പ് സെറ്റിന്റെ ചെയിഞ്ച് ഓവർ സ്വിച്ച് വിതരണം -50,000 രൂപ

7. ചെട്ടികുളങ്ങര പഞ്ചായത്ത് - ഡി.ആർ.ഡബ്ല്യൂ 2014-15 - പൈപ്പ് ലൈൻ നീട്ടൽ -മാക്കേത്ത് മുക്ക് വടക്ക് മുതൽ പട്ടേരത്ത് മുക്ക് & പട്ടേരത്ത് മുക്ക് മുതൽ കുട്ടിക്കലേത്തേക്ക് മുക്ക് (വാർഡ് നമ്പർ 1,2) - 1,69,244 രൂപ

8. ചെട്ടികുളങ്ങര പഞ്ചായത്ത് - ഡി.ആർ.ഡബ്ല്യൂ 2014-15- കാരിപ്പുഴ പമ്പ് ഹൗസിൽ 12.5 എച്ച്.പി. പമ്പ് സെറ്റ് വിതരണം ചെയ്ത് സ്ഥാപിക്കൽ - 91,000 രൂപ

9. ഡി. ആർ.ഡബ്ല്യൂ 2014-15-ഭരണിക്കാവ്, വെട്ടിക്കോട് പമ്പ് ഹൗസുകളിൽ 12.5 എച്ച്. പി. സബ്മേഴ്സിബിൾ സ്റ്റാന്റ് ബൈ പമ്പ് സെറ്റ് വിതരണം ചെയ്ത് സ്ഥാപിക്കൽ - 1,79,000 രൂപ

10. ഭരണിക്കാവ് പഞ്ചായത്ത് - എ.ആർ.ഡബ്ല്യൂ.എസ്.എസ്.-എൻ.ആർ. ഡബ്ല്യൂ.എസ്.പി. (എസ്.സി.പി.)- വാർഡ് നമ്പർ 7-ൽ കോടത്ത് കോളനിയിൽ പൈപ്പ് ദീർഘിപ്പിക്കൽ - 37,594 രൂപ

11. ഭരണിക്കാവ് പഞ്ചായത്ത്-ഡി.ആർ.ഡബ്ല്യൂ. 2014-15-വിവിധ പ്രദേശങ്ങളിൽ പൈപ്പ് ലൈൻ നീട്ടൽ

12. ചെറുതന, കരുവാറ്റ, കുമാരപുരം, തൃക്കുന്നപ്പുഴ പഞ്ചായത്തുകൾ - എം.പി എൽ.എ.ഡി.എസ് - പൈപ്പ് ലൈൻ നീട്ടൽ പ്രവൃത്തി- 9,05,000 രൂപ

13. 69-വലിയഴീക്കൽ - വേലിശ്ശേരി - മണ്ണേൽ ഒ.എച്ച് ടാങ്കുകളുടെ പുനരുദ്ധാരണം - 8,00,000 രൂപ.

<u>2015-16 :</u>

1. ആലപ്പുഴ ജില്ലാ പഞ്ചായത്ത് വാർഷിക പദ്ധതി -ഭരണിക്കാവ് പഞ്ചായത്തിൽ പുത്തൻപുര എസ് സി. കോളനി (വാർഡ് നമ്പർ 9)-യിൽ കുടിവെള്ള വിതരണം -18,89,000 രൂപ

2. ആലപ്പുഴ ജില്ലാ പഞ്ചായത്ത് വാർഷിക പദ്ധതി - ഭരണിക്കാവ് പഞ്ചായത്തിൽ മുണ്ടകത്തിൽ എസ് സി കോളനി (വാർഡ് നമ്പർ 21) യിൽ കുടിവെള്ള വിതരണം - 16,92,000 രൂപ

3. ആലപ്പുഴ ജില്ലാ പഞ്ചായത്ത് വാർഷിക പദ്ധതി - ചെട്ടികുളങ്ങര പഞ്ചായത്തിൽ മണ്ണാനേത്ത് എസ് സി. കോളനി (വാർഡ് നമ്പർ 5) യിൽ കുടിവെള്ള വിതരണം - 92,000 രൂപ

4. ആലപ്പുഴ ജില്ലാ പഞ്ചായത്ത് വാർഷിക പദ്ധതി - ചെട്ടികുളങ്ങര പഞ്ചായത്തിൽ കോനാകത്ത് എസ് സി. കോളനി (വാർഡ് നമ്പർ 1) യിൽ കുടിവെള്ള വിതരണം -1,24,000 രൂപ

5. 29- ആർ.ഡബ്ല്യൂ.എസ്.എസ്. - ആറാട്ടുപുഴ -നല്ലാണിക്കൽ - ട്യൂബ് വെൽ നിർമ്മാണം -8,60,000 രൂപ

6. 29-ആർ.ഡബ്ല്യൂ.എസ്.എസ്. - കണ്ടല്ലൂർ -ഓണപ്പള്ളി ടാങ്ക് സൈറ്റിൽ ട്യൂബ് വെൽ നിർമ്മാണം - 18,00,000 രൂപ

7. 29-ആർ.ഡബ്യൂ.എസ്.എസ്. - പത്തിയൂർ -ഏവൂർ അമ്പലം മാളിയേക്കൽ ഒ.എച്ച് ടാങ്ക് സൈറ്റ് - ട്യൂബ് വെൽ നിർമ്മാണം- 27,00,000 രൂപ

(ബി) വരൾച്ചാ ദുരിതാശ്വാസ പദ്ധതികൾ 2014-15-ൽ ടെണ്ടർ ചെയ്ത 1 മുതൽ 12 വരെയുള്ള എല്ലാ പ്രവൃത്തികളും പണി പൂർത്തീകരിച്ചു.

1. 69-വലിയഴീക്കൽ വേലിശ്ശേരി മണ്ണേൽ ഒ.എച്ച്. ടാങ്കുകളുടെ പുനരുദ്ധാരണം -എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

വരൾച്ച ദുരിതാശ്വാസ പദ്ധതികൾ

2015-16 :

1. ആലപ്പുഴ ജില്ലാ പഞ്ചായത്ത് വാർഷിക പദ്ധതി-ഭരണിക്കാവ് പഞ്ചായത്തിൽ പുത്തൻപുര എസ് സി. കോളനി (വാർഡ് നമ്പർ 9) യിൽ കുടിവെള്ള വിതരണം - എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിവരുന്നു.

2. ആലപ്പുഴ ജില്ലാ പഞ്ചായത്ത് വാർഷിക പദ്ധതി - ഭരണിക്കാവ് പഞ്ചായത്തിൽ മുണ്ടകത്തിൽ എസ്.സി കോളനി (വാർഡ് നമ്പർ 21) യിൽ കുടിവെള്ള വിതരണം - എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി വരുന്നു.

3. ആലപ്പുഴ ജില്ലാ പഞ്ചായത്ത് വാർഷിക പദ്ധതി - ചെട്ടികുളങ്ങര പഞ്ചായത്തിൽ മണ്ണാനേത്ത് എസ് സി. കോളനി (വാർഡ് നമ്പർ 5) യിൽ കുടിവെള്ള വിതരണം - എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി വരുന്നു.

4. ആലപ്പുഴ ജില്ലാ പഞ്ചായത്ത് വാർഷിക പദ്ധതി-ചെട്ടികുളങ്ങര പഞ്ചായത്തിൽ കോനാകത്ത് എസ് സി. കോളനി (വാർഡ് നമ്പർ 1)യിൽ കുടിവെള്ള വിതരണം - എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി വരുന്നു.

5. 29-ആർ.ഡബ്ല്യൂ.എസ്.എസ്.-ആറാട്ടുപുഴ-നല്ലാണിക്കൽ-ട്യൂബ് വെൽ നിർമ്മാണം - എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിവരുന്നു.
6. 29-ആർ.ഡബ്ല്യൂ.എസ്.എസ്. - കണ്ടല്ലൂർ - ഓണപ്പള്ളി ടാങ്ക് സൈറ്റിൽ ട്യൂബ് വെൽ നിർമ്മാണം -എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിവരുന്നു.
7. 29-ആർ.ഡബ്ല്യൂ.എസ്.എസ്. -പത്തിയൂർ-ഏവൂർ അമ്പലം മാളിയേക്കൽ ഒ.എച്ച്. ടാങ്ക് സൈറ്റ് -ട്യൂബ് വെൽ നിർമ്മാണം -എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിവരുന്നു.

**കായംകുളം മണ്ഡലത്തിലെ പൈപ്പുകളുടെ ജീർണ്ണാവസ്ഥ**

138(615) <u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ ശുദ്ധജല വിതരണത്തിനായി വാട്ടർ അതോറിറ്റി സ്ഥാപിച്ചിട്ടുള്ള പൈപ്പുകൾ കാലപ്പഴക്കത്താൽ ജീർണ്ണാവസ്ഥയിലായിട്ടുള്ളതും പലപ്പോഴും ജീവജാലങ്ങളുടെ അവശിഷ്ടങ്ങൾ കുടിവെള്ളത്തിൽ പ്രത്യക്ഷപ്പെട്ടുന്നുണ്ടെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പുതിയ പൈപ്പ് ലൈനുകൾ സ്ഥാപിച്ച് കുടിവെള്ള സുരക്ഷ ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കായംകുളം മണ്ഡലത്തിൽ ശുദ്ധജല വിതരണത്തിനായി വാട്ടർ അതോറിറ്റി സ്ഥാപിച്ചിട്ടുള്ള പൈപ്പുകളിൽ ഭൂരിഭാഗവും 35 വർഷത്തിനുമേൽ കാലപ്പഴക്കം ഉള്ളതാണ്. 300 എം.എം എ.സി മുതൽ 80 എം.എം എ.സി വരെയുള്ള പൈപ്പുകളാണ് നിലവിലുള്ളത്. 2011-ൽ കായംകുളം ബോട്ടുജെട്ടി ഭാഗത്ത് 2 തവണ ജീവജാലങ്ങളുടെ അവശിഷ്ടം കാണുകയും തുടർന്ന് പൈപ്പ് ലൈനിലെ ചോർച്ച കണ്ടെത്തി ലൈൻ സ്കവർ ചെയ്യുകയും സൂപ്പർ ക്ലോറിനേഷന് വിധേയമാക്കുകയുമുണ്ടായി. പിന്നീട് ഇത്തരം സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടില്ല.

(ബി) നിലവിലുള്ള പഴയ എ.സി പൈപ്പുകൾ പൂർണ്ണമായും മാറ്റുന്നതിന് 10.00 കോടി രൂപയുടെ പ്രൊപ്പോസൽ കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്.

## തകരാറിലായ പൈപ്പ് ലൈൻ

139(616) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വല്ലാർപാടം റെയിൽലൈൻ സ്ഥാപിക്കുന്നതിനിടെ തകരാറിലായ പൈപ്പ്‌ലൈനിനു പകരം വ്യാസം കുറഞ്ഞ പൈപ്പ് സ്ഥാപിച്ചതുമൂലം ആവശ്യാനുസരണം വെള്ളം പമ്പ് ചെയ്യാനാകാതെ പ്രദേശത്ത് ശുദ്ധജലക്ഷാമം അനുഭവപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പൈപ്പ് മാറ്റി പകരം അനുയോജ്യമായ പൈപ്പ് സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ;

(സി) പൈപ്പ് മാറ്റിസ്ഥാപിക്കുന്നതിന് തടസ്സങ്ങളുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ഡി) പ്രസ്തുത പൈപ്പ് എന്നത്തേക്ക് മാറ്റിസ്ഥാപിക്കാനാകുമെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) വല്ലാർപാടം റെയിൽവേ ലൈൻ സ്ഥാപിക്കുന്നതിനിടെ വൈപ്പിൻ ഭാഗത്തേയ്ക്കുള്ള പൈപ്പ് പൊട്ടി കുടിവെള്ള വിതരണം പാടെ നിലച്ച സാഹചര്യത്തിൽ, അടിയന്തരസാഹചര്യം കണക്കിലെടുത്ത് കുടിവെള്ള വിതരണം എത്രയും പെട്ടെന്ന് പുനഃസ്ഥാപിക്കേണ്ടതിനാലും കൂടുതൽ സാങ്കേതിക പരിശോധനയ്ക്കുള്ള സമയക്കുറവ് പരിഗണിച്ച് അന്ന് ലഭ്യമായ 400 എം.എം പി.വി.സി. പൈപ്പ് ഉപയോഗിച്ച് കുടിവെള്ള വിതരണം പുനഃസ്ഥാപിക്കുകയുണ്ടായി.

വല്ലാർപാടം റെയിൽവേലൈൻ സ്ഥാപിക്കുന്നതിനിടെ കേടുപാടുകൾ സംഭവിച്ച പൈപ്പ്‌ലൈനിന് പകരമായി പുതിയതായി 900 എം.എം എച്ച്.ഡി.പി.ഇ. പൈപ്പ് സ്ഥാപിക്കുന്നതിന് കരാർ അനുമതി നൽകി പ്രവൃത്തി ആരംഭിച്ച് റെയിൽവേ ക്രോസ്സിംഗ് ഒഴികെയുള്ള പണികൾ പൂർത്തീകരിച്ചിട്ടുണ്ട്.

ടി റെയിൽവേ ക്രോസ്സിംഗ് ചെയ്യുന്നതിന് 80 ലക്ഷം രൂപ അടച്ചതിനെ തുടർന്ന് റെയിൽവേയിൽ നിന്നുള്ള അനുമതി ലഭിച്ചിരുന്നു. എന്നാൽ വിഭാവനം ചെയ്തതിൽ നിന്നും വ്യത്യസ്തമായിട്ടാണ് റെയിൽവേ അംഗീകാരം നൽകിയത്.

തുടർ നടപടികൾ സ്വീകരിക്കുന്നതിലേയ്ക്കായി പ്രസ്തുത സ്ഥലം വിശദമായി പരിശോധിക്കേണ്ടതുണ്ട്. സൈറ്റ് ഇൻസ്പെക്ഷൻ നടത്തി വിശദമായ റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

(ഡി) പ്രസ്തുത സ്ഥലം വിശദമായി പരിശോധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സാദ്ധ്യതാപഠനം നടത്തി റിപ്പോർട്ട് ലഭിച്ചശേഷം മാത്രമേ ഈ വിഷയത്തിൽ അനുയോജ്യമായ തീരുമാനം കൈക്കൊള്ളാൻ കഴിയുകയുള്ളൂ.

**ആലത്തൂർ നിയോജകമണ്ഡലത്തിലെ കുടിവെള്ള പദ്ധതി**

140(617) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ കുഴൽമന്ദം, തേങ്കുറിശ്ശി, കണ്ണാടി എന്നീ പഞ്ചായത്തുകൾക്കുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) എന്തെല്ലാം പ്രവൃത്തികളാണ് ഇതിനകം പൂർത്തീകരിച്ചിട്ടുള്ളതെന്നും ഇനി എന്തെല്ലാമാണ് പൂർത്തീകരിക്കുവാനുള്ളതെന്നും വ്യക്തമാക്കാമോ;

(സി) പദ്ധതി പൂർത്തീകരിച്ച് എന്നത്തേയ്ക്ക് ജലവിതരണം നടത്തുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ കുഴൽമന്ദം തേങ്കുറിശ്ശി ഗ്രാമപഞ്ചായത്തുകളും പാലക്കാട് നിയോജകമണ്ഡലത്തിലെ കണ്ണാടി ഗ്രാമപഞ്ചായത്തും ഉൾപ്പെട്ട സമഗ്ര കുടിവെള്ള പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ താഴെപ്പറയുന്ന പ്രവൃത്തികളാണ് നടപ്പിലാക്കിവരുന്നത്.

1. 9.50 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണശാലയും അനുബന്ധഘടകങ്ങളുടെയും പ്രവൃത്തി പുരോഗമിച്ചുവരുന്നു.
2. നിലവിലെ കിണറിന്റെയും പമ്പ് ഹൗസിന്റെയും പുനരുദ്ധാരണ പ്രവൃത്തി നടന്നുവരുന്നു.
3. കിണറിൽ നിന്നും ജലശുദ്ധീകരണശാല വരെയുള്ള റോ വാട്ടർ പമ്പിംഗ് മെയിൻ, കുഴൽമന്ദം ടാങ്കിലേക്കും, തേങ്കുറിശ്ശി ടാങ്കിലേക്കും കണ്ണാടി ടാങ്കിലേക്കും ജലമെത്തിക്കുന്നതിനുള്ള പ്രധാന പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്ന പ്രവൃത്തി എന്നിവ 90% പൂർത്തീകരിച്ചു.

4. തേങ്കുറിശ്ശി ടാങ്കിൽ നിന്നും വെള്ളപ്പാറടാങ്ക് വരെയുള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി ഉടൻ ആരംഭിക്കുന്നതാണ്.

5. ഈ പദ്ധതിയുടെ അവശേഷിക്കുന്ന തുക കൊണ്ട് കണ്ണാടിയിൽ 6.00 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ടാങ്ക് നിർമ്മിക്കുവാനും വിതരണശൃംഖല സ്ഥാപിക്കാനുമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

ഈ പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ തെങ്കുറിശ്ശി സ്കൂൾ കോമ്പൗണ്ടിൽ 8.50 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉന്നതതല ജലസംഭരണിയുടെ പ്രവൃത്തി പൂർത്തീകരിച്ചു. മൂന്നു പഞ്ചായത്തുകളിലേയും ക്വാളിറ്റി പ്രശ്നം ഉള്ള വാർഡുകളിലേക്ക് വിതരണശൃംഖലകളുടെ പ്രവൃത്തി പൂർത്തീകരിച്ചു. ഈ പദ്ധതിയുടെ മൂന്നാം ഘട്ടത്തിന് 21-ാമത് എസ്. എൽ. എസ്. എസ്. സി.-യിൽ 1000 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി നൽകുന്നതിനുവേണ്ടിയുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(ബി) ഒന്നാം ഘട്ടം:- ജലശുദ്ധീകരണശാലയുടെ പ്രവൃത്തി 82% പൂർത്തീകരിച്ചു. പ്രധാന പൈപ്പ് ലൈനുകളുടെ പ്രവൃത്തി 87%-ഉം ടാങ്കുകളിലേയ്ക്കുള്ള പൈപ്പ് ലൈനുകളുടെ പ്രവൃത്തി 87%-ഉം പൂർത്തീകരിച്ചു. മോട്ടോർ പമ്പ് സെറ്റുകൾ സപ്ലൈ ചെയ്തു. കിണറിന്റെ പുനരുദ്ധാരണ പ്രവൃത്തി 20% പൂർത്തീകരിച്ചു.

രണ്ടാം ഘട്ടം:- പ്രവൃത്തികൾ പൂർത്തീകരിച്ചുവരുന്നു.

മൂന്നാം ഘട്ടം:- മൂന്നാം ഘട്ടത്തിന് സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ നടപടി പൂർത്തീകരിച്ച് പ്രവൃത്തികൾ ഉടൻ ആരംഭിക്കുന്നതാണ്.

(സി) ഈ പദ്ധതിയുടെ മൂന്നാം ഘട്ടത്തിന്റെ സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടി സ്വീകരിച്ച് പദ്ധതി 2017 ഡിസംബർ മാസം പൂർത്തീകരിച്ച് ജലവിതരണം നടത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**കുടിവെള്ളക്ഷാമം പരിഹരിക്കാൻ നടപടി**

141(618) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ അമ്പലപ്പാറ, തച്ചനാട്ടുകര എന്നീ ഗ്രാമപഞ്ചായത്തുകളിൽ അതിരൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനായി ശുദ്ധജലവിതരണ പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ; അതിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കാമോ;

(സി) ഏത് സ്കീമിൽ ഉൾപ്പെടുത്തി പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; ഇതിനായി എത്ര രൂപ വകയിരുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) അമ്പലപ്പാറ പഞ്ചായത്തിലേയ്ക്ക് ഒറ്റപ്പാലം യു. ഐ. ഡി. എസ്. എസ്. എം. റ്റി. (UIDSSMT) പ്ലാന്റിൽ നിന്നും വെള്ളം എത്തിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ട്. തച്ചനാട്ടുകര ഗ്രാമപഞ്ചായത്ത് കുടിവെള്ള പദ്ധതിക്ക് വേണ്ടി പാലക്കാട് പ്രോജക്ട് ഡിവിഷനിൽ പ്രാഥമിക എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

**കുടിവെള്ള പദ്ധതി പൂർത്തീകരിക്കാൻ മുൻസർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിയ കർമ്മ പദ്ധതികൾ**

142(619) ശ്രീ. കെ. മുരളീധരൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടിവെള്ള പദ്ധതി പൂർത്തീകരിക്കാൻ മുൻ സർക്കാർ എന്തെല്ലാം കർമ്മ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഇതുവഴി എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാനുള്ളത്;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടത്; വിശദമാക്കുമോ;

(ഡി) പദ്ധതി നിർമ്മാണത്തിൽ എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്; വിശദാംശം എന്തെല്ലാം?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ശുദ്ധജല പദ്ധതികൾ പൂർത്തിയാക്കാൻ മുൻ ഗവൺമെന്റ് 100 ദിന കർമ്മ പരിപാടി, സപ്തധാരാ പദ്ധതി, മിഷൻ 676 തുടങ്ങിയ കർമ്മപദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. 100 ദിന കർമ്മ പരിപാടിയിൽ 21 ശുദ്ധജലവിതരണ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാനും സപ്തധാരാ പദ്ധതി മുഖേന 33 പദ്ധതികളും, മിഷൻ 676 മുഖേന കേരളാ ജല അതോറിറ്റിയിൽ നിലവിൽ പണി നടന്നുകൊണ്ടിരിക്കുന്ന ചെറുതും വലുതുമായ 154 കുടിവെള്ള പദ്ധതികളും പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്.

(ബി) മേൽപ്പറഞ്ഞ കർമ്മപദ്ധതികൾ മുഖേന കേരള ജല അതോറിറ്റിയിൽ പണി നടന്നുകൊണ്ടിരുന്ന കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിച്ച് പൊതുജനങ്ങൾക്ക് ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുക എന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്.

(സി) കേരള ജല അതോറിറ്റിയിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ചെറുതും വലുതുമായ പദ്ധതികൾ അടിയന്തിരമായി പൂർത്തീകരിക്കാൻ വേണ്ടി സർക്കാർ തലത്തിൽ അവലോകന യോഗങ്ങൾ കൂടുകയും തടസ്സങ്ങൾ നീക്കുന്നതിനായി നടപടി സ്വീകരിക്കുകയും ചെയ്യുന്നു.

(ഡി) മേൽപ്പറഞ്ഞ കർമ്മപദ്ധതികൾ മുഖേന 158 പദ്ധതികൾ പൂർത്തീകരിച്ച് കൂടുതൽ ജനങ്ങൾക്ക് ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കിയിട്ടുണ്ട്.

**തിരുവമ്പാടി - മേജർ കുടിവെള്ള പദ്ധതി**

143(620) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മേജർ കുടിവെള്ള പദ്ധതിയുടെ നിലവിലുള്ള അവസ്ഥ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകി പ്രവൃത്തി ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) തിരുവമ്പാടി നിയോജകമണ്ഡലത്തിലുൾപ്പെട്ട മുക്കം, കാരശ്ശേരി, കൊടിയത്തൂർ, ഓമശ്ശേരി എന്നീ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള കുടിവെള്ള പദ്ധതിക്ക് ഭരണാനുമതി നൽകിയെങ്കിലും ജലശുദ്ധീകരണശാലക്കാവശ്യമായ സ്ഥലം ലഭ്യമായില്ല. മുക്കം, കാരശ്ശേരി, കൊടിയത്തൂർ എന്നീ പഞ്ചായത്തുകളുൾപ്പെടുത്തിക്കൊണ്ട് ചാത്തമംഗലത്തിനും സമീപ പഞ്ചായത്തുകൾക്കുമായുള്ള ഒരു സമഗ്ര കുടിവെള്ള പദ്ധതി പരിഗണനയിലാണ്.

**പോത്തുണ്ടി കുടിവെള്ള പദ്ധതി**

144(621) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോത്തുണ്ടി കുടിവെള്ള പദ്ധതിയുടെ വിപുലീകരണ പ്രവൃത്തികൾ ഏത് ഘട്ടം വരെയായി എന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതി എന്ന് പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ അവശേഷിക്കുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ജലശുദ്ധീകരണശാലയുടെ 68% പണി പൂർത്തീകരിച്ചിട്ടുണ്ട്. പമ്പിംഗ് മെയിൻ 4000 മീറ്റർ സ്ഥാപിക്കേണ്ടതിൽ 2800 മീറ്റർ നീളത്തിൽ സ്ഥാപിച്ചു കഴിഞ്ഞു. അനുകൂല കാലാവസ്ഥയിൽ മാത്രമേ പോത്തുണ്ടി ഡാം മുതൽ ശുദ്ധീകരണശാല വരെയുള്ള പൈപ്പ് ലൈൻ സ്ഥാപിക്കാൻ കഴിയുകയുള്ളൂ. പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകിയ 1100 ലക്ഷം രൂപയുടെ ബാക്കി തുക കൊണ്ട് 2800 മീറ്റർ നീളത്തിൽ ചെമ്മണം തോട് മുതൽ നെന്മാറ ഉന്നതതല ജലസംഭരണി വരെ 350 എം.എം.ഡി.ഐ. പൈപ്പ് സ്ഥാപിക്കാനുള്ള പ്രവൃത്തി, 100 മീറ്റർ നീളം ഒഴികെ ബാക്കി പൈപ്പുകൾ സ്ഥാപിച്ചുകഴിഞ്ഞു. പി.ഡബ്ല്യൂ.ഡി. റോഡിലുള്ള പൈപ്പ് ലൈൻ പ്രവൃത്തികൾ മഴ കാരണം നിർത്തിവച്ചിരിക്കുകയാണ്.

(ബി) പ്രസ്തുത പദ്ധതി 30-10-2016-ന് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്.

(സി) രണ്ടാം ഘട്ടമായി മേലാർക്കോട്, അയിലൂർ പഞ്ചായത്തുകൾക്കുള്ള ജലസംഭരണിയും അതിലേക്കുള്ള പമ്പിംഗ് മെയിനും ഉൾപ്പെടുത്തി പ്രോജക്ട് തയ്യാറാക്കിവരുന്നു.

**കാസർഗോഡ് ജില്ലയിലെ ബാവിക്കര കുടിവെള്ള പദ്ധതി**

145(622) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ബാവിക്കര കുടിവെള്ള പദ്ധതിയുടെ നിലവിലുള്ള സ്ഥിതി വിശദമാക്കാമോ ;

(ബി) ഈ പ്രവൃത്തി എന്നാണ് തുടങ്ങിയതെന്നും ഉപേക്ഷിച്ചുപോയ കരാറുകാർ, ചെലവാക്കിയ തുക എന്നിവയുടെ വിശദാംശങ്ങളും അറിയിക്കാമോ ;

(സി) പണി ഉപേക്ഷിച്ചുപോയ കരാറുകാർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ ;

(ഡി) പ്രസ്തുത പ്രവൃത്തി റീ-ടെണ്ടർ ചെയ്യുമ്പോൾ കരാറുകാർ ഉപേക്ഷിക്കുന്ന നടപടി ഒഴിവാക്കാനായി ഡിവൈൻ ടെണ്ടർ സ്വീകരിച്ച് സർക്കാർ നിയന്ത്രണത്തിലുള്ള ഏജൻസിയെ ഏൽപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; വിശദാംശങ്ങൾ അറിയിക്കുമോ ?

<u>ഉത്തരം</u>

(എ) നിലവിൽ ഈ പദ്ധതിയുടെ പ്രവൃത്തികൾ നിർത്തിവച്ചിരിക്കുകയാണ്.

(ബി) ഈ പദ്ധതിയുടെ പ്രവൃത്തികൾ ആരംഭിച്ചത് 2005-ൽ ആണ്. പ്രവൃത്തിയുടെ ആദ്യ കരാറുകാരനായ ശ്രീ. എം. എം. എ. ഹാരീസിന് 277.42 ലക്ഷം രൂപയും രണ്ടാമത്തെ കരാറുകാരനായ ശ്രീ. കെ. മൊയ്തീൻ കുട്ടി ഹാജിക്ക് 164.83 ലക്ഷം രൂപയും നൽകിയിട്ടുണ്ട്.

(സി) ഇല്ല. ആദ്യകരാറുകാരൻ അധിക നിരക്ക് ആവശ്യപ്പെടുകയും ഗവൺമെന്റ് അത് അംഗീകരിക്കാതെ വരികയും ഗവൺമെന്റ് തീരുമാനം അനുസരിച്ച് കരാറുകാരന്റെ നഷ്ടോത്തരവാദിത്വമില്ലാതെ കരാർ റദ്ദാക്കുകയും ചെയ്തു. ബാക്കി പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാരൻ പണി തുടർന്നു വന്നപ്പോൾ സൈറ്റ് കണ്ടീഷനിൽ വന്ന ചില അപ്രതീക്ഷിത വ്യതിയാനങ്ങൾ കാരണം രൂപകൽപ്പനയിൽ മാറ്റം വരുത്തേണ്ടതായും എസ്റ്റിമേറ്റ് പുതുക്കേണ്ടതായും വന്നു. പുതുക്കിയ എസ്റ്റിമേറ്റിൽ ഒറിജിനൽ എഗ്രിമെന്റ് ഷെഡ്യൂളിൽ ഇല്ലാത്ത ഇനങ്ങൾക്ക് കരാറുകാരൻ സപ്ലിമെന്ററി എഗ്രിമെന്റ് വച്ച് ഇനങ്ങളും റേറ്റും സ്വീകരിക്കേണ്ടതാണ്. രണ്ടാമത്തെ കരാറുകാരൻ ഇവ സ്വീകരിക്കാത്തതിനാൽ പ്രവൃത്തിയിൽ നിന്നും ഒഴിവാക്കേണ്ടി വന്നു. പ്രവൃത്തി സൈറ്റിൽ വന്ന സാങ്കേതിക പ്രശ്നങ്ങൾ കരാറുകാരുടെ ഉത്തരവാദിത്വത്തിനു പുറത്തായതിനാൽ അവർക്കെതിരെ നടപടി സ്വീകരിച്ചില്ല.

(ഡി) അത്തരം ഒരു നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

## കാലപ്പഴക്കംവന്ന പൈപ്പുകൾ മാറ്റിസ്ഥാപിക്കാൻ നടപടി

146(623) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടമക്കുടിയിൽ ശുദ്ധജല വിതരണ ശൃംഖലയിലെ കാലപ്പഴക്കംവന്ന പൈപ്പുകൾ മാറ്റിസ്ഥാപിക്കാത്തതുമൂലം ശുദ്ധജലം പാഴാകുന്നതും ശുദ്ധജലക്ഷാമം രൂക്ഷമാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ, ഇക്കാര്യത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടി വ്യക്തമാക്കാമോ;

(ബി) കാലപ്പഴക്കം വന്ന പൈപ്പുകൾ മാറ്റിസ്ഥാപിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കാനുള്ള നിർദ്ദേശം നൽകുമോ;

(സി) പൈപ്പുകൾ മാറ്റിസ്ഥാപിക്കുന്നതിൽ തടസ്സങ്ങളുണ്ടെങ്കിൽ വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കടമക്കുടി പഞ്ചായത്തിലെ വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിലേയ്ക്കായി 1200 ലക്ഷം രൂപയുടെ ഒരു പദ്ധതി കോംപ്രിഹെൻസീവ് ഡെവലപ്മെന്റ് പ്ലാനിന്റെ (സി.ഡി.പി.) ഭാഗമായി സർക്കാരിന്റെ പരിഗണനയിലുണ്ട്. കൂടാതെ, പൈപ്പുകൾ പൊട്ടുമ്പോൾ യഥാസമയം അറ്റകുറ്റപ്പണികൾ നടത്തി ജലവിതരണം സുഗമമായി നടക്കുന്നതിനു വേണ്ട നടപടി സ്വീകരിച്ചുവരുന്നു.

## ഞാറയ്ക്കൽ, മുരിക്കുംപാടം ഓവർഹെഡ് വാട്ടർ ടാങ്കുകളുടെ നിർമ്മാണം

147(624) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജിഡ കുടിവെള്ള പദ്ധതിയുടെ ഭാഗമായതും, നിർമ്മാണം മുടങ്ങിക്കിടക്കുന്നതുമായ ഞാറയ്ക്കൽ, മുരിക്കുംപാടം ഓവർഹെഡ് വാട്ടർ ടാങ്കുകളുടെ നിർമ്മാണം പുനരാരംഭിക്കുന്നതിനുള്ള നടപടി വിശദമാക്കുമോ; നിർമ്മാണം നടത്തുന്നതിൽ തുടർച്ചയായി അലംഭാവം കാണിക്കുന്ന കരാറുകാരനെതിരെ സർക്കാർ സ്വീകരിച്ച നടപടി എന്തെന്ന് വ്യക്തമാക്കാമോ; ടി പ്രവൃത്തി എന്നത്തേയ്ക്ക് പുനരാരംഭിക്കുമെന്ന് വിശദമാക്കാമോ?

ഉത്തരം

ജിഡ കുടിവെള്ള പദ്ധതിയുടെ ഭാഗമായ ഞാറയ്ക്കൽ, മുരിക്കുംപാടം ഓവർഹെഡ് വാട്ടർ ടാങ്കുകളുടെ പണി പൂർത്തീകരിക്കാനുള്ള സമയപരിധി 31-12-2015 വരെ ആയിരുന്നു. എന്നാൽ നിശ്ചിത സമയത്തിനുള്ളിൽ പണി പൂർത്തീകരിക്കാത്തതിനാൽ എഗ്രിമെന്റ് എക്സിക്യൂട്ടീവ് അധികാരിയായ ചീഫ് എഞ്ചിനീയർ, പിഴയോടുകൂടി 30-6-2016 വരെ സമയ പരിധി നീട്ടിക്കൊടുത്തിരുന്നു. അതുപ്രകാരം കരാറുകാരനിൽ നിന്നും 30-6-2016 വരെയുള്ള പുതുക്കിയ പ്രോഗ്രാം ചാർട്ട് വാങ്ങിക്കുകയും പണി പൂർത്തീകരിക്കാനുള്ള എല്ലാ സൗകര്യങ്ങളുമുണ്ടെന്ന് ഉറപ്പുവരുത്തി പണികളുടെ പുരോഗതി എല്ലാ ആഴ്ചയും സൂക്ഷ്മമായി വിലയിരുത്തുകയുമുണ്ടായി.

എന്നാൽ ടി പ്രവൃത്തിക്ക് കാര്യമായ യാതൊരു പുരോഗതിയുമില്ലാത്തതിനാൽ ടി കരാറുകാരനെതിരെ നിയമാനുസൃതമായ നടപടികൾ സ്വീകരിച്ച്, പ്രവൃത്തികൾ പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

## കിളിമാനൂർ, പഴയകുന്നുമ്മേൽ, മടവൂർ ഗ്രാമപഞ്ചായത്തുകൾക്കായുള്ള കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ

148(625) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ, പഴയകുന്നുമ്മേൽ, മടവൂർ ഗ്രാമപഞ്ചായത്തുൾക്കായുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്നും ഇനി എന്തെല്ലാം പണികളാണ് അവശേഷിക്കുന്നതെന്നും ഇത് എന്നത്തേക്ക് കമ്മീഷൻ ചെയ്യുവാനാണ് തീരുമാനിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കായി ആകെ എന്ത് തുകയാണ് അനുവദിച്ചിട്ടുള്ളതെന്നും ഇതിനകം എന്ത് തുക ചെലവഴിച്ച് കഴിഞ്ഞുവെന്നും വിശദമാക്കാമോ?

ഉത്തരം

(എ) കിളിമാനൂർ, പഴയകുന്നുമ്മേൽ, മടവൂർ ഗ്രാമപഞ്ചായത്തുകൾക്കായുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ ഇപ്പോഴത്തെ സ്ഥിതി താഴെ വിവരിക്കുന്നു.

പാക്കേജ്-1 :- കൈലാസംകുന്നിൽ 14.64 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതല ജലസംഭരണിയുടെ നിർമ്മാണവും 8.92 കി.മീ. നീളത്തിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പണികളും പൂർത്തിയായിക്കഴിഞ്ഞു.

പാക്കേജ്- 2 :- 8.77 എം.എൽ.ഡി ജല ശുദ്ധീകരണശാലയുടെ നിർമ്മാണം ഇരട്ടച്ചിറയിൽ പൂർത്തീകരിച്ചു.

പാക്കേജ്-3 :- കിളിമാനൂർ, പഴയകുന്നമ്മേൽ, മടവൂർ ഗ്രാമപഞ്ചായത്തുകൾക്ക വേണ്ടിയുള്ള 57.45 കീ.മീ. നീളത്തിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പണിയും മറ്റ് അനുബന്ധ പണികളും പൂർത്തിയായി.

പാക്കേജ്-4 :- കടൽകാണി കുന്നിലെ 4.37 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതല സംഭരണിയുടെ നിർമ്മാണവും 31.18 കി.മീ. പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പണികളും പൂർത്തിയായിക്കഴിഞ്ഞു.

പാക്കേജ്-5 :- കാരേറ്റ് പാലത്തിനു സമീപം 9 മീ. വ്യാസമുള്ള കിണറിന്റെയും പമ്പ് ഹൗസിന്റെയും പണികളും അതിനോടനുബന്ധിച്ച് 16.72 കി.മീ. പൈപ്പ് ലൈനിന്റെയും പണികളും പൂർത്തീകരിച്ചു.

പാക്കേജ്-6 :- കിളിമാനൂർ, പഴയകുന്നമ്മേൽ, മടവൂർ ഗ്രാമപഞ്ചായത്തുകൾക്ക വേണ്ടിയുള്ള 4.22 കീ.മീ. ദൂരത്തിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പണികൾ പൂർത്തിയായിക്കഴിഞ്ഞു.

പാക്കേജ്-7 :- കാരേറ്റ് പമ്പ്ഹൗസ്, ഇരട്ടച്ചിറ പമ്പ് ഹൗസ്, തട്ടത്തുമല പമ്പ് ഹൗസ് എന്നിവിടങ്ങളിലെ പമ്പ് സെറ്റുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ 60% പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

പാക്കേജ്-8 :- കാരേറ്റ് പമ്പ് ഹൗസിനു സമീപം ഇൻഡോർ ട്രാൻസ്ഫോർമർ കെട്ടിടത്തിന്റെയും തട്ടത്തുമല പമ്പ് ഹൗസിൽ ഇൻഡോർ ട്രാൻസ്ഫോർമറിന്റെയും അനുബന്ധ ഘടകങ്ങളുടെയും പണികൾ അന്തിമ ഘട്ടത്തിലാണ്. 95% പണികൾ പൂർത്തിയായി.

പാക്കേജ്-7 :- ൽ അവശേഷിക്കുന്ന പണികൾ-

1. പാനൽ ബോർഡ്, മോട്ടോർ, ട്രാൻസ്ഫോർമർ എന്നിവ സ്ഥാപിക്കുന്ന പണികൾ
2. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ അനുമതിയും കെ.എസ്.ഇ.ബി.-യിൽ നിന്നും വൈദ്യുത കണക്ഷന്റെ ലഭ്യതയും.

പാക്കേജ് -8-ൽ അവശേഷിക്കുന്ന പണികൾ:-

ചുറ്റുമതിലിന്റെ പണിയും യാർഡ് ലൈറ്റിംഗുമായി ബന്ധപ്പെട്ട പണികളും. ഈ പദ്ധതി 31-10-16-നകം കമ്മീഷൻ ചെയ്യാവുന്നതാണ്.

(ബി) പ്രസ്തുത പദ്ധതിയുടെ അടങ്കൽ തുക 3100 ലക്ഷം രൂപയാണ്. ഇതിനകം 2349.06 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

## കോട്ടക്കൽ -കല്ലാകായം -പറപ്പൂർ കുടിവെള്ള പദ്ധതി

149(626) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ കുടിവെള്ള പദ്ധതിയായ കോട്ടക്കൽ-കല്ലാകായം-പറപ്പൂർ പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കോട്ടക്കൽ പറപ്പൂർ കുടിവെള്ള പദ്ധതി വഴി ഇപ്പോൾ കുടിവെള്ള വിതരണം നടത്തുന്നുണ്ട്.

(ബി) ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതി പൂർത്തീകരിച്ചു. കുടിവെള്ള വിതരണം നടത്തുന്നുണ്ട്.

## ജീവനക്കാരുടെ സ്ഥലംമാറ്റം

150(627) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജലവിഭവ വകുപ്പിൽ എത്ര ജീവനക്കാരെ കാലാവധി തീരും മുമ്പ് സ്ഥലംമാറ്റി നിയമിച്ചു;

(ബി) ജില്ല തിരിച്ചും തസ്തിക തിരിച്ചുമുള്ള കണക്കുകൾ വെളിപ്പെടുത്താമോ;

(സി) മാനദണ്ഡങ്ങൾ പാലിക്കാതെയുള്ള ഇത്തരം സ്ഥലംമാറ്റങ്ങൾ പുനഃപരിശോധിക്കാൻ തയ്യാറാകുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭരണപരമായ കാര്യങ്ങളാലും പൊതുജന താത്പര്യാർത്ഥവും കേരള ജല അതോറിറ്റിയിൽ മൂന്നു വർഷ കാലാവധി കഴിയാത്ത 24 ജീവനക്കാരെയും ജലസേചന വകുപ്പിൽ കാലാവധി തീരും മുമ്പ് അഞ്ച് ജീവനക്കാരെയും സ്ഥലംമാറ്റി നിയമിച്ചിട്ടുണ്ട്.

(ബി) കാലാവധി തീരുംമുമ്പ് സ്ഥലംമാറ്റി നിയമിച്ചവരുടെ ജില്ല തിരിച്ചും തസ്തിക തിരിച്ചുമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു :

കേരള ജല അതോറിറ്റി

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ :

തിരുവനന്തപുരം -1

എറണാകുളം -1

ഡ്രൈവർ :

കോട്ടയം -1

ഹെഡ് ക്ലാർക്ക് :

തിരുവനന്തപുരം-3

കോഴിക്കോട് -2

കാസർഗോഡ്-2

പാലക്കാട്-1

കൊല്ലം -4

എറണാകുളം -1

ജൂനിയർ സൂപ്രണ്ട് :

കൊല്ലം-1

ആലപ്പുഴ-1

മീറ്റർ ഇൻസ്പെക്ടർ :

മലപ്പുറം -1

കോട്ടയം -1

പ്ലംബർ :

തിരുവനന്തപുരം-1

ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് II :

ആലപ്പുഴ -1

തൃശ്ശൂർ -1

ഇടുക്കി-1

ജലസേചന വകുപ്പ് :

ഡ്രാഫ്റ്റ്സ്മാൻ -1 (കോട്ടയത്തു നിന്നും തിരുവനന്തപുരം ഐ.ഡി.ആർ.ബി.യിലേക്ക്)

ജൂനിയർ സൂപ്രണ്ട് :

തിരുവനന്തപുരം-1

ടൈപ്പിസ്റ്റ് :

തിരുവനന്തപുരം-3

(സി) ഭരണപരമായ കാരണങ്ങളാലും പൊതുജന താല്പര്യാർത്ഥവും അതോടൊപ്പം അപേക്ഷ പ്രകാരവുമുള്ള സ്ഥലം മാറ്റങ്ങൾ മാത്രമേ നടത്തിയിട്ടുള്ളൂ.

**കുന്നമ്മൽ കുടിവെള്ള പദ്ധതി**

151(628) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജകമണ്ഡലത്തിലെ കുന്നമ്മൽ അനുബന്ധ കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവൃത്തി വൈകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ ത്വരിതപ്പെടുത്തി കുടിവെള്ള വിതരണം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

## തൊഴിൽ വകുപ്പിനുകീഴിലുള്ള തൊഴിലാളി ക്ഷേമനിധി ബോർഡുകൾ

152(629) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിൽ വകുപ്പിനുകീഴിൽ എത്ര തൊഴിലാളി ക്ഷേമനിധി ബോർഡുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; ഓരോന്നിന്റെയും പേരും ഏതെല്ലാം വിഭാഗത്തിൽപ്പെട്ട തൊഴിലാളികൾക്ക് ഏതെല്ലാം തരത്തിലുള്ള ആനുകൂല്യങ്ങളാണ് ഓരോ ബോർഡിൽ നിന്നും നൽകിവരുന്നതെന്നും പ്രത്യേകം വ്യക്തമാക്കാമോ;

(ബി) കേന്ദ്ര നിയമം നടപ്പിലാക്കിയിട്ടുള്ള ഏതെല്ലാം ബോർഡുകൾ പ്രവർത്തിക്കുന്നുണ്ടെന്നുളള വിശദാംശം ലഭ്യമാക്കാമോ;

(സി) ഓരോ ബോർഡിന്റെയും പേർക്ക് വിവിധ ബാങ്കുകളിൽ നിക്ഷേപിച്ചിട്ടുള്ള തുകയുടെ വിശദാംശം ലഭ്യമാക്കാമോ;

(ഡി) ക്ഷേമ ബോർഡുകളിൽ നിന്നും പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യ വിതരണത്തിൽ കുടിശ്ശികയുള്ള സ്ഥാപനങ്ങളുണ്ടോ; ഉണ്ടെങ്കിൽ അവ ഏതെല്ലാമെന്ന് വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) തൊഴിൽ വകുപ്പിന് കീഴിൽ 16 ക്ഷേമനിധി ബോർഡുകൾ പ്രവർത്തിക്കുന്നു. വിശദവിവരങ്ങൾ അനുബന്ധം -1 ആയി ചേർത്തിരിക്കുന്നു.*

(ബി) കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് കേന്ദ്രനിയമത്തിന്റെ അടിസ്ഥാനത്തിലാണ് പ്രവർത്തിക്കുന്നത്.

കേരള അസംഘടിത തൊഴിലാളി ക്ഷേമനിധി ബോർഡ് കേന്ദ്ര നിമയപ്രകാരം 2-2-2016-ലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ.24/2016/ തൊഴിൽ നിലവിൽ വന്നിട്ടുണ്ട്.

(സി) വിശദവിവരങ്ങൾ അനുബന്ധം-2 ൽ ചേർക്കുന്നു.*

(ഡി) ആനുകൂല്യ വിതരണത്തിൽ കുടിശ്ശികയുള്ള സ്ഥാപനങ്ങളുടെ വിവരം താഴെ കൊടുത്തിരിക്കുന്നു:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

1. കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡിൽ 03/2014 മുതൽ സ്റ്റാറ്റേർഡ് വിഭാഗത്തിൽ പെൻഷൻ കുടിശ്ശികയുണ്ട്.

2. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ മരണാനന്തര ധനസഹായം, അധിവർഷ ആനുകൂല്യം, വിവാഹ ധനസഹായം, പ്രസവ ധനസഹായം, ചികിത്സാ ധനസഹായം എന്നിവയിൽ ആകെ 251.69 കോടി രൂപ കുടിശ്ശികയുണ്ട്.

3. കേരള ബാർബർ തൊഴിലാളി ക്ഷേമനിധി പദ്ധതി, കേരള അലക്ക് തൊഴിലാളി ക്ഷേമനിധി പദ്ധതി എന്നിവയിൽ 07/2015 മുതൽ പെൻഷൻ കുടിശ്ശികയുണ്ട്.

4. കേരള ബീഡി & സിഗാർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നവംബർ 2015 മുതൽ പെൻഷൻ കുടിശ്ശികയുണ്ട്.

5. കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിൽ ഡിസംബർ 2015 മുതൽ പെൻഷൻ കുടിശ്ശികയുണ്ട്.

6. കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിൽ 2015 ആഗസ്റ്റ് മാസം മുതൽ പെൻഷൻ കുടിശ്ശികയുണ്ട്.

7. കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിൽ 07/2015 മുതൽ പെൻഷൻ കുടിശ്ശികയുണ്ട്.

**തൊഴിലാളികൾക്ക് സംരക്ഷണം**

153(630) ശ്രീ. പി. ടി. തോമസ് :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലാളികൾക്ക് സംരക്ഷണം നൽകാൻ മുൻ ഗവൺമെന്റ് എന്തെല്ലാം കർമ്മപദ്ധതിയാണ് തയ്യാറാക്കിയത്; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിരുന്നത്; വിശദമാക്കുമോ;

(ഡി) ഈ പദ്ധതി നിർവ്വഹണത്തിൽ എന്തെല്ലാം ലക്ഷ്യങ്ങൾ കൈവരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) 2011 മുതൽ 2014 വരെ 13 തൊഴിൽ മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ 5 പുതിയ തൊഴിൽ മേഖലകളിൽക്കൂടി മിനിമം വേതനം നിശ്ചയിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. 41 തൊഴിൽ മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ മിനിമം വേതന അഡ്വൈസറി ബോർഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നത് വഴി തൊഴിലാളികൾക്ക് ദൈനംദിന ജീവിതത്തിനുള്ള കൂലി ലഭിക്കുവാൻ കഴിയും. കൂടുതൽ മേഖലകളെ മിനിമം കൂലി നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരികയും അവർക്കായി കൂലി നിശ്ചയിക്കുകയും ചെയ്യുന്നതുവഴി കൂടുതൽ വിഭാഗം തൊഴിലാളികൾക്കുകൂടി മിനിമം കൂലിയുടെ പരിരക്ഷ നൽകാൻ സാധിക്കുന്നതാണ്.

(സി) സ്വകാര്യ സ്ഥാപനങ്ങളിൽ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ സ്ക്വാഡ് പരിശോധനകൾ നടത്തുമ്പോഴും മറ്റ് വകുപ്പുകളുമായി ചേർന്ന് ജോയിന്റ് ഇൻസ്പെക്ഷൻ നടത്തുമ്പോഴും ശ്രദ്ധയിൽപ്പെടുന്ന നിയമലംഘനങ്ങൾക്ക് എതിരെയും സ്ഥാപന മാനേജ്മെന്റുകൾക്കെതിരെയും ക്ലെയിം പെറ്റീഷനുകളും പ്രോസിക്യൂഷനുമുൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിക്കാറുണ്ട്.

(ഡി) ഈ പദ്ധതി നടപ്പിലാക്കിയതുവഴി തൊഴിലാളികൾക്ക് ബാങ്ക് മുഖേന വേതനം ലഭ്യമാക്കുന്നതോടൊപ്പം നിയമം അനുശാസിക്കുന്ന കുറഞ്ഞ വേതനം തൊഴിലാളികൾക്ക് യഥാസമയം ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും കൂടാതെ തൊഴിലാളികൾക്ക് വേജ് സ്ലിപ്പ് നേരിട്ട് ഓൺലൈൻ മുഖേന ലഭ്യമാക്കുന്നതിനും കഴിയുന്നതാണ്. തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർക്ക് 1948-ലെ മിനിമം വേതന നിയമപ്രകാരവും, 1936 ലെ വേതനം കൊടുക്കൽ നിയമപ്രകാരവും നിശ്ചയിക്കപ്പെട്ട വേതനം കൃത്യസമയത്ത് ലഭ്യമാക്കുന്നുണ്ടോയെന്ന് ഓൺലൈനായിത്തന്നെ പരിശോധിക്കുന്നതിനും ഇതിൽ വീഴ്ചവരുത്തുന്ന സ്ഥാപന ഉടമകൾക്കെതിരെ നിയമ നടപടി സ്വീകരിക്കാനും കഴിയും. ഇതുവരെ 279 സ്ഥാപനങ്ങൾ ഈ പദ്ധതിയുടെ പരിധിയിൽ വന്നിട്ടുണ്ട്. ടി സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് 67.86 കോടി രൂപയോളം വേതന സുരക്ഷാപദ്ധതി മുഖേന ഇതിനകം കൈമാറികഴിഞ്ഞിട്ടുണ്ട്.

**ഒരു തൊഴിലാളി- ഒരു ഇ. പി.എഫ്. അക്കൗണ്ട് പദ്ധതി**

154(631) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'ഒരു തൊഴിലാളി - ഒരു ഇ.പി.എഫ്. അക്കൗണ്ട് എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) നിർമ്മാണ മേഖലയിലെ തൊഴിലാളികളേയും കരാർ തൊഴിലാളികളേയും എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് പദ്ധതിയിൽ അംഗമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ഒരു തൊഴിലാളിയുടെ വ്യത്യസ്ത പി.എഫ്. അക്കൗണ്ട് നമ്പരുകളെ ഏകീകരിച്ച് ഒറ്റ നമ്പരിന്റെ കീഴിൽ കൊണ്ടുവരുന്നതിനായി യൂണിവേഴ്സൽ അക്കൗണ്ട് നമ്പർ [Universal Account Number (UAN)] എന്ന പുതിയ പദ്ധതി ഇ. പി. എഫ്. ഓർഗനൈസേഷൻ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) പൊതുമേഖലാ സ്ഥാപനങ്ങൾ/നിർമ്മാണ മേഖലയിലെ തൊഴിലാളി സംഘടനകൾ/പ്രമുഖ നിർമ്മാണ കമ്പനികൾ എന്നീ മേഖലയിലെ തൊഴിലാളികളെ ഇ.പി.എഫ്-ന്റെ പരിധിയിൽ ഉൾപ്പെടുത്താൻ നിർദ്ദേശിക്കുകയും അതനുസരിച്ച് അർഹതപ്പെട്ടവരുടെ അംഗത്വം ഉറപ്പാക്കാൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കോൺട്രാക്ട് നൽകുന്ന എല്ലാ സ്ഥാപനങ്ങളും (Principal Employer) അതിന്റെ വിശദവിവരങ്ങൾ ഇ.പി.എഫ്. ഓർഗനൈസേഷന്റെ വെബ്സൈറ്റിൽ (www.epfindia.gov.in) പ്രത്യേകമായി തയ്യാറാക്കിയിട്ടുള്ള പോർട്ടലിൽ രേഖപ്പെടുത്തുന്നതിനും അതുവഴി കരാർ തൊഴിലാളികൾക്ക് ഇ.പി.എഫ്.-ൽ അംഗത്വം നൽകാനും നടപടി ആരംഭിച്ചിട്ടുണ്ട്. കൂടാതെ കൺസ്ട്രക്ഷൻ സൈറ്റുകളിൽ പരിശോധന നടത്തുകയും അർഹതപ്പെട്ടവരെ കണ്ടുപിടിച്ച് പി.എഫ്. അംഗത്വം നിർബന്ധമാക്കാനുള്ള പദ്ധതികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

**ഇതര സംസ്ഥാന തൊഴിലാളികളുടെ വിശദാംശങ്ങൾ**

155(632) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പണിയെടുക്കുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ എണ്ണം കണക്കാക്കുകയും അവരുടെ തിരിച്ചറിയൽ രേഖകളുടെ വിശദാംശങ്ങൾ ശേഖരിക്കുകയും ചെയ്തിട്ടുണ്ടോ; വിശദീകരിക്കുമോ ;

(ബി) പ്രസ്തുത തൊഴിലാളികളുടെ വരവു-പോക്കുകൾ, ജോലിസ്ഥലം എന്നിങ്ങനെയുള്ള വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കാനുള്ള സംവിധാനം നിലവിലുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ;

(സി) ഇതര സംസ്ഥാന തൊഴിലാളികൾ മുഖേന പകർച്ചവ്യാധികൾ വ്യാപിക്കാൻ ഇടയാകുന്നതിനാൽ സംസ്ഥാനത്ത് എത്തുമ്പോൾ ഇവർക്കുവേണ്ടി ഏതെങ്കിലും തരത്തിലുള്ള നിർബന്ധ ആരോഗ്യപരിശോധനാ സംവിധാനം ഒരുക്കിയിട്ടുണ്ടോ; വിശദീകരിക്കാമോ;

(ഡി) സംസ്ഥാനത്ത് നടക്കുന്ന പല കുറ്റകൃത്യങ്ങളിലും ഇതരസംസ്ഥാന തൊഴിലാളികൾ പങ്കാളികളാകുന്ന സാഹചര്യത്തിൽ ഇവരെ നിരീക്ഷിക്കാനും നിയന്ത്രിക്കാനുമുള്ള എന്തെങ്കിലും സംവിധാനം ആസൂത്രണം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) തൊഴിൽ വകുപ്പിന്റെ ആവശ്യപ്രകാരം 2013-ൽ ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ ഏറ്റെടുത്ത് നടത്തിയ പഠന റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് 25 ലക്ഷത്തിലധികം ഇതര സംസ്ഥാന തൊഴിലാളികൾ വിവിധ മേഖലകളിൽ തൊഴിൽ ചെയ്യുന്നതായി കണ്ടെത്തിയിരുന്നു. 2010-ൽ സംസ്ഥാന സർക്കാർ നടപ്പാക്കിയ കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയിൻ കീഴിൽ 53136 കുടിയേറ്റ തൊഴിലാളികൾക്ക് രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്. ഈ പദ്ധതിയിൻകീഴിൽ തിരിച്ചറിയൽ കാർഡുകൾ കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡ് മുഖേന നൽകിയിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണത്തിനായി സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ മാതൃകയിൽ ഒരു പദ്ധതി ആരംഭിക്കുന്നതിനുള്ള നിർദ്ദേശം പരിശോധിച്ച് വരുന്നു. ഇതിലൂടെ ഇതര സംസ്ഥാന തൊഴിലാളികളുടെ കൃത്യമായ വിവരശേഖരണം നടത്താനും ഒപ്പം അവർക്ക് തിരിച്ചറിയൽ കാർഡ് നൽകി പദ്ധതി പരിരക്ഷ ഉറപ്പുവരുത്തുന്നതിനും കഴിയും.

(ബി) 1979-ലെ ഇന്റർ സ്റ്റേറ്റ് മൈഗ്രന്റ് വർക്കേഴ്സ് (റഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് & കണ്ടീഷൻ ഓഫ് സർവ്വീസസ്സ്) ആക്ട് പ്രകാരം അഞ്ചോ അതിലധികമോ കുടിയേറ്റ തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങളെ രജിസ്റ്റർ ചെയ്യിക്കുകയും കരാറുകാർക്ക് ലൈസൻസ് നൽകുകയും ചെയ്തുവരുന്നു. ഈ കരാറുകാർ മുഖേന സംസ്ഥാനത്ത് കെട്ടിട നിർമ്മാണം, പ്ലൈവുഡ്,

ഇരുമ്പുരുക്ക് നിർമ്മാണം, ചെങ്കൽ /വെട്ടുകല്ല്, ഖനന മേഖല, ഹോട്ടൽ, റസ്റ്റോറന്റ് എന്നിവിടങ്ങളിൽ ജോലി ചെയ്യുന്ന അന്യസംസ്ഥാന തൊഴിലാളികളുടെ വിവരം ശേഖരിക്കാൻ കഴിയുന്നുണ്ട്. എന്നാൽ ഏറിയ കൂറും നിയമം അനുശാസിക്കുന്ന തരത്തിൽ കരാറുകാർ മുഖേനയല്ലാതെ ഇതര സംസ്ഥാന തൊഴിലാളികളെ സംസ്ഥാനത്ത് ജോലി ചെയ്യിക്കുന്നതിനാൽ അവരുടെ വരവ് പോക്ക് സംബന്ധിച്ച വ്യവസ്ഥകൾ പ്രസ്തുത നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമാകാതെ വരുന്ന സാഹചര്യം നിലവിലുണ്ട്.

(സി) സംസ്ഥാനത്ത് വിവിധ ജില്ലകളിൽ ടാസ്ക് ഫോഴ്സിന്റെ യോഗം കൂടുകയും ഇതര സംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന അവരുടെ വാസസ്ഥലങ്ങളിലും തൊഴിലിടങ്ങളിലും ടി വകുപ്പുകളെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ സംയുക്ത പരിശോധനകൾ നടത്തുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ആരോഗ്യ വകുപ്പിലെ അധികൃതരുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ വേണ്ട നിർദ്ദേശങ്ങൾ നൽകി വരുന്നു. ഇവർക്കായി തൊഴിൽ വകുപ്പ് മുൻകയ്യെടുത്ത് മെഡിക്കൽ ക്യാമ്പുകളും വിവിധ രീതിയിലുള്ള ബോധവൽക്കരണപരിപാടികളും സംഘടിപ്പിക്കുന്നുണ്ട്.

(ഡി) പരിശോധിക്കുന്നതാണ്.

**ഇതര സംസ്ഥാന തൊഴിലാളികളുടെ കണക്കുകൾ**

156(633) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ ജോലികളിൽ ഏർപ്പെട്ടിരിക്കുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ കണക്കുകൾ ലഭ്യമാണോ;

(ബി) ഇല്ലെങ്കിൽ ഇതു സംബന്ധിച്ച വിശദമായ ഒരു കണക്കെടുപ്പിനുള്ള നടപടി സ്വീകരിക്കുമോ;

(സി) തൊഴിലാളികൾക്ക് തിരിച്ചറിയൽ കാർഡ് നൽകുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) തൊഴിൽ വകുപ്പിൽ ഇതര സംസ്ഥാന തൊഴിലാളികളുടെ കണക്ക് ലഭ്യമല്ല. എന്നാൽ സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ 2013-ൽ സമർപ്പിച്ച പഠന റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് 25 ലക്ഷത്തിലധികം ഇതര സംസ്ഥാന തൊഴിലാളികൾ ജോലി ചെയ്തുവരുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയിൽ 53136 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി&സി) ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണവും മറ്റ് ക്ഷേമനടപടികൾക്കു പുറമെ അവരുടെ രജിസ്ട്രേഷൻ ഉറപ്പുവരുത്തുന്നതിനും തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുന്നതിനും ലക്ഷ്യമിട്ട് ഒരു സമഗ്ര പദ്ധതി നടപ്പാക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

**അന്യസംസ്ഥാന തൊഴിലാളികളുടെ വിവരങ്ങൾ**

157(634) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലുള്ള അന്യസംസ്ഥാന തൊഴിലാളികളുടെ കൃത്യമായ വിവരങ്ങൾ സർക്കാരിന്റെ പക്കലുണ്ടോ;

(ബി) ഇപ്രകാരം തൊഴിൽ തേടി കേരളത്തിലെത്തുന്നവരുടെ വിവരങ്ങൾ ശേഖരിക്കാൻ നിലവിൽ എന്തു മാർഗ്ഗമാണ് അവലംബിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) കേരളത്തിൽ ജോലി ചെയ്യുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണം കൃത്യമായി നിർവ്വഹിക്കുന്നതിന് ഫലപ്രദമായ നടപടി കൈക്കൊള്ളുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരളത്തിലുള്ള ഇതര സംസ്ഥാന തൊഴിലാളികളുടെ കൃത്യമായ വിവരങ്ങൾ ലഭ്യമല്ല.

(ബി) 2010-ലെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരം ഇതര സംസ്ഥാന തൊഴിലാളികളെ പദ്ധതിയിൽ അംഗത്വ രജിസ്ട്രേഷൻ നടത്തുന്നുണ്ട്.

(സി) ഇതര സംസ്ഥാന തൊഴിലാളികളുടെ കൃത്യമായ വിവരശേഖരണം നടത്തുന്നതിനും രജിസ്ട്രേഷനോടുകൂടി ആരോഗ്യ പരിരക്ഷ ഉറപ്പു വരുത്തുന്നതിനുമായി സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ മാതൃകയിൽ 'ആവാസ്' എന്ന പേരിൽ ഒരു നൂതന പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

**അന്യസംസ്ഥാന തൊഴിലാളികൾക്ക് രജിസ്ട്രേഷൻ**

158(635) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ജോലി ചെയ്യുന്ന അന്യസംസ്ഥാന തൊഴിലാളികൾക്ക് രജിസ്ട്രേഷൻ സംവിധാനം നിലവിലുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതിനായി നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) കേരളത്തിൽ ജോലി ചെയ്യുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ, കെട്ടിട നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കീഴിലുള്ള ക്ഷേമപദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ, ആരോഗ്യക്ഷേമ പദ്ധതിയുമായി ബന്ധപ്പെടുത്തി വിപുലപ്പെടുത്തുന്നതിന് പുതിയ പദ്ധതി സർക്കാർ ആവിഷ്കരിച്ചു വരികയാണ്.

**കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി**

159(636) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി നിലവിൽ വന്നത് എന്നു മുതലാണെന്നും ഈ സർക്കാർ അധികാരത്തിലെത്തും വരെ പ്രസ്തുത പദ്ധതിയിൽ തൊഴിൽ വകുപ്പ് കണക്കനുസരിച്ച് രജിസ്റ്റർ ചെയ്യപ്പെട്ടവർ എത്രയെന്നും വ്യക്തമാക്കുമോ;

(ബി) കുടിയേറ്റ തൊഴിലാളികൾക്കുള്ള പ്രായപരിധി, വാർഷികവിഹിതം, സർക്കാർ വിഹിതം, അംഗത്വത്തിന് വേണ്ടുന്ന സർട്ടിഫിക്കറ്റുകൾ എന്നിവ പ്രസ്തുത പദ്ധതിയനുസരിച്ച് ആർക്കാണ് സമർപ്പിക്കേണ്ടതെന്നും ആനുകൂല്യങ്ങൾ എന്തെല്ലാമെന്നും ഇവർക്ക് ഐഡന്റിറ്റി കാർഡ് നൽകുന്നുണ്ടോയെന്നും എങ്കിൽ ആയതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥർ ആരാണെന്നും വ്യക്തമാക്കുമോ;

(സി) ഇതര സംസ്ഥാനത്തൊഴിലാളികൾക്ക് ക്ഷേമം ഉറപ്പുവരുത്തുന്നതിനും ഇവരെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ഉറപ്പുവരുത്തുന്നതിനുമായി പ്രസ്തുത പദ്ധതിയിൽ ഇവരെ ഉൾപ്പെടുത്താനും നിയമങ്ങൾ കർശനമാക്കി പാലിക്കാനുമുള്ള നടപടി സ്വീകരിക്കുന്നത് പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി നിലവിൽ വന്നത് 29-3-2010-ലാണ്. 30-4-2016 വരെ വിവിധ ജില്ലകളിലായി 53136 ഇതര സംസ്ഥാന തൊഴിലാളികൾ അംഗത്വ രജിസ്ട്രേഷൻ നടത്തിയിട്ടുണ്ട്.

(ബി) 2010-ലെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി ഖണ്ഡിക (7) പ്രകാരം ഒരു മാസമോ, അതിൽ കൂടുതൽ കാലമോ കുടിയേറ്റ തൊഴിലാളിയായി ജോലി ചെയ്തുവരുന്ന 18 വയസ്സ് പൂർത്തിയാക്കിയതും എന്നാൽ 60 വയസ്സ് പൂർത്തിയാകാത്തതുമായ ഓരോ കുടിയേറ്റ തൊഴിലാളിയും പദ്ധതിയിൽ അംഗമാകുന്നതിന് തന്റെ പേര് രജിസ്റ്റർ ചെയ്തിരിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഓരോ കുടിയേറ്റ തൊഴിലാളിയും അംഗത്വ ഫീസായി പ്രതിവർഷം 30 രൂപ നൽകേണ്ടതും ആയതിന്റെ 3 മടങ്ങ് വരുന്ന തുക സർക്കാരും 3 മടങ്ങ് വരുന്ന തുക കേരള നിർമ്മാണ തൊഴിലാളി ക്ഷേമബോർഡും പ്രസ്തുത പദ്ധതിയിലേക്ക് ഓരോ വർഷവും നൽകേണ്ടതുമാണ്. വയസ്സും തൊഴിലും തെളിയിക്കുന്ന രേഖകളും രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോയും സഹിതം കേരള നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിന്റെ ജില്ലാ ഓഫീസർക്ക് അപേക്ഷാ ഫോറം നമ്പർ 1-ൽ സമർപ്പിക്കേണ്ടതാണ്.

(സി) ഇതര സംസ്ഥാനത്തൊഴിലാളികളുടെ ആരോഗ്യസംരക്ഷണവും പൂർണ്ണമായ വിവരശേഖരണവും ലക്ഷ്യമിട്ട് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ മാതൃകയിൽ ഒരു പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടി നടന്നു വരുന്നു. ഈ പദ്ധതി ആരംഭിച്ചാൽ ഇവരുടെ കണക്കെടുപ്പും വിവരശേഖരണവും തിരിച്ചറിയൽ കാർഡ് നൽകലും നടപ്പാക്കാവുന്നതാണ്. കൂടാതെ 1979-ലെ അന്തർ സംസ്ഥാന തൊഴിലാളി (റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് & കണ്ടീഷൻസ് ഓഫ് സർവ്വീസ്) നിയമ പ്രകാരമുള്ള സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ, ലൈസൻസിംഗ് എന്നിവ കർശനമാക്കാനുള്ള നടപടികൾ തൊഴിൽ വകുപ്പ് സ്വീകരിക്കുന്നതാണ്. വകുപ്പിലെ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർക്ക് ഇതു സംബന്ധിച്ച പരിശോധനകൾ ഊർജ്ജിതപ്പെടുത്താൻ നിർദ്ദേശം നൽകിയിട്ടുമുണ്ട്.

**വേതന സുരക്ഷാകർമ്മ പദ്ധതി**

160(637) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. അനിൽ അക്കര :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിലാളികൾക്ക് വേതന സുരക്ഷ ഉറപ്പാക്കാൻ മുൻ സർക്കാർ എന്തെല്ലാം കർമ്മ പദ്ധതികളാണ് തയ്യാറാക്കിയത്; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിച്ചത്; വിശദമാക്കുമോ;

(സി) പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിരുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതി നിർവ്വഹണത്തിൽ എന്തെല്ലാം ലക്ഷ്യങ്ങൾ കൈവരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

ഉത്തരം

(എ) തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പ് വരുത്തുന്നതിനും സംസ്ഥാനത്തെ സ്വകാര്യ മേഖലയിലെ വിവിധ തൊഴിൽ രംഗങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് വേതനം ബാങ്ക് വഴി നൽകുന്നതിനുമുള്ള വേതന സുരക്ഷാ പദ്ധതി (ഇ-പേമെന്റ് ഓഫ് വേജസ് സ്കീം) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു.

(ബി) സംസ്ഥാനത്തെ സ്വകാര്യ രംഗത്തെ വിവിധ തൊഴിൽ മേഖലകളിലെ തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പുവരുത്തുന്നതിനും വേതനം ബാങ്ക് വഴി നൽകുന്നതിനുമുള്ള വേതന സുരക്ഷാ പദ്ധതി (ഇ -പേമെന്റ്) തിരുവനന്തപുരം ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ വിജയകരമായി നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതുവഴി തൊഴിലാളികൾക്ക് ബാങ്ക് മുഖേന വേതനം ലഭ്യമാക്കുന്നതോടൊപ്പം നിയമം അനുശാസിക്കുന്ന കുറഞ്ഞ വേതനം യഥാസമയം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും കൂടാതെ തൊഴിലാളികൾക്ക് വേജ് സ്ലിപ്പ് നേരിട്ട് ഓൺലൈൻ മുഖേന ലഭ്യമാക്കുന്നതിനും കഴിയുന്നതാണ്.

(സി) വേതന സുരക്ഷാ പദ്ധതി നടപ്പാക്കുന്നതിനായി 1958 -ലെ മിനിമം വേതന ചട്ടങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ട് 8-7-2015-ലെ സ.ഉ.(അച്ചടി)നമ്പർ 84/2015 പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ കെൽട്രോണുമായി സഹകരിച്ച് ഒരു സോഫ്റ്റ്‌വെയർ വികസിപ്പിക്കുകയും നാഷണലൈസ്ഡ് ഷെഡ്യൂൾഡ് ബാങ്കുകൾ, സ്വകാര്യ തൊഴിലുടമ പ്രതിനിധികൾ എന്നിവരുമായി ചർച്ച നടത്തി പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി 18 ബാങ്കുകളുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്.

(ഡി) ഈ പദ്ധതി നടപ്പിലാക്കിയതുവഴി തൊഴിലാളികൾക്ക് ബാങ്ക് മുഖേന വേതനം ലഭ്യമാക്കുന്നതോടൊപ്പം നിയമം അനുശാസിക്കുന്ന കുറഞ്ഞ വേതനം തൊഴിലാളികൾക്ക് യഥാസമയം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും തൊഴിലാളികൾക്ക് വേജ് സ്ലിപ്പ് നേരിട്ട് ഓൺലൈൻ മുഖേന ലഭ്യമാക്കുന്നതിനും കഴിയുന്നതാണ്. തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർക്ക് 1948-ലെ മിനിമം വേതന നിയമ പ്രകാരവും 1936-ലെ വേതനം കൊടുക്കൽ നിയമപ്രകാരവും നിശ്ചയിക്കപ്പെട്ട വേതനം കൃത്യസമയത്ത് ലഭ്യമാകുന്നുണ്ടോയെന്ന് ഓൺലൈനായി തന്നെ പരിശോധിക്കുന്നതിനും ഇതിൽ വീഴ്ച വരുത്തുന്ന സ്ഥാപന ഉടമകൾക്കെതിരെ നിയമ നടപടി സ്വീകരിക്കാനും കഴിയും. ഇതുവരെ 279 സ്ഥാപനങ്ങൾ ഈ പദ്ധതിയുടെ പരിധിയിൽ വന്നിട്ടുണ്ട്. ടി സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് 67.86 കോടി രൂപയോളം വേതന സുരക്ഷാ പദ്ധതി മുഖേന ഇതിനകം കൈമാറി കഴിഞ്ഞിട്ടുണ്ട്.

**തോട്ടം തൊഴിലാളികൾക്ക് മിനിമം കൂലി വർദ്ധന**

161(638) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തോട്ടം തൊഴിലാളികൾക്ക് മിനിമം കൂലി വർദ്ധിപ്പിച്ചപ്പോൾ ജോലിഭാരം അമിതമായിയെന്ന ആക്ഷേപം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ, ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് പ്രശ്നപരിഹാരത്തിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## കർഷക തൊഴിലാളികൾക്ക് അർഹമായ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് നടപടി

162(639) ശ്രീ. രാജു എബ്രഹാം :
ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ക്ഷേമനിധിയിൽ നിന്നുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി മൂന്ന് ലക്ഷത്തോളം അപേക്ഷകൾ കെട്ടിക്കിടക്കാനിടയായ സാഹചര്യം എന്താണ്; മുടങ്ങിക്കിടക്കുന്ന ആനുകൂല്യങ്ങൾ നൽകാനായി എത്ര തുക വേണ്ടി വരും ;

(സി) അർഹമായ ആനുകൂല്യങ്ങൾ അടിയന്തരമായി വിതരണം ചെയ്യുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി അറിയിക്കാമോ ?

ഉത്തരം

(എ) ഉണ്ട്. കേരള സംസ്ഥാനത്തെ അസംഘടിതരായ കർഷകത്തൊഴിലാളികളുടെ ക്ഷേമം മുൻനിർത്തി വിവിധ ക്ഷേമപദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനായി 1974-ലെ കേരള കർഷകത്തൊഴിലാളി നിയമത്തിലെ 8-ാം വകുപ്പ് പ്രകാരം കേരള കർഷകത്തൊഴിലാളി ക്ഷേമനിധിക്ക് രൂപം നൽകി. തൊഴിലാളികളുടെ പ്രതിനിധികളായി 7 അംഗങ്ങളും ഭൂവുടമ പ്രതിനിധികളായി 7 അംഗങ്ങളും സർക്കാരിനെ പ്രതിനിധീകരിച്ച് 7 അംഗങ്ങളും ഉൾപ്പെടുന്ന ഒരു ഡയറക്ടർ ബോർഡാണ് ബോർഡിന്റെ പ്രവർത്തനം നിയന്ത്രിക്കുന്നത്. ഇവരിൽ നിന്ന് ഒരാളെ ബോർഡിന്റെ ചെയർമാനായും സർക്കാർ പ്രതിനിധികളിൽ നിന്ന് ഒരാളെ ചീഫ് എക്സിക്യൂട്ടീവായും നിയമിച്ചുവരുന്നു. ചീഫ് ഓഫീസിൽ നിന്നുള്ള നിർദ്ദേശങ്ങൾക്ക് വിധേയമായി ജില്ലാ ഓഫീസുകളുടെ പ്രവർത്തനങ്ങൾ അതാത് വെൽഫെയർ ഫണ്ട് ഓഫീസർമാർ നിർവ്വഹിച്ചുവരുന്നു. കർഷകത്തൊഴിലാളികൾക്ക് അംഗത്വം നൽകുക, അംശദായം സ്വരൂപിക്കുക, തൊഴിലാളികൾക്ക് അർഹമായ റിട്ടയർമെന്റ് ആനുകൂല്യം, വിവാഹ ധനസഹായം, പ്രസവ ധനസഹായം, ചികിത്സാ സഹായം, വിദ്യാഭ്യാസ ആനുകൂല്യം എന്നിവ വിതരണം ചെയ്യുക തുടങ്ങിയ പ്രവർത്തനങ്ങൾ ജില്ലാതല ഓഫീസുകൾ മുഖേന ബോർഡ് നിർവ്വഹിച്ചുവരുന്നു.

(ബി) തൊഴിലാളികളിൽനിന്ന് പ്രതിമാസം 5 രൂപ വീതം പിരിച്ചെടുക്കുന്ന അംശദായവും 40 ആറിനു മുകളിൽ 1 ആറിനു 25 പൈസ എന്ന നിരക്കിൽ ഭൂവുടമകളിൽ നിന്ന് പിരിച്ചെടുക്കുന്ന ഭൂവുടമാവിഹിതവുമാണ് കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രധാന വരുമാന മാർഗ്ഗങ്ങൾ. ഒരു വർഷം ഒരു തൊഴിലാളി 60 രൂപ ക്ഷേമനിധിയിൽ അടയ്ക്കുമ്പോൾ പ്രതിവർഷം 625 രൂപ നിരക്കിൽ റിട്ടയർമെന്റ് ആനുകൂല്യവും ഇതുകൂടാതെ 2,000 രൂപ വിവാഹ ധനസഹായം, 15,000 രൂപ പ്രസവ ധനസഹായം, 1,000 രൂപ ചികിത്സാ ധനസഹായം എന്നിവ കൂടി നൽകുന്നുണ്ട്. വരവിലും ചെലവിലുമുള്ള ഈ അന്തരം മൂലമാണ് അർഹതപ്പെട്ട ആനുകൂല്യങ്ങൾ സമയബന്ധിതമായി അംഗങ്ങൾക്ക് നൽകാൻ കഴിയാതെ വരുന്നത്. 2016 മാർച്ച് മാസത്തെ കണക്കുകൾ പ്രകാരം മുടങ്ങിക്കിടക്കുന്ന ആനുകൂല്യങ്ങൾ നൽകുന്നതിന് 251 കോടി രൂപ വേണ്ടിവരും.

(സി) കേരള കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന് സർക്കാർ ധനസഹായവും മാച്ചിംഗ് ഗ്രാന്റും അനുവദിക്കുന്നതിന് ബോർഡ് സമർപ്പിച്ച ശിപാർശകൾ സർക്കാരിന്റെ പരിശോധനയിലാണ്.

## അസംഘടിത മേഖലയിലെ തൊഴിലാളികളുടെ നിയമ പരിരക്ഷ

163(640) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര ഗാർഹിക തൊഴിലാളികളുണ്ടെന്നും ഇവരുടെ തൊഴിൽ നിയമ പരിരക്ഷയ്ക്ക് എന്തെല്ലാം സംവിധാനങ്ങൾ നിലവിലുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) ഇവർക്ക് മിനിമം കൂലിയും മറ്റു തൊഴിൽ പരിരക്ഷയും ലഭിക്കുന്നുണ്ടോ ; എങ്കിൽ എന്തെല്ലാം;

(സി) ഇല്ലെങ്കിൽ ഇവർക്ക് തൊഴിൽ പരിരക്ഷ ഉറപ്പുവരുത്താൻ എന്ത് നടപടി സ്വീകരിക്കും ; വിശദമാക്കുമോ;

(ഡി) സംസ്ഥാനത്ത് ടെക്സ്റ്റൈൽ മേഖല ഉൾപ്പെടെ സ്ത്രീ തൊഴിലാളികൾ പ്രവർത്തിക്കുന്ന അസംഘടിതമേഖലകളിലെ തൊഴിൽ ചൂഷണം, തൊഴിൽ നിയമപരിരക്ഷ ലഭ്യതയില്ലായ്മ എന്നീ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇത്തരം അസംഘടിത മേഖലാ തൊഴിലാളികളെ സംരക്ഷിക്കാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) കേരള ഗാർഹിക തൊഴിലാളി ക്ഷേമ പദ്ധതിയിൽ നിലവിൽ 12444 തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഗാർഹിക തൊഴിലാളി ക്ഷേമ പദ്ധതിയിൽ അംഗമായിട്ടുള്ളവർക്ക് ടി പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭ്യമാകുന്നതാണ്. കൂടാതെ 9-3-2010-ലെ സ.ഉ.(എംഎസ്.) നമ്പർ 32/2010/ തൊഴിൽ വിജ്ഞാപന പ്രകാരം സംസ്ഥാനത്തെ ഗാർഹിക തൊഴിൽ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്. ആയത് ഇപ്പോൾ പുതുക്കി നിശ്ചയിക്കുന്നതിന്റെ അന്തിമഘട്ട നടപടി പുരോഗമിക്കുന്നു.

(സി) മിനിമം വേതനം നിഷേധിച്ചതുമായി ബന്ധപ്പെട്ട് ഗാർഹിക തൊഴിലാളികൾ നൽകുന്ന പരാതികളിന്മേൽ തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർ പരിശോധിച്ച് പരാതി പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി&ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിനായി 1960-ലെ കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്താൻ നടപടി സ്വീകരിക്കുകയും 16-9-2015-ലെ ജി.ഒ.(പി) നമ്പർ134/2015/ തൊഴിൽ നമ്പർ ഉത്തരവുപ്രകാരം തൊഴിലാളികൾക്ക് നിയമന ഉത്തരവ് നൽകണമെന്നും ആവശ്യമായ വിശ്രമസ്ഥലം നൽകണമെന്നും, സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേകം ലാട്രിൻ/യൂറിനൽ സംവിധാനം നൽകണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ഇരുപതും അതിൽ കൂടുതലും സ്ത്രീ തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥലങ്ങളിൽ ക്രഷ് സൗകര്യം നൽകണമെന്നും 50-ൽ കൂടുതൽ സ്ത്രീ/പുരുഷ ജോലിക്കാരുള്ള സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് സൗജന്യമായി താമസസൗകര്യം നൽകണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി വ്യവസ്ഥകൾ കൃത്യമായി പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കാനും ഉറപ്പു വരുത്താനും തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർക്ക് കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്. 18-6-2016-ൽ കേരളത്തിലെ എല്ലാ ജില്ലകളിലെയും ടെക്സ്റ്റൈൽ ഷോപ്പുകളിൽ തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥർ മിന്നൽ പരിശോധന നടത്തുകയും കണ്ടെത്തിയ തൊഴിൽ നിയമ ലംഘനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു.

## സ്വകാര്യ ആശുപത്രികളിലെ ജീവനക്കാരുടെ മിനിമം വേതനം

164(641) ശ്രീ. എം. എം. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രികളിലെ ജീവനക്കാരുടെ മിനിമം വേതനം സർക്കാർ നിശ്ചയിച്ച നൽകിയിട്ടുണ്ടോ; എങ്കിൽ ഓരോ തസ്തികയുടെ പേരും ഓരോ തസ്തികയിലും നൽകേണ്ട മിനിമം വേതനവും സംബന്ധിച്ച വിശദാംശം നൽകാമോ;

(ബി) മാസവേതനം ഒറ്റത്തവണയായി നൽകാതെ രണ്ടും മൂന്നും ഘട്ടങ്ങളായി നൽകുന്നത് തടയുന്നതിന് എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) ജീവനക്കാരുടെ വേതനം ബാങ്ക് അക്കൗണ്ട് മുഖേന വിതരണം നടത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ; ഇത് പാലിക്കപ്പെടുന്നുവെന്ന് ഉറപ്പ് വരുത്താൻ സ്വീകരിച്ച നടപടി വിശദമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്. 5-11-2013-ലെ സ.ഉ.(എംഎസ്.) നമ്പർ 135/2013/തൊഴിൽ പ്രകാരം സ്വകാര്യ ആശുപത്രികളിലെ ജീവനക്കാരുടെ മിനിമം വേതനം പുതുക്കി നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. 27 പേജുകളുള്ള പ്രസ്തുത വിജ്ഞാപനത്തിന്റെ പകർപ്പ് ഉൾക്കൊള്ളിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുള്ളതിനാൽ ടി തൊഴിൽ മേഖലയിലെ വിവിധ തസ്തികകളും അവയ്ക്ക് നിശ്ചയിച്ചിട്ടുള്ള വേതന നിരക്കുകളും സംബന്ധിച്ച വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന പ്രസ്തുത വിജ്ഞാപനം തൊഴിൽ വകുപ്പിന്റെ വെബ്സൈറ്റിൽ നൽകിയിട്ടുള്ളത് ദയവായി കാണാവുന്നതാണ്.

(ബി) മാസവേതനം രണ്ടും മൂന്നും ഘട്ടങ്ങളായി നൽകുന്നത് സംബന്ധിച്ച് പരാതി എന്തെങ്കിലും ലഭ്യമാകുന്നപക്ഷം ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(സി) ജീവനക്കാരുടെ വേതനം ബാങ്ക് വഴി നൽകുന്നതിന് 'വേതന സുരക്ഷാ പദ്ധതി' നടപ്പിലാക്കിയിട്ടുണ്ട്. ഇത് തിരുവനന്തപുരം ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. മറ്റുള്ള ജില്ലകളിൽ വേതന സുരക്ഷാ പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടി നടന്നു വരുന്നു. തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥന്മാർ സ്ഥാപന പരിശോധന നടത്തുമ്പോഴും സ്ക്വാഡ് പരിശോധനകൾ നടത്തുമ്പോഴും ഇത് പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്താറുണ്ട്. കൂടാതെ നിയമം അനുശാസിക്കുന്ന വേതനം തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനും വേജ് സ്ലിപ് ഓൺലൈൻ മുഖേന ലഭ്യമാക്കുന്നതിനും പ്രസ്തുത പദ്ധതിയിലൂടെ കഴിയുന്നുണ്ട്.

## ജൂനിയർ ഇൻസ്ട്രക്ടർ (വെൽഡർ)തസ്തിക പി.എസ്.സി. റാങ്ക് ലിസ്റ്റ്

165(642) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാവസായിക പരിശീലന വകുപ്പിൽ ജൂനിയർ ഇൻസ്ട്രക്ടർ (വെൽഡർ) തസ്തികയിലേക്ക് 11-9-2014 ൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിൽ നിന്നും എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും അറിയിക്കുമോ;

(സി) കോഴിക്കോട്, കണ്ണൂർ, ആറ്റിങ്ങൽ ഐ.ടി.ഐ.-കളിൽ പുതുതായി ആരംഭിച്ച വെൽഡർ ട്രേഡുകളിലേയ്ക്ക് പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിനു നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 66 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) നിലവിലുണ്ടായിരുന്ന ഒരു ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയും 21-6-2016-ൽ നിയമന ശിപാർശ ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ ഒഴിവുകളില്ല.

(സി) പുതുതായി ആരംഭിച്ച വെൽഡർ അനുബന്ധ ട്രേഡുകളിലെ ഇൻസ്ട്രക്ടർ തസ്തികയിൽ നിയമനങ്ങൾ നടത്തുന്നതിന് നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## തൊഴിൽ-എക്സൈസ് വകുപ്പുകളിലെ സ്ഥലംമാറ്റം

166(643) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൊഴിൽ-എക്സൈസ് വകുപ്പുകളിൽ എത്ര ജീവനക്കാരെ കാലാവധി തീരുംമുമ്പ് സ്ഥലംമാറ്റി നിയമിച്ചുവെന്ന് വ്യക്തമാക്കാമോ:

(ബി) തസ്തിക തിരിച്ചും ജില്ല തിരിച്ചുമുള്ള കണക്കുകൾ വെളിപ്പെടുത്താമോ;

(സി) മാനദണ്ഡങ്ങൾ പാലിക്കാതെയുള്ള ഇത്തരം സ്ഥലം മാറ്റങ്ങൾ പുനഃപരിശോധിക്കാൻ തയ്യാറാകുമോ?

<u>ഉത്തരം</u>

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ബാധകമല്ല.

**വാഴക്കാട് ഐ.ടി.ഐ.**

167(644) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി നിയോജകമണ്ഡലത്തിലെ വാഴക്കാട് ഐ.ടി.ഐ. ആരംഭിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) കൊണ്ടോട്ടി നിയോജക മണ്ഡലത്തിൽ വാഴക്കാട് പുതിയ ഐ.ടി.ഐ. ആരംഭിക്കുന്നതിന് 21-7-2015-ലെ ജി.ഒ. (എംഎസ്.) നമ്പർ 89/15/തൊഴിൽ, പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട് (പകർപ്പ് ഉള്ളടക്കം ചെയ്തിരിക്കുന്നു*)

**മറുനാടൻ തൊഴിലാളികളുടെ രജിസ്ട്രേഷൻ**

168(645) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള മറുനാടൻ തൊഴിലാളികളുടെ കൃത്യമായ സ്ഥിതിവിവര കണക്കുകൾ ലഭ്യമാണോ;

(ബി) മറുനാടൻ തൊഴിലാളികളുടെ രജിസ്ട്രേഷന് നിലവിൽ അവലംബിക്കുന്ന മാർഗ്ഗങ്ങൾ എന്തൊക്കെയാണ് ;

(സി) രജിസ്ട്രേഷന്റെ ആവശ്യകത മനസ്സിലാക്കി മറുനാടൻ തൊഴിലാളികളെ സംസ്ഥാനത്ത് സ്വയമേ രജിസ്റ്റർ ചെയ്യിക്കുന്നതിന് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിക്കും?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) കൃത്യമായ കണക്കുകൾ ലഭ്യമല്ല.

(ബി) 2010-ലെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതിയുടെ കീഴിൽ സംസ്ഥാനത്ത് വിവിധ മേഖലകളിൽ ജോലി ചെയ്യുന്ന കുടിയേറ്റ തൊഴിലാളികളുടെ രജിസ്ട്രേഷൻ കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിന്റെ വിവിധ ജില്ലാ ഓഫീസുകൾ മുഖേന നൽകിവരുന്നു.

(സി) 2010-ലെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതിയുടെ കീഴിൽ കുടിയേറ്റ തൊഴിലാളികളുടെ സ്വമേധയായുള്ള രജിസ്ട്രേഷനാണ് നടത്തി വരുന്നത്. കൂടാതെ ഇവരുടെ കൃത്യമായ വിവര ശേഖരണം നടത്തുന്നതിനും രജിസ്ട്രേഷനോടു കൂടി ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിനുമായുള്ള സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ മാതൃകയിൽ "ആവാസ്" എന്ന പേരിൽ ഒരു നൂതന പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**നോക്കുകൂലി**

169(646) <u>ശ്രീ. അൻവർ സാദത്ത്</u> :

<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> :

<u>ശ്രീ. അടൂർ പ്രകാശ്</u> :

<u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോക്കുകൂലി നിർത്തലാക്കാൻ മുൻ ഗവൺമെന്റ് എന്തെല്ലാം കർമ്മ പദ്ധതികളാണ് തയ്യാറാക്കിയതെന്ന് വിശദമാക്കാമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചിരുന്നത് ; ആയതിന്റെ വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിരുന്നതെന്ന് വിശദമാക്കാമോ;

(ഡി) പദ്ധതി നിർവ്വഹണത്തിൽ എന്തെല്ലാം ലക്ഷ്യങ്ങൾ കൈവരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) നോക്കുകൂലി നിർത്തലാക്കാൻ ലക്ഷ്യമിട്ട് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, പാലക്കാട്, കണ്ണൂർ എന്നീ 10 ജില്ലകളിൽ ഏകീകൃത കയറ്റിറക്ക് കൂലി പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്. മലപ്പുറം, വയനാട് ജില്ലകളിലും ഏകീകൃത കയറ്റിറക്ക് കൂലി സംബന്ധിച്ച് ധാരണയായിട്ടുണ്ട്. ഇടുക്കി കാസർഗോഡ് ജില്ലകളിൽ ഇതുസംബന്ധിച്ച ചർച്ചകൾ നടന്നുവരികയാണ്.

(ബി) സംസ്ഥാനമൊട്ടാകെയുള്ള നോക്കുകൂലിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഇല്ലാതാക്കുന്നതിനാണ് പ്രസ്തുത പദ്ധതിവഴി ലക്ഷ്യമിട്ടിട്ടുള്ളത്.

(സി) പ്രസ്തുത പദ്ധതി പ്രാബല്യത്തിൽ വരുത്തുന്നതിന്റെ മുന്നോടിയായി ഏകീകൃത കയറ്റിറക്ക് കൂലി ലേബർ കമ്മീഷണറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ ചുമട്ടുതൊഴിലാളികളുടെ സേവനം ആവശ്യമുള്ളവർക്ക് ടി കൂലി മനസ്സിലാക്കി, എസ്.ബി.റ്റി.-യുടെ ബ്രാഞ്ചുകളിൽ പണമടച്ച് അവിടെ നിന്നുള്ള രസീത് ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡിൽ ഹാജരാക്കി തൊഴിലാളികളുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. അമിതവേതനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ സത്വര നടപടി സ്വീകരിക്കുന്നതിനായി തൊഴിൽ വകുപ്പ് കോൾ സെന്റർ ആരംഭിച്ചിട്ടുണ്ട്. 1800-42-555-214/155214 എന്നീ ടോൾഫ്രീ നമ്പരുകളിൽ വിളിച്ച് പരാതി രേഖപ്പെടുത്താവുന്നതാണ്.

(ഡി) നോക്കുകൂലി സംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടാൽ ഉടൻതന്നെ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ പ്രശ്നത്തിൽ ഇടപെടുകയും പ്രശ്നപരിഹാരത്തിന് നടപടി സ്വീകരിക്കുകയും ചെയ്യും.

**സംസ്ഥാനത്തെ അന്യസംസ്ഥാന തൊഴിലാളികൾ**

170(647) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏകദേശം എത്ര അന്യസംസ്ഥാന തൊഴിലാളികൾ തൊഴിൽ ചെയ്യുന്നുവെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ബി) പ്രസ്തുത തൊഴിലാളികൾക്ക് നിലവിൽ ഏതെങ്കിലും തരത്തിലുള്ള രജിസ്ട്രേഷൻ ബാധകമാണോ; ഇവർക്ക് തൊഴിൽ കാർഡ് നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇത് ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ;

(സി) സംസ്ഥാനത്തെ അന്യസംസ്ഥാന തൊഴിലാളികൾ തൊഴിലിടങ്ങളിൽ പലതരം ചൂഷണങ്ങൾക്ക് വിധേയരാകുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) പ്രസ്തുത തൊഴിലാളികളുടെ അനിയന്ത്രിതമായ ഒഴുക്കുമൂലമുണ്ടാകുന്ന സാമൂഹിക പ്രതിസന്ധികൾ കുറയ്ക്കുന്നതിനും അവർ നേരിടുന്ന തൊഴിൽ ചൂഷണങ്ങൾ തടയുന്നതിനും ഏതെങ്കിലും തരത്തിലുള്ള പ്രത്യേക നിയമത്തിന് ആലോചിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഇതര സംസ്ഥാന തൊഴിലാളികളുടെ വിശദമായ കണക്ക് തൊഴിൽ വകുപ്പിൽ ലഭ്യമല്ല. സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷന്റെ 2013-ലെ പഠന റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് ഏകദേശം 25 ലക്ഷത്തിലധികം ഇതര സംസ്ഥാന തൊഴിലാളികൾ ജോലി ചെയ്തു വരുന്നുണ്ട്.

(ബി) തൊഴിൽ വകുപ്പിൽനിന്നും ഇതര സംസ്ഥാന തൊഴിലാളികൾക്ക് രജിസ്ട്രേഷൻ നൽകി വരുന്നില്ല. തൊഴിൽ കാർഡും നൽകുന്നില്ല. എന്നാൽ കേരളത്തിലെ ഇതരസംസ്ഥാന തൊഴിലാളികൾക്കായി ഒരു ക്ഷേമ പദ്ധതി കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ബോർഡിന്റെ കീഴിൽ 2010 മാർച്ച് മുതൽ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി എന്ന പേരിൽ നടപ്പിലാക്കി വരുന്നു. 53136 തൊഴിലാളികൾ ടി പദ്ധതിയിൽ അംഗങ്ങളായിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികൾക്ക് തിരിച്ചറിയൽ കാർഡ് നൽകുന്നതിനും വിവര ശേഖരണം, രജിസ്ട്രേഷൻ, ആരോഗ്യ പരിപാലനം എന്നിവ ഉറപ്പാക്കുന്നതിനുമായി സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ മാതൃകയിൽ ഒരു പദ്ധതിയുടെ രൂപരേഖ പരിഗണനയിലാണ്.

(സി) ഇതര സംസ്ഥാന തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥലങ്ങളിൽ ജില്ലാ ലേബർ ഓഫീസർ (ഇ)-യുടെ നേതൃത്വത്തിൽ പരിശോധനകൾ നടത്തി വരുന്നു. പ്രധാനമായും 1979-ലെ കുടിയേറ്റ തൊഴിലാളി നിയമം, 1970-ലെ കരാർ തൊഴിലാളി നിയമം, 1996-ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ആക്ട് എന്നീ നിയമങ്ങൾ പ്രകാരം നടത്തുന്ന പരിശോധനയിൽ കണ്ടെത്തുന്ന നിയമ ലംഘനങ്ങൾക്കെതിരെ നിയമനടപടി സ്വീകരിച്ച് ടി തൊഴിലാളികളുടെ ആരോഗ്യം, തൊഴിൽ സുരക്ഷ, ക്ഷേമം എന്നിവ ഉറപ്പ

വരുത്താൻ നടപടി എടുത്തുവരുന്നു. ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുന്നതിലേയ്ക്കായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് ഒരു ടാസ്ക് ഫോഴ്സ് 17-12-2015-ലെ സ.ഉ (സാധാ) 1717/2015/തൊഴിൽ ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുണ്ട്. ജില്ലാ ലേബർ ഓഫീസർ (ഇ)-യെ കൺവീനറായും, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ഇൻസ്പെക്ടർ, ജില്ലാ മെഡിക്കൽ ഓഫീസർ, തദ്ദേശ സ്വയംഭരണ വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർ എന്നിവരെ അംഗങ്ങളായും ഉൾപ്പെടുത്തിക്കൊണ്ടുള്ള ടാസ്ക് ഫോഴ്സിന്റെ പ്രവർത്തനം സംസ്ഥാനത്ത് നടന്നുവരുന്നു. ടി വിഭാഗം തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകളെ സംബന്ധിച്ച അവബോധം നൽകുന്നതിലേയ്ക്കായി സംസ്ഥാനത്ത് വിവിധ ഇടങ്ങളിലായി ബോധവൽക്കരണ ക്ലാസ്സുകളും പോസ്റ്റർ പ്രദർശനവും സെമിനാറുകളും സംഘടിപ്പിച്ച് വരുന്നു. കൂടാതെ അവരുടെ ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിനായി മെഡിക്കൽ ക്യാമ്പുകളും നടത്തുന്നുണ്ട്.

(ഡി) ഇപ്പാൾ പരിഗണനയിലില്ല.

**അന്യസംസ്ഥാന തൊഴിലാളികൾ**

171(648) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ കണക്കനുസരിച്ച് സംസ്ഥാനത്ത് എത്ര അന്യസംസ്ഥാന തൊഴിലാളികൾ ഉണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) അന്യസംസ്ഥാന തൊഴിലാളികളെ സംബന്ധിച്ച 'ഡാറ്റാ ബാങ്ക് നിലവിലുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) 2013-ൽ ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ നടത്തിയ പഠന റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് 25 ലക്ഷത്തിലധികം ഇതര സംസ്ഥാന തൊഴിലാളികൾ വിവിധ മേഖലകളിൽ പണിയെടുക്കുന്നതായി സൂചിപ്പിച്ചിട്ടുണ്ട്. 2010-ലെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയിൽ 53,136 ഇതര സംസ്ഥാന തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഇല്ല. എന്നാൽ ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണവും പൂർണ്ണമായ വിവരശേഖരണവും ലക്ഷ്യമിട്ട് സമഗ്രമായ ഒരു പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## അന്യസംസ്ഥാന തൊഴിലാളികൾ

172(649) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ അന്യസംസ്ഥാന തൊഴിലാളികളുടെ എണ്ണം സംബന്ധിച്ച് എന്തെങ്കിലും കണക്കെടുപ്പ് നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) അന്യസംസ്ഥാന തൊഴിലാളികളുടെ എണ്ണം സംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്കുകൾ വിശദമാക്കാമോ;

(സി) മുഴുവൻ അന്യസംസ്ഥാന തൊഴിലാളികളേയും രജിസ്റ്റർ ചെയ്ത് തൊഴിൽ നിയമത്തിന്റെ പരിധിയിൽ കൊണ്ട് വരുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2010-ലെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി പ്രകാരം ഇതര സംസ്ഥാന തൊഴിലാളികളെ പദ്ധതിയിൽ അംഗത്വ രജിസ്ട്രേഷൻ നടത്തുന്നതിന് അനുവദിക്കുന്നുണ്ട്. ആയതുപ്രകാരം 53,136 പേർ അംഗത്വ രജിസ്ട്രേഷൻ എടുത്തിട്ടുണ്ട്.

(ബി) തിരുവനന്തപുരം - 1889, കൊല്ലം - 985, പത്തനംതിട്ട – 2295, ആലപ്പുഴ - 2264, കോട്ടയം -3686, ഇടുക്കി - 1152, എറണാകുളം - 8955, തൃശ്ശൂർ - 3841, മലപ്പുറം - 2584, പാലക്കാട് - 3303, കോഴിക്കോട് - 4685, കണ്ണൂർ - 6012, വയനാട് - 7181, കാസർഗോഡ് - 4304

(സി) 2010-ലെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരം സ്വമേധയാ ഇതര സംസ്ഥാന തൊഴിലാളികൾക്ക് പദ്ധതിയിൽ അംഗത്വം സ്വീകരിക്കാവുന്നതാണ്. ഇവരുടെ ആരോഗ്യ സംരക്ഷണവും പൂർണ്ണമായ വിവര ശേഖരണവും ലക്ഷ്യമിട്ട് സമഗ്രമായ ഒരു പദ്ധതി ആവിഷ്കരിച്ചു വരികയാണ്.

## അന്യസംസ്ഥാന തൊഴിലാളികളുടെ കടന്നുകയറ്റം

173(650) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അന്യസംസ്ഥാന തൊഴിലാളികളുടെ നിയന്ത്രണാതീതമായ കടന്നുകയറ്റം സാമൂഹിക – സാമ്പത്തിക - തൊഴിൽ മേഖലകളിൽ വരുത്തിയ മാറ്റങ്ങളെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇത്തരം കടന്നുകയറ്റം നിയന്ത്രണവിധേയമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) തദ്ദേശീയരായ തൊഴിലാളികൾക്ക് തൊഴിൽ അവസരം ഉറപ്പാക്കുന്ന കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) തൊഴിൽ വകുപ്പ് പഠനം നടത്തിയിട്ടില്ല. എന്നാൽ സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ 2013-ൽ ഇതര സംസ്ഥാന തൊഴിലാളികളുടെ സാമൂഹിക-സാമ്പത്തിക-തൊഴിൽ-ആരോഗ്യ മേഖലകളെ സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

(ബി) ഇല്ല.

(സി) തദ്ദേശീയരായ തൊഴിലാളികൾക്ക് തൊഴിൽ നിഷേധം ഉണ്ടായതായി തൊഴിൽ വകുപ്പിന് പരാതി ലഭിക്കുകയാണെങ്കിൽ തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥർ സ്ഥാപന പരിശോധന നടത്തുന്ന സമയത്ത് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

**അന്യസംസ്ഥാന തൊഴിലാളികളുടെ മേൽ നിയന്ത്രണം**

174(651) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പണിയെടുക്കുന്നവരും അലഞ്ഞുതിരിഞ്ഞുനടക്കുന്നവരുമായ അന്യസംസ്ഥാന തൊഴിലാളികൾ ഏതു സംസ്ഥാനങ്ങളിൽ നിന്നുള്ളവരാണെന്ന് സംസ്ഥാനങ്ങൾ തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇവർ സംസ്ഥാനത്താകമാനം ഏതെല്ലാം തൊഴിൽ മേഖലകളിൽ തൊഴിൽ ചെയ്തുവരുന്നു എന്നും ഇവർക്ക് തൊഴിൽ നൽകാനും തരപ്പെടുത്തുന്നതിനുമായി സംസ്ഥാനത്ത് ഏജൻറുമാരോ തൊഴിൽ പ്രൊമോട്ടർമാരോ മറ്റു ഏജൻസികളോ പ്രവർത്തിക്കുന്നുണ്ടോ എന്നും ഇവർ എത്ര പേരുണ്ടെന്നും ഇവർക്ക് ഇതിനായി സർക്കാർ തലത്തിൽ രജിസ്ട്രേഷനോ മറ്റെന്തെങ്കിലും നിയന്ത്രണങ്ങളോ നിലവിലുണ്ടോ എന്നും വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ അന്യസംസ്ഥാന തൊഴിലാളികളെ തൊഴിലെടുപ്പിക്കാനായി എത്തിക്കുന്നവർക്ക് രജിസ്ട്രേഷൻ തുടങ്ങിയ നിബന്ധനകൾ നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ;

(ഡി) ഓരോ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ വാർഡുതലങ്ങളിൽ പണിയെടുക്കുന്നവരും പുതുതായി പണിതേടിയെത്തി നിയോഗിക്കപ്പെടുന്നവരുമായ അന്യ സംസ്ഥാന തൊഴിലാളികളുടെ വിശദാംശങ്ങൾ വാർഡു തലങ്ങളിൽ ശേഖരിക്കാനും നിയന്ത്രിക്കാനും തദ്ദേശഭരണവകുപ്പും തൊഴിൽ വകുപ്പും യോജിച്ച് പ്രവർത്തനം നടത്തുന്ന കാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) തൊഴിൽ വകുപ്പിന്റെ പക്കൽ വിവരങ്ങൾ ലഭ്യമല്ല.

(ബി) അഞ്ചോ അതിൽ കൂടുതലോ ഇതര സംസ്ഥാന തൊഴിലാളികളെ കരാറുകാർ മുഖേന പണിയെടുപ്പിക്കുന്നപക്ഷം കരാറുകാരനും തൊഴിലുടമയും ഇന്റർസ്റ്റേറ്റ് മൈഗ്രന്റ് ആക്ട് 1979 പ്രകാരം രജിസ്ട്രേഷനും ലൈസൻസും തൊഴിൽ വകുപ്പിൽ നിന്ന് എടുക്കേണ്ടതാണ്. നിലവിൽ ടി നിയമപ്രകാരം ലൈസൻസ് അനുവദിച്ച 821 കരാറുകാർ സംസ്ഥാനത്ത് ഉണ്ട്. ഇതര സംസ്ഥാന തൊഴിലാളികൾക്ക് മാത്രമായി സംസ്ഥാനത്ത് ഏജന്റുമാരോ, തൊഴിൽ പ്രമോട്ടർമാരോ, മറ്റ് ഏജൻസികളോ പ്രവർത്തിക്കുന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) നിലവിൽ 1979-ലെ അന്തർസംസ്ഥാന കുടിയേറ്റ തൊഴിലാളി നിയമം, 1970-ലെ കരാർ തൊഴിലാളി നിയമം എന്നിവ പ്രകാരം രജിസ്ട്രേഷൻ നടപടി സ്വീകരിച്ചിരുന്നു.

(ഡി) ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ പരിരക്ഷയ്ക്കായി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ മാതൃകയിൽ ഒരു ഇൻഷ്വറൻസ് പദ്ധതി ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു. ഈ പദ്ധതി ആരംഭിച്ചാൽ ഇവരുടെ കണക്കെടുപ്പും വിവരശേഖരണവും തിരിച്ചറിയൽ കാർഡ് നൽകുന്ന കാര്യവും നടപ്പിലാക്കാവുന്നതാണ്.

## തൊഴിലാളികളുടെ വേതനം ബാങ്ക് അക്കൗണ്ടിലൂടെ ലഭ്യമാക്കാൻ കർമ്മ പദ്ധതി

175(652) <u>ശ്രീ. കെ. സി. ജോസഫ്</u> :
<u>ശ്രീ. റോജി എം. ജോൺ</u> :
<u>ശ്രീ. പി. ടി. തോമസ്</u> :
<u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തൊഴിലാളികളുടെ വേതനം ബാങ്ക് അക്കൗണ്ടിലൂടെ ലഭ്യമാക്കാൻ എന്തെല്ലാം കർമ്മ പദ്ധതിയാണ് മുൻ ഗവൺമെന്റ് തയ്യാറാക്കിയതെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചിരുന്നത്; വിശദാംശങ്ങൾ നല്കുമോ;

(സി) പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിരുന്നതെന്ന് വിശദമാക്കുമോ;

(ഡി) പദ്ധതി നിർവ്വഹണത്തിൽ എന്തെല്ലാം ലക്ഷ്യങ്ങൾ കൈവരിച്ചിട്ടുണ്ടെന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പുവരുത്തുന്നതിനും സംസ്ഥാനത്തെ സ്വകാര്യമേഖലയിലെ വിവിധ തൊഴിൽ രംഗങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് വേതനം ബാങ്ക് വഴി നൽകുന്നതിനുള്ള വേതന സുരക്ഷാ പദ്ധതി (ഇ-പേയ്മെന്റ് ഓഫ് വേജസ് സ്കീം) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. തിരുവനന്തപുരം ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ ഈ പദ്ധതി പൂർത്തിയാക്കിവരുന്നു.

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതുവഴി തൊഴിലാളികൾക്ക് ബാങ്ക് മുഖേന വേതനം ലഭ്യമാക്കുന്നതോടൊപ്പം നിയമം അനുശാസിക്കുന്ന കുറഞ്ഞ വേതനം യഥാസമയം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും കൂടാതെ തൊഴിലാളികൾക്ക് വേജ് സ്ലിപ്പ് നേരിട്ട് ഓൺലൈൻ മുഖേന ലഭ്യമാക്കുന്നതിനും കഴിയുന്നതാണ്.

(സി) വേതനസുരക്ഷാ പദ്ധതി നടപ്പാക്കുന്നതിനായി 1958-ലെ മിനിമം വേതന ചട്ടങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ട് 8-7-2015-ലെ സ.ഉ.(അച്ചടി) നമ്പർ 84/2015 പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ കെൽട്രോണുമായി സഹകരിച്ച് ഒരു സോഫ്റ്റ്വെയർ വികസിപ്പിക്കുകയും നാഷണലൈസ്ഡ്, ഷെഡ്യൂൾഡ് ബാങ്കുകൾ, സ്വകാര്യ തൊഴിലുടമാ പ്രതിനിധികൾ എന്നിവരുമായി ചർച്ച നടത്തി പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി 18 ബാങ്കുകളുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്.

(ഡി) ഈ പദ്ധതി നടപ്പിലാക്കിയതുവഴി തൊഴിലാളികൾക്ക് ബാങ്ക് മുഖേന വേതനം ലഭ്യമാക്കുന്നതോടൊപ്പം നിയമം അനുശാസിക്കുന്ന കുറഞ്ഞ വേതനം തൊഴിലാളികൾക്ക് യഥാസമയം ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനും കൂടാതെ തൊഴിലാളികൾക്ക് വേജ് സ്ലിപ്പ് നേരിട്ട് ഓൺലൈൻ മുഖേന ലഭ്യമാകുന്നതിനും

കഴിയുന്നതാണ്. തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർക്ക് 1948-ലെ മിനിമം വേതന നിയമപ്രകാരവും 1936-ലെ വേതനം കൊടുക്കൽ നിയമപ്രകാരവും നിശ്ചയിക്കപ്പെട്ട വേതനം കൃത്യസമയത്ത് ലഭ്യമാകുന്നുണ്ടോയെന്ന് ഓൺലൈനായി തന്നെ പരിശോധിക്കുന്നതിനും ഇതിൽ വീഴ്ച വരുത്തുന്ന സ്ഥാപന ഉടമകൾക്കെതിരെ നിയമനടപടി സ്വീകരിക്കുവാനും കഴിയും. ഇതുവരെ 279 സ്ഥാപനങ്ങൾ ഈ പദ്ധതിയുടെ പരിധിയിൽ വന്നിട്ടുണ്ട്. ടി സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് 67.86 കോടി രൂപയോളം വേതന സുരക്ഷാപദ്ധതി മുഖേന ഇതിനകം കൈമാറി കഴിഞ്ഞിട്ടുണ്ട്.

## എംപ്ലോയബിലിറ്റി സെന്ററുകളുടെ പ്രവർത്തനം

176(653) ശ്രീ. എം. വിൻസെന്റ് :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. അനിൽ അക്കര :
ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എംപ്ലോയബിലിറ്റി സെന്ററുകളുടെ പ്രവർത്തനത്തിന് മുൻ സർക്കാർ എന്തെല്ലാം കർമ്മപദ്ധതിയാണ് തയ്യാറാക്കിയിരുന്നത്; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയത്; വിശദമാക്കുമോ;

(ഡി) പദ്ധതി നിർവ്വഹണത്തിൽ എന്തെല്ലാം ലക്ഷ്യങ്ങൾ കൈവരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

### ഉത്തരം

(എ) കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ "തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുക" എന്ന ലക്ഷ്യത്തോടുകൂടി 2012-13 സാമ്പത്തിക വർഷം മുതൽ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന പദ്ധതിയാണ് എംപ്ലോയബിലിറ്റി സെന്റർ പദ്ധതി.

ടി പദ്ധതി പ്രകാരം എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ വിവിധ അഭിരുചി പരീക്ഷകൾക്കും, സൈക്കോമെട്രിക് ടെസ്റ്റുകൾക്കും വിധേയമാക്കി അവരുടെ കഴിവും ന്യൂനതകളും കണ്ടെത്തുകയും, തുടർന്ന് അവരുടെ അഭിരുചിയും യോഗ്യതയും അടിസ്ഥാനമാക്കി ആവശ്യമായ പരിശീലനം നൽകുകയും ചെയ്യുന്നു.

(ബി) എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്തവിദ്യരും, തൊഴിൽ രഹിതരുമായ ഉദ്യോഗാർത്ഥികളുടെ അഭിരുചി, സ്കിൽ ഗ്യാപ്പ് എന്നിവ വിവിധ അസ്സെസ്സ്മെന്റ് ടൂൾസ് ഉപയോഗിച്ച് വിലയിരുത്തി സോഫ്റ്റ് സ്കില്ലുകൾക്കും ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിനും എംപ്ലോയബിലിറ്റി സെന്റർ മുഖേനയും, തൊഴിലധിഷ്ഠിത പരിശീലനം ആവശ്യമായവർക്ക് അത്തരം അംഗീകൃത പരിശീലന കേന്ദ്രങ്ങൾ മുഖേനയും പരിശീലനം നൽകുകയും ഇപ്രകാരം പരിശീലനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് പൊതു/സ്വകാര്യമേഖലയിലെ തൊഴിലവസരം ലഭ്യമാക്കുന്നതിനായി തൊഴിൽദാതാക്കളുമായി നേരിട്ടും, ജോബ്ഫെയറുകൾ സംഘടിപ്പിച്ചും തൊഴിൽ നേടിയെടുക്കാൻ അവസരം ഉണ്ടാക്കിക്കൊടുക്കുക എന്നതാണ് എംപ്ലോയബിലിറ്റി സെന്ററുകളുടെ ഉദ്ദേശ്യലക്ഷ്യം.

(സി) പദ്ധതിപ്രകാരം നാളിതുവരെ കൊല്ലം, എറണാകുളം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കോട്ടയം, ആലപ്പുഴ എന്നീ 7 ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷം മലപ്പുറം, തൃശ്ശൂർ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം ആരംഭിച്ച എംപ്ലോയബിലിറ്റി സെന്ററുകൾ ഈ സാമ്പത്തിക വർഷം പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടി പൂർത്തിയായി വരുന്നു. 2016-17 സാമ്പത്തിക വർഷം തിരുവനന്തപുരം, കാസർഗോഡ് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം എംപ്ലോയബിലിറ്റി സെന്റർ ആരംഭിക്കാനാണ് വകുപ്പ് ഉദ്ദേശിക്കുന്നത്.

(ഡി) കൊല്ലം, എറണാകുളം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കോട്ടയം, ആലപ്പുഴ എന്നീ 7 ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം പ്രവർത്തനം ആരംഭിച്ചിട്ടുള്ള എംപ്ലോയബിലിറ്റി സെന്ററുകൾ വഴി 2016 മേയ് മാസം വരെ 33472 ഉദ്യോഗാർത്ഥികളെ അസ്സസ്സ് ചെയ്യുകയും, 33248 പേർക്ക് പരിശീലനം നല്കുകയും 29028 പേർക്ക് തൊഴിൽ ഓഫർ ലെറ്റർ നല്കുകയും ചെയ്തിട്ടുണ്ട്.

**തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പാക്കാൻ നടപടി**

177(654) ശ്രീ. കെ. മുരളീധരൻ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പാക്കാൻ മുൻ സർക്കാർ എന്തെല്ലാം കർമ്മ പദ്ധതിയാണ് തയ്യാറാക്കിയത്; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിച്ചത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി നിർവ്വഹണത്തിൽ എന്തെല്ലാം ലക്ഷ്യങ്ങൾ കൈവരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

ഉത്തരം

(എ) തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പുവരുത്തുന്നതിനും സംസ്ഥാനത്തെ സ്വകാര്യ മേഖലയിലെ വിവിധ തൊഴിൽ രംഗങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് വേതനം ബാങ്ക് വഴി നൽകുന്നതിനുമുള്ള വേതന സുരക്ഷാ പദ്ധതി (ഇ-പേമെന്റ് ഓഫ് വേജസ് സ്കീം) സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. തിരുവനന്തപുരം ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ ഈ പദ്ധതി പൂർത്തിയാക്കിവരുന്നു.

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കിയതു വഴി തൊഴിലാളികൾക്ക് ബാങ്ക് മുഖേന വേതനം ലഭ്യമാക്കുന്നതോടൊപ്പം നിയമം അനുശാസിക്കുന്ന കുറഞ്ഞ വേതനം തൊഴിലാളികൾക്ക് യഥാസമയം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും കൂടാതെ തൊഴിലാളികൾക്ക് വേജ് സ്ലിപ്പ് നേരിട്ട് ഓൺലൈൻ മുഖേന ലഭ്യമാക്കുന്നതിനും കഴിയുന്നതാണ്.

(സി) വേതനസുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിനായി 1958-ലെ മിനിമം വേതന ചട്ടങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ട് 8-7-2015-ലെ സ.ഉ.(അച്ചടി)

നമ്പർ 84/2015 പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ കെൽട്രോണുമായി സഹകരിച്ച് ഒരു സോഫ്റ്റ്‌വെയർ വികസിപ്പിക്കുകയും നാഷണലൈസ്ഡ്, ഷെഡ്യൂൾഡ് ബാങ്കുകൾ, സ്വകാര്യ തൊഴിലുടമാ പ്രതിനിധികൾ എന്നിവരുമായി ചർച്ച നടത്തി പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി 18 ബാങ്കുകളുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്.

(ഡി) ഈ പദ്ധതി നടപ്പിലാക്കിയതു വഴി തൊഴിലാളികൾക്ക് ബാങ്ക് മുഖേന വേതനം ലഭ്യമാക്കുന്നതോടൊപ്പം നിയമം അനുശാസിക്കുന്ന കുറഞ്ഞ വേതനം തൊഴിലാളികൾക്ക് യഥാസമയം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും കൂടാതെ തൊഴിലാളികൾക്ക് വേജ് സ്ലിപ്പ് നേരിട്ട് ഓൺലൈൻ മുഖേന ലഭ്യമാക്കാനും കഴിയുന്നതാണ്. തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർക്ക് 1948-ലെ മിനിമം വേതന നിയമപ്രകാരവും 1936-ലെ വേതനം കൊടുക്കൽ നിയമപ്രകാരവും നിശ്ചയിക്കപ്പെട്ട വേതനം കൃത്യസമയത്ത് ലഭ്യമാകുന്നുണ്ടോയെന്ന് ഓൺലൈനായി തന്നെ പരിശോധിക്കുന്നതിനും ഇതിൽ വീഴ്ച വരുത്തുന്ന സ്ഥാപന ഉടമകൾക്കെതിരെ നിമയ നടപടി സ്വീകരിക്കുവാനും കഴിയും. ഇതുവരെ 279 സ്ഥാപനങ്ങൾ ഈ പദ്ധതിയുടെ പരിധിയിൽ വന്നിട്ടുണ്ട്. ടി സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് 67.86 കോടി രൂപയോളം വേതന സുരക്ഷാപദ്ധതി മുഖേന ഇതിനകം കൈമാറി കഴിഞ്ഞിട്ടുണ്ട്.

## കശുവണ്ടി തൊഴിലാളി പെൻഷൻ

178(655) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കശുവണ്ടിത്തൊഴിലാളി ക്ഷേമനിധി ബോർഡ് തൊഴിലാളികൾക്കുള്ള പെൻഷൻ എത്ര മാസം കുടിശ്ശികയുണ്ടെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

കശുവണ്ടി തൊഴിലാളി ക്ഷേമനിധി ബോർഡിലെ പെൻഷണർമാർക്ക് 2015 നവംബർ മാസം വരെയുള്ള പെൻഷനാണ് വിതരണം ചെയ്തിട്ടുള്ളത്. നിലവിൽ 2015 ഡിസംബർ മുതൽ 2016 ജൂൺ വരെയുള്ള പെൻഷനാണ് കുടിശ്ശികയുള്ളത്.

**അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള കുട്ടികളെ ബാലവേല ചെയ്യിക്കുന്നത്**

179(656) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിൽ നിന്നും പ്രായപൂർത്തിയാകാത്ത കുട്ടികളെ സംസ്ഥാനത്ത് പലയിടത്തും ബാലവേലയ്ക്കും, അനാഥാലയങ്ങളിലെ കുട്ടികളായും ചെങ്കൽ, കരിങ്കൽ, സിമന്റ് കല്ല് നിർമ്മാണ കമ്പനികളിലും തൊഴിൽ ചെയ്യിക്കുന്നതായി സർക്കാരിന്റെയും തൊഴിൽ വകുപ്പിന്റെയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കഴിഞ്ഞ ഭരണ കാലയളവിൽ ഇത്തരത്തിൽ കുറ്റകൃത്യങ്ങൾ നടത്തിയതായി കണ്ടെത്തിയ കേസ്സുകൾ എത്രയെന്നും എത്ര കേസ്സ് രജിസ്റ്റർ ചെയ്തുവെന്നും തുടർനടപടി സ്വീകരിച്ച കേസ്സുകൾ എത്രയെന്നും വ്യക്തമാക്കുമോ;

(സി) ബാലവേല നിയന്ത്രിക്കേണ്ട ജില്ലാ കലക്ടർമാർ അദ്ധ്യക്ഷനായുള്ള ചൈൽഡ് ലേബർ റീഹാബിലിറ്റേഷൻ കം വെൽഫെയർ കമ്മിറ്റി കഴിഞ്ഞ ഭരണ കാലത്ത് ഓരോ ജില്ലയിലും നടത്തിയ പ്രവർത്തനങ്ങളും ഓരോ ജില്ലയിലും ഇതിനായി എത്ര യോഗങ്ങൾ കൂടി എന്നും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത കമ്മിറ്റികളുടെ പ്രവർത്തനം ഫലപ്രദമാക്കാൻ ഈ സർക്കാർ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) ജില്ലാതലത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെ വിശദ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) ചൈൽഡ് ലേബർ റിഹാബിലിറ്റേഷൻ കം വെൽഫയർ കമ്മിറ്റികളുടെ പ്രവർത്തനത്തിൽ എന്തെങ്കിലും അപാകതകൾ ശ്രദ്ധയിൽപ്പെട്ടാൽ ആവശ്യമായ നടപടികളെടുക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## അന്യസംസ്ഥാനത്തൊഴിലാളികൾ

180(657) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര അന്യസംസ്ഥാന തൊഴിലാളികളുണ്ടെന്നും ഇവരിൽ പേര് രജിസ്റ്റർ ചെയ്ത തൊഴിലാളികൾ എത്രയെന്നും അല്ലാത്തവർ എത്രയെന്നും വ്യക്തമാക്കുമോ;

(ബി) അന്യ സംസ്ഥാനതൊഴിലാളികൾക്ക് രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും നിർബന്ധമാക്കാനും അവരുടെ രജിസ്ട്രേഷന് ഒരു കാലാവധി നിശ്ചയിക്കാനും അതിനുശേഷം രജിസ്ട്രേഷൻ നേടാത്തവരെ തൊഴിൽ മേഖലയിൽ നിന്നും ഒഴിവാക്കാനും എന്തുനടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) കഴിഞ്ഞ അഞ്ച് വർഷ കാലയളവിൽ അന്യസംസ്ഥാന തൊഴിലാളികളിൽ കുറ്റകൃത്യങ്ങൾ നടത്തിയതായി കണ്ടെത്തിയവർ എത്രയെന്ന കണക്ക് ലഭ്യമാണോ; എങ്കിൽ വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് അന്യസംസ്ഥാനത്തൊഴിലാളികളുടെ എണ്ണം ദൈനം ദിനം വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവർ ഏതു സംസ്ഥാനങ്ങളിൽ നിന്നുള്ളവരാണെന്ന് വ്യക്തമാക്കാമോ;

(ഇ) അന്യസംസ്ഥാനത്തൊഴിലാളികളുടെ എണ്ണം കൂടാനുള്ള കാരണം എന്താണെന്നും സംസ്ഥാനത്തിനകത്തുള്ള തൊഴിലാളികൾക്ക് തൊഴിൽ ഉറപ്പു വരുത്തുവാനും അതിനുശേഷം മാത്രം അന്യസംസ്ഥാനത്തൊഴിലാളികളെ പരിഗണിക്കുന്നതിനും എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(എഫ്) അന്യസംസ്ഥാന തൊഴിലാളികൾ സംസ്ഥാനത്ത് വരുന്നതിന്റെ കാരണം കണ്ടെത്തി സംസ്ഥാനത്ത് ഒരു തൊഴിൽ സംസ്കാരം ഉറപ്പാക്കി ഇവരുടെ വരവു കുറയ്ക്കുന്നതിനായി നടപടി സ്വീകരിക്കാമോയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് തൊഴിൽ വകുപ്പിന്റെ നിർദ്ദേശപ്രകാരം തിരുവനന്തപുരം ആസ്ഥാനമായുള്ള ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ 2013-ൽ നടത്തിയ പഠന റിപ്പോർട്ടിൽ ഏകദേശം 25 ലക്ഷത്തിലധികം ഇതര സംസ്ഥാന തൊഴിലാളികൾ ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ട്. എന്നാൽ 53,136 തൊഴിലാളികൾ മാത്രമേ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളൂ. ബാക്കിയുള്ളവരുടെ കൃത്യമായ വിവരം ലഭിച്ചിട്ടില്ല.

(ബി) 1979-ലെ ഇന്റർസ്റ്റേറ്റ് മൈഗ്രന്റ് വർക്കേഴ്സ് (റഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടീഷൻ ഓഫ് സർവ്വീസസ്) ആക്ട് പ്രകാരം അഞ്ചോ അതിലധികമോ കുടിയേറ്റ തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങളെ രജിസ്റ്റർ ചെയ്യിക്കുകയും കരാറുകാർക്ക് ലൈസൻസ് നൽകുകയും ചെയ്തു വരുന്നു. ഇത്തരത്തിൽ ജോലിക്ക് നിയോഗിക്കുന്ന തൊഴിലുടമയും കരാറുകാരനും യഥാക്രമം രജിസ്ട്രേഷനും ലൈസൻസും എടുക്കേണ്ടതാണ്. അപ്രകാരം തൊഴിൽ ഉടമയുടെ സ്ഥാപനത്തിനാണ് രജിസ്ട്രേഷൻ ടി നിയമപ്രകാരം നൽകുന്നത്. എന്നാൽ 2010-ലെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിപ്രകാരം ഇതര സംസ്ഥാന തൊഴിലാളികളുടെ സ്വമേധയായുള്ള രജിസ്ട്രേഷൻ കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിന്റെ ജില്ലാ ഓഫീസുകളിൽ നടന്നു വരുന്നു. ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ ഉറപ്പാക്കുന്നതിന് ഉതകുന്ന സമഗ്രമായ ഒരു പദ്ധതി സർക്കാർ ആവിഷ്ക്കരിച്ചുവരികയാണ്.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) ഇവർ പ്രധാനമായും പശ്ചിമബംഗാൾ, ഒഡീഷ, ജാർഖണ്ഡ്, ബീഹാർ, ആസ്സാം, ഛത്തീസ്ഗഡ് എന്നീ സംസ്ഥാനങ്ങളിൽ നിന്നുള്ളവരാണ്.

(ഇ&എഫ്) കേരളത്തിൽ മെച്ചപ്പെട്ട സേവന വേതന വ്യവസ്ഥ നിലനിൽക്കുന്നതുകൊണ്ടാണ് ഇതര സംസ്ഥാന തൊഴിലാളികളുടെ എണ്ണം സംസ്ഥാനത്ത് കൂടുന്നത്. പ്രാദേശിക വ്യത്യാസം കണക്കാക്കാതെ എല്ലാ ഇന്ത്യൻ പൗരന്മാർക്കും തൊഴിൽമേഖലയിൽ തുല്യമായ പരിഗണന ലഭിക്കുന്ന നയമാണ് സംസ്ഥാനം കൈക്കൊണ്ടിട്ടുള്ളത്. ഇതര സംസ്ഥാന തൊഴിലാളികളുടെ സാന്നിധ്യം സംസ്ഥാനത്തിനകത്തുള്ള തൊഴിലാളികളുടെ തൊഴിൽ നഷ്ടപ്പെടുത്തുന്നതായിട്ടുള്ള സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## അന്യസംസ്ഥാനത്തൊഴിലാളികളുടെ ക്രിമിനൽ പശ്ചാത്തലം

181(658) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൊലപാതകമടക്കം പല അക്രമസംഭവങ്ങളിലും പലപ്പോഴും പിടിക്കപ്പെടുന്നത് അന്യസംസ്ഥാനത്തൊഴിലാളികളാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവരുടെ ക്രിമിനൽ പശ്ചാത്തലം പരിശോധിക്കാനുള്ള സംവിധാനം സംസ്ഥാനത്ത് നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) ഇവരുടെ നീക്കങ്ങൾ നിരീക്ഷിക്കുന്നതിന് നിലവിൽ പ്രത്യേക സംവിധാനമുണ്ടോ; വിശദമാക്കുമോ;

(ഡി) ഇവർക്ക് രജിസ്ട്രേഷൻ ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ;

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) തൊഴിൽ വകുപ്പിനു കീഴിൽ നിലവിൽ സംവിധാനങ്ങളില്ല.

(ഡി) കേരളത്തിലെ ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണവും ക്ഷേമ പ്രവർത്തനവും നടപ്പിലാക്കുന്നതിനുവേണ്ടി കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ബോർഡിന്റെ കീഴിൽ 2010 മാർച്ചു മുതൽ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി നടപ്പിലാക്കി വരുന്നു. ടി പദ്ധതി പ്രകാരം 53136 തൊഴിലാളികളെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. എന്നാൽ ഇവരുടെ ആരോഗ്യ പരിരക്ഷയ്ക്കായി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ മാതൃകയിൽ ഒരു ഇൻഷ്വറൻസ് പദ്ധതി ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. ഈ പദ്ധതി ആരംഭിച്ചാൽ ഇവരുടെ കണക്കെടുപ്പും വിവരശേഖരണവും തിരിച്ചറിയൽ കാർഡ് നൽകുന്ന കാര്യവും നടപ്പിലാക്കാവുന്നതാണ്.

## സംസ്ഥാനത്തെ ഐ.ടി.ഐ.-കൾ

182(659) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഐ.ടിഐ.-കളിൽ കാലാനുസൃതമായ കോഴ്സുകളും ഗുണനിലവാരമുള്ള ആധുനിക പരിശീലനവും നൽകുന്നതിന് ആവിഷ്കരിച്ച പദ്ധതികൾ വിശദമാക്കുമോ;

(ബി) ഐ.ടി.ഐ.-കളിലെ ഭൗതിക സൗകര്യം ഉയർത്തുന്നതിന് രൂപീകരിച്ച പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) സ്വന്തമായി ഭൂമിയും കെട്ടിടവും ഇല്ലാത്ത എത്ര ഐ.ടി.ഐ. -കൾ സർക്കാർ മേഖലയിലുണ്ടെന്ന് വ്യക്തമാക്കാമോ; ഇവയ്ക്ക് സ്ഥലവും കെട്ടിടവും അനുവദിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ;

(ഡി) ഏറനാട് മണ്ഡലത്തിലെ അരീക്കോട് ഐ.ടി.ഐ.-യിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനും ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; ഇല്ലെങ്കിൽ ആയതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്തെ 34 സർക്കാർ ഐ.ടി.ഐ.-കളിൽ വെർച്ച്വൽ ക്ലാസ്സ് റൂം പദ്ധതി നടപ്പിലാക്കി എഞ്ചിനിയറിംഗ് ഡ്രോയിംഗ്, മെക്കാനിക്ക് മോട്ടോർ വെഹിക്കിൾ, ഡി/സിവിൽ, ഇലക്ട്രീഷ്യൻ, ഫിറ്റർ, ടർണർ, മെഷീനിസ്റ്റ് എന്നീ ട്രേഡുകളിൽ ത്രീ-ഡി ഇന്ററാക്ടീവ് ടീച്ചിംഗ് എയ്ഡിലൂടെ പരിശീലനം നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി.

വിവിധ ഐ.ടി.ഐ.-കളിലെ കാലഹരണപ്പെട്ട ട്രേഡുകൾ നിർത്തലാക്കുകയും പകരം ജോലി സാധ്യത കൂടിയതും കാലാനുസൃതവുമായ പുതിയ ട്രേഡുകൾ ആരംഭിക്കുകയും ചെയ്തുവരുന്നു.

ഐ.ടി.ഐ.-യിലെ പരിശീലനാർത്ഥികൾക്ക് ആധുനിക സാങ്കേതിക വിദ്യയിൽ പരിജ്ഞാനം ലഭ്യമാക്കുന്നതിനും, കാലാനുസൃതമായ കോഴ്സുകൾ നൽകുന്നതിനുമായി മെ. മാരുതി സുസുക്കി, മെ. വോക്സ് വാഗൺ, മെ.ടൊയോട്ട കിർലോസ്കർ ലിമിറ്റഡ്, മെ. മഹീന്ദ്ര ആന്റ് മഹീന്ദ്ര, മെ. സാംസംഗ് തുടങ്ങിയ കമ്പനികളുമായി വിവിധ ഐ.ടി.ഐ.-കൾ ധാരണാപത്രത്തിൽ ഏർപ്പെട്ടിട്ടുണ്ട്.

(ബി) 2015-16 വർഷത്തിൽ ഐ.ടി.ഐ.-കളുടെ നവീകരണം പദ്ധതിയിലുൾപ്പെടുത്തി ക്ലാസ്സ്റൂം നിർമ്മാണത്തിനുവേണ്ടി 240 ലക്ഷം രൂപയും വർക്ക്ഷോപ്പുകളുടേയും ക്ലാസ്സ്റൂമുകളുടേയും ഇലക്ട്രിഫിക്കേഷനുവേണ്ടി 787.69 ലക്ഷം രൂപയും വർക്ക്ഷോപ്പുകളുടെ നവീകരണത്തിനുവേണ്ടി 299.92 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. കൂടാതെ 7 ഐ.ടി.ഐ.-കളിൽ പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികളും കൈക്കൊണ്ടിട്ടുണ്ട്. 2016-17 വർഷവും ടി പ്രവർത്തനങ്ങളിലൂടെ ഐ.ടി.ഐ.-കളിൽ ഭൗതിക സൗകര്യം ഉയർത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) വ്യാവസായിക പരിശീലന വകുപ്പിന്റെ കീഴിൽ സ്വന്തമായി സ്ഥലമില്ലാത്ത 17 ഐ.ടി.ഐ.-കൾ ഉണ്ട്. വിവരം ചുവടെ ചേർക്കുന്നു:

(1) ഐ.ടി.ഐ (വ) നെൻമേനി, വയനാട്.

(2) ബേപ്പൂർ, കോഴിക്കോട്

(3) (വ) മെഴുവേലി, പത്തനംതിട്ട

(4) പുറക്കാട്, ആലപ്പുഴ

(5) പുഴക്കാട്ടിരി, മലപ്പുറം

(6) കായംകുളം ആലപ്പുഴ

(7) നെന്മാറ, പാലക്കാട്

(8) തിരുവമ്പാടി, കോഴിക്കോട്

(9) വയലാർ, ആലപ്പുഴ

(10) റാന്നി, പത്തനംതിട്ട

(11) (വ ) ചങ്ങനാശ്ശേരി, കോട്ടയം

(12) കഞ്ഞിക്കുഴി, ഇടുക്കി

(13) താഴേക്കോട്, മലപ്പുറം

(14) വെസ്റ്റ് എളേരി (വ), കാസർഗോഡ്

(15) ലഫ്. കേണൽ നിരഞ്ജൻ മെമ്മോറിയൽ ഗവൺമെന്റ് ഐ.ടി.ഐ എളുമ്പുലാശ്ശേരി, പാലക്കാട്

(16) നരിപ്പറ്റ, കോഴിക്കോട്

(17) കൊടുവള്ളി, കോഴിക്കോട്

ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ ഐ.ടി.ഐ. സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം സൗജന്യമായി ലഭ്യമാക്കാമെന്ന നിബന്ധനയിലാണ് സർക്കാർ ഐ.ടി.ഐ.-കൾ അനുവദിച്ചിട്ടുള്ളത്. മേൽ പ്രസ്താവിച്ച ഐ.ടി.ഐ.-കൾക്ക് സ്ഥലം ലഭ്യമാക്കാൻ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്.

(ഡി) "പൊതു സ്വകര്യ പങ്കാളിത്തത്തോടെ 1396 ഗവൺമെന്റ് ഐ.ടി.ഐ.- കളുടെ നിലവാരമുയർത്തൽ" പദ്ധതി അനുസരിച്ച് അരീക്കോട് ഐ.ടി.ഐ.-യ്ക്ക് 2009-10 സാമ്പത്തിക വർഷം 2.5 കോടി രൂപ പലിശരഹിത വായ്പയായി കേന്ദ്ര സർക്കാർ നൽകിയിട്ടുണ്ട്. ഈ ഫണ്ട് ഉപയോഗിച്ച് സ്ഥാപനത്തിന്റെ ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ട നടപടി സ്വീകരിച്ചു വരുന്നു. അരീക്കോട് ഐ.ടി.ഐ.-യിലെ ഭൗതീക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 2015-16 സാമ്പത്തിക വർഷം ഐ.ടി.ഐ.-യിലെ ഇക്വിഫിക്കേഷൻ വർക്കുകൾക്കായി 7068799 രൂപ അനുവദിച്ചിരുന്നു. പ്രസ്തുത ഐ.ടി.ഐ.-യിൽ പി.പി.പി. സ്കീമിൽ ജനറൽ കാർപെന്റർ, പ്ലംബർ, റഫ്രിജറേഷൻ & എയർകണ്ടീഷണിംഗ് എന്നീ മൂന്ന് ട്രേഡുകൾ പുതുതായി ആരംഭിച്ചിട്ടുണ്ട്.

**ഐ.ടി.ഐ.-കളിലെ തസ്തികകൾ**

183 (T660) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 അദ്ധ്യയന വർഷം സംസ്ഥാനത്ത് പുതുതായി എത്ര ഐ.ടി.ഐ.-കൾ ആരംഭിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത ഐ.ടി.ഐ.-കളിൽ നാളിതുവരെ തസ്തിക സൃഷ്ടിക്കാത്തവ എത്ര; വിശദാംശം നൽകാമോ;

(സി) തസ്തിക സൃഷ്ടിക്കാത്ത ഐ.ടി.ഐ.-കളിൽ നിലവിൽ എന്ത് സംവിധാനമാണ് നടപ്പാക്കിയിരിക്കുന്നതെന്ന് വിശദമാക്കുമോ; അതിന്റെ പ്രായോഗിക വിഷമതകളെ സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; വിശദീകരിക്കാമോ;

(ഡി) നരിപ്പറ്റ ഗവൺമെന്റ് ഐ.ടി.ഐ.-യിൽ നിലവിൽ 50 കിലോമീറ്റർ അകലെയുള്ള കൊയിലാണ്ടി ഐ.ടി.ഐ.-യിലെ ജീവനക്കാരുടെ സേവനം പ്രയോജനപ്പെടുത്തിയാണ് ദൈനംദിന ഭരണ സംവിധാനം നടത്തുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ഇ) എങ്കിൽ സാങ്കേതിക വിദ്യാഭ്യാസരംഗത്തുള്ള വിഷമതകൾ നീക്കം ചെയ്യുന്നതിന് പ്രസ്തുത ഐ.ടി.ഐ.-കളിൽ തസ്തിക സൃഷ്ടിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) 2015-16 അധ്യയന വർഷം കണ്ണൂർ ജില്ലയിലെ കൂത്തുപറമ്പ്, പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാംപാറ, എലുമ്പുലാശ്ശേരി, കോഴിക്കോട് ജില്ലയിലെ കൊടുവള്ളി, നരിപ്പറ്റ എന്നിവിടങ്ങളിലായി 5 ഐ.ടി.ഐ.കൾ ആരംഭിച്ചിട്ടുണ്ട്.

(ബി) കൊഴിഞ്ഞാംപാറ, എലുമ്പുലാശ്ശേരി, കൊടുവള്ളി, നരിപ്പറ്റ എന്നീ 4 ഐ.ടി.ഐ കളിൽ തസ്തിക സൃഷ്ടിച്ചിട്ടില്ല.

(സി) ഐ.ടി.ഐ. പ്രവർത്തിക്കുന്ന ജില്ലയിലെ മറ്റ് സ്ഥാപനങ്ങളിൽ നിന്ന് സേവനക്രമീകരണ വ്യവസ്ഥയിൽ ഇൻസ്ട്രക്ടർമാരെ നിയോഗിച്ചാണ് ടി ഐ.ടി.ഐ.-കളിൽ പരിശീലനം നൽകിവരുന്നത്.

മറ്റ് സ്ഥാപനങ്ങളിൽ നിന്ന് സേവനക്രമീകരണ വ്യവസ്ഥയിൽ ഇൻസ്ട്രക്ടർമാരെ നിയോഗിക്കുമ്പോൾ പ്രസ്തുത സ്ഥാപനത്തിലെ ട്രെയിനിംഗിന് ബുദ്ധിമുട്ട് നേരിടാറുണ്ട്. ആയതിന് പരിഹാരം കാണുന്നതിനായി പ്രവർത്തനം ആരംഭിച്ച എല്ലാ ഐ.ടി.ഐ.-കളിലും ആവശ്യം വേണ്ട തസ്തിക അനുവദിക്കുന്നത് പരിശോധിച്ചുവരുന്നു.

(ഡി) ഉണ്ട്

(ഇ) ഭരണാനുമതി ലഭിച്ച എല്ലാ ഐ.ടി.ഐ.-കളിലും ആവശ്യം വേണ്ട തസ്തിക അനുവദിക്കുന്നത് പരിശോധിച്ചുവരുന്നു.

**ശരണ്യ തൊഴിൽ പദ്ധതി**

184(661) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'ശരണ്യ തൊഴിൽ പദ്ധതി' എന്ന പേരിൽ ഒരു പദ്ധതി ആരംഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ, യോഗ്യത, മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഉപഭോക്താക്കൾ ആരെല്ലാമാണ്; ഇതുപ്രകാരം ഏതെല്ലാം കാര്യങ്ങൾക്കാണ് ധനസഹായം അനുവദിക്കുന്നത് ; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള അശരണരായ സ്ത്രീകൾക്ക് സ്വയംതൊഴിൽ ചെയ്യുന്നതിനായി ധനസഹായം നൽകുന്നതിന് 2010-11 സാമ്പത്തിക വർഷം "ശരണ്യ" എന്ന പേരിൽ ഒരു സ്വയം തൊഴിൽ പദ്ധതി 24-7-2010 തീയതിയിലെ സ.ഉ.(പി) നമ്പർ 81/2010/തൊഴിൽ പ്രകാരം ആരംഭിച്ചിട്ടുണ്ട്.

(ബി) ഭർത്താവ് മരണപ്പെടുന്നതോടുകൂടി അല്ലെങ്കിൽ ഭർത്താവിനാൽ ഉപേക്ഷിക്കപ്പെടുകയോ, ഭർത്താവ് ശയ്യാവലംബനും, നിത്യരോഗിയുമാകുകയോ, വിവാഹബന്ധം വേർപെടുത്തുകയോ ചെയ്യുന്നതോടുകൂടി മക്കളെയും, വൃദ്ധരായ മാതാപിതാക്കളേയും സംരക്ഷിക്കേണ്ടിവരുന്ന അശരണരും സാമ്പത്തികവും സാമൂഹികപരവുമായി പിന്നോക്കം നിൽക്കുന്ന വനിതകൾക്ക് സ്വയംതൊഴിലിലൂടെ ഒരു ജീവിതമാർഗ്ഗം കണ്ടെത്തുന്നതിന് ധനസഹായം നൽകുകയാണ് പദ്ധതിയുടെ ഉദ്ദേശ്യം. സ്ത്രീ ശാക്തീകരണവും തൊഴിലില്ലായ്മയും ഒരു പരിധിവരെ കുറയ്ക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ വിധവകൾ, ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ടവർ, നിയമാനുസൃതം വിവാഹബന്ധം വേർപെടുത്തിയവർ, 30 വയസ്സ് കഴിഞ്ഞ അവിവാഹിതകൾ, പട്ടികവർഗ്ഗത്തിലെ അവിവാഹിതരായ അമ്മമാർ, അംഗപരിമിതരായ വനിതകൾ, നിത്യരോഗിയും ശയ്യാവലംബരുമായ ഭർത്താക്കൻമാരുള്ളവർ എന്നീ വഭാഗത്തിലുള്ള വനിതകൾക്കുവേണ്ടി മാത്രമുള്ള സ്വയംതൊഴിൽ പദ്ധതിയാണിത്.

എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ നിലവിലുള്ളവരും, വാർഷിക കുടുംബ വരുമാനം രണ്ടു ലക്ഷം രൂപയിൽ കവിയാത്തവരും 18-നും 55-നും മദ്ധ്യേ പ്രായമുള്ള (അവിവാഹിതകൾ 30 വയസ്സ് പൂർത്തിയാകണം) മേൽപ്പറഞ്ഞ വിഭാഗത്തിലുള്ള വനികൾക്ക് ഈ പദ്ധതിയിൻപ്രകാരം സ്വയംതൊഴിൽ വായ്പയ്ക്ക് അപേക്ഷിക്കാവുന്നതാണ്. പ്രൊഫഷണൽ/സാങ്കേതിക യോഗ്യതയുള്ളവർക്കും, ഐ.റ്റി.ഐ., ഐ.റ്റി.സി സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയവർക്കും ഈ പദ്ധതിപ്രകാരം ആനുകൂല്യം ലഭിക്കുന്നതിന് മുൻഗണന നൽകുന്നതാണ്.

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളതും, വാർഷിക കുടുംബ വരുമാനം രണ്ടു ലക്ഷം രൂപയിൽ കവിയാത്തവരും, പ്രായം 18 നും 55 നും മദ്ധ്യേയുള്ള (അവിവാഹിതകൾ ഒഴികെ) വിധവകൾ, നിയമാനുസൃതം വിവാഹമോചനം നേടിയവർ, 30 വയസ്സുകഴിഞ്ഞ അവിവാഹിതകൾ, ഭർത്താവ് ഉപേക്ഷിക്കുകയോ/ഭർത്താവിനെ കാണാതാവുകയോ ചെയ്തവർ, പട്ടികവർഗ്ഗത്തിലെ അവിവാഹിതരായ അമ്മമാർ, അംഗപരിമിതരായ വനിതകൾ, നിത്യരോഗിയും ശയ്യാവലംബരുമായ ഭർത്താക്കൻമാരുള്ളവർ എന്നീ വിഭാഗത്തിലുള്ള വനിതകളാണ് ഈ പദ്ധതിയുടെ ഉപഭോക്താക്കൾ.

വനിതകൾക്ക് വിജയകരമായി ചെയ്യാൻ കഴിയുന്ന ചെറുകിട സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനാണ് ധനസഹായം അനുവദിക്കുന്നത്. വളർത്തുമൃഗം-പക്ഷി പരിപാലനം, ചെറുകിട ബിസിനസ്സ്, നാടൻ പലഹാരം, കുട, ബാഗ്, സോപ്പ് മുതലായവയുടെ നിർമ്മാണം, കരകൗശല സാമഗ്രികളുടെ നിർമ്മാണം തുടങ്ങിയവയ്ക്ക് ഈ പദ്ധതി പ്രകാരം ധനസഹായം നൽകുന്നു. ഇതുകൂടാതെ പ്രാദേശിക സ്ഥിതിയെ അടിസ്ഥാനപ്പെടുത്തി വനിതകൾക്ക് വിജയകരമായും ലാഭകരമായും നടപ്പാക്കാൻ കഴിയുന്ന എല്ലാ പദ്ധതികൾക്കും ധനസഹായം അനുവദിക്കുന്നുണ്ട്.

**മാടായി ഐ.ടി.ഐ.-യിൽ പുതിയ കോഴ്സുകൾ**

185(662) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാടായി ഐ.ടി.ഐ.-യിൽ പുതിയ കോഴ്സുകൾ തുടങ്ങുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

<u>ഉത്തരം</u>

മാടായി ഐ.ടി.ഐ.-യിൽ ആർക്കിടെക്ചറൽ അസിസ്റ്റന്റ് ട്രേഡിന് പകരമായി ഡ്രാഫ്റ്റ്സ്മാൻ സിവിൽ ട്രേഡ് ആരംഭിക്കുന്നതിനും പുതുതായി ഇലക്ട്രീഷ്യൻ ട്രേഡ് ആരംഭിക്കുന്നതിനുമുള്ള ശിപാർശ സർക്കാർ പരിശോധിച്ചു വരുന്നു.

**കൗശൽ കേന്ദ്രങ്ങളുടെ പ്രവർത്തനം**

186(663) ശ്രീ. പി. ടി. തോമസ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. അനിൽ അക്കര :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൗശൽ കേന്ദ്രങ്ങളുടെ പ്രവർത്തനത്തിന് മുൻ സർക്കാർ എന്തെല്ലാം കർമ്മപദ്ധതികളാണ് തയ്യാറാക്കിയത്; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ ഒരുക്കിയ സംവിധാനങ്ങൾ വിശദമാക്കുമോ;

(ഡി) പദ്ധതി നിർവ്വഹണത്തിൽ എന്തെല്ലാം ലക്ഷ്യങ്ങൾ കൈവരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

ഉത്തരം

(എ&ബി) ഗ്രാമീണമേഖലയിലെ സ്കൂൾ കോളേജ് വിദ്യാർത്ഥികൾ ഉൾപ്പെടുന്ന യുവ സമൂഹത്തിനു തൊഴിൽ നൈപുണ്യ പരിശീലനം ഉറപ്പാക്കുന്നതോടൊപ്പം ആഗോള മത്സര രംഗത്ത് അവരെ മുൻനിരയിലെത്തിക്കാൻ പ്രാപ്തരാക്കുകയാണ് കൗശൽ കേന്ദ്രയിലൂടെ ലക്ഷ്യമാക്കുന്നത്.

സ്കൂൾ കോളേജ് തലത്തിലുള്ള വിദ്യാർത്ഥികളുടെ തൊഴിൽ അഭിരുചി മനസ്സിലാക്കി അവർക്ക് ഉചിതമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനുള്ള അസ്സെസ്സ്മെന്റ് ആൻഡ് കരിയർ ഗൈഡൻസ് സെൽ, ലോകത്തെ മികച്ച വായന ശാലകളെ കോർത്തിണക്കി പുതു തലമുറയിൽ വായനാശീലം വളർത്തിയെടുത്ത് അറിവിന്റെ പുതിയ വാതായനങ്ങൾ തുറക്കുന്നതിനു സൗകര്യം ഒരുക്കുന്ന ഡിജിറ്റൽ ലൈബ്രറി, ഇംഗ്ലീഷും, ഇതര ഭാഷകളായ ഹിന്ദി, അറബിക്, ഫ്രഞ്ച് തുടങ്ങിയവയിൽ നൈപുണ്യ പരിശീലനം തേടുന്നതിനുള്ള ലാംഗ്വേജ് ലാബ്, വിവിധ മേഖലകളിൽ അത്യന്താധുനിക സാങ്കേതിക പരിശീലന സൗകര്യത്തോടൊപ്പം വീഡിയോ കോൺഫറൻസിംഗ് സംവിധാനവും ഉറപ്പാക്കുന്ന മൾട്ടി സ്കിൽ റൂം എന്നിവ കൗശൽ കേന്ദ്രയിൽ ഒരുക്കിയിരിക്കുന്നു.

(സി) പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ, നാളിതുവരെ 4.25 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ഡി) കൊല്ലം, കോഴിക്കോട്, പാലക്കാട് ജില്ലകളിൽ കൗശൽ കേന്ദ്രങ്ങൾ സ്ഥാപിക്കുകയും പ്രവർത്തിച്ചുവരികയും ചെയ്യുന്നു. നാളിതുവരെ ഗ്രാമീണ മേഖലയിലെ സ്കൂൾ കോളേജ് തലത്തിലുള്ള 3845 വിദ്യാർത്ഥികൾ കൗശൽ കേന്ദ്രയിലെ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

**ചേലക്കര ദേശമംഗലം ഐ.ടി.ഐ.-യുടെ കെട്ടിട നിർമ്മാണം**

187(664) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിലെ ദേശമംഗലം ഐ.ടി.ഐ.-യുടെ കെട്ടിട നിർമ്മാണത്തിനായി ഭരണാനുമതി നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) കെട്ടിട നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിൽ കാലതാമസമുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) കെട്ടിട നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ദേശമംഗലം ഐ.ടി.ഐ.യുടെ കെട്ടിട നിർമ്മാണത്തിനുവേണ്ടി ഭരണാനുമതി നൽകിയിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിനുവേണ്ടി 5-2-2011-ലെ ജി.ഒ. (എംഎസ്.) നമ്പർ 17/2011/തൊഴിൽ പ്രകാരം 299.50 ലക്ഷം രൂപ 4202-02-800-95-2010-11(Plan) ശീർഷകത്തിൽ അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) ദേശമംഗലം ഐ.ടി.ഐ.യുടെ കെട്ടിട നിർമ്മാണം 4-4-2012 ന് ആരംഭിച്ചുവെങ്കിലും ഫണ്ടിന്റെ അപര്യാപ്തത കാരണം കരാറുകാരന് ബിൽ തുക നൽകാത്തതിനാൽ കെട്ടിടം പണി പൂർത്തിയാക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ട്. എന്നിരുന്നാലും നിലവിൽ ടി തടസ്സങ്ങളൊക്കെ പരിഹരിച്ച് കെട്ടിടം പണി പുരോഗമിച്ചുവരുന്നു.

(സി) നിർമ്മാണ പ്രവർത്തനത്തിന്റെ ഏകദേശം 85% പൂർത്തിയായിട്ടുണ്ട്. നിലവിൽ കെട്ടിടത്തിന്റെ പ്ലാസ്റ്ററിംഗ് വർക്ക് പുരോഗമിച്ചു വരുന്നു.

## സ്കിൽ ഡെവലപ്മെന്റ് മിഷന്റെ പ്രവർത്തനത്തിന് കർമ്മ പദ്ധതി

188 (665) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കിൽ ഡെവലപ്മെന്റ് മിഷന്റെ പ്രവർത്തനത്തിന് മുൻ ഗവൺമെന്റ് തയ്യാറാക്കിയ കർമ്മ പദ്ധതികൾ വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചത്, വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ ഒരുക്കിയ സംവിധാനങ്ങൾ വിശദമാക്കുമോ;

(ഡി) പദ്ധതി നിർവ്വഹണത്തിൽ എന്തെല്ലാം ലക്ഷ്യങ്ങൾ കൈവരിച്ചിട്ടുണ്ട്, വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

### ഉത്തരം

(എ-ഡി) വിവിധ മേഖലയിൽ തൊഴിൽ നൈപുണ്യവികസന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനായി സർക്കാർ ഉടമസ്ഥതയിൽ സെക്ഷൻ 25 കമ്പനിയായ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) സ്ഥാപിതമായി. ഇതിന്റെ ഭാഗമായി നൈപുണ്യം ഇന്റർനാഷണൽ സ്കിൽസ് പാർക്ക്, കൗശൽ കേന്ദ്രങ്ങൾ, ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ, നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ്, എംപ്ലോയബിലിറ്റി സെന്ററുകൾ, എൻലൈറ്റൻ സ്കിൽസ് ട്രെയിനിംഗ് പ്രോഗ്രാം ഇൻ ഓയിൽ ആന്റ് റിഗ് എന്നിവ ആരംഭിച്ചു. വിവിധ മേഖലകളിൽ തൊഴിൽ രഹിതരായ ചെറുപ്പക്കാർക്ക് തൊഴിൽ ലഭ്യത ഉറപ്പു വരുത്തുകയെന്ന ലക്ഷ്യത്തോടെയാണ് പദ്ധതി നടപ്പിലാക്കിയത്.

(സി) തൊഴിലും നൈപുണ്യവും വകുപ്പിനു കീഴിൽ തൊഴിലധിഷ്ഠിത നൈപുണ്യ പരിശീലന പദ്ധതികൾ നടപ്പിലാക്കുന്ന കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE)-ന്റെ വികസന പദ്ധതികൾക്ക് മേൽനോട്ടം വഹിക്കാനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനായുള്ള അഡ്വൈസറി ബോർഡും, ബഹുമാനപ്പെട്ട തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനായുള്ള ബോർഡും രൂപീകരിച്ചിട്ടുണ്ട്.

## തൊഴിൽ അന്വേഷകർക്കുള്ള കർമ്മ പദ്ധതികൾ

189(666) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിൽ അന്വേഷകരെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് എന്തെല്ലാം കർമ്മ പദ്ധതിയാണ് മുൻ സർക്കാർ തയ്യാറാക്കിയിരുന്നതെന്ന് വിശദമാക്കാമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചിരുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(സി) പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) പദ്ധതി നിർവ്വഹണത്തിൽ എന്തെല്ലാം ലക്ഷ്യങ്ങൾ കൈവരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) സർക്കാർ ഉടമസ്ഥതയിൽ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) സ്ഥാപിതമായി. പ്രസ്തുത സ്ഥാപനം മുഖേന താഴെപ്പറയുന്ന വിവിധ നൈപുണ്യ വികസന പദ്ധതികൾ നടപ്പാക്കിവരുന്നു.

1. സെന്റർ ഓഫ് എക്സലൻസസ്
2. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ &കൺസ്ട്രക്ഷൻ
3. കൗശൽ കേന്ദ്രങ്ങൾ
4. എംപ്ലോയബിലിറ്റി സെന്ററുകൾ

(ബി&ഡി) തൊഴിൽരഹിതരായ ചെറുപ്പക്കാർക്ക് പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും ഗ്രാമീണമേഖലയിലെ സ്കൂൾ-കോളേജ് വിദ്യാർത്ഥികൾ ഉൾപ്പെടുന്ന യുവ സമൂഹത്തിന് തൊഴിൽ നൈപുണ്യ പരിശീലനം ഉറപ്പാക്കുകയും ചെയ്യുകയെന്ന ഉദ്ദേശ്യലക്ഷ്യത്തോടെയാണ് ഈ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്.

(സി) തൊഴിലും നൈപുണ്യവും വകുപ്പിനു കീഴിൽ തൊഴിലധിഷ്ഠിത നൈപുണ്യ പരിശീലന പദ്ധതികൾ നടപ്പിലാക്കുന്ന കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE)-ന്റെ വികസനപദ്ധതികൾക്ക് മേൽനോട്ടം വഹിക്കാനായി ബഹു. മുഖ്യമന്ത്രി ചെയർമാനായുള്ള അഡ്വൈസറി ബോർഡും ബഹു. തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാൻ ആയുള്ള ബോർഡും രൂപീകരിച്ചിട്ടുണ്ട്.

**വെസ്റ്റ് എളേരി വനിതാ ഐ.ടി.ഐ.**

190(667) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ഭീമനടിയിൽ പ്രവർത്തിക്കുന്ന വെസ്റ്റ് എളേരി വനിതാ ഐ.ടി.ഐ., ജനറൽ ഐ.ടി.ഐ. ആക്കി മാറ്റാൻ നടപടി സ്വീകരിക്കുമോ;

(ബി) മലയോര കുടിയേറ്റ മേഖലയിൽപ്പെട്ട ഈ പ്രദേശത്തെ ആൺ കുട്ടികൾക്കും ഐ.ടി.ഐ-ൽ ചേർന്നു പഠിക്കാൻ കഴിയുന്ന തരത്തിൽ നവീന കോഴ്സുകൾ ഉൾപ്പെടുത്തി ജനറൽ ഐ.ടി.ഐ.-ആയി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) സാധ്യത പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**വാമനപുരം നിയോജകമണ്ഡലത്തിലെ ഐ.ടി.ഐ.**

191(668) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ സർക്കാർ ഉടമസ്ഥതയിലുള്ള ഏതെങ്കിലും ഐ.റ്റി.ഐ.-കളോ മറ്റ് സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ അവയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) വാമനപുരം പഞ്ചായത്തിൽ ഐ.റ്റി.ഐ. സ്ഥാപിക്കണമെന്ന ആവശ്യം പരിഗണനയിലുണ്ടോ; എങ്കിൽ ഇവിടെ ഐ.റ്റി.ഐ. ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) വ്യാവസായിക പരിശീലന വകുപ്പിന്റെ കീഴിൽ വാമനപുരം നിയോജക മണ്ഡലത്തിൽ ഐ.ടി.ഐ.-കൾ പ്രവർത്തിക്കുന്നില്ല. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ പോളിടെക്നിക്കിന്റെ ഭാഗമായ ഒരു ഫാഷൻ ഡിസൈൻ സെന്റർ പ്രവർത്തിക്കുന്നുണ്ട്.

(ബി) വാമനപുരം നിയോജകമണ്ഡലത്തിൽ ഐ.ടി.ഐ. സ്ഥാപിക്കണമെന്ന ആവശ്യം പരിശോധിക്കുന്നതാണ്.

**മണലൂരിൽ പ്രവർത്തിക്കുന്ന ഐ.ടി.ഐ.**

192(669) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂരിൽ പ്രവർത്തിക്കുന്ന ഐ. ടി. ഐ.-യിൽ നിലവിലുള്ള ട്രേഡുകൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ; പുതിയ ട്രേഡുകൾ ആരംഭിക്കാൻ നടപടിയുണ്ടോ;

(ബി) പ്രസ്തുത ഐ ടി ഐ യുടെ പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കെട്ടിടങ്ങളുടെ നവീകരണത്തിനും പുതിയ കെട്ടിട നിർമ്മാണത്തിനും എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) മണലൂർ ഐ.ടി.ഐ.-യിൽ നിലവിൽ എം.എം.വി (2 യൂണിറ്റ്), ഡി/സിവിൽ (2 യൂണിറ്റ്) ട്രേഡുകൾ ഉണ്ട്. നിലവിലുള്ള ട്രേഡുകൾക്ക് ആവശ്യമായ ഭൗതീക സാഹചര്യങ്ങൾ ഒരുക്കിയതിനുശേഷം പുതിയ ട്രേഡുകൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ബി) മണലൂർ ഐ.ടി.ഐ.-യുടെ കെട്ടിട നിർമ്മാണത്തിനുവേണ്ടി 2013-14 സാമ്പത്തിക വർഷം 130 ലക്ഷം രൂപ അനുവദിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കെട്ടിട നിർമ്മാണ പ്രവർത്തനം പുരോഗമിച്ചു വരുന്നു.

**ചാത്തമംഗലം ഐ.ടി.ഐ.**

193(670) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2012-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ചാത്തമംഗലം ഗ്രാമപഞ്ചായത്തിൽ പുതിയ ഐ.ടി.ഐ. ആരംഭിക്കുമെന്ന ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രഖ്യാപനം നടപ്പിലാക്കാൻ സാധിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഗ്രാമപഞ്ചായത്ത് വിലകൊടുത്ത് വാങ്ങി നൽകിയ രണ്ട് ഏക്കർ ഭൂമിയിൽ ഐ.ടി.ഐ. സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 2011-12 വർഷത്തെ പുതുക്കിയ ബഡ്ജറ്റിൽ ചാത്തമംഗലം ഐ.ടി.ഐ.-യെ സംബന്ധിച്ച പ്രഖ്യാപനം ഉണ്ടായിരുന്നില്ല. ആയതിനാൽ ഈ കാര്യത്തിൽ തുടർ നടപടി സ്വീകരിച്ചില്ല.

(ബി) ഗ്രാമപഞ്ചായത്ത് സ്ഥലം വകുപ്പിന് കൈമാറ്റം ചെയ്തു നൽകിയിട്ടില്ല.

**ബേപ്പൂരിലെ സർക്കാർ ഐ.ടി.ഐ.-ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് നടപടി**

194(671) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ബേപ്പൂരിലെ സർക്കാർ ഐ.ടി.ഐ.-ക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി 1.20 ഏക്കർ സ്ഥലം നൽകാൻ ബേപ്പൂർ പഞ്ചായത്ത് തീരുമാനിക്കുകയും തദ്ദേശ സ്വയംഭരണ വകുപ്പ് അംഗീകാരം നൽകുകയും ചെയ്തിട്ടും ഭൂമി കൈമാറുന്നതിനുള്ള കാലതാമസത്തിന് കാരണം എന്തെന്ന് പരിശോധിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ പരിശോധിക്കാൻ തയ്യാറാകുമോ;

(ബി) പ്രസ്തുത ഐ ടി ഐ ക്കായി കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ട് വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് സ്വന്തം കെട്ടിടത്തിൽ ഐ.ടി.ഐ.-ക്ക് എന്ന് പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; പ്രവർത്തനം ത്വരിതപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ; ഇതിനുവേണ്ടി ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. റവന്യൂ നടപടി അവശേഷിക്കുന്നുണ്ട്. ലാന്റ് റവന്യൂ കമ്മീഷണർ ഭൂമി കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഫണ്ട് വകയിരുത്തിയിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിനുള്ള സ്ഥലം ട്രെയിനിംഗ് വകുപ്പിന്റെ പേരിൽ ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത സ്ഥലത്ത് നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതാണ്. ഇതിനുവേണ്ടി ബേപ്പൂർ ഐ.ടി.ഐ. പ്രിൻസിപ്പാളിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**തിരുവമ്പാടി ഐ.ടി.ഐ.-യുടെ കെട്ടിട നിർമ്മാണാനുമതി**

195(672) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി ഗവൺമെന്റ് ഐ.ടി.ഐ.-ക്ക് സ്വന്തമായി കെട്ടിടമില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഐ.ടി.ഐ.-ക്ക് കെട്ടിടനിർമ്മാണത്തിന് ഭരണാനുമതി നൽകുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ ഐ.റ്റി.ഐ. സ്ഥാപിക്കാനാവശ്യമായ സ്ഥലം ലഭ്യമാക്കണമെന്ന നിബന്ധനയിലാണ് തിരുവമ്പാടി ഐ.ടി.ഐ. അനുവദിച്ചിരുന്നത്. എന്നാൽ ഐ.ടി.ഐ-യ്ക്ക് ആവശ്യമായ സ്ഥലം നാളിതുവരെയും തദ്ദേശഭരണ സ്ഥാപനം ലഭ്യമാക്കിയിട്ടില്ല. തദ്ദേശഭരണ സ്ഥാപനം ഐ.ടി.ഐ.-ക്ക് കെട്ടിടം നിർമ്മിക്കാനാവശ്യമായ സ്ഥലം ലഭ്യമാക്കുന്ന മുറയ്ക്ക് വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് കെട്ടിടം നിർമ്മിക്കുന്നകാര്യം പരിഗണിക്കുന്നതാണ്.

**സർക്കാർ ഐ.ടി.ഐ.-കളിലെ എൻ.സി.വി.റ്റി. റീ-അഫിലിയേഷൻ**

196(673) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ഐ.ടി.ഐ.-കളിലെ എൻ.സി.വി.റ്റി. റീ-അഫിലിയേഷൻ നടപടികൾ പൂർത്തിയായിട്ടുണ്ടോ ;

(ബി) നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ ?

ഉത്തരം

(എ) ഇല്ല. എന്നാൽ റീ-അഫിലിയേഷൻ ബാധകമായിട്ടുള്ള സർക്കാർ/ സ്വകാര്യ ഐ.ടി.ഐ.-കൾക്ക് 2016-17 പരിശീലന വർഷം റീ-അഫിലിയേഷൻ കൂടാതെ തന്നെ പ്രവേശനം നടത്തുവാൻ DGT അനുമതി നൽകിയിട്ടുണ്ട്.

(ബി) റീ-അഫിലിയേഷൻ ബാധകമായിട്ടുള്ള സർക്കാർ ഐ.ടി.ഐ.-കളിലെ ട്രേഡുകൾക്ക്/യൂണിറ്റുകൾക്ക് നിലവിലുള്ള NCVT സിലബസ്സ് അനുസരിച്ച് പഠനോപകരണങ്ങളും യന്ത്രസാമഗ്രികളും സംഭരിക്കുന്നതിനും വർക്ക്ഷോപ്പ് സജ്ജമാക്കുന്നതിനുമുള്ള നടപടികൾ ത്വരിതപ്പെടുത്തിയിട്ടുണ്ട്.

**ആറ്റിങ്ങൽ ഗവൺമെന്റ് ഐ.ടി.ഐ.**

197(674) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ ഗവൺമെന്റ് ഐ.ടി.ഐ.-യെ മികവിന്റെ കേന്ദ്രമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

ഉത്തരം

"പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ 1936 ഗവൺമെന്റ് ഐ.ടി.ഐ.-കളുടെ നിലവാരമുയർത്തൽ" എന്ന കേന്ദ്ര പദ്ധതിയുടെ ഭാഗമായി ആറ്റിങ്ങൽ ഗവൺമെന്റ് ഐ.ടി.ഐ.-യെ മികവിന്റെ കേന്ദ്രമായി ഇതിനകം ഉയർത്തിയിട്ടുണ്ട്.

കേന്ദ്ര സർക്കാരിൽ നിന്നും പലിശ രഹിത വായ്പയായി ലഭിച്ച 2.5 കോടി രൂപ ഉപയോഗിച്ച് ഐ.ടി.ഐ.-യുടെ അപ്ഗ്രഡേഷൻ പ്രവർത്തനങ്ങൾ നടത്തി വരുന്നു. Welder category-യിൽത്തന്നെ പുതുതായി മൂന്ന് ട്രേഡുകൾ ആരംഭിച്ചിട്ടുണ്ട്.

**ചാത്തന്നൂരിൽ സംസ്ഥാന കൺസ്ട്രക്ഷൻ അക്കാഡമി സ്ഥാപിക്കുന്നതിനുള്ള നടപടി**

198(675) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ സഹായത്തോടെ സംസ്ഥാന കൺസ്ട്രക്ഷൻ അക്കാഡമി സ്ഥാപിക്കുന്നതിലേക്കായി മുൻ എൽ.ഡി.എഫ്. ഗവൺമെന്റ് സ്വീകരിച്ച നടപടികൾ എന്തൊക്കെയായിരുന്നു;

(ബി) കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ പ്രസ്തുത സ്ഥാപനം പ്രാവർത്തികമാക്കുവാനായി യാതൊരുവിധ തുടർനടപടികളും സ്വീകരിച്ചില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിരുന്നുവോ; വിശദാംശം അറിയിക്കുമോ;

(സി) എങ്കിൽ പ്രസ്തുത സ്ഥലത്ത് സംസ്ഥാന കൺസ്ട്രക്ഷൻ അക്കാഡമിയോ സമാന സ്ഥാപനങ്ങളോ സ്ഥാപിക്കുന്നതിന് മുൻഗണന നൽകി അതിനായുള്ള നടപടി സ്വീകരിയ്ക്കുമോ ?

<u>ഉത്തരം</u>

(എ) കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെ കീഴിൽ ഹൈദരാബാദിൽ നിലവിലുള്ള കൺസ്ട്രക്ഷൻ അക്കാഡമിയുടെ മാതൃകയിൽ ഒരു സ്ഥാപനം ആരംഭിക്കുന്നതിന് സർക്കാർ അനുമതി നൽകുകയുണ്ടായി. തുടർന്ന് കൊല്ലം ജില്ലയിലെ ചാത്തന്നൂരിൽ പ്രവർത്തിക്കുന്ന കൊല്ലം സഹകരണ സ്പിന്നിംഗ് മിൽസ് ലിമിറ്റഡിന്റെ ഉടമസ്ഥതയിൽ ഉള്ള 10 ഏക്കർ സ്ഥലം കൺസ്ട്രക്ഷൻ അക്കാഡമി സ്ഥാപിക്കുന്നതിനുവേണ്ടി 23-2-2011-ൽ വിലയ്ക്കു വാങ്ങി. ഇപ്രകാരമുള്ള കൺസ്ട്രക്ഷൻ അക്കാഡമിക്കുവേണ്ടി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി നൽകുന്നതിന് കേരള സർവ്വകലാശാലയുടെ കീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ കേരള എന്ന സ്ഥാപനം 31-12-2009-ൽ പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചു. കൺസ്ട്രക്ഷൻ അക്കാഡമിയുടെ മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ സർക്കാർ അംഗീകരിക്കുകയും, ടി അക്കാഡമി 1955-ലെ സാഹിത്യ ശാസ്ത്ര ധർമ്മ സ്ഥാപനസംഘം രജിസ്ട്രേഷൻ നിയമത്തിലെ വ്യവസ്ഥയിൽ രജിസ്റ്റർ ചെയ്യുന്നതിന് അനുമതി നൽകുകയും ചെയ്തു. കൺസ്ട്രക്ഷൻ അക്കാഡമിക്കുവേണ്ടി വിലയ്ക്ക് വാങ്ങിയ സ്ഥലത്ത് 1-3-2011-ൽ തറക്കല്ലിടുകയുണ്ടായി. കൺസ്ട്രക്ഷൻ അക്കാഡമിയുടെ പ്രഥമ-എക്സിക്യൂട്ടീവ് യോഗം 28-3-2011-ലും, ആദ്യ ഗവേണിംഗ് ബോഡി യോഗം 9-5-2011-ലും ചേരുകയുണ്ടായി.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള കൺസ്ട്രക്ഷൻ അക്കാഡമി സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികളുടെ ഭാഗമായി അക്കാഡമിക്കുവേണ്ടി വിലയ്ക്കു വാങ്ങിയ 10 ഏക്കർ വസ്തുവിന് ചുറ്റുമതിൽ കെട്ടുന്നതിനുള്ള നടപടി സ്വീകരിക്കവേ ടി വസ്തുവിന്റെ ഒരു ഭാഗത്ത് സ്പിന്നിംഗ് മില്ലിന്റെ ഇലക്ട്രിക്കൽ സംവിധാനങ്ങൾ ഉൾപ്പെടുന്നതിനാൽ ടി സ്ഥലം തിരികെ ലഭിച്ചില്ലെങ്കിൽ ആയത് സ്പിന്നിംഗ് മില്ലിന്റെ പ്രവർത്തനത്തെ ബാധിക്കുമെന്നും അതിനാൽ പ്രസ്തുത ഇലക്ട്രിക് സംവിധാനങ്ങൾ ഉൾപ്പെടുന്ന വസ്തു സ്പിന്നിംഗ് മില്ലിന് തിരികെ നൽകണമെന്നും

ഇതിന് പകരമായി അനുയോജ്യമായ വസ്തു നൽകാമെന്നും മിൽ അധികൃതർ അറിയിച്ചതിനെത്തുടർന്ന് നൽകേണ്ട ഭൂമിയും, ഏറ്റെടുക്കേണ്ട ഭൂമിയും 21-7-2012-ൽ അളന്ന് തിട്ടപ്പെടുത്തുകയുണ്ടായി. ഇപ്രകാരം മില്ലിന് നൽകുന്ന 6.48 ആർ (16 സെന്റ്) സ്ഥലത്തിനു പകരം ദേശീയപാതയോട് ചേർന്നുള്ള വസ്തു കൺസ്ട്രക്ഷൻ അക്കാഡമിക്കായി ഏറ്റെടുക്കുന്നതിന് 20-12-2012-ൽ ധാരണാപത്രം ഒപ്പിട്ടു. കൂടാതെ ഇപ്രകാരം കൈമാറ്റം ചെയ്യുന്ന 16 സെന്റ് വസ്തു അളന്നു തിരിച്ച് സർവ്വേക്കല്ല് സ്ഥാപിക്കുകയും പരസ്പര മാറ്റാധാരം രജിസ്റ്റർ ചെയ്യുന്നതിന് സ്റ്റാമ്പ് ഡ്യൂട്ടിയിലും, രജിസ്ട്രേഷൻ ഫീസിലും ഇളവ് ലഭ്യമാക്കുന്നതിനായും ടി വസ്തുവിന് പി.ഡബ്ല്യു.ഡി. മുഖേന ഡെപ്പോസിറ്റ് വർക്കായി ചുറ്റുമതിൽ കെട്ടുന്നതിന് ഭരണാനുമതിക്കായും നടപടി സ്വീകരിച്ചു. തുടർനടപടികൾ കാര്യമായിട്ട് ഉണ്ടായിട്ടില്ല.

(സി) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ ഒരു ഓട്ടോമൊബൈൽ അക്കാഡമി ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ഓപ്പറേറ്ററെ തെരഞ്ഞെടുക്കുന്നതിനായി എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് (EoI) ക്ഷണിച്ചിരുന്നുവെങ്കിലും മതിയായ യോഗ്യത ഇല്ലാത്ത പ്രൊപ്പോസലുകളുടെ അഭാവത്തിൽ പ്രസ്തുത പദ്ധതിയുമായി മുമ്പോട്ട് പോകാൻ കഴിഞ്ഞില്ല. ഉടൻ തന്നെ തുടർനടപടികൾ എടുക്കുന്നതാണ്.

**കരുനാഗപ്പള്ളിയിൽ ഗവൺമെന്റ് ഐ.ടി.ഐ.**

199(676) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളിയിൽ ഗവൺമെന്റ് ഐ.ടി.ഐ. സ്ഥാപിച്ചിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കരുനാഗപ്പള്ളിയിൽ ഗ്രാമവികസന വകുപ്പിന്റെ അധീനതയിലുള്ള കെട്ടിടങ്ങൾ പ്രയോജനപ്പെടുത്തി ഗവൺമെന്റ് ഐ.ടി.ഐ. സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) വ്യവസായ പരിശീലന വകുപ്പിന്റെ അധീനതയിൽ കരുനാഗപ്പള്ളിയിൽ ഏതെങ്കിലും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) കരുനാഗപ്പള്ളി താലൂക്കിൽ തേവലക്കരയിൽ വകുപ്പിന്റെ കീഴിൽ ഒരു സർക്കാർ ഐ.ടി.ഐ. പ്രവർത്തിക്കുന്നുണ്ട്.

## മദ്യ ഉപയോഗം കുറയ്ക്കുന്നതിനുള്ള നടപടി

200(677) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ മദ്യ ഉപയോഗം കുറയ്ക്കുന്നതിനായി സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികളുടെ വിശദാംശം നൽകുമോ?

ഉത്തരം

കേരളത്തിലെ മദ്യ മയക്കുമരുന്ന് ഉപയോഗം കുറയ്ക്കുന്നതിനും, മദ്യവർജ്ജ പ്രവർത്തനങ്ങളും മയക്കുമരുന്ന് വിരുദ്ധ പ്രവർത്തനങ്ങളും ശക്തിപ്പെടുത്തുന്നതിനും, സ്റ്റുഡന്റ് പോലീസ് കേഡറ്റ്, സ്കൂളുകളിലേയും കോളേജുകളിലേയും ലഹരിവിരുദ്ധ ക്ലബ്ബുകൾ, എൻ.എസ്.എസ്., കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതികളടക്കമുള്ള സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി-യുവജന സംഘടനകൾ എന്നിവരെ സഹകരിപ്പിച്ച്, ലഹരിവിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് ബോധവൽക്കരണ മിഷൻ രൂപീകരിച്ച്, നടപടികൾ കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നുണ്ട്.

## ലഹരി പദാർത്ഥങ്ങളുടെ വിൽപ്പനയും ഉപയോഗവും തടയാൻ നടപടി

201(678) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഞ്ചാവ് പോലെയുള്ള ലഹരി പദാർത്ഥങ്ങളുടെ വിൽപനയും ഉപയോഗവും ക്രമാതീതമായി വർദ്ധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഇത്തരം കേസുകളിൽ ഉൾപ്പെടുന്നവർക്ക് ചെറിയ ശിക്ഷ മാത്രമാണ് ലഭിക്കുന്നതെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇത്തരം പ്രവണതകൾ അവസാനിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(ഡി) ഇത്തരം കാര്യങ്ങളിന്മേൽ നിയമം കൂടുതൽ കർക്കശമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കഞ്ചാവ് ഉൾപ്പെടെയുള്ള മയക്കുമരുന്നുകളുടെ കടത്തും വിൽപ്പനയും ഉപയോഗവുമായി ബന്ധപ്പെട്ട് എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്യുന്ന കേസ്സുകളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2013, 2014 വർഷങ്ങളിൽ യഥാക്രമം 793-ഉം, 970-ഉം എൻ.ഡി.പി.എസ്. കേസ്സുകളാണ് എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്യുകയുണ്ടായതെങ്കിൽ 2015 വർഷത്തിൽ മാത്രം 1430 എൻ.ഡി.പി.എസ്. കേസ്സുകളാണ് എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

(ബി) കഞ്ചാവ് ഉൾപ്പെടെയുള്ള മയക്കുമരുന്നുകളുമായി ബന്ധപ്പെട്ട കേസ്സുകൾ കേന്ദ്ര നിയമമായ 1985-ലെ എൻ.ഡി.പി.എസ്. ആക്ട് പ്രകാരമാണ് രജിസ്റ്റർ ചെയ്യുന്നത്. പ്രസ്തുത ആക്ട് പ്രകാരം കുറഞ്ഞ അളവിൽ മയക്കുമരുന്ന് കൈവശം വയ്ക്കുന്നതിന് ചെറിയ ശിക്ഷ മാത്രമാണ് നിഷ്കർഷിച്ചിരിക്കുന്നത്. ഇക്കാരണത്താൽ കുറഞ്ഞ അളവിൽ മാത്രം മയക്കുമരുന്ന് കൈവശം വയ്ക്കുന്നതിന് രജിസ്റ്റർ ചെയ്യുന്ന കേസ്സുകളിൽ പ്രതികൾക്ക് ചെറിയ ശിക്ഷ മാത്രം ലഭിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി&ഡി) 1985-ലെ എൻ.ഡി.പി.എസ്. ആക്ട് പ്രകാരം ഒരു കിലോഗ്രാം വരെ കഞ്ചാവ് കൈവശം വയ്ക്കുന്നതിന് ജാമ്യം ലഭിക്കാവുന്ന വകുപ്പ് പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്യുന്നത്. പ്രസ്തുത കുറ്റകൃത്യത്തിന് മേൽ ആക്ട് പ്രകാരം നിഷ്കർഷിച്ചിരിക്കുന്ന പരമാവധി ശിക്ഷ ആറ് മാസം വരെ കഠിന തടവോ, 10,000 രൂപ വരെ പിഴയോ, രണ്ടും കൂടിയോ ആണ്.

1985-ലെ എൻ.ഡി.പി.എസ്. ആക്ട് കേന്ദ്ര നിയമമായതിനാൽ പ്രസ്തുത നിയമം മയക്കുമരുന്നുകളുടെ വ്യാപനം തടയുന്നതിന് സഹായകരമായും കാലോചിതമായും പരിഷ്കരിക്കുന്നതിന് കേന്ദ്ര സർക്കാരിന് ശിപാർശ സമർപ്പിച്ചിട്ടുള്ളതാണ്.

**വ്യാജ അരിഷ്ടങ്ങളുടെ വിപണനം തടയാൻ നടപടി**

202(679) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളിയുടെ വിവിധ ഭാഗങ്ങളിൽ വ്യാജ അരിഷ്ടങ്ങൾ വിപണനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, 2015 ഏപ്രിൽ മുതൽ 2016 മേയ് 31 വരെ ഇതുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ലഹരി കലർത്തിയ അരിഷ്ടങ്ങൾ വിപണനം ചെയ്യുന്ന ഏതെങ്കിലും പ്രത്യേക കമ്പനികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) ഉൽപാദനത്തിനും വിപണനത്തിനും ലൈസൻസുള്ള എത്ര ആയുർവേദ മരുന്ന് കമ്പനികൾക്കെതിരെ ഇത്തരം കേസുകളിൽ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ഇത്തരം പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബാധകമല്ല.

(ഡി) അനധികൃതമായ വ്യാജ അരിഷ്ട നിർമ്മാണ പ്രവർത്തനങ്ങൾക്കെതിരെ എക്സൈസ് വകുപ്പ് കർശന നടപടി സ്വീകരിച്ച് വരുന്നു. നിലവിലുള്ള 1969-ലെ കേരള സ്പിരിച്ചസ് പ്രിപ്പറേഷൻസ് കൺട്രോൾ റൂൾസ് കാലോചിതമായി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി 14-1-2015-ലെ G.O.(P) 13/2015/നി.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഭേദഗതി വരുത്തിയിട്ടുള്ളതും, പിഴ തുക 5,000 രൂപയിൽ നിന്നും 30,000 രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളതുമാണ്. ലൈസൻസുകൾ അനുവദിക്കുന്നതിലും നിലവിലെ ലൈസൻസുകൾ പ്രവർത്തിക്കുന്നതിനും കർശന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ലൈസൻസ് സ്ഥാപനങ്ങൾ പരിശോധിക്കുകയും, ആയത് വ്യവസ്ഥകൾക്ക് അനുസൃതമായിട്ടാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പു വരുത്തുന്നുമുണ്ട്.

**മദ്യനയം**

203(680) ശ്രീ. ബി. സത്യൻ :
ശ്രീ. എം. സ്വരാജ് :
ശ്രീ. വി. ജോയി :
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യനയത്തിന്റെ ഭാഗമായി തൊഴിൽ നഷ്ടപ്പെട്ട ബാർ തൊഴിലാളികളുടെ എണ്ണം എത്രയെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇവരുടെ പുനരധിവാസത്തിനായി മുൻ സർക്കാർ ചെയ്ത കാര്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; എത്ര പേരെ പുനരധിവസിപ്പിച്ചുവെന്ന് അറിയിക്കുമോ;

(സി) പുനരധിവാസത്തിനായി മദ്യത്തിനു മേൽചുമത്തിയ സെസ് ആയി എത്ര രൂപ സമാഹരിച്ചു; അതിൽ എത്ര തുക പുനരധിവാസത്തിനായി വിനിയോഗിച്ചു; തൊഴിൽ നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കാനായി എത്ര തുക വേണ്ടിവരുമെന്നാണ് കണക്കാക്കിയിരുന്നത്;

(ഡി) തൊഴിൽ നഷ്ടപ്പെട്ട മുഴുവൻ ബാർ തൊഴിലാളികളെയും പുനരധിവസിപ്പിക്കാനായി ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ) ബാർ ഹോട്ടലുകളിൽ 7110 രജിസ്റ്റേർഡ് തൊഴിലാളികൾ ഉണ്ടായിരുന്നു.

(ബി&സി) യു.ഡി.എഫ്. സർക്കാരിന്റെ മദ്യനയത്തിന്റെ ഭാഗമായി, ബാർ ഹോട്ടലുകളിൽ ഉണ്ടായിരുന്ന തൊഴിലാളികൾക്ക് ജോലി നൽകണമെന്ന വ്യവസ്ഥയിന്മേലാണ് ഇത്തരം ഹോട്ടലുകൾ ബാർ ലൈസൻസിന്റെ തുടർച്ച യെന്നോണം ബിയർ ആന്റ് വൈൻ പാർലർ ലൈസൻസുകളാക്കി മാറ്റിയത്. തൊഴിൽ നഷ്ടപ്പെടുന്ന തൊഴിലാളികളേയും മദ്യാസക്തിക്ക് അടിമപ്പെട്ടവരെയും പുനരധിവസിപ്പിക്കുന്നതിന് ആവിഷ്കരിച്ച "പുനർജനി 2030" എന്ന പദ്ധതിയിലൂടെ സമാഹരിച്ച തുകയിൽ നിന്നും ഓരോ തൊഴിലാളികൾക്കും ഇടക്കാല സമാശ്വാസമായി ആദ്യ ഗഡുവായി 5000 രൂപ വീതവും (ആകെ രൂപ 2,92,55,000) രണ്ടാം ഗഡുവായി 10000 രൂപ വീതവും (ആകെ രൂപ 5,80,90,000), തൊഴിൽ നഷ്ടപ്പെട്ടതുമൂലം ആത്മഹത്യ ചെയ്ത 3 തൊഴിലാളികളുടെ ആശ്രിതർക്ക് 2,00,000 രൂപ വീതവും (ആകെ രൂപ 6,00,000) നൽകിയിട്ടുണ്ട്. പുനരധിവാസത്തിനായി മദ്യത്തിനുമേൽ ചുമത്തിയ 5% സെസ്സ് ഇനത്തിൽ 2014 ഒക്ടോബർ മാസം മുതൽ 2016 മേയ് മാസം വരെ കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ 472.53 കോടി രൂപ സമാഹരിച്ചിട്ടുള്ളതും ടി തുക വാണിജ്യ നികുതി വകുപ്പിലേക്ക് ഒടുക്കിയിട്ടുള്ളതുമാണ്. പുനരധിവാസത്തിനായി എത്ര രൂപ വേണ്ടി വരുമെന്ന് കണക്കെടുത്തിട്ടില്ല.

(ഡി) പരിശോധിച്ചുവരുന്നു.

## അനധികൃത മദ്യ വിൽപ്പന

204(681) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ബാറുകളുടെ പേരു മാറ്റി ബിയർ - വൈൻ പാർലർ എന്നാക്കിയതിനുശേഷം ഇവിടങ്ങളിൽ നിന്നും ബിയർ, വൈൻ എന്നിവയ്ക്കു പുറമേ അനധികൃത മദ്യ വില്പന നടത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇത്തരത്തിലുള്ള സ്ഥാപനങ്ങൾക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(സി) അനധികൃത മദ്യം വിൽക്കുന്ന സ്ഥാപനങ്ങൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ&ബി) ഉണ്ട്, സംസ്ഥാനത്തെ ബിയർ-വൈൻ പാർലറുകളിൽ ബിയർ, വൈൻ എന്നിവയ്ക്കു പുറമേ അനധികൃത മദ്യ വിൽപ്പന നടത്താനുള്ള സാധ്യത തടയുവാൻ എക്സൈസ് വകുപ്പ് കർശനമായ പരിശോധനകളും നിരീക്ഷണങ്ങളും നടത്തിവരുന്നു. ഇത്തരം പരിശോധനകളിൽ ഇന്ത്യൻ നിർമ്മിത വിദേശമദ്യം സൂക്ഷിച്ചതായും വിളമ്പിയതായും കണ്ടെത്തിയതിനെ തുടർന്ന് ബന്ധപ്പെട്ടവർക്കെതിരായി നാളിതുവരെ 4 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അനധികൃത വിദേശമദ്യ വിൽപ്പന കണ്ടെത്തിയ ഒരു ബിയർ-വൈൻ പാർലറിനെതിരായും മറ്റ് ലൈസൻസ് ലംഘനങ്ങൾ കണ്ടെത്തിയ 22 ബിയർ-വൈൻ പാർലറുകൾക്കെതിരെയും കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതും വിദേശമദ്യം സൂക്ഷിച്ച ബിയർ-വൈൻ പാർലറിന്റെ ലൈസൻസ് സസ്പെൻഡ് ചെയ്തിട്ടുള്ളതും ലൈസൻസ് റദ്ദാക്കുന്നതടക്കമുള്ള നിയമ നടപടികൾ സ്വീകരിച്ച വരികയുമാണ്.

(സി) അനധികൃത മദ്യം വിൽക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസരണം കേസ് രജിസ്റ്റർ ചെയ്യുന്നതും ലൈസൻസ് റദ്ദാക്കുന്നതുമടക്കമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## അനധികൃത മദ്യ വിൽപ്പന

205(682) ശ്രീ. എസ്. ശർമ്മ :
ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാർ മദ്യനയത്തിൽ മാറ്റം വരുത്തിയതിനുശേഷവും അതിനുമുൻപും, വിവിധതരം മദ്യത്തിനുമേലുള്ള എക്സൈസ് തീരുവ, വിൽപ്പന നികുതിയിനത്തിൽ സർക്കാരിന് ലഭിച്ച വരുമാനത്തിൽ ഉണ്ടായ വ്യതിയാനം എന്നിവ അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ ;

(ബി) സംസ്ഥാനത്ത് വിൽക്കാൻ അനുമതിയുള്ള ബിയർ, വൈൻ എന്നിവയിലുള്ള ആൽക്കഹോളിന്റെ ഉയർന്ന പരിധി എത്രയാണ് ; ബാർ ലൈസൻസ് ഉണ്ടായിരുന്ന വിൽപ്പനശാലകൾ ബിയർ വൈൻ പാർലറുകളായി മാറിയതിനുശേഷവും ഇവയിലൂടെ വിൽക്കുന്ന ബിയറിലെയും വൈനിലെയും ആൽക്കഹോളിന്റെ അളവ് അനുവദനീയമായ പരിധിയിലും അധികമാണെന്ന പരാതിയെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കണ്ടെത്തൽ എന്തായിരുന്നു ;

(സി) ഇത്തരത്തിലുള്ള അനധികൃത മദ്യവിൽപ്പന കർശനമായി തടയാനായി എക്സൈസ് വകുപ്പിനെ ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) അവലോകനം ചെയ്തിട്ടുണ്ട്. 2013-14, 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ എക്സൈസ് വകുപ്പ് മുഖേന സർക്കാരിന് ലഭിച്ച ആകെ വരുമാനത്തിന്റെ കണക്ക് ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | 2013-14 | 2014-15 | 2015-16 |
|---|---|---|---|
| ആകെ വരുമാനം | 1931,89,05,324 | 1778,07,26,638 | 1934,58,45,430 |
| മുൻ വർഷത്തിൽ നിന്നുള്ള വ്യതിയാനം | (-)317,86,03,927 | (-)153,81,78,686 | (+)156,51,18,792 |

(ബി&സി) സംസ്ഥാനത്ത് വിൽക്കാൻ അനുമതിയുള്ള ബിയർ, വൈൻ എന്നിവയിലുള്ള ആൽക്കഹോളിന്റെ ഉയർന്ന പരിധി യഥാക്രമം 6% v/v, 15.5% v/v എന്നിങ്ങനെയാണ്. ബിയർ-വൈൻ പാർലറുകളിലൂടെ വിൽക്കുന്ന ബിയറിലേയും വൈനിലേയും ആൽക്കഹോളിന്റെ അളവ് അനുവദനീയമായ പരിധിയിലും അധികമാണെന്ന് പരാതി ലഭിച്ചിട്ടില്ല. എന്നിരുന്നാലും ലൈസൻസ് സ്ഥാപനങ്ങളിൽ അനധികൃത മദ്യവിൽപ്പന കർശനമായി തടയുന്നതിന് പ്രസ്തുത സ്ഥാപനങ്ങളിൽ കൃത്യമായ ഇടവേളകളിൽ പരിശോധനകൾ നടത്തുകയും സാമ്പിളുകൾ ശേഖരിച്ച് രാസപരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ അപ്രതീക്ഷിത പരിശോധനകളും എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിലുള്ള പ്രത്യേക സ്ക്വാഡുകളും എക്സൈസ് ഇന്റലിജൻസ് വിഭാഗവും പ്രത്യേക പരിശോധനകൾ നടത്തിവരികയും ചെയ്യുന്നു. ഈ നടപടികൾമൂലം ലൈസൻസ് സ്ഥാപനങ്ങളിൽ അനധികൃത മദ്യം വിൽക്കുന്നില്ലായെന്ന് ഉറപ്പുവരുത്തുന്നുണ്ട്. കൂടുതൽ ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതിന് എക്സൈസ് വകുപ്പിനെ ശക്തിപ്പെടുത്തുന്നതിനും ആധുനികവത്കരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

### ബിവറേജസ് ഔട്ട്‌ലെറ്റ് മാറ്റിസ്ഥാപിക്കുന്നതിന് നടപടി

206(683) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാലയങ്ങൾക്കും ആരാധനാലയങ്ങൾക്കും സമീപം പ്രവർത്തിക്കുന്ന ബിവറേജസ് ഔട്ട്‌ലെറ്റുകൾ മാറ്റിസ്ഥാപിക്കുവാനോ, നിർത്തലാക്കുവാനോ നടപടി സ്വീകരിക്കാറുണ്ടോ;

(ബി) വക്കം ഗ്രാമപഞ്ചായത്തിൽ നിലയ്ക്കാമുക്കിൽ പ്രവർത്തിക്കുന്ന ബിവറേജസ് ഔട്ട്‌ലെറ്റ് മാറ്റിസ്ഥാപിക്കുവാനോ നിർത്തലാക്കുവാനോ നടപടി സ്വീകരിക്കണമെന്ന ആവശ്യത്തിൻമേൽ സ്വീകരിച്ച നടപടി അറിയിക്കാമോ;

(സി) അടിയന്തരമായി പ്രസ്തുത ഔട്ട്‌ലെറ്റ് അവിടെ നിന്നും മാറ്റുന്നതിന് നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റേയും കൺസ്യൂമർ ഫെഡ്ഡിന്റേയും കീഴിൽ ഇപ്പോൾ പ്രവർത്തിക്കുന്ന ബിവറേജസ് ഔട്ട്‌ലെറ്റുകൾ അബ്കാരി നിയമത്തിൽ പറഞ്ഞിട്ടുള്ള ദൂരപരിധി നിയമം അനുസരിച്ച് വിദ്യാലയങ്ങൾക്കും ആരാധനാലയങ്ങൾക്കും 200 മീറ്റർ അകലം പാലിച്ചാണ് സ്ഥിതിചെയ്യുന്നത്.

(ബി&സി) വക്കം ഗ്രാമപഞ്ചായത്തിലെ നിലയ്ക്കാമുക്ക് ഷോപ്പിൽ നിന്നും അബ്കാരി നിയമപ്രകാരമുള്ള ദൂരപരിധിയായ 200 മീറ്റർ അകലത്തിലാണ് സ്കൂൾ സ്ഥിതിചെയ്യുന്നത്.

## കാസർഗോഡ് എക്സൈസ് ഭവൻ നിർമ്മാണം

207(684) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് എക്സൈസ് ഭവൻ നിർമ്മിക്കാൻ ഉദ്ദേശമുണ്ടോ ; എങ്കിൽ ഇതിനായി സ്ഥലം ലഭ്യമാണോ ; നിർമ്മാണാവശ്യത്തിന് തുക നീക്കിവച്ചിട്ടുണ്ടോ;

(ബി) ബദിയഡുക്കയിൽ റേഞ്ച് ഓഫീസ് നിർമ്മിക്കാൻ ഉദ്ദേശമുണ്ടോ; എങ്കിൽ എവിടെ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്; ഇതിനായി നീക്കിവച്ച തുക എത്രയാണ്;

(സി) അതിർത്തി പ്രദേശമായ കാസർഗോഡ് കഞ്ചാവ്, മയക്കുമരുന്ന്, വ്യാജമദ്യം തുടങ്ങിയവ വ്യാപകമായിക്കൊണ്ടിരിക്കുന്നത് തടയാൻ എന്തൊക്കെ നടപടികളാണ് ഉദ്ദേശിക്കുന്നത്?

### ഉത്തരം

(എ) ഉണ്ട്. കാസർഗോഡ് എക്സൈസ് കോംപ്ലക്സ് നിർമ്മിക്കാൻ കാസർഗോഡ് വില്ലേജിൽ 132/1 ബി, 132/4 ബി എന്നീ സർവ്വേ നമ്പരുകളിൽപ്പെട്ട 50 സെന്റ് ഭൂമി 10-12-1981-ലെ ജി.ഒ.(ആർ.റ്റി.)2090/81/ആർ.ഡി. ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ 7,68,000 രൂപ നീക്കിവച്ചിട്ടുണ്ട്.

(ബി) ഉണ്ട്. 25-6-2010-ലെ കാസർഗോഡ് റവന്യൂ ഡിവിഷണൽ ആഫീസറുടെ ഇ-7302/09-ാം നമ്പർ ഉത്തരവ് പ്രകാരം ബദിയഡുക്ക വില്ലേജിൽ 25 സെന്റ് ഭൂമി അനുവദിച്ച് ഉത്തരവായിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ 7,68,000 രൂപ നീക്കിവച്ചിട്ടുണ്ട്.

(സി) കർണ്ണാടക സംസ്ഥാനവുമായി അതിർത്തി പങ്കിടുന്ന പ്രദേശങ്ങളിൽ മൂന്ന് എക്സൈസ് ചെക്ക്പോസ്റ്റുകൾ സ്ഥാപിച്ച് പരിശോധന നടത്തുന്നുണ്ട്. എക്സൈസ് ചെക്ക്പോസ്റ്റ് ഇല്ലാത്ത സ്ഥലങ്ങളിൽ പട്രോളിംഗ് ശക്തിപ്പെടുത്തിയിട്ടുണ്ട്. സ്പെഷ്യൽ ഡ്രൈവ് കാലയളവുകളിൽ കർണ്ണാടക എക്സൈസ് അധികൃതരുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുന്നുണ്ട്. കൂടാതെ പോലീസ്, റവന്യൂ, വനം എന്നീ വകുപ്പുകളുമായി ചേർന്ന് സംയുക്ത പട്രോളിംഗും റെയ്ഡുകളും നടത്തി വരുന്നുണ്ട്.

## കൊയിലാണ്ടി എക്സൈസ് റെയ്ഞ്ച് ഓഫീസിന്റെ പരാധീനതകൾ

208(685) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി എക്സൈസ് റെയ്ഞ്ച് ഓഫീസ് നിലവിൽ പ്രവർത്തിക്കുന്ന വാടക കെട്ടിടം ജീർണ്ണിച്ച് അപകടാവസ്ഥയിലാണെന്നുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൊയിലാണ്ടി റെയ്ഞ്ച് ഓഫീസ് സൗകര്യപ്രദമായ ഒരു കെട്ടിടത്തിൽ പ്രവർത്തിക്കുവാനാവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ;

(സി) സംസ്ഥാനത്തെ ഒട്ടുമിക്ക റെയ്ഞ്ച് ഓഫീസുകളിലും സ്ഥലപരിമിതിയും സൗകര്യങ്ങളുടെ അപര്യാപ്തതയും, ജീവനക്കാരുടെ എണ്ണക്കുറവും എക്സൈസ് ഡിപ്പാർട്ട്മെന്റിന്റെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നത് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ഡി) ഇത്തരം പ്രതിസന്ധികളെ തരണം ചെയ്യാൻ സർക്കാർ നടപ്പിലാക്കുന്ന കാര്യങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കൊയിലാണ്ടി എക്സൈസ് റെയ്ഞ്ച് ഓഫീസ് കെട്ടിടം മാറ്റുന്നതിനുള്ള ശ്രമങ്ങൾ വളരെ നേരത്തെ തന്നെ ആരംഭിച്ചിരുന്നു. കൊയിലാണ്ടി മുനിസിപ്പാലിറ്റിയുടെ അധീനതയിലുള്ള ഏതെങ്കിലും കെട്ടിടമുണ്ടെങ്കിൽ ആയത് അനുവദിച്ച് ലഭിക്കുന്നതിനായി മുനിസിപ്പൽ അധികൃതർക്കും ആഫീസ് കെട്ടിടം സ്വന്തമായി വകുപ്പിന് നിർമ്മിക്കുന്നതിനായി ഭൂമി ലഭ്യമായോ എന്നറിയിക്കുന്നതിനായി പന്തലായനി വില്ലേജ് ഓഫീസർക്കും അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ കൊയിലാണ്ടി എക്സൈസ് റെയ്ഞ്ച് ആഫീസ് സൗകര്യപ്രദമായ ഒരു വാടക കെട്ടിടത്തിൽ പ്രവർത്തിപ്പിക്കുന്നതിനുള്ള കെട്ടിടവും അന്വേഷിച്ചു വരികയാണ്.

(സി&ഡി) വിലയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ എക്സൈസ് ഓഫീസുകളിലെ സ്ഥലപരിമിതിയും സൗകര്യങ്ങളുടെ അപര്യാപ്തതയും പരിശോധിച്ച് നടപടി സ്വീകരിച്ചു വരുന്നു. എക്സൈസ് വകുപ്പിന്റെ ആധുനികവത്കരണത്തിന്റെ ഭാഗമായി സ്വന്തമായി കെട്ടിടങ്ങളും അനുബന്ധ സൗകര്യങ്ങളും ഉണ്ടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കഞ്ചാവിന്റെ കച്ചവടവും ഉപഭോഗവും

209(686) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഞ്ചാവ് കച്ചവടവുമായി ബന്ധപ്പെട്ട് കരുനാഗപ്പള്ളി എക്സൈസ് ഓഫീസിന്റെ പരിധിയിൽ 2015 ഏപ്രിൽ മുതൽ 2016 മെയ് 31 വരെ എത്ര കേസെടുത്തിട്ടുണ്ടെന്നും ഇതുമായി ബന്ധപ്പെട്ട് എത്ര പ്രതികളുടെ പേരിൽ കേസ് ചാർജ്ജ് ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) സ്കൂൾ, കോളേജ് തുടങ്ങിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ മദ്ധ്യ വേനലവധി കഴിഞ്ഞ് തുറന്നതിനുശേഷം കഞ്ചാവിന്റെ കച്ചവടവും ഉപഭോഗവും തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) കഞ്ചാവിന്റെ വ്യാപനവുമായി ബന്ധപ്പെട്ട് അന്യ സംസ്ഥാന തൊഴിലാളികളെ നിരീക്ഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ വ്യക്തമാക്കുമോ;

(ഡി) മത്സ്യത്തൊഴിലാളികളുടെ ഇടയിൽ കഞ്ചാവിന്റെ വ്യാപനം തടയുന്നതിന് നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) കഞ്ചാവ് കച്ചവടവുമായി ബന്ധപ്പെട്ട് കരുനാഗപ്പള്ളി എക്സൈസ് ഓഫീസിന്റെ പരിധിയിൽ 2015 ഏപ്രിൽ മുതൽ 2016 മേയ് 31 വരെ 10 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതും ഇതുമായി ബന്ധപ്പെട്ട് 13 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുള്ളതുമാണ്. പ്രസ്തുത കേസ്സുകളിൽ 3 കേസ്സുകളിൽ ചാർജ്ജ് ഷീറ്റ് സമർപ്പിച്ചിട്ടുണ്ട്. 7 കേസ്സുകളിൽ അന്വേഷണം പുരോഗമിക്കുന്നു.

(ബി) സ്കൂൾ, കോളേജ് വിദ്യാർത്ഥികൾ കഞ്ചാവ് അടക്കമുള്ള മയക്കമരുന്നുകളുടെ ഉപഭോക്താക്കളാകുന്നത് തടയുന്നതിന് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരത്ത് എക്സൈസ് വകുപ്പ് പരിശോധനകൾ ശക്തമാക്കിയിട്ടുള്ളതും പ്രസ്തുത സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് വ്യാപകമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ, സെമിനാറുകൾ തുടങ്ങിയവ നടത്തി വരികയും ചെയ്യുന്നുണ്ട്. കൂടാതെ എക്സൈസ് വകുപ്പിന്റെ ഷാഡോ സംവിധാനമുൾപ്പെടെയുള്ള സംവിധാനങ്ങൾ ഉപയോഗിച്ച് വിദ്യാർത്ഥികൾക്കിടയിൽ മയക്കമരുന്നുകൾ എത്തിക്കുന്നതായി സംശയിക്കുന്ന ആളുകളെ നിരീക്ഷിക്കുന്നതും അവർക്കെതിരെ കർശനമായ നിയമനടപടികൾ സ്വീകരിക്കുന്നതുമാണ്. ഇതുകൂടാതെ മയക്കമരുന്നുകൾക്കെതിരെ അവബോധം സൃഷ്ടിക്കുന്നതിനായി സ്കൂൾ, കോളേജ് തലങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ പ്രവർത്തിച്ച വരുന്നുണ്ട്. കൂടാതെ കുട്ടികൾക്ക് പേരോ മേൽവിലാസമോ വെളിപ്പെടുത്താതെ തന്നെ ലഹരി വില്പനയെക്കുറിച്ച് പരാതി നൽകുന്നതിനായി സ്കൂളുകളിൽ 'ശ്രദ്ധ' എന്ന പേരിൽ പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടുണ്ട്. ഇതോടൊപ്പം സ്കൂൾ, കോളേജ് തുടങ്ങിയ

വിദ്യാഭ്യാസ സ്ഥാപനങ്ങൾ മദ്ധ്യവേനലവധി കഴിഞ്ഞ് തുറന്നതിനുശേഷം കഞ്ചാവിന്റെ കച്ചവടവും ഉപഭോഗവും തടയുന്നതിനായി ആഭ്യന്തര വകുപ്പിന്റെ നേതൃത്വത്തിൽ ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് പദ്ധതി നല്ല രീതിയിൽ നടപ്പിലാക്കി വരുന്നു. കൂടാതെ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ്, സ്കൂൾ ലെവൽ മോണിറ്ററിംഗ് കമ്മിറ്റി, നാഷണൽ സർവ്വീസ് സ്കീം എന്നീ സംഘടനകളുടെ സഹായത്തോടുകൂടി ലഹരി വസ്തുക്കളുടെ ദൂഷ്യഫലങ്ങളെക്കുറിച്ച് ബോധവൽക്കരണ പരിപാടികൾ, സെമിനാറുകൾ, ഡോക്യുമെന്ററി പ്രദർശനം തുടങ്ങിയവ നടത്തി വരുന്നു. ലഹരി വസ്തുക്കൾ ഏതെങ്കിലും വിദ്യാർത്ഥികൾ ഉപയോഗിക്കുന്നുണ്ടോ എന്ന് പ്രസ്തുത സംഘടനകളുടെ സഹായത്തോടെ രഹസ്യമായി നിരീക്ഷിച്ചു വരികയും, വിവരം ലഭിക്കുകയാണെങ്കിൽ പോലീസുമായി ബന്ധപ്പെടാനുള്ള നിർദ്ദേശം നൽകിയിട്ടുള്ളതും കൂടാതെ ആരെങ്കിലും കുട്ടികൾക്ക് ലഹരി വസ്തുക്കൾ വിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അവർക്കെതിരെ നിലവിലുള്ള നിയമങ്ങൾ അനുസരിച്ച് കർശന നിയമ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു.

(സി) കഞ്ചാവിന്റെ വ്യാപനവുമായി ബന്ധപ്പെട്ട് അന്യ സംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങൾ, ലോഡ്ജുകൾ, തൊഴിലിടങ്ങൾ, ടിയാളുകൾ ഒത്തുകൂടുന്ന സ്ഥലങ്ങൾ, ബസ് സ്റ്റാൻഡുകൾ, റെയിൽവേസ്റ്റേഷനുകൾ തുടങ്ങിയവ കേന്ദ്രീകരിച്ച് ശക്തമായ റെയ്ഡുകളും പരിശോധനകളും നടത്തുകയും കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്. ഇവർ കഞ്ചാവു കേസ്സുകളിൽ ഉൾപ്പെട്ടവരുമായി ബന്ധം പുലർത്താറുണ്ടോ എന്ന് നിരീക്ഷിക്കുകയും ചെയ്തുവരുന്നുണ്ട്.

(ഡി) മത്സ്യത്തൊഴിലാളികളുടെ ഇടയിൽ കഞ്ചാവിന്റെ വ്യാപനം തടയുന്നതിന് കടലോര പ്രദേശങ്ങളിലും, ടിയാളുകളുടെ താമസ സ്ഥലങ്ങളിലും സമീപത്തുള്ള കച്ചവട സ്ഥാപനങ്ങളിലും പരിശോധനകളും നിരീക്ഷണങ്ങളും നടത്തി വരുന്നുണ്ട്. പ്രസ്തുത മേഖലകൾ കേന്ദ്രീകരിച്ച് ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങളും കോസ്റ്റൽ പോലീസും മറൈൻ എൻഫോഴ്സ്മെന്റുമായി ചേർന്ന് സംയുക്ത റെയ്ഡുകളും നടത്തി വരുന്നുണ്ട്.

### മദ്യവർജ്ജനം പ്രോൽസാഹിപ്പിക്കാൻ നടപടി

210(687) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യവർജ്ജനം പ്രോത്സാഹിപ്പിക്കുക എന്നത് ഈ സർക്കാരിന്റെ ലക്ഷ്യമാണോ;

(ബി) ട്രാവൻകൂർ ഷുഗേഴ്സ് ആന്റ് കെമിക്കൽസ് വഴി സർക്കാർ നേരിട്ട് ഉല്പാദിപ്പിക്കുന്ന മദ്യത്തിന്റെ അളവ് എത്രയാണ് ; ഇതിൽ നിന്നും പ്രതിവർഷം എത്ര രൂപയുടെ വരുമാനമാണ് ലഭിക്കുന്നത്;

(സി) സംസ്ഥാനത്തെ ബിവറേജസ് ഔട്ട്‍ലെറ്റുകൾ പ്രതിവർഷം എത്ര ശതമാനം അടച്ചുപൂട്ടാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) നേരിട്ട് ഉല്പാദിപ്പിക്കുന്ന മദ്യത്തിന്റെ അളവ് എത്ര ശതമാനം കുറയ്ക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഇ) മദ്യഉല്പാദനവും വിതരണവും കുറയ്ക്കാതെ മദ്യവർജ്ജനം സാധ്യമാകുമെന്ന് സർക്കാർ കരുതുന്നുണ്ടോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) മദ്യവർജ്ജനം പ്രോൽസാഹിപ്പിക്കുക എന്നത് ഈ സർക്കാരിന്റെ ലക്ഷ്യമാണ്.

(ബി) ട്രാവൻകൂർ ഷുഗേഴ്സ് ആന്റ് കെമിക്കൽസ് വഴി ജവാൻ റം ഉല്പാദിപ്പിക്കുന്നുണ്ട്. 14.20 ലക്ഷം കെയ്സ് മദ്യം 2015-16 സാമ്പത്തിക വർഷത്തിൽ ഉൽപ്പാദിപ്പിക്കുകയും ഇതിൽ നിന്ന് കമ്പനിക്ക് 54 കോടി രൂപയുടെ വിറ്റുവരവ് ഉണ്ടായിട്ടുണ്ട്. ഇതുവഴി കമ്പനിക്ക് 2015-16 വർഷത്തിൽ 2 കോടി രൂപയുടെ അറ്റാദായം ലഭിച്ചിട്ടുണ്ട്.

(സി) പ്രതിവർഷം 10% ഔട്ട്‍ലെറ്റുകൾ പൂട്ടാനാണ് മുൻ സർക്കാരിന്റെ കാലത്ത് തീരുമാനിച്ചിരുന്നത്.

(ഡി) ഇക്കാര്യം പരിഗണനയിലില്ല.

(ഇ) മദ്യവർജ്ജനം പ്രോത്സാഹിപ്പിച്ച് മദ്യത്തിന്റെ ആവശ്യകത കുറയുമ്പോൾ സ്വാഭാവികമായി മദ്യ ഉല്പാദനവും വിതരണവും കുറയുന്നതാണ്.

**മയക്കുമരുന്നുകളുടെ വില്പനയും വ്യാപനവും**

211(688) <u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഞ്ചാവ് ഉൾപ്പെടെയുള്ള മയക്കുമരുന്നുകളുടെ വില്പനയും വ്യാപനവും ക്രമാതീതമായി വർദ്ധിച്ചിട്ടുണ്ടോ;

(ബി) ഉൾനാടൻ ഗ്രാമപ്രദേശങ്ങളിൽ കഞ്ചാവ് സുലഭമായി ലഭ്യമാകുന്ന സാഹചര്യത്തിൽ, നിയന്ത്രണത്തിനായി പ്രത്യേക നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(സി) സ്കൂൾ, കോളേജ് വിദ്യാർത്ഥികളെ കഞ്ചാവിന്റെ ഉപഭോക്താക്കളാക്കുന്ന അവസ്ഥ പൂർണ്ണമായും ഒഴിവാക്കുന്നതിനുള്ള സമഗ്ര പദ്ധതികൾ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

## ഉത്തരം

(എ) കഞ്ചാവ് ഉൾപ്പെടെയുള്ള മയക്കുമരുന്നുകളുടെ കടത്തും വില്പനയും ഉപയോഗവുമായി ബന്ധപ്പെട്ട് എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്യുന്ന കേസ്സുകളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2013, 2014 വർഷങ്ങളിൽ യഥാക്രമം 793-ഉം, 970-ഉം എൻ.ഡി.പി.എസ്. കേസ്സുകളാണ് എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്യുകയുണ്ടായതെങ്കിൽ 2015 വർഷത്തിൽ മാത്രം 1430 എൻ.ഡി.പി.എസ്. കേസ്സുകളാണ് എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

(ബി) സംസ്ഥാനത്ത് മയക്കുമരുന്ന് വ്യാപനത്തിനെതിരെ എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും വ്യാപകമായ ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തി വരുന്നു. ഇത്തരം പ്രവർത്തനങ്ങളിൽ മയക്കുമരുന്നുകളുടെ ഉപയോഗം കൂടുതലായി കണ്ടുവരുന്ന മേഖലകൾക്ക് പ്രത്യേക പ്രാധാന്യം നൽകി മയക്കുമരുന്നുകളുടെ ഉപയോഗത്തിൽ നിയന്ത്രണം വരുത്തുന്നതിന് ശ്രദ്ധിക്കുന്നുണ്ട്. ലഹരി വസ്തുക്കൾമൂലമുള്ള ആരോഗ്യപ്രശ്നങ്ങളെ സംബന്ധിച്ച് പൊതുജനങ്ങളിൽ പ്രത്യേകിച്ച് യുവജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനായി വമ്പിച്ച ബോധവൽക്കരണ പ്രവർത്തനങ്ങളാണ് സംസ്ഥാനതലത്തിൽ എക്സൈസ് വകുപ്പ് നടപ്പിലാക്കി വരുന്നത്. കൂടാതെ നിലവിൽ മദ്യ, മയക്കുമരുന്ന് വ്യാപനം തടയുന്നതിനായി എക്സൈസ് ഷാഡോ സംവിധാനം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളിലൂടെ എൻഫോഴ്സ്മെന്റ് ശക്തമാക്കിയിട്ടുണ്ട്. എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിലുള്ള സ്ക്വാഡും കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നുണ്ട്. സമൂഹത്തിൽ വർദ്ധിച്ചു വരുന്ന എൻ. ഡി. പി. എസ്. (Narcotic Drugs & Psychotropic Substances Act)

പ്രകാരമുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിനോടൊപ്പം തന്നെ യുവതലമുറയെ മയക്കുമരുന്നിന്റെ നീരാളിപ്പിടുത്തത്തിൽ നിന്ന് രക്ഷപ്പെടുത്തുവാനും സർക്കാർ ഇത്തരം നടപടികളിലൂടെ ലക്ഷ്യമിടുന്നു.

(സി) സ്കൂൾ, കോളേജ് വിദ്യാർത്ഥികൾ കഞ്ചാവ് അടക്കമുള്ള മയക്കു മരുന്നുകളുടെ ഉപഭോക്താക്കളാകുന്നത് തടയുന്നതിന് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരത്ത് എക്സൈസ് വകുപ്പിന്റെ പരിശോധനകൾ ശക്തമാക്കിയിട്ടുള്ളതും പ്രസ്തുത സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് വ്യാപകമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി വരികയും ചെയ്യുന്നുണ്ട്. കൂടാതെ എക്സൈസ് വകുപ്പിന്റെ ഷാഡോ സംവിധാനം ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഉപയോഗിച്ച് വിദ്യാർത്ഥികൾക്കിടയിൽ മയക്കുമരുന്നുകൾ എത്തിക്കുന്നതായി സംശയിക്കുന്ന ആളുകളെ നിരീക്ഷിക്കുവാനും അവർക്കെതിരെ കർശനമായ നിയമനടപടികൾ സ്വീകരിക്കുവാനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതു കൂടാതെ മയക്കുമരുന്നുകൾക്കെതിരെ അവബോധം സൃഷ്ടിക്കുന്നതിനായി സ്കൂൾ, കോളേജ് തലങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

9.30 AM]

## II അടിയന്തരപ്രമേയം

## എം.ബി.ബി.എസ്. പ്രവേശനം

മി. സ്പീക്കർ: സംസ്ഥാനത്ത് 2016-17 വർഷം എം.ബി.ബി.എസ്. പ്രവേശനത്തിന് കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ആയിരത്തിൽപ്പരം സീറ്റുകൾ നഷ്ടപ്പെടുന്നതുമൂലം വിദ്യാർത്ഥികൾക്കും രക്ഷകർത്താക്കൾക്കും ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി. എസ്. ശിവകുമാർ, റോഷി അഗസ്റ്റിൻ, എം. ഉമ്മർ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, കേരളത്തിലെ മെഡിക്കൽ വിദ്യാഭ്യാസമേഖലയിൽ ഈ ഗവൺമെന്റിന്റെ പ്രവർത്തനഫലമായി ഒരു സീറ്റും നഷ്ടപ്പെട്ടിട്ടില്ല. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് സ്വീകരിച്ച ദീർഘവീക്ഷണമില്ലാത്ത നടപടികളുടെ ഭാഗമായി കുറെയേറെ സീറ്റുകൾ നഷ്ടപ്പെടാനിടയായിട്ടുണ്ട്. അത് ഈ ഗവൺമെന്റിന്റെ തീരുമാനത്തിന്റെ ഭാഗമായിട്ടല്ല, മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരമില്ലാത്തതിന്റെ ഭാഗമായാണ്. കേരളത്തിൽ 2015-16 അക്കാദമികവർഷം ഒൻപത് സർക്കാർ മെഡിക്കൽ കോളേജുകളിലായി 1250 സീറ്റുകൾ ലഭ്യമായിരുന്നു. അതുപോലെതന്നെ സ്വകാര്യമേഖലയിൽ ലഭ്യമായിട്ടുള്ള സീറ്റുകളിൽ ചിലത് നഷ്ടപ്പെടാൻ ഇടവന്നിട്ടുണ്ട്. ഇതിൽ ഡീംഡ് യൂണിവേഴ്സിറ്റിയായ അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ഒഴിച്ചുനിർത്തിയാൽ 14 സ്വകാര്യ മെഡിക്കൽ കോളേജുകളിലായി 1650 സീറ്റുകൾ ലഭ്യമായിരുന്നു. എന്നാൽ ഇവയിൽ ഒൻപത് സ്വകാര്യ മെഡിക്കൽ കോളേജുകൾ മാത്രമാണ് സർക്കാരിലേക്ക് സീറ്റുകൾ ലഭ്യമാക്കിയിട്ടുള്ളത്, അത് 1050 ആയിരുന്നു. മെഡിക്കൽ വിദ്യാഭ്യാസ ത്തെക്കുറിച്ച് വ്യാപകമായ പരാതികൾ പല മേഖലയിലും ഉയർന്നിരുന്നു. വേണ്ടത്ര സൗകര്യങ്ങളില്ലാതെയാണ് പല കോളേജുകളിലും മെഡിക്കൽ വിദ്യാഭ്യാസം നടത്തുന്നതിന് അനുവാദം കൊടുക്കുന്നത് എന്നുള്ള പരാതിയുണ്ടായതിനെത്തുടർന്ന് ബഹുമാനപ്പെട്ട സുപ്രീം കോടതി ഈ പ്രവർത്തനങ്ങളെല്ലാം നിരീക്ഷിക്കുന്നതിനു വേണ്ടിയാണ് ജസ്റ്റിസ് ലോധാ കമ്മിറ്റിയെ നിശ്ചയിച്ചിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ എം.സി.ഐ.-യുടെ പരിശോധന ഈ വർഷം വളരെ കർശനമാക്കുകയും ചെയ്തിരുന്നു. ഈ പരിശോധന നടന്നുകഴിഞ്ഞപ്പോൾ കഴിഞ്ഞ വർഷം അംഗീകാരമുണ്ടായിരുന്ന ഏഴ് മെഡിക്കൽ കോളേജുകളുടെ അംഗീകാരം

പൂർണ്ണമായും രണ്ട് മെഡിക്കൽ കോളേജുകളുടെ അംഗീകാരം ഭാഗികമായും റദ്ദ് ചെയ്തു. ഈ വർഷം അംഗീകാരം നഷ്ടപ്പെട്ട മെഡിക്കൽ കോളേജുകളിലെ സീറ്റ് സ്വാഭാവികമായും നഷ്ടപ്പെടും. അതുപോലെതന്നെ കഴിഞ്ഞ ഗവൺമെന്റ് യാതൊരു മുൻധാരണയുമില്ലാതെ കുറെയേറെ മെഡിക്കൽ കോളേജുകൾ അനുവദിക്കുകയുണ്ടായി. എത്രയും വേഗം ആ മെഡിക്കൽ കോളേജുകളെല്ലാം ഉദ്ഘാടനം ചെയ്യണമെന്ന ലക്ഷ്യം മാത്രമേ ആ ഗവൺമെന്റിനുണ്ടായിരുന്നുള്ളൂ. മെഡിക്കൽ കോളേജുകൾ അനുവദിക്കുമ്പോൾ ഏർപ്പെടുത്തേണ്ട യാതൊരു സൗകര്യവും ഒരുക്കാതെയാണ് മെഡിക്കൽ കോളേജുകൾ അനുവദിച്ചത്.

ഇടുക്കിയിലെ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ എം.സി.ഐ.യുടെ നിർദ്ദേശമനുസരിച്ചുള്ള സൗകര്യങ്ങൾ ഇല്ലാതിരുന്നിട്ടും ഒരു വർഷംകൊണ്ട് ഈ സൗകര്യങ്ങൾ ഒരുക്കാം എന്ന വാഗ്ദാനത്തിന്റെ ഭാഗമായി 50 സീറ്റുകൾ അനുവദിച്ചുകൊണ്ട് ഒന്നാമത്തെ ബാച്ചിനെ പ്രവേശിപ്പിച്ചു. ആദ്യത്തെ വർഷം നൽകിയ ഉറപ്പുതന്നെ രണ്ടാമത്തെ വർഷവും ഗവൺമെന്റ് നൽകുകയാണുണ്ടായത്. അതായത് 2014-15-ൽ നൽകിയ ഉറപ്പ് പാലിക്കാതെ 2015-16-ലും ഉറപ്പു മാത്രമാണ് യു.ഡി.എഫ്. ഗവൺമെന്റ് നൽകിയത്. അവിടെ മെഡിക്കൽ കോളേജിനാവശ്യമായ യാതൊരു സൗകര്യങ്ങളും ഇല്ലാത്തതിനാൽ പുതിയ വർഷത്തേക്കുള്ള അംഗീകാരം എം.സി.ഐ. നിഷേധിച്ചു. ഇത് ലഭ്യമാക്കാനുള്ള ശ്രമങ്ങൾ ഈ സർക്കാർ നടത്തുന്നുണ്ട്. ഈ ഗവൺമെന്റ് വന്നിട്ട് ഒരുമാസമേ ആയിട്ടുള്ളൂ. കഴിഞ്ഞ ഗവൺമെന്റ് കാണിച്ച അബദ്ധങ്ങൾ ഒരു മാസംകൊണ്ട് പരിഹരിക്കുക എന്നത് ഒരു കാരണവശാലും സാധ്യമല്ലാത്ത കാര്യമാണ്. മെഡിക്കൽ കോളേജുകളുടെ കാര്യങ്ങൾ ആകെ പരിശോധിക്കേണ്ടതായിട്ടുണ്ട്. ഇടുക്കിയിൽ ഒരു ബാച്ചിനെ പ്രവേശിപ്പിച്ചു. രണ്ടാമത്തെ ബാച്ചിന്റെ പ്രവേശന സമയമാണ്. അവർക്ക് നേരാംവണ്ണം ഒരു ലക്ചർ ഹാൾ പോലുമില്ല. കുട്ടികളും രക്ഷിതാക്കളുമെല്ലാം ഈ ഗവൺമെന്റിന്റെ മുമ്പാകെ പരാതിയുമായി വന്നു. മെഡിക്കൽ വിദ്യാഭ്യാസം ലക്ച്ചറിംഗ് മെത്തേഡിൽ നടത്താൻ സാധിക്കുന്നതല്ലല്ലോ? അതിനാവശ്യമായ ലബോറട്ടറികളോ അക്കാദമിക് ബ്ലോക്കുകളോ മറ്റു സൗകര്യങ്ങളോ അവിടെ പൂർണ്ണമായും ഒരുക്കിയിട്ടില്ല. അവിടെ ഒ.ടി. ബ്ലോക്കും ഒ.പി. ബ്ലോക്കുമൊന്നും തയ്യാറായിട്ടില്ല. ട്രൈബൽ ഹോസ്റ്റൽ ഒഴിപ്പിച്ച് പുനരുദ്ധാരണം ചെയ്തശേഷം കുട്ടികളെ പാർപ്പിക്കണമെന്നാണ് തീരുമാനിച്ചത്,

അതും നടന്നിട്ടില്ല. എല്ലായിടത്തും ജനറലാശുപത്രികളെ ആശ്രയിച്ചാണ് മെഡിക്കൽ കോളേജുകൾ തുടങ്ങാൻ തീരുമാനിച്ചത്. എന്നാൽ അവിടെ അത്തരത്തിലുള്ള ഒരു കാര്യവും തയ്യാറായിട്ടില്ല. ഞങ്ങളെ രക്ഷപ്പെടുത്തണമെന്നാണ് കുട്ടികളും രക്ഷിതാക്കളും  പറയുന്നത്. അവിടെ നിയമിച്ചിട്ടുള്ള ഡോക്ടർമാർക്കും ഒന്നും ചെയ്യാനാവില്ല. അവർക്ക് ലക്ചർ ചെയ്യാൻ മാത്രമേ സാധിക്കുകയുള്ളൂ. അതാണ് ഇടുക്കിയിലെ കാര്യം. ഞങ്ങൾ ആ മെഡിക്കൽ കോളേജ് ഉപേക്ഷിച്ചിട്ടൊന്നുമില്ല. വേണ്ട സൗകര്യങ്ങളൊക്കെ ഉണ്ടാക്കും. പക്ഷേ അതിന് ഞങ്ങൾക്ക് സമയം ആവശ്യമാണ്, അത് ഒരു മാസംകൊണ്ട് സാധിക്കുന്ന കാര്യമല്ല.

കാസർഗോഡ് മെഡിക്കൽ കോളേജിൽ 25 ഹെക്ടർ ഭൂമിയുണ്ട്, എന്നാൽ അവിടെയും ഈ പറയുന്ന യാതൊരു സൗകര്യങ്ങളും ഒരുക്കിയിട്ടില്ല. അവിടെ അക്കാദമിക് ബ്ലോക്കിന്റെ പണി നടന്നുവരികയാണ്. അവിടെ എൻഡോസൾഫാൻ പാക്കേജിൽ ചില സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ്. പക്ഷേ ഇപ്പോൾ പണിതുകൊണ്ടിരിക്കുന്ന കെട്ടിടം എൻഡോസൾഫാൻ പാക്കേജിൽ ഉൾപ്പെടുത്തി ആശുപത്രിയായി ഉപയോഗിക്കാൻ സാധിക്കുന്ന രീതിയിലല്ല. മെഡിക്കൽ കോളേജിന്റെ കൺസെപ്റ്റിലാണ് അതിന്റെ പ്ലാനൊക്കെ ഉണ്ടാക്കിയിട്ടുള്ളത്. അതുകൊണ്ട് അവിടെ ഒന്നും ആരംഭിക്കാൻ കഴിയാത്ത അവസ്ഥയാണ്. പിന്നോക്ക ജില്ലയായ കാസർഗോഡിന് കിട്ടിയ ഈ സൗകര്യം ഉപേക്ഷിക്കുമെന്ന് പറയുന്നില്ല. സമയമെടുത്ത് അക്കാര്യം പരിശോധിക്കും. എല്ലാ പ്രവൃത്തികൾക്കും ഒരു സാവകാശമുണ്ട്. ഇവിടെ ഞാൻ ഓരോന്നായി പറയുന്നില്ല. എല്ലാ കാര്യങ്ങളും അങ്ങനെതന്നെയാണ്.

മഞ്ചേരിയിൽ ഇപ്പോഴും ഹോസ്റ്റലും ക്വാർട്ടേഴ്സും ലൈബ്രറിയും ഫോറൻസിക് മെഡിസിന് ആവശ്യമായിട്ടുള്ള കെട്ടിടവും ലക്ചർ ഹാളുമൊന്നും തയ്യാറായിട്ടില്ല. ലബോറട്ടറിയുടെ പ്രവർത്തനം പരിമിതമായി പൂർത്തിയായിട്ടുണ്ട്.

കോന്നിയിലും ഇതുതന്നെയാണ് സ്ഥിതി. പ്രഖ്യാപനവും ഉദ്ഘാടനവുമൊക്കെ കഴിഞ്ഞിട്ടുണ്ടാകും. എച്ച്.എൽ.എൽ.-നെ നിർമ്മാണം ഏൽപ്പിച്ചിട്ടുണ്ട്. 50 ഏക്കർ ഭൂമി അവിടെ കിട്ടിയിട്ടുണ്ട്. 85 അദ്ധ്യാപക തസ്തിക ക്രിയേറ്റ് ചെയ്തിട്ടുണ്ട്. പക്ഷേ എം.സി.ഐ.-യുടെ അനുമതിയില്ല. വേണ്ടത്ര സൗകര്യങ്ങളില്ലായെന്ന് ബോദ്ധ്യപ്പെട്ടതിനാൽ എം.സി.ഐ. അംഗീകാരം കൊടുത്തിട്ടില്ല.

തിരുവനന്തപുരം ജനറൽ ഹോസ്പിറ്റലിനെ മെഡിക്കൽ കോളേജാക്കി മാറ്റുക, അല്ലെങ്കിൽ അവിടെ മറ്റൊരു മെഡിക്കൽ കോളേജ് സ്ഥാപിക്കുക എന്നതാണ് പിന്നീടുണ്ടായിരുന്ന ഏർപ്പാട്. നിലവിലുള്ള തിരുവനന്തപുരം മെഡിക്കൽ കോളേജിനെ അപ്ഗ്രേഡ് ചെയ്യാതെ പുതിയ ഒരു മെഡിക്കൽ കോളേജ് തിരുവനന്തപുരത്ത് പ്രഖ്യാപിച്ചു. പുതിയ ഒരു മെഡിക്കൽ കോളേജ് ജനങ്ങൾക്ക് ഉപകാരപ്രദമാവുമെങ്കിൽ ആയിക്കോട്ടെ എന്നുവയ്ക്കാം. പക്ഷേ അവിടത്തെ കഥയെന്താണ്? വേണ്ടത്ര സൗകര്യങ്ങൾ ഒരുക്കുകയോ സജ്ജീകരണങ്ങൾ നടത്തുകയോ ചെയ്യാതെ തിടുക്കത്തിൽ കഴിഞ്ഞ വർഷം അതിന്റെ ഉദ്ഘാടനം നടത്തി. അക്കാദമിക് ബ്ലോക്കിന്റെ രണ്ടാംഘട്ട നിർമ്മാണം തുടങ്ങിയിട്ടില്ല. ഒന്നാംഘട്ടത്തിന്റെ പണി ഇപ്പോൾ നടന്നുവരികയാണ്. ക്വാർട്ടേഴ്സ്, ഹോസ്റ്റൽ ഇവയുടെ പണിയൊന്നുമായിട്ടില്ല. തൊട്ടടുത്തുള്ള ഏതോ ഒരു ഹോസ്റ്റലിനെ വാടകയ്ക്ക് എടുത്ത് ഉപയോഗിക്കാമെന്നു പറഞ്ഞാണ് ഇത് ചെയ്തിട്ടുള്ളത്. പുതിയ ആശുപത്രിയും അനുബന്ധ സൗകര്യങ്ങളും ഉൾപ്പെടെയുണ്ടാകണം, അതവിടെയുണ്ടായിട്ടില്ല. ഇതാണ് പുതിയതായി അനുവദിച്ച മെഡിക്കൽ കോളേജുകളുടെ സ്ഥിതി. സ്വകാര്യ മെഡിക്കൽ കോളേജുകളിൽ ഞങ്ങൾ സീറ്റൊന്നും നിഷേധിച്ചിട്ടില്ല. എം.സി.ഐ.-യുടെ അംഗീകാരമില്ലാത്തതിന്റെ ഭാഗമായി സീറ്റുകൾ നഷ്ടപ്പെടാൻ ഇടയായത് ഈ ഗവൺമെന്റിന്റെ പ്രവർത്തനഫലമായിട്ടല്ല. നിലവിലുള്ള അഞ്ച് മെഡിക്കൽ കോളേജുകളെ സെന്റർ ഓഫ് എക്സലൻസ് ആക്കി മാറ്റുന്നതിനാണ് ഈ ഗവൺമെന്റ് മുൻഗണന കൊടുക്കുന്നത്. അവിടെ കൂടുതൽ സൗകര്യമുണ്ടായാൽ കൂടുതൽ സീറ്റ് ലഭ്യമാക്കാൻ സാധിക്കും. നിലവിലുള്ള മെഡിക്കൽ കോളേജുകളെ അപ്ഗ്രേഡ് ചെയ്യാനും അവയെ സെന്റർ ഓഫ് എക്സലൻസ് ആക്കി മാറ്റാനും പരിശ്രമിക്കും. യു.ഡി.എഫ്. ഗവൺമെന്റ് അനുവദിച്ചിട്ടുള്ള മെഡിക്കൽ കോളേജുകളൊന്നും ഏറ്റെടുത്ത് നടത്തില്ല എന്നുള്ള പ്രഖ്യാപനമൊന്നും ഞങ്ങൾ നടത്തില്ല. ഈ മെഡിക്കൽ കോളേജുകളെല്ലാം മുൻഗണനാക്രമത്തിൽ നന്നാക്കാൻ ഈ ഗവൺമെന്റ് തയ്യാറാകും. മെഡിക്കൽ വിദ്യാഭ്യാസ മേഖലയിൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അവധാനതയില്ലാതെ നടത്തിയ പ്രവർത്തനത്തിന്റെ ഭാഗമായിട്ടാണ് ഈ ബുദ്ധിമുട്ടുകളത്രയും ഉണ്ടായിട്ടുള്ളത് എന്നാണ് എനിക്ക് പറയാനുള്ളത്.

<u>ശ്രീ. വി. എസ്. ശിവകുമാർ</u>: സർ, മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് ഗുരുതരമായ പ്രതിസന്ധിയാണ് ഇന്നുണ്ടായിരിക്കുന്നത്. കഴിഞ്ഞ വർഷം, യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഉണ്ടായിരുന്നതിനേക്കാൾ ആയിരത്തോളം എം.ബി.ബി.എസ്. സീറ്റുകളിൽ ഈ വർഷം കുട്ടികൾക്ക് അഡ്മിഷൻ ലഭ്യമാകാത്ത അവസ്ഥയാണ് ഉള്ളത്. പക്ഷേ അതിനെയെല്ലാം നിസ്സാരവൽക്കരിച്ചുകൊണ്ട്, യു.ഡി.എഫ്. ഗവൺമെന്റ് ആരംഭിച്ച മെഡിക്കൽ കോളേജുകളുടെ നിലവാരത്തെ ക്കുറിച്ചാണ് ബഹുമാന്യയായ മന്ത്രി ഇവിടെ സംസാരിച്ചത്. ദീർഘവീക്ഷണത്തോടു കൂടിയാണ് യു.ഡി.എഫ്. ഗവൺമെന്റ് മെഡിക്കൽ കോളേജുകൾ ആരംഭിക്കാൻ തീരുമാനിച്ചത്. കേരളം ആരോഗ്യപരിപാലന രംഗത്ത് ഇന്ത്യയ്ക്ക് മാതൃകയാണ്. ആരോഗ്യപരിപാലന രംഗത്ത് മാത്രമല്ല വിദ്യാഭ്യാസ രംഗത്തും കേരളം ഇന്ത്യയ്ക്ക് മാതൃകയാണ്. ആരോഗ്യ-വിദ്യാഭ്യാസ രംഗത്ത് കാലാനുസൃതമായ മാറ്റങ്ങളുണ്ടാകണം എന്നാഗ്രഹിച്ചുകൊണ്ട് മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് ഇന്ത്യയിലെ ഒരു ഹബ്ബായി കേരളത്തെ മാറ്റുക, അതോടൊപ്പം ജനങ്ങൾക്ക് വിദഗ്ദ്ധ ചികിൽസ ലഭ്യമാക്കുക ഇവയാണ് ഗവൺമെന്റ് ഉദ്ദേശിച്ചത്. പിന്നോക്കം നിൽക്കുന്ന മേഖലകളിൽ, മലയോരപ്രദേശങ്ങളിൽ വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കുവാനും പാർശ്വവൽക്കരിക്കപ്പെട്ട മിടുക്കരായ, ദരിദ്രരായ വിദ്യാർത്ഥികൾക്ക് പഠിക്കുവാനുള്ള അവസരം ഒരുക്കുക എന്നുള്ള ഉദ്ദേശ്യത്തോടുകൂടി യു.ഡി.എഫ്. ഗവൺമെന്റ് ദീർഘവീക്ഷണത്തോടുകൂടിയാണ് ഓരോ ജില്ലയിലും ഓരോ മെഡിക്കൽ കോളേജ് സ്ഥാപിക്കുക എന്നുള്ള തീരുമാനമെടുത്തത്. ഐ.പി.എച്ച്.എസ്. (ഇന്ത്യൻ പബ്ലിക് ഹെൽത്ത് സ്റ്റാൻഡേർഡ്) അനുസരിച്ച് ഒരു ഡോക്ടർക്ക് ആയിരം പോപ്പുലേഷൻ, അതാണ് കണക്ക്. പക്ഷേ ഇവിടെ ഒരു ഡോക്ടർക്ക് ആയിരത്തി അറുന്നൂറ് പോപ്പുലേഷനാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം ആവശ്യത്തിന് ഡോക്ടർമാരില്ല. 1964-ലെ സ്റ്റാഫ് പാറ്റേൺ അനുസിച്ചുള്ള ഡോക്ടർമാർ ആശുപത്രികളിലുണ്ട്. പക്ഷേ ജനസംഖ്യയുടെ വർദ്ധനവിനനുസരിച്ചുള്ള ഡോക്ടർമാർ കേരളത്തിലില്ല, ഇക്കാര്യം ഞാൻ മന്ത്രിയായിരുന്നപ്പോഴും പറഞ്ഞിട്ടുണ്ട്. കുട്ടികൾക്ക് പഠിക്കാനുള്ള അവസരം നൽകുകയും പഠിച്ച് ഇന്ത്യക്ക് അകത്തും പുറത്തുമൊക്കെ പോയി ജോലി ചെയ്യാൻ കഴിവുള്ള പ്രഗത്ഭരായ ഡോക്ടർമാരെ സൃഷ്ടിക്കുക, അതിലെന്ത് അപരാധമാണ് യു.ഡി.എഫ്. ഗവൺമെന്റ് ചെയ്തതെന്നാണ് എനിക്ക് ചോദിക്കുവാനുള്ളത്. ഈ വർഷം ആയിരം കുട്ടികൾക്ക് എം.ബി.ബി.എസ്.-ന് സീറ്റ് നിഷേധിക്കപ്പെടുകയാണ്. കഴിഞ്ഞ വർഷം 85828 കുട്ടികൾ എൻട്രൻസ് എക്സാമിനേഷൻ എഴുതി ക്വാളിഫൈഡായിട്ടുണ്ട്. ഈ വർഷം 104287 കുട്ടികളാണ് ക്വാളിഫൈഡായത്. അത്തരമൊരു സാഹചര്യത്തിൽ ഇവിടെ ആയിരത്തോളം സീറ്റുകൾ കുറയുന്നുവെന്ന് പറയുമ്പോൾ ഗവൺമെന്റിന്റെ പിടിപ്പുകേടാണ്

ഇക്കാര്യത്തിലുണ്ടായിട്ടുള്ളത് എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. പുതിയ മെഡിക്കൽ കോളേജുകൾ തുടങ്ങുമ്പോൾ രണ്ടായിരം എം.ബി.ബി.എസ്. സീറ്റുകൾ കൂടുതലായുണ്ടാകണം. അതിനുവേണ്ടിയാണ് ഓരോ മേഖലയിലും എം.ബി.ബി.എസ്. കോഴ്സുകളാരംഭിച്ചത്. 900 എം.ബി.ബി.എസ്. സീറ്റുകളാണ് യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്ന 2011-ൽ ഉണ്ടായിരുന്നത്. പക്ഷേ യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽനിന്ന് പുറത്തുപോകുമ്പോൾ 1250 സീറ്റുകളായി വർദ്ധിപ്പിക്കാൻ കഴിഞ്ഞു. മഞ്ചേരി, പാലക്കാട്, ഇടുക്കി, എറണാകുളം എന്നിവിടങ്ങളിൽ പുതിയ മെഡിക്കൽ കോളേജുകൾ ആരംഭിച്ചു. ഒരുകാര്യം ഓർക്കണം. കേരള സംസ്ഥാനം 1956-ൽ രൂപീകരിച്ച് 55 വർഷങ്ങൾ കഴിഞ്ഞതിനുശേഷം 2011-ൽ ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അഞ്ചുവർഷക്കാലം കൊണ്ട് ഗവൺമെന്റ് മേഖലയിൽ അഞ്ച് ഗവൺമെന്റ് മെഡിക്കൽ കോളേജുകൾ തുടങ്ങാൻ കഴിഞ്ഞുവെന്നുള്ളത് അഭിമാനകരമായ നേട്ടമാണ്. കേരളത്തിലെ അഞ്ച് മെഡിക്കൽ കോളേജുകളിൽ കോഴിക്കോട് മെഡിക്കൽ കോളേജ് ഒഴികെ ബാക്കിയെല്ലാ മെഡിക്കൽ കോളേജുകളും ഐക്യജനാധിപത്യമുന്നണിയുടെയും യു.ഡി.എഫ്.-ന്റെയും കാലത്തുണ്ടായതാണ്. ആ മെഡിക്കൽ കോളേജുകൾ അതിനുശേഷം വന്ന ഏതെങ്കിലും എൽ.ഡി.എഫ്. ഗവൺമെന്റോ യു.ഡി.എഫ്. ഗവൺമെന്റോ വേണ്ടെന്ന് വച്ചോ; വേണ്ടെന്ന് വച്ചിട്ടില്ല. ഇവിടെ നമ്മുടെ ആവശ്യങ്ങൾ പരിഹരിക്കേണ്ടതുണ്ട്. അതിന്റെ അടിസ്ഥാനത്തിലുള്ള നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. ഈ വർഷം സംഭവിച്ചിരിക്കുന്നത് എന്താണ്; 1250 സർക്കാർ മെരിറ്റ് സീറ്റിൽ 25,000 രൂപയാണ് ഫീസ്. 7 സ്വാശ്രയ കോളേജുകളുടെ അംഗീകാരം നഷ്ടപ്പെട്ടപ്പോൾ സംസ്ഥാന ഗവൺമെന്റിന് കിട്ടാനുള്ള ഗവൺമെന്റ് മെരിറ്റിലുള്ള 50 ശതമാനം സീറ്റ് നഷ്ടപ്പെടുകയാണ്, 800 സീറ്റ് നഷ്ടപ്പെടുകയാണ്. ഒരുമാസമായിട്ടും അടിയന്തര പ്രാധാന്യമുള്ള ഈ വിഷയത്തെക്കുറിച്ച് സ്വാശ്രയകോളേജുകാരെ വിളിച്ച് ചർച്ച നടത്തുവാൻ ഗവൺമെന്റോ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോ തയ്യാറായിട്ടില്ല. ലക്ഷക്കണക്കിനു വരുന്ന കുട്ടികളുടെ ഭാവിയെ ബാധിക്കുന്ന പ്രശ്നമാണിത്. 1250 സീറ്റുകളാണ് മെരിറ്റിൽ ഉണ്ടായിട്ടുള്ളത്. കഴിഞ്ഞ പ്രാവശ്യം സ്വാശ്രയമേഖലയിൽ ഗവൺമെന്റ് മെരിറ്റിൽ 800 സീറ്റാണ് ലഭിച്ചതെങ്കിൽ ഇപ്രാവശ്യം 375 സീറ്റ് മാത്രമാണ് ലഭിച്ചിട്ടുള്ളത്. 1625 സീറ്റുകളിലാണ് ഈ വർഷം അഡ്മിഷൻ ലഭിക്കുന്നത്. കഴിഞ്ഞപ്രാവശ്യം 2050 സീറ്റുണ്ടായിരുന്നു. അതോടൊപ്പംതന്നെ സ്വാശ്രയ മെരിറ്റിന്റെ വിഹിതമായ 425 സീറ്റുകൾ നഷ്ടപ്പെടുന്നു. സ്വാശ്രയ മാനേജ്മെന്റിനും 425 സീറ്റ് നഷ്ടപ്പെടുന്നു.

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ യാതൊരു സൗകര്യവുമില്ല എന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ വാചകം 'മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരമില്ലാത്തതുകൊണ്ടാണ് ഈ സീറ്റുകൾ കുറഞ്ഞത്...' എന്നാണ്. മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ തിരുവനന്തപുരത്തെ രണ്ടാമത്തെ മെഡിക്കൽ കോളേജിന് അംഗീകാരം ലഭ്യമാക്കി 100 സീറ്റാണ് അവിടെ അനുവദിച്ചിട്ടുള്ളത്. 100 സീറ്റ് എന്നുപറഞ്ഞാൽ ഒരു സീറ്റിൽ ഒരു കുട്ടിക്ക് 25,000 രൂപയ്ക്ക് പഠിക്കാം. എസ്. സി. വിഭാഗത്തിൽപ്പെട്ട 10 കുട്ടികൾക്ക് പഠനം സൗജന്യമാണ്. അതുപോലെ എസ്.ഇ.ബി.സി. വിഭാഗത്തിനും പഠനം സൗജന്യമാണ്. ഒരു കുട്ടിയെ എം.ബി.ബി.എസ്. പഠിപ്പിക്കുന്നതിന് രക്ഷിതാക്കൾ എത്ര പ്രയാസപ്പെടുകയാണ്. അഡ്മിഷൻ ലഭിക്കുന്നതിന് എന്തെല്ലാം തരത്തിലുള്ള ബുദ്ധിമുട്ടുകളും പ്രയാസങ്ങളും കഷ്ടപ്പാടുകളും അനുഭവിക്കുന്നു. ഇവിടെ ഒരു മെഡിക്കൽ കോളേജിന് മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ അംഗീകാരം തന്നപ്പോൾ അത് വേണ്ടെന്നുവച്ചത് കേരളത്തിലെ വിദ്യാർത്ഥികളോടു കാണിക്കുന്ന കൊടുംവഞ്ചനയാണ് എന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇന്ത്യയിലെ ഏതെങ്കിലും ഒരു സംസ്ഥാനം ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിച്ചതിനുശേഷം, മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരം ലഭിച്ച ഒരു മെഡിക്കൽ കോളേജ് വേണ്ടെന്ന് വച്ചിട്ടുണ്ടോ; നിങ്ങൾ പരിശോധിച്ചു നോക്കൂ.

ഇൻഡോർ യൂണിവേഴ്സിറ്റിയെക്കുറിച്ച് ഡൽഹിയിൽ വച്ച് ഉദ്യോഗസ്ഥർ എന്നോട് സംസാരിച്ചതാണ്. ഇൻഡോർ യൂണിവേഴ്സിറ്റിയിൽ 145 സീറ്റുണ്ട്. 5 സീറ്റ് കൂടി ലഭ്യമാകുന്നതിനുവേണ്ടി അവർ 8 വർഷമായി മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ പുറകെ നടക്കുകയാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സൗകര്യമില്ലെന്ന് ഇവിടെ പറയുകയുണ്ടായി. ഞാൻ ചോദിക്കട്ടെ. എന്ത് സൗകര്യക്കുറവാണ് അവിടെയുള്ളത്? ഒരു ലക്ഷത്തി മുപ്പത്തിയെണ്ണായിരം സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമുള്ള കെട്ടിടത്തിൽ ആദ്യവർഷം ക്ലാസ് തുടങ്ങുന്നതിനു വേണ്ടി എല്ലാ ആധുനിക സജ്ജീകരണങ്ങളോടും കൂടി ക്ലാസ്സ് മുറികളൊക്കെ ഒരുക്കി. അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി ഉദ്ഘാടനവും ചെയ്തു. ആദ്യത്തെ വർഷം 15 ലക്ഷം രൂപയ്ക്ക് ലൈബ്രറി, ലാബ്, മറ്റ് സൗകര്യങ്ങൾ എല്ലാം സജ്ജമാക്കി. ഇപ്പോൾ സംസ്ഥാന ഗവൺമെന്റ് അത് നിഷേധിച്ചതിന്റെ പേരിൽ നടപടിക്രമങ്ങൾ നിർത്തിവച്ചിരിക്കുകയാണ്. 134 പോസ്റ്റുകൾ ക്രിയേറ്റ് ചെയ്തു. പ്രിൻസിപ്പൽ, സൂപ്രണ്ട്, പ്രൊഫസർമാർ, അസോസിയേറ്റ് പ്രൊഫസർമാർ, ആർ.എം.ഒ. എന്നിവരെ നിയമിച്ചു. ആർക്കുവേണ്ടിയാണ് നിങ്ങൾ ഈ മെഡിക്കൽ

കോളേജ് വേണ്ടെന്നുവച്ചത് എന്നാണ് എനിക്ക് ചോദിക്കാനുള്ളത്. ആരെ സഹായിക്കുവാൻ വേണ്ടിയാണ്; മറ്റ് സംസ്ഥാനങ്ങളിലെ മെഡിക്കൽ വിദ്യാഭ്യാസ ലോബിയെ സഹായിക്കാൻ വേണ്ടിയല്ലേ; സ്വാശ്രയ മെഡിക്കൽ കോളേജിനെതിരായി സമരം നടത്തിയ, കഴിഞ്ഞ പ്രാവശ്യം അടിയന്തരപ്രമേയം അവതരിപ്പിച്ച ബഹുമാന്യനായ അംഗമാണ് നമ്മുടെ സ്പീക്കർ. അങ്ങേയ്ക്ക് ഇതറിയാമല്ലോ; സ്വാശ്രയ മേഖലയെ സഹായിക്കുന്നതിനു വേണ്ടിയാണ് ഇങ്ങനെ ചെയ്യുന്നത് എന്ന് ഞാൻ മന്ത്രിയായിരുന്നപ്പോൾ അങ്ങ് എന്നോട് പറയുകയുണ്ടായി. ശ്രീ. ഉമ്മൻ ചാണ്ടിയുടെ ഗവൺമെന്റ് കേരളത്തിൽ മെഡിക്കൽ കോളേജുകൾ ആരംഭിച്ചത് സ്വാശ്രയ മേഖലയിൽ അല്ല. 16 മെഡിക്കൽ കോളേജുകൾക്ക് നേതൃത്വം കൊടുത്തത് കേരളത്തിലെ പാവപ്പെട്ട കുട്ടികൾക്ക് 25000 രൂപയ്ക്ക് പഠിക്കുന്നതിനുവേണ്ടിയാണ്. സ്വകാര്യ കോളേജിൽ പോയാൽ എത്രയാണ് ഫീസ്; ഒരു കോടി രൂപയോളം ഡൊണേഷൻ കൊടുക്കണം. ഓരോ സ്വകാര്യ മാനേജ്മെന്റുകൾക്കും അനുവദിച്ചിട്ടുള്ള ഫീസ് തന്നെ ഏഴും എട്ടും ലക്ഷം രൂപയാണ്. പാവപ്പെട്ട കുട്ടികൾക്ക് പഠിക്കുവാൻ കഴിയുമോ? ഇതിനെക്കുറിച്ച് നിയമസഭയിൽ ചർച്ച ചെയ്യണം. കേരളത്തിന്റെ ചരിത്രത്തിൽ, ഇന്ത്യയുടെ ചരിത്രത്തിൽ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ അംഗീകാരം നൽകിയ ഒരു മെഡിക്കൽ കോളേജിനെ നിഷ്ക്കരുണം രാഷ്ട്രീയ തീരുമാനത്തിന്റെ പേരിൽ മാറ്റിവച്ചത് ഒരിക്കലും അംഗീകരിക്കില്ല എന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇടുക്കി മെഡിക്കൽ കോളേജിനെക്കുറിച്ച് ഞാൻ പറഞ്ഞു. ഇടുക്കി മെഡിക്കൽ കോളേജിൽ എന്ത് സൗകര്യമാണ് ഇല്ലാത്തത്?

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.....അങ്ങ് കൺക്ലൂഡ് ചെയ്യൂ.

ശ്രീ. വി. എസ്. ശിവകുമാർ: സർ, ഇതുകൂടി പറഞ്ഞ് നിർത്താം. ഞാൻ മന്ത്രിയായിരുന്ന അവസാന സമയത്ത് മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ ഇൻസ്പെക്ഷൻ ഉണ്ടാകുമെന്നറിഞ്ഞ് ഇടുക്കി മെഡിക്കൽ കോളേജിൽ ആവശ്യമായ ഡോക്ടർമാരെ പോസ്റ്റ് ചെയ്തുകൊണ്ട് ഓർഡർ ഇഷ്യൂ ചെയ്തു. അതു സംബന്ധിച്ച ഫയൽ കാണാനില്ല. മനഃപൂർവ്വം ഇടുക്കി മെഡിക്കൽ കോളേജിനെ തകർക്കുവാൻ വേണ്ടി, പൂട്ടുവാൻവേണ്ടി ഈ ഗവൺമെന്റ് എടുത്ത തീരുമാനമായിരുന്നു. ആ ഫയൽ എവിടെയാണെന്ന് അറിയണം. നാലോ അഞ്ചോ ഡോക്ടർമാരെ പോസ്റ്റ് ചെയ്താൽ ഇടുക്കി മെഡിക്കൽ കോളേജിന് ഈ വർഷം തന്നെ പ്രവർത്തനം ആരംഭിക്കാൻ കഴിയും. ഡോക്ടർമാരെ അങ്ങോട്ട് പോസ്റ്റ് ചെയ്യുന്നതിനുപകരം അവിടെയുള്ള കുട്ടികളെ മുഴുവൻ നാലുഭാഗത്തായി പോസ്റ്റ് ചെയ്യുന്നു. ഇത്ര

മടയത്തരം കാണിച്ചിട്ടുള്ള ഒരു ഗവൺമെന്റുണ്ടോ; ലോകത്ത് എവിടെയെങ്കിലും ഇങ്ങനെ കേട്ടിട്ടുണ്ടോ, കഴിഞ്ഞവർഷത്തെ എം.ബി.ബി.എസ്.-ന്റെ റിസൾട്ട് വന്നപ്പോൾ ഫസ്റ്റ് റാങ്ക് ഇടുക്കി മെഡിക്കൽ കോളേജിനായിരുന്നു. അതിനുമുമ്പ്, മഞ്ചേരി മെഡിക്കൽ കോളേജിന് ഫസ്റ്റ് റാങ്കായിരുന്നു. ആളുകളെ പറ്റിക്കുന്നതിനു വേണ്ടി ഓരോ പ്രഖ്യാപനങ്ങൾ നടത്തുന്നതല്ലാതെ കേരളത്തിലെ പിന്നോക്ക, മലയോര മേഖലകളിലെ പാവപ്പെട്ട കുട്ടികൾക്ക് പഠിക്കുവാൻ വേണ്ടി ഒന്നും ചെയ്യുന്നില്ല.

വയനാട്ടിൽ എന്തിനുവേണ്ടിയാണ് തുടങ്ങിയത്? വയനാട്ടിൽ നിന്നും കുരങ്ങുപനി ബാധിച്ച പാവപ്പെട്ട ഒരു രോഗിക്ക് കോഴിക്കോട് മെഡിക്കൽ കോളേജിലെത്താൻ എത്ര മണിക്കൂർ എടുക്കേണ്ടി വരും? ഇടുക്കിയിൽ ഒരു മെഡിക്കൽ കോളേജ് തുടങ്ങുന്നതിനെക്കുറിച്ച് ആലോചിക്കാൻ കഴിയുമോ? ഇടുക്കിയിലെ എം.എൽ.എ.-മാർ ഇവിടെ ഇരിക്കുന്നുണ്ട്. അവർ പറയട്ടെ. രാഷ്ട്രീയമായ തീരുമാനം എടുത്തുകൊണ്ട്, തിരുവനന്തപുരം മെഡിക്കൽ കോളേജിൽ അംഗീകാരം കിട്ടിയ 100 സീറ്റുകൾ ഈ വർഷം ആരംഭിക്കുവാൻ ഒരു സമ്മതപത്രം കൊടുത്താൽ മതിയാകും.

മി. സ്പീക്കർ: പ്ലീസ്...അങ്ങ് കൺക്ലൂഡ് ചെയ്യൂ.....എല്ലാ പോയിന്റുകളും ആർഗ്യുമെന്റുകളും നന്നായി പറഞ്ഞുകഴിഞ്ഞു.

ശ്രീ. വി. എസ്. ശിവകുമാർ: സർ, എല്ലാ മെഡിക്കൽ കോളേജും അങ്ങനെതന്നെയാണ് പ്രവർത്തിക്കുന്നത്. സമ്മതപത്രം കൊടുക്കാൻ ഈ ഗവൺമെന്റ് മുന്നോട്ടുവരണം. 100 കുട്ടികൾക്ക് പഠിക്കുവാനുള്ള അവസരം ഒരുക്കണം. ഇതൊക്ക കാണിക്കുന്നത് അന്യസംസ്ഥാന ലോബിയെ സഹായിക്കുന്നതിനു വേണ്ടിയാണ്. സർക്കാർ മേഖലയിൽ മെഡിക്കൽ കോളേജ് തുടങ്ങിയപ്പോൾ അത് വേണ്ട എന്നുവയ്ക്കുന്നത് ഒരിക്കലും അംഗീകരിക്കാൻ കഴിയില്ല എന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ പ്രശ്നം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, കുറെയധികം ഉച്ചത്തിൽ സംസാരിച്ചതുകൊണ്ട് കഴിഞ്ഞ പ്രാവശ്യം ചെയ്തുവച്ച അപകടങ്ങൾ ഇല്ലാതാകുന്നില്ല. കഴിഞ്ഞ അഞ്ചുവർഷക്കാലം കേരളത്തിലെ ആരോഗ്യ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. വി. എസ്. ശിവകുമാർ സംസാരിക്കുന്ന സമയത്ത് വസ്തുനിഷ്ഠമായ കാര്യങ്ങൾ പറയണം. വൈകാരികമായി കുറെ കാര്യങ്ങൾ

പറഞ്ഞതുകൊണ്ടുമാത്രം വസ്തുനിഷ്ഠയാഥാർത്ഥ്യങ്ങൾ യാഥാർത്ഥ്യമല്ലാതാവില്ല. ജി.എച്ച്. മെഡിക്കൽ കോളേജിന് അംഗീകാരം ലഭ്യമായെന്നാണ് മുൻ മന്ത്രി പറഞ്ഞത്. എന്നാൽ അംഗീകാരം ലഭ്യമാകാൻ എന്തൊക്കെ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കി എന്നറിയിക്കാമോ എന്നാണ് എം.സി.ഐ. ചോദിച്ചത്. കഴിഞ്ഞ തവണ നിങ്ങൾ ചെയ്തതുപോലെ ഓരോ വർഷവും ഉറപ്പുകൊടുത്തുകൊണ്ടിരിക്കാൻ ഈ ഗവൺമെന്റിന് സാധിക്കില്ല. അംഗീകാരം ലഭ്യമാകാനുള്ള അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കിയതിനുശേഷം, ഇവിടെ എല്ലാ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട് ഈ കോളേജിന് അംഗീകാരം വേണമെന്ന് ഗവൺമെന്റ് അറിയിക്കും. മെഡിക്കൽ കോളേജ് ആരംഭിച്ചത് ഒരു മഹത്തായ കാര്യമായിട്ടാണ് ഇവിടെ പറഞ്ഞത്. മെഡിക്കൽ വിദ്യാഭ്യാസത്തെക്കുറിച്ച് മുൻമന്ത്രി വാചാലനായി സംസാരിക്കുകയാണ്. മെഡിക്കൽ വിദ്യാഭ്യാസത്തെക്കുറിച്ച് നല്ല ധാരണയുണ്ടായിരുന്നെങ്കിൽ ഈ തീരുമാനമല്ല കഴിഞ്ഞ ഗവൺമെന്റ് എടുക്കേണ്ടിയിരുന്നത്. ഇവിടെ 'എയിംസ്' അനുവദിക്കാമെന്ന് സെൻട്രൽ ഗവൺമെന്റ് പറഞ്ഞിട്ടുണ്ട്. നാല് സ്ഥലങ്ങൾ അതിന് നോക്കിവച്ചിട്ടുമുണ്ട്. അതിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകാൻ കഴിഞ്ഞ ഗവൺമെന്റ് തയ്യാറായോ? അതിന് ശ്രമിക്കുകയോ നിലവിലുള്ള മെഡിക്കൽ കോളേജുകൾ മെച്ചപ്പെടുത്തുവാൻ ശ്രമിക്കുകയോ ചെയ്യാതെ എന്തോ താൽപര്യത്തോടുകൂടി കുറെ മെഡിക്കൽ കോളേജുകൾ അനുവദിക്കാൻ തയ്യാറായി. ഗവൺമെന്റ് മേഖലയിൽ അനുവദിച്ചിട്ടുള്ള മെഡിക്കൽ കോളേജുകൾ ഞങ്ങൾ ഇല്ലാതാക്കില്ലെന്നാണ് പറയുന്നത്. പക്ഷെ, ബഹുമാനപ്പെട്ട മുൻമന്ത്രിയടക്കം കോന്നിയിൽ ഇപ്പോൾ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികളെയും അവരുടെ രക്ഷിതാക്കളെയും കാണണം. എന്താണ് അവരുടെ വികാരമെന്ന് മനസ്സിലാക്കണം. അവിടെ വലിയ കാര്യങ്ങളൊക്കെ ഒരുക്കിയെന്നാണ് പറയുന്നത്. ഈ നാട്ടിലുള്ള സ്ഥാപനമാണല്ലോ; ആർക്കും അവിടെ പോയി പരിശോധിക്കാം. ഒരു മെഡിക്കൽ കോളേജിന് ആവശ്യമായ എല്ലാ സൗകര്യങ്ങളും അവിടെ ഉണ്ടെന്ന് സാക്ഷ്യപ്പെടുത്തുകയാണെങ്കിൽ നമുക്ക് ആ വിഷയം പരിഗണിക്കാം. പക്ഷെ എല്ലാം ഉണ്ടെന്ന് പറയുകയല്ലാതെ അവിടെ ഒരു കാര്യവും ഒരുക്കാൻ സാധിച്ചിട്ടില്ല. മെഡിക്കൽ വിദ്യാഭ്യാസം വളരെയേറെ അവധാനതയോടുകൂടി കൈകാര്യം ചെയ്യേണ്ട ഒന്നാണെന്ന് അതുകൊണ്ടുതന്നെയാണ് ഈ ഗവൺമെന്റ് പറഞ്ഞത്. നല്ല രീതിയിലുള്ള വിദ്യാഭ്യാസത്തിനും റിസർച്ചിനുമൊക്കെ സൗകര്യമുണ്ടാകണം. എല്ലാ താലൂക്ക് ആശുപത്രികളെയും എല്ലാ പി.എച്ച്.സി.-കളെയും മെഡിക്കൽ കോളേജുകളാക്കാമെന്ന് പ്രഖ്യാപിച്ചതുകൊണ്ട് മെഡിക്കൽ വിദ്യാഭ്യാസത്തിന് നേട്ടമുണ്ടാകില്ല. കേരളത്തിലെ മെഡിക്കൽ വിദ്യാഭ്യാസ മേഖല എങ്ങനെ മെച്ചപ്പെടുത്തുവാൻ കഴിയുമെന്ന് ഈ ഗവൺമെന്റ് ആലോചിക്കുന്നുണ്ട്.

ബഹുമാനപ്പെട്ട മുൻമന്ത്രി പറഞ്ഞതിൽത്തന്നെ പല തെറ്റായ കാര്യങ്ങളുമുണ്ട്. കേരളത്തിൽ ആവശ്യമായ ഡോക്ടർമാർ ഉണ്ടെന്നാണ് അദ്ദേഹം ആദ്യം പറഞ്ഞത്. എന്നാൽ നമ്മുടെ പ്രൈമറി ഹെൽത്ത് സെന്ററുകളിൽപ്പോലും ഡോക്ടർമാരില്ല എന്നതാണ് സത്യം. അദ്ദേഹം പറഞ്ഞത് രേഖയിലുണ്ട്. ഇത്രയും സീറ്റുകളിൽ കുട്ടികൾ അഡ്മിഷൻ നേടിയിട്ടുണ്ടെന്നും ആവശ്യമായ ഡോക്ടർമാരുണ്ടെന്നുമാണ് അദ്ദേഹം രണ്ടാമത് പറഞ്ഞത്. ആശുപത്രികളിൽ ഡോക്ടർമാരില്ല. ബഹുമാന്യയായ പി. കെ. ശ്രീമതി ടീച്ചർ ആരോഗ്യ വകുപ്പുമന്ത്രിയായിരുന്നപ്പോൾ ആശുപത്രികളിൽ ഡോക്ടർമാരില്ലാത്ത അവസ്ഥയും ആശുപത്രികളുടെ ശോച്യാവസ്ഥയും പരിഹരിക്കാൻ സമർത്ഥമായി ഇടപെട്ടിരുന്നു. കേരളത്തിലെ ആരോഗ്യമേഖലയെ സമ്പുഷ്ടമാക്കി മാറ്റാനും പരാതികളില്ലാത്തവിധം കാര്യങ്ങൾ കൈകാര്യം ചെയ്യാനും സാധിച്ചിരുന്നു. എന്നാൽ കഴിഞ്ഞ അഞ്ച് വർഷം നിങ്ങൾ എല്ലാം കുഴച്ചുമറിച്ചിട്ടിരിക്കുകയാണ്. വീണ്ടും ആശുപത്രികളിൽ ഡോക്ടർമാരില്ലാത്ത അവസ്ഥയാണ്. ഇപ്പോൾ യു.ഡി.എഫ്.-ന്റെ എം.എൽ.എ.-മാരടക്കം എന്റെയടുത്ത് ഇന്ന ആശുപത്രിയിൽ ഡോക്ടറില്ല, ഈ ആശുപത്രിയിൽ സൗകര്യങ്ങളില്ല, സ്പെഷ്യലിസ്റ്റില്ല എന്നൊക്കെ പറഞ്ഞു വരികയാണ്. ഇതൊക്കെയാണ് കേരളത്തിൽ ആദ്യമായി ഒരുക്കേണ്ടത്. മെഡിക്കൽ കോളേജുകളെക്കുറിച്ച് വീരവാദം പറയുന്നതിനുമുമ്പ് സാധാരണ ജനങ്ങൾക്ക് ചികിത്സയും പരിഗണനയും കിട്ടാനുള്ള അവസരം ഒരുക്കണം. അതിന് തയ്യാറാകാതെ മേനിനടിക്കാൻവേണ്ടി കുറെ കാര്യങ്ങൾ പറഞ്ഞതുകൊണ്ടുമാത്രം യാതൊരു കാര്യവുമില്ല. ഗവൺമെന്റ് ഇക്കാര്യങ്ങളെല്ലാം പരിശോധിക്കുന്നുണ്ട്. അതുകൊണ്ട് ഇത് സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യേണ്ട വിഷയവും അല്ല, അതിന് തയ്യാറാകേണ്ടതുമില്ല.

<u>മി. സ്പീക്കർ:</u> ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് <u>(ശ്രീ. രമേശ് ചെന്നിത്തല):</u> സർ, ആരോഗ്യ രംഗത്ത് കേരളത്തിലെ യു.ഡി.എഫ്. ഗവൺമെന്റ് ചെയ്ത എല്ലാ നേട്ടങ്ങളെയും തമസ്കരിക്കുന്ന നിലപാടാണ് ഇപ്പോഴത്തെ ആരോഗ്യ വകുപ്പുമന്ത്രിയും ഈ ഗവൺമെന്റും സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കേരളം ഉണ്ടായതിനുശേഷം ഏറ്റവും കൂടുതൽ മെഡിക്കൽ കോളേജുകൾ സ്ഥാപിക്കാൻ മുൻകയ്യെടുത്ത ഗവൺമെന്റ് ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള യു.ഡി.എഫ്. ഗവൺമെന്റായിരുന്നു. ഒരു മെഡിക്കൽ കോളേജ് ആരംഭിക്കാൻ തീരുമാനമെടുക്കുമ്പോൾ എല്ലാ സൗകര്യങ്ങളും ഗവൺമെന്റ് ഒരുക്കിയതിനുശേഷം മാത്രമേ മെഡിക്കൽ കോളേജ് ആരംഭിക്കുവെന്ന് വാശി പിടിച്ചാൽ കേരളത്തിൽ മെഡിക്കൽ വിദ്യാഭ്യാസം അസാധ്യമായിത്തീരും.

1982-ൽ ഞാൻ എം.എൽ.എ. ആയിരുന്ന കാലത്ത് ആരംഭിച്ചതാണ് തൃശ്ശൂർ മെഡിക്കൽ കോളേജ്. ആ മെഡിക്കൽ കോളേജിൽ പൂർണ്ണമായ സൗകര്യമൊരുക്കാൻ എത്ര വർഷമെടുത്തു? ആലപ്പുഴ മെഡിക്കൽ കോളേജ്, കൊട്ടാരം ആശുപത്രിയിൽ ആരംഭിച്ചതായിരുന്നു. അതൊരു സ്വകാര്യ മെഡിക്കൽ കോളേജായി തിരുമല ദേവസ്വം ആരംഭിച്ചതാണ്. പിന്നീട് ഗവൺമെന്റ് ഏറ്റെടുത്തതാണ്. അതുപോലെ പരിയാരം മെഡിക്കൽ കോളേജ്. ഈ സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ള എല്ലാ മെഡിക്കൽ കോളേജുകളും ആരംഭിക്കുമ്പോൾ ചെറിയ പ്രശ്നങ്ങളുണ്ടാകും. ഉദാഹരണത്തിന് പരിയാരം മെഡിക്കൽ കോളേജ്. എല്ലാ സൗകര്യങ്ങളും ഒരുക്കിയശേഷം മാത്രമേ മെഡിക്കൽ കോളേജ് കേരളത്തിൽ ആരംഭിക്കുകയുള്ളൂവെന്ന ആരോഗ്യ വകുപ്പുമന്ത്രിയുടെ നിലപാടിനോട് ഒരിക്കലും യോജിക്കാൻ കഴിയില്ല. യു.ഡി.എഫ്. ഗവൺമെന്റ് ഈ നയം സ്വീകരിച്ചത് എന്തുകൊണ്ടാണ്? കേരളത്തിൽ സർക്കാർ മേഖലയിൽ മെഡിക്കൽ കോളേജുകൾ ആരംഭിക്കാൻ തീരുമാനിച്ചത് കർണ്ണാടകയിലും ആന്ധ്രാപ്രദേശിലും തമിഴ്നാട്ടിലും പോയി ലക്ഷങ്ങളും കോടികളും കൊടുത്ത് പഠിക്കേണ്ട സാഹചര്യം ഉണ്ടായിരുന്നത് ഒഴിവാക്കാൻ വേണ്ടിയാണ്. 25,000 രൂപയ്ക്ക് ഒരു കുട്ടിക്ക് പഠിക്കാൻ കഴിയുന്നു. പട്ടികജാതി-പട്ടികവർഗ്ഗ കുട്ടികൾക്ക് മെഡിക്കൽ വിദ്യാഭ്യാസം സൗജന്യം. പട്ടികജാതിക്കാർക്കു വേണ്ടി മാത്രം ഒരു മെഡിക്കൽ കോളേജ് പാലക്കാട് ആരംഭിച്ചു. അങ്ങനെ കേരളത്തിലെ മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് ദൂരവ്യാപകമായ മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞ മുൻ ആരോഗ്യ വകുപ്പുമന്ത്രി ശ്രീ. വി. എസ്. ശിവകുമാറിനെ പ്രത്യേകം അഭിനന്ദിക്കാൻ ഈ അവസരം ഞാൻ ഉപയോഗിക്കുകയാണ്. അദ്ദേഹം തന്നെ പറഞ്ഞു, പേഷ്യന്റ്-ഡോക്ടർ റേഷ്യോ ഇന്ന് നമുക്ക് പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ലെന്ന്. നമുക്ക് ആവശ്യത്തിന് ഡോക്ടർമാരില്ല. ഇവിടെയുള്ള ഡോക്ടർമാർ തന്നെ വിദേശത്തുപോയി പഠിക്കുന്നു. അതുകൊണ്ട് കൂടുതൽ കുട്ടികൾക്ക് പഠിക്കാനുള്ള അവസരമുണ്ടാകാൻവേണ്ടിയാണ് യു.ഡി.എഫ്. ഗവൺമെന്റ് കൂടുതൽ മെഡിക്കൽ കോളേജുകൾ ആരംഭിച്ചത്. അയ്യായിരത്തിലധികം പോസ്റ്റുകളാണ് കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് ആരോഗ്യ മേഖലയിൽ മാത്രം ക്രിയേറ്റ് ചെയ്തത്. അത് നിഷേധിക്കാൻ കഴിയാത്ത ഒരു കാര്യമാണ്. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി, പി. കെ. ശ്രീമതി ടീച്ചർ ആരോഗ്യ വകുപ്പുമന്ത്രി എന്ന നിലയിൽ ചെയ്ത കാര്യങ്ങളെക്കുറിച്ച് പറഞ്ഞു. അത് ഉണ്ടാകാം, ഇല്ലെന്ന് ഞാൻ പറയുന്നില്ല. പക്ഷെ, കഴിഞ്ഞ ഗവൺമെന്റാണ് ആരോഗ്യ മേഖലയിൽ ഏറ്റവും കൂടുതൽ പോസ്റ്റുകൾ

ക്രിയേറ്റ് ചെയ്ത് ആശുപത്രികളുടെ സൗകര്യമൊരുക്കിയത്. എന്നാലും പരാതിയുണ്ട്. ഡോക്ടർമാരില്ല, അടിസ്ഥാന സൗകര്യങ്ങളില്ല. ഇത് കേരളം നേരിടുന്ന ഏറ്റവും വലിയ പ്രശ്നമാണ്. ഡോക്ടർമാർ കൂടുതലുണ്ടാകണമെങ്കിൽ സർക്കാർ മേഖലയിൽ 25,000 രൂപയ്ക്ക് പഠിക്കാൻ കഴിയുന്ന അവസ്ഥയുണ്ടാകണം. കേരളത്തിലെ ഏഴ് മെഡിക്കൽ കോളേജുകൾക്ക് അംഗീകാരം നഷ്ടപ്പെട്ടു. ഈ സർക്കാർ എന്തു ചെയ്തു? ഇന്ത്യൻ മെഡിക്കൽ കൗൺസിലിനെ അപ്രോച്ച് ചെയ്തോ; അവരുമായി ചർച്ച നടത്തിയോ; അവരുടെ പ്രതിനിധികളെ വിളിച്ച് ചർച്ച ചെയ്തോ; ഇന്ത്യൻ മെഡിക്കൽ കൗൺസിലുമായി സംസാരിക്കാൻ തയ്യാറായോ; നമുക്ക് ലഭിക്കേണ്ടതായ എണ്ണൂറോളം സീറ്റുകൾ നഷ്ടപ്പെട്ടു. തിരുവനന്തപുരം ഇന്ദിരാഗാന്ധി മെഡിക്കൽ കോളേജിൽ ഈ വർഷം 100 സീറ്റ് തരാമെന്നുപറഞ്ഞിട്ട് വേണ്ടായെന്ന് വയ്ക്കുകയാണ്. ഇതെന്ത് നീതിയാണ്? ഒരു അണ്ടർടേക്കിംഗ് കൊടുത്താൽ മതിയായിരുന്നു. ഒരു അണ്ടർടേക്കിംഗ് കൊടുത്തിരുന്നെങ്കിൽ 100 സീറ്റുകളോടുകൂടി പുതിയ മെഡിക്കൽ കോളേജിൽ പഠനം ആരംഭിക്കാൻ കഴിയുമായിരുന്നു. യു.ഡി.എഫ്. ചെയ്തതുകൊണ്ട് ഞങ്ങൾ അത് നിർത്തിവയ്ക്കുന്നുവെന്നുള്ള നിലപാടാണ് നിങ്ങൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. മഞ്ചേരി മെഡിക്കൽ കോളേജ്, ഹരിപ്പാട് മെഡിക്കൽ കോളേജ്, ഇടുക്കി മെഡിക്കൽ കോളേജ്, വയനാട് മെഡിക്കൽ കോളേജ്, കാസർഗോഡ് മെഡിക്കൽ കോളേജ്, കോന്നി മെഡിക്കൽ കോളേജ് തുടങ്ങിയവയെല്ലാം യു.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവന്നത് ഈ നാട്ടിലെ സാധാരണക്കാരായ ജനങ്ങൾക്ക് ആശ്വാസം എത്തിക്കാൻവേണ്ടിയാണ്. പ്രാരംഭഘട്ടത്തിൽ എല്ലാ അടിസ്ഥാന സൗകര്യങ്ങളുമൊരുക്കിയാണ് തുടങ്ങിയതെന്ന അവകാശവാദമൊന്നും ഞങ്ങൾക്കില്ല. എല്ലാ മെഡിക്കൽ കോളേജുകളുടെയും ചരിത്രമിതാണ്. അന്തർസംസ്ഥാന മെഡിക്കൽ വിദ്യാഭ്യാസ ലോബിയെ സഹായിക്കാൻ വേണ്ടിയുള്ള ശ്രമങ്ങളാണ് ഈ ഗവൺമെന്റും ആരോഗ്യ വകുപ്പുമന്ത്രിയും സ്വീകരിക്കുന്നത് എന്നുള്ള പരാതിയാണ് വ്യാപകമായി ഉയർന്നുവന്നുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ നേതാവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

10.00 AM]

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : സർ, ഈ വിഷയത്തിൽ വളരെ നിർഭാഗ്യകരമായ ഒരു സമീപനമാണ് ഗവൺമെന്റ് എടുത്തിരിക്കുന്നത്. ഒരു മെഡിക്കൽ കോളേജിനുള്ള എല്ലാ സൗകര്യങ്ങളും ആദ്യഘട്ടത്തിൽ ഉണ്ടായി എന്നു വരില്ല. അവിടത്തെ സൂപ്പർ സ്പെഷ്യാലിറ്റി ചികിൽസയുടെ സൗകര്യം സാധാരണക്കാർക്ക് കിട്ടുകയാണ്. സംസ്ഥാനത്ത് അനുവദിച്ചിട്ടുള്ള ഗവൺമെന്റ് മെഡിക്കൽ കോളേജുകളൊക്കെ ആവശ്യമില്ലാത്തതായിരുന്നു എന്ന സമീപനം ശരിയല്ല. മാത്രവുമല്ല വേണ്ടത്ര സൗകര്യങ്ങളില്ല എന്ന് ജനപ്രതിനിധിയായ ഒരു മന്ത്രി നിരന്തരം പറയേണ്ട ആവശ്യമുണ്ടോ? അത് പരിശോധിക്കാൻ മെഡിക്കൽ കൗൺസിൽ ഇല്ലേ; അവർ നോക്കട്ടെ. സൗകര്യങ്ങൾ ഉണ്ടാക്കാനല്ലേ നോക്കേണ്ടത്; മുമ്പും അങ്ങനെ തന്നെയായിരുന്നല്ലോ. സഹകരണ മെഡിക്കൽ കോളേജ് ഉണ്ടായിരുന്നില്ലല്ലോ, നമ്മൾ ഉണ്ടാക്കാൻ നോക്കുകയല്ലേ ചെയ്തത്.

മഞ്ചേരി മെഡിക്കൽ കോളേജിനെ വിലകുറച്ചു കാണുന്നത് ശരിയല്ല. പി. കെ. ശ്രീമതി ടീച്ചറുടെ കാലഘട്ടത്തെക്കുറിച്ച് പറഞ്ഞു. ശ്രീമതി ടീച്ചറുടെ കാലത്താണ് അതിന് കെട്ടിടമുണ്ടാക്കിയത്. ജനങ്ങൾ ഷെയറെടുത്തും സംഭാവന കൊടുത്തും ഉണ്ടാക്കിയ കെട്ടിടമാണ്. അതാണ് പിന്നീട് മെഡിക്കൽ കോളേജാക്കിയത്. അതൊക്കെ ചെറിയ കാര്യമായി വിലകുറച്ചു കാണുന്ന സമീപനം ശരിയല്ല. മഞ്ചേരി ഹോസ്പിറ്റലിൽ പ്രസവത്തിന് വരുന്ന സഹോദരിമാർ അനുഭവിച്ചിരുന്ന ദുരിതം മീഡിയകളിലൊക്കെ വാർത്തയായി വന്നതാണ്. അതൊരു മെഡിക്കൽ കോളേജായി കിട്ടാൻ പത്രങ്ങളും മീഡിയകളുമൊക്കെ എത്രയോ എഴുതിയതാണ്. മെഡിക്കൽ കൗൺസിൽ പറയുന്നതുപോലെയാണ് ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്; സൗകര്യമില്ല അതുകൊണ്ട് അതൊന്നും വേണ്ട, ആ ഒരു സമീപനം ശരിയല്ല. നിക്ഷേപം വരാനുള്ള സാധ്യത ഏറ്റവുമധികമുള്ളത് മെഡിക്കൽ രംഗത്താണ്. അതിനെ പ്രോൽസാഹിപ്പിക്കുന്ന ഒരു നയമായിരുന്നു ഇതിനുമുൻപുള്ള ഗവൺമെന്റുകൾ എടുത്തിരുന്നത്. അതുകൊണ്ട് ഈ സമീപനം ശരിയല്ല. പൊളിറ്റിക്കലായി നമുക്ക് സമീപനമെടുക്കാം, പക്ഷേ രോഗികളുടെയും കുട്ടികളുടെയും കാര്യത്തിൽ, ആരോഗ്യരംഗത്ത് അത്തരം സമീപനം വേണ്ടെന്നാണ് എനിക്ക് ബഹുമാനപ്പെട്ട ആരോഗ്യമന്ത്രിയോട് പറയാനുള്ളത്.

ശ്രീ. വി. എസ്. അച്യുതാനന്ദൻ: സർ, ഞാൻ ഒരു ചോദ്യം ചോദിച്ചു കൊള്ളട്ടെ, ആലപ്പുഴ മെഡിക്കൽ കോളേജ് വണ്ടാനത്താണ്, ഹരിപ്പാടും വണ്ടാനവും തമ്മിലുള്ള അകലം എത്രയാണെന്ന് ഞാൻ പറയണോ? ആളുകൾ ചിരിക്കുന്ന തരത്തിലുള്ള അത്ഭുതകരമായ നിർദ്ദേശങ്ങളാണ് ബഹുമാനപ്പെട്ട മുൻമന്ത്രി നിർദ്ദേശിച്ചിട്ടുള്ളത് എന്നുള്ള കാര്യം അങ്ങ് മനസ്സിലാക്കിയിട്ടുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : സർ, ഒരു ഗവൺമെന്റ് എന്നുപറയുന്നത് കഴിഞ്ഞ ഗവൺമെന്റിന്റെ തുടർച്ചയാണ്. എന്തെങ്കിലും പോരായ്മ ഉണ്ടെങ്കിൽ അനുഭാവപൂർവ്വമായ സമീപനമെടുത്ത് അത് തിരുത്തുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കണം. ആലപ്പുഴയിൽ നിന്ന് വണ്ടാനം വരെയുള്ള ദൂരം എത്രയാണെന്ന് കൃത്യമായിട്ടറിയില്ല. മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം വാങ്ങിക്കൊടുക്കുക, ആവശ്യമായ സൗകര്യങ്ങൾ ഉണ്ടാക്കി കൊടുക്കുക, ഡോക്ടർമാരുടെ എണ്ണത്തിലുണ്ടായിട്ടുള്ള കുറവ് നികത്തുക, അത്തരത്തിലുള്ള ഒരു സമീപനം ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി എടുക്കണം. സർട്ടിഫിക്കറ്റ് കൊടുക്കണമോ, അംഗീകാരം കൊടുക്കണമോ എന്നുള്ള കാര്യങ്ങളൊക്കെ മെഡിക്കൽ കൗൺസിൽ നോക്കട്ടെ, ജനപ്രതിനിധിയായ ആരോഗ്യ വകുപ്പുമന്ത്രി ദയവുചെയ്ത് ഇത്തരമൊരു സമീപനമെടുക്കരുത്. ഇവിടെ മെഡിക്കൽ കോളേജ് ഇല്ലാതായാൽ അതിന്റെ ഗുണം കിട്ടുന്നത് കർണ്ണാടക ലോബിക്കാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുകൊണ്ട് ഈ നിലപാട് തിരുത്തണം. ഇക്കാര്യത്തിൽ അനുഭാവപൂർവ്വമായ ഒരു സമീപനം സ്വീകരിക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. പി. ജെ. ജോസഫ്: സർ, ഇവിടെ മെഡിക്കൽ കോളേജുകൾ തുടങ്ങുമ്പോൾ രണ്ടു തരത്തിലാണ് പ്രയോജനം. ഒന്ന് കുട്ടികൾക്ക് പഠിക്കാൻ കൂടുതൽ സീറ്റ് ഉണ്ടാകുന്നു. രണ്ട്, വിദഗ്ദ്ധ ചികിത്സയ്ക്കുള്ള സൗകര്യമുണ്ടാകുന്നു. സ്വകാര്യ മേഖലയിൽ ചികിത്സയ്ക്കുള്ള ചെലവ് വളരെ ഗണ്യമായി വർദ്ധിച്ച ഈ സാഹചര്യത്തിൽ ഓരോ പ്രദേശത്തും മെഡിക്കൽ കോളേജുകൾ ഉണ്ടാകുമ്പോൾ

വിദഗ്ധ ചികിൽസയ്ക്കുള്ള സൗകര്യങ്ങൾ വർദ്ധിക്കുകയാണ്. എല്ലാ സൗകര്യങ്ങളും ഒരുക്കിയിട്ട് ഒരു മെഡിക്കൽ കോളേജും പുതുതായി തുടങ്ങാൻ സാധ്യമല്ല. നമുക്ക് ഘട്ടംഘട്ടമായി മാത്രമേ സൗകര്യങ്ങൾ ഒരുക്കാൻ കഴിയുകയുള്ളൂ. ഇന്ത്യൻ മെഡിക്കൽ കൗൺസിലുമായി ചർച്ച ചെയ്ത് അത് പരിഹരിക്കണം. പക്ഷേ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 100 സീറ്റ് ഇന്ത്യൻ മെഡിക്കൽ കൗൺസിൽ അംഗീകരിച്ചപ്പോൾ അതിന് തീർച്ചയായിട്ടും ഒരു അഷ്വറൻസ് കൊടുക്കാനുള്ള ബാധ്യത ഈ ഗവൺമെന്റിന് ഉണ്ടായിരുന്നു. 100 കുട്ടികൾക്ക് പഠിക്കാനുള്ള സൗകര്യമുണ്ടാകുകയാണ്, വിദഗ്ധ ചികിൽസയ്ക്കുള്ള സൗകര്യമുണ്ടാകുകയാണ്. ഇടുക്കിയിൽ സൗകര്യങ്ങൾ ഇല്ല എന്ന നില വന്നിട്ടില്ല. ജൂലൈ 22-ാം തീയതി കംപ്ലയൻസ് കൊടുത്താൽ മതി. അതിനിടയിൽ അവിടെ നിന്ന് കുട്ടികളെ മാറ്റിയത് ശരിയായില്ല എന്നാണ് എന്റെ അഭിപ്രായം. അവിടെ കൂടുതൽ ഡോക്ടേഴ്സിനെ പോസ്റ്റ് ചെയ്തുകൊണ്ട് അത് നിലനിർത്തണം. മെഡിക്കൽ കോളേജുകൾ തുടങ്ങുന്നത് കേരളത്തിന് വളരെയേറെ പ്രയോജനം കിട്ടുന്ന കാര്യമാണ്, ആ നിലയ്ക്ക് അത്തരമൊരു സമീപനം സ്വീകരിക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.

സഭ വിട്ടു പുറത്തുപോയ അംഗങ്ങൾ അല്പസമയത്തിനുശേഷം തിരിച്ചുവന്നു.)

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബന്ധപ്പെട്ട ജില്ലകളിലെ എം.എൽ.എ.-മാർ നിയമസഭാകവാടത്തിൽ സത്യാഗ്രഹം അനുഷ്ഠിക്കുകയാണ്, ഗവൺമെന്റ് ഈ നടപടി തിരുത്തണമെന്നാവശ്യപ്പെടുകയാണ്. ഞങ്ങൾ സഭാനടപടികളുമായി സഹകരിക്കും.

(എം.ബി.ബി.എസ്. പ്രവേശനത്തിന് സീറ്റ് നഷ്ടപ്പെടുത്തിയ ഗവൺമെന്റ് നടപടി തിരുത്തണമെന്നാവശ്യപ്പെട്ട് ബന്ധപ്പെട്ട ജില്ലകളിലെ എം.എൽ.എ.-മാർ നിയമസഭാ കവാടത്തിൽ സത്യാഗ്രഹം അനുഷ്ഠിക്കുമെന്നും മറ്റുള്ളവർ സഭാ നടപടികളുമായി സഹകരിക്കുമെന്നും പ്രതിപക്ഷ നേതാവ് വ്യക്തമാക്കി.)

## III ശ്രദ്ധ ക്ഷണിക്കൽ

### (1) അനധികൃത ക്വാറി/ ക്രഷർ യൂണിറ്റുകളുടെ പ്രവർത്തനം

ശ്രീ. സി. ദിവാകരൻ: സർ, കേരളത്തിന് വരദാനമായി പ്രകൃതിയിൽനിന്ന് കിട്ടിയ പൊതുമുതൽ ഇവിടെ കൊള്ളയടിക്കുകയാണ് എന്ന സുപ്രധാനമായ ഒരു വിഷയമാണ് ഞാൻ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. മണൽ ഊറ്റുക മാത്രമല്ല, കേരളത്തിന്റെ മിക്കവാറും എല്ലാ പ്രദേശങ്ങളിൽനിന്നും നൂറുകണക്കിന് ക്വാറികൾ, പാറകൾ എന്നിവ പരസ്യമായി, നിയമവിരുദ്ധമായി പൊട്ടിക്കുകയാണ്. ഇതിൽ പാരിസ്ഥിതിക പ്രശ്നങ്ങളുണ്ട്, അപകടങ്ങളുണ്ട്, ഖജനാവിന് പൊതുനഷ്ടമുണ്ട്, സാർവത്രികമായ കൊള്ളയാണ് ദീർഘകാലമായി ഇവിടെ നടക്കുന്നത്. ഞാൻ പ്രതിനിധാനം ചെയ്യുന്ന നെടുമങ്ങാട് മണ്ഡലത്തിൽ 33 ക്വാറികൾ പ്രതിദിനം പ്രവർത്തിക്കുകയാണ്. അതിൽ 4 ക്വാറികൾക്കാണ് പെർമിറ്റുള്ളത്. സ്വകാര്യ വ്യക്തികളുടെ ക്വാറികളിൽ നിന്നും പകലും രാത്രിയും നിരന്തരം പാറ പൊട്ടിച്ച് ടിപ്പർ ലോറികളിൽ കയറ്റി പണമുണ്ടാക്കുകയാണ്. ചട്ടലംഘനമാണ്, നിയമ വിരുദ്ധമാണ്, പൊതുമുതൽ കൊള്ളയടിക്കുകയാണ്. ധാതുമണലിന്റെ കാര്യത്തിലും ഇതുതന്നെയാണ് അവസ്ഥ. ഇത് കേരളത്തിന്റെ പൊതുവായ സമ്പത്താണ്. ഗവൺമെന്റും ബന്ധപ്പെട്ട വകുപ്പും ഇടപെട്ട് ഇതിന് ഒരു നിയമം കൊണ്ടുവരണം. കേരളത്തിലെ ക്വാറികൾക്ക്-പെർമിറ്റ് കൊടുക്കുന്നത് ഏത് ഡിപ്പാർട്ടുമെന്റാണ്? റവന്യൂ വകുപ്പ്, വ്യവസായ വകുപ്പ്, ജിയോളജി വകുപ്പ്, പൊല്യൂഷൻ കൺട്രോൾ ബോർഡ്, പരിസ്ഥിതി വകുപ്പ് ഇവരിൽ ആരാണ് ഇതിന് പെർമിറ്റ് കൊടുക്കുന്നത്; എവിടെ നിന്നാണ് ഇവർക്ക് പെർമിഷൻ കിട്ടുന്നത്? ഈ ലോബി എല്ലാവരേയും സ്വാധീനിച്ചിരിക്കുകയാണ്. ഗവൺമെന്റ് മേഖലയിലെ ഭൂരിപക്ഷം ഉദ്യോഗസ്ഥരും ക്വാറി ലോബിയുടെ സ്വാധീനവലയത്തിലാണ്. അതിനകത്ത് പ്രാദേശികമായ പല ആളുകളും ഇടപെടുന്നുണ്ട്. ക്വാറി ഉടമകളെ പരിശോധിച്ചാൽ ഇതിന്റെ വിശ്വരൂപം മനസ്സിലാകും. നെടുമങ്ങാട് മണ്ഡലം മാത്രമല്ല, നെടുമങ്ങാട് മണ്ഡലം ഒരു ഉദാഹരണം പറഞ്ഞതാണ്. ബഹുമാനപ്പെട്ട ഇറിഗേഷൻ വകുപ്പുമന്ത്രിയുടെ ജില്ലയായ പത്തനംതിട്ടയിലാണ് ഏറ്റവും കൂടുതൽ ക്വാറികൾ ഉള്ളത്. ഗവൺമെന്റ് ഇതിനെതിരെ ശക്തമായ നിലപാട് സ്വീകരിക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ വിഷയത്തിൽ ഇടപെടണം. ഗുരുതരമായ വിഷയമാണ്, ഒരു മന്ത്രിയുടെ കയ്യിൽ മാത്രം ഒതുങ്ങി നിൽക്കുന്ന കാര്യമല്ല. ഇതിന്റെ വേരുകൾ എവിടെയൊക്കെയാണെന്ന് എനിക്കറിയാം. ക്വാറി പൊട്ടിക്കുന്നതിലൂടെ പരിസരവാസികളുടെ ജീവനും അപകടത്തിലാണ്. രാവിലെ കുട്ടികൾക്ക് സ്കൂളിൽ

പോകാൻ പോലും പറ്റാത്ത രീതിയിലാണ് ടിപ്പർ ലോറികളുടെ ഓട്ടം. ഭീകര അന്തരീക്ഷമാണ് ഇവർ സൃഷ്ടിക്കുന്നത്. അതുപോലെതന്നെ ക്രഷർ യൂണിറ്റുകളിൽ നിന്നും ഉയരുന്ന പൊടിപടലങ്ങൾ മഹാരോഗങ്ങൾക്ക് കാരണമാകുന്നു. നമ്മൾ ജൈവകൃഷി പ്രോൽസാഹിപ്പിക്കുന്നതിനെക്കുറിച്ച് വാതോരാതെ എന്തൊക്കെ പ്രസംഗിച്ചാലും മറുഭാഗത്ത് നടക്കുന്നത് ഇതാണ്. പ്രകൃതിയെ തകർത്തും പണം ഉണ്ടാക്കുക, പണത്തിന്റെ ലോബി എല്ലാവരെയും സ്വാധീനിക്കുകയാണ്. ഞാൻ ഈ വിഷയം ബഹുമാനപ്പെട്ട സഭയുടെ മുൻപിൽ കൊണ്ടുവരികയാണ്, ഗവൺമെന്റ് ശക്തമായ നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. സി. ദിവാകരൻ ഇവിടെ ഉന്നയിച്ച ശ്രദ്ധക്ഷണിക്കൽ പ്രമേയം റവന്യൂ വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ വരുന്ന വിഷയമല്ലെങ്കിലും ഇതിന് ഒരു വിശദീകരണം നൽകാൻ ഞാൻ ആഗ്രഹിക്കുകയാണ്. സംസ്ഥാനത്ത് പാറഖനനവും ക്രഷർ യൂണിറ്റുകളുടെ പ്രവർത്തനങ്ങളും നിയന്ത്രിക്കുന്നത് മൈനിംഗ് ആന്റ് ജിയോളജി വകുപ്പാണ്. കരിങ്കല്ല് ഖനനത്തിന്റെയും ക്രഷർ യൂണിറ്റുകളുടേയും പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനും അവ നിയമവിധേയമാക്കുന്നതിനുംവേണ്ടി മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ ജില്ലാ ആഫീസുകളും മൂന്ന് മിനറൽ പോയിന്റ് റെസ്ക്യൂ സ്ക്വാഡുകളും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കേരള മൈനർ മിനറൽ കൺസെഷൻ ചട്ടങ്ങൾ 2015 നിലവിൽ വന്നതോടെ പുതിയ ക്വാറികൾക്ക് അനുമതി നൽകുമ്പോൾ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം അനുശാസിക്കുന്ന പാരിസ്ഥിതിക അനുമതി നിർബന്ധമാക്കിയിട്ടുള്ളതാണ്. എന്നാൽ നിലവിൽ പെർമിറ്റുള്ള ക്വാറികൾക്ക് പാരിസ്ഥിതിക അനുമതി കൂടാതെതന്നെ മൂന്നുവർഷംകൂടി പ്രവർത്തിക്കാൻ ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. പുതിയ കെ.എം.എം.സി. ചട്ടപ്രകാരം (കേരള മൈനർ മിനറൽ കൺസെഷൻ റൂൾസ്) അനധികൃത ഖനനത്തിനും കടത്തിനും പിഴയുടെ തോത് വർദ്ധിപ്പിച്ചിട്ടുള്ളതാണ്. സംസ്ഥാനത്തെ ഖനനപ്രവർത്തനങ്ങൾ നിയമവിധേയമായി നടത്തുന്നതിനും പരിസ്ഥിതി സൗഹൃദമാക്കുന്നതിനും മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് എല്ലാ നടപടികളും സ്വീകരിച്ചുവരുന്നു. ക്വാറികളുടെ പ്രവർത്തനത്തിന് പാരിസ്ഥിതിക അനുമതി നൽകുന്നതിനായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ആഫീസുകൾ രൂപീകരിക്കുന്ന നടപടികൾ പൂർത്തിയായിവരുന്നു. നിലവിലെ നിയമങ്ങളും

ചട്ടങ്ങളും കോടതിവിധികളും പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന ഡി.ആന്റ് ഒ. സർട്ടിഫിക്കറ്റ് (Dangerous and Offensive Certificate), ചീഫ് കൺട്രോളർ ഓഫ് എക്സ്പ്ലോസീവ് നൽകുന്ന എക്സ്പ്ലോസീവ് ലൈസൻസ്, എസ്.ഇ.ഐ.എ. (സ്റ്റേറ്റ് എൻവയോൺമെന്റ് ഇംപാക്ട് അതോറിറ്റി) നൽകുന്ന പാരിസ്ഥിതിക അനുമതി, പൊല്യൂഷൻ കൺട്രോൾ ബോർഡ് നൽകുന്ന എയർ ആന്റ് വാട്ടർസോൺ പൊല്യൂഷൻ കൺസെന്റ് ടു ഓപ്പറേറ്റ് സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമായതിനുശേഷം മാത്രമേ മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് ഖനനത്തിന് അനുവാദം നൽകുന്നുള്ളൂ. ആയതിനാൽ നിലവിലെ സംവിധാനങ്ങൾ ജില്ലാ തലങ്ങളിലും ശക്തിപ്പെടുത്തി അനധികൃത പാറപൊട്ടിക്കലും ക്രഷർ യൂണിറ്റുകളുടെ നിയമവിരുദ്ധ പ്രവർത്തനങ്ങളും തടയാൻ കഴിയുന്നതാണ്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

<u>ശ്രീ. സി. ദിവാകരൻ</u>: സർ, ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി പറഞ്ഞത് മൈനിംഗ് ആന്റ് ജിയോളജി ഡിപ്പാർട്ടുമെന്റ് വ്യവസായ വകുപ്പിന്റെ കീഴിലാണെന്നാണ്. വ്യവസായ വകുപ്പുമന്ത്രിയുടെ മറുപടി കൂടി കേൾക്കണം.

വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. പി. ജയരാജൻ</u>): സർ, ബഹുമാനപ്പെട്ട ശ്രീ. സി. ദിവാകരൻ ഇവിടെ ഉന്നയിച്ച പ്രശ്നം, മൈനിംഗ് ആന്റ് ജിയോളജി, വ്യവസായ വകുപ്പിന്റെ കീഴിലുള്ളതാണ്. അങ്ങ് പറഞ്ഞിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ച് വിശദമായി പരിശോധിച്ച് അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ മറുപടി നൽകുന്നതാണ്.

<u>ശ്രീ. സി. ദിവാകരൻ</u>: ബഹുമാനപ്പെട്ട മന്ത്രിമാർ രണ്ടുപേരും പറഞ്ഞത്, അനധികൃത പാറ പൊട്ടിക്കൽ നടക്കുന്നുണ്ടോ ഇല്ലയോ എന്നുള്ളതു സംബന്ധിച്ചാണ്. എന്റെ കയ്യിലിരിക്കുന്നത് തഹസീൽദാർ നൽകിയ റിപ്പോർട്ടാണ്. അതിൽ അദ്ദേഹം പറഞ്ഞിരിക്കുന്നത്, 33 ക്വാറികൾ ഇവിടെ പ്രവർത്തിക്കുന്നതിൽ 4 എണ്ണത്തിന് മാത്രമേ പെർമിറ്റ് ഉള്ളൂവെന്നാണ്. എന്താണ് ഇതിന്റെ അർത്ഥം?

<u>ശ്രീ. ഇ. പി. ജയരാജൻ</u>: ഞങ്ങൾ ഇതുവരെ അതിനെപ്പറ്റി പരിശോധിച്ചിട്ടില്ല. ഞങ്ങളുടെ മുമ്പിൽ അങ്ങനെയൊരു റിപ്പോർട്ട് വന്നിട്ടില്ല. എന്നാൽ മാധ്യമങ്ങളിലൊക്കെ വന്നിട്ടുള്ളതിൽനിന്നും അനധികൃതമായി ചില ക്വാറികൾ പ്രവർത്തിക്കുന്നുണ്ട് എന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ വിശദമായ റിപ്പോർട്ട് ലഭ്യമാക്കുന്നതിനുവേണ്ടി ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതുസംബന്ധിച്ച് അന്വേഷിച്ചുവരികയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഖനനം സംബന്ധിച്ച് ഈ സർക്കാരിന് ഒരു നയമുണ്ട്. അത് തെരഞ്ഞെടുപ്പ് മാനിഫെസ്റ്റോയിൽതന്നെ വ്യക്തമാക്കിയിട്ടുള്ളതാണ്. ഖനനം പൊതു ഉടമസ്ഥതയിൽ വേണമെന്ന അഭിപ്രായം നേരത്തെതന്നെ വ്യക്തമാക്കിയിട്ടുള്ളതാണ്. അതിന് ഉതകുന്ന നടപടികളിലേക്ക് നമുക്ക് നീങ്ങാം.

## (2) റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം

ശ്രീ. മോൻസ് ജോസഫ്: സർ, സംസ്ഥാനത്തെ റബ്ബർ കർഷകർ ഗുരുതരമായ വിലത്തകർച്ചമൂലം പ്രതിസന്ധിയിലാവുകയും പ്രയാസപ്പെടുകയും ചെയ്യുന്ന ഈ സമയത്ത്, കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഏർപ്പെടുത്തിയ റബ്ബർ വിലസ്ഥിരതാ ഫണ്ട്, 150 രൂപയ്ക്ക് റബ്ബർ സംഭരണ പദ്ധതി നടപ്പാക്കുന്നതിന് വേണ്ടിയുള്ള ഒരു സ്കീം, റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം എന്ന നിലയിൽ ആവിഷ്കരിച്ച പദ്ധതി മുന്നോട്ടുകൊണ്ടുപോകണമെന്ന ആവശ്യമാണ് ഞാൻ ഉന്നയിക്കുന്നത്. പുതിയ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ഈ പദ്ധതി മുന്നോട്ടുകൊണ്ടുപോകുമോ ഇല്ലയോ എന്നുള്ള സംശയവും ആശങ്കകളും റബ്ബർ കർഷകർക്കിടയിൽ ഉണ്ടായി. മാധ്യമങ്ങളിലൂടെ അത്തരത്തിലുള്ള പല റിപ്പോർട്ടുകളും വന്നു. ഇത്തരമൊരു സ്ഥിതിയിൽ റബ്ബർ കർഷകർക്ക് ഏക ആശ്വാസം ഈ വിലസ്ഥിരതാ ഫണ്ടിന്റെ പദ്ധതിയാണ്. സംസ്ഥാനത്ത് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ സമയത്തും യു.ഡി.എഫ്. ഗവൺമെന്റിന്റെ സമയത്തുമെല്ലാം റബ്ബറിന് വിലയിടിവ് ഉണ്ടായപ്പോൾ മുഖ്യമായി നമ്മൾ ആശ്രയിച്ചത് റബ്ബർ സംഭരണത്തിന് വേണ്ടിയുള്ള നടപടികളാണ്. എന്നാൽ ആ പദ്ധതികളൊന്നും ഫലപ്രദമായില്ല. അവസാനം എത്തിച്ചേർന്ന ഒരു പരിഹാര നടപടിയാണ് ഈ വിലസ്ഥിരതാ ഫണ്ട്. മുൻ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി സാർ ബഡ്ജറ്റിലൂടെ 300 കോടി രൂപ ഇതിനുവേണ്ടി മാറ്റിവയ്ക്കുകയും ഈ പദ്ധതി ഫലപ്രദമായി മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള സാഹചര്യം ഉണ്ടാവുകയും ചെയ്തു. പിന്നീട് യു.ഡി.എഫ്. ഗവൺമെന്റ് അവസാനമായി അവതരിപ്പിച്ച ബഡ്ജറ്റിൽ മുഖ്യമന്ത്രി ആയിരുന്ന ശ്രീ. ഉമ്മൻ ചാണ്ടിയും 500/- കോടി രൂപ ഈ പദ്ധതിക്കുവേണ്ടി മാറ്റിവയ്ക്കുന്ന നിലപാട് എടുക്കുകയുണ്ടായി. ആർ.പി.എസ്. വഴി ഈ പണം കർഷകർക്ക് കൃത്യമായി ലഭിക്കുന്നുണ്ട് എന്നതാണ് ഏറ്റവും വലിയ അനുഗ്രഹം. ഒരു കാര്യം ഇവിടെ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നത് 90 രൂപ വില ഉണ്ടായിരുന്ന സമയത്താണ് ഈ 150 രൂപയുടെ വിലസ്ഥിരതാ പദ്ധതി ഗവൺമെന്റ് തുടങ്ങിവച്ചത്. അപ്പോൾ ഗവൺമെന്റിന് വരുന്ന നഷ്ടം ഒരു കിലോയ്ക്ക് 60 രൂപയാണ്. ഇന്നത്തെ മാർക്കറ്റ്

വില ആർ.എസ്.എസ്.-4-ന് 143 രൂപയും ആർ.എസ്.എസ്. 5-ന് 139 രൂപയുമാണ്. ഇതനുസരിച്ച് സത്യത്തിൽ ഗവൺമെന്റിന് വലിയ നഷ്ടം വരുന്നില്ല. 150 രൂപയിൽ എത്തിക്കുന്നതിന് വളരെ ചെറിയ തുക മാത്രമേ ഇപ്പോൾ ആവശ്യമായി വരുന്നുള്ളൂ. 200/- രൂപയായി ഇത് വർദ്ധിപ്പിക്കാൻ കഴിഞ്ഞാൽ അത് കർഷകർക്ക് വലിയ അനുഗ്രഹമായിരിക്കും. അതിന് കഴിയുന്നില്ലായെങ്കിൽ ഈ 150/- രൂപയുടെ പദ്ധതി മുടക്കം കൂടാതെ തുടർന്നുകൊണ്ടുപോകുക എന്നത് കർഷകർക്കുവേണ്ടി ചെയ്യാവുന്ന ഏറ്റവും വലിയ കാര്യമാണ്. അത് തുടർന്നു കൊണ്ടുപോകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു. കേരളത്തിലെ റബ്ബറിനെ സംബന്ധിച്ച പ്രശ്നങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള പുതിയ ഗവൺമെന്റ് പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയത് അഭിനന്ദനാർഹമാണ്. റബ്ബറിന്റെ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ പ്രധാനമന്ത്രി നമുക്ക് റബ്ബറൈസ്ഡ് റോഡ് ഉൾപ്പെടെയുള്ള കാര്യങ്ങളിൽ ഉറപ്പ് നൽകുകയുണ്ടായി. വർഷങ്ങൾക്കുമുമ്പേ കേരളം ആവശ്യപ്പെടുന്ന ഒരു കാര്യമാണ്. ഈ നിയമസഭതന്നെ ഏകകണ്ഠമായി പ്രമേയം പാസ്സാക്കി കേന്ദ്രത്തോട് ആവശ്യപ്പെട്ട ഒന്നാണ്. അതിനുവേണ്ടി 500 കോടി രൂപ അനുവദിക്കുമെന്നു പറഞ്ഞെങ്കിലും ഇതുവരെയും അനുവദിച്ചിട്ടില്ല. ആ 500 കോടി രൂപ കേന്ദ്രത്തിൽ നിന്നും വാങ്ങിച്ചെടുക്കുന്നതിനുള്ള ശ്രമം സംസ്ഥാന ഗവൺമെന്റ് നടത്തേണ്ടതായിട്ടുണ്ട്. പ്രധാനമന്ത്രി നമുക്ക് ഉറപ്പ് നൽകിയതാണ്. അതിനുള്ള ശ്രമം നടക്കുന്നതി നിടയിൽ നിർഭാഗ്യകരമായ ചില സംഭവങ്ങളുണ്ടായി. 500 കോടി രൂപയുടെ സഹായം അല്ലെങ്കിൽ റബ്ബറൈസ്ഡ് റോഡിനുള്ള സഹായം നൽകാമെന്നു പറഞ്ഞു. ഇന്ന് ജൂൺ 30 ആണ്. ഇന്ത്യ-മലേഷ്യ സമഗ്ര സാമ്പത്തിക സഹകരണ കരാർ ഇന്ന് പ്രാബല്യത്തിൽ വരികയാണ്. ഈ ഉത്തരവ് കേരളത്തിന്റെ സമ്പദ്ഘടനയെ പൂർണ്ണമായും തകർക്കുന്നതാണ്. ഇതു പ്രാബല്യത്തിൽ വന്നു കഴിയുമ്പോൾ റബ്ബർ ഇറക്കുമതിക്കുള്ള നിയന്ത്രണങ്ങൾ പൂർണ്ണമായി ഉപേക്ഷിക്കപ്പെടുകയാണ്. ഇന്ത്യയുടെ മാർക്കറ്റിലേയ്ക്ക് ആർക്കും റബ്ബർ ഇറക്കുമതി ചെയ്യുന്നതിനുള്ള അനുവാദം ലഭിക്കുകയാണ്. ഇന്ത്യയിലേയും കേരളത്തിലേയും റബ്ബർ കർഷകരെ പൂർണ്ണമായി ദ്രോഹിക്കുന്ന ഒരു ഉത്തരവാണ്. ജനദ്രോഹകരമായ ഈ നിലപാട് തിരുത്തി ക്കുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റിൽ ശക്തമായ ഇടപെടൽ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നിയമസഭ ഒറ്റക്കെട്ടായി നടത്തേണ്ടതായിട്ടുണ്ട്. അല്ലെങ്കിൽ നമ്മുടെ സമ്പദ്ഘടനയും നമ്മുടെ കർഷകരും തകരും. അതിന് ഗവൺമെന്റ് നേതൃത്വം കൊടുക്കുകയും വിലസ്ഥിരതാ ഫണ്ട് 150 രൂപയായി തുടരുകയോ 200 രൂപയാക്കി വർദ്ധിപ്പിക്കുകയോ ചെയ്ത് റബ്ബർ കർഷകരെ സഹായിക്കാൻ കഴിയുന്ന രൂപത്തിൽ ഈ പദ്ധതി മുന്നോട്ടുകൊണ്ടുപോകാൻ നടപടി എടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഈ ഇനത്തിൽ 29-06-2016 വരെ 128 കോടി രൂപ കൃഷിക്കാർക്ക് കൊടുത്തുകഴിഞ്ഞു. എല്ലാ രണ്ടാഴ്ച കൂടുമ്പോഴും റബ്ബർ ബോർഡ് ഉദ്യോഗസ്ഥന്മാർ സർട്ടിഫൈ ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ കൃഷിക്കാരുടെ അക്കൗണ്ടിലേയ്ക്ക് പണം അയയ്ക്കുന്നതിനുള്ള സംവിധാനം തുടരും. ഇതിന്റെ ചരിത്രം ശ്രീ. മോൻസ് ജോസഫ് പറയുകയുണ്ടായി. ഇത് ആരംഭിച്ചിട്ട് 5 വർഷമായി. ആദ്യം തീരുമാനിച്ചത് മാർക്കറ്റ് പ്രൈസിനേക്കാൾ ഒരു രൂപ റബ്ബറിന് ഉയർന്ന വില നൽകി സംഭരിക്കാനായിരുന്നു. അത് അസംബന്ധമാണെന്ന് അന്നുതന്നെ എല്ലാവരും പറയുകയുണ്ടായി. അതിനുശേഷം അത് രണ്ടുരൂപയാക്കി. ഇങ്ങനെ പല കാര്യങ്ങളും ചെയ്തിട്ട് അവസാനം മാർക്കറ്റ്ഫെഡ് വഴി റബ്ബർ സംഭരണം നടത്താൻ ശ്രമിച്ചു, അതും നടന്നില്ല. ഈ 5 വർഷത്തിനിടയിൽ കൃഷിക്കാർക്ക് ആകെ നൽകിയത് 300 കോടി രൂപയാണ്. ഇത്രയും ചരിത്രം പറഞ്ഞതുകൊണ്ട് ഞാൻ ഇത് സൂചിപ്പിച്ചതാണ്. ബഹുമാനപ്പെട്ട മെമ്പർ ആവശ്യപ്പെട്ടതുപോലെ സംഭരണ രീതി തുടരും. റബ്ബറിന് വില വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ ആലോചിച്ചിട്ടില്ല. അതുസംബന്ധിച്ച് പിന്നീട് ആലോചിക്കാം. ശ്രീ. മോൻസ് ജോസഫ് അവസാനം പറഞ്ഞുനിറുത്തിയ കാര്യം വളരെ പ്രധാനപ്പെട്ടതാണ്. കേന്ദ്രസർക്കാരിന് റബ്ബർ സംഭരണത്തിന് വില നൽകാൻ സാധിക്കില്ല. അതുകൊണ്ടാണ് കേരളം ആവശ്യപ്പെടുന്നത്, ഒരു നിലവാരത്തിൽനിന്ന് വില താഴ്ന്നുകഴിഞ്ഞാൽ അതിന്റെ തോതനുസരിച്ച് ഒരു ഏക്കറിന് ഇത്ര രൂപവച്ച് റബ്ബറിന് സബ്സിഡി കൊടുക്കണമെന്ന്. അത് W.T.O.-യുടെയോ അല്ലെങ്കിൽ ആസിയൻ കരാറിന്റെയോ പരിധിക്കകത്ത് വരില്ല. നേരിട്ട് സംഭരണവില വയ്ക്കുന്നത് ചുവപ്പ് ബോക്സിലാണ്. ഇത് ഗ്രീൻ ബോക്സിലാണ്. ഇങ്ങനെയൊരു സ്കീമെടുത്ത് കേന്ദ്രസർക്കാരിന്റെ സഹായത്തോടുകൂടി റബ്ബർ കൃഷിക്കാരെ സംരക്ഷിക്കാൻ കേരളം ഒറ്റക്കെട്ടായി മുന്നോട്ടുവരണമെന്നു പറഞ്ഞത് വളരെ ശരിയായ കാര്യമാണ്. അതിനുള്ള മുൻകൈ മുഖ്യമന്ത്രി എടുത്തുകഴിഞ്ഞു. അത് തുടരുകയും ചെയ്യും.

ശ്രീ. മോൻസ് ജോസഫ്: സർ, ഒരു പ്രധാനപ്പെട്ട കാര്യം ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. കേരളത്തിന്റെ സമ്പദ്ഘടനയെ തകർക്കുന്ന, കേന്ദ്രഗവൺമെന്റിന്റെ നേതൃത്വത്തിൽ ഇന്ന് പ്രാബല്യത്തിൽ വരുന്ന, ഇന്ത്യ - മലേഷ്യ കരാറിനെത്തുടർന്നുള്ള നിയന്ത്രണങ്ങളില്ലാത്ത ഇറക്കുമതി, ഇതിനെതിരെ കേരളത്തിന്റെ പ്രതിഷേധമറിയിക്കാൻ സംസ്ഥാന ഗവൺമെന്റ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടപടി സ്വീകരിക്കുമോ?

ഡോ. ടി. എം. തോമസ് ഐസക്: ഇപ്പോൾ ഉണ്ടായിരിക്കുന്നത് റബ്ബർ ഉൽപ്പന്നങ്ങൾക്കെല്ലാം ഫ്രീ ഇറക്കുമതിയാണ്. അതോടുകൂടി ഇന്ത്യൻ ഉൽപ്പാദകർ ഞങ്ങൾക്ക് ലെവൽ പ്ലേയിംഗ് ഗ്രൗണ്ട് വേണമെന്നുപറഞ്ഞ് ഇന്നുള്ള ചുങ്കപരിധിപോലും ഇല്ലാതാക്കാം. റബ്ബറും ഇതുപോലെ സ്വതന്ത്രമായി ഇറക്കുമതി ചെയ്യുന്നതിലേക്കാണ് ഈ നയം അധികം താമസിയാതെ എത്തിച്ചേരാൻ പോകുന്നത്. ഇതുസംബന്ധിച്ച് സർവ്വകക്ഷിയോഗമാണോ, നിയമസഭയിൽ ചർച്ചയാണോ വേണ്ടത് എന്നുള്ളത് ആലോചിച്ച് തീരുമാനമെടുക്കാവുന്നതാണ്.

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ ഇന്നലെ റൂൾ 288 അനുസരിച്ച് വ്യക്തിപരമായ വിദശീകരണത്തിന് നോട്ടീസ് നൽകിയിരുന്നു. ബഹുമാനപ്പെട്ട ചെയർ ഇന്നുരാവിലെ ശ്രദ്ധ ക്ഷണിക്കൽ കഴിയുമ്പോൾ എനിക്ക് അത് അനുവദിച്ചു നൽകാമെന്ന് സമ്മതിച്ചിരുന്നു. കഴിഞ്ഞ ദിവസത്തെ എന്റെ പ്രസംഗത്തിൽ ബഹുമാനപ്പെട്ട മുൻ മുഖ്യമന്ത്രി വി. എസ്. അച്ചുതാനന്ദൻ നടത്തിയ പ്രസ്താവനയുടെ പേരിൽ ......

മി. ഡെപ്യൂട്ടി സ്പീക്കർ: ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പർക്ക് ഉടനെ അറിയിപ്പ് നൽകുന്നതായിരിക്കും. ഇപ്പോൾ സബ്മിഷനിലേയ്ക്ക് പോകുകയാണ്.

## IV സബ്മിഷൻ

### (1) പുറ്റിങ്ങൽ വെടിക്കെട്ടപകടം

ശ്രീ. ജി. എസ്. ജയലാൽ: സർ, നമ്മുടെ നാടിനെ വല്ലാതെ നടുക്കിയ പരവൂർ പുറ്റിങ്ങൽ വെടിക്കെട്ട് ദുരന്തവുമായി ബന്ധപ്പെട്ടാണ് എന്റെ സബ്മിഷൻ. 10-4-2016-നാണ് ഈ വെടിക്കെട്ടപകടം ഉണ്ടായത്. 110 പേരാണ് ഇതിൽ മരണപ്പെട്ടത്. 100 കണക്കിനാളുകൾക്ക് പരിക്കേറ്റു. കൊല്ലം താലൂക്കിൽ മാത്രം ഏതാണ്ട് 400 ഓളം ആളുകൾക്ക് പരിക്കേറ്റു. ഇതിൽ നിസ്സാരമായി പരിക്കേറ്റവരും ഗുരുതരമായി പരിക്കേറ്റവരും ഉണ്ട്. ഈ ദുരന്തവുമായി ബന്ധപ്പെട്ട് ഗവൺമെന്റ് വിവിധങ്ങളായ സഹായങ്ങൾ പ്രഖ്യാപിക്കുകയുണ്ടായി. ചികിത്സാ സഹായം ഗവൺമെന്റ് ഏറ്റെടുത്ത് സൗജന്യമായി നടപ്പിലാക്കുമെന്നും മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് 12 ലക്ഷം രൂപ ധനസഹായം അനുവദിക്കുമെന്നും പ്രഖ്യാപിച്ചിരുന്നു. അതുപോലെ മറ്റ് നാശനഷ്ടങ്ങളുണ്ടായവർക്ക് സഹായവും പ്രഖ്യാപിച്ചിരുന്നു. മരിച്ചവരിൽ കൊല്ലം ജില്ലയിൽ മാത്രമല്ല വിവിധ ജില്ലകളിൽപ്പെട്ട

ആളുകളുമുണ്ട്. മരിച്ച എല്ലാവരുടെയും കുടുംബങ്ങൾക്ക് ഗവൺമെന്റ് പ്രഖ്യാപിച്ച ധനസഹായം ലഭിച്ചതായി കാണുന്നില്ല. സൗജന്യ ചികിത്സ നൽകുമെന്ന് പ്രഖ്യാപിച്ച് അതിന്റെ അടിസ്ഥാനത്തിൽ നടന്ന പ്രവർത്തനങ്ങളിൽത്തന്നെ അതിന്റെ അപാകതകളെല്ലാം ചൂണ്ടിക്കാട്ടിയിരുന്നു. അന്ന് നൽകിയ ചികിത്സ ഇപ്പോൾ നിർത്തിവച്ചിരിക്കുകയാണ്. എല്ലാ ആശുപത്രിക്കാരും ഇവരിൽനിന്നും ഭീമമായ തുകയാണ് ഈടാക്കിക്കൊണ്ടിരിക്കുന്നത്. ലക്ഷക്കണക്കിന് രൂപയുടെ ചെലവാണ് അതുമായി ബന്ധപ്പെട്ട് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഗുരുതരമായൊരു സ്ഥിതിയാണ് അതുമൂലം നമ്മുടെ നാട്ടിൽ ഉണ്ടായിട്ടുള്ളത്. ഗുരുതരമായ പരിക്കുപറ്റിയവർ, നിസ്സാരമായ പരിക്കുപറ്റിയവർ എന്നിങ്ങനെ ഓരോ ഗണത്തിൽപ്പെടുത്തിയാണ് ചികിത്സാനുകൂല്യങ്ങൾ നൽകുന്നത്. ഗുരുതരമായ പരിക്കുപറ്റിയ പലർക്കും നിസ്സാരമായ പരിക്കുപറ്റിയവരുടെ ഗണത്തിൽപ്പെടുത്തി ആനുകൂല്യങ്ങൾ നൽകുന്നത് പുനഃപരിശോധിക്കേണ്ട സംഗതിയാണ്.

പരവൂർ നഗരസഭയ്ക്കുള്ളിൽ ഏകദേശം നാനൂറോളം കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള നാശനഷ്ടങ്ങൾക്ക് 2 കോടി 80 ലക്ഷം രൂപ പൊതുമരാമത്ത് വകുപ്പിലെയും റവന്യൂ വകുപ്പിലെയും ഉദ്യോഗസ്ഥർ കണക്കാക്കി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട് യാതൊരു നടപടിയും ഇതുവരെ സ്വീകരിച്ചിട്ടില്ല. ഈ വെടിക്കെട്ട് നടന്ന സ്ഥലത്തിന് തൊട്ടടുത്ത് താമസിക്കുന്ന മാനസികമായി തകർന്ന ഒരു കുട്ടി, മാനസികവിഭ്രാന്തിക്ക് അടിപ്പെട്ട് കഴിഞ്ഞ ദിവസം പഠിപ്പിക്കുന്ന അദ്ധ്യാപികയുടെ കൈ കടിച്ച് മുറിക്കുന്ന കാഴ്ച ഞങ്ങൾക്ക് അവിടെ കാണാൻ കഴിഞ്ഞു. ഈ ദുരന്തവുമായി ബന്ധപ്പെട്ട് മാനസികനില തെറ്റിയ നിരവധി ആളുകൾ അവിടെയുണ്ട്. ഗുരുതരമായ ഈ പ്രശ്നത്തിൽ ഇപ്പോൾ നടന്നുവരുന്ന പ്രവർത്തനങ്ങൾ ഗുണകരമല്ല. ഇക്കാര്യങ്ങൾ ഉദ്യോഗസ്ഥരുടെയും മറ്റും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അവർക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിനും നഷ്ടപരിഹാരത്തുക നൽകുന്നതിനും പൊതുമരാമത്ത്-റവന്യൂ വകുപ്പുകൾ കണക്കാക്കിയിട്ടുള്ള തുക യഥാസമയം കൊടുക്കുന്നതിനും ഒരു കോ-ഓർഡിനേറ്റഡായുള്ള പ്രവർത്തനം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നുണ്ടാകണം. ഈ ദുരന്തത്തിൽനിന്ന് ഈ നാടിനെ രക്ഷിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനം ത്വരിതഗതിയിൽ നടത്തണമെന്നാണ് എനിക്ക് ഈ സബ്മിഷനിലൂടെ ഉന്നയിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇക്കാര്യത്തിൽ ഏകോപിതമായ നടപടിയാണ് സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായിരുന്നത്. അതനുസരിച്ച് മരണപ്പെട്ടവരുടെ ആശ്രിതർക്ക് സംസ്ഥാന ദുരന്തപ്രതികരണനിധി മാനദണ്ഡപ്രകാരം 4 ലക്ഷം രൂപവീതവും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് 6 ലക്ഷം രൂപവീതവും അനുവദിച്ചിരുന്നു. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് മരിച്ചവർക്കെല്ലാം ധനസഹായം ലഭിച്ചിട്ടില്ല എന്നാണ്. അത് ഗൗരവമായി പരിശോധിക്കേണ്ട കാര്യമാണ്. ഗുരുതരമായി പരിക്കേറ്റവർക്ക് 2 ലക്ഷം രൂപവീതവും സാരമില്ലാത്ത പരിക്കേറ്റവർക്ക് 59,100 രൂപവീതവും ആശുപത്രിയിൽ ഒരാഴ്ചയിൽകൂടുതൽ കിടക്കേണ്ടി വന്നവർക്ക് 12,700 രൂപയും ഒരാഴ്ചയിൽതാഴെ കിടക്കേണ്ടി വന്നവർക്ക് 4,300 രൂപവീതവും നേരത്തെ അനുവദിച്ചിട്ടുണ്ടായിരുന്നു. ഇക്കാര്യത്തിലും പരാതിയാണ് ഇപ്പോൾ ഉന്നയിക്കപ്പെട്ടിരിക്കുന്നത്. ഇതോടൊപ്പം പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് ആശ്വാസധനസഹായം ലഭിക്കാൻ വേണ്ടി സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടെങ്കിലും അതുമായി ബന്ധപ്പെട്ട് ഒരു നടപടിയും ഇതുവരെ ഉണ്ടായിട്ടില്ല. അപകടത്തിൽ ഗുരുതരമായി പരിക്കേറ്റ ഓരോരുത്തർക്കും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് 2 ലക്ഷം രൂപയും നിസ്സാര പരിക്കേറ്റവർക്ക് 50,000 രൂപവീതവും അടിയന്തരസഹായമായി ഇതിനുപുറമേ അനുവദിക്കുന്ന നിലയും ഇക്കാര്യത്തിൽ സ്വീകരിച്ചിരുന്നു. ചികിത്സയുടെ കാര്യത്തിൽ ബഹുമാനപ്പെട്ട അംഗം ഗൗരവതരമായ പരാതിയാണ് ഉന്നയിച്ചിരിക്കുന്നത്. സൗജന്യ ചികിത്സയ്ക്കാണ് ഇപ്പോൾ നിർദ്ദേശം നൽകിയിരിക്കുന്നത്. 2016 ഏപ്രിൽ 10-നാണ് ഈ അപകടം നടന്നത്. അന്നുമുതൽ 13-ാം തീയതി വരെ ആശുപത്രിയിൽ പ്രവേശിക്കപ്പെട്ട എല്ലാ ആളുകൾക്കും സൗജന്യ ചികിത്സ ലഭ്യമാക്കാനാണ് ഗവൺമെന്റ് തീരുമാനിച്ചിരുന്നത്. അതനുസരിച്ച് ചികിത്സ സൗജന്യമായി നൽകിവരികയാണ്.

ഇതിൽനിന്നും വ്യത്യസ്തമായി പ്രത്യേക പ്രശ്നങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിൽ അത് ഗൗരവമായിത്തന്നെ പരിശോധിക്കാവുന്നതും ഇടപെടാവുന്നതുമാണ്. ഇതുമായി ബന്ധപ്പെട്ട് ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ, ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർ, കൊല്ലം ജില്ലാ ആശുപത്രി സൂപ്രണ്ട്, ജില്ലാ ആശുപത്രിയിലെ വിവിധ സ്പെഷ്യാലിറ്റി വിഭാഗം ഡോക്ടർമാർ എന്നിവർ അംഗങ്ങളായ ഒരു മെഡിക്കൽ ബോർഡ് രൂപീകരിച്ചിട്ടുണ്ട്. ഏതെങ്കിലും തരത്തിലുള്ള തുടർപരിശോധന ആവശ്യമായിവന്നാൽ മെഡിക്കൽ ബോർഡിന്റെ

വിലയിരുത്തലാണ് വേണ്ടിവരിക. തുടർചികിത്സ ആവശ്യമായാൽ ജില്ലാ ആശുപത്രിയിലോ മെഡിക്കൽ കോളേജിലോ ബന്ധപ്പെടണമെന്ന് നേരത്തെ നിർദ്ദേശിച്ചിരുന്നു. തുടർചികിത്സക്ക് എന്തെങ്കിലും ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നുണ്ടെങ്കിൽ അക്കാര്യങ്ങളിൽ ഇടപെടുകയും ഫലപ്രദമായ പരിഹാരനടപടികൾ സ്വീകരിക്കുകയും ചെയ്യാം. കെട്ടിടനാശനഷ്ടം സംഭവിച്ചവർക്ക് നൽകേണ്ട തുകയും നേരത്തെ കണക്കാക്കിയിരുന്നു. എന്നാൽ ഇതുസംബന്ധിച്ചും പരാതി നിലനിൽക്കുന്നതിനാൽ എന്താണ് ചെയ്യാൻ കഴിയുക എന്നത് പരിശോധിക്കാവുന്നതാണ്. 24 ലക്ഷം രൂപ സംസ്ഥാന ദുരന്തപ്രതികരണ നിധി മാനദണ്ഡപ്രകാരവും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്ന് 49 ലക്ഷം രൂപയും വീടിനും വസ്തുക്കൾക്കുമുണ്ടായ നാശനഷ്ടത്തിന് നേരത്തെ അനുവദിച്ചിട്ടുള്ളതാണ്. ഇപ്പോൾ നിലനിൽക്കുന്ന പ്രശ്നങ്ങൾ ഗൗരവമായി പരിഹരിക്കുന്നതിനുള്ള ഇടപെടലുകൾ ഉണ്ടാകും.

## (2) പുതിയ ആർട്സ് ആന്റ് സയൻസ് കോളേജുകൾ

ശ്രീ. പി. സി. ജോർജ്: സർ, പുതിയ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ യു.ഡി.എഫ്. ഗവൺമെന്റ് ചെയ്തതെല്ലാം തിരുത്തണം എന്ന നടപടിയിലേക്കാണ് പോകുന്നത്. കൊള്ളയും കൊള്ളിവയ്പും നടന്നിട്ടുണ്ടെങ്കിൽ അത് തിരുത്താൻവേണ്ടി ശക്തമായ നടപടി സ്വീകരിക്കുന്നത് നല്ല കാര്യമാണ്. ഞാൻ അതിനെ അനുകൂലിക്കുന്നു. പക്ഷേ ഉമ്മൻ ചാണ്ടി ഗവൺമെന്റ് ചെയ്തതെല്ലാം തിരുത്തണമെന്നു വിചാരിച്ചാൽ അത് ബുദ്ധിമുട്ടാകും. ആയിരത്തോളം വിദ്യാർത്ഥികൾക്ക് മെഡിക്കൽ വിദ്യാഭ്യാസം കിട്ടേണ്ടത് തകർക്കുന്ന നടപടി ശരിയാണോ? കേരളത്തിൽ എയ്ഡഡ് കോളേജുകളുണ്ട്, എന്നാൽ കൂടുതൽ കോളേജുകൾ വേണമെന്ന അഭിപ്രായം എനിക്കില്ല. പക്ഷേ 30-35 വർഷത്തിനിടയിൽ ആദ്യമായി പാവപ്പെട്ട പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ, വിളക്കിത്തല നായർ സമൂഹം, ദളിത് എസ് റ്റി. വിഭാഗം, സി.എസ്.ഡി.എസ്. ഉൾപ്പെടെയുള്ളവർക്ക് എയ്ഡഡ് കോളേജുകൾ അനുവദിച്ചുകൊണ്ട് ഉമ്മൻ ചാണ്ടി ഗവൺമെന്റ് തീരുമാനമെടുത്തു. ആ ഉത്തരവ് 63/16 ആണ്. ഹിന്ദു നാടാർ വിഭാഗത്തോട് നമുക്ക് എന്തു ശത്രുതയാണുള്ളത്? അവരും ഒരു കോളേജ് നടത്തട്ടെ. ഇവിടെയുള്ള ഉന്നതൻമാരെല്ലാം കോളേജുകൾ നടത്തുന്നുണ്ടല്ലോ. പാവപ്പെട്ട പട്ടികജാതിക്കാർ ഒരു കോളേജ് നടത്തുന്നതിൽ ഇത്രയും വിഷമിക്കേണ്ട കാര്യമെന്താണ്. പാവപ്പെട്ട ബാർബർ സമുദായത്തിന് കോളേജ് നടത്താൻ അനുവാദം കൊടുക്കുന്നതിൽ എന്താണ് പ്രശ്നം. അങ്ങനെ കൊടുത്ത ഉത്തരവുകളെ നിരുത്സാഹപ്പെടുത്തി തടയണം എന്ന് പിണറായി ഗവൺമെന്റ് തീരുമാനിക്കുന്നത് ശരിയാണെന്ന

അഭിപ്രായം എനിക്കില്ല. 63/16 ഗവൺമെന്റ് ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള ശബരീനാഥ് കോളേജ് മുരുക്കുംവയൽ ദളിത് എസ്.റ്റി വിഭാഗത്തിന്റേതും വീരശൈവ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആർട്സ് ആന്റ് സയൻസ്, കല്ലറ വീരശൈവ സമുദായത്തിന്റേതും ബൈബിൾ ഫെയിത്ത് മിഷൻ കോളേജ്, ദളിത് വിഭാഗത്തിന്റെതും അംബേദ്കർ മെമ്മോറിയൽ കോളേജ്, വാഴൂർ സി.എസ്.ഡി.എസ്.-ന്റേതുമാണ്. സി.എസ്.ഡി.എസ്. സ്ഥലം വാങ്ങുകയും കെട്ടിടം വാടകയ്ക്കെടുക്കുകയും ചെയ്തു. ബഹുമാനപ്പെട്ട ഈ സഭയിലെ ഒരംഗവുമൊന്നിച്ച് ആ സമൂഹത്തിലെ നേതാക്കൻമാർ വിദ്യാഭ്യാസ വകുപ്പുമന്ത്രിയെ കണ്ടു. അദ്ദേഹം പറഞ്ഞത് നിങ്ങൾ അവശതയനുഭവിക്കുന്ന പാവങ്ങളാണ്, നിങ്ങളുടെ കോളേജിനും അനുമതി നൽകുമെന്നാണ്. ഇതിന്റെ അടിസ്ഥാനത്തിൽ 15 ലക്ഷം രൂപ അഡീഷണലായി മുടക്കി മെയിന്റനൻസും നടത്തി. ഇപ്പോൾ കോളേജ് അനുവദിക്കാനാവില്ലെന്നാണ് പറയുന്നത്. യൂണിവേഴ്സിറ്റിയുടെ അംഗീകാരം ലഭിച്ചെങ്കിലും സിൻഡിക്കേറ്റ് കൂടാൻ അനുവദിച്ചില്ല. ഞാൻ പറയുന്നത് വൈരാഗ്യബുദ്ധിയോടുകൂടി പാവപ്പെട്ട ദളിത്/എസ്. റ്റി വിഭാഗത്തെ കാണരുത് എന്നാണ്. അതുകൊണ്ട് ഈ ഉത്തരവ് പുനഃസ്ഥാപിച്ച് 30 വർഷത്തിനിടയിൽ അനുവദിച്ചുകിട്ടിയ കോളേജ് ആരംഭിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയാണ്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, മുൻ സർക്കാരിന്റെ 10-2-2016-ലെ മന്ത്രിസഭാ തീരുമാനപ്രകാരം 1-3-2016-ലെ ജി.ഒ. 63/16 അനുസരിച്ച് അടിസ്ഥാന സൗകര്യങ്ങളൊരുക്കി നടപടിക്രമങ്ങൾ പാലിച്ച് സർവ്വകലാശാലകളുടെ അംഗീകാരത്തോടും ശിപാർശയോടും മാനേജ്മെന്റ് ആവശ്യപ്പെടുന്ന മൂന്ന് കോഴ്സ് വീതം അനുവദിക്കുന്നതിന് നടപടികൾ പൂർത്തിയാക്കുക, സർക്കാരുമായി ഡയറക്ട് പേമെന്റ് ഒപ്പുവയ്ക്കുക എന്നീ വ്യവസ്ഥകൾക്ക് വിധേയമായി പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള അംബേദ്കർ മെമ്മോറിയൽ കോളേജ്, വാഴൂർ ഉൾപ്പെടെ 12 പുതിയ കോളേജുകൾ ആരംഭിക്കുന്നതിന് നിരാക്ഷേപപത്രം അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത കോളേജിന് നിരാക്ഷേപപത്രം അനുവദിക്കുന്നതിനെടുത്ത തീരുമാനം പുതിയ സർക്കാർ നിലവിൽ റദ്ദ് ചെയ്തിട്ടില്ല. 1-1-2016 മുതൽ 3-4-2016 വരെ മുൻസർക്കാരെടുത്ത മന്ത്രിസഭാ തീരുമാനങ്ങൾ പുതിയ സർക്കാരിന്റെ പരിശോധനയിലാണ്. പ്രസ്തുത റിവ്യൂ കമ്മിറ്റിയുടെ അന്തിമ തീരുമാനമുണ്ടായതിനുശേഷം മാത്രമേ ഇതുസംബന്ധിച്ച് അനന്തര നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

## (3) വിളനാശത്തിന് നഷ്ടപരിഹാരം

ശ്രീ. ഐ. സി. ബാലകൃഷ്ണൻ : സർ, വയനാട് ജില്ലയിൽ കാലവർഷ വ്യതിയാനംമൂലം കർഷകർ കടുത്ത പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. എന്റെ നിയോജകമണ്ഡലമായ മുള്ളംകൊല്ലി, പുൽപ്പള്ളി മേഖലകളിൽ വർഷങ്ങളായി ഉണ്ടാകുന്ന കാലവർഷക്കെടുതിയിലും കാർഷിക തകർച്ചയിലും കർഷകർക്ക് നിരന്തരമായി കൃഷിനാശം സംഭവിച്ചുകൊണ്ടിരിക്കുകയാണ്. ഈ സഭയിലെ ഭരണപക്ഷത്തും പ്രതിപക്ഷത്തുമുള്ള നേതാക്കളെല്ലാം ഈ മേഖലകൾ സന്ദർശിച്ചിട്ടുണ്ട്. കഴിഞ്ഞ ജനുവരി, ഫെബ്രുവരി, മാർച്ച്, ഏപ്രിൽ മാസങ്ങളിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് കടുത്ത വരൾച്ചയാണ് അവനുഭവപ്പെട്ടത്. ഏകദേശം 4900 കർഷകരുടെ കൃഷിയിടങ്ങളിലെ കാപ്പി, കുരുമുളക്, കൊക്കോ, തെങ്ങ്, കവുങ്ങ് ഉൾപ്പെടെയുള്ള കാർഷികോല്പന്നങ്ങൾ കരിഞ്ഞുണങ്ങുകയുണ്ടായി. ഈ കർഷകരെ സംരക്ഷിക്കുന്നതിനും അവർക്കാവശ്യമായ നഷ്ടപരിഹാരത്തുക അനുവദിക്കുന്നതിനും സമയബന്ധിതമായി നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. കൂടാതെ റവന്യൂ, കൃഷി, ഫോറസ്റ്റ്, സോയിൽ കൺസർവേഷൻ, ഗ്രൗണ്ട് വാട്ടർ, ഇറിഗേഷൻ ഡിപ്പാർട്ടുമെന്റുൾപ്പെടെയുള്ള ഉദ്യോഗസ്ഥൻമാരുടെ യോഗം വിളിച്ചുചേർത്ത് ഒരു വലിയ പദ്ധതിക്ക് രൂപം നൽകാൻ അങ്ങ് തയ്യാറാകണം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അങ്ങയുടെ പാർട്ടിയുടെ പ്രതിനിധിയായി മുള്ളംകൊല്ലി, പുൽപ്പള്ളി മേഖലകൾ സന്ദർശിച്ച അനുഭവം അങ്ങേയ്ക്കുണ്ട്. അങ്ങ് ഈ വിഷയത്തിൽ ഇടപെട്ട് പരിഹാരം കണ്ടെത്തണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): ശ്രീ. ഐ. സി. ബാലകൃഷ്ണൻ ഇവിടെ ഉന്നയിച്ചത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. കാലാവസ്ഥാ വ്യതിയാനംമൂലം വയനാട് ജില്ലയിൽ മാത്രമല്ല കോഴിക്കോട് ജില്ലയിലും രൂക്ഷമായ വരൾച്ച അനുഭവപ്പെടുകയും വ്യാപകമായ കൃഷിനാശം സംഭവിക്കുകയും ചെയ്യുന്നുണ്ട്. അദ്ദേഹം പറഞ്ഞ സ്ഥലങ്ങളിൽ ഞാൻതന്നെ നേരിട്ട് സന്ദർശനം നടത്തിയിരുന്നു. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ഈ വിഷയം പരിഹരിക്കുന്നതിനായി സോയിൽ കൺസർവേഷൻ ഡിപ്പാർട്ടുമെന്റും കൃഷി വകുപ്പുമായി ആലോചിച്ച് ഒരു പദ്ധതി തയ്യാറാക്കി അവിടെയുള്ള ഗ്രൗണ്ട് വാട്ടർ ലെവൽ വർദ്ധിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കുമെന്ന കാര്യം ആദ്യംതന്നെ

സൂചിപ്പിക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ പ്രകൃതി ദുരന്തംമൂലം കൃഷിക്കാരുടെ കാർഷികവിളകൾക്കുണ്ടായ കൃഷിനാശത്തിന് നഷ്ടപരിഹാരമായി കൊടുക്കാനുണ്ടായിരുന്നത് 59 കോടി രൂപയാണ്. സുൽത്താൻബത്തേരി നിയോജകമണ്ഡലത്തിലുൾപ്പെട്ട മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിൽ കടുത്ത വരൾച്ചയിൽ കാർഷികവിളകൾക്ക് നാശനഷ്ടം സംഭവിച്ചതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിലുള്ള കണക്കുകൾ പ്രകാരം 4995 കർഷകരുടെ വിളകൾക്കാണ് നാശം സംഭവിച്ചിട്ടുള്ളത്. പ്രധാനമായും കാപ്പി, തെങ്ങ്, കവുങ്ങ്, കുരുമുളക്, കൊക്കോ, ജാതി, റബ്ബർ എന്നീ വിളകൾക്കാണ് നാശനഷ്ടം സംഭവിച്ചിട്ടുള്ളത്. കൃഷിനാശം സംഭവിച്ച കൃഷിക്കാർക്ക് മുൻഗണനാ ക്രമത്തിൽ നഷ്ടപരിഹാരം നൽകാനുള്ള നടപടി ഉടനെയുണ്ടാകും എന്നുമാത്രമല്ല കൃഷിക്കാർക്കാവശ്യമുള്ള നടീൽവസ്തുക്കൾ, പമ്പുസെറ്റ്, വളം തുടങ്ങിയവ സൗജന്യമായി വിതരണം ചെയ്യാനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്.

## (4) ബൈപ്പാസിന് സ്ഥലമേറ്റെടുക്കൽ

ഡോ. എൻ. ജയരാജ്: സർ, കാഞ്ഞിരപ്പള്ളി ടൗണിലെ ഗതാഗതക്കുരുക്കിന് പരിഹാരമെന്ന നിലയിലാണ് 28-11-2008-ൽ കാഞ്ഞിരപ്പള്ളി ബൈപ്പാസ് എന്ന ആശയം മുന്നോട്ടുവയ്ക്കുകയും പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി ഭരണാനുമതി ലഭിക്കുകയും ചെയ്തത്. എന്നാൽ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പാലിച്ചില്ലെന്ന കാരണത്താൽ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഇതുമായി ബന്ധപ്പെട്ട് വസ്തു ഉടമസ്ഥർ സമർപ്പിച്ച കേസ് നിലനിൽക്കുന്നതുകൊണ്ട് പിന്നീട് ബൈപ്പാസിന്റെ പ്രവർത്തനവുമായി മുന്നോട്ടുപോകാൻ കഴിഞ്ഞില്ല. അതിനുശേഷം കേന്ദ്ര ഗവൺമെന്റ് പാസ്സാക്കിയ 2013-ലെ, 'Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act' പ്രകാരം പുതിയ Empowerment Committee സംസ്ഥാനത്ത് നിലവിൽ വരികയും 2016 ജനുവരി 6-ാം തീയതി 23 സർവ്വെ നമ്പരിൽപ്പെട്ട 7.5 ഏക്കറോളം വരുന്ന ഭൂമി ഏറ്റെടുക്കാനുള്ള നിർദ്ദേശം ജില്ലാ കളക്ടർ നൽകുകയും ചെയ്തു. പിന്നീട് അതുമായി ബന്ധപ്പെട്ട് തുടർനടപടികളൊന്നും ഉണ്ടായിട്ടില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. ഇത് കാഞ്ഞിരപ്പള്ളിയിലെ ഏറ്റവും പ്രധാനപ്പെട്ട ജനകീയവിഷയമായി മാറിയിരിക്കുന്നു. ഭൂമി ഏറ്റെടുക്കാനുള്ള അടിയന്തര നടപടികൾ ബഹുമാനപ്പെട്ട ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, കാഞ്ഞിരപ്പള്ളി ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് LARR Act, 2013 (Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act) പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിനായി 6-1-2016-ൽ സ.ഉ.(ആർടി.)നമ്പർ 54/2016/ആർ.ഡി പ്രകാരം സർക്കാർ ഉത്തരവാകുകയും അതിൻപ്രകാരം അർത്ഥനാധികാരി പുതിയ റിക്വസ്റ്റ് സമർപ്പിക്കുകയും ചെയ്തു. മേൽപ്പറഞ്ഞ കേസ്സിൽ, കാഞ്ഞിരപ്പള്ളി വില്ലേജിൽ വിവിധ സർവ്വേ നമ്പരുകളിലായി 24 കൈവശങ്ങൾ ഉൾപ്പെട്ട 308.16 ആർ സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്. ആയതിന്റെ സർവ്വേ നടപടികൾ പൊന്നുംവില ആഫീസർ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. പുതിയ 'LARR Act' അനുസരിച്ച് നഷ്ടപരിഹാര തുകയുടെ 35 ശതമാനം അർത്ഥനാധികാരി അടയ്ക്കേണ്ടതായിട്ടുണ്ട്. അതിനുശേഷം ആവശ്യമെങ്കിൽ സോഷ്യൽ ഇംപാക്ട് അസെസ്മെന്റ് നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതും 11/1 വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതുമാണ്. സ്ഥലം ഏറ്റെടുക്കലിന് നഷ്ടപരിഹാരം സംബന്ധിച്ച് ബഡ്ജറ്റ് പ്രൊവിഷൻ പൊതുമരാമത്ത് വകുപ്പാണ് നൽകേണ്ടത്.

## (5) മണൽ ആഡിറ്റ്

ശ്രീ. പി. ടി. എ. റഹീം: സർ, ചാലിയാർപ്പുഴ ഒഴുകുന്നത് കോഴിക്കോട്, മലപ്പുറം ജില്ലകളുടെ അതിർത്തിയിലൂടെയാണ്. അവിടെയുള്ള മണൽത്തൊഴിലാളികൾ കടുത്ത പട്ടിണിയിലാണ്. കോഴിക്കോട് ഭാഗത്തുനിന്നും മണൽ എടുക്കുന്നതിന് കുറച്ചുകാലമായി അനുവാദമില്ല, മലപ്പുറം ഭാഗത്തുനിന്ന് മാത്രമാണ് മണൽ എടുക്കുന്നതിന് അനുവാദമുള്ളത്. ഈ അപാകത പരിഹരിച്ച് വീണ്ടും മണൽ ആഡിറ്റിംഗ് നടത്തണമെന്നാണ് എന്റെ ആവശ്യം. നേരത്തെ അതൊരു സ്വകാര്യ കമ്പനിയെയാണ് ഏൽപ്പിച്ചിരുന്നത്. സർക്കാരിന്റെ ഉടമസ്ഥതയിലുള്ള സി.ഡബ്ല്യൂ.ആർ.ഡി.എം. പോലുള്ള സ്ഥാപനത്തെ ഏൽപ്പിച്ചുകൊണ്ട് യാഥാർത്ഥ്യ ബോധത്തോടെയുള്ള മണൽ ആഡിറ്റിംഗ് നടത്തി മണൽത്തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സത്വരശ്രദ്ധ ഉണ്ടാകണമെന്നാണ് അപേക്ഷിക്കുന്നത്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) : സർ, കേരളത്തിലെ നദികളിൽ നിന്നുള്ള വിവേചനരഹിതവും അനിയന്ത്രിതവുമായ മണൽ ഖനനം നദീതീരങ്ങളിൽ വൻതോതിൽ മണ്ണിടിച്ചിൽ ഉണ്ടാകുന്നതിനും ജൈവ-ഭൗതിക-പരിസ്ഥിതി വ്യവസ്ഥ തകരാറിലാകുന്നതിനും ഇടയാക്കുന്നുണ്ട്. ഈ അവസ്ഥയിൽനിന്നും നദികളെ സംരക്ഷിക്കുന്നതിനായി 2001-ൽ കേരള നദീതീരസംരക്ഷണവും മണൽവാരൽ നിയന്ത്രണ നിയമവും അനുബന്ധ ചട്ടവും നിലവിൽ വന്നു. പ്രസ്തുത ആക്ടിന്റെ 29-ാം വകുപ്പുപ്രകാരം നദിക്ക് നാശം വരുത്താതെ മണൽ വാരുന്നതിനും മണൽ ആഡിറ്റിംഗ് നടത്തുന്നതിനും നിയമം അനുശാസിക്കുന്നുണ്ട്. പ്രസ്തുത മണൽ ആഡിറ്റിംഗ് നടത്തുന്നതിന് സർക്കാരിന്റെ അംഗീകൃത ഏജൻസികളായ എൻ.സി.ഇ.എസ്.എസ്. (നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ്), സി.ഡബ്ല്യൂ.ആർ.ഡി.എം. (സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ആന്റ് മാനേജ്മെന്റ്) സർക്കാർ നിർണ്ണയിക്കുന്ന മറ്റ് സ്വകാര്യ ഏജൻസികളേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. അപ്രകാരം 20 നദികളിൽ സാന്റ് ആഡിറ്റിംഗ് പ്രവൃത്തികൾ നടത്തിവരുന്നു. ഇതിൽ 18 നദികളിലെ സാന്റ് ആഡിറ്റിംഗ് പ്രവൃത്തികൾ പൂർത്തിയായിട്ടുള്ളതുമാണ്. സാന്റ് ആഡിറ്റിംഗ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 16 നദികളിലെ മണൽലഭ്യത സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇവയിൽ കടലുണ്ടി, ചാലിയാർ, പമ്പ, പെരിയാർ, ഇത്തിക്കര, മൂവാറ്റുപുഴ എന്നീ നദികളിലെ ഖനനത്തിന്, മണൽ ലഭ്യമായ പഞ്ചായത്തുകളിൽ പാരിസ്ഥിതികാനുമതി ലഭ്യമായശേഷം നിശ്ചിത അളവിൽ മണൽ ഖനനത്തിന് അനുമതി നൽകാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സ.ഉ.(എംഎസ്.)നമ്പർ 229/15, തീയതി 6-6-2015 പ്രകാരം ചാലിയാർപ്പുഴയിൽനിന്നും ഖനനം ചെയ്യാവുന്ന മണലിന്റെ അളവ് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ചാലിയാർപ്പുഴയുടെ സാന്റ് ആഡിറ്റിംഗ് റിപ്പോർട്ട് എൻ.സി.ഇ.എസ്.എസ്., (നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ്), റിവർ മാനേജ്മെന്റ് സെൽ എന്നിവ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലാണ് സർക്കാർ റിപ്പോർട്ട് അംഗീകരിച്ചിട്ടുള്ളത്. മേൽ ഉത്തരവിൽ ചില കടവുകളിൽ വസ്തുതകൾ സംഗ്രഹിച്ചതിലുള്ള അപാകതമൂലം മണൽ ലഭ്യമല്ലെന്ന് സൂചിപ്പിച്ചു. ഉത്തരവിലെ ഈ പിഴവ് കണ്ടെത്തി സ.ഉ. (എംഎസ്.)നമ്പർ 114/16, തീയതി 12-2-2016 പ്രകാരം തിരുത്തി മേൽസൂചിപ്പിച്ച കടവുകളിൽ ലഭ്യമായ മണലിന്റെ അളവ് തിട്ടപ്പെടുത്തി ഉത്തരവായിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരം നദിയുടെ വേനൽക്കാല ജലനിരപ്പിന്റെ (Summer Water Level) മുകൾഭാഗത്തുള്ള മണലാണ് ഖനനം ചെയ്യാൻ അനുവാദം

നൽകിയിരിക്കുന്നത്. അനുവദനീയമായതിൽ അധികം അളവിൽ മണൽ ഖനനം ചെയ്താൽ അത് നദിയുടെ ജൈവ-ഭൗതിക-പരിസ്ഥിതി വ്യവസ്ഥയെ തകരാറിലാക്കും. ചാലിയാർപ്പുഴയിലെ ആകെയുള്ള 13 കടവുകളിൽ (വാഴക്കാട്, ചീക്കോട്, അരീക്കോട്, കവനൂർ, ഇടവണ്ണ, നിലമ്പൂർ, മാവൂർ, ചാത്തമംഗലം, കൊടിയാറ്റൂർ, കീഴൂർപറമ്പ്, ഉൾനാട്ടിരി, മമ്പാട്, ചാലിയാർ തുടങ്ങിയവയിൽ) 6 കടവുകളിൽ നിന്നും ലഭ്യമായ മണലിന്റെ അടിസ്ഥാനത്തിൽ മണൽ വാരുന്നതിനുള്ള അനുവാദം കൊടുത്തിട്ടുണ്ട്. ബാക്കിയുള്ള 7 കടവുകളിൽ വേനൽക്കാല ജലനിരപ്പിന് മുകളിലായി മണൽ ലഭ്യമല്ലാത്തതിനാൽ ഖനനത്തിന് അനുവാദം നൽകാൻ നിർവ്വാഹമില്ല. മേൽ സൂചിപ്പിച്ച 13 കടവുകളിൽ മാവൂർ, ചാത്തമംഗലം, കൊടിയാറ്റൂർ കടവുകൾ കോഴിക്കോട് ജില്ലയിലും മറ്റ് കടവുകൾ മലപ്പുറം ജില്ലയിലുമാണ്. കോഴിക്കോട് ജില്ലയിലെ കടവുകളിൽ സാന്റ് ആഡിറ്റിംഗ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഖനനാവശ്യത്തിനുള്ള മണൽ ലഭ്യമല്ല. ആയതിനാൽ കോഴിക്കോട് ജില്ലയിലെ കടവുകളിൽനിന്നും മണൽ വാരുന്നത് അനുവദനീയമല്ല.

### (6) അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ആനുകൂല്യങ്ങൾ

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> : സർ, നമ്മുടെ സംസ്ഥാനത്ത് സ്തുത്യർഹമായ സേവനമാണ് അംഗൻവാടി വർക്കർമാരും ഹെൽപ്പർമാരും നടത്തുന്നത്. എന്നാൽ അവരുടെ തൊഴിലിനനുസൃതമായുള്ള വേതനം നൽകാൻ നമുക്ക് കഴിയുന്നില്ല. ഇവരുടെ വേതന വർദ്ധനവുമായി ബന്ധപ്പെട്ട് കഴിഞ്ഞ സർക്കാർ ഒരു ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. വർക്കർമാർക്ക് 10,000 രൂപയായും ഹെൽപ്പർമാർക്ക് 7,000 രൂപയായും വർദ്ധിപ്പിച്ചാണ് ഉത്തരവിറക്കിയിരുന്നത്. വർദ്ധിപ്പിച്ച വേതനം നൽകേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണെന്നാണ് ആ ഉത്തരവിൽ പറഞ്ഞിരിക്കുന്നത്. കേരളത്തിലെ മഹാഭൂരിപക്ഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വർദ്ധിപ്പിച്ച വേതനം നൽകാൻ ഇതുവരെ തയ്യാറായിട്ടില്ല. ഇക്കാര്യത്തിൽ അവ്യക്തത നിലനിൽക്കുകയാണ്. ഗവൺമെന്റ് ഇക്കാര്യത്തിൽ ഒരു തീരുമാനം എടുക്കേണ്ടതുണ്ടെന്നാണ് എന്റെ അഭിപ്രായം. ഇവർക്ക് വേതനം വർദ്ധിപ്പിച്ച് നൽകേണ്ടത് അനിവാര്യമാണ്. അത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമലിൽ വയ്ക്കാതെ ഗവൺമെന്റ് ഏറ്റെടുത്ത് നൽകണമെന്നാണ് എന്റെ ആവശ്യം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (<u>ശ്രീമതി കെ. കെ. ശൈലജ</u>

ടീച്ചർ): സർ, കേന്ദ്രാവിഷ്കൃത പദ്ധതിയായ ഐ.സി.ഡി.എസ്. പദ്ധതിയിൻ കീഴിൽ ഓണറേറിയം വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന സന്നദ്ധ പ്രവർത്തകരാണ് അംഗൻവാടി വർക്കർമാരും ഹെൽപ്പർമാരും. കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവും ഉൾപ്പെടുന്നതാണ് ഇവരുടെ ഓണറേറിയം. ഇതിനുപുറമെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി 1000 രൂപ ഓണറേറിയവും പ്രതിമാസം നൽകി വരുന്നുണ്ട്. അംഗൻവാടി ഹെൽപ്പർമാരുടെയും വർക്കർമാരുടെയും ഓണറേറിയം 1-4-2016 മുതൽ യഥാക്രമം 7000 രൂപയും 10000 രൂപയുമായി വർദ്ധിപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് ഉത്തരവായിരുന്നു. എന്നാൽ അപ്രകാരം വർദ്ധിപ്പിച്ച തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനതുഫണ്ടിൽ നിന്നോ തനതുഫണ്ട് ലഭ്യമല്ലെന്ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറും ജില്ലാ പ്ലാനിംഗ് ഓഫീസറും സാക്ഷ്യപ്പെടുത്തുന്നപക്ഷം വികസന ഫണ്ടിൽ നിന്നോ നൽകണമെന്ന വ്യവസ്ഥയിലാണ് വർദ്ധനവിനുള്ള ഉത്തരവ് ഇറങ്ങിയത്. ഇപ്രകാരം വർദ്ധിപ്പിച്ച ഓണറേറിയം നൽകുന്നതിനാവശ്യമായ തുക തനതുഫണ്ടിൽ നിന്നോ, പ്ലാൻ ഫണ്ടിൽ നിന്നോ നിർവ്വഹിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയാതെ വന്ന സാഹചര്യത്തിൽ മഹാഭൂരിപക്ഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും വേതന വർദ്ധനവ് നടപ്പിലാക്കിയിട്ടില്ല. ഫണ്ടിന്റെ അഭാവം കാരണം വർദ്ധിപ്പിച്ച തുക നൽകാൻ സാധിക്കാത്ത സാഹചര്യം തദ്ദേശ സ്വയംഭരണ വകുപ്പ് അറിയിച്ചിട്ടുണ്ട്. എന്നാൽ അംഗൻവാടി ജീവനക്കാർക്ക് മാന്യമായ വേതനം നൽകണമെന്നുള്ളത് ഈ സർക്കാരിന്റെ ആഗ്രഹമാണ്. സർക്കാരിന്റെ ഭാഗത്തുനിന്നും അതിനുള്ള എല്ലാ ശ്രമവും നടത്തുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വർദ്ധനവിന്റെ 50 ശതമാനം നിർവ്വഹിക്കുന്നതിനും ബാക്കി 50 ശതമാനം സർക്കാർ വിഹിതമായി നൽകുന്നതിനും നടപടി സ്വീകരിച്ചുവരികയാണ്.

## (7) കോട്ടയ്ക്കൽ ആയുർവ്വേദ യൂണിവേഴ്സിറ്റി

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : സർ, ഞാൻ പ്രതിനിധാനം ചെയ്യുന്ന കോട്ടയ്ക്കൽ നിയോജകമണ്ഡലം, അതിൽ കോട്ടയ്ക്കൽ എന്ന നാമം ആയുർവ്വേദത്തോട് ചേർത്തുകൊണ്ടാണ് കേരളീയ സമൂഹം അറിയാറുള്ളതും മനസ്സിലാക്കാറുള്ളതും. ഒരു നൂറ്റാണ്ടിലധികമായി കേരളീയർക്കുമാത്രമല്ല ഇൻഡ്യയുടെയും ലോകത്തിന്റെ നാനാഭാഗത്തുമുള്ള ആളുകൾക്ക് യശഃശരീരനായ പി.എസ്.വാരിയർ സ്ഥാപിച്ച കോട്ടയ്ക്കൽ ആര്യ വൈദ്യശാല സേവനം നടത്തിക്കൊണ്ടിരിക്കുകയുമാണ്. ഈ വർഷം ആയുർവ്വേദ കോളേജിന്റെ 100-ാം വാർഷികം ആഘോഷിക്കാൻ പോകുകയാണ്. കോട്ടയ്ക്കൽ ആയുർവ്വേദ കോളേജ് ഒരു യൂണിവേഴ്സിറ്റിയാക്കുക എന്നത് ഏറെക്കാലമായ ഒരാവശ്യമാണ്. ഭാരതത്തിന്റെ പ്രസിഡന്റായിരുന്ന വി.വി.ഗിരിയുടെ കാലഘട്ടത്തോളം ഈ ആവശ്യത്തിന് പഴക്കമുണ്ട്. 1974-ൽ 22 ഏക്കർ സ്ഥലം ഇതിനുവേണ്ടി വാങ്ങുകയും 2000-ൽ പാർലമെന്റിന്റെ പ്രഖ്യാപനവും 2001-ൽ കേരള സർക്കാരിന്റെ അനുവാദവും 2001-ലെ

പ്രധാനമന്ത്രിയുടെ പ്രഖ്യാപനവും 2002-ലെ കേരളാ നിയമസഭയുടെ പ്രഖ്യാപനവും ഈ ആവശ്യത്തിനുമേൽ ഉണ്ടായിട്ടുണ്ട്. 2004 മുതൽ 2007 വരെയുള്ള കാലഘട്ടങ്ങളിൽ ഏകദേശം 1.5 കോടി രൂപയോളം ഇതിനുവേണ്ടി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ ഇവിടെ ബിരുദ-ബിരുദാനന്തര കോഴ്സുകൾ നടന്നുവരികയും ചെയ്യുന്നുണ്ട്. പരീക്ഷകൾ നടത്തുന്ന ഒരു സ്ഥാപനം എന്നതിലപ്പുറം ഗവേഷണങ്ങളിലൂടെ കൂടുതൽ ജനോപകാരപ്രദമാകുന്ന ഒരു ശാസ്ത്ര സാങ്കേതിക സർവ്വകലാശാല അന്താരാഷ്ട്ര നിലവാരത്തിൽ തുടങ്ങണമെന്ന ആവശ്യമാണ് ഇപ്പോൾ ഉയർന്നു വന്നിട്ടുള്ളത്. ഒരു സ്പെഷ്യൽ ഓഫീസറെ വച്ച് ഇതിന്റെ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണെങ്കിലും അത് എങ്ങും എത്തിയിട്ടില്ല. കേരളീയരുടെ ഒരാവശ്യമെന്ന നിലയ്ക്ക് ഗവേഷണത്തിനും ഒപ്പം ആയുർവ്വേദ-ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിനും ഉതകുന്ന തരത്തിൽ ഈ ആയുർവ്വേദ കോളേജിനെ ഒരു സർവ്വകലാശാലയാക്കി മാറ്റാനുള്ള തീരുമാനം ത്വരിതഗതിയിൽ എടുക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) : സർ, കോട്ടയ്ക്കൽ ആയുർവ്വേദ സർവ്വകലാശാല സ്ഥാപിക്കുന്നതു സംബന്ധിച്ച് 2012 ജൂലൈ 17-ാം തീയതി അന്നത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചേർന്ന യോഗത്തിലെ തീരുമാനങ്ങൾ അംഗീകരിച്ച് 19-12-2013-ന് ഉത്തരവായിരുന്നു. 22-1-2014-ലെ സർക്കാർ ഉത്തരവുപ്രകാരം ആയുർവ്വേദ സർവ്വകലാശാല സ്ഥാപിക്കുന്നതു സംബന്ധിച്ച പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിനായി മലപ്പുറം ജില്ലാ കളക്ടറെ സ്പെഷ്യൽ ഓഫീസറായി നിയമിച്ച് ഉത്തരവായിരുന്നു. കോട്ടയ്ക്കൽ ആയുർവ്വേദ സർവ്വകലാശാല സ്ഥാപിക്കുന്നത് സംബന്ധിച്ച പ്രവർത്തനങ്ങൾക്കായി പ്രാഥമികമായി 25 ലക്ഷം രൂപ അനുവദിക്കുന്നതിന് മലപ്പുറം ജില്ലാ കളക്ടർ ശിപാർശ സമർപ്പിച്ചിരുന്നു. സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് ശിപാർശ പരിഗണനയ്ക്ക് സമർപ്പിക്കണമെന്ന് ധനകാര്യ വകുപ്പ് ഭരണ വകുപ്പിനോട് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. കോട്ടയ്ക്കൽ ആയുർവ്വേദ സർവ്വകലാശാല വളരെ പരിഗണന അർഹിക്കുന്ന സ്ഥാപനമാണ്. പുതിയ സർവ്വകലാശാലയുടെ സാധ്യതകൾ വിശദമായി വിലയിരുത്തുന്നതിന് വിദഗ്ദ്ധ സമിതി രൂപീകരിക്കുന്നതാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇതുമായി ബന്ധപ്പെട്ട് അന്താരാഷ്ട്ര തലത്തിൽ ഒരു ആയുർവ്വേദ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുമെന്ന് ഈ ഗവൺമെന്റ് നേരത്തെതന്നെ പ്രഖ്യാപിച്ചിട്ടുള്ളതാണ്. അതുകൂടി ഉൾപ്പെടുത്തിക്കൊണ്ടായിരിക്കും ഈ പ്രശ്നം പരിഗണിക്കുന്നത്.

## (8) നൂറനാട് ലെപ്രസി സാനിട്ടോറിയത്തെ സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തൽ

ശ്രീ. ആർ. രാജേഷ്: സർ, നൂറനാട് ലെപ്രസി സാനിട്ടോറിയത്തെ ഒരു സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തണമെന്നതാണ് എന്റെ സബ്മിഷൻ. ആലപ്പുഴ ജില്ലയിലെ മാത്രമല്ല, കേരളത്തിലെതന്നെ ഏറ്റവും പ്രധാനപ്പെട്ട ആശുപത്രികളിലൊന്നാണ് നൂറനാട് ലെപ്രസി സാനിട്ടോറിയം. അവിടെ ഐ.പി. വിഭാഗത്തിൽ 214 ആളുകൾ മാത്രമേയുള്ളൂ, അതെല്ലാം ലെപ്രസി ബാധിച്ച രോഗികളാണ്. ലെപ്രസി രോഗികൾ മാത്രമല്ല ആയിരക്കണക്കിന് ഔട്ട് പേഷ്യന്റ്സ് കൂടിവരുന്ന ഒരാശുപത്രിയാണ് ഇത്. ആരോഗ്യ വകുപ്പിന്റെ കീഴിൽ 137 ഏക്കർ സ്ഥലമാണ് ആ ആശുപത്രിക്കുണ്ടായിരുന്നത്. അതിൽ 50 ഏക്കർ സ്ഥലം കഴിഞ്ഞ ഗവൺമെന്റ് ഇൻഡോ-ടിബറ്റൻ ബോർഡർ പോലീസിന് കൈമാറി. ഇപ്പോൾ 90 ഏക്കർ സ്ഥലമുണ്ട്. ആലപ്പുഴ ജില്ലയിൽ ഒരു മെഡിക്കൽ കോളേജുകൂടി പ്രഖ്യാപിച്ച് സ്ഥലമില്ലാതിരിക്കുന്ന ഒരു സാഹചര്യമാണുള്ളത്. ഈ സ്ഥലം ആലപ്പുഴ ജില്ലയിലാണെങ്കിലും ആലപ്പുഴ-കൊല്ലം-പത്തനംതിട്ട ജില്ലകളുടെ സംഗമ ഭൂമിയാണ്. ആരോഗ്യ വകുപ്പിന് കീഴിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു സ്ഥാപനമായി ഉയർത്താൻ കഴിയുന്നത്ര ഭൂമി അവിടെയുണ്ട്. നല്ല യാത്രാ സൗകര്യവുമുണ്ട്. ഈ ആശുപത്രിയെ ഒരു സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തണമെന്ന ആവശ്യം ഈ സർക്കാർ പരിഗണിക്കണമെന്ന് സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, മാവേലിക്കര നൂറനാട് ലെപ്രസി സാനിട്ടോറിയം 767 കിടക്കകളോടു കൂടിയ ആശുപത്രിയാണ്. എന്നാൽ നിലവിൽ 250-ൽ താഴെ അന്തേവാസികളായ രോഗികൾ മാത്രമാണ് അവിടെയുള്ളത്. ആയതിനാൽ 100 കിടക്ക എന്നനിലയിൽ കണക്കാക്കി താലൂക്ക് ആശുപത്രി എന്ന പദവിയിലേക്കുയർത്താൻ വേണ്ട പ്രൊപ്പോസൽ 21-6-2016-ന് ആരോഗ്യ വകുപ്പ് ഡയറക്ടറിൽനിന്നും സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഈ ആശുപത്രിയെ സ്പെഷ്യാലിറ്റി ആശുപത്രിയാക്കണമെന്ന നിർദ്ദേശം വിശദമായി പരിശോധിച്ച് കാര്യങ്ങൾ പരിഗണിക്കുന്നതാണ്. ഈ ആശുപത്രിയിൽ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, മെയിൽ/ഫീമെയിൽ വാർഡ് എന്നിവ പണിയാൻ 2016-17 നബാർഡ് സ്കീമിൽ ഉൾപ്പെടുത്താനുള്ള നടപടി ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്.

## (9) പോളിടെക്നിക്കിന്റെ അംഗീകാരം

ശ്രീ. കെ. മുരളീധരൻ : സർ, സംസ്ഥാനത്തെ കുട്ടികൾക്ക് സാങ്കേതിക വിജ്ഞാനം നൽകുകയെന്ന ലക്ഷ്യത്തോടുകൂടിയാണ് 1958-ൽ തിരുവനന്തപുരം ജില്ലയിലെ വട്ടിയൂർക്കാവിൽ സെൻട്രൽ പോളിടെക്നിക് ആരംഭിക്കുന്നത്. എത്രയോ കുട്ടികൾക്ക് സഹായകരമായി ആ സ്ഥാപനം മുന്നോട്ട് പോയ്ക്കൊണ്ടിരിക്കുകയാണ്. സ്റ്റാഫ് പാറ്റേൺ, അടിസ്ഥാന സൗകര്യങ്ങൾ എന്നിവയെക്കുറിച്ച് സാധാരണ സാങ്കേതിക വിദ്യാഭ്യാസ കൗൺസിലിന് അവർ അപ്‌ലോഡ് ചെയ്യുകയാണ് പതിവ്. ദൗർഭാഗ്യവശാൽ 2015-16-ൽ സാങ്കേതിക വിദ്യാഭ്യാസ കൗൺസിലിന് അവർ വിവരങ്ങൾ അപ്‌ലോഡ് ചെയ്തുവെങ്കിലും അവരിൽനിന്നും ഒരു വിവരവും ലഭിച്ചില്ല. ഒരു വർഷം കഴിഞ്ഞു. 2016-17 വർഷത്തെ കാര്യങ്ങൾ ചൂണ്ടിക്കാണിച്ചപ്പോഴാണ് ഈ സ്ഥാപനത്തിന് അംഗീകാരമില്ലായെന്നും കഴിഞ്ഞ വർഷത്തെ മറുപടി തൃപ്തികരമല്ലാത്തതുകൊണ്ട് ഇതനുവദിക്കാൻ സാദ്ധ്യമല്ലായെന്നും അറിയിച്ചത്. പ്രിൻസിപ്പാൾ ഉൾപ്പെടെയുള്ളവർ വീണ്ടും റിക്വസ്റ്റ് ചെയ്തതിന്റെ ഫലമായി വിദ്യാഭ്യാസ കൗൺസിലിലെ ഉദ്യോഗസ്ഥർ ഇവിടെ പരിശോധന നടത്തുകയും ഒരു കാരണവശാലും അംഗീകാരം തരാൻ സാധ്യമല്ലായെന്ന് പറയുകയും ചെയ്തു. 13-6-2016-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ കേന്ദ്ര സർക്കാരിന് കൊടുത്ത കത്തിൽ എല്ലാ അടിസ്ഥാന സൗകര്യങ്ങളും പരിഹരിച്ചു കൊള്ളാമെന്നും ഇത്തവണ അംഗീകാരം നൽകണമെന്നും ആവശ്യപ്പെട്ടെങ്കിലും ഒരു നെഗറ്റീവ് ആയ നിലപാടാണ് സാങ്കേതിക വിദ്യാഭ്യാസ കൗൺസിൽ സ്വീകരിച്ചത്. സാങ്കേതിക വിദ്യാഭ്യാസ കൗൺസിൽ ഒരു ഓട്ടോണമസ് ബോഡിയായതുകൊണ്ട് കേന്ദ്രഗവൺമെന്റിന് ഇടപെടാൻ സാധ്യമല്ലായെന്നാണ് ഞാൻ എം.പി.-മാരുമായി ബന്ധപ്പെട്ടപ്പോൾ ശ്രീ. സുരേഷ് ഗോപി എം. പി. പറഞ്ഞത്. വിദ്യാർത്ഥികളും രക്ഷിതാക്കളും വളരെ വിഷമത്തിലായിരിക്കുകയാണ്. സ്ഥലം എം.എൽ.എ. യായ ഞാൻ തന്നെ അംഗീകാരം പിൻവലിച്ചുവെന്ന് പ്രിൻസിപ്പാൾ പറഞ്ഞപ്പോഴാണ് അറിയുന്നത്. അതുവരെ ഒരു വിവരവും എന്നെയും അറിയിച്ചിരുന്നില്ല. വൈകിയ വേളയിലാണെങ്കിലും വിദ്യാഭ്യാസ മന്ത്രി പ്രശ്നപരിഹാരത്തിന് മുൻകയ്യെടുത്തിട്ടുണ്ട്. ഇതുസംബന്ധിച്ച് അടിയന്തര തീരുമാനം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) : സർ, തിരുവനന്തപുരം സെൻട്രൽ പോളിടെക്നിക്കിന് 2016-17 അദ്ധ്യയന വർഷത്തെ അഖിലേന്ത്യാ സാങ്കേതിക വിദ്യാഭ്യാസ കൗൺസിലിന്റെ അംഗീകാരം ലഭിച്ചിട്ടില്ല എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളത്തിലെ ഏറ്റവും മികച്ചതും ആദ്യകാലം മുതൽ നിരവധി വിദ്യാർത്ഥികളെ പരിശീലിപ്പിച്ചിട്ടുള്ളതും നിരവധി സാങ്കേതിക വിദഗ്ദ്ധരെ സൃഷ്ടിച്ചിട്ടുള്ളതുമായ ഒരു സ്ഥാപനമാണ്. എന്നാൽ 2016-17-ൽ അഖിലേന്ത്യാ സാങ്കേതിക വിദ്യാഭ്യാസ കൗൺസിൽ ഈ സ്ഥാപനത്തിന് അംഗീകാരം നിഷേധിച്ചിരിക്കുകയാണ്. അതിന് കൗൺസിൽ ഉന്നയിച്ചിരിക്കുന്ന പ്രധാനപ്പെട്ട കാരണം, 2015-16 അധ്യയന വർഷത്തിൽ പ്രസ്തുത സ്ഥാപനം കൗൺസിലിന്റെ 'ബ്രേക്ക് ഇൻ എക്സ്റ്റൻഷൻ ഓഫ് അപ്രൂവൽ' വിഭാഗത്തിൽപ്പെടുത്തി (പുതിയ അപ്രൂവൽ കിട്ടിയില്ലെങ്കിൽ ബ്രേക്കാകും എന്ന സങ്കൽപ്പത്തിലുള്ള വിഭാഗം) എന്നുള്ളതാണ്. 2015-16-ൽ യഥാസമയം ഓൺലൈനായി അപേക്ഷ സമർപ്പിച്ചുവെങ്കിലും സാങ്കേതിക പിഴവുമൂലം അപേക്ഷയുടെ സ്റ്റാറ്റസ് 'നോട്ട് സബ്മിറ്റഡ്' എന്നാണ് വ്യക്തമാക്കിയിരുന്നത്. ഈ വസ്തുതകൾ കാണിച്ച് യഥാസമയം കൗൺസിലിന് കത്തയച്ചുവെങ്കിലും മറുപടി ലഭിക്കുകയുണ്ടായില്ല. 2015-16-ലെ തുടർച്ചാനുമതി ലഭിക്കാതിരിക്കാനുള്ള സാഹചര്യവും അടിസ്ഥാന സൗകര്യങ്ങളുടെ കുറവുകളും അദ്ധ്യാപക തസ്തികകളുടെ കുറവുകളും പരിഹരിക്കുവാൻ സ്വീകരിച്ചുവരുന്ന നടപടികളുടെ വിവരങ്ങളും വ്യക്തമാക്കിക്കൊണ്ട് സ്ഥാപനത്തിന്റെ പ്രിൻസിപ്പാൾ 16-4-2016-ന് കൗൺസിലിന്റെ അപ്രൂവൽ ബ്യൂറോയ്ക്ക് കത്തുനൽകി. ആയതും കൗൺസിൽ സ്വീകരിച്ചിട്ടില്ല. തുടർന്ന് സെക്രട്ടറിതലത്തിൽ 25-05-2016-ന് കൗൺസിലിന്റെ മെമ്പർ സെക്രട്ടറിക്ക് വസ്തുതകൾ വ്യക്തമാക്കിക്കൊണ്ടും ന്യൂനതകൾ പരിഹരിക്കുന്നതാണ് എന്ന ഉറപ്പുനൽകിക്കൊണ്ടും തുടർച്ചാനുമതി നൽകണമെന്നപേക്ഷിച്ചുവെങ്കിലും ആയതും നിഷേധിക്കപ്പെട്ടു. തുടർന്ന് 13-06-2016-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബഹുമാനപ്പെട്ട കേന്ദ്ര മാനവ വിഭവശേഷി വകുപ്പുമന്ത്രിയോട് തിരുവനന്തപുരം സെൻട്രൽ പോളിടെക്നിക്കിന് എക്സ്റ്റൻഷൻ ഓഫ് അപ്രൂവൽ നൽകണമെന്നും എ.ഐ.സി.റ്റി.ഇ. (ആൾ ഇൻഡ്യ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യുക്കേഷൻ) കണ്ടെത്തിയ ന്യൂനതകൾ പരിഹരിക്കുവാൻ സർക്കാരിന്റെ ഭാഗത്തുനിന്നും എല്ലാ നടപടികളും അടിയന്തരമായി സ്വീകരിക്കുമെന്നും ഉറപ്പുനൽകിക്കൊണ്ട് അപേക്ഷിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ സഹകരണമുണ്ടാകണ

മെന്ന് ബഹുമാനപ്പെട്ട എം.പി.-മാരായ സർവ്വശ്രീ. ശശി തരൂർ, എ. സമ്പത്ത്, സുരേഷ് ഗോപി, സി. പി. നാരായണൻ എന്നിവരോടും സ്ഥലം എം.എൽ.എ.-യായ അങ്ങയോടും അഭ്യർത്ഥിച്ചിട്ടുണ്ട്. അംഗീകാരം നഷ്ടപ്പെടാനിടയായ പ്രധാന കാരണമായ തസ്തികകളുടെ കുറവ് പരിഹരിക്കുന്നതിന് 26 തസ്തികകൾ സൃഷ്ടിക്കുന്നതിനായി ഇന്നലെ ധനകാര്യ വകുപ്പ് അനുമതി നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരികയാണ്. അഖിലേന്ത്യാ സാങ്കേതിക വിദ്യാഭ്യാസ കൗൺസിലിന്റെ നിർദ്ദേശപ്രകാരം പോളിടെക്നിക് പ്രിൻസിപ്പാളിന്റെ നേതൃത്വത്തിലുള്ള ഒരു ടീം ഈ കാര്യങ്ങളെല്ലാം ഉൾക്കൊള്ളിച്ചു കൊണ്ട് ഇന്ന് (30-6-2016) കൗൺസിലിന്റെ ഹെഡ്ക്വാർട്ടേഴ്സിൽ ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള പ്രമാണങ്ങൾ ഹാജരാക്കുന്നതാണ്. സാങ്കേതിക വിദ്യാഭ്യാസ രംഗത്തെ കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട സ്ഥാപനമായ വട്ടിയൂർക്കാവ് സെൻട്രൽ പോളിടെക്നിക് കോളേജിന്റെ നിലവിലുള്ള അവസ്ഥ സർക്കാർ അതീവ പ്രാധാന്യത്തോടുകൂടിയാണ് കാണുന്നത്. 360 വിദ്യാർത്ഥികൾക്കാണ് ഈ വർഷം ഡിപ്ലോമ പഠനത്തിനുള്ള അവസരം നഷ്ടപ്പെട്ടിരിക്കുന്നത്. സംസ്ഥാനത്തിന്റെ വിദ്യാഭ്യാസ പുരോഗതിയിൽ ഇത് വലിയ നഷ്ടമാണുണ്ടാക്കുന്നത്. അതിനാൽ ന്യൂനതകൾ പരിഹരിക്കുന്നതിനും അംഗീകാരം നേടിയെടുക്കുന്നതിനും ആവശ്യമായ, സർക്കാരിന് സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചുവരികയാണ്.

11.00 AM]

## (10) പ്ലാസ്റ്റിക്കിന്റെ ദുരുപയോഗം തടയലും റീ-സൈക്ലിംഗും

<u>ശ്രീ. എ. പ്രദീപ്കുമാർ</u>: സർ, കേരള സംസ്ഥാന ശുചിത്വമിഷന്റെ നേതൃത്വത്തിൽ ജൂലൈ 3 'പ്ലാസ്റ്റിക് ക്യാരിബാഗ് വിമുക്ത ദിന'മായി ആചരിക്കുന്നതായി മനസ്സിലാക്കുന്നു. പ്ലാസ്റ്റിക്കിന്റെ ആപത്തിനെക്കുറിച്ച് പ്രത്യേകമായി വിശദീകരിക്കേണ്ടതില്ല. നമ്മുടെ പരിസ്ഥിതിക്കും ജലസ്രോതസ്സുകൾക്കും ആവാസ വ്യവസ്ഥയ്ക്കുമൊക്കെത്തന്നെ അത് ദോഷമായി വരികയാണ്. കാൻസർ, ശ്വാസകോശ രോഗങ്ങൾ, മറ്റ് ജനിതക വൈകല്യങ്ങൾ എന്നിവ ഉണ്ടാകുന്നതിനും ഇടയാകുന്നുണ്ട്. പ്ലാസ്റ്റിക് ക്യാരി ബാഗുകളാണ് ഏറ്റവും കൂടുതൽ മാലിന്യം ഉണ്ടാക്കുന്നതെന്ന് നമുക്കറിയാം. ഇക്കാര്യത്തിൽ സർക്കാരിനുള്ള ആത്മാർത്ഥത ഈ ദിനാചരണത്തിൽനിന്നുതന്നെ വ്യക്തമാണ്. എനിക്കതിൽ ഒരു കാര്യംകൂടി നിർദ്ദേശമായി പറയാനുള്ളത്,

പ്ലാസ്റ്റിക് മാലിന്യ വിമുക്തമായിട്ടുള്ളൊരു സാമൂഹ്യ ജീവിതം ഉറപ്പാക്കാൻ ബോധവത്ക്കരണത്തോടൊപ്പം തന്നെ നമ്മുടെ സഭയും സർക്കാർ സ്ഥാപനങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമൊക്കെ കുറേക്കൂടി മാതൃകാപരമായി ഇടപെട്ടാൽ മാത്രമേ ധാർമ്മികമായി നമുക്ക് മറ്റുള്ളവരോട് ഈ കാര്യം പറയാൻ കഴിയുകയുള്ളൂ. നിയമസഭാ സമുച്ചയം, എം.എൽ.എ. ഹോസ്റ്റൽ, സർക്കാർ ഓഫീസുകൾ, വിദ്യാലയങ്ങൾ, ആശുപത്രികൾ തുടങ്ങിയ സ്ഥാപനങ്ങളിലെല്ലാം ഒരു ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കാനും അത് നടപ്പിലാക്കുമെന്ന് ഉറപ്പുവരുത്താനും അതാത് സ്ഥാപനങ്ങളുടെ മേധാവികൾക്ക് ആരോഗ്യകരമായിട്ടുള്ള ഒരു മത്സരം അതിനകത്തുണ്ടാക്കാനുംകൂടി കഴിഞ്ഞാൽ വളരെ നന്നായിരിക്കുമെന്ന് തോന്നുന്നു. പ്ലാസ്റ്റിക്കിന്റെ റീസൈക്ലിംഗ് ഉൾപ്പെടെയുള്ള കാര്യങ്ങളിലെല്ലാം ഇതിന്റെ ഭാഗമായി നേതൃത്വം കൊടുക്കാൻ കഴിയും. ഇതിന് നമ്മുടെ ഒരു ദിനാചരണം എന്നതിനപ്പുറത്തേക്ക് ഇതുപോലുള്ള സർഗ്ഗാത്മകമായ കർമ്മപദ്ധതിക്ക് നേതൃത്വം കൊടുക്കാൻ തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ) : സർ, വളരെ പ്രധാനപ്പെട്ടൊരു വിഷയമാണ് ബഹുമാന്യനായ മെമ്പർ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിരിക്കുന്നത്. കേരളത്തെ ഇപ്പോൾ അലട്ടുന്ന ഏറ്റവും വലിയ പ്രശ്നം മാലിന്യക്കൂമ്പാരങ്ങളാണ്. ഇതിലൂടെ രോഗങ്ങളിൽനിന്ന് രോഗപർവ്വങ്ങളിലേക്കാണ് കേരളം വഴിനടത്തപ്പെട്ടു കൊണ്ടിരിക്കുന്നത്. ഇതിൽ പ്രധാനം പ്ലാസ്റ്റിക് വേസ്റ്റുകളാണ്. അതിൽതന്നെ ഏറ്റവും പ്രധാനം പ്ലാസ്റ്റിക് കവറുകളാണ്. ഈ കവറുകൾ എല്ലാ സ്ഥലങ്ങളിലും കൂട്ടിയിട്ട് കത്തിക്കുന്നതായിട്ടാണ് നാം കാണുന്നത്. ഇതിൽ നിന്നുയരുന്ന വിഷവാതകങ്ങൾ മാരകമായ ആരോഗ്യ പ്രശ്നങ്ങളാണ് സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത്. ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചതുപോലെ ശുചിത്വമിഷന്റെ ആഭിമുഖ്യത്തിൽ ജൂലൈ 3 പ്ലാസ്റ്റിക് ക്യാരിബാഗ് വിമുക്ത ദിനമായി ആചരിക്കുകയാണ്. ഈ പശ്ചാത്തലത്തിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് ചില നടപടികൾ സർക്കാർ ആരംഭിച്ചുകഴിഞ്ഞു:

(1) സംസ്ഥാനത്തെ മുഴുവൻ പാഴ്വസ്തു വ്യാപാരികളുടെയും ലിസ്റ്റ് തയ്യാറാക്കി രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചുവരുന്നു.

(2) ഈ പട്ടിക തയ്യാറാകുന്ന മുറയ്ക്ക് ലിസ്റ്റിലുള്ളവർക്ക് വീടുകളിൽനിന്നും വ്യാപാര സ്ഥാപനങ്ങളിൽനിന്നും പാഴ്വസ്തുക്കൾ ശേഖരിച്ച് റീസൈക്ലിംഗ് നടത്താൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിലേർപ്പെടുന്നതിന് സാഹചര്യമൊരുക്കും.

(3) ഇത്തരത്തിൽ ശേഖരിക്കുന്ന പ്ലാസ്റ്റിക്, ഇലക്ട്രോണിക് വേസ്റ്റുകൾ തരംതിരിച്ച് സൂക്ഷിക്കുന്നതിനും പുനഃചംക്രമണത്തിന് കൈമാറുന്നതിനുമായി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും മെറ്റീരിയൽ റിക്കവറി ഫെസിലിറ്റികൾ (എം.ആർ.എഫ്.) എന്ന പുതിയൊരു സംവിധാനം ഏർപ്പെടുത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കാൻ പ്രകൃതി സൗഹൃദ വസ്തുക്കൾ പകരമായി ലഭ്യമാക്കുക എന്നതാണ് ഗവൺമെന്റിന്റെ സമീപനം. പ്ലാസ്റ്റിക്കിന്റെ ദുരുപയോഗം ഉണ്ടാക്കുന്ന മാരകമായ ഭവിഷ്യത്തിനെക്കുറിച്ച് അവബോധമുണ്ടാക്കുന്നതിന് പ്ലാസ്റ്റിക് വിമുക്ത ദിനാചരണം ഉപകരിക്കുമെന്നു തന്നെയാണ് ഗവൺമെന്റിന്റെ പ്രതീക്ഷ. ശുചിത്വമിഷന്റെ ആഭിമുഖ്യത്തിൽ ഇന്ന് ബഹുമാനപ്പെട്ട സ്പീക്കറുടെ ചേംബറിൽ നടക്കുന്ന പരിപാടിയുടെ കാര്യം അങ്ങ് ഓർമ്മിപ്പിക്കും എന്ന് കരുതുന്നു.

## അറിയിപ്പ്

മി. സ്പീക്കർ : സാന്ദർഭികമായി സഭയെ ഒരു കാര്യം അറിയിക്കുകയാണ്. നിയമസഭ പരിസ്ഥിതി സൗഹൃദമാക്കുന്നതിന്റെ ഭാഗമായി നിയമസഭാ സമുച്ചയത്തിൽ ഹരിത നിയമാവലി നടപ്പിലാക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ഊർജ്ജിതമായി സ്വീകരിച്ചുവരുന്നുണ്ട്. ജൈവമാലിന്യങ്ങൾ ഉറവിടത്തിൽത്തന്നെ സംസ്കരിക്കുന്നതിനും പ്ലാസ്റ്റിക് മാലിന്യങ്ങൾ റീസൈക്കിൾ ചെയ്യുന്നതിനുമുള്ള നടപടികൾ ശുചിത്വമിഷന്റെ നിർദ്ദേശപ്രകാരം സ്വീകരിച്ചുകൊണ്ടിരിക്കുന്നു. മാലിന്യ സംസ്കരണത്തിന്റെ കാര്യത്തിൽ രാജ്യത്തിനാകെ മാതൃകയാകത്തക്കവിധം പരിസ്ഥിതി സൗഹൃദ നിയമസഭ എന്ന ലക്ഷ്യം കൈവരിക്കുന്നതിനുവേണ്ടി ബയോപാർക്ക് പദ്ധതി വിഭാവനം ചെയ്ത് നടപ്പിലാക്കിവരികയാണ്. പ്ലാസ്റ്റിക് ക്യാരി ബാഗുകൾക്ക് പകരം തുണിസഞ്ചികളുടെ ഉപയോഗം വ്യാപകമാക്കുന്നതിനുള്ള പ്രവർത്തനങ്ങളും സ്വീകരിച്ചുവരുന്ന വിവരവും സഭയെ അറിയിക്കുന്നു. ഇതിന്റെ ഔപചാരികമായ വിതരണോദ്ഘാടനം സഭാസമ്മേളനം പിരിഞ്ഞതിനുശേഷം സ്പീക്കറുടെ ചേംബറിൽ വച്ച് ഇന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബഹുമാന്യനായ പ്രതിപക്ഷ നേതാവിന്റെ സാന്നിദ്ധ്യത്തിൽ നിർവ്വഹിക്കുന്നുണ്ട്. നിയമസഭാ സാമാജികർക്കുള്ള തുണിസഞ്ചി അവരവരുടെ മുറികളിൽ എത്തിക്കുന്നതാണ്.

## V മേശപ്പുറത്തുവച്ച കടലാസുകൾ

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി സംബന്ധിച്ച ധവളപത്രം ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ : മാധ്യമപ്രവർത്തകർക്കുള്ള ധവളപത്രം പ്രസ്സ് റിലേഷൻ സെക്ഷനിൽ വിതരണം ചെയ്യുന്നതാണ്.

### ചട്ടം 47(2) അനുസരിച്ചുള്ള ലിസ്റ്റ് പ്രകാരം

1. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിമൂന്നാം കേരളനിയമസഭയുടെ പതിമൂന്നാം സമ്മേളനത്തിലെ 2324, പതിനാലാം സമ്മേളനത്തിലെ 2180, 2188, 4796, 5921, 5928, 5934, 5941, പതിനഞ്ചാം സമ്മേളനത്തിലെ 34, 652, 668, 676, 682, 1041, പതിനാറാം സമ്മേളനത്തിലെ 657, 659, 679, 2229, 2231, 2234, 2235, 2242, 2246, 2247, 2253, 2260, 2544, 2883 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

2. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു) : സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിമൂന്നാം കേരളനിയമസഭയുടെ പതിനഞ്ചാം സമ്മേളനത്തിലെ 3777, പതിനാറാം സമ്മേളനത്തിലെ 335 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

3. ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്) : സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിമൂന്നാം കേരളനിയമസഭയുടെ പന്ത്രണ്ടാം സമ്മേളനത്തിലെ 4476 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

4. തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ) : സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിമൂന്നാം കേരളനിയമസഭയുടെ പതിനഞ്ചാം സമ്മേളനത്തിലെ 2756, പതിനാറാം സമ്മേളനത്തിലെ 945 എന്നീ നമ്പരുകളിലുള്ള നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

## VI ക്രമപ്രശ്നം

### സഭാസമ്മേളന കാലയളവിൽ നയപരമായ കാര്യങ്ങൾ സഭയ്ക്കുപുറത്ത് പ്രഖ്യാപിക്കുന്നത് സംബന്ധിച്ച്

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല) : സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നത് 25-5-2016-ൽ ആണ്. അധികാരമേറ്റെടുത്ത സമയത്തു തന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മന്ത്രിമാരും മത്സരിച്ച് നയപരമായ കാര്യങ്ങൾ സഭയ്ക്കുപുറത്ത് പ്രഖ്യാപിക്കുകയാണ്. നിയമസഭ സമ്മേളിച്ചു കൊണ്ടിരിക്കുന്ന അവസരത്തിൽ നയപരമായ കാര്യങ്ങൾ സഭയെ അറിയിക്കുന്നതിനുമുമ്പ് സഭയ്ക്കുപുറത്ത് പ്രഖ്യാപിക്കുന്നത് അനൗചിത്യവും സഭ തുടർന്നുവരുന്ന കീഴ്‌വഴക്കങ്ങളുടെ ലംഘനവുമാണ്. ക്ഷേമ പെൻഷനുകൾ ആയിരം രൂപയാക്കും എന്ന മുഖ്യമന്ത്രിയുടെ പ്രഖ്യാപനം 26-5-2016-ലെ ദേശാഭിമാനിയിലും ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് പിരിച്ചുവിടും, നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടും എന്ന ദേവസ്വം വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രന്റെ പ്രഖ്യാപനം 29-5-2016-ലെ കേരള കൗമുദിയിലും

പൊതുവിദ്യാലയങ്ങൾ പൂട്ടില്ല എന്ന വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ പ്രഖ്യാപനം 8-6-2016-ലെ മാതൃഭൂമിയിലും കേരള ബാങ്ക് രൂപീകരിക്കും എന്ന ധനകാര്യ വകുപ്പുമന്ത്രി ഡോ. തോമസ് ഐസക്കിന്റെ കേരള കൗമുദിയിലെ പ്രഖ്യാപനം തുടങ്ങി നിരവധി പ്രഖ്യാപനങ്ങൾ നിയമസഭാ സമ്മേളനം ചേർന്നുകൊണ്ടിരിക്കുമ്പോൾ നടത്തുകയുണ്ടായി. 25-5-2016-ന് ചേർന്ന ക്യാബിനറ്റാണ് ഒന്നാം സമ്മേളനം തുടങ്ങുന്നതിനുള്ള തീരുമാനമെടുത്തത്. 26-5-2016-ൽ ബഹുമാനപ്പെട്ട ഗവർണർ സമൻസ് അംഗീകരിക്കുകയും ചെയ്തു. 24-6-2016-ന് സഭ വീണ്ടും ചേരുമെന്ന് 3-6-2016-ന് അറിയിപ്പ് നൽകിക്കൊണ്ടാണ് അങ്ങ് ഈ സഭാസമ്മേളനം താൽക്കാലികമായി നിർത്തിവച്ചത്. അതിന്റെ അർത്ഥം സഭ prorogue ചെയ്തില്ല എന്നാണ്. സഭാനടപടികൾ നിർത്തിവച്ച് വീണ്ടും പുതിയ സമ്മേളനം അല്ല ഇപ്പോൾ തുടരുന്നത്. നേരത്തെ തുടങ്ങിയ സമ്മേളനത്തിന്റെ തുടർച്ചയാണ്. ആ സമയത്ത് നയപരമായ കാര്യങ്ങൾ നിയമസഭയെ അറിയിക്കാതെ പുറത്തു പറയുന്നത് ചട്ടങ്ങളുടെ ലംഘനമാണ്. ശക്ധർ ആന്റ് കൗളിൽ 299-ാം നമ്പർ പേജിൽ പറയുന്നത്; "Making of important policy announcements by Ministers outside the House while the House is in Session' are impropriety and breach of conventions" എന്നാണ്. ഇതുസംബന്ധിച്ച് നിരവധി റൂളിംഗുകൾ കേരള നിയമസഭയിൽ ഉണ്ടായിട്ടുണ്ട്. ബഹുമാന്യരായ അലക്സാണ്ടർ പറമ്പിത്തറ, മൊയ്തീൻകുട്ടി ഹാജി, വർക്കല രാധാകൃഷ്ണൻ, എം. വിജയകുമാർ തുടങ്ങിയിട്ടുള്ള അങ്ങയുടെ മുൻഗാമികളായ സ്പീക്കർമാർ ഇതുസംബന്ധിച്ച് റൂളിംഗുകൾ നൽകിയിട്ടുണ്ട്. ഞാൻ ബഹുമാനപ്പെട്ട അലക്സാണ്ടർ പറമ്പിത്തറയുടെ റൂളിംഗ് ഇവിടെ വായിക്കാം. " It may have even stated that it is an established parliamentary convention that when the House is in session, Members of the Government may refrain from disclosing to the public anything of the importance bearing on the policy decision of the Government before the House is informed of it." ഇങ്ങനെ പോളിസി ഡിസിഷൻസ് സഭയെ വിശ്വാസത്തിലെടുത്തുകൊണ്ടുവേണം. അല്ലാതെ സഭയെ അറിയിക്കാതെ പുറത്തു പറയുന്നത് impropriety ആണ്. ഇതുസംബന്ധിച്ച് അങ്ങയുടെ റൂളിംഗ് ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ, ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞ കാര്യം, സഭ സമ്മേളിച്ചുകൊണ്ടിരിക്കുമ്പോൾ നയപരമായ കാര്യങ്ങൾ പുറത്തുപറയാൻ പാടുണ്ടോ എന്നുള്ള വിഷയമാണ്. ഒരു സംശയവും വേണ്ട സഭ സമ്മേളിച്ചുകൊണ്ടിരിക്കുമ്പോൾ നയപരമായ കാര്യങ്ങൾ പുറത്തു പറയാൻ പാടില്ലെന്നു തന്നെയാണ് ഈ സർക്കാരിന്റെയും നിലപാട്. അതുതന്നെയാണ് ഞാനും മന്ത്രിമാരും അനുസരിച്ചുവരുന്നത്. ഇനി മേലിൽ നടപ്പാക്കാൻ പോകുന്നതും ഇതേ രീതി തന്നെയായിരിക്കും. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉന്നയിച്ച പ്രശ്നം പരിശോധിച്ചുനോക്കിയാൽ നയപരമായ കാര്യങ്ങൾ സഭയ്ക്ക് പുറത്തുപറയുന്ന നിലയല്ല ഉണ്ടായിട്ടുള്ളത്. പൊതുതെരഞ്ഞെടുപ്പിനു ശേഷമാണല്ലോ ഒരു പുതിയ ഗവൺമെന്റ് വരുന്നത്. സഭയുടെ ഒന്നാം സമ്മേളനത്തിൽ തന്നെ ബഹുമാനപ്പെട്ട ഗവർണർ 2016 ജൂൺ 24-ന് അംഗങ്ങളെ അഭിസംബോധന ചെയ്ത് സംസാരിച്ചിരുന്നു. അതാണ് ഇവിടെ ചർച്ച ചെയ്തു കൊണ്ടിരിക്കുന്നത്. ആ പ്രസംഗത്തിൽ പറഞ്ഞിട്ടുള്ളതാണ് സർക്കാരിന്റെ പൊതുവായ നയം. അത് ഭരണഘടനയുടെ അനുച്ഛേദം 176 അനുസരിച്ച് ഗവർണർ നടത്തിയിട്ടുള്ള പ്രസംഗവുമാണ്. സാധാരണ നിലയ്ക്ക് പൊതുതെരഞ്ഞെടുപ്പിനു ശേഷം അധികാരമേൽക്കുന്ന ഒരു പുതിയ സർക്കാരിന്റെ മന്ത്രിമാരോട് ഇന്നത്തെ കാലത്ത് മാധ്യമപ്രവർത്തകർ ഒട്ടേറെ ചോദ്യങ്ങൾ ചോദിച്ചുവെന്നുവരും. തെരഞ്ഞെടുപ്പിൽ ഈ ഗവൺമെന്റിനെ അധികാരത്തിലേറ്റുന്നതിനുവേണ്ടി ജനങ്ങളുടെ മുന്നിൽ വച്ചിട്ടുള്ള തെരഞ്ഞെടുപ്പ് മാനിഫെസ്റ്റോയുണ്ട്. ആ മാനിഫെസ്റ്റോയിലൂന്നിക്കൊണ്ടുള്ള മറുപടി സ്വാഭാവികമായിട്ടും മന്ത്രിമാരായാലും മുഖ്യമന്ത്രി എന്ന നിലയ്ക്ക് ഞാനായാലും പറഞ്ഞുവെന്നുവരും. അതുമാത്രമാണ് ഇവിടെയുണ്ടായിട്ടുള്ളത്. നയപരമായ ഒരു കാര്യവും സഭയുടെ മുമ്പിലല്ലാതെ പുറത്ത് വെളിപ്പെടുത്തുക എന്ന ഉദ്ദേശ്യം സർക്കാരിനില്ല.

## റൂളിംഗ്

മി. സ്പീക്കർ : നിയമസഭാ സമ്മേളനം നടന്നുകൊണ്ടിരിക്കുമ്പോൾ സർക്കാരിന്റെ നയപരമായ തീരുമാനങ്ങൾ നിയമസഭയിൽത്തന്നെ പ്രഖ്യാപിക്കുക എന്നതാണ് കീഴ്‌വഴക്കം. ഇക്കാര്യത്തിൽ മുൻ സ്പീക്കർമാർ വ്യക്തമായ റൂളിംഗ് നൽകിയിട്ടുമുണ്ട്. 1988 ജൂൺ 22-ാം തീയതിയും 1998 ഏപ്രിൽ 2-ാം തീയതിയും. സർക്കാരിന്റെ നയപരമായ കാര്യങ്ങൾ (Policy matters) ആദ്യം സഭയിൽ പ്രഖ്യാപിക്കുക എന്നത് ഒരു പാർലമെന്ററി കീഴ്‌വഴക്കമാണ്. രാജ്യത്തെ നിയമനിർമ്മാണസഭകൾ അംഗീകരിച്ചുപോരുന്ന ഒരു പൊതുതത്വം കൂടിയാണിത്. എന്നാൽ ഏതൊക്കെയാണ് നയപരമായ കാര്യങ്ങൾ, ഏതൊക്കെയാണ് നയപരമല്ലാത്തത് എന്ന് കൃത്യമായി നിർവ്വചിക്കുക അത്ര എളുപ്പമുള്ള കാര്യമല്ല.

ഉദാഹരണത്തിന് രാഷ്ട്രീയ പാർട്ടികൾ തങ്ങളുടെ തെരഞ്ഞെടുപ്പ് മാനിഫെസ്റ്റോയിലൂടെ ജനങ്ങളെ അറിയിച്ച കാര്യങ്ങൾ അധികാരത്തിൽ വന്നതിനുശേഷം സഭയ്ക്ക് പുറത്ത് ആവർത്തിച്ചാൽ അത് നയപരമായ പ്രഖ്യാപനമായിത്തീരുമോ എന്നത് ചർച്ച ചെയ്യപ്പെടേണ്ടതാണ്. ഏതായാലും ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ചൂണ്ടിക്കാണിച്ചതും വിവിധ മന്ത്രിമാർ സഭയ്ക്കുപുറത്ത് പറഞ്ഞതായി പറയപ്പെടുന്നതുമായ എല്ലാ കാര്യങ്ങളും സർക്കാരിന്റെ നയപരമായ കാര്യങ്ങളാണെന്ന് പറയാനാകില്ല. മറിച്ച് അവയിൽ പലതും സർക്കാരിന്റെ ഭരണപരമായ കാര്യങ്ങളാണെന്നാണ് ചെയറിന്റെ പക്ഷം.

എന്നിരുന്നാലും ഉയർന്ന പാർലമെന്ററി മൂല്യങ്ങൾ കാത്തുസൂക്ഷിക്കുവാൻ ബാദ്ധ്യസ്ഥപ്പെട്ട ഈ സഭ സമ്മേളിക്കുന്ന അവസരങ്ങളിൽ സഭയുടെ മുൻ അദ്ധ്യക്ഷന്മാർ റൂൾ ചെയ്തിട്ടുള്ളതുപോലെ സർക്കാരിന്റെ നയപരമായ കാര്യങ്ങൾ സഭയിൽ തന്നെ പ്രഖ്യാപിക്കണം എന്ന പാർലമെന്ററി കീഴ്‌വഴക്കം തുടർന്നും പാലിക്കേണ്ടതാണെന്ന് ചെയർ നിർദ്ദേശിക്കുന്നു.

(2) 28-6-2016-ന് ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന ചർച്ചയിൽ പങ്കെടുത്ത് പ്രസംഗിച്ച ബഹുമാനപ്പെട്ട അംഗം പി. ഉണ്ണി നടത്തിയ ചില പരാമർശങ്ങൾ സഭയെ തെറ്റിദ്ധരിപ്പിക്കലാണെന്നും മലപ്പുറം ജില്ലയിൽ അങ്ങനെ ഒരു സംഭവമുണ്ടായിട്ടില്ലെന്നും ഉണ്ടെങ്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അത് പറയണമെന്നും ബഹുമാനപ്പെട്ട അംഗം പി. ഉബൈദുള്ള പോയിന്റ് ഓഫ് ഓർഡറിലൂടെ ആവശ്യപ്പെടുകയുണ്ടായി. തുടർന്ന് അക്കാര്യം പരിശോധിച്ച് റൂളിംഗ് നൽകാമെന്ന് ചെയർ പ്രസ്താവിക്കുകയുണ്ടായി. ചെയർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ബഹുമാനപ്പെട്ട അംഗം പ്രസംഗമദ്ധ്യേ നടത്തിയ പരാമർശത്തെ മറ്റൊരു അംഗം എതിർത്തുകൊണ്ട് ഇടപെട്ടു എന്നതല്ലാതെ സഭാരേഖകളിൽനിന്ന് വാക്കുകൾ നീക്കം ചെയ്യാൻ വ്യവസ്ഥ ചെയ്യുന്ന ചട്ടം 307-ന്റെ പരിധിയിൽ വരുന്ന കാര്യങ്ങൾ ഈ വിഷയത്തിൽ ഉൾപ്പെട്ടിട്ടുള്ളതായി കാണുന്നില്ല.

(3) ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന ചർച്ചയിൽ പങ്കെടുത്ത് 28-6-2016-ന് ബഹുമാനപ്പെട്ട അംഗം പി. ടി. തോമസ് സംസാരിക്കവെ നടത്തിയ പരാമർശം സംബന്ധിച്ച് ബഹുമാനപ്പെട്ട പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരൻ ഒരു ക്രമപ്രശ്നം ഉന്നയിക്കുകയും പ്രസ്തുത പരാമർശത്തിലടങ്ങിയ കാര്യം തെളിയിക്കുന്നതുവരെ അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ രേഖയിലുണ്ടാകാൻ പാടില്ലെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു. അതിനെത്തുടർന്ന് ശ്രീ. പി. ടി. തോമസിന്റെ പരാമർശത്തിലടങ്ങിയ കാര്യം വസ്തുനിഷ്ഠമായി തെളിയിക്കുന്നതുവരെ ആയത് രേഖയിലുണ്ടാകില്ല എന്ന് ചെയർ റൂൾ ചെയ്യുകയും ചെയ്തിരുന്നു. തുടർന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്

ശ്രീ. രമേശ് ചെന്നിത്തല "വസ്തുനിഷ്ഠമായി തെളിയിക്കുന്നതുവരെ നീക്കം ചെയ്യുന്നു" എന്ന് റൂൾ ചെയ്യുന്നത് കീഴ്‌വഴക്കങ്ങൾക്കും ചട്ടങ്ങൾക്കും യോജിക്കുന്നതല്ലെന്ന് ചൂണ്ടിക്കാണിക്കുകയുണ്ടായി. ഇക്കാര്യത്തിൽ വ്യത്യസ്ത അഭിപ്രായങ്ങളുണ്ടായ സ്ഥിതിക്ക് ഇതുസംബന്ധിച്ച കാര്യങ്ങൾ വിശദമായി പരിശോധിക്കാമെന്ന് ചെയർ അറിയിക്കുകയുണ്ടായി. വസ്തുനിഷ്ഠമായി തെളിയിക്കുന്നതുവരെ നീക്കം ചെയ്യുന്നു എന്ന റൂളിംഗ് കൊണ്ട് ചെയർ ഉദ്ദേശിച്ചത് പ്രസ്തുത പരാമർശം വസ്തുനിഷ്ഠമാണോയെന്ന് പരിശോധിച്ചതിനുശേഷം അന്തിമ തീരുമാനമെടുക്കാമെന്നു മാത്രമാണ്. ഇതുമായി ബന്ധപ്പെട്ട രേഖകൾ ചെയർ വളരെ വിശദമായി പരിശോധിച്ചതിൽ ബഹുമാനപ്പെട്ട അംഗം പി.ടി. തോമസ്, ശ്രീ. വി. എസ്. അച്ചുതാനന്ദനെതിരെ നടത്തിയ പരാമർശം വസ്തുതാപരമായി ശരിയാണെന്ന് കാണാൻ കഴിഞ്ഞില്ല. ഈ സാഹചര്യത്തിൽ ശ്രീ. പി. ടി. തോമസ്, ശ്രീ. വി. എസ്. അച്ചുതാനന്ദനെതിരെ നടത്തിയ പരാമർശം ചട്ടം 307 അനുസരിച്ച് സഭാ രേഖകളിൽ നിന്നും ചെയർ നീക്കം ചെയ്യുന്നു.

ഇക്കാര്യത്തിൽ ചട്ടം 288 പ്രകാരം ഒരു വ്യക്തിപരമായ വിശദീകരണത്തിന് (Personal Explanation) അനുമതി ചോദിച്ചുകൊണ്ട് ശ്രീ. പി. ടി. തോമസ് ചെയറിന് ഒരു കത്ത് നൽകിയിരുന്നു. ചട്ടം 307 പ്രകാരം സഭാരേഖകളിൽ നിന്നും നീക്കം ചെയ്യുന്ന വിഷയത്തെ സംബന്ധിച്ച് ചെയർ നടത്തിയ പരാമർശത്തിന്മേൽ ചട്ടം 288 പ്രകാരമുള്ള Personal Explanation-ന് അംഗങ്ങൾക്ക് അവസരമില്ലാത്തതിനാൽ ആയത് അദ്ദേഹം ഉന്നയിക്കേണ്ടതില്ലെന്നും ചെയർ റൂൾ ചെയ്യുന്നു.

ശ്രീ. പി. ടി. തോമസ്: (മൈക്ക് ഓഫ്).......

മി. സ്പീക്കർ : ചെയറിന്റെ റൂളിംഗിനെ ചോദ്യം ചെയ്യുന്നു. ദയവായി അങ്ങിരിക്കണം. ചെയർ ഒരു കാര്യത്തിൽ റൂളിംഗ് നടത്തിയിരിക്കുകയാണ്. പ്ലീസ്, പ്ലീസ്.... ദയവായി ഇരിക്കണം. ശ്രീ. പി. ടി. തോമസ് ഇത് ശരിയല്ല, ചെയറിന്റെ റൂളിംഗിനുശേഷം അങ്ങ് എണീറ്റുനിന്ന് സംസാരിക്കുന്നത് ശരിയല്ല. അങ്ങ് ഇരിക്കണം.

## ക്രമപ്രശ്നം

### ധവളപത്രം മലയാളത്തിൽ ലഭ്യമാക്കുന്നത് സംബന്ധിച്ച്

ശ്രീ. കെ. സി. ജോസഫ് : സർ, പോയിന്റ് ഓഫ് ഓർഡർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി White Paper on State Finances സമർപ്പിക്കുകയുണ്ടായി. സാധാരണഗതിയിൽ സഭയിൽ രേഖകൾ സമർപ്പിക്കുന്നത് മലയാളത്തിലായിരിക്കണം. മലയാളിയല്ലാത്ത ഗവർണറുടെ നയപ്രഖ്യാപനംപോലും മലയാളത്തിൽ നൽകാറുണ്ട്.

ഒറിജിനൽ ഡോക്യുമെന്റ് മലയാളത്തിലാവണമെന്ന വ്യവസ്ഥയുണ്ട്. ഇവിടെ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ധവളപത്രം ഇംഗ്ലീഷിലായത് അനുവാദം വാങ്ങിയിട്ടാണോ; മലയാള ഭാഷയാണ് സഭയുടെ ഭാഷ, ഭരണഭാഷ. ഇത് മലയാള ഭാഷയോടുള്ള അവഹേളനമാണ്. അതുകൊണ്ടുതന്നെ ഇതിൽ പ്രത്യേകം റൂളിംഗ് വേണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : സർ, ഇതിനുമുമ്പ് ഇവിടെ യു.ഡി.എഫ്. സർക്കാർ രണ്ടുതവണ White Paper അവതരിപ്പിച്ചിട്ടുണ്ട്. രണ്ടും ഇംഗ്ലീഷിലാണ്, മലയാളത്തിലല്ല. മലയാളത്തിൽകൂടി ലഭ്യമാക്കാനാവശ്യമായ ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. അത് ലഭ്യമാക്കുകയും ചെയ്യും.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല) : അംഗങ്ങൾക്ക് മലയാളത്തിൽ കൂടി കോപ്പികൾ വിതരണം ചെയ്യാനുള്ള നടപടി അങ്ങ് എടുക്കണമെന്നാണ് ആവശ്യപ്പെട്ടത്.

മി. സ്പീക്കർ: മലയാളത്തിൽ കൂടി ലഭ്യമാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം.

## VII ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച (തുടർച്ച)

ശ്രീ. എം. എം. മണി : സർ, ബഹുമാനപ്പെട്ട ഗവർണർ സഭയിൽ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിലൂടെ ഈ ഗവൺമെന്റിന്റെ ദിശാബോധമുള്ള നയമാണ് അദ്ദേഹം വ്യക്തമാക്കിയിരിക്കുന്നത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി അംഗീകരിച്ചിരിക്കുന്ന മിനിമം പരിപാടിയുടെ അടിസ്ഥാനത്തിലാണ് ബഹുമാന്യനായ ഗവർണർ നയപ്രഖ്യാപന പ്രസംഗം നടത്തിയിരിക്കുന്നത്. ഇതിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ആദരണീയനായ ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ സർവ്വാത്മനാ പിന്താങ്ങുകയാണ്.

കഴിഞ്ഞ അഞ്ചുവർഷക്കാലം കേരളത്തിൽ യു.ഡി.എഫ്. ഗവൺമെന്റ് നടപ്പാക്കിയ നയപരിപാടികളും ഭരണ നടപടികളും കേരളീയ സമൂഹത്തെ വല്ലാത്ത പ്രതിസന്ധിയിൽ എത്തിച്ചു. യു.ഡി.എഫ്. സർക്കാരിന്റെ കഴിഞ്ഞ അഞ്ചു വർഷത്തെ ഭരണം സംസ്ഥാനത്തെ എല്ലാ രംഗത്തും പ്രതിസന്ധിയാണ് സൃഷ്ടിച്ചതെന്ന കാര്യത്തിൽ സംശയമില്ല. കേരളത്തിന്റെ സമ്പദ്ഘടനയെ തീരാപ്രതിസന്ധിയിൽ എത്തിച്ച് കേരളത്തെ വലിയ കടക്കെണിയിലേക്ക് തള്ളിവിട്ടിരിക്കുകയാണ്. വിലക്കയറ്റം, തൊഴിലില്ലായ്മ, കാർഷിക-വ്യാവസായിക മേഖലയുടെ തകർച്ച, പട്ടിണി, ദാരിദ്ര്യം ഇവയൊക്കെയാണ് യു.ഡി.എഫ്. ഗവൺമെന്റ് കേരളജനതയ്ക്ക് നൽകിയ സംഭാവനകൾ.

വിദ്യാഭ്യാസ രംഗത്ത് ഏറ്റവും വലിയ പ്രതിസന്ധിയാണ് ഉണ്ടായിരിക്കുന്നത്. വിദ്യാഭ്യാസ രംഗത്തെ പ്രവർത്തനങ്ങളെ സംബന്ധിച്ച് ബഹുമാന്യനായ ലീഗിന്റെ മെമ്പർ ഇക്കഴിഞ്ഞ ദിവസം ഇവിടെ പ്രസംഗിക്കുകയുണ്ടായി. കേരളത്തിൽ വിദ്യാഭ്യാസരംഗം തകർന്നുതരിപ്പണമായി എന്നുപറഞ്ഞാൽ ആർക്കും നിഷേധിക്കാൻ കഴിയില്ല. കഴിഞ്ഞ അഞ്ചു വർഷവും കുട്ടികൾക്ക് പാഠപുസ്തകങ്ങൾ സമയത്തിന് ലഭ്യമാക്കാൻ കഴിയാത്ത ഒരു ഗവൺമെന്റും വിദ്യാഭ്യാസ വകുപ്പും മന്ത്രിയുമാണ് കേരളത്തിൽ ഉണ്ടായിരുന്നതെന്ന് വിമർശിക്കേണ്ടി വന്നതിൽ എനിക്ക് അതിയായ ഖേദമുണ്ട്.

മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് പെട്ടിക്കടകൾ നടത്തുന്നതുപോലെ മെഡിക്കൽ കോളേജുകൾ അനുവദിച്ചു. എന്നിട്ട് ആ മെഡിക്കൽ കോളേജുകൾക്ക് ഇപ്പോൾ പ്രവർത്തിക്കാൻ കഴിയുന്നില്ലായെന്ന് പറഞ്ഞുകൊണ്ട് ഒരു മാസം മാത്രം പ്രായമുള്ള ഗവൺമെന്റിനെ വിമർശിക്കുന്നത് രാഷ്ട്രീയ പ്രേരിതമെന്നല്ലാതെ എന്തു പറയാനാണ്. ആദരണീയനായ മുൻ ആരോഗ്യ വകുപ്പുമന്ത്രി വളരെ വികാരാധീനനായി പ്രസംഗിക്കുന്നത് കേട്ടു. യാഥാർത്ഥ്യത്തിന് നിരക്കാത്ത, സ്ഥലസൗകര്യമോ മറ്റ് സാങ്കേതിക സൗകര്യങ്ങളോ ഉണ്ടോയെന്നുപോലും നോക്കാതെ രാഷ്ട്രീയ നേട്ടത്തിനുവേണ്ടി മെഡിക്കൽ കോളേജുകൾ പ്രഖ്യാപിച്ചിട്ട്, ഒരു തരത്തിലും മുന്നോട്ടു കൊണ്ടുപോകുവാൻ കഴിയാത്ത സാഹചര്യം സൃഷ്ടിച്ചിട്ട്, ഒരു മാസം മാത്രം പ്രായമുള്ള ഗവൺമെന്റിനെ പ്രതിക്കൂട്ടിലാക്കാൻ, ഒരു നീതിബോധവുമില്ലാതെയാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. സ്ഥലസൗകര്യമില്ലാതെ മെഡിക്കൽ കോളേജ് എന്ന ലക്ഷ്യം എങ്ങനെയാണ് പ്രാവർത്തികമാക്കാൻ കഴിയുക? അക്കാര്യം സാമാന്യബുദ്ധിയുള്ള ആർക്കും മനസ്സിലാക്കാൻ കഴിയുന്നതാണ്. അതിനു വിപരീതമായി വികസനത്തിന്റെ പേരുപറഞ്ഞ് ഈ ഗവൺമെന്റിനെ പ്രതിക്കൂട്ടിലാക്കുന്ന പ്രതിപക്ഷ നിലപാട് രാഷ്ട്രീയ പ്രേരിതമാണെന്ന് വിമർശിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

തലശ്ശേരി സംഭവത്തെക്കുറിച്ചും നിയമസമാധാനത്തെക്കുറിച്ചുമൊക്കെ ഇവിടെ പറഞ്ഞു. സി.പി.ഐ.(എം)-ന് സഹിഷ്ണുതയില്ലായെന്ന വിമർശനവും ഉന്നയിച്ചു. കഴിഞ്ഞ അഞ്ചുവർഷക്കാലം രാഷ്ട്രീയ എതിരാളികളെ കള്ളക്കേസ്സിൽ കുടുക്കി പീഡിപ്പിച്ച പാരമ്പര്യമുള്ള ഉമ്മൻ ചാണ്ടിയുടെ ഗവൺമെന്റിന് നിയമസമാധാന തകർച്ചയെപ്പറ്റിയും സി.പി.ഐ.(എം)-ന്റെ സഹിഷ്ണുത ഇല്ലായ്മയെപ്പറ്റിയും പറയുന്നതിന് എന്തു യോഗ്യതയാണുള്ളത്? ലക്ഷക്കണക്കിന് ആളുകളെയാണ് കള്ളക്കേസ്സിൽ കുടുക്കിയത്. എന്റെ അനുഭവങ്ങളൊന്നും ഈ സഭയുടെ മുമ്പിൽ പറയുന്നില്ല. അത് എന്റെ വ്യക്തിപരമായ കാര്യമായി ഞാൻ കാണുകയാണ്.

ഇപ്പോൾ ഷുക്കൂർ വധക്കേസ്സിൽത്തന്നെ സ്വീകരിച്ച നിലപാട് കണ്ടില്ലേ. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ നടപടികൾ തൽക്കാലം സ്റ്റേ ചെയ്തിരിക്കുകയാണ്. രാഷ്ട്രീയ എതിരാളികളെ വകവരുത്താൻവേണ്ടി പോലീസിനെവരെ ഉപയോഗപ്പെടുത്തുകയുണ്ടായി. അതിനെതിരെ ശക്തമായ പ്രതിഷേധം ഈ സഭയിൽ പ്രതിപക്ഷ അംഗങ്ങൾ നടത്തിയിട്ടുള്ള കാര്യവും സ്മരണീയമാണ്.

മുല്ലപ്പെരിയാർ പ്രശ്നത്തെപ്പറ്റിപറഞ്ഞു. എറണാകുളം, ഇടുക്കി ജില്ലകളെ ബാധിക്കുന്ന ഗുരുതരമായ പ്രശ്നമാണത്. ഭരണഘടനാ ബെഞ്ച് കേരളത്തിന്റെ താൽപര്യങ്ങൾക്കെതിരെ ഒരു വിധി പുറപ്പെടുവിക്കുന്നിടത്തേക്കുവരെ കാര്യങ്ങൾ എത്തിച്ചത് ശ്രീ. ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ നയവൈകല്യങ്ങളാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

100 വർഷം കഴിഞ്ഞാലും ഡാമിനൊരു പ്രശ്നവുമില്ലായെന്ന റിപ്പോർട്ടാണ് യു.ഡി.എഫ്. ഗവൺമെന്റിന്റെ അഡ്വക്കേറ്റ് ജനറൽ കേരള ഹൈക്കോടതിയിൽ സമർപ്പിച്ചത്. അടിസ്ഥാനമില്ലാത്തതും വഞ്ചനാപരവുമായ ഒരു റിപ്പോർട്ടാണ് അന്ന് കേരള ഹൈക്കോടതിയിൽ അവതരിപ്പിച്ചുകൊണ്ട് വാദിച്ചത്. അന്നത്തെ ഗവൺമെന്റ് സുപ്രീം കോടതിയിലും ആ നിലപാട് തന്നെയാണ് സ്വീകരിച്ചത്. ഇടുക്കി, എറണാകുളം ജില്ലകളിലെ ലക്ഷക്കണക്കിനാളുകളുടെ ജീവന് ഒരു വിലയും കൽപ്പിക്കാത്ത തരത്തിൽ, നീതീകരിക്കാൻ പറ്റാത്ത വിധത്തിൽ, കേരളത്തെ പ്രതിക്കൂട്ടിലാക്കുന്ന രീതിയിലാണ് സുപ്രീംകോടതിയുടെ ഭരണഘടനാ ബെഞ്ച് വിധിച്ചതെന്ന കാര്യം ആർക്കും നിഷേധിക്കാൻ കഴിയില്ല.

ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് കഴിഞ്ഞ ദിവസം വണ്ടിപ്പെരിയാറിൽ പോയി സത്യാഗ്രഹമിരുന്നുവെന്ന് പത്രവാർത്ത കണ്ടു. അദ്ദേഹം അങ്ങനെ ചെയ്തത് നന്നായി. കാരണം കഴിഞ്ഞ ഗവൺമെന്റ് ഇടുക്കി, എറണാകുളം ജില്ലകളിലെ ജനങ്ങളോട് ചെയ്ത വഞ്ചനയ്ക്കുള്ള പരിഹാരമാണ് വണ്ടിപ്പെരിയാറിൽ നടത്തിയ നിരാഹാര സത്യാഗ്രഹം.

എൽ.ഡി.എഫ്. ഗവൺമെന്റ് ഈ നിയമസഭയിൽ തന്നെ ഒരു പ്രമേയം പാസ്സാക്കിയിട്ടുണ്ട്. കേരളത്തിലെ രണ്ടു ജില്ലകളിലെ ജനങ്ങളുടെ ജീവൻ രക്ഷിക്കുന്നതിനുവേണ്ടി ഒരു പുതിയ ഡാം എന്ന ലക്ഷ്യത്തിൽനിന്നും ഒരു നിലയിലും പിന്നോട്ടുപോകുന്ന പ്രശ്നമില്ലെന്നാണ് കേരള നിയമസഭ പാസ്സാക്കിയിരിക്കുന്ന പ്രമേയം. ഈ ഗവൺമെന്റിന്റെ നയം അതാണെന്ന് ആദരണീയനായ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഇവിടെ വ്യക്തമാക്കിയിട്ടുമുണ്ട്. എന്നാൽ ഗവൺമെന്റിനെതിരെ

അപവാദപ്രചാരവേല നടത്തി, എൽ.ഡി.എഫ്. ഗവൺമെന്റിനെ പ്രതിക്കൂട്ടിൽ ആക്കുന്നതിനുവേണ്ടി ബോധപൂർവ്വമായ ശ്രമമാണ് ഇപ്പോൾ പ്രതിപക്ഷം നടത്തിക്കൊണ്ടിരിക്കുന്നത്. കേരളത്തെ സംബന്ധിച്ചിടത്തോളം ഇടതുപക്ഷ ജനാധിപത്യ മുന്നണി പ്രഖ്യാപിച്ചിരിക്കുന്ന മിനിമം പരിപാടി ദിശാബോധമുള്ള പരിപാടിയാണ്.

നവകേരളത്തെപ്പറ്റി ഇന്നലെ പ്രതിപക്ഷാംഗങ്ങൾ ഇവിടെ വിമർശിക്കുന്നത് കേട്ടു. ആദ്യം ഗവൺമെന്റിനെ പ്രവർത്തിക്കാൻ അനുവദിക്കുക, അവർക്ക് അവസരം നൽകുക. എന്നിട്ടല്ലേ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെപ്പറ്റി വിമർശിക്കേണ്ടത്. കോൺഗ്രസ്സിന്റെ സമുന്നതനായ നേതാവ്, ഞാൻ അദ്ദേഹത്തിന്റെ പേര് ഇവിടെ പറയുന്നില്ല, കോൺഗ്രസ്സുകാർ ജയിലിൽ പോകാൻ തയ്യാറായിക്കോളൂ എന്നാണ് പ്രവർത്തകരോട് പറഞ്ഞത്. കേരളത്തിലെ എല്ലാ പത്രവും റിപ്പോർട്ട് ചെയ്ത കാര്യമാണ്. അതുകൊണ്ടാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് ഒരു മാസം തികയുന്നതിനുമുമ്പുതന്നെ നിയമസമാധാനം തകർക്കാൻവേണ്ടി ദളിത് പീഡനം പറഞ്ഞ് ജനങ്ങളെ തെറ്റിദ്ധരിപ്പിച്ച് മാധ്യമങ്ങളെ കൂട്ടുപിടിച്ച് അടിസ്ഥാനരഹിതമായ അപവാദപ്രചാരവേല നടത്തുന്നതെന്നാണ് എന്റെ വിമർശനം. ഒരു മാസം മാത്രമായ ഗവൺമെന്റും മന്ത്രിമാരും അധികാരം ഏറ്റെടുത്ത് ഭരണം തുടങ്ങിയില്ല, അതിനുമുമ്പ് ഈ നിലയിൽ കാര്യങ്ങൾ ചെയ്യുന്നത് അങ്ങേയറ്റത്തെ ജനാധിപത്യ വിരുദ്ധമാണെന്ന ശക്തമായ വിമർശനം രേഖപ്പെടുത്തിക്കൊണ്ട് ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ശക്തമായി പിന്താങ്ങിക്കൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. എൽദോസ് കുന്നപ്പിള്ളി</u> : സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുകയാണ്. ഏറ്റവും പ്രധാനപ്പെട്ട ഒരു നയമായി നയപ്രഖ്യാപനത്തിൽ പറഞ്ഞത് " Opening the door on hearing the footsteps എന്നാണ്. 'കാലൊച്ച കേൾക്കവേ വാതിൽ തുറക്കുക' എന്നാണെങ്കിൽ ഈ 35 ദിവസംകൊണ്ട് കേരളത്തിലെ ജനങ്ങൾ പറയുന്നത് 'കാലൊച്ച കേൾക്കുംമുമ്പേ വാതിൽ കൊട്ടിയടച്ചു' എന്നാണ്. ശ്രീ. എം. എം. മണി ഒന്ന്, രണ്ട്, മൂന്ന് എന്ന് അക്കമിട്ട് പറഞ്ഞ ചില കാര്യങ്ങളുണ്ടല്ലോ. അദ്ദേഹം മെഡിക്കൽ കോളേജിനെ 'പെട്ടിക്കട' എന്ന് വിളിച്ചാണ് അപമാനിച്ചത്. ഈ അപമാനം മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയെ അപമാനിച്ചതിന് തുല്യമാണ്. രാവിലെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ മറുപടി കേട്ടാൽ കാലൊച്ച കേൾക്കുംമുമ്പേ വാതിൽ കൊട്ടിയടച്ചു എന്ന് ആർക്കും ബോദ്ധ്യപ്പെടും.

നയപ്രഖ്യാപന പ്രസംഗത്തിൽ എക്സൈസ് വകുപ്പുമായി ബന്ധപ്പെട്ട കാര്യം വായിക്കുമ്പോൾ ഇത് ചില ബാർ മുതലാളിമാർ എഴുതിക്കൊടുത്തതാണോ എന്നുപോലും എനിക്ക് സംശയം തോന്നിയിട്ടുണ്ട്. മദ്യ ഉപഭോഗത്തിൽ ഏർപ്പെടുത്തിയ നിയന്ത്രണത്തിന് ഉദ്ദേശിച്ച ഫലം ലഭിച്ചിട്ടില്ലായെന്നു പറയുമ്പോൾ, സമ്പൂർണ്ണ മദ്യനിരോധനമല്ല ഗവൺമെന്റ് ഉദ്ദേശിക്കുന്നത്, മറിച്ച് ബാറുകൾ തുറക്കുവാൻ വേണ്ടിയാണെന്ന് കൊച്ചുകുട്ടിക്കുപോലും ബോദ്ധ്യപ്പെടും. Opening the door on hearing the footsteps എന്നുള്ളതിൽ door എന്ന പദം മാറ്റി opening the bar on hearing the footsteps എന്നാക്കുന്നതായിരിക്കും ഉചിതമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് നാലുവരി കവിത ഞാൻ കുറിച്ചിട്ടുണ്ട്. സമയം കുറവാണെങ്കിലും ഈ കവിത ഞാൻ ചൊല്ലാം.

"കാലൊച്ച കേൾക്കവേ വാതിൽ തുറക്കുവാൻ
വാതിക്കൽ ആരോരുമില്ലെന്നറിയുക സഖാവേ
പൂട്ടിപുറപ്പെട്ട പാർട്ടി നേതാവിനെ
പാട്ടിലാക്കി തിരിച്ചെത്തുവാൻ വൈകി നീ
നെട്ടോട്ടമോടേണ്ടിവന്നിതാ ജനങ്ങൾക്ക്
കഷ്ടകാലമല്ലാതിതെന്തു പറയുവാൻ"

ഏത് രീതിയിൽ നോക്കിയാലും ഈ ഗവൺമെന്റ് വന്നതിനുശേഷം ഓരോ ഡോറും ക്ലോസ് ചെയ്യുന്നത് കാണാൻ കഴിയും. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ അവസാനിപ്പിക്കുമെന്നും സ്ത്രീകളുടെയും കുട്ടികളുടെയും വികസനത്തിന് പുതിയ വകുപ്പ് സൃഷ്ടിക്കുമെന്നും പറഞ്ഞുവെങ്കിൽ നമ്മൾ കണ്ടതെന്താണ്; തലശ്ശേരിയിൽ ദളിത് പെൺകുട്ടികളെ ജയിലിലടച്ചു. മുലകുടി മാറാത്ത കുട്ടിയെവരെ അഴി എണ്ണിച്ചു. ഇവർക്ക് എങ്ങനെയാണ് വാതിലുകൾ തുറന്നിടാൻ കഴിയുക? ഇങ്ങനെ നിരവധി കാര്യങ്ങൾ ചൂണ്ടിക്കാണിക്കുവാൻ കഴിയും. ജീവനക്കാരുടെ കാര്യക്ഷമതയും തൊഴിൽപരമായ കഴിവും വർദ്ധിപ്പിക്കുമെന്ന് പറയുന്നതിനോടൊപ്പം ജീവനക്കാരെ വിശ്വാസത്തിലെടുക്കാതെയാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നതെന്ന് കാണാൻ കഴിയും. ഇതിലെ നയങ്ങൾക്ക് വ്യക്തമായ മാറ്റമുണ്ടാകണം. ഈ നയം closing the door on hearing the footsteps ആയി മാറിയിരിക്കുന്നു എന്നുള്ളതുകൊണ്ട് ഈ നന്ദിപ്രമേയത്തെ ഞാൻ എതിർക്കുന്നു.

ശ്രീ. മുഹമ്മദ് മുഹസിൻ പി : സർ, ഗവർണറുടെ നയപ്രഖ്യാപനത്തെ പിന്തുണച്ച് ബഹുമാനപ്പെട്ട മെമ്പർ ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുന്നു. എന്റെ പ്രിയപ്പെട്ട സഹപ്രവർത്തകൻ ശ്രീ. എൽദോസ് കുന്നപ്പിള്ളി, കാലൊച്ച കേൾക്കുന്നതിനുമുമ്പേ വാതിൽ കൊട്ടിയടച്ചു എന്ന് ഇവിടെ പറയുകയുണ്ടായി. വിദ്യാഭ്യാസ കച്ചവടക്കാരുടെയും അഴിമതിക്കാരുടേയും വാതിലുകളാണ് കൊട്ടിയടച്ചത്. അതുകൊണ്ട് അതിന് കൂട്ടുനിന്നവർക്കെല്ലാം വേദനയുണ്ടാകുമെന്നുള്ളത് സത്യമാണ്. കഴിഞ്ഞ അഞ്ച് വർഷക്കാലം അഴിമതിയുടേയും വികസന മുരടിപ്പിന്റേയും അന്ധകാരത്തിൽ കിടന്നിരുന്ന കേരളത്തെ മനുഷ്യത്വത്തിന്റെ മുഖമുള്ള, ജനകീയ വികസന ചിന്തയിലൂടെ, ശക്തമായ അഴിമതിവിരുദ്ധ നടപടിയിലൂടെ ഒരു പുതിയ സൂര്യവെളിച്ചം നൽകാൻ ശ്രമിച്ച ഒരു ഗവൺമെന്റാണ് എന്ന് ചുരുങ്ങിയ കാലംകൊണ്ട് കേരളത്തെ ബോദ്ധ്യപ്പെടുത്താൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. ധാരാളം ആളുകളുടെ വേദനകളും പ്രതീക്ഷകളുമാണ് ചുവപ്പുനാടയിൽ കുരുങ്ങിക്കിടന്നിരുന്നത്. അങ്ങനെ ചുവപ്പുനാടയിൽ കുരുങ്ങിക്കിടക്കാതിരിക്കാൻ തുടക്കത്തിൽത്തന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്യോഗസ്ഥർക്കും ബന്ധപ്പെട്ടവർക്കും കർശനനിർദ്ദേശങ്ങൾ നൽകിക്കഴിഞ്ഞു. മന്ത്രിമാരുടെയും മറ്റും ധൂർത്തുകൊണ്ടുണ്ടാകുന്ന ചെലവുകൾ ചുരുക്കാൻവേണ്ടി സ്റ്റാഫുകളുടെ എണ്ണം കുറയ്ക്കുകയും പൈലറ്റ് വാഹനങ്ങൾ വേണ്ടെന്നുവയ്ക്കുകയും ചെയ്തത് മാതൃകാപരമായ തീരുമാനമാണ്.

തൊഴിലവസരങ്ങൾക്കുവേണ്ടി യുവാക്കൾ പ്രതീക്ഷയോടെയാണ് കാത്തിരിക്കുന്നത്. ആദ്യത്തെ ക്യാബിനറ്റ് മീറ്റിംഗിൽത്തന്നെ റിപ്പോർട്ട് ചെയ്യപ്പെടാത്ത ഒഴിവുകൾ അടിയന്തരമായി റിപ്പോർട്ട് ചെയ്യുവാൻ നിർദ്ദേശം നൽകി. അത് കേരളത്തിൽ മാത്രമല്ല ഇന്ത്യയൊട്ടാകെ വലിയ പ്രതീക്ഷയാണ് നൽകുന്നത്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ഇന്ത്യാ രാജ്യം മുഴുവൻ വർഗ്ഗീയവൽക്കരണത്തിലാണ്. ഇന്ത്യയിലെ ജനങ്ങളെ ജാതിയുടെയും മതത്തിന്റെയും പേരിൽ ഭിന്നിപ്പിച്ചുകൊണ്ട് രാഷ്ട്രീയലക്ഷ്യം നേടിയെടുക്കുവാൻ ശ്രമിച്ച ബി.ജെ.പി. സർക്കാരിന്റെ കാര്യം നമുക്കെല്ലാവർക്കുമറിയാം. അത്തരമൊരു സാഹചര്യമാണ് ഇന്ത്യയിലുടനീളം ഉണ്ടായിക്കൊണ്ടിരിക്കുന്നത്. നമ്മുടെ ജനാധിപത്യ സംവിധാനങ്ങൾ, ഭരണഘടന പോലും ഭീഷണി നേരിടുകയാണ്. ഉത്തരാഖണ്ഡിൽ ജനാധിപത്യ രീതിയിൽ

തെരഞ്ഞെടുക്കപ്പെട്ട സർക്കാരിനെ പിരിച്ചുവിട്ടുകൊണ്ടാണ് ശ്രീ. നരേന്ദ്രമോദി അതിന് തുടക്കം കുറിച്ചത്. 1957-ൽ ജനാധിപത്യത്തിലൂടെ അധികാരത്തിൽ വന്ന ഇ.എം.എസ്. ഗവൺമെന്റിനെ പിരിച്ചുവിട്ടുകൊണ്ട് കോൺഗ്രസ് ഒരു കീഴ്വഴക്കം ഉണ്ടാക്കിയെടുത്തു. സ്വന്തം കോർട്ടിലേയ്ക്കും അത്തരമൊരു അവസ്ഥ ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. ജനാധിപത്യ ഭരണ ഘടനയുടെ സങ്കല്പമായിട്ടുള്ള മതനിരപേക്ഷതയെയും സാമൂഹ്യ സമത്വത്തെയും പാർലമെന്റിൽപ്പോലും ചോദ്യം ചെയ്യാൻ കേന്ദ്രം ഭരിക്കുന്ന ആളുകൾ മുതിർന്നിരിക്കുകയാണ്. വിലക്കയറ്റം കൊണ്ട് സാധാരണക്കാരന്റെ ജീവിതം ദുരിതപൂർണ്ണമായിക്കൊണ്ടിരിക്കുന്ന ഒരവസ്ഥയാണുള്ളത്. ഇന്ത്യയൊട്ടാകെ ഈ discontent വളർന്നുകൊണ്ടിരിക്കുകയാണ്. യുവാക്കളുടെ നേതൃത്വത്തിൽ മോദിയുടെയും ബി.ജെ.പി.യുടെയും സപ്പോർട്ടേഴ്സായിരുന്ന പട്ടേൽ അജിറ്റേഷൻ നടക്കുകയാണ്; ജാട്ട് സമരം നടക്കുകയാണ്. ഇവരൊക്കെ പരമ്പരാഗതമായി ബി.ജെ.പി.യുടെ അണികളായിരുന്നു. ഈ രീതിയിൽ ഇന്ത്യയിൽ വ്യാപകമായ പ്രതിഷേധങ്ങൾ നടന്നുകൊണ്ടിരിക്കുമ്പോൾ പ്രതീക്ഷയുടെ കിരണമാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഇന്ത്യയുടെ മുമ്പിൽ വയ്ക്കുന്നത്. നരേന്ദ്രമോദി നടപ്പിലാക്കുന്ന നയങ്ങൾ അതുപോലെ മറ്റൊരു രീതിയിൽ കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ കേരളത്തിലും നടപ്പിലാക്കിയെന്നുവേണം കരുതാൻ, പ്രത്യേകിച്ചും പൊതുമേഖലാ സ്ഥാപനങ്ങളേയും വിദ്യാഭ്യാസ സ്ഥാപനങ്ങളേയും സംബന്ധിച്ച്. ഞാൻ JNU-വിലെ വിദ്യാർത്ഥിയായിരുന്നു. ഞാനടക്കം ധാരാളം വിദ്യാർത്ഥികൾ ഈ സ്ഥാപനത്തിൽ നിന്നും പഠിച്ച് പുറത്തിറങ്ങിയിട്ടുണ്ട്. ഞങ്ങൾ വലിയ പ്രതീക്ഷയോടെയാണ് ഈ രാജ്യത്തെ കണ്ടിരുന്നത്. പക്ഷേ ഓരോ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ആർ.എസ്.എസ്.ന്റെ ഏജന്റിനെ നിയമിച്ചുകൊണ്ട് അത് പൂട്ടിക്കുകയും അതിന്റെ നിലവാരം തകർക്കുകയും ചെയ്യുന്നതിനുള്ള ശ്രമങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. അതുപോലെ ഐ. ഐ. ടി. കളിലും മറ്റ് സ്ഥാപനങ്ങളിലും ഫീസ് വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നു. പാവപ്പെട്ടവൻ പഠിക്കേണ്ടായെന്ന തീരുമാനമാണ് ഇതിന്റെ പിന്നിലുള്ളത്. നിലവിലുള്ള സ്കോളർഷിപ്പുകൾ നിർത്തലാക്കുകയാണ്. നരേന്ദ്രമോദി നടത്തുന്ന ഇങ്ങനെയുള്ള അനേകം വികസന നയങ്ങളെക്കുറിച്ച് നമുക്കറിയാം. സമയക്കുറവു കൊണ്ട് അതൊന്നും ഞാൻ വിശദീകരിക്കുന്നില്ല. വിദ്യാഭ്യാസ സ്ഥാപനങ്ങളെ തകർത്ത് സ്വകാര്യ മാനേജുമെന്റുകളെ പ്രൊമോട്ട് ചെയ്യുന്ന ഒരു തീരുമാനമാണ് കേരളത്തിലും കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ കൈക്കൊണ്ടത്.

കോഴിക്കോട്ടെ മലാപ്പറമ്പ് സ്കൂൾ ഉൾപ്പെടെയുള്ള സ്കൂളുകൾ പൂട്ടിക്കാനുണ്ടായ നടപടി നമുക്കറിയാം. ഒരൊറ്റ കുട്ടിപോലും ഇല്ലാത്ത 12 സർക്കാർ എയ്ഡഡ് വിദ്യാലയങ്ങൾ കഴിഞ്ഞ അദ്ധ്യയന വർഷത്തിൽ ഉണ്ടായിട്ടുണ്ട്. അൺ എക്കണോമിക് സ്കൂളുകളായി ലിസ്റ്റ് ചെയ്യപ്പെട്ടിരിക്കുന്നത് 5573 സ്കൂളുകളാണ്. ഈ സമയത്ത് സർക്കാർ സ്കൂളുകളിൽ 22543 കുട്ടികളും എയ്ഡഡ് സ്കൂളുകളിൽ 57323 കുട്ടികളും കുറഞ്ഞു. എന്നാൽ മറ്റൊരു സാഹചര്യം കൂടി ഉണ്ടായിട്ടുണ്ട്. അൺ എയ്ഡഡ് മേഖയിൽ 52061 കുട്ടികൾ കൂടി. കേരളത്തിൽ അംഗീകാരമില്ലാതെ കിടന്ന നാനൂറോളം സ്കൂളുകൾക്ക് അംഗീകാരം കൊടുത്തു. സ്വകാര്യ സ്ഥാപനങ്ങൾ കൂണുപോലെ മുളച്ചുപൊങ്ങാൻ തുടങ്ങി. പാവപ്പെട്ടവർ പഠിക്കുന്ന സർക്കാർ സ്കൂളുകളും പൂട്ടിക്കുന്ന ഒരു നിലപാടാണ് കഴിഞ്ഞ സർക്കാർ സ്വീകരിച്ചത്. ' He who opens a school door, closes a prison' എന്ന് വിക്ടർ ഹ്യൂഗോ (Victor Marie Hugo) പറയുന്നുണ്ട്. സ്കൂളുകൾ പൂട്ടുന്നത് അനേകം ജയിലുകൾ തുറക്കുന്നതിന് തുല്യമാണ്. അതുകൊണ്ട് നഷ്ടത്തിന്റെ പേരിൽ ഏതൊക്കെ സ്ഥാപനങ്ങൾ പൂട്ടിയാലും, നിയമനിർമ്മാണ സഭ ലാഭകരമല്ലെന്ന പറഞ്ഞ് പൂട്ടേണ്ട അവസ്ഥ വന്നാൽപ്പോലും നമ്മുടെ സ്കൂളുകൾ പൂട്ടാൻ ഇടവരുത്തില്ല. സർക്കാർ സ്കൂളുകളിലും എയ്ഡഡ് സ്കൂളുകളിലുമൊക്കെയാണ് സാധാരണക്കാരന്റെയും ആദിവാസികളുടെയും ദളിതരുടെയും കുട്ടികൾ പഠിക്കുന്നത്. അത്തരം സ്ഥാപനങ്ങൾ പൂട്ടിക്കൊണ്ട് എയ്ഡഡ് സ്ഥാപനങ്ങളെ വളർത്തുകയാണ് ചെയ്യുന്നത്. പൊതുമേഖലാ സ്ഥാപനങ്ങൾ പൂട്ടുക എന്നുള്ളതാണ് മോദിയുടെ നയം. സമയം കുറവായതു കൊണ്ട് കൂടുതൽ കാര്യങ്ങളിലേക്ക് ഞാൻ കടക്കുന്നില്ല.

കഴിഞ്ഞ ഇടതുപക്ഷജനാധിപത്യ ഗവൺമെന്റിന്റെ ഭരണകാലത്ത് 11 പൊതുമേഖലാസ്ഥാപനങ്ങളാണ് ലാഭത്തിലുണ്ടായിരുന്നത്. എന്നാൽ യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് ഇതെല്ലാം നഷ്ടത്തിലേക്കാണ് പോയത്. ഇതൊരു മാജിക്കാണ്. ഈ മാജിക്ക് അദാനിക്കും അംബാനിക്കും പറഞ്ഞു കൊടുത്തിരുന്നെങ്കിൽ ഇവിടത്തെ പാവപ്പെട്ടവർക്ക് ജീവിക്കാൻ കഴിയുമായിരുന്നു. എങ്ങനെയാണ് ലാഭത്തിലുള്ള ഒരു സ്ഥാപനത്തെ പെട്ടെന്ന് നഷ്ടത്തിലാക്കുന്നത്? പൊതുമേഖലാ സ്ഥാപനങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും നഷ്ടത്തിലാക്കി ക്കൊണ്ട് ഒന്നുകിൽ അത് പൂട്ടിക്കുക അതല്ലെങ്കിൽ സ്വകാര്യ കോർപ്പറേറ്റ് മുതലാളിമാരെക്കൊണ്ട് അത് ഏറ്റെടുപ്പിക്കുന്ന നയമാണ് മോദി സർക്കാരും യു.ഡി.എഫ്. സർക്കാരും പിന്തുടർന്നത്. ഇത് ഇൻഡ്യയിൽ ഇന്ന് നടപ്പിലാക്കുന്ന ഒരു നിയോ ലിബറൽ സാമ്പത്തികനയത്തിന്റെ പിന്തുടർച്ചയാണ്. യൂറോപ്യൻ രാജ്യങ്ങളിലൊക്കെ ഇത് പിന്തുടർന്ന് ആഗോളസാമ്പത്തിക മാന്ദ്യം സംഭവിച്ചപ്പോൾ പിടിച്ചുനില്ക്കാനാവാത്ത ഒരവസ്ഥയുണ്ടായി.

Occupy Wall Street (OWS) എന്നുപറയുന്ന ഒരു മൂവ്മെന്റ് നടന്നു. അതുപോലെ ഗ്രീസ് തകർന്നടിഞ്ഞു. ഇപ്പോൾ ബ്രിട്ടൻ യൂറോപ്യൻ യൂണിയനിൽ നിന്നും മാറി. ഇതൊക്കെ ഇത്തരത്തിലുള്ള നയങ്ങൾ പിന്തുടരുന്നതിന്റെ ഭാഗമാണ്. ഇൻഡ്യയും അത്തരത്തിലുള്ള ഒരു സാഹചര്യത്തിലേക്ക് പോകാതിരിക്കണമെങ്കിൽ, ഇപ്പോൾ യൂറോപ്പിലും മറ്റും ചിന്തിച്ചുകൊണ്ടിരിക്കുന്ന ഒരു സോഷ്യലിസ്റ്റ് നയത്തിലേക്ക് മുന്നേറാനുള്ള ശ്രമമാണ് അവർ നടത്തുന്നത്. ആ സാഹചര്യം നമ്മൾ മുൻകൂട്ടി മനസ്സിലാക്കിക്കൊണ്ടുവേണം കാര്യങ്ങൾ ചെയ്യാൻ. ഈ ഗവൺമെന്റ് സോഷ്യലിസ്റ്റ് നയത്തിന് ഒരു മാതൃകയാണ്. ഇനി ഒരു സ്കൂളും അടച്ചുപൂട്ടുകയില്ല എന്ന നയമാണ് സ്വീകരിച്ചത്. പൂട്ടിയ സ്കൂളുകൾ തുറക്കാനുള്ള സംവിധാനങ്ങളാണ് സ്വീകരിച്ചത്. അതാണ് പ്രതീക്ഷയുടെ നാമ്പ് കൊടുക്കുന്നുണ്ടെന്ന് ഞാൻ പറഞ്ഞത്.

ഇൻഡ്യയിൽ തൊഴിലില്ലായ്മയിൽ ഒന്നാം സ്ഥാനത്ത് നില്ക്കുന്ന സംസ്ഥാനം കേരളമാണ്. ദേശീയ ആവറേജിനേക്കാൾ മൂന്നിരട്ടിയാണിത്. കേരളത്തിൽ 15 മുതൽ 29 വയസ്സുവരെയുള്ള ആളുകൾ 23% ഉണ്ട്. അതിൽ 21.7% ആളുകൾ ഗ്രാമീണമേഖലയിൽ ജീവിക്കുന്ന തൊഴിലില്ലാത്തവരാണ്. എന്നാൽ ഇൻഡ്യയുടെ ആവറേജ് 4.9 ശതമാനമേയുള്ളൂ. അർബൻ ഏരിയയിൽ യുവാക്കളായ 18% ആളുകളും തൊഴിലില്ലാത്തവരാണ്. ഇൻഡ്യയുടെ ആവറേജ് 9.2 ശതമാനമേയുള്ളൂ. എന്നാൽ യുവതികളായിട്ടുള്ള സ്ത്രീകളുടെ തൊഴിലില്ലായ്മ 47.4% ആണ്. ഇൻഡ്യയുടെ ആവറേജാണെങ്കിൽ 4.8 ശതമാനമേയുള്ളൂ. ഇനിയും നമുക്ക് ഒരുപാട് മുന്നോട്ടുപോകാനുണ്ട്. 25 ലക്ഷത്തോളം ആളുകൾക്ക് തൊഴിൽ കൊടുക്കുവാനും പുതിയ തൊഴിൽസംരംഭങ്ങൾ തുടങ്ങുവാനുമുള്ള ഈ സർക്കാരിന്റെ നയം വലിയ പ്രതീക്ഷകളാണ് നല്കുന്നത്.

പല പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെയും കാലാവധി അവസാനിക്കാൻ പോകുകയാണ്. ഇവിടെ ഇരിക്കുന്ന പലരുടെയും മുമ്പിൽ അക്കാര്യവും പറഞ്ഞുകൊണ്ട് ഉദ്യോഗാർത്ഥികൾ വരുന്നുണ്ടാകും. വർഷങ്ങളായി നിയമനവും കാത്തിരിക്കുകയാണ്; ഒരു നടപടിയും ഇതുവരേയും സ്വീകരിച്ചിട്ടില്ല എന്നുപറഞ്ഞ് നിരവധി ആപ്ലിക്കേഷനുകളാണ് ലഭിക്കുന്നത്. നിയമനം റിപ്പോർട്ട് ചെയ്ത് എത്രയുംപെട്ടെന്ന് നടപ്പാക്കാനുള്ള പ്രവർത്തനങ്ങൾ ഗവൺമെന്റ് ചെയ്യണം. കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ റിപ്പോർട്ട് ചെയ്യാത്തതിന്റെ ഫലമായിട്ടാണ് ഇത്തരമൊരു സാഹചര്യമുണ്ടായത്.

സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. കഴിഞ്ഞ അഞ്ചുവർഷക്കാലയളവിൽ Sexual harassment, molestation, rape എന്നിവ കൂടിയിട്ടുണ്ട്. ദളിത്-ആദിവാസികളോടുള്ള സ്നേഹം പ്രകടിപ്പിച്ചുകൊണ്ട് പ്രതിപക്ഷ നേതാവിന്റെ നേതൃത്വത്തിൽ പതിനാലാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിൽ അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് ഇവിടെനിന്ന് ഇറങ്ങിപ്പോയ പ്രതിപക്ഷ നേതാവ് ആഭ്യന്തര മന്ത്രിയായിരിക്കുമ്പോഴാണ് ജിഷയുടെ കൊലപാതകം നടക്കുന്നത്. ജിഷയുടെ കൊലപാതകം സംബന്ധിച്ചുള്ള അന്വേഷണത്തിന് സഹായകമായ തെളിവുകൾ നശിപ്പിച്ചിട്ടും അതിനുത്തരവാദികളായവരുടെ പേരിൽ നടപടിയെടുക്കുകപോലും ചെയ്യുകയുണ്ടായില്ല. ആ സ്ഥലം സീൽ ചെയ്യപ്പെടുന്നതുപോലും 5 ദിവസം കഴിഞ്ഞിട്ടാണ്, മൃതദേഹവും പെട്ടെന്ന് ദഹിപ്പിച്ചു. യാതൊരു കാരണവശാലും തെളിവ് നിലനില്ക്കരുതെന്ന് വിചാരിച്ച് അന്നത്തെ ആഭ്യന്തരമന്ത്രിയുടെ പോലീസാണ് ഇത് ചെയ്തത്. പുതിയ ഗവൺമെന്റ് അധികാരത്തിൽ വന്നു, സത്യം പുറത്തുവന്നു കൊണ്ടിരിക്കുന്നു. നിയമവിദ്യാർത്ഥിയായിരുന്ന ദളിത് പെൺകുട്ടിയായിരുന്നു ജിഷ.

മി. ഡെപ്യൂട്ടി സ്പീക്കർ : സമയം കഴിഞ്ഞു....പ്ലീസ്......

ശ്രീ. മുഹമ്മദ് മുഹസിൻ പി : സർ, രാഷ്ട്രീയത്തിന് പുതിയ ദിശാബോധം നല്കുന്ന ഇടതുപക്ഷ സർക്കാർ വലിയ പ്രതീക്ഷകളാണ് നല്കുന്നത് എന്നുള്ളതു കൊണ്ട് ഈ നന്ദിപ്രമേയത്തെ ഞാൻ പിന്തുണയ്ക്കുന്നു.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : സർ, ഇവിടെ അവതരിപ്പിച്ച നന്ദി പ്രമേയത്തെ ഞാൻ എതിർക്കുകയാണ്. ഇവിടെ ധവളപത്രം പുറപ്പെടുവിച്ചിരിക്കുന്നു. ധവളപത്രം ഇറക്കാൻ വളരെ എളുപ്പമാണ്. അതിന് പ്രത്യേകിച്ച് ചെലവൊന്നുമില്ല. പക്ഷെ, ഈ ധവളപത്രം ഇറക്കാൻ ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയെ സഹായിച്ച ഉദ്യോഗസ്ഥന്മാർ, കഴിഞ്ഞ ഗവൺമെന്റിന്റെ മുന്നിലും ഇതേ പ്രശ്നങ്ങളും ഇതേ സൊല്യൂഷനുകളും, ധവളപത്രം എന്ന നിലയിലല്ല മറ്റു പല രീതികളിലും അവതരിപ്പിച്ചതാണ്. ഞാൻ ധവളപത്രം ഓടിച്ചു വായിച്ചുനോക്കി. സൊല്യൂഷൻ എന്താണ് പറഞ്ഞിരിക്കുന്നത് എന്നാണ് ആദ്യം നോക്കിയത്. സൊല്യൂഷൻ എന്നുപറയുന്നത് ചെലവുചുരുക്കൽ, വരുമാനം വർദ്ധിപ്പിക്കാൻ നികുതി കൂട്ടൽ എന്നിവയാണ്.

ചെലവുചുരുക്കലിനെക്കുറിച്ച് ഇവിടെ പറഞ്ഞിട്ടുണ്ട്. നോൺ-പ്ലാൻ എക്സ്പെൻഡിച്ചറിൽ വരുന്ന ചെലവുകൾ വെട്ടിച്ചുരുക്കി. സാലറീസ് വെട്ടിച്ചുരുക്കണ്ട, വലിയ പരിഷ്കാരങ്ങളൊന്നും ആവശ്യമില്ലാത്തവയാണ്. എല്ലാം പരിഷ്കരിച്ച്

ഉദ്യോഗസ്ഥർക്ക് സാലറി വർദ്ധിപ്പിച്ചുകൊടുത്തതാണ്. കുറച്ച് ദിവസമേ ആയിട്ടുള്ളൂ എന്നുള്ളതുകൊണ്ട് ഈ ഗവൺമെന്റിനെ പൊളിറ്റിക്കലായി വിമർശിക്കുന്നില്ല. സ്റ്റാർട്ടിംഗ് പ്രോബ്ലം എന്താണെന്നുവച്ചാൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാര്യങ്ങളൊന്നും അംഗീകരിക്കാൻ പാടില്ല. അല്ലെങ്കിൽ അംഗീകരിക്കാൻ ഒരു പിശുക്ക്. അതുമൂലം ഉണ്ടാകുന്ന നഷ്ടം നിങ്ങൾക്കായിരിക്കും. കഴിഞ്ഞ ഗവൺമെന്റ് വികസന കാര്യങ്ങളിൽ മോശമാണെന്ന് ആരും പറയില്ല. നാഷണൽ ഹൈവേയുടെ കാര്യം പറഞ്ഞു. നമുക്ക് ചെയ്യാൻ കഴിഞ്ഞിട്ടില്ല. ചെയ്യാനുള്ള ഒരു സമീപനം എടുക്കുന്നു. അതിന് എല്ലാവരുടെയും സഹകരണം വേണം എന്നുപറഞ്ഞാൽ പോസിറ്റീവാണ്. മുല്ലപ്പെരിയാറിന്റെ കാര്യം വന്നപ്പോൾ സംസ്ഥാനത്തിന്റെ താല്പര്യം വേണം. അതേ അവസരത്തിൽ മലയാളികളുടെ പ്രശ്നങ്ങളും മറ്റു കാര്യങ്ങളും വന്നപ്പോൾ വിശാലമായ ഒരു ചർച്ച നടത്താമെന്ന് പറഞ്ഞു. കഴിഞ്ഞ ഗവൺമെന്റിന്റെ പഴയ മുഖ്യമന്ത്രി ഇവിടെയിരിക്കുന്നു. ഇലക്ഷനിൽ തോറ്റു എന്നു വിചാരിച്ച് ചെയ്ത കാര്യങ്ങളൊന്നും ഇല്ലാതാകുന്നില്ല. ഈ സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ ഒരുകാലത്തും ഉണ്ടാകാത്തവിധം മാറിയില്ലേ; നല്ല റോഡുകൾ സംസ്ഥാനത്തിന്റെ മുഖച്ഛായ മാറ്റിയില്ലേ; എയർപോർട്ടുകൾ മോശമാണോ; പോർട്ടുകൾ, മെട്രോ ഇതൊക്കെ നമുക്ക് വേണ്ടാത്ത കാര്യങ്ങളാണോ? ഈ അടിത്തറയിൽനിന്ന് നിങ്ങൾ അടുത്ത ഘട്ടത്തിലേക്ക് പോകണം. അതാണ് വേണ്ടത്. അല്ലാതെ എല്ലാം അഴിച്ചുപണിയാമെന്ന് ധരിക്കരുത്. അഴിച്ചുപണിയാണ് എല്ലാം ശരിയാക്കൽ എന്നുണ്ടെങ്കിൽ കുഴയും. അറിയാത്തവൻ റേഡിയോ നന്നാക്കിയ കഥ പോലെയാകും. റേഡിയോയിലെ എല്ലാ വയറുകളും അഴിച്ചു പുറത്തിട്ട് ഇനി ഇതൊക്കെ ശരിയാക്കുന്നത് എങ്ങനെയെന്ന് ആലോചിച്ച ഒരു കഥയുണ്ട്. അതുപോലെയായിത്തീരും. അഴിച്ചുപണിത് എല്ലാം ശരിയാക്കാനാണ് പോകുന്നതെങ്കിൽ നിങ്ങളുടെ മുദ്രാവാക്യവും പാളും. ഞങ്ങളുടെ കാലത്ത് അടിസ്ഥാന സൗകര്യ വികസനത്തിലും ഡെവലപ്മെന്റിലും സംസ്ഥാനത്തിനുണ്ടായിട്ടുള്ള മാറ്റങ്ങൾ അതു നിങ്ങൾ കാണണം. അവിടെനിന്നും ബിൽഡ് ചെയ്യാൻ നോക്കണം.

മെഡിക്കൽ കോളേജുകൾ വലിയൊരു അസറ്റ് അല്ലേ? ഏറ്റവും കൂടുതൽ ഇൻവെസ്റ്റുമെന്റ് വരാൻ സാധ്യതയുള്ളത് മെഡിക്കൽ ടൂറിസം, ഐ. ടി. എന്നീ രംഗങ്ങളിലാണ്. ഐ.ടി. രംഗത്തുണ്ടായിട്ടുള്ള ഇൻഫ്രാസ്ട്രക്ച്ചറും നേട്ടവും ചെറുതാണോ? കേരള സംസ്ഥാനം ഇന്ത്യാരാജ്യത്തിനുതന്നെ അഭിമാനകരമായ രീതിയിൽ ഡിജിറ്റൽ ആയത് നമ്മൾ കാണാതിരിക്കരുത്. ഒരു സ്റ്റേറ്റ് ഡിജിറ്റലാകുക എന്നുപറഞ്ഞാൽ കമ്മ്യൂണിക്കേഷനിൽ ഡെവലപ്ഡ് സ്റ്റാറ്റസിലേക്കുള്ള

ആദ്യ കാൽവയ്പാണ് എന്നർത്ഥം. വിദ്യാഭ്യാസം, ഹെൽത്ത് തുടങ്ങിയ എല്ലാ രംഗങ്ങളിലും ഇ-ടെണ്ടർ ട്രാൻസ്പരൻസി. ചെറുതും വലുതുമായി ടെണ്ടറുകൾ ഇ-ടെണ്ടറുകളായി മാറിയ സമയമാണിത്. ഡിജിറ്റൽ ആയതിന്റെ ഒരുപാട് ഉദാഹരണങ്ങൾ നമുക്ക് പറയാൻ സാധിക്കും. ലോകത്ത് വികസിത രാജ്യങ്ങളൊക്കെ ഡിജിറ്റൽ സൊസൈറ്റിയായി മാറിക്കഴിഞ്ഞു. ആ ഒരു സ്ഥിതിയിലേയ്ക്ക് വരാൻ കഴിഞ്ഞ ഇന്ത്യയിലെ ആദ്യത്തെ സ്റ്റേറ്റാണ് കേരളം എന്ന് രാഷ്ട്രപതി ഇവിടെ വന്നു പ്രഖ്യാപിച്ചു. ആ രംഗത്തുണ്ടായ നേട്ടങ്ങൾ കാണേണ്ടതാണ്. അതിന്റെ അടുത്ത ഘട്ടങ്ങളിലേക്ക് നിങ്ങൾക്ക് കൊണ്ടു പോകാം. ഞാൻ കൊണ്ടുപോകുന്നില്ലായെന്ന് വിമർശിക്കുകയല്ല. പക്ഷെ നിങ്ങളുടെ സമീപനത്തിൽ മാറ്റം വരണം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഐ.ടി രംഗത്തുണ്ടായ അടിസ്ഥാന സൗകര്യം കാണാതിരിക്കുന്നത് ശരിയല്ല. ടെക്നോപാർക്കുകൾ, ഇൻഫോ പാർക്കുകൾ അതുപോലെയുള്ളവ ഗവൺമെന്റ് ചെലവിൽ ഉണ്ടാക്കാൻ തുടങ്ങിയപ്പോൾ നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി പറയുന്നു. പണമില്ല, സ്ഥിതി വളരെ മോശമാണ് എന്ന്. എത്ര പാർക്കുകൾ നമ്മൾ ഉണ്ടാക്കും? അപ്പോൾ തീർച്ചയായും സ്വകാര്യനിക്ഷേപം വേണ്ടിവരും. തമിഴ്നാടും കർണ്ണാടകവും സ്വകാര്യ നിക്ഷേപത്തിനുവേണ്ടി അതിശീഘ്രം പോയി, അവർ ഐ.ടി. എക്സ്പോർട്ടിൽ ലോകത്ത് എവിടെയോ എത്തി. അവരുടെ പ്രധാന വരുമാനമെന്നുപറയുന്നത് ഐ.ടി എക്സ്പോർട്ടുകളാണ്. അവിടെ ഇടതുപക്ഷ ഗവൺമെന്റ് കഴിഞ്ഞ ഗവൺമെന്റ് ചെയ്ത സ്റ്റെപ്പ് തെറ്റാണെന്നുപറഞ്ഞ് അറച്ചുനിന്നാൽ, വീണ്ടും ബസ്സുകൾ മിസ്സായിക്കൊണ്ടിരിക്കും. ഒരുപാട് ബസ്സുകൾ പണ്ടൊക്കെ മിസ്സായിട്ടുണ്ട്. സ്മാർട്ട് സിറ്റിക്ക് വന്ന ഗ്യാപ്പ് നമുക്കറിയാം. സ്മാർട്ട് സിറ്റി സംബന്ധിച്ച് ചോദ്യോത്തരവേളയിൽ ചർച്ച വന്നു. ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞപ്പോൾ അക്കാര്യങ്ങളൊക്കെ പറഞ്ഞു. അവിടെ വലിയ വലിയ കമ്പനികളാണ് പണിതുകൊണ്ടിരിക്കുന്നത്. ടെക്നോപാർക്ക് ക്യാമ്പസ്സിൽ എത്ര ജോലിക്കാരാണുള്ളത്; ഇവിടെ എനിക്കുമുൻപ് സംസാരിച്ച ശ്രീ. മുഹമ്മദ് മുഹസിൻ ചോദിച്ചു ചെറുപ്പക്കാർക്ക് ജോലി കൊടുക്കാൻ ഗവൺമെന്റിന് സാധിക്കുമോ എന്ന്. ഗവൺമെന്റിന് അങ്ങനെ ജോലി കൊടുക്കാൻ സാധിക്കുകയില്ല. ധവളപത്രത്തിൽ ചെലവുചുരുക്കാൻ പറഞ്ഞിരിക്കുന്നതിൽ ഒന്ന്, പോസ്റ്റ് കട്ട് ചെയ്യൽ ആയിരിക്കും. ഊഹിക്കാവുന്നതേയുള്ളൂ. ഇതൊക്കെ നമ്മുടെ മുമ്പിൽ പലപ്രാവശ്യം വന്നതാണ്. ഇത്തരം unpopular decisions ഒക്കെ എടുക്കുന്നത് നല്ലതാണെന്ന തോന്നൽ ധവളപത്രത്തിൽ ഉണ്ട് എന്ന് വായിച്ചു നോക്കുമ്പോൾ മനസ്സിലാക്കാൻ കഴിയും. Unpopular decisions ഉണ്ടാകും.

ബഡ്ജറ്റിന്റെ സൂചനയാണെന്ന് ഞാൻ പറയുന്നില്ല. പക്ഷെ എന്തുതന്നെയായാലും ശരി അത്തരത്തിലുള്ള നടപടികളിലേക്ക് പോകുമ്പോൾ ചെറുപ്പക്കാർക്ക് ജോലി നൽകാൻ വേണ്ട അനവധി അടിസ്ഥാന സൗകര്യ വികസനം സാധ്യതയുള്ള ഐ.ടി. രംഗത്ത് ഒന്നും ഉണ്ടാക്കാൻ സർക്കാരിന്റെ പണം ഉപയോഗിച്ച് സാധിച്ചുവെന്ന് വരില്ല.

പ്രൈവറ്റ് ഐ.ടി. പാർക്ക് ഉണ്ടാക്കുക എന്നത് കഴിഞ്ഞ ഗവൺമെന്റിന്റെ പോളിസിയായിരുന്നു. അതിന് സാങ്ഷനോ നടപടിയോ ആയില്ലെന്നു പറഞ്ഞാൽ വലിയ പ്രശ്നമാകും. സംസ്ഥാനത്ത് സാമൂഹ്യനീതി രംഗത്ത് സാധാരണക്കാർക്ക് കിട്ടിയ ഗുണം എന്തിനാണ് കുറച്ചുകാണുന്നത്. അതൊക്കെ തുടരും എന്നു പറഞ്ഞാൽ പോരെ? അതാണ് എനിക്ക് പറയാനുള്ളത്. സ്റ്റേറ്റിന്റെ ഡെവലപ്മെന്റിനുതകുന്ന രീതിയിൽ ഈ ഗവൺമെന്റിന്റെ സമീപനം മാറണം എന്നാണ് എനിക്ക് ഇതിനെ സംബന്ധിച്ച് പറയാനുള്ളത്.

പൊതുമേഖലാ സ്ഥാപനങ്ങൾ സംബന്ധിച്ച് ഇവിടെ പരാമർശിക്കുകയുണ്ടായി. നഷ്ടത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാക്കാൻവേണ്ട മാജിക്കൊന്നും ആരുടെ കയ്യിലും ഇല്ല. പണം അനുവദിക്കുകയാണ് പതിവ്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ഇന്നലെ സബ്മിഷന് മറുപടിയായി ടെക്സ്റ്റൈൽസ് മേഖലയിലെ പ്രതിസന്ധിയെക്കുറിച്ച് പറഞ്ഞു. അവിടെ കഴിഞ്ഞ അഞ്ചുകൊല്ലം ഗവൺമെന്റ് വലിയ തുകയാണ് കൊടുത്തത്. പണം പമ്പ് ചെയ്തു കൊടുത്തുകൊണ്ടേയിരിക്കണം. കാരണം ടെക്സ്റ്റൈൽ രംഗത്ത് recession ഉണ്ട്. ഇന്ത്യയിൽ മുഴുവൻ പ്രതിസന്ധിയാണ്. പൊതുമേഖലാ സ്ഥാപനങ്ങളെ നിലനിർത്താൻ ധാരാളം ഫണ്ടുകൾ അനുവദിക്കേണ്ടിവരും. ഇതിനൊക്കെ ഫണ്ട് ഉണ്ടാകുകയില്ല. അതുകൊണ്ട് കഴിഞ്ഞ ഗവൺമെന്റ് എടുത്ത ചില പോളിസികൾ വളരെ പ്രധാനമാണ്. എല്ലാത്തിനെയും തള്ളിപ്പറഞ്ഞുകൊണ്ടുള്ള നിങ്ങളുടെ സമീപനം, എല്ലാം അഴിച്ചു പണിയാം എന്നിട്ട് ശരിയാക്കാം എന്നുള്ള സമീപനമാണ് സ്വീകരിക്കുന്നതെങ്കിൽ പിന്നെയും പ്രശ്നങ്ങൾ ഉണ്ടാകും.

റോഡുനിർമ്മാണവുമായി ബന്ധപ്പെട്ട് ഒരു മലേഷ്യൻ കമ്പനി വന്നു, അത് വേണ്ടായെന്നു വച്ചു. രണ്ടരക്കൊല്ലം കഴിഞ്ഞ് അവസാനം കമ്പനിയും പോയി കമ്പനിയുടെ ആൾ ആത്മഹത്യ ചെയ്യുകയും ചെയ്തു. അതുപോലെ കെ.എസ്.ടി.പി. റോഡിന്റെ കാര്യം. ഇത്തരം സമീപനങ്ങൾ തുടക്കത്തിലേ എടുക്കുന്നത് നല്ലതല്ല എന്നാണ് എനിക്ക് പറയാനുള്ളത്.

തെരഞ്ഞെടുപ്പിലൂടെ അധികാരത്തിൽ വന്ന പാർട്ടിയാണ് ഞങ്ങളുടേത്. എൽ.ഡി.എഫ്.-ന് അനുകൂലമായ രാഷ്ട്രീയ അവസ്ഥയിലും, മത്സരിച്ചതിൽ ബഹുഭൂരിപക്ഷം സീറ്റും ജയിച്ചുവന്ന ഒരു പാർട്ടിയാണ് എന്റെ പാർട്ടി. കഴിഞ്ഞ പ്രാവശ്യം ജയിച്ചതുപോലെ 18 സീറ്റിലും ഇത്തവണയും ജയിച്ചുവന്നതിൽ ഞങ്ങൾക്ക് അഭിമാനമുണ്ട്. കറകളഞ്ഞ മതേതര സ്റ്റാൻഡിനു കിട്ടിയ അംഗീകാരമാണത്. ഇത്തവണ മത-തീവ്രവാദ-യാഥാസ്ഥിതിക സ്റ്റാൻഡ് എടുക്കുന്ന ആളുകളൊക്കെ ഞങ്ങളെ എതിർത്തു. ആ എതിർപ്പിനെ മറികടന്നു കൊണ്ടാണ് ഞങ്ങൾ വിജയിച്ചത്. ബി.ജെ.പി.-യെ എതിർത്ത കാര്യം പറയുമ്പോൾ, നിങ്ങൾ മറച്ചുവയ്ക്കുന്ന ഒരു കാര്യം ഉണ്ട്. ബി.ജെ.പി.-യുമായി നേരിട്ട് ഏറ്റുമുട്ടിയത് യു.ഡി.എഫ്. ആണ്. മഞ്ചേശ്വരത്ത് എൽ.ഡി.എഫ്.-ന് മൂന്നാം സ്ഥാനം മാത്രമേയുള്ളൂ. ഞങ്ങളാണ് മനോഹരമായ 89 വോട്ടും വാങ്ങി കടന്നുവന്നത്. പാലക്കാടും കാസർഗോഡും തിരുവനന്തപുരത്തും എൽ.ഡി.എഫ്.ന് മൂന്നാം സ്ഥാനമാണ്. ബി.ജെ.പി.-യുടെ സംസ്ഥാന പ്രസിഡന്റിനെ തോൽപ്പിച്ച് അന്തസ്സായി തലയുയർത്തി അഭിമാനപൂർവ്വം ഇരിക്കുകയല്ലേ ശ്രീ. കെ. മുരളീധരൻ. ശ്രീ. ഒ. രാജഗോപാൽ പിണങ്ങരുത്. അല്ലെങ്കിൽ അവിടെ ശ്രീ. കുമ്മനം രാജശേഖരൻ ഇരിക്കുമായിരുന്നു. രാഷ്ട്രീയമായ വ്യത്യസ്ത സമീപനം ഉണ്ടാകാം. പക്ഷെ രാഷ്ട്രീയമായ വിരോധം ആരോടും ഇല്ല. നിയോജകമണ്ഡലാടിസ്ഥാനത്തിൽ വിശകലനം ചെയ്യുമ്പോൾ ബി.ജെ.പി.-യോട് നേരിട്ട് ഏറ്റുമുട്ടുകയും തോൽപ്പിക്കുകയും ചെയ്തത് യു.ഡി.എഫ്. ആണ് അല്ലാതെ എൽ.ഡി.എഫ്. അല്ല. മത-തീവ്രവാദ -യാഥാസ്ഥിതിക സമീപനങ്ങളേയും വർഗ്ഗീയ-വിഭാഗീയ-ഫാസിസ്റ്റ് സമീപനങ്ങളെയും എതിർത്ത്, പുരോഗമനാശയം എന്ന സമീപനം എടുത്തിട്ടാണ് ഞങ്ങൾക്ക് 18 സീറ്റും നേടി അഭിമാനത്തോടുകൂടി ഇവിടെ വന്നിരിക്കാൻ കഴിഞ്ഞത്. അതുപോലെ ദേശീയ തലത്തിലും ബി.ജെ.പി.-യുമായി രാഷ്ട്രീയമായി ഫൈറ്റ് ചെയ്യുന്നത് കോൺഗ്രസ്സാണ്. അല്ലാതെ വെറുതെ വിമർശിക്കുന്നതല്ല. നിങ്ങളുടെ സമീപനത്തിൽ മാറ്റം വരണമെന്നുള്ള വിമർശനത്തോടുകൂടി ഞാൻ നന്ദി പ്രമേയത്തെ എതിർക്കുന്നു.

12.00 N00N]

ശ്രീ. ബി. ഡി. ദേവസ്സി : സർ, ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച പ്രമേയത്തെ പിൻതാങ്ങുകയാണ്. യു.ഡി.എഫ്. സർക്കാർ തകർത്ത സാമ്പത്തിക അടിത്തറയെ

കെട്ടിപ്പടുക്കാനാണ് എൽ.ഡി.എഫ്. സർക്കാർ തീരുമാനിച്ചിട്ടുള്ളത്. അതിന്റെ നയപ്രഖ്യാപനമാണ് ഇവിടെ നടത്തിയത്. സർവ്വ മേഖലകളേയും തകർത്ത ഒരു ഭരണമായിരുന്നു അഞ്ചുകൊല്ലം കേരളത്തിലുണ്ടായിരുന്നത്. എൽ.ഡി.എഫ്. സർക്കാർ 2011-ൽ അധികാരത്തിൽ നിന്നൊഴിയുമ്പോൾ 3000 കോടി രൂപ ഖജനാവിൽ മിച്ചം വച്ചിട്ടാണ് ഇറങ്ങിപ്പോയത്. എന്നാൽ ഇന്ന് കാലിയായ ഖജനാവാണുള്ളത്. കരാറുകാർക്ക് കോടിക്കണക്കിന് രൂപയുടെ കുടിശ്ശിക കൊടുക്കാനുണ്ട്. ക്ഷേമപെൻഷനുകളെല്ലാം കുടിശ്ശികയാക്കി വച്ചിരിക്കുകയാണ്. വികസന മുരടിപ്പും അഴിമതിയുമാണ് കഴിഞ്ഞ ഗവൺമെന്റ് സമ്മാനിച്ചിട്ടുള്ളത്. 1,54,000 കോടി രൂപ കടമെടുത്ത് നോൺ പ്ലാൻ എക്സ്പെന്റീച്ചർ വർദ്ധിപ്പിച്ച് സംസ്ഥാനത്തെ കടക്കെണിയിൽ എത്തിച്ചതാണ് യു.ഡി.എഫ്. കേരളത്തോട് ചെയ്ത ഏറ്റവും വലിയ തെറ്റ്. ഈ പ്രശ്നം പരിഹരിക്കുന്നതിന് ധനനയം പ്രഖ്യാപിച്ചിരിക്കുന്നുവെന്നതാണ് നയപ്രഖ്യാപനത്തിലെ ഏറ്റവും പ്രധാനഭാഗം. പ്ലാൻ ചെലവും മൂലധന ചെലവും വർദ്ധിപ്പിച്ച് സംസ്ഥാനത്തിന്റെ സാമ്പത്തികരംഗം മെച്ചപ്പെടുത്തുന്നതിനുവേണ്ട സാമ്പത്തിക നയമാണ് പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നത്. ഒരു ധവളപത്രംതന്നെ സഭയിൽ അവതരിപ്പിച്ചിരിക്കുകയാണ്. ജനങ്ങളെ കൂടുതൽ ചൂഷണം ചെയ്യാതെ റവന്യൂ വരുമാനം വർദ്ധിപ്പിച്ച് സാമ്പത്തിക പ്രതിസന്ധി തീർക്കുവാൻ ശ്രമിക്കുന്ന സമീപനം വളരെ സ്വാഗതാർഹമായിട്ടുള്ളതാണ്.

വിദ്യാഭ്യാസമേഖലയിൽ മൗലികമായതും അടിസ്ഥാനപരമായതുമായ മാറ്റത്തിന്റെ നയമാണ് പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നത്. കേരളത്തിന്റെ വിദ്യാഭ്യാസ രംഗത്തെ കച്ചവടവൽക്കരണത്തിൽനിന്നും വർഗ്ഗീയവൽക്കരണത്തിൽനിന്നും രക്ഷിക്കുവാനുള്ള ശ്രമമാണ് നടക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നയുടനെ മലാപ്പറമ്പ് സ്കൂളടക്കം നാല് സ്കൂളുകൾ സർക്കാർ ഏറ്റെടുത്തത് പൊതുവിദ്യാഭ്യാസത്തിന്റെ സംരക്ഷണമാണ് കാണിക്കുന്നത്. ഇതോടെ അൺ ഇക്കണോമിക് എന്ന പദത്തിന് കേരള വിദ്യാഭ്യാസരംഗത്ത് സ്ഥാനമില്ലായെന്ന് വ്യക്തമാക്കിയിരിക്കുകയാണ്. തുടർന്ന് കേരളത്തിലെ എല്ലാ സ്കൂളുകളും ഹൈടെക് ആക്കി മാറ്റുന്നുവെന്ന പ്രഖ്യാപനവും നാം കേട്ടു. എട്ട് മുതൽ പന്ത്രണ്ട് വരെയുള്ള ക്ലാസ്സുകൾ ഹൈടെക് ആക്കുന്നു. വിദ്യാഭ്യാസരംഗത്ത് ഒരു വിപ്ലവം നടക്കുകയാണ്. കൃഷി പാഠ്യവിഷയമാക്കാൻ തീരുമാനിച്ചത് അഭിനന്ദനാർഹമായ കാര്യമാണ്.

കാർഷികരംഗത്തും വലിയ മാറ്റങ്ങളാണ് ഈ നയപ്രഖ്യാപനത്തിലുള്ളത്. കാർഷികരംഗത്ത് യു.ഡി.എഫ്. സംഭാവന ചെയ്തത് കർഷക ആത്മഹത്യയാണ്. എന്നാൽ കർഷകർക്ക് ആത്മവിശ്വാസമുണ്ടാക്കുന്ന നയമാണ് ഈ നയപ്രഖ്യാപനത്തിലുള്ളത്.

പൊതുവിതരണ സമ്പ്രദായം യു.ഡി.എഫ്. ഭരണകാലത്ത് ദുർബ്ബലമാക്കി അഴിമതിയുടെ കൂത്തരങ്ങാക്കി മാറ്റിയത് നമ്മൾ കണ്ടതാണ്. പൊതുവിതരണ സമ്പ്രദായം ശക്തമാക്കി, വിലക്കയറ്റത്തിൽനിന്നും ജനങ്ങൾക്ക് ആശ്വാസം കിട്ടാനുള്ള നടപടികളാണ് ഇപ്പോഴുള്ള നയപ്രഖ്യാപനപ്രസംഗത്തിലുള്ളത്. അഴിമതി അതിവേഗം വളർന്ന്, സ്വജനപക്ഷപാതവും അമിതാധികാരപ്രവണതയും കാരണം ജനങ്ങൾ യു.ഡി.എഫ്.ൽ നിന്ന് അകന്നുവെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഹൈക്കമാന്റിനയച്ച കത്തിന്റെ രൂപം പത്രത്തിൽ വന്നതാണ്. അവർതന്നെ സമ്മതിച്ചിട്ടുള്ള കാര്യമാണ്. അഴിമതിയും സ്വജനപക്ഷപാതവും അമിതാധികാര പ്രവണതയുമുണ്ടായിരുന്നുവെന്നുള്ളത് പത്രങ്ങളിലെല്ലാം വന്ന വാർത്തകളാണ്. വാഗ്ദാനങ്ങളൊന്നും നിറവേറ്റാൻ കഴിഞ്ഞില്ല. ജനങ്ങൾ ഇത് തിരിച്ചറിഞ്ഞു. അതുകൊണ്ടാണ് ജനങ്ങൾ അവർക്ക് വീണ്ടും അവസരം നൽകാതിരുന്നത്.

റബ്ബർ, തേങ്ങ, കശുവണ്ടി, ഏലം, തേയില തുടങ്ങിയ കാർഷികോല്പന്നങ്ങൾക്കും വിലത്തകർച്ചയുണ്ടായി. അവരെ സഹായിക്കാനുള്ള ഒരു നടപടിയും യു.ഡി.എഫ്. സർക്കാരിൽനിന്നുണ്ടായില്ല. ക്ഷേമ പെൻഷനുകളെല്ലാം മുടങ്ങി. എൽ.ഡി.എഫ്. സർക്കാർ ഇതിനുമുമ്പ് ഭരിച്ചപ്പോൾ പെൻഷനുകളെല്ലാം വർദ്ധിപ്പിച്ച് കുടിശ്ശിക തീർത്തുകൊടുത്തതാണ്. എന്നാൽ യു.ഡി.എഫ്. വന്നു പെൻഷനുകൾ കുടിശ്ശികയാക്കി എന്നുമാത്രമല്ല നേരിട്ട് വീടുകളിൽ ലഭിച്ചുകൊണ്ടിരുന്ന പെൻഷനും കിട്ടാതാക്കി. ഇതു പെൻഷൻ വാങ്ങുന്ന കിടപ്പ് രോഗികളെയടക്കം കഷ്ടപ്പെടുത്തുന്ന അവസ്ഥയാണുണ്ടാക്കിയത്. പെൻഷൻ വാങ്ങുന്നതിനായി പഞ്ചായത്തിൽ ചെല്ലുമ്പോൾ ബാങ്കിൽ ചെല്ലാൻ പറയും, ബാങ്കിൽ ചെല്ലുമ്പോൾ പോസ്റ്റാഫീസിൽ ചെല്ലാൻ പറയും, അങ്ങനെ ജനങ്ങളെ നട്ടംതിരിക്കുന്ന അവസ്ഥയായിരുന്നു. ഇപ്പോൾ എൽ.ഡി.എഫ്. സർക്കാർ എല്ലാ പെൻഷനും ആയിരം രൂപയാക്കി വർദ്ധിപ്പിച്ച്, അത് വീടുകളിലെത്തിച്ചു കൊടുക്കാനുള്ള നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്.

ഇവിടെ യു.ഡി.എഫ്. സർക്കാർ ഭൂമി കൊടുത്ത കാര്യം പറയുകയുണ്ടായി. തൃശ്ശൂർ ജില്ലയിൽ ഭൂരഹിതരായ ആർക്കും ഭൂമികൊടുത്തതായി എനിക്കറിയില്ല. ഭൂരഹിതരായ ആളുകളിൽനിന്നും അപേക്ഷ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ അവിടെ എല്ലാവരും അപേക്ഷ കൊടുത്തു. അപേക്ഷകരെ വിളിച്ചുവരുത്തി, കാസർഗോഡ് ഭൂമി അനുവദിച്ചിട്ടുണ്ടെന്നു പറഞ്ഞ് കളിയാക്കി വിടുകയാണുണ്ടായിട്ടുള്ളത്.

തൃശ്ശൂർ ജില്ലയിൽ യു.ഡി.എഫ്. സർക്കാർ പട്ടയം കൊടുത്തതിനെ സംബന്ധിച്ചും ഇവിടെ അവകാശവാദമുന്നയിക്കുകയുണ്ടായി. തൃശ്ശൂർ ജില്ലയിൽ കഴിഞ്ഞ അഞ്ചുവർഷം ഒരൊറ്റ മലയോരപട്ടയംപോലും കൊടുത്തിട്ടില്ല. അതുപോലെ റോഡ്, തോട്, പുഴ, കനാൽ, മേച്ചിൽപ്പുറം, പാറ എന്നിവയുടെ പുറമ്പോക്കുകളിൽ താമസിക്കുന്നവർക്ക് റേഷൻകാർഡ്, വൈദ്യുതി കണക്ഷൻ തുടങ്ങിയവയെല്ലാമുണ്ടെങ്കിലും പട്ടയം കൊടുക്കാൻ നടപടി സ്വീകരിച്ചില്ല, അതിനൊരു ഏകോപനവുമുണ്ടാക്കിയില്ല. ഇതുസംബന്ധിച്ച് കഴിഞ്ഞ അഞ്ച് വർഷം ഞാൻ സബ്മിഷനും ശ്രദ്ധ ക്ഷണിക്കലുമൊക്കെ ഉന്നയിച്ചതാണ്. തൃശ്ശൂർ ജില്ലയിൽ ഏതാണ്ട് 25000 പേർക്ക് മലയോരപട്ടയവും വിവിധ പുറമ്പോക്കുകളുമായി ബന്ധപ്പെട്ട പട്ടയവും കിട്ടാനുണ്ട്. അവർക്ക് പട്ടയം കൊടുത്താൽതന്നെ ഭൂമിയുടെ പ്രശ്നം കുറെയൊക്കെ പരിഹരിക്കാൻ കഴിയും. അതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.

പറമ്പിക്കുളം-ആളിയാർ കരാർ അനുസരിച്ച് കേരളത്തിന് കിട്ടേണ്ട വെള്ളം പോലും വാങ്ങിയെടുക്കാൻ യു.ഡി.എഫ്. സർക്കാരിന് കഴിഞ്ഞിട്ടില്ല. അതിന്റെ ഭാഗമായി ഷോളയാർ-പെരിങ്ങൽകുത്ത് വൈദ്യുതി ഉല്പാദനത്തെയും ജലസേചനത്തെയും കുടിവെള്ളത്തെയും ബാധിച്ച അനുഭവം നമുക്കുണ്ടായതാണ്. പുതിയ ഗവൺമെന്റിന്റെ മുഖ്യമന്ത്രി നടത്തിയ പ്രസ്താവനകൾ ജനങ്ങൾ വളരെ താല്പര്യപൂർവ്വമാണ് നോക്കിക്കാണുന്നത്. ഈ സർക്കാർ ജനങ്ങളുടെ സർക്കാരാണെന്നും ജാതി-മത-രാഷ്ട്രീയ വ്യത്യാസമില്ലാതെ എല്ലാവർക്കും തുല്യനീതി ഉറപ്പാക്കുമെന്നും അദ്ദേഹം പറയുകയുണ്ടായി. അഴിമതിവിമുക്തവും കാര്യക്ഷമവുമായ സിവിൽ സർവ്വീസ്. ഇതിന്റെ ഭാഗമായാണ് സെക്രട്ടേറിയറ്റ് ജീവനക്കാരെ അഭിസംബോധന ചെയ്തപ്പോൾ ഓരോ ഫയലും ഓരോ ജീവിതമാണ്, നാടിന്റെ പ്രശ്നങ്ങളാണ്, അത് പരിഹരിക്കാൻ നടപടി സ്വീകരിക്കണമെന്നും ഫയലുകൾ വേഗത്തിൽ തീർപ്പ് കൽപ്പിക്കണമെന്നും അദ്ദേഹം പ്രഖ്യാപിച്ചത്. കേരളത്തിലെ ജനങ്ങൾ വളരെ ആവേശപൂർവ്വമാണ് അതിനെ നോക്കിക്കണ്ടത്. വിവിധ ആവശ്യങ്ങൾക്കുവേണ്ടി ജനങ്ങൾ സർക്കാർ ആഫീസുകളിൽ വരുമ്പോൾ അവരെ നടത്തി കഷ്ടപ്പെടുത്തുന്ന അവസ്ഥ മാറേണ്ടതുണ്ട്. കാര്യങ്ങൾ എളുപ്പത്തിൽ നടത്തിക്കിട്ടുക, അതാണ് ജനങ്ങൾ ആഗ്രഹിക്കുന്നത്.

പട്ടികജാതി വിഭാഗങ്ങൾക്കുനേരെ നടന്ന മർദ്ദനങ്ങളെപ്പറ്റി പ്രതിപക്ഷത്ത് നിന്ന് ആക്ഷേപങ്ങളുണ്ടായി. അതിനെപ്പറ്റി എനിക്ക് പറയാനുള്ളത് എന്റെ മണ്ഡലത്തിൽ കഴിഞ്ഞ യു.ഡി.എഫ്. ഭരണകാലത്ത് പട്ടികജാതി/പട്ടിക

വർഗ്ഗക്കാർക്കുനേരെ നടന്ന അതിക്രമങ്ങളെ സംബന്ധിച്ചാണ്. ഞാൻ അതിനെ സംബന്ധിച്ച് ഈ സഭയിൽ അടിയന്തരപ്രമേയവും സബ്മിഷനുമൊക്കെ ഉന്നയിച്ചിട്ടുള്ളതാണ്. എന്റെ മണ്ഡലത്തിൽ പാറു എന്ന 65 വയസ്സുള്ള ആദിവാസി സഹോദരിയുടെ വീട്ടിൽ വച്ചിരുന്ന രൂപ നഷ്ടമായെന്നുപറഞ്ഞ് പരാതി കൊടുക്കാൻ മലക്കപ്പാറ പോലീസ് സ്റ്റേഷനിൽ ചെന്നപ്പോൾ, കാൽ കെട്ടിയിട്ട് അവരെ ക്രൂരമായി മർദ്ദിക്കുകയാണ് പോലീസ് ചെയ്തത്. ഈ വിഷയം ഞാൻ സഭയിൽ അടിയന്തരപ്രമേയമായി ഉന്നയിച്ചിട്ടുള്ളതാണ്. അതുപോലെ മണികണ്ഠൻ എന്ന ഷെഡ്യൂൾഡ് കാസ്റ്റ് വിഭാഗത്തിൽപ്പെട്ട ചെറുപ്പക്കാരൻ ഇരിങ്ങാലക്കുട സബ് ജയിലിൽവച്ച് ക്രൂരമായ മർദ്ദനത്തിന് വിധേയമാകുകയും മൂത്രതടസ്സമുണ്ടായതിനെ ത്തുടർന്ന് ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ചെയ്ത കാര്യം ഞാൻ സബ്മിഷനായി ഉന്നയിച്ചിട്ടുള്ളതാണ്. അതുപോലെ ആദിവാസിയായ ഭാഗ്യരാജിനെ റെയ്ഞ്ചർ ക്രൂരമായി മർദ്ദിച്ച സംഭവവും ഉണ്ടായിട്ടുള്ളതാണ്. ഒരു തെറ്റും ചെയ്യാത്ത അരുൺ എന്ന പട്ടികജാതിക്കാരനായ ചെറുപ്പക്കാരനെ, സംശയത്തിന്റെ പേരിൽ അന്ന് ചാലക്കുടി ഡിവൈ. എസ്.പി. ഓഫീസിൽ കൊണ്ടുപോയി ക്രൂരമായി മർദ്ദിച്ച സംഭവവും ഉണ്ടായിട്ടുണ്ട്. പാറു, മണികണ്ഠൻ, ഭാഗ്യരാജ്, അരുൺ തുടങ്ങിയവർക്ക് നേരെ ക്രൂരമായ മർദ്ദനങ്ങളാണ് യു.ഡി.എഫ്. ഭരണകാലത്തു ണ്ടായിട്ടുള്ളത്. കഴിഞ്ഞ ദിവസം സംസാരിച്ചപ്പോൾ അപ്പുറത്തുള്ള ഒരു മെമ്പർ പറഞ്ഞു; കർഷകത്തൊഴിലാളി പെൻഷൻ കൊണ്ടുവന്നതും പട്ടികജാതിക്കാരെ സഹായിച്ചിട്ടുള്ളതുമൊക്കെ യു.ഡി.എഫ്.കാരാണെന്ന്. ഒരു പഴയ ചരിത്രമുണ്ട്. 'തമ്പ്രാനെന്നു വിളിപ്പിക്കും പാളേ കഞ്ഞി കുടിപ്പിക്കും' എന്നു പറഞ്ഞതാരാണ്? 'തമ്പ്രാനെന്നു വിളിക്കില്ല പാളേ കഞ്ഞി കുടിക്കില്ല' എന്ന് കർഷക ത്തൊഴിലാളികളോടും പാവപ്പെട്ടവരോടും പറഞ്ഞ് അവർക്ക് രക്ഷാബോധം പകർന്നതാരാണെന്ന് ഓർക്കേണ്ടതുണ്ട്. ഞാൻ ഈ നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ, ശ്രീ. രാജു എബ്രഹാം)

ശ്രീ. മോൻസ് ജോസഫ് : സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുന്നു. ഒരു മാസം മാത്രം പ്രായമായ സർക്കാരിനെ പ്രതിക്കൂട്ടിലാക്കുന്നത് ശരിയാണോ എന്ന് ഇന്ന് ചർച്ച തുടങ്ങിവച്ച ശ്രീ. എം. എം. മണി ചോദിക്കുകയുണ്ടായി. പ്രതിപക്ഷത്തുനിന്ന് സർക്കാരിനെ വിമർശിക്കുക, കുറ്റപ്പെടുത്തുക തുടങ്ങിയ

നിലപാടുകളിലേക്ക് ഞങ്ങൾ പോകുന്നില്ല. ഞങ്ങളാരും അങ്ങനെ ആഗ്രഹിക്കുന്നുമില്ല. പക്ഷേ ഈ ഒരു മാസത്തിനുള്ളിൽ സംഭവിച്ചിരിക്കുന്ന കാര്യങ്ങൾ വസ്തുതാപരമായി പരിശോധിക്കുമ്പോഴാണ് ഗവൺമെന്റിനെ കുറ്റപ്പെടുത്തേണ്ടിവരുന്നത്. ഇന്ന് സഭയിൽ ചർച്ചചെയ്ത പ്രശ്നങ്ങൾ ഇതിന് ആധാരമായി നിൽക്കുകയാണ്. ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ ഒരു പുതിയ കേരളത്തെ കെട്ടിപ്പടുക്കാൻ ശ്രമിക്കുമെന്നുപറയുമ്പോൾത്തന്നെ പരിപൂർണ്ണമായും പ്രതിസന്ധി ഉണ്ടാക്കുന്ന നിലയിലേക്ക് കേരളത്തെ കൊണ്ടുപോകുന്ന സാഹചര്യങ്ങളാണ് ഇവിടെ കാണാൻ കഴിയുന്നത്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ സമയത്ത് എടുത്ത ജനോപകാരപ്രദമായ തീരുമാനങ്ങളിൽ അപാകതകൾ ഉണ്ടെങ്കിൽ തിരുത്തുന്നത് മനസ്സിലാക്കാം. പക്ഷേ ആ തീരുമാനങ്ങളെ പൂർണ്ണമായും മാറ്റിവച്ചുകൊണ്ട് ജനങ്ങളെ ദ്രോഹിക്കുന്ന നിലപാടുകളെടുത്താൽ കേരള ജനതയ്ക്കുവേണ്ടി ജനാധിപത്യത്തിന്റെ ഭാഗമായി പ്രതിപക്ഷത്തിന് ശക്തമായി ഇടപെടേണ്ടിവരും. ഈ ഗവൺമെന്റിന്റെ തുടക്കത്തിൽത്തന്നെ അത് ആവശ്യമായി വന്നിരിക്കുകയാണ്.

ഇപ്പോൾ ധവളപത്രം പുറപ്പെടുവിച്ചിരിക്കുന്നു. ഇതിന്റെ പശ്ചാത്തലം സാമ്പത്തിക പ്രതിസന്ധിയാണ് എന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറയുന്നു. ഇതിന്റെ വിശദാംശങ്ങൾ പരിശോധിക്കേണ്ടിയിരിക്കുന്നു. ധവളപത്രം ഇന്ന് ലഭിച്ചിട്ടേയുള്ളൂ. ഈ ദിവസങ്ങളിലൊക്കെ അദ്ദേഹം ചൂണ്ടിക്കാണിച്ച ഒരു പ്രശ്നം, യു.ഡി.എഫ്. ഗവൺമെന്റ് കൂടുതൽ കടമെടുത്തുവെന്നതാണ്. യു.ഡി.എഫ്. ഗവൺമെന്റ് റവന്യൂ ചെലവ് 25 ശതമാനം എന്നുള്ളത് 30 ശതമാനമാക്കി. സർക്കാരിന്റെ ദൈനംദിന ചെലവ്, ശമ്പളം, പലിശ, പെൻഷൻ ഇവയ്ക്കുവേണ്ടിയല്ലാതെ എന്തിനുവേണ്ടിയാണ് ഗവൺമെന്റ് കടം എടുക്കുന്നത്. കഴിഞ്ഞ അഞ്ചുവർഷക്കാലം കേരളത്തിൽ നടന്ന വികസന പ്രവർത്തനങ്ങൾക്ക് യു.ഡി.എഫ്. ഗവൺമെന്റ് സജീവമായി നേതൃത്വം കൊടുത്തുവെന്നതിന്റെ ഏറ്റവും നല്ല തെളിവാണ് കടം കൂടുതലായി എടുത്തതും കാര്യങ്ങൾ നടപ്പാക്കിയതുമെല്ലാം. വികസന പ്രവർത്തനങ്ങളും ക്ഷേമപ്രവർത്തനങ്ങളും മുമ്പോട്ടു കൊണ്ടുപോയതു കൊണ്ടാണ് കടബാദ്ധ്യത കൂടിയത്. ഈ ഒരു പശ്ചാത്തലം കേരളത്തിൽ ചർച്ച ചെയ്യുമ്പോൾ, രാജ്യത്തൊട്ടാകെ നിലനിൽക്കുന്ന സാമ്പത്തിക പ്രതിസന്ധിയും ആഗോളതലത്തിൽ നടക്കുന്ന സാമ്പത്തിക മാന്ദ്യവും വിസ്മരിച്ചുകൊണ്ട് ഈ ഗവൺമെന്റിനോ കഴിഞ്ഞ ഗവൺമെന്റിനോ മുന്നോട്ടുപോകാൻ കഴിയില്ല. അതിനിടയിൽ കേരളത്തിന്റെ വികസന കാര്യങ്ങളും ക്ഷേമപദ്ധതികളും

മുന്നോട്ടുകൊണ്ടുപോകാനുള്ള നടപടികളാണ് യു.ഡി.എഫ്. ഗവൺമെന്റ് സ്വീകരിച്ചത്. അതിന്റെയൊരു തുടർച്ചയെന്ന നിലയിൽ, ബഹുമാനപ്പെട്ട പി. കെ. കുഞ്ഞാലിക്കുട്ടി ഇവിടെ സൂചിപ്പിച്ചതുപോലെ നല്ലൊരു വികസനമുണ്ടാക്കിയിരിക്കുന്ന ഒരു അടിത്തറയിൽ നിന്നുകൊണ്ട് മുന്നോട്ടുപോകുമ്പോൾ കൂടുതൽ കാര്യങ്ങൾ നടപ്പാകുന്നത് കേരളത്തിന് അനുഗ്രഹമായിത്തീരണം. അതിന് വിപരീതമായ നിലപാടുകൾ സ്വീകരിക്കരുത്.

ഇപ്പോൾ കാർഷിക മേഖലയിൽ വന്നിരിക്കുന്ന പ്രശ്നങ്ങൾ - ഞാൻ രാവിലെ റബ്ബറിന്റെ വിലയെ സംബന്ധിച്ച പ്രശ്നം ഉന്നയിക്കുകയുണ്ടായി. ഗവൺമെന്റ് അക്കാര്യത്തിൽ പോസിറ്റീവായ നിലപാട് സ്വീകരിച്ചത് സൂചിപ്പിക്കുകയുണ്ടായി. കഴിഞ്ഞ ഗവൺമെന്റ് കൊണ്ടുവന്ന പദ്ധതി തുടരുമെന്ന് പറഞ്ഞു. അങ്ങനെയുള്ള നല്ല കാര്യങ്ങൾ വന്നാൽ ഞങ്ങൾ അതിനെ സപ്പോർട്ട് ചെയ്യും.

മെഡിക്കൽ കോളേജിന് അനുവദിച്ചിട്ടുള്ള സീറ്റുകളും മെഡിക്കൽ കോളേജുകളും നഷ്ടപ്പെടുന്നു എന്നുപറയുമ്പോൾ ഗവൺമെന്റ് ഗൗരവമായി ആ പ്രശ്നം പരിശോധിക്കേണ്ടതല്ലേ; എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തിയതിനുശേഷം മെഡിക്കൽ കോളേജുകൾ ആരംഭിക്കണമെന്നു പറഞ്ഞാൽ കേരളം പോലുള്ള സംസ്ഥാനത്ത് എങ്ങനെ നടക്കും? തുടങ്ങിവച്ചിരിക്കുന്ന കോളേജുകളിൽ സൗകര്യങ്ങൾ ഉണ്ടാക്കണമെന്ന കാര്യത്തിൽ സംശയമില്ല. അതേസമയം നമുക്ക് ലഭിച്ചിരിക്കുന്ന സീറ്റുകൾ നിലനിർത്തേണ്ടതായിട്ടുമുണ്ട്. പിന്നോക്ക സമുദായങ്ങൾക്കു വേണ്ടി യു.ഡി.എഫ്. ഗവൺമെന്റ് വിവിധ കോളേജുകൾ അനുവദിച്ചു. ആ കോളേജുകൾ തുടർന്നുകൊണ്ടുപോകാനുള്ള സാഹചര്യം ഉറപ്പുവരുത്തുക എന്നത് പ്രധാനപ്പെട്ട കാര്യമാണ്.

അതുപോലെതന്നെ അടിസ്ഥാനമേഖലകളുടെ വികസനത്തിന് ഗവൺമെന്റ് ഊന്നൽ കൊടുക്കുമെന്നു പറഞ്ഞു. അടിസ്ഥാന സൗകര്യവികസനവുമായി മുന്നോട്ടു പോകണമെങ്കിൽ കരാറുകാരുടെ കുടിശ്ശിക തീർക്കണം. അവരുടെ സാമ്പത്തിക പ്രശ്നങ്ങൾ പരിഹരിക്കപ്പെടണം.

കഴിഞ്ഞ ഗവൺമെന്റ് കൊണ്ടുവന്ന ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം ഇപ്പോൾ പെന്റിംഗിലായിരിക്കുകയാണ്. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ഇക്കാര്യം പ്രത്യേകം പരിശോധിക്കേണ്ടതായിട്ടുണ്ട്. കരാറുകാരുടെ നിർമ്മാണ പ്രവർത്തനങ്ങൾ

മുന്നോട്ടുപോകുമെന്നതിൽ വ്യക്തത വരണം. കുടിശ്ശിക കൊടുത്തുതീർക്കാൻ പ്രായോഗികമായി കഴിഞ്ഞെന്നുവരില്ല. അതുകൊണ്ടാണ് കഴിഞ്ഞ ഗവൺമെന്റ് മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടിയുടെ നേതൃത്വത്തിൽ ചർച്ച ചെയ്ത് ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം ഏർപ്പെടുത്തിയത്. കരാറുകാർക്ക് അതൊരാശ്വാസമായിരുന്നു. ഇപ്പോൾ അത് പെന്റിംഗിൽ ആക്കിയിരിക്കുകയാണ്. ഗവൺമെന്റ് ഗ്യാരണ്ടി നിന്നുകൊണ്ടുള്ള ആ സിസ്റ്റം തുടർന്നുകൊണ്ടുപോകാൻ കഴിയണം. ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം എന്നുള്ള നിലയിൽ ബഡ്ജറ്റ് അലോക്കേഷൻ മാനേജ്മെന്റ് സിസ്റ്റത്തിന്റെ ഭാഗമായി ഏർപ്പെടുത്തിയ ഈ ക്രമീകരണം മുന്നോട്ടുകൊണ്ടുപോകാൻ കഴിഞ്ഞില്ലെങ്കിൽ വികസനരംഗത്ത് വലിയ സ്തംഭനാവസ്ഥയാണ് ഉണ്ടാകാൻ പോകുന്നത്.

മി. ചെയർമാൻ : പ്ലീസ് കൺക്ലൂഡ്....അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. മോൻസ് ജോസഫ് : സർ, ഞാൻ ചുരുക്കുകയാണ്. മുൻ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി സാറിന്റെ മണ്ഡലത്തിലെ മരങ്ങാട്ടുപിള്ളിയിൽ കെ.എസ്.എഫ്.ഇ.-യുടെ നാല് ബ്രാഞ്ചുകൾ പൂട്ടി. കഴിഞ്ഞ ഗവൺമെന്റ് തുടങ്ങിപ്പോയി എന്ന ഒറ്റ കാരണംകൊണ്ട് അടച്ചുപൂട്ടുക എന്നുള്ള നിലപാട് എടുത്താൽ എങ്ങനെ അംഗീകരിക്കാൻ കഴിയും? അടച്ചുപൂട്ടിയ കെ.എസ്.എഫ്.ഇ.-യുടെ ബ്രാഞ്ചുകൾ തുറന്ന് പ്രവർത്തിപ്പിക്കാൻ കഴിയണം. വികസനരംഗത്ത് കൂടുതൽ പ്രവർത്തനങ്ങൾ നടപ്പാക്കണമെന്ന് ആഗ്രഹിക്കുമ്പോഴും പ്രതികാരബുദ്ധിയോടുകൂടി അതിന് വിരുദ്ധമായിട്ടുള്ള നിലപാടുകൾ സ്വീകരിക്കുന്നത് ഒരിക്കലും ജനാധിപത്യത്തിന് ഭൂഷണമല്ല. ഇത്തരം നിലപാടുകൾ തിരുത്തണം. അതിനുതകുന്ന സമീപനം സ്വീകരിക്കാത്ത പശ്ചാത്തലത്തിൽ ഈ നന്ദിപ്രമേയത്തെ എതിർത്തുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. കെ. ബി. ഗണേഷ് കുമാർ : സർ, ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുകയാണ്. ജാതി-മത കക്ഷികൾക്കും വർഗ്ഗീയതയ്ക്കും അഴിമതിക്കുമെതിരെ കേരളത്തിലെ ജനത നൽകിയ വലിയ ഒരു ജനവിധിയാണ് എൽ.ഡി.എഫ്. സർക്കാരിന്റേത്. ആ പ്രതീക്ഷ ജനങ്ങളുടെ മനസ്സിൽ മായാതെ നിറഞ്ഞു നിൽക്കുകയാണ്. ഒരു മാസം പിന്നിട്ടുവെന്നുപറയുന്നത് വളരെ ചെറിയ കാലഘട്ടമാണ്. ഇത് ഒരു സർക്കാരിന്റെ ഹണിമൂൺ കാലഘട്ടമാണ്. ഇനി അങ്ങോട്ടുള്ള ദിനങ്ങളിൽ ഈ സർക്കാരിന്റെ പ്രവർത്തനം എങ്ങനെയായിരിക്കു മെന്ന് ജനങ്ങൾക്ക് പ്രതീക്ഷ നൽകുന്ന വിധത്തിലുള്ള ഒരു പ്രസംഗമാണ്

ഗവർണർ ഈ സഭയിൽ നടത്തിയത്. അഴിമതിയും കെടുകാര്യസ്ഥതയും സ്വജനപക്ഷപാതവും ധൂർത്തും അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്നതാണ് ഗവർണറുടെ പ്രസംഗത്തിന്റെ ഏറ്റവും വലിയ പ്രത്യേകതയായി ഞാൻ കാണുന്നത്. ജാതിമത കക്ഷികൾ കാര്യങ്ങൾ തീരുമാനിക്കുന്ന ഒരവസ്ഥയിൽ നിന്നും ജനങ്ങൾ കാര്യങ്ങൾ തീരുമാനിക്കുന്ന അവസ്ഥയിലേക്ക് ഈ സംസ്ഥാനത്തെ മാറ്റിയത് എൽ.ഡി.എഫ്. ഗവൺമെന്റാണ്.

ആരോഗ്യരംഗത്തെക്കുറിച്ചായിരുന്നു ഇന്നത്തെ അടിയന്തരപ്രമേയം. മെഡിക്കൽ കോളേജുകൾ നിർത്തുന്നതിനെക്കുറിച്ചാണ് അതിൽ പറഞ്ഞത്. നമ്മുടെ നാട്ടിൽ കഴിഞ്ഞ കാലങ്ങളിൽ കണ്ടുവരുന്ന ഒരു മോശപ്പെട്ട പ്രവണത എന്നുപറയുന്നത് ക്വാണ്ടിറ്റി ഓഫ് എജ്യൂക്കേഷനാണ്. ഒരുപാട് കുട്ടികൾ പരീക്ഷയ്ക്ക് ജയിച്ചു വെന്നുപറയുന്ന വീമ്പിളക്കലും ക്വാളിറ്റി നഷ്ടപ്പെടുകയും ചെയ്യുന്ന വിദ്യാഭ്യാസ സംവിധാനങ്ങളുമാണ്. ക്വാണ്ടിറ്റി ഓഫ് എജ്യൂക്കേഷൻ കൂടുകയും ക്വാളിറ്റി ഓഫ് എജ്യൂക്കേഷൻ കുറയുകയും ചെയ്യുന്നതുകൊണ്ടാണ് കേരളത്തിലെ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇത്ര വലിയ തകർച്ച നേരിട്ടത്. ഇന്ത്യയിലെ ഏറ്റവും വാല്യു ഉള്ള സർട്ടിഫിക്കറ്റ് എന്നുപറയുന്നത് തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകളുടേതാണ്. കോഴിക്കോട് പഴയ ആർ.ഇ.സി. അടക്കമുള്ള എഞ്ചിനീയറിംഗ് കോളേജുകളുടെ ഡിഗ്രിക്ക് വലിയ വാല്യു ഉണ്ട്. കാരണം അവിടെ എല്ലാ പഠനസൗകര്യങ്ങളും വിദഗ്ധരായ അദ്ധ്യാപകരുമുണ്ട്.

ഇവിടെ മെഡിക്കൽ കോളേജുകളെക്കുറിച്ച് പറഞ്ഞു. ഒരു മെഡിക്കൽ കോളേജ് തുടങ്ങുന്നതിന് വയൽ നികത്തി കെട്ടിടം വയ്ക്കുന്നതിനെക്കുറിച്ച് ആലോചിക്കുമ്പോൾത്തന്നെ അവിടെ ആയിരം സീറ്റ് നഷ്ടപ്പെട്ടുവെന്ന് ദീനരോദനം മുഴക്കുന്നതിൽ ഒരർത്ഥവുമില്ല. തിരുവനന്തപുരത്ത് ഒരു മെഡിക്കൽ കോളേജ് തുടങ്ങി. തിരുവനന്തപുരം മെഡിക്കൽ കോളേജിൽനിന്നും മൂന്നര കിലോമീറ്റർ ദൂരത്തിലുള്ള ജനറൽ ഹോസ്പിറ്റലിനെ അന്നത്തെ മന്ത്രിയുടെ മണ്ഡലമായതുകൊണ്ട് മെഡിക്കൽ കോളേജായി പ്രഖ്യാപിച്ചു. വളരെ പ്രമുഖരായ അധ്യാപകരെയും ഡോക്ടർമാരെയും മെഡിക്കൽ കോളേജിൽ നിന്നും ഈ ആശുപത്രിയിലേക്ക് മാറ്റിയതായി ഉത്തരവിറങ്ങി. ഡോക്ടർമാർക്ക് ജനറൽ ഹോസ്പിറ്റലിൽ വരുമ്പോൾ ഇരിക്കാൻ കസേരയും മേശയുമില്ല, പരിശോധിക്കാൻ രോഗിയുമില്ല, രോഗിക്ക് കൊടുക്കാൻ മരുന്നുമില്ല. പരിശോധനയ്ക്കുള്ള ഒരു സംവിധാനവും അവിടെയില്ല.

ഇതൊന്നുമില്ലാത്ത സാഹചര്യത്തിൽ ഡോക്ടർമാർ രാവിലെ വന്ന് ഒപ്പിട്ട് കുറച്ചുനേരം കറങ്ങിത്തിരിഞ്ഞ് നടന്നിട്ട് ഇരിക്കാൻ കസേരയില്ലാത്തതുകൊണ്ട് വീട്ടിലേക്ക് പോകുകയാണ്. ഇതാണോ ഒരു മെഡിക്കൽ കോളേജ്; അവിടെ നൂറ് സീറ്റ് ലഭിച്ചിട്ട് എന്തു ചെയ്യാനാണ്; ഒരു നഴ്സറി ക്ലാസ്സ് തുടങ്ങാൻപോലും മിനിമം സൗകര്യങ്ങൾ വേണം. പക്ഷെ ഒരു മെഡിക്കൽ കോളേജ് തുടങ്ങാൻ നൂറ് കസേര മതി എന്നുപറയുന്നത് ഒരു മര്യാദയില്ലാത്ത രീതിയാണ്. നമുക്ക് കൊടുക്കേണ്ടത് ക്വാളിറ്റി ഓഫ് എജ്യൂക്കേഷനാണ്. ക്വാണ്ടിറ്റിയല്ല.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് എനിക്ക് പറയാനുള്ളത്, ജാതിതിരിച്ച് കോളേജുകൾ അനുവദിക്കുന്നത് അവസാനിപ്പിക്കണമെന്നാണ്. ജനങ്ങൾക്കാണ് കോളേജ് കൊടുക്കേണ്ടത്. അല്ലാതെ ജാതിക്കല്ല. ഇന്ന് രാവിലെ ശ്രീ. പി. സി. ജോർജ് അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പറഞ്ഞു. ഞാൻ അദ്ദേഹത്തിന് എതിരായി പറയുകയല്ല. പക്ഷേ അതൊന്നും ശരിയല്ല എന്ന അഭിപ്രായക്കാരനാണ് ഞാൻ. ജാതിതിരിച്ച് കൊടുക്കാൻ പാടില്ല. ഒരു കോളേജിൽ ഇന്ന് ലക്ചററുടെ ഇന്റർവ്യൂ നടക്കുകയാണെന്ന് രാവിലെ മനോരമ അടക്കമുള്ള പത്രങ്ങളിൽ ഒരു പരസ്യം വരികയാണ്. അപേക്ഷയുമായി നാട്ടുകാരെല്ലാം ഓടുന്നു. ഉച്ചയ്ക്ക് 12 മണിക്കുമുമ്പ് അപേക്ഷയും കൊണ്ടുചെന്നപ്പോൾ പറയുന്നു; ഇവിടെ നിയമനമൊക്കെ കഴിഞ്ഞുവെന്ന്. രാവിലെ അഞ്ചുമണിക്കിറങ്ങിയ പത്രത്തിലെ പരസ്യം കണ്ടുകൊണ്ട് 12 മണിക്കുമുമ്പ് ചെല്ലുമ്പോൾ നിയമനം കഴിഞ്ഞു വെന്നുപറഞ്ഞ് ആളുകളെ മടക്കി അയയ്ക്കുന്ന അഴിമതി തടയാൻ എൽ.ഡി.എഫ്. ഗവൺമെന്റ് തീരുമാനിച്ചതാണോ തെറ്റായിപ്പോയി എന്നു പറയുന്നത്. ഞാൻ ദീർഘിപ്പിക്കുന്നില്ല. പി.ഡബ്ല്യു.ഡി. വകുപ്പിൽ നടക്കുന്ന അഴിമതികൾ അവസാനിപ്പിക്കണം. അമിതമായി എസ്റ്റിമേറ്റ് എടുക്കുകയും അത് കൊള്ളയടിക്കുകയും ചെയ്യുന്ന അവസ്ഥ. കെട്ടിടം നിർമ്മിക്കാൻ അനുവാദം കൊടുത്താൽ ഡിസൈൻ വരയ്ക്കുന്ന എഞ്ചിനീയർ കെട്ടിടം മാത്രം പണിയും. പ്ലംബിംഗ് ഇല്ല, വയറിംഗ് ഇല്ല. മുമ്പ് ഡോ. ടി. എം. തോമസ് ഐസക് മന്ത്രിയായിരുന്നപ്പോൾ പ്ലംബിംഗും വയറിംഗും ചേർത്തുവേണം ഡിസൈൻ ചെയ്യാനെന്ന് ഒരു ഉത്തരവ് ഇറക്കിയിരുന്നു. ഡിസൈൻ ചെയ്യുന്നിടത്തു മുതൽ അഴിമതി. ഇലക്ട്രിസിറ്റിയില്ല, വയറിംഗ് ഇല്ല, പ്ലംബിംഗില്ല. അങ്ങനെ പല പല പീസായി ജോലി ചെയ്ത് കൊള്ളയടിക്കുന്ന സംവിധാനം അവസാനിപ്പിക്കണം.

അതുപോലെ കുടിവെള്ളം എല്ലാവർക്കും എത്തിക്കുക എന്ന പദ്ധതി വളരെ നല്ലതാണ്. ശുദ്ധീകരിച്ച കുടിവെള്ളം പൈപ്പിലൂടെ എത്തിക്കുന്നത് മാരകമായ പകർച്ചവ്യാധികളിൽനിന്ന് മനുഷ്യനെ രക്ഷിക്കാൻ കഴിയും. ധനകാര്യ വകുപ്പിന്റെ വാളയാർ ചെക്ക് പോസ്റ്റ് അടക്കമുള്ള ചെക്ക് പോസ്റ്റുകളെ കംപ്ലീറ്റായി കമ്പ്യൂട്ടറൈസ് ചെയ്യണം. അങ്ങനെ ചെയ്തുകൊണ്ട് വലിയൊരു മാറ്റമുണ്ടാക്കണം. സ്പോർട്സ് വകുപ്പിലെ അഴിമതി അവസാനിപ്പിക്കണം. അഴിമതിയെ സംബന്ധിച്ച് അന്വേഷിക്കണം. സ്പോർട്സ് വകുപ്പിലെ സ്പോർട്സ് ഡയറക്ടറേറ്റ്, സ്പോർട്സ് കൗൺസിൽ എന്നെല്ലാം പറഞ്ഞ് ആളുകൾക്ക് പണം പോക്കറ്റിൽ തള്ളിക്കൊടുക്കുന്ന പരിപാടി അവസാനിപ്പിക്കണം. സാംസ്കാരിക വകുപ്പിലെ ഒരേ സ്വഭാവമുള്ള സ്ഥാപനങ്ങളെ, ഉദാഹരണമായി സംഗീത നാടക അക്കാദമി, ഫോക്‌ലോർ അക്കാദമി, രണ്ടും ഏകദേശം ഒരേ വിഷയമാണ് കൈകാര്യം ചെയ്യുന്നത്. അങ്ങനെയുള്ളവ ക്ലബ്ബ് ചെയ്തുകൊണ്ട് ദൂർചെലവുകൾ അവസാനിപ്പിക്കണം.

മന്ത്രിസഭയുടെ ഒരു മാസത്തെ തീരുമാനത്തിൽ എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ടത് മന്ത്രിമാർ എല്ലാവരും കൂടി ഉദ്ഘാടനത്തിന് പോകേണ്ടതില്ലെന്ന് തീരുമാനിച്ചതാണ്. നാട്ടിൻപുറത്തെ ശൗചാലയങ്ങളെങ്കിലും ഉദ്ഘാടനം ചെയ്യാൻ പഞ്ചായത്ത് മെമ്പർമാർക്ക് ഈ എൽ.ഡി.എഫ്. ഭരണകാലത്ത് കഴിയുമല്ലോയെന്ന ആശ്വാസം സർക്കാരിന്റെ ഈ തീരുമാനത്തിലുണ്ട്. കഴിഞ്ഞ അഞ്ച് കൊല്ലം ശൗചാലയം ഉദ്ഘാടനം ചെയ്യാൻപോലും പാവപ്പെട്ട പഞ്ചായത്ത് മെമ്പർക്ക് അവസരം ഇല്ലായിരുന്നു. അങ്ങനെ എല്ലാവരുംകൂടി പോകണ്ട, ആവശ്യമുള്ള മന്ത്രിമാർ മാത്രം പോകുക. അത്തരത്തിൽ ഒരു ചെലവുചുരുക്കൽ നടപ്പിലാക്കിക്കൊണ്ട് മുന്നോട്ട് പോകുന്ന ഈ സർക്കാരിന്റെ നന്ദിപ്രമേയത്തെ ഒരിക്കൽകൂടി പിന്താങ്ങുകയാണ്.

<u>ശ്രീ. വി. ജോയി</u> : സർ, ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ പിന്താങ്ങുകയാണ്. ശോഭനമായ ഭാവിയുടെ ചുവന്ന ചക്രവാളം തുറന്ന്, കേരള ജനത കഴിഞ്ഞ അഞ്ച് വർഷത്തെ ജനവിരുദ്ധ ഭരണത്തിന് അന്ത്യം കുറിച്ചുകൊണ്ട് എൽ.ഡി.എഫ്.-നെ അധികാരത്തിലേറ്റിയിരിക്കുകയാണ്. അഴിമതിയോട് വിട്ടുവീഴ്ചയില്ലാത്തതും പ്രകടവും ശക്തവുമായ ഒരു നയമായിരിക്കും എന്റെ സർക്കാർ പിന്തുടരുന്നതെന്ന് ഊന്നി പറയുവാൻ ഈ അവസരം വിനിയോഗിക്കുകയാണ്.

കേരളത്തിലെ ജനത അഴിമതിക്കെതിരായാണ് വിധിയെഴുതിയതെന്ന് നാം ഓർക്കുക. കഴിഞ്ഞ ദിവസങ്ങളിൽ അഴിമതിയെക്കുറിച്ച് പറയുമ്പോൾ ഒരു അസഹിഷ്ണുത ഇവിടെ പ്രകടമാകുന്നത് കണ്ടു. കേരളം രൂപീകരിക്കപ്പെട്ടതിനുശേഷം ഇത്രയേറെ അഴിമതിയും പിടിച്ചുപറിയും സ്വജനപക്ഷപാതവും നടന്ന ഒരു കാലഘട്ടം മുമ്പ് കേരളത്തിൽ ഉണ്ടായിട്ടില്ലായെന്നുള്ളത് ഇവിടത്തെ സാധാരണ ജനങ്ങൾക്കു പോലും അറിവുള്ളതാണ്. സോളാറിൽ തുടങ്ങി ടൈറ്റാനിയത്തിൽ തട്ടി കടകംപള്ളി വഴിയുള്ള കുംഭകോണം അവസാനം കൺസ്യൂമർഫെഡ് വരെയുള്ള കാര്യങ്ങൾ പരിശോധിച്ചാൽ നമുക്ക് മനസ്സിലാകും. കഴിഞ്ഞ മന്ത്രിസഭയിലെ ഏത് മന്ത്രിയാണ് വിജിലൻസ് കേസ്സിൽപ്പെടാതെ പോയിട്ടുള്ളത്. അഴിമതിയിൽ മുങ്ങിയ ഭരണമായിരുന്നില്ലേ; കഴിഞ്ഞ ഗവൺമെന്റിന്റെ അവസാന നാളുകളിൽ എടുത്ത ചില തീരുമാനങ്ങൾ പരിശോധിക്കുക. കേരളത്തിലെ പ്രധാനപ്പെട്ട മാധ്യമങ്ങൾ അത് റിപ്പോർട്ട് ചെയ്തല്ലോ? അവസാനത്തെ മന്ത്രിസഭാ യോഗങ്ങളിൽ 822 തീരുമാനങ്ങളാണ് എടുത്തത്. എൽ.ഡി.എഫ്. ഫയൽ പരിശോധിച്ച 300 എണ്ണത്തിൽ ഏകദേശം 180-ഓളം അഴിമതിമുക്തവും ക്രമവിരുദ്ധവുമാണെന്ന് കാണാൻ കഴിയും.

ഏറ്റവും അവസാനമെടുത്ത കുറെ ഭൂമി തട്ടിപ്പുകളുടെ കഥ ഈ നാട്ടിൽ എല്ലാവർക്കും അറിയാമല്ലോ; കരുണ എസ്റ്റേറ്റിന് 833 ഏക്കറിന് കരമടയ്ക്കാനുള്ള സാവകാശം കൊടുത്തില്ലേ; ശ്രീ. സന്തോഷ് മാധവൻ ഉൾപ്പെടെയുള്ള ആളുകൾക്ക് 128 ഏക്കർ സ്ഥലം പതിച്ചുനൽകാൻ തീരുമാനിച്ചില്ലേ; എറണാകുളം ജില്ലയിലെ വടക്കൻ പറവൂരിൽ 95.44 ഏക്കർ ഭൂമി പതിച്ചുകൊടുക്കാൻ തീരുമാനിച്ചില്ലേ; തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂരിൽ എക്കോ വേൾഡ് ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിന് 32.41 ഏക്കർ സ്ഥലം പതിച്ചുകൊടുക്കാൻ തീരുമാനിച്ചില്ലേ? ഞാൻ ആ പട്ടിക നീട്ടുന്നില്ല. ഞങ്ങളുടെ നാട്ടിൽ ഒരു ചെറിയ ചൊല്ലുണ്ട്, പണ്ടുകാലത്ത് പൈസയ്ക്ക് ബുദ്ധിമുട്ടുമ്പോൾ സ്വന്തം പുരയിടം കൊണ്ടുപോയി പണയം വയ്ക്കും, പണം തിരികെ കൊടുക്കുമ്പോൾ ഒറ്റി മടക്കിക്കൊടുക്കും. ഒറ്റി മടക്കിക്കൊടുക്കുന്നത് എങ്ങനെയെന്ന് അറിയാമോ; അതിൽ തെങ്ങുണ്ടെങ്കിൽ അതിലെ തേങ്ങയും കരിക്കും വെള്ളയ്ക്കയും കുമ്പും വരെ അരിഞ്ഞിട്ടാണ് തിരിച്ചുകൊടുക്കുന്നത്. അതുപോലെയാണ് ഇവിടെയും അവസാന നാളുകളിൽ വെട്ടിയൊഴിഞ്ഞുപോകുന്നത്. ബഹുമാനപ്പെട്ട ഇലക്ഷൻ കമ്മീഷൻ കോഡ് ഓഫ് കോൺടാക്ട് പ്രഖ്യാപിച്ചില്ലായിരുന്നെങ്കിൽ ബഹുമാനപ്പെട്ട അങ്ങേക്ക് ഇങ്ങനെ ഇരിക്കാനും ഞങ്ങൾക്ക് ഇങ്ങനെ വരുവാനും സാധിക്കുമായിരുന്നോ; ഇതും എഴുതി വിൽക്കില്ലായിരുന്നോ? ഗവർണറുടെ നയപ്രഖ്യാപനത്തിൽ ഏറ്റവും കൂടുതൽ പ്രതിപാദിച്ചിരിക്കുന്നത് വീടില്ലാത്തവന്റെയും ഭൂമിയില്ലാത്തവന്റെയും പെൻഷൻകാരുടെയും കാര്യമാണ്.

ബഹുമാന്യനായ മുൻ മുഖ്യമന്ത്രി ഒരവസരത്തിൽ പറഞ്ഞു, പെൻഷൻകാരുടെ കുടിശ്ശിക തീർത്തുകൊടുത്തിട്ടേ ഞാൻ ശമ്പളമെടുക്കുവെന്ന്. പെൻഷൻ കൊടുക്കാനായി അദ്ദേഹം വലിയൊരു ചതി ചെയ്തു. പോസ്റ്റാഫീസുകളിലൂടെ നൽകിയിരുന്ന പണം നേരെ ബാങ്കിലേക്ക് മാറ്റി. ലക്ഷക്കണക്കിന് ചെക്ക് ഒന്നോ രണ്ടോ ദിവസംകൊണ്ട് എഴുതി. അതിൽ സരസ്വതി സരസമ്മയായി, കമലാസനൻ കമലാക്ഷിയായി, മാധവൻ മാധവിയായി. ആർക്കും പൈസ കിട്ടിയില്ല. പാവങ്ങൾ നെട്ടോട്ടമോടുകയാണ്. ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റ് പെൻഷൻ വീട്ടിലെത്തിക്കുമെന്ന തീരുമാനം അറിഞ്ഞ് ഈ നാട്ടിലെ 60 വയസ്സ് കഴിഞ്ഞവരുടെ കണ്ണിൽനിന്ന് ആനന്ദക്കണ്ണീർമഴ പെയ്യുകയാണ് എന്നുള്ളത് നാം ഓർക്കണം.

കഴിഞ്ഞ ദിവസം ശ്രീ. കെ. എം. മാണി പ്രസംഗിച്ചപ്പോൾ ഇരട്ട നീതിയെക്കുറിച്ച് പറയുന്നതു കേട്ടു. ഇരട്ട നീതിയെക്കുറിച്ച് പറഞ്ഞപ്പോൾ അദ്ദേഹത്തിന്റെ മനസ്സ് വല്ലാതെ വെമ്പിയിരുന്നു. അദ്ദേഹത്തിനും വേറൊരു മന്ത്രിക്കും മന്ത്രിസ്ഥാനം രാജിവയ്ക്കേണ്ടിവന്നു. ശ്രീ. കെ. എം. മാണിയുടെ രാജി അംഗീകരിക്കുകയും മറ്റേ മന്ത്രിയുടെ രാജി അംഗീകരിക്കാതിരിക്കുകയും ചെയ്തു ഇരട്ട നീതിയെക്കുറിച്ചാണോ അദ്ദേഹം സൂചിപ്പിച്ചത്.

അങ്ങേയറ്റം ദുർബ്ബലരും പാർശ്വവത്കരിക്കപ്പെട്ടവരുമായ പൗരന്റെ പരാതി പരിഹാരത്തിനായിരിക്കും എന്റെ സർക്കാർ മുന്തിയ പരിഗണന നൽകുന്നത്. 'കാലൊച്ച കേൾക്കവേ വാതിൽ തുറക്കുക' എന്ന വാക്ക് ഇവിടെ പ്രധാനപ്പെട്ട ഒരു ചർച്ചാവിഷയമാണ്. പട്ടിണിപ്പാവങ്ങളുടെയും ആലംബഹീനരുടെയും വേദന അറിയാവുന്ന സഖാവ് പിണറായി വിജയനല്ലാതെ മറ്റാർക്കാണ് ഹൃദയസ്പർശിയായ ഇത്തരം ഒരു വാചകം എഴുതിച്ചേർക്കാൻ കഴിയുക. ചങ്കുറ്റമുള്ള, കാരിരുമ്പിന്റെ ശക്തിയുള്ള കേരളത്തിന്റെ മുഖ്യമന്ത്രി ഞങ്ങൾക്ക് അഭിമാനമാണ്. ഇന്നലെ ശ്രീ. പി. സി. ജോർജ്, ശ്രീ. പിണറായി വിജയനെ എതിർക്കാൻ നിങ്ങൾക്ക് ശക്തിയുണ്ടോയെന്ന് ചോദിച്ചല്ലോ. സഖാവ് പിണറായി വിജയന്റെ കരുത്തും ശക്തിയും ഞങ്ങൾക്ക് ആവേശമാണെന്ന് ചങ്കുറ്റത്തോടെ പറയാൻ ഒരു മടിയുമില്ല.

നിലമ്പൂരിലെ രാധയുടെയും മൃഗീയമായി കൊലചെയ്യപ്പെട്ട ജിഷയുടെയും പ്രേതവും ആത്മാവും ഇവിടെ കറങ്ങി നടക്കുകയാണ്. ആ ബെഞ്ചുകളിലേക്ക് ഒന്നു നോക്കൂ. ഒരു വനിതയുടെ ചെറുതരിപോലും ആ ബെഞ്ചുകളിൽ കാണാൻ കഴിയുന്നുണ്ടോ? കാലൊച്ച കേൾക്കവേ വാതിൽ തുറക്കുക എന്ന കാര്യം ചില ബഹുമാന്യരായ മെമ്പർമാർ സൂചിപ്പിച്ചു. യു.ഡി.എഫ്.-ന്റെ കാലത്താണെങ്കിൽ പാവപ്പെട്ടവന്റെ കാലൊച്ച കേട്ടാൽ കതക് തുറക്കില്ല. കൈവളകളുടെ കിലുക്കവും കാൽത്തളകളുടെ കിലുക്കവും കേട്ടാലേ വാതിൽ തുറക്കൂ. തൊട്ടടുത്തുള്ള മസ്കറ്റ് ഹോട്ടലിലെ ഇടനാഴികളിലും മുറികളിലും ആ കിലുക്കം കേട്ടു.

കേരളത്തിന്റെ മുഖ്യമന്ത്രിയായി സഖാവ് പിണറായി വിജയൻ വന്നതിന്റെ മാറ്റങ്ങൾ കണ്ടുതുടങ്ങി. അഴിമതി നടത്തിയിരുന്ന ഉദ്യോഗസ്ഥന്മാർക്ക് പേടിയായിത്തുടങ്ങി. കഴിഞ്ഞ ദിവസം തിരുവനന്തപുരം ജില്ലയിലെ ഇഷ്ടംപോലെ കാശ് വാങ്ങുന്ന ഒരു സബ് രജിസ്ട്രാർക്ക് ആധാരം എഴുതിയതിനുശേഷം പൈസ കൊടുത്തിട്ട് വാങ്ങിയില്ല. തിരുവനന്തപുരം സെക്രട്ടേറിയറ്റ് കന്റോൺമെന്റ് ഗേറ്റിനടുത്ത് നിരവധി പെട്ടിക്കടകൾ ഉണ്ട്. ആ പെട്ടികൾ കേന്ദ്രീകരിച്ച് ഇടത്തട്ടുകാരും ജീവനക്കാരും തമ്മിൽ ചില അവിഹിത ഇടപാടുകൾ നടക്കാറുണ്ടായിരുന്നു. അതവിടെ ഇപ്പോൾ കാണാൻ കഴിയുമോയെന്ന് ഒന്ന് പരിശോധിക്കണം.

കേരളത്തിൽ, പി.ഡബ്ല്യു.ഡി.-യിൽ ഏറ്റവും വലിയ അഴിമതിയായിരുന്നു നടന്നിരുന്നത്. സഖാവ് ജി. സുധാകരൻ മന്ത്രിയാകുമെന്ന് കേട്ടയുടൻ ധാരാളം മാറ്റങ്ങൾ വന്നു. ഇതൊക്കെ പരിശോധിക്കപ്പെടേണ്ടതാണ്. വിദ്യാഭ്യാസ വകുപ്പുമന്ത്രി അധികാരമേറ്റു. ഒട്ടേറെ നല്ല തീരുമാനങ്ങൾ വന്നു. സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ സീറ്റ് സംബന്ധമായ വിഷയം വന്നപ്പോൾ ഇരുചെവി അറിയാതെ പരിഹരിക്കാൻ സാധിച്ചില്ലേ?

ഇവിടെ മുമ്പ് ഒരു യു.ഡി.എഫ്. വിദ്യാഭ്യാസ വകുപ്പുമന്ത്രിയുണ്ടായിരുന്നു. ലോകം മുഴുവൻ ശ്രദ്ധിക്കുന്ന, ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ പരീക്ഷ എഴുതുന്ന എസ്.എസ്.എൽ.സി. ഫലം കുളമാക്കിയില്ലേ; കുട്ടികൾക്ക് പാഠപുസ്തകം സമയത്തിന് കൊടുത്തോ? കഴിഞ്ഞ ദിവസം സി.പി.ഐ.(എം.)-നെ ചിലയാളുകൾ ഉപദേശിക്കുന്നതു കേട്ടു. ഒന്നേകാൽ സംസ്ഥാനം ഭരിക്കുന്ന പാർട്ടിയാണ് സി.പി.ഐ.(എം.) എന്നുപറഞ്ഞു. ഞങ്ങൾ അംഗീകരിക്കുന്നു. പക്ഷെ, നിങ്ങളുടെ സ്ഥിതിയെന്താണ്? 1956-ൽ 390 സീറ്റുകളിൽ ജയിച്ച ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന് ഇന്ന് ലോക്സഭയിലുള്ള അംഗസംഖ്യ എത്രയെന്ന് അറിയാമോ? 44 സീറ്റുകൾ. എ.ഐ.എ.ഡി.എം.കെ.-യ്ക്ക് കുറച്ചു സീറ്റുകൂടി ഉണ്ടായിരുന്നെങ്കിൽ അവർ 37-ൽ നിന്ന് മിക്കവാറും പ്രതിപക്ഷ നിരയിലേക്ക് വരുമായിരുന്നു.

ഉത്തർപ്രദേശിന്റെ കാര്യമെന്താണ്? യു.പി. എന്നാൽ ഇന്ദിരയെന്ന് അറിയപ്പെട്ടു. ആ യു.പി.-യിലെ സ്ഥിതിയെന്താണ്? 404 സീറ്റുകളിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന് 28 സീറ്റു മാത്രമാണുള്ളത്. ഇന്ത്യ മൊത്തമെടുത്താൽ വെറും 6 സംസ്ഥാനങ്ങളിൽ, അതിൽ കർണ്ണാടക ഒഴികെ ബാക്കിയുള്ളവ ചെറിയ ചെറിയ സംസ്ഥാനങ്ങളാണ്. ഒന്നേകാൽ എന്നതിലെ കാൽ എന്നുപറഞ്ഞതു പോലെയാണ് മണിപ്പൂരും മിസോറാമും മേഘാലയുമെല്ലാം കോൺഗ്രസ് ഭരിക്കുന്നത്. സഖാവ് എസ്. ശർമ്മ അവതരിപ്പിച്ച നന്ദിപ്രമേയത്തെ അനുകൂലിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. ഒ. രാജഗോപാൽ : സർ, ഞാൻ ഇവിടെ നടുക്കാണ് നിൽക്കുന്നത്. എനിക്ക് ഇടതുപക്ഷത്തുനിന്നും വലതുപക്ഷത്തുനിന്നും ഒരുപോലെ എതിർപ്പ് നേരിടേണ്ടി വരുന്നുണ്ട്. തെരഞ്ഞെടുപ്പ് ഉൾപ്പെടെ ഒട്ടേറെ പരാതികൾ ഇവിടെ ഉന്നയിക്കപ്പെട്ടിട്ടുണ്ട്. അതിനൊക്കെ ഓരോന്നിനും എണ്ണിയെണ്ണി മറുപടി പറയാൻ സാധിക്കും. പക്ഷെ എനിക്ക് അനുവദിച്ചിട്ടുള്ള സമയം ഒന്നോ രണ്ടോ മിനിട്ടാണ്. ഈ സാഹചര്യത്തിൽ അതിലേക്ക് കടക്കാൻ സാധ്യമല്ല.

മറ്റാരുടേയോ വോട്ട് വാങ്ങിയാണ് ബി.ജെ.പി. ജയിച്ചത് എന്ന് രണ്ടു പാർട്ടിക്കാരും അങ്ങോട്ടുമിങ്ങോട്ടും ആരോപണമുന്നയിക്കുന്നുണ്ട്. വസ്തുതയെന്താണ്? ഈ തെരഞ്ഞെടുപ്പിൽ യു.ഡി.എഫ്.-ന് 7 ശതമാനത്തിലേറെയും എൽ.ഡി.എഫ്.-ന് ഒരു ശതമാനത്തിലേറെയും വോട്ടുകൾ കുറഞ്ഞു. വോട്ട് വർദ്ധിച്ചിട്ടുള്ളത് ബി.ജെ.പി.ക്കു മാത്രമാണ്. 7 ശതമാനം ഉണ്ടായിരുന്നത് 14.7 ശതമാനമായി വർദ്ധിക്കുകയുണ്ടായി. ഇതാണ് വസ്തുത. ബി.ജെ.പി.യുടെ ഒരു അംഗത്തെപ്പോലും ഇവിടെ വരാൻ അനുവദിക്കുകയില്ല എന്ന കാര്യത്തിൽ മുതിർന്ന നേതാക്കന്മാരുൾപ്പെടെ രണ്ടുപാർട്ടിക്കാരും ഒറ്റക്കെട്ടായി നിന്നു. പക്ഷേ ജനങ്ങൾ മറിച്ച് വിധിയെഴുതി എന്നുള്ളതാണ് വസ്തുത. ജനാധിപത്യ വ്യവസ്ഥിതിയിൽ ജനങ്ങളുടെ അഭിപ്രായത്തിനാണ് പ്രാധാന്യം. അതിന്റെ അടിസ്ഥാനത്തിലാണ് ഞാൻ ഇവിടെ നിൽക്കുന്നത്. എൽ.ഡി.എഫ്. അധികാരത്തിൽ വന്നിട്ട് കുറച്ചുദിവസമേ ആയിട്ടുള്ളൂ. അവർക്ക് തീർച്ചയായും അവസരം കൊടുക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്.

നയപ്രഖ്യാപന പ്രസംഗത്തിൽ പല നല്ല കാര്യങ്ങളും അടങ്ങിയിട്ടുണ്ട്. ഗ്യാസ് പൈപ്പ് ലൈൻ പൂർത്തീകരിക്കുമെന്നതും തിരുവല്ലത്ത് ഫിലിം സിറ്റി സ്ഥാപിക്കുമെന്നതും സ്വാഗതാർഹമായ കാര്യമാണ്. ജനപങ്കാളിത്തത്തോടു കൂടിയുള്ള വികസനം എന്നത് ശരിയായ കാഴ്ചപ്പാടാണ്. എംപ്ലോയ്മെന്റ് ഗ്യാരന്റി സ്കീമിൽ പല പണികളും ഇപ്പോൾ നടക്കുന്നുണ്ട്. അത് ഒഴിവാക്കിക്കൊണ്ട് വാട്ടർ മാനേജ്മെന്റിനെ സഹായിക്കുന്ന രീതിയിലാക്കണം. സ്വകാര്യ നിക്ഷേപം ഉണ്ടെങ്കിൽ മാത്രമേ വികസനം സാധ്യമാകുകയുള്ളൂ, അതിന് അനുകൂലമായ അന്തരീക്ഷം ഉണ്ടാക്കണം. എന്നാൽ നയപ്രഖ്യാപനത്തിൽ പറഞ്ഞിട്ടുള്ളത് വെറും അടവുനയം മാത്രമാണോ എന്ന് കാത്തിരുന്ന് കണ്ടറിയേണ്ടതാണ്. ഒരു കാര്യം സൂചിപ്പിച്ച് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കാം, കേരളത്തിന്റെ അതുല്യ സംസ്കാരം പരിപോഷിപ്പിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും പാരമ്പര്യവും പൈതൃകവും സംരക്ഷിക്കുന്നതിനും പ്രത്യേകമായി ശ്രദ്ധിക്കുന്നതാണെന്ന് ബഹുമാനപ്പെട്ട ഗവർണർ നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞിരിക്കുന്നു. നല്ല കാര്യമാണ്. പക്ഷെ പ്രവൃത്തിയിൽ കാണുന്നത് അങ്ങനെയല്ല.

ഐക്യരാഷ്ട്രസഭ തീരുമാനിച്ചതനുസരിച്ച്, ഇന്റർനാഷണൽ യോഗാ ഡേ ആയി ഈ മാസം 21-ാം തീയതി ആചരിച്ചു. 193 രാജ്യങ്ങൾ അതിൽ പങ്കാളികളായി. 43 രാജ്യങ്ങൾ മുസ്ലീം രാജ്യങ്ങളാണ്. അതിനുമുഴുവൻ സംഭാവനയും നൽകിയത് ഭാരതമാണ്. യോഗ എന്ന സങ്കൽപ്പത്തിന്റെ ഉപജ്ഞാതാവായ പതഞ്ജലിമഹർഷി ആദ്യം ഒരു ശ്ലോകം ചൊല്ലുന്നുണ്ട്. ഗുരുവും ശിഷ്യൻമാരും ഒന്നിച്ചിരുന്നുകൊണ്ടാണ് ചൊല്ലുന്നത്. അത് കീർത്തനമല്ല. നമുക്ക് ഒന്നിച്ചുചിന്തിക്കാം, ഒന്നിച്ചു പ്രവർത്തിക്കാം, ഒരേ മനസ്സുണ്ടാകണം എന്ന സന്ദേശമടങ്ങുന്ന ശ്ലോകമാണ് ചൊല്ലിയിട്ടുള്ളത്. ആ ശ്ലോകത്തിന് ഇത് കീർത്തനമാണെന്നും ഒരു പ്രത്യേക മതത്തിന്റേതാണെന്നും പറഞ്ഞ് പരിഹസിച്ച് കളിയാക്കുന്ന സാഹചര്യമുണ്ടായിട്ടുണ്ട്. ഇത്തരം സാഹചര്യങ്ങളുണ്ടാകാതിരിക്കാൻ, ബന്ധപ്പെട്ടവരെ ഉപദേശിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറാകണമെന്നു മാത്രം പറഞ്ഞുകൊണ്ട് ഞാൻ വിടവാങ്ങുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, പോയിന്റ് ഓഫ് ഓർഡർ... നയപ്രഖ്യാപനത്തെക്കുറിച്ച് സംസാരിക്കുന്ന സന്ദർഭത്തിൽ അതിനെ അനുകൂലിക്കുന്നുവെന്നോ പ്രതികൂലിക്കുന്നുവെന്നോ പറയണം. ഒരു പാർട്ടിയുടെ പൊസിഷൻ എവിടെയാണെന്ന് അറിയിക്കുന്നതിനുവേണ്ടി കിട്ടുന്ന ഏക വേദിയാണ്.

ശ്രീ. കെ. ദാസൻ : സർ, ബഹുമാന്യനായ കേരള ഗവർണർ നടത്തിയ നയപ്രഖ്യാപനം ഈ സഭ ശ്രദ്ധിച്ചത് അതിയായ സന്തോഷത്തോടും അതിലേറെ അഭിമാനത്തോടും കൂടിയാണ്. അഴിമതിരഹിതവും മതനിരപേക്ഷവുമായ ഒരു വികസിത കേരളത്തിനു വേണ്ടിയുള്ള ആഗ്രഹമാണ് ആ വാക്കുകളിലൂടെ മുഴങ്ങിക്കേട്ടത്. പുതിയൊരു കേരളത്തിനുവേണ്ടിയുള്ള വിളംബരം, ആ മാറ്റം കേരളത്തിൽ മാത്രമല്ല ലോകമെമ്പാടുമുള്ള മലയാളികളിൽ വലിയ ചലനമാണ് സൃഷ്ടിച്ചിട്ടുള്ളത്. മഹാൻമാരായ നമ്മുടെ നവോത്ഥാന നായകൻമാർ ഉഴുതുമറിച്ചിട്ട ഈ മണ്ണിൽ കിളിർത്തുവന്ന, ജനാധിപത്യത്തിന്റേയും സോഷ്യലിസത്തിന്റേയും മതനിരപേക്ഷതയുടേയുമെല്ലാം മൂല്യങ്ങൾ തകർത്തുകളയാൻ കേരളജനത ആരേയും അനുവദിക്കുകയില്ല എന്ന ഉജ്ജ്വല പ്രഖ്യാപനമാണ് ഈ സഭാവേദിയിൽ മുഴങ്ങിക്കേട്ടത്. കഴിഞ്ഞ അഞ്ചുവർഷം കേരള ചരിത്രത്തിലെ ഇരുൾമൂടിയ ഒരദ്ധ്യായമായിരുന്നു എന്ന കാര്യം എല്ലാപേരും സമ്മതിക്കുന്നുണ്ട്. തെരഞ്ഞെടുപ്പ് പരാജയത്തെത്തുടർന്ന് യു.ഡി.എഫ്. പ്രവർത്തകർക്കിടയിൽ വലിയ വാദപ്രതിവാദങ്ങൾ

നടന്നുകൊണ്ടിരിക്കുകയാണ്. മദ്യരംഗത്ത് കഴിഞ്ഞ ഗവൺമെന്റ് സ്വീകരിച്ച നിലപാടുകൾ ശരിയായിരുന്നില്ല എന്ന് അവർ രഹസ്യമായും പരസ്യമായും പറഞ്ഞുകൊണ്ടിരിക്കുകയാണ്. കേരളത്തിൽ പുതിയ ബാറുകൾ അനുവദിക്കില്ലെന്നു പറയുകയും കൺസ്യൂമർഫെഡിന്റെ എല്ലാ സ്ഥലങ്ങളിലും ശീതീകരിച്ച സെൽഫ് സർവ്വീസുകൾ ആരംഭിക്കുന്നതിനാവശ്യമായ തീരുമാനങ്ങൾ എടുക്കുകയും ചെയ്തത് യു.ഡി.എഫ്. ഗവൺമെന്റാണ്. അത് വ്യാപകമായ രീതിയിൽ കേരളത്തിൽ നടപ്പിലാക്കാനുള്ള നിർദ്ദേശമാണ് സംസ്ഥാന ഗവൺമെന്റ് കൊടുത്തിരുന്നത്. അതിന്റെ അടിസ്ഥാനത്തിലാണ് ബിവറേജസ് കോർപ്പറേഷന്റെ മൊത്തം വരുമാനം 8569 കോടി രൂപയായി വർദ്ധിച്ചത്. കൺസ്യൂമർ ഫെഡ് 2016 ജനുവരിയിൽ 12,846 ലക്ഷം രൂപയുടെ വരുമാനം ഉണ്ടാക്കിയിട്ടുണ്ട്. ബാറുകൾ പൂട്ടിയതിന്റെ തണലിൽ വളർന്ന് പന്തലിച്ചുവന്നത് മദ്യത്തിന്റെ വ്യാപനമായിരുന്നു വെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. 40 ലക്ഷം കെയ്സാണ് അധികമായി കേരളത്തിൽ വിറ്റഴിച്ചത്. മദ്യാസക്തി കുറയ്ക്കാനും മദ്യവർജ്ജനത്തിനായി ജനങ്ങളെ ബോധവാന്മാരാക്കാനുള്ള നടപടികൾ സ്വീകരിക്കാതെ അശാസ്ത്രീയമായ രീതികൾ അവലംബിക്കുകയും മദ്യസംസ്കാരം വളർത്തിയെടുക്കാനുള്ള ശ്രമം നടത്തുകയുമാണ് ചെയ്തതെന്ന് യു.ഡി.എഫ്.ന്റെ ഒരു നേതാവുതന്നെ പരസ്യമായി പറയുകയുണ്ടായി. കുടുംബ ബഡ്ജറ്റിൽ കുടുംബ ബാറുകൾ കടന്നുവന്നിരിക്കുന്നുവെന്നും അത് ഏതാണ്ട് 30 ശതമാനത്തിലധികം വർദ്ധിച്ചിട്ടുണ്ട് എന്നും വാങ്ങിക്കൊണ്ടുപോകുന്ന മദ്യം വീടുകളിൽ വച്ച് കഴിക്കുന്നതുകൊണ്ട് കുടുംബ ബന്ധത്തെതന്നെ തകർക്കുന്നുവെന്നും കേരളത്തിലെ ഉന്നതനായ ഒരു കോൺഗ്രസ് നേതാവ് പരസ്യമായി പ്രഖ്യാപിക്കുന്ന രീതിയിലേയ്ക്ക് വരെ കാര്യങ്ങൾ വന്നിട്ടുണ്ട്. ബാറുകൾ പൂട്ടിയതിന്റെ ഫലമായി അനധികൃതമായി മദ്യവിൽപ്പന നടത്തുന്ന കേന്ദ്രങ്ങളുടെ എണ്ണം വർദ്ധിക്കുകയും തന്മൂലം സാംസ്കാരിക പൈതൃകത്തേയും ഇതുവരെ വളർത്തിയെടുത്ത എല്ലാ നന്മകളേയും ഇല്ലാതാക്കുന്ന രീതിയിൽ ഒരു ക്രിമിനൽ സംഘം കേരളത്തിൽ വളർന്നുവരികയും ചെയ്തു എന്നുള്ള യഥാർത്ഥ്യം യു.ഡി.എഫ്.-ന്റെ നേതാക്കൾ വിസ്മരിക്കരുതെന്നാണ് എനിക്ക് പറയാനുള്ളത്.

1175 വിദേശ മദ്യശാലകളും 800 ബിയർ/വൈൻ പാർലറുകളും 306 സർക്കാർ നിയന്ത്രിത വിദേശമദ്യശാലകളും 30 പഞ്ചനക്ഷത്ര ബാറുകളും 5000 കള്ളുഷാപ്പുകളുമുൾപ്പെടെ വിപുലമായ ഒരു ശൃംഖലയാണ് കേരളത്തിൽ യു.ഡി.എഫ്.-ന്റെ കാലത്തുണ്ടായതെന്ന് നാം മനസ്സിലാക്കേണ്ടതായിട്ടുണ്ട്.

എന്നാൽ കേരള ഗവൺമെന്റ് എന്താണ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് ഈ നയപ്രഖ്യാപനത്തിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്. രാഷ്ട്രീയമായി ഇച്ഛാശക്തിയുള്ള ഒരു സർക്കാർ നമുക്കുണ്ട്. നമുക്ക് ദിശാബോധം നൽകിയിരിക്കുന്നത് എൽ.ഡി.എഫ്.-ന്റെ നയങ്ങൾ തന്നെയാണ്. ആ നയപ്രഖ്യാപനങ്ങൾ പൊതു ജനങ്ങളുടെ ഇടയിൽ വലിയ മതിപ്പുളവാക്കിയിട്ടുണ്ട്. വലിയ തോതിലുള്ള ശുഭാപ്തി വിശ്വാസമാണ് എൽ.ഡി.എഫ്. ഗവൺമെന്റിനെ സംബന്ധിച്ച് ആളുകൾക്കുള്ളത്. പ്രതീക്ഷാനിർഭരമായ ഒരു മനസ്സുമായിട്ടാണ് ജനം എൽ.ഡി.എഫ്. സർക്കാരിനെ സ്വീകരിക്കുന്നത്.

അഴിമതി വീരന്മാരായ ആളുകൾ അഴിയെണ്ണുമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായി അതിക്രമങ്ങൾ ഉയർന്നു വരുമ്പോൾ അതിനെ ചോദ്യം ചെയ്യാനും പറയാനും ഇടതുപക്ഷക്കാരുണ്ട് എന്ന തോന്നൽ ജനങ്ങളിൽ വളർന്നുവന്നിട്ടുണ്ട്. മതത്തിന്റെ പേരിൽ നിലനിൽക്കുന്ന തമ്മിലടി ഇല്ലാതാക്കാൻ ആവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്. പഴയതുപോലെ ആരേയും അഴിഞ്ഞാടാൻ ഈ സർക്കാർ അനുവദിക്കില്ല എന്നുള്ള പ്രഖ്യാപനം കൂടിയാണ് ബഹുമാനപ്പെട്ട ഗവർണർ തന്റെ നയപ്രഖ്യാപന പ്രസംഗത്തിൽ നടത്തിയിട്ടുള്ളത്.

അഴിമതിയും ധൂർത്തും സ്വജനപക്ഷപാതവുംകൊണ്ട് നടുവൊടിഞ്ഞ ഒരു സമ്പദ്ഘടനയെ ഉയർത്തെഴുന്നേൽപ്പിക്കാൻ കഴിവുള്ളവരുടെ കരങ്ങളിലാണ് ഭരണം എന്ന ദൃഢവിശ്വാസം ജനങ്ങൾക്കിടയിൽ വളർന്നുവന്നിട്ടുണ്ട്. ജന വിരുദ്ധനയങ്ങൾ തുത്തെറിയപ്പെടുമെന്നും രാജ്യത്തിനുതന്നെ അഭിമാനിക്കാൻ കഴിയുന്ന സുസ്ഥിരമായ, പരിസ്ഥിതി സൗഹൃദത്തിലൂന്നിയ ഒരു വികസന മാതൃക ഇവിടെ രൂപപ്പെട്ടു വരുമെന്നും അതിന്റെ പുതുമലരുകൾ വിരിയുമെന്നും ജനങ്ങൾ ആത്മാർത്ഥമായി ആഗ്രഹിക്കുകയും വിശ്വസിക്കുകയുമാണ്.

ജനങ്ങളുടെ ഈ സ്വപ്നങ്ങൾക്ക് ചിറകുനൽകുന്നതാണ് ബഹുമാന്യനായ ഗവർണറുടെ നയപ്രഖ്യാപനമെന്ന് ഞാൻ നന്ദിപൂർവ്വം സ്മരിക്കുകയാണ്. ഇതിൽ ഏറ്റവും പ്രധാനമാണ് മത്സ്യമേഖല. 590 കി.മീ. ദൈർഘ്യമുള്ള തീരത്ത് നിരവധി മത്സ്യത്തൊഴിലാളി കുടുംബങ്ങളാണ് തിങ്ങിപ്പാർക്കുന്നത്. അവർക്കായി വിവിധങ്ങളായ പദ്ധതികളാണ് കേരള ഗവൺമെന്റിന്റെ നയപ്രഖ്യാപനത്തിൽ സൂചിപ്പിച്ചിട്ടുള്ളത്. മത്സ്യബന്ധനമേഖലയെപ്പറ്റി പഠനം നടത്തിയ ഡോ. അയ്യപ്പൻ കമ്മിറ്റിയുടെ റിപ്പോർട്ട് നടപ്പിലാക്കും, മത്സ്യത്തൊഴിലാളി ഡാറ്റാബാങ്ക്, ഫാമിലി കാർഡ്, തീരസുരക്ഷയ്ക്ക് മറൈൻ ബറ്റാലിയൻ, മത്സ്യത്തൊഴിലാളി ക്ഷേമ പദ്ധതികൾ തുടങ്ങിയവ നടപ്പാക്കുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. എന്റെ മണ്ഡലമായ കൊയിലാണ്ടിയുൾപ്പെടെയുള്ള തീരദേശ മണ്ഡലങ്ങളിൽ പുതിയൊരു ഉണർവ് പ്രദാനം ചെയ്യാൻ ഈ പ്രഖ്യാപനത്തിലൂടെ കഴിഞ്ഞിട്ടുണ്ട്.

അതുപോലെ 25 ലക്ഷത്തോളം തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്ന പ്രഖ്യാപനം യുവജനങ്ങളിലും രക്ഷിതാക്കളിലും വലിയ പ്രതീക്ഷയാണ് ഉണ്ടാക്കിയിരിക്കുന്നത്. ഇൻഫർമേഷൻ ടെക്നോളജി, ബയോ ടെക്നോളജി, ഇലക്ട്രോണിക്സ്, ടൂറിസം, കൃഷി, വാണിജ്യം, ചെറുകിട വ്യവസായം, നിർമ്മാണ മേഖല എന്നീ മേഖലകളിലെല്ലാം പുതിയ തൊഴിലവസരങ്ങൾ ഉണ്ടാക്കുന്നതിനുള്ള നടപടികളാണ് ഗവൺമെന്റ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന ഗവർണറുടെ പ്രഖ്യാപനം സ്വാഗതാർഹമാണ്.

സാമൂഹ്യ സുരക്ഷാ പെൻഷനുകൾ കാലോചിതമായി വർദ്ധിപ്പിച്ചത് ദുർബ്ബല ജനവിഭാഗങ്ങളുടെ ഇടയിൽ വലിയ ആശ്വാസമാണ് ഉണ്ടാക്കിയിട്ടുള്ളത്. ആ വിശ്വാസത്തെ അരക്കിട്ടുറപ്പിക്കുന്ന നിലപാടുകളാണ് തുടർന്നും ഗവൺമെന്റ് സ്വീകരിക്കുക. വിലക്കയറ്റം, കരിഞ്ചന്ത, പൂഴ്ത്തിവയ്പ് എന്നിവ തടയുമെന്നും പൊതുവിപണിയിൽ ശക്തമായി ഇടപെടുമെന്നും കൂടുതൽ മാവേലിസ്റ്റോറുകളും പെട്രോൾ പമ്പുകളും എൽ.പി.ജി. വിപണനകേന്ദ്രങ്ങളും തുറക്കുമെന്നുമുള്ള പ്രഖ്യാപനവും സാമാന്യ ജനങ്ങൾക്ക് വലിയ ആശ്വാസമായി മാറുന്ന പ്രഖ്യാപനങ്ങളാണ്.

ഭൂരഹിതർക്ക് സമയബന്ധിതമായി ഭൂമി നൽകും, ചികിത്സാ രംഗത്തെ ഭീമമായ ചെലവ് നേരിടാൻ ചികിത്സാ പദ്ധതി, താലൂക്ക്, ജില്ലാ ആശുപത്രികൾ സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളായി ഉയർത്തുമെന്നും കോഴിക്കോട് മെഡിക്കൽ കോളേജിനെ ആൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് നിലവാരത്തിലേക്കുയർത്തുമെന്നുമുള്ള പ്രഖ്യാപനം ഇവയൊക്കെ ജനങ്ങളുടെ ചിരകാല സ്വപ്നങ്ങൾ പൂവണിയിക്കാൻ സഹായിക്കുന്നവയാണ്.

5 വർഷമായി മുടങ്ങിക്കിടക്കുന്ന സൈബർ പാർക്കിന്റെ നിർമ്മാണം വേഗത്തിൽ നടപ്പാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന തീരുമാനവും സ്വാഗതാർഹമാണ്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഒരൊറ്റ വനിതാ എം.എൽ.എ. ആയിരുന്നു ഭരണപക്ഷത്ത് ഉണ്ടായിരുന്നത്. ജയിക്കുന്ന മണ്ഡലത്തിൽ ഒരു വനിതാ പ്രതിനിധിയെ മത്സരിപ്പിക്കാൻ ഇന്നുവരെ യു.ഡി.എഫ്.-ന് കഴിഞ്ഞിട്ടുണ്ടോ? സമരങ്ങളിലും പ്രക്ഷോഭങ്ങളിലും സജീവമായി പങ്കെടുപ്പിച്ച് ജയിലറകളിൽവരെ ഇവരെ തള്ളിവിടുന്നുണ്ട്. ഇവിടെ വന്നിട്ടുള്ള വനിതാ എം.എൽ.എ.-മാരുടെ എണ്ണം തെളിയിക്കുന്നത് രാഷ്ട്രീയ മുതലെടുപ്പിനു

വേണ്ടി സ്ത്രീകളെ ഉപയോഗിക്കുന്ന കാപട്യം ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് ഇല്ല എന്നാണ്. ആഫീസ് ജീവനക്കാരിയെ കൊന്ന് ചാക്കിൽ കെട്ടി കുളത്തിൽ തള്ളുന്ന കൊടുംക്രൂരത കണ്ടാണ് സ്ത്രീ സമൂഹം ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് വോട്ട് രേഖപ്പെടുത്തി വലിയ ഭൂരിപക്ഷത്തിന് ഞങ്ങളെ ഈ നിയമസഭയിലേക്ക് അയച്ചതെന്നുകൂടി പറഞ്ഞുകൊണ്ട് ഈ നന്ദിപ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല) : സർ, ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ എതിർക്കുന്നു. വാക്കും പ്രവർത്തിയും തമ്മിലുള്ള വലിയ അന്തരം ഈ നയപ്രഖ്യാപനപ്രസംഗത്തിൽ നമുക്ക് കാണാൻ കഴിയും. ഖണ്ഡിക-28 പാഴ്ചെലവുകൾ ഒഴിവാക്കി സാമ്പത്തികരംഗം മെച്ചപ്പെടുത്തുമെന്ന് ഗവർണറെക്കൊണ്ട് പറയിച്ച ഈ സർക്കാർ തുടക്കം വളരെ ഗംഭീരമാക്കി. സത്യപ്രതിജ്ഞാ മാമാങ്കത്തിനുവേണ്ടി ചെലവഴിച്ചത് 35,50,794 രൂപയാണ്. ശ്രീ. ഷാഫി പറമ്പിൽ നൽകിയ അൺസ്റ്റാർഡ് ചോദ്യത്തിനുള്ള മറുപടിയിലാണ് ഇങ്ങനെ വ്യക്തമാക്കിയിരിക്കുന്നത്. അതുമാത്രമല്ല 83 പ്രിന്റ് മാധ്യമങ്ങൾക്കായി ഫുൾ പേജ് കളർപരസ്യം, ശ്രവണ ദൃശ്യമാധ്യമങ്ങൾക്കുള്ള പരസ്യങ്ങൾ ഇവയുടെയൊന്നും ബില്ലുകൾ പുറത്തുവന്നിട്ടില്ല. ഇതാണോ സർക്കാരിന്റെ ധൂർത്ത് ഒഴിവാക്കൽ? ഇതെല്ലാം കൂടിയാകുമ്പോൾ എത്ര കോടിയാകും സർക്കാരിന്റെ ഉദ്ഘാടന മാമാങ്കത്തിനുവേണ്ടി ചെലവഴിക്കേണ്ടി വന്നത്.

കഴിഞ്ഞ തെരഞ്ഞെടുപ്പുകാലത്ത് എൽ.ഡി.എഫ്. പറഞ്ഞത് കേരളത്തിൽ നിയമന നിരോധനം ഉണ്ടെന്നാണ്. ശ്രീ. പി. കെ. ബഷീർ എം.എൽ.എ.-യുടെ ഒരു ചോദ്യത്തിനുള്ള മറുപടിയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞിരിക്കുന്നതെന്താണെന്നു നോക്കാം. 'മുൻ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് നിയമന നിരോധനമുണ്ടായിരുന്നോ?' 'ഇല്ല'. 'മുൻ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് എത്ര പേർക്ക് പി.എസ്.സി. നിയമനം നൽകി? 1,54,238. ഈ സർക്കാർ അധികാരമേറ്റശേഷം എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തു? 25-5-2016 മുതൽ 21-6-2016 വരെ 4308 ഒഴിവുകൾ.' കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിയമന നിരോധനം ഇല്ലായിരുന്നു. പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട പരമാവധി ഉദ്യോഗാർത്ഥികൾക്ക് ജോലി കൊടുത്തു. 2016 മേയ് 30-ന് റിട്ടയർ ചെയ്ത ഒഴിവുകളായിരുന്നു 7000-ത്തിലധികം. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഒരു ഒഴിവുപോലും നികത്താതിരുന്നില്ല എന്നുള്ളതിന്റെ സൂചനയാണ് ശ്രീ. പി. കെ. ബഷീറിന് ബഹുമാന്യനായ മുഖ്യമന്ത്രി നൽകിയ മറുപടി.

നയപ്രഖ്യാപനം ഖണ്ഡിക 101-ൽ പറഞ്ഞിരിക്കുന്നു; "സർക്കാർ കശുവണ്ടിക്ക് പ്ലാന്റേഷൻ പദവി നൽകുന്നതിനുള്ള സാധ്യത പരിശോധിക്കും." 2005-ൽ ശ്രീ. കെ. എം. മാണിസാർ ലാന്റ് റിഫോംസ് (അമെന്റ്മെന്റ്) ബിൽ കൊണ്ടുവന്നപ്പോൾ നഖശിഖാന്തം എതിർത്ത ഇടതുപക്ഷം തന്നെയാണ് ഇപ്പോൾ ഇത് പറയുന്നത്. കേരള കോൺഗ്രസ് മാണിയുടെ പാർട്ടിതന്നെ. ശ്രീ. വി. എസ്. അച്യുതാനന്ദൻ അന്ന് ബില്ലിന്റെ മൂന്നാം വായനയിൽ പറഞ്ഞ ഒരു കാര്യം ഞാൻ ഉദ്ധരിക്കാം. ".... അതുകൊണ്ട് അത്യന്തം ദ്രോഹകരമായിട്ടുള്ള ഈ ഭേദഗതി നിയമം ഒരുകാരണവശാലും അംഗീകരിക്കാൻ കഴിയില്ല. പാവപ്പെട്ടവരായ കൃഷിക്കാരുണ്ടെങ്കിൽ, ഭൂരഹിതരായ കൃഷിക്കാരുണ്ടെങ്കിൽ, ഹരിജനങ്ങളുണ്ടെങ്കിൽ ഇവരെല്ലാം ചതിക്കപ്പെടുന്നതിന് ഇടയാക്കുന്ന ഒരു നിയമമാണിത്. ഇത് ഒരുകാരണവശാലും അംഗീകരിക്കാൻ കഴിയില്ല..." ശ്രീ. കെ. പി. രാജേന്ദ്രനും അതുതന്നെയാണ് പറഞ്ഞത്. നിങ്ങൾ നിങ്ങളുടെ നയം മാറ്റിയോ? ഗവർണ്ണറെക്കൊണ്ട് നിങ്ങൾ എങ്ങനെയാണ് പറയിപ്പിച്ചിരിക്കുന്നത്? യു.ഡി.എഫ്.ന്റെ മദ്യനയം തുടരുമെന്നാണ് സി.പി.ഐ.(എം.)-ന്റെ അഖിലേന്ത്യ ജനറൽ സെക്രട്ടറി ശ്രീ. സീതാറാം യെച്ചൂരി ഇലക്ഷനുമുമ്പ് പറഞ്ഞത്. മദ്യനയം രൂപീകരിക്കാൻ വിവിധ വിഭാഗങ്ങളുമായി ചർച്ച നടത്തുമെന്നാണ് നയ പ്രഖ്യാപനത്തിൽ പറയുന്നത്. തെരഞ്ഞെടുപ്പ് സമയത്ത് മദ്യലോബിയുമായി ഉണ്ടാക്കിയ അവിശുദ്ധ കൂട്ടുകെട്ടിന്റെ പരിണിതഫലമാണ് ഈ മാറ്റം. യു.ഡി.എഫ്. അടച്ച വിദേശ മദ്യഷോപ്പുകൾ തുറക്കുമോ? അതോ വരാൻപോകുന്ന പുതിയ മദ്യനയത്തിന്റെ അടിസ്ഥാനത്തിൽ ബാറുകൾ കേരളത്തിൽ തുറക്കാനാണോ നിങ്ങളുടെ ലക്ഷ്യം? മുഖ്യമന്ത്രി വ്യക്തമാക്കുമെന്ന് ഞാൻ കരുതുന്നു.

മാവേലി സ്റ്റോറുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുമെന്നും അടുത്ത അഞ്ചുവർഷത്തേക്ക് ഉൽപ്പന്നങ്ങളുടെ വില വർദ്ധിപ്പിക്കുന്നതല്ല എന്നുമാണ് എൽ.ഡി.എഫ്. പ്രകടനപത്രികയിലെ ഖണ്ഡിക 372-ൽ പറയുന്നത്. നയപ്രഖ്യാപനപ്രസംഗത്തിലെ ഖണ്ഡിക 84-ൽ പറയുന്നത്; "മാവേലി സ്റ്റോറുകൾ വഴി വിൽക്കപ്പെടുന്ന സബ്സിഡിയുള്ള പതിമൂന്ന് സാധനങ്ങളുടെ വില വർദ്ധിപ്പിക്കുന്നതല്ല" എന്നാണ്. ബാക്കിയുള്ള എല്ലാ നിത്യോപയോഗ സാധനങ്ങളുടെ വിലയും വർദ്ധിപ്പിക്കുമെന്നാണോ ഇതുകൊണ്ടുദ്ദേശിക്കുന്നത്. "ദീർഘകാലമായി മലബാറിലുള്ള വ്യക്തികളുടെ കൈകളിലുള്ള കുറഞ്ഞ വിസ്തീർണത്തിലുള്ള ഭൂമി പതിച്ചുകൊടുക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുവെന്നാണ്" ഖണ്ഡിക 209-ൽ പറയുന്നത്. പാർട്ടി സഖാക്കൾക്ക് ഭൂമി ഇഷ്ടംപോലെ പതിച്ചുകൊടുക്കാനാണോ ഈ ഗവൺമെന്റ് ഉദ്ദേശിക്കുന്നത്?

നയപ്രഖ്യാപനപ്രസംഗത്തിലെ 15-ഓളം ഖണ്ഡികകൾ യു.ഡി.എഫ്. സർക്കാരിന്റെ നയപ്രഖ്യാപന പ്രസംഗത്തിലുള്ളതാണ്. അതിനെ ഞാൻ സ്വാഗതം ചെയ്യുന്നു. യു.ഡി.എഫ്.-ന്റെ മെഗാപ്രോജക്ടുകൾ അതുപോലെ തുടരും എന്ന പ്രഖ്യാപനത്തിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്. ഇവിടെ ബഹുമാനപ്പെട്ട ഗവർണറെക്കൊണ്ട് അവതരിപ്പിച്ചിരിക്കുന്ന ഈ നയപ്രഖ്യാപനം നയമില്ലാത്ത പ്രഖ്യാപനങ്ങളാണ്, പൊള്ളയായ കാര്യങ്ങളാണ്. ദിശാബോധമില്ലാത്ത ഒരു ഗവൺമെന്റിന്റെ നയപ്രഖ്യാപനമായി മാത്രമേ ഇതിനെ കാണാൻ കഴിയൂ.

നിങ്ങൾ വിശുദ്ധന്മാരായി മേലങ്കി അണിയുകയാണ്. മത്തായിയുടെ സുവിശേഷം 23-ാം അദ്ധ്യായത്തിലെ 27, 28 വരെയുള്ള വാക്കുകൾ ഞാൻ വായിക്കാം. "കപടഭക്തിക്കാരായ ശാസ്ത്രിമാരും പരീശന്മാരുമായുള്ളോരേ, നിങ്ങൾക്കു ഹാ കഷ്ടം; വെള്ളതേച്ച ശവക്കല്ലറകളോടു നിങ്ങൾ ഒത്തിരിക്കുന്നു; അവ പുറമെ അഴകായി ശോഭിക്കുന്നെങ്കിലും അകമെ ചത്തവരുടെ അസ്ഥികളും സകലവിധ അശുദ്ധിയും നിറഞ്ഞിരിക്കുന്നു. അങ്ങനെതന്നെ പുറമേ നിങ്ങൾ നീതിമാന്മാർ എന്നു മനുഷ്യർക്കു തോന്നുന്നു; അകമെയോ കപടഭക്തിയും അധർമ്മവും നിറഞ്ഞവരത്രേ" അതാണ് നിങ്ങൾ എന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ തെരഞ്ഞെടുപ്പിൽ യു.ഡി.എഫ്. പരാജയപ്പെട്ടു, എൽ.ഡി.എഫ്. വിജയിച്ചിരിക്കുന്നു. ഞങ്ങൾ ഈ തോൽവി അംഗീകരിക്കുന്നു. ജനവിധി അംഗീകരിച്ചുകൊണ്ട് യു.ഡി.എഫ്. മുന്നോട്ടുപോകും. ജനാധിപത്യത്തിൽ തോൽവിയും വിജയവും ഒരു നാണയത്തിന്റെ രണ്ട് വശങ്ങളാണ്. കഴിഞ്ഞ പത്തുവർഷക്കാലം തുടർച്ചയായ പരാജയങ്ങളാണ് എൽ.ഡി.എഫ്. നേരിട്ടത്. അച്ചുതാനന്ദൻ ഗവൺമെന്റ് ജയിച്ചതിനുശേഷം പിന്നീട് ഒരു തെരഞ്ഞെടുപ്പിലും ജയിക്കാൻ കഴിയാതിരുന്ന ഇടതുപക്ഷത്തെ, ജനങ്ങൾ പത്തുവർഷം അകറ്റി നിർത്തുകയാണ് ചെയ്തത്. അത് മതിയായ ശിക്ഷയാണെന്ന് കണ്ട് ജനങ്ങൾ നിങ്ങൾക്കൊരു അവസരം നൽകിയിരിക്കുകയാണ്. അതിനപ്പുറം ഈ വിജയത്തെപ്പറ്റി നിങ്ങൾ ആഘോഷിക്കേണ്ടതായ യാതൊരു കാര്യവുമില്ല. ഒരു ആറുമാസക്കാലം, ഹണിമൂൺ പിരീഡിൽ നിങ്ങൾ അടങ്ങിയിരിക്കുമെന്ന് ഞങ്ങൾ കരുതി. തുടക്കത്തിൽത്തന്നെ ആശങ്കയും പൊരുത്തക്കേടുകളും കല്ലുകടികളുമാണ് ഞങ്ങൾ കണ്ടുകൊണ്ടിരിക്കുന്നത്. മന്ത്രിസഭായോഗം കഴിഞ്ഞുള്ള പത്രസമ്മേളനമില്ല. ഇത് മന്ത്രിസഭായോഗമെടുത്ത തീരുമാനമാണോ; അതോ മുഖ്യമന്ത്രി സ്വയമെടുത്ത തീരുമാനമാണോ? മാധ്യമങ്ങളെ ജനാധിപത്യത്തിൽ അങ്ങനെ അകറ്റിനിർത്താൻ കഴിയുമോ; ഫോർത്ത് എസ്റ്റേറ്റ് ജനാധിപത്യത്തിന്റെ അനിവാര്യമായ ഒരു

ഘടകമല്ലേ? നരേന്ദ്രമോഡിയുടെ അതേ പാതയാണ് മുഖ്യമന്ത്രി പിന്തുടരുന്നത്. നരേന്ദ്രമോഡിയും പിണറായി വിജയനും പത്രക്കാരെ കാണുന്നില്ല. മാധ്യമങ്ങളെയും പ്രതിപക്ഷത്തെയും അവഗണിച്ചുകൊണ്ട് മുന്നോട്ടുപോകാൻ കഴിയുമോ? തുടക്കം കാണുമ്പോൾ അപദാനങ്ങൾ അങ്ങയെ വീണ്ടുംവീണ്ടും വല്ലാതെ ബാധിക്കുന്നു വെന്നാണ് എനിക്ക് തോന്നുന്നത്. അങ്ങ് കരുത്തനാണെന്നും ശക്തനാണെന്നു മൊക്കെ പറയുന്നതുകേട്ട് അങ്ങ് വീണുപോകരുത്. കാരണം മുഖ്യമന്ത്രിയും മന്ത്രിമാരുമൊക്കെ നിയമസഭാവേദിയെ സംഘർഷത്തിന്റെ ഭൂമിയാക്കി മാറ്റുന്നത് ശരിയല്ല; ഞങ്ങൾ അത് ആഗ്രഹിക്കുന്നില്ല. സമന്വയത്തിന്റെയും പരസ്പരധാരണയുടെയും വേദികളാണ് നിയമസഭാവേദികൾ. തുടക്കത്തിൽത്തന്നെ ഞങ്ങൾക്ക് തോന്നുന്നത് സംഘർഷത്തിന്റെ പാത സ്വീകരിക്കാനാണ് ഭരണകക്ഷി തയ്യാറാകുന്നത് എന്നാണ്. സഭയിലെ ബിസിനസ്സ് കാര്യങ്ങൾ നടത്തിക്കൊണ്ടു പോകേണ്ട ഉത്തരവാദിത്വം ഭരണകക്ഷിക്കാണ്. അതുകൊണ്ട് തുടക്കത്തിലേ ഇത്തരം പ്രകോപനപരമായ നടപടികൾ ഉണ്ടാകരുത് എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. യു.ഡി.എഫ്. ശക്തമായൊരു മുന്നണിയാണ്. ഞങ്ങൾ തെരഞ്ഞെടുപ്പിൽ പരാജയപ്പെട്ടു. ഞങ്ങൾക്കുണ്ടായ പാളിച്ചകൾ ഞങ്ങൾ തിരുത്തും. കൂടുതൽ ജനവിശ്വാസമാർജ്ജിച്ചു കൊണ്ട് യു.ഡി.എഫ്. ശക്തമായിത്തന്നെ തിരിച്ചു വരും. ആ കാര്യത്തിൽ ഞങ്ങൾക്ക് യാതൊരു ആശങ്കയുമില്ല. തെരഞ്ഞെടുപ്പിൽ എൽ.ഡി.എഫ്. ജയിച്ചു. എന്നാൽ കഴിഞ്ഞ തവണ പ്രതിപക്ഷത്തിരുന്നപ്പോൾ കിട്ടിയ വോട്ടുകളുടെ ശതമാനം ഇത്തവണ 91 സീറ്റ് കിട്ടിയപ്പോഴും ഇടതുപക്ഷത്തിന് ലഭിച്ചില്ല എന്നുള്ള കാര്യം ഓർക്കണം. അതായത് 2011-ൽ എൽ.ഡി.എഫ്.-ന് ലഭിച്ച പിന്തുണ ഇപ്പോൾ ലഭിച്ചില്ല എന്നുള്ളത് കാണാൻ കഴിയും.

കോൺഗ്രസ്സിനെ പരാജയപ്പെടുത്തുക എന്നുള്ള കോമൺ അജണ്ടയാണ് ബി.ജെ.പി.-ക്കും സി.പി.ഐ.(എം.)-നുമുള്ളത്. ബി.ജെ.പി. ആഗ്രഹിക്കുന്നത് കോൺഗ്രസ്സ് മുക്തഭാരതം എന്നാണ്. എൽ.ഡി.എഫ്. ആഗ്രഹിക്കുന്നത് കോൺഗ്രസ്സിനെ പരാജയപ്പെടുത്തുക എന്നതാണ്. ഈ രണ്ട് പാർട്ടിക്കാരുടെയും കോമൺ അജണ്ട ഈ തെരഞ്ഞെടുപ്പിൽ വിജയിച്ചുവെന്ന് ഞാൻ വിശ്വസിക്കുന്നു. അത് താൽക്കാലികമായൊരു വിജയമാണ്. ആത്യന്തികമായി മതേതരത്വത്തിന് മാത്രമേ വിജയമുണ്ടാകൂ. വിവിധ മതവിഭാഗങ്ങളിൽ ആശങ്കയുണ്ടാക്കിക്കൊണ്ട്, മതപരമായ ഭിന്നിപ്പ് വർദ്ധിപ്പിച്ചുകൊണ്ട് തെരഞ്ഞെടുപ്പിൽ വിജയിക്കാൻ ഒരുപക്ഷേ കഴിഞ്ഞേക്കാം. അത് ശാശ്വതമായ വിജയമല്ല. ആത്യന്തികവും ശാശ്വതവുമായ വിജയം ജനാധിപത്യത്തിന്റേതാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. ഒ. രാജഗോപാലിന്റെ കന്നിവോട്ട് ലഭിച്ചത് ആർക്കാണ്? ഇന്ന് ശ്രീ. ഒ. രാജഗോപാൽ പ്രസംഗിച്ചത് ആർക്കുവേണ്ടിയാണ്? എ. കെ. ജി. സെന്ററിൽപോയി പിണറായി വിജയന് ആശീർവാദം കൊടുത്തത് ആരാണ്? ശ്രീ. ഒ. രാജഗോപാൽ തന്നെയാണ്. ഇന്നത്തെ അദ്ദേഹത്തിന്റെ പ്രസംഗം കേട്ടാൽ ആർക്കാണ് സംശയമുണ്ടാകുന്നത്; നിങ്ങളോടൊപ്പമാണ് അദ്ദേഹം എന്ന് വളരെ വ്യക്തമായി പറഞ്ഞു. അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ മുഴുവൻ ഭാഗങ്ങളിലും എൽ.ഡി.എഫ്.-ന്റെ നയപ്രഖ്യാപനത്തോടുള്ള ഏറ്റവും ശക്തമായ പിന്തുണയാണ് രേഖപ്പെടുത്തിയത്. ഞങ്ങൾ ഈ അവിശുദ്ധമായ കൂട്ടുകെട്ടുകൾക്കെതിരായിട്ടുള്ള പോരാട്ടം തുടരും. ഇന്ത്യയിൽ വർഗ്ഗീയശക്തികൾക്കെതിരെ പോരാട്ടം നടത്താൻ കഴിയുന്ന ഏകപ്രസ്ഥാനം ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് തന്നെയാണ്. അത് തെളിയിച്ചിട്ടുള്ളവരാണ് ഞങ്ങൾ.

മതേതരത്വവും ജനാധിപത്യവും സംരക്ഷിക്കാൻവേണ്ടി ഇന്ദിരാഗാന്ധിയും രാജീവ് ഗാന്ധിയും രക്തസാക്ഷിത്വം വരിച്ച നാടാണിത്. മതപരമായ ഭിന്നിപ്പ് വളർത്തി, രാജ്യത്ത് വിദ്വേഷത്തിന്റെ രാഷ്ട്രീയം ഉയർത്തിപ്പിടിക്കുന്ന ആർ.എസ്.എസ്.-നും ബി.ജെ.പി.-ക്കും സംഘപരിവാറിനുമെതിരായി ശക്തമായ പടനയിക്കാൻ കോൺഗ്രസ്സിനും കേരളത്തിലെ യു.ഡി.എഫ്.-നും കഴിയുമെന്നുള്ള കാര്യത്തിൽ തർക്കമില്ല. അതുകൊണ്ട് ഞങ്ങൾ ആഗ്രഹിക്കുന്നത് ഒരു ദേശീയ മതേതരജനാധിപത്യ ബദലാണ്. എല്ലാ മതേതരകക്ഷികളെയും യോജിപ്പിച്ചു കൊണ്ട് സോണിയാ ഗാന്ധിയുടെ നേതൃത്വത്തിൽ, രാഹുൽഗാന്ധിയുടെ നേതൃത്വത്തിൽ വലിയൊരു പോരാട്ടം ഇന്ത്യയിൽ നടക്കുന്നു. ആ പോരാട്ടത്തെ ശക്തിപ്പെടുത്താനുള്ള നടപടികളുമായി ഞങ്ങൾ മുന്നോട്ടുപോകും. കേരളത്തിലെ യു.ഡി.എഫ്. കൂടുതൽ ശക്തമായി ജനങ്ങളുടെ പിന്തുണയാർജ്ജിച്ചുകൊണ്ട് വരും നാളുകളിൽ മുന്നോട്ടുപോകും. ഈ ഗവൺമെന്റിന്റെ ജനവിരുദ്ധ നയങ്ങൾക്കെതിരായ പോരാട്ടം ശക്തമായി തുടരുമെന്ന് പറഞ്ഞുകൊണ്ട് ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുന്നു. നിർത്തുന്നു നമസ്കാരം.

<u>ശ്രീ. ഹൈബി ഈഡൻ</u> : സർ, പോയിന്റ് ഓഫ് ഓർഡർ, ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ചകൾ അവസാനിച്ചു. ബന്ധപ്പെട്ട വകുപ്പിലെ മന്ത്രിമാർ മറുപടി പറയാൻ പോകുന്ന അവസരത്തിൽ ഉദ്യോഗസ്ഥഗ്യാലറിയിൽ ആരും തന്നെയില്ല.

<u>മി. സ്പീക്കർ</u> : പരിശോധിക്കാം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) : സർ, കേരളത്തിലെ ജനാധിപത്യമുന്നണിക്ക് ജനങ്ങൾ നൽകിയ പിന്തുണയുടെ ഏറ്റവും വലിയ ദൃഷ്ടാന്തമാണ് ഇവിടെ ഇരിക്കുന്ന 91 അംഗങ്ങൾ. ബഹുമാന്യനായ രാജേട്ടൻ എങ്ങനെയാണ് നേമത്തുനിന്ന് ജയിച്ചത്? പ്രതിപക്ഷ നേതാവ് ഉൾപ്പെടെയുള്ളവർ പറയുന്നത് ഇടതുപക്ഷവും ബി.ജെ.പി.-യും തമ്മിലുള്ള ധാരണയുടെ അടിസ്ഥാനത്തിലാണെന്നാണ്. നേമത്തുനിന്നും യു.ഡി.എഫ്.-ന് ലഭിച്ച വോട്ട് എത്രയാണ് ; എങ്ങനെയാണ് ബി.ജെ.പി.ക്ക് ജയിച്ചുവരാൻ കഴിഞ്ഞത്? ഇവിടെ വലിയ അവകാശവാദങ്ങളൊക്കെ ഉന്നയിക്കുകയുണ്ടായി. യു.ഡി.എഫ്.-നും എൽ.ഡി.എഫ്.-നും ലഭിച്ച വോട്ടിന്റെ കാര്യവും ബി.ജെ.പി.ക്ക് ലഭിച്ച വോട്ടിന്റെ കാര്യവും ചിലർ ചൂണ്ടിക്കാണിക്കുകയുണ്ടായി. യഥാർത്ഥത്തിൽ ബി.ജെ.പി.ക്ക് 10.5 ശതമാനം വോട്ടാണ് ലഭിച്ചത്. അതൊരു വർദ്ധനവ് തന്നെയാണ്. 7 ശതമാനം വർദ്ധിച്ചുവെന്നത് നേരാണ്. ആ വർദ്ധനവ് ഉണ്ടാക്കിക്കൊടുക്കുന്നതിൽ യു.ഡി.എഫ്.-ന്റെ പ്രത്യേകിച്ച് കോൺഗ്രസ്സിന്റെ വലിയൊരു സംഭാവന ഉണ്ടായിട്ടുണ്ടെന്നുള്ളത് ആർക്കാണ് നിഷേധിക്കാൻ കഴിയുക? പലതരത്തിലുള്ള കൂട്ടുകെട്ടുകളാണ് ഉണ്ടായിട്ടുള്ളത്. ആ കൂട്ടുകെട്ടുകളുടെ അടിസ്ഥാനത്തിൽ, പരസ്പരധാരണയാണ് യു.ഡി.എഫ്.-ന്റെ ഭാഗത്തുനിന്നുണ്ടായിട്ടുള്ളതെന്ന് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. ഇങ്ങനെയൊക്കെ ഉണ്ടായിട്ടും ഇടതുപക്ഷജനാധിപത്യ മുന്നണി 91 സീറ്റുകളോടെ ജനവിധി തേടി അധികാരത്തിൽ വന്നപ്പോൾ അസഹിഷ്ണുതയോടുകൂടി അതിനെ സമീപിക്കുന്നത് ശരിയല്ലെന്നാണ് യു.ഡി.എഫ്. നേതൃത്വത്തിനോട് ഈ സന്ദർഭത്തിൽ ചൂണ്ടിക്കാണിക്കാനുള്ളത്. പൊതുവായി ഇവിടെ ഉയർന്നുവന്നിട്ടുള്ള അഭിപ്രായങ്ങൾക്കും നിർദ്ദേശങ്ങൾക്കും ബഹുമാന്യനായ മുഖ്യമന്ത്രി ഉൾപ്പെടെയുള്ളവർ മറുപടി പറയും. വകുപ്പുമായി ബന്ധപ്പെട്ട ചില വിഷയങ്ങൾ ചൂണ്ടിക്കാണിക്കാനാണ് ഞാൻ ആഗ്രഹിക്കുന്നത്.

01.00 P.M]

ഭൂമി ഇല്ലാത്തവർക്ക് ഭൂമിയും വീട് ഇല്ലാത്തവർക്ക് വീടും എന്ന കാഴ്ചപ്പാടാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടേത്. ജനപക്ഷ നിലപാട് സ്വീകരിച്ചുകൊണ്ടുള്ള ഭരണമായിരിക്കും കാഴ്ചവയ്ക്കുകയെന്ന് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഭരണത്തിന് തുടക്കംകുറിച്ച നാൾ മുതൽ എല്ലാവർക്കും ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. പൊതുവിതരണരംഗത്തും പൊതുഭരണരംഗത്തും സാമൂഹ്യക്ഷേമപ്രവർത്തനങ്ങളിലും കാർഷികരംഗത്തും സ്വീകരിച്ചിട്ടുള്ള സമീപനങ്ങൾ ഈ സർക്കാരിന്റെ ജനപക്ഷ നിലപാടുകളുടെ ഭാഗമാണ്. ആദ്യ ക്യാബിനറ്റ് യോഗത്തിലെടുത്ത തീരുമാനമുൾപ്പെടെ

ചൂണ്ടിക്കാണിക്കുന്നത് മഹാഭൂരിപക്ഷം വരുന്ന ആളുകളുടെ വോട്ടുനേടി അധികാരത്തിൽ വന്ന എൽ.ഡി.എഫ്. സർക്കാർ ജനങ്ങളുടെ പ്രതീക്ഷയ്ക്കൊത്ത് ഉയരാനും അവരുടെ പ്രധാനപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കാനും പ്രതിജ്ഞാബദ്ധമാണ് എന്നാണ്. ഈ ഗവൺമെന്റ് അധികാരത്തിൽവന്നിട്ട് ഒരു മാസം തികഞ്ഞിട്ടില്ല. എന്നിട്ടും നിങ്ങൾ അസഹിഷ്ണുതയോടുകൂടിയാണ് ഈ ഗവൺമെന്റിനോട് പെരുമാറുന്നത്. നിങ്ങളുടെ വാക്കുകളിലും പ്രവൃത്തികളിലും ഈ ഗവൺമെന്റിനോടുള്ള അസഹിഷ്ണുതയാണ് പ്രകടമാകുന്നത്. എന്നാൽ ജനാധിപത്യ സംവിധാനത്തിൽ നിങ്ങൾ നിങ്ങളുടേതായ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുമ്പോഴും, ഇടതുപക്ഷ ജനാധിപത്യ മുന്നണിയും ഗവൺമെന്റും ജനങ്ങളോടുള്ള ഉത്തരവാദിത്വം നിർവ്വഹിച്ചുകൊണ്ട് ജനങ്ങൾ അർപ്പിച്ചിട്ടുള്ള വിശ്വാസം പൂർണ്ണമായും നടപ്പാക്കിക്കൊണ്ട് മുന്നോട്ടുപോകുകതന്നെ ചെയ്യും.

ഭൂമി ഇല്ലാത്തവർക്ക് ഭൂമിയും വീട് ഇല്ലാത്തവർക്ക് വീടും എന്നത് നടപ്പാക്കാനുള്ള ശ്രമമായിരിക്കും ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുക. എന്റെ മുൻഗാമിയായ ശ്രീ. അടൂർ പ്രകാശ്, അദ്ദേഹത്തിന്റെ ഭരണ പരിചയത്തിന്റെയും അനുഭവ പരിചയത്തിന്റെയും അടിസ്ഥാനത്തിൽ പറഞ്ഞ കാര്യങ്ങളിൽനിന്ന് നല്ല കാര്യങ്ങൾ ഉൾക്കൊള്ളുന്നതിൽ ഈ ഗവൺമെന്റിന് ഒരു തരത്തിലുള്ള വിയോജിപ്പുമില്ല.

ഐ.ടി. രംഗത്തുണ്ടായിട്ടുള്ള മാറ്റങ്ങൾ, ഇ-ഗവേണൻസ് നടപ്പാക്കുന്നതിനു വേണ്ടി നടത്തിയ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള നല്ല കാര്യങ്ങളൊന്നും വേണ്ടെന്ന് പറയുന്നില്ല. പക്ഷേ ഭൂരഹിതരില്ലാത്ത കേരളം സൃഷ്ടിക്കുമെന്ന പ്രഖ്യാപനവും അതിന്റെ ആദ്യജില്ലയായി കണ്ണൂരും രണ്ടാമത്തെ ജില്ലയായി കാസർഗോഡും പ്രഖ്യാപിച്ചത് എത്രത്തോളം ശരിയാണെന്ന് പരിശോധിക്കണം.

ബഹുമാനപ്പെട്ട പ്രതിക്ഷ നേതാവ് അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ഒരു പരാമർശം നടത്തുകയുണ്ടായി. മലബാർ മേഖലയിൽ ആളുകളുടെ കൈവശമിരിക്കുന്ന ഭൂമി പാർട്ടിക്കാർക്ക് പതിച്ചുകൊടുക്കും അല്ലെങ്കിൽ അവർക്ക് പട്ടയം കൊടുക്കും എന്ന്. കണ്ണൂരും കാസർഗോഡും ഭൂരഹിത ജില്ലയാണെന്ന് പറയുന്ന നിങ്ങൾക്ക് ഈ രണ്ട് ജില്ലയിലും അസൈൻമെന്റ് കമ്മിറ്റിയുടെ മുന്നിൽ കെട്ടിക്കിടക്കുന്ന ആയിരക്കണക്കിന് അപേക്ഷകൾ നിഷേധിക്കാൻ കഴിയുമോ; ഭൂരഹിതരാണ് എല്ലാ ആളുകളുമെങ്കിൽ അത്രയും അപേക്ഷകൾ എങ്ങനെയാണ് അവിടെ കെട്ടിക്കിടക്കുന്നത്? ഭൂരഹിതരില്ലാത്ത കേരളം സൃഷ്ടിക്കാൻ പോകുന്നു എന്ന്

പ്രഖ്യാപനം നടത്തുകയും, റോഡുകൾ, തോടുകൾ, കല്ലുവെട്ടുകുഴികൾ, കുളങ്ങൾ ഉൾപ്പെടെയുള്ള ഒരിക്കലും വാസയോഗ്യമല്ലാത്ത ഭൂമി നിങ്ങൾ ചൂണ്ടിക്കാണിച്ചത്, ഭൂരഹിതരില്ലാത്ത കേരളം എന്ന പദ്ധതിയുടെ ഭാഗമായി പലർക്കും ഇപ്പോഴും ഏറ്റെടുക്കാനും ഉപയോഗിക്കാനും കഴിഞ്ഞിട്ടില്ല. അവിടെ അവർക്ക് വീട് വയ്ക്കാൻ കഴിയുന്നില്ല. അവരെല്ലാവരും പരാതിയുമായി നിങ്ങളെ സമീപിച്ചതാണ്, ഇപ്പോൾ ഈ ഗവൺമെന്റിനെ സമീപിച്ചുകൊണ്ടിരിക്കുന്നു. അത്തരം കാര്യങ്ങൾ പരിശോധിക്കാനും തിരുത്താനും ഗവൺമെന്റ് തയ്യാറാകും. അർഹതപ്പെട്ടവർക്ക് ഭൂമി കൊടുക്കുന്നതിൽ യാതൊരു തരത്തിലുള്ള വീഴ്ചയും വരുത്താൻ ഈ ഗവൺമെന്റിന് സാധ്യമല്ല. പത്തും അമ്പതും വർഷമായി ആളുകൾ കൈവശം വച്ചിരുന്ന ഭൂമിയാണ് അവർക്ക് ലഭിക്കാതെ പോയത്. 10 സെന്റ്, 20 സെന്റ്, 50 സെന്റ് തുടങ്ങി ഒരേക്കറിൽ താഴെവരുന്ന ഭൂമി ഉൾപ്പെടെയുള്ളതാണ് ഒരു വലിയ വിഭാഗം ആളുകളുടെ കൈവശമിരിക്കുന്നത്. പലവിധങ്ങളായ സാങ്കേതിക തടസ്സങ്ങളുന്നയിച്ചുകൊണ്ട് അത് നിഷേധിക്കപ്പെട്ടത് എങ്ങനെ അനുവദിക്കാൻ കഴിയും, നിയമപരമായി എങ്ങനെ കൊടുക്കാൻ കഴിയും തുടങ്ങിയ കാര്യങ്ങൾ പരിശോധിക്കുമെന്നതാണ് മലബാർ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നവുമായി ബന്ധപ്പെട്ട് പറയാനുള്ളത്.

1-1-1977-നു മുമ്പ് കൈവശമിരിക്കുന്ന ഭൂമിക്ക് പട്ടയം കൊടുക്കാനുള്ള സെൻട്രൽ ഗവൺമെന്റിന്റെയും സുപ്രീംകോടതിയുടെയും തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അതിന്റെ പ്രാരംഭനടപടികൾ കേരളത്തിലെ നാലഞ്ച് തെക്കൻ ജില്ലകളിൽ കഴിഞ്ഞകാലത്ത് നടത്തുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ 28000-ൽപ്പരം ഹെക്ടർ ഭൂമി കണ്ടെത്തുകയും റവന്യൂ ഡിപ്പാർട്ടുമെന്റും ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റുംകൂടി ജോയിന്റ് വെരിഫിക്കേഷൻ നടത്തി നിശ്ചയിച്ചുകഴിഞ്ഞ ഭൂമിക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തും.

<u>ശ്രീ. രാജു എബ്രഹാം</u> : സർ, 25 വർഷത്തെ ഉപാധിയോടുകൂടിയാണ് പട്ടയം കൊടുക്കുന്നത്. എന്നാൽ ഉപാധിരഹിത പട്ടയം കൊടുക്കണമെന്നതാണ് മലയോര കൈവശകൃഷിക്കാരുടെ ആവശ്യം. ആ നിലയിൽ തീരുമാനമെടുക്കുമോ എന്നാണ് അറിയേണ്ടത്.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, ഞാനിവിടെ ചൂണ്ടിക്കാണിച്ചത് 1-1-1977-നു മുമ്പുള്ള കൈവശക്കാർക്ക് നൽകിക്കൊണ്ടിരിക്കുന്ന പട്ടയത്തിന്റെ സ്ഥിതിയാണ്. ഈ വിഷയവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന സാഹചര്യം പരിശോധിച്ച് ആവശ്യമായ തീരുമാനമെടുക്കാവുന്നതാണ്.

ശ്രീ. ഹൈബി ഈഡൻ : സർ, 30-40 വർഷമായി പുഴ, തോട്, കായൽ പുറമ്പോക്കുകൾ കൈവശമുള്ള, ഭൂമിയോ വീടോ ഇല്ലാത്ത ആളുകൾക്ക് പട്ടയം കൊടുക്കുന്ന കാര്യം പരിഗണിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ : സർ, ഭരണഘടനാ ഭേദഗതിക്കുശേഷം പുഴ, കായൽ, പുറമ്പോക്ക് ഇവയിൽ പലതും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിക്ഷിപ്തമായിട്ടുള്ളവയാണ്. അത്തരം ഭൂമിയുടെ കാര്യത്തിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അഭിപ്രായംകൂടി പരിഗണിച്ച് നിയമപരമായ എല്ലാ പരിശോധനകളും നടത്തി ആവശ്യമായ തീരുമാനമെടുക്കുന്നതിനെക്കുറിച്ച് ആലോചിക്കും.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എൻ.ഒ.സി. കൊടുക്കുകയും സി.ആർ.ഇസഡ് വ്യവസ്ഥയിൽ വരാതിരിക്കുകയും ഗവൺമെന്റിന് പട്ടയം കൊടുക്കാൻ അർഹതയുണ്ടാവുകയും ചെയ്ത കാര്യത്തിൽ ഡിലേ വരുത്താതെ അത് കൊടുക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ : സർ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, അഞ്ച് വർഷക്കാലവും നിയമം ഉണ്ടായിട്ടും നടക്കാതെ പോയ കാര്യമാണെങ്കിൽ നിയമത്തിന്റെ അടിസ്ഥാനത്തിൽ അത് നടപ്പാക്കാൻ ഈ ഗവൺമെന്റ് തയ്യാറാകും.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഒരു പ്രോസസ്സ് നടപ്പിലാക്കണമെങ്കിൽ ചിലപ്പോൾ സമയമെടുക്കും. അതിനിടയിൽ ചിലപ്പോൾ ഗവൺമെന്റ് മാറിയെന്നിരിക്കും. പക്ഷേ ആ പ്രോസസ്സ് പൂർത്തിയാക്കി വസ്തു അവരുടെ പേരിൽ കൊടുക്കേണ്ടത് വർഷങ്ങളോളമായി അവിടെ ജീവിക്കുന്ന ആളുകളുടെ ജീവിത പ്രശ്നമാണ്. ആ കാര്യത്തിൽ ഗവൺമെന്റ് പോസിറ്റീവായ നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ : സർ, അഞ്ച് വർഷം കൊണ്ടും 50 വർഷം കൊണ്ടും നടക്കാത്ത പ്രോസസ്സുകളുണ്ട്. അതുകൊണ്ടാണ് നിലവിൽ നിയമമുണ്ടെങ്കിൽ അതനുസരിച്ച് തീരുമാനിക്കുമെന്ന് ഞാൻ പറഞ്ഞത്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മിനിസ്റ്റർ വളരെ പോസിറ്റീവായാണ് മറുപടി പറഞ്ഞത്. ബഹുമാനപ്പെട്ട അംഗങ്ങൾ ഇരിക്കണം. പരിശോധിച്ച് ചെയ്യാമെന്നാണ് പറഞ്ഞത്.

ശ്രീ. ഇ. ചന്ദ്രശേഖരൻ : സർ, നിയമം അനുവദിക്കുന്നതെല്ലാം ഈ ഗവൺമെന്റും ചെയ്യും. അത്തരം കാര്യങ്ങൾ വളരെ വ്യക്തമായി ചൂണ്ടിക്കാണിച്ചതാണ്. റവന്യൂ പുറമ്പോക്കുകളെന്ന രീതിയിലുള്ള ഭൂമിയുമുണ്ട്. പഞ്ചായത്തുകളിൽ, മുനിസിപ്പാലിറ്റികളിൽ അല്ലെങ്കിൽ കോർപ്പറേഷനുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഭൂമിയെ സംബന്ധിച്ചിടത്തോളം അവരുടെ അഭിപ്രായങ്ങൾ കൂടി പരിഗണിച്ച് നിയമത്തിന്റെ എല്ലാ വശങ്ങളും പരിശോധിച്ച് തീരുമാനമെടുക്കുമെന്നാണ് പറഞ്ഞത്.

ശ്രീ. വി. ടി. ബൽറാം : സർ, ഇവിടെ പറയുന്ന എല്ലാം politically motivated ആണെന്ന് കരുതേണ്ട. ഇത് ഇറിഗേഷൻ വകുപ്പുമായി ബന്ധപ്പെട്ട കാര്യമാണ്. ഇറിഗേഷൻ വകുപ്പിന്റെ കൈവശമുള്ള കനാലുകൾക്ക് എത്രത്തോളം ഏരിയ ഉണ്ടെന്നുള്ളതിനെപ്പറ്റി ഔദ്യോഗികമായി യാതൊരു രേഖയുമില്ല. പല ആളുകളും കനാലുകൾ കയ്യേറിയിട്ടുണ്ട്. ഇക്കാര്യം ചൂണ്ടിക്കാണിക്കുമ്പോൾ കേസ്സിന് പോവുകയും ഇറിഗേഷൻ വകുപ്പിന്റെ സമയം വ്യർത്ഥമായി ചെലവഴിക്കപ്പെടുകയുമാണ് ചെയ്യുന്നത്. ഇറിഗേഷൻ വകുപ്പിന്റെ കൈവശമുള്ള കനാലുകൾ, ഡാമുകൾ, പുഴകൾ എന്നിവ സമഗ്രമായി സർവ്വെ ചെയ്ത് ഡാറ്റാ ബാങ്ക് തയ്യാറാക്കിയാൽ രണ്ട് വകുപ്പുകൾക്കും ഗുണമായിരിക്കും. സർക്കാരിന്റെ സമയവും ധനവും ലാഭിക്കാൻ കഴിയുകയും ഇതുമായി ബന്ധപ്പെട്ട വ്യവഹാരങ്ങൾ ഒഴിവാക്കാൻ സാധിക്കുകയും ചെയ്യും. ഇക്കാര്യത്തിൽ പ്രത്യേകമായ ശ്രദ്ധ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായാൽ നല്ലതാണെന്ന അഭിപ്രായമുണ്ട്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്) : സർ, ജലവിഭവ വകുപ്പിന്റെ കൈവശം നിരവധി സ്ഥലങ്ങളിൽ ഭൂമി ഉപയോഗിക്കാതെ കിടക്കുകയും അവിടെ കയ്യേറ്റങ്ങൾ നടക്കുകയും ചെയ്തിട്ടുണ്ട്. ആ കയ്യേറ്റങ്ങൾ ഒഴിപ്പിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഒരു കാരണവശാലും പുതിയ കയ്യേറ്റങ്ങൾ അനുവദിക്കാൻ പാടില്ലെന്ന് കർശന നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി പൊതുകാര്യങ്ങൾക്ക് ഉപയോഗിക്കുന്നതിനായി എവിടെയൊക്കെ എത്ര വിസ്തൃതിയിൽ ഭൂമിയുണ്ടെന്ന് കണ്ടെത്തി ഡാറ്റ തയ്യാറാക്കി റിപ്പോർട്ട് സമർപ്പിക്കാൻ ജലവിഭവ വകുപ്പ് സെക്രട്ടറിയെ ഇതിനകം ചുമതലപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. ഇ. ചന്ദ്രശേഖരൻ : സർ, ഞാനിവിടെ ചൂണ്ടിക്കാണിക്കാൻ പോയത് 1-1-1977-ന് മുമ്പുള്ള ഭൂമിയുടെ കാര്യമാണ്. അതിൽ ജോയിന്റ് വെരിഫിക്കേഷൻ നടത്തി ഭൂമി വിതരണം ചെയ്തിട്ടുണ്ട്. അവശേഷിക്കുന്നത് 4000-ൽപ്പരം ഹെക്ടർ ഭൂമിയുടെ കാര്യമാണ്. അതുപോലെ അവശേഷിക്കുന്ന ജില്ലകളിൽ കൃത്യമായ വെരിഫിക്കേഷൻ നടത്തിയെങ്കിലും പകരം ഭൂമി കണ്ടെത്താൻ കഴിയാത്ത സാഹചര്യത്തിൽ വിതരണം ചെയ്യാൻ കഴിഞ്ഞിട്ടില്ല. അതുമായി ബന്ധപ്പെട്ട കാര്യങ്ങളുംകൂടി ആലോചിച്ച് ആവശ്യമായ രീതിയിലുള്ള തീരുമാനങ്ങൾ തുടർന്ന് ഉണ്ടാകുന്നതായിരിക്കും.

ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ള മറ്റൊരു കാര്യം റീ-സർവ്വേയെക്കുറിച്ചാണ്. 2012 ഒക്ടോബർ മാസം 31-ാം തീയതി യു.ഡി.എഫ്. ഗവൺമെന്റ് റീ-സർവ്വേ നിർത്തിവച്ചതാണ്. പറയുന്നത് രാഷ്ട്രീയമാണെന്നു ധരിക്കരുത്. അതുമായി ബന്ധപ്പെട്ട് കാലോചിതമായ പരിഷ്കാരങ്ങൾക്കുള്ള തുടർനടപടികളുണ്ടാകും. റീ-സർവ്വേയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഈ ഗവൺമെന്റിനോട് ചോദിച്ചപ്പോൾ സ്വാഭാവികമായും കഴിഞ്ഞ ഗവൺമെന്റിന്റെ നടപടി ചൂണ്ടിക്കാണിച്ചുവെന്നേയുള്ളൂ. ഇവിടെ പരാമർശിച്ച, ശ്രീ. രാജമാണിക്യത്തിന്റേതുൾപ്പെടെയുള്ള റിപ്പോർട്ടുകൾ മുമ്പിലെത്തിയിട്ടുണ്ട്, പരിശോധിച്ച് വരുംനാളുകളിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ഹൈക്കോടതിയിലുള്ള ചില കേസ്സുകളുമായി ബന്ധപ്പെട്ട പരാമർശവും മുൻ റവന്യൂ വകുപ്പുമന്ത്രി ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഹൈക്കോടതിയിലുള്ള കേസ്സുകളുടെ വിശദാംശങ്ങളും മറ്റ് കാര്യങ്ങളും കോടതിയുമായി ബന്ധപ്പെട്ട് പരിശോധിച്ച് തുടർന്നുള്ള കാര്യങ്ങൾ നിശ്ചയിക്കുന്നതാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ, ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ പിന്താങ്ങുകയാണ്. ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും ചില പ്രതിപക്ഷ അംഗങ്ങളും രാഷ്ട്രീയമായി ചില കാര്യങ്ങൾ ഉന്നയിക്കുകയുണ്ടായി. അതിൽ ഒന്ന്, കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് വലിയ തോതിൽ ക്ഷീണം സംഭവിച്ച് ശോഷിച്ചുപോയി എന്നതാണ്. ഞങ്ങളുടെ കാര്യത്തിൽ ഉത്കണ്ഠ ഉണ്ടായതിൽ നന്ദിയുണ്ട്. ഞങ്ങൾക്ക് പശ്ചിമ ബംഗാളിൽ ക്ഷീണം സംഭവിച്ചുവെന്നുള്ളത് വസ്തുതയാണ്. ഞങ്ങൾ ക്ഷീണിച്ചുപോയെന്ന് ചൂണ്ടിക്കാണിക്കുന്ന നിങ്ങളുടെ അവസ്ഥയെന്താണ്? 1985-ൽ 415 സീറ്റായിരുന്നു കോൺഗ്രസ്സിനുണ്ടായിരുന്നത്. അതിൽ നിന്നാണ് 44-ലേക്ക് ഇപ്പോൾ എത്തിയത്. രാജ്യത്താകെ ഇത്തരത്തിലൊരു തകർച്ച സംഭവിച്ചത് നിങ്ങളുടെ ശ്രദ്ധയിലുണ്ടാകുമല്ലോ. 371 സീറ്റ് എവിടെപ്പോയി? 48 ശതമാനം വോട്ട് അക്കാലത്ത് കോൺഗ്രസ്സിനുണ്ടായിരുന്നു. കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൽ 19 ശതമാനമായി കുറയുകയാണുണ്ടായത്. ഞങ്ങൾ അധികാരത്തിലുള്ളതിനെക്കുറിച്ചും പറയുകയുണ്ടായി. ഞങ്ങൾ രാജ്യത്തെ എല്ലാ സംസ്ഥാനത്തും നിറഞ്ഞുനിൽക്കുന്ന പാർട്ടിയല്ല. രാജ്യമാകെ മഹാശക്തിയായി നിന്ന പാർട്ടിയായിരുന്നല്ലോ കോൺഗ്രസ്സ്. ഇപ്പോൾ 29 സംസ്ഥാനങ്ങളിൽ കർണ്ണാടക ഒഴിച്ചാൽ ബാക്കി സംസ്ഥാനങ്ങളുടെ സ്ഥിതിയെന്താണ്; ബാക്കി സംസ്ഥാനങ്ങളിൽ ഇല്ലെന്നല്ല ഞാൻ പറയുന്നത്. ഉത്തരാഖണ്ഡ്, ഹിമാചൽ പ്രദേശ്, മേഘാലയ, മണിപ്പൂർ എന്നിവിടങ്ങളിലൊക്കെയുണ്ട്. ഈ തകർച്ച അനുഭവിച്ചുകൊണ്ടിരിക്കുന്നവർ ഞങ്ങളെ നോക്കി ആക്ഷേപിക്കുമ്പോൾ സ്വയം പരിഹാസ്യതയിലേയ്ക്കല്ലേ എത്തുന്നതെന്ന് ആലോചിക്കുന്നത് നല്ലതാണ്.

ഇവിടെ ബി.ജെ.പി.-യെക്കുറിച്ചും ശ്രീ. ഒ. രാജഗോപാലിനെക്കുറിച്ചുമൊക്കെ പരാമർശങ്ങൾ വന്നു. ഞങ്ങളും പറഞ്ഞിട്ടുണ്ട്; നിങ്ങളും ചിലത് ഉന്നയിച്ചിട്ടുണ്ട്. ബി.ജെ.പി.-യുടെ പ്രധാനപ്പെട്ട നേതാവായിരുന്ന കെ. ജി. മാരാർ എഴുതിയ പുസ്തകത്തിലെ ഒരദ്ധ്യായത്തിന്റെ പേരാണ് 'പാഴായിപ്പോയ പരീക്ഷണം'. എല്ലാവർക്കും അറിയാവുന്ന കാര്യമായതുകൊണ്ട് ഞാൻ അതിന്റെ ആവർത്തനത്തിലേക്ക് പോകുന്നില്ല. ആ പരീക്ഷണത്തിലേയ്ക്ക് നിങ്ങൾ ഇപ്പോഴും കടന്നില്ലേ? അത് നിങ്ങൾ എത്ര നിഷേധിച്ചാലും സത്യമല്ലാതാകുമോ? ശ്രീ. ഒ. രാജഗോപാൽ ഇവിടെ വരാനിടയായ തെരഞ്ഞെടുപ്പ് ആളുകളുടെ മുന്നിൽ ഒരു യാഥാർത്ഥ്യമായി നിലനിൽക്കുകയല്ലേ; നിങ്ങൾ അവിടെ അത്രമാത്രം ശേഷിയില്ലാത്തവരല്ലല്ലോ; നിങ്ങൾക്ക് ഇപ്പോഴുള്ള ശേഷി മാത്രമല്ലല്ലോ അവിടെയുള്ളത്; ആ ശേഷി എവിടെപ്പോയി? അവിടെയാണ് ആ പഴയ പരീക്ഷണത്തിന്റെ ആവർത്തനം ഉണ്ടായിയെന്ന പ്രശ്നം വരുന്നത്. ബി.ജെ.പി.-യുമായി കൂട്ടുചേർന്നതിന്റെ പ്രശ്നം ഉന്നയിക്കുമ്പോൾ, നിങ്ങൾ വി. പി. സിംഗ് ഗവൺമെന്റിനെ താഴെയിറക്കിയ കാര്യം ഓർക്കണം. വി. പി. സിംഗ് ഗവൺമെന്റിനെ താഴയിറക്കാൻ നിങ്ങൾ കൂട്ടുകൂടിയത് ബി.ജെ.പി.-യുമായിട്ടല്ലേ? അന്നത്തെ ആ നിലപാട് നിങ്ങൾക്ക് പിന്നീടും പല ഘട്ടത്തിൽ, പലവഴിക്ക് ആവർത്തിക്കാൻ കഴിഞ്ഞുവെന്നുള്ളതല്ലേ കേരളത്തിന്റെ പല അനുഭവങ്ങളും കാണിക്കുന്നത്?

നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് കൂടുതൽ പറയാനില്ല, ധവളപത്രം എല്ലാവരുടെയും കയ്യിൽ കിട്ടിയല്ലോ. ഇതിൽ യു.ഡി.എഫ്. സർക്കാർ ഭരണത്തിന്റെ അവസാന നാളിൽ, അതായത് ഭരണം കഴിയുന്ന മാർച്ച് 31-ന് ട്രഷറിയിൽ 1643 കോടി രൂപ മിച്ചമുണ്ടായിരുന്നുവെന്നാണ് മുൻമുഖ്യമന്ത്രി വെളിപ്പെടുത്തിയത്. പക്ഷെ, അതിന്റെ പൊള്ളത്തരം ഇപ്പോൾ ഇതിലൂടെ വ്യക്തമായില്ലേ; ട്രഷറിയിൽ ലഭിച്ച ബില്ലുകൾ നൽകാതെ മാറ്റിവയ്ക്കുകയുണ്ടായി. ആ ഘട്ടത്തിൽ അടിയന്തരവും അനിവാര്യവുമായിരുന്ന ചെലവുകൾ കുറച്ചാൽ ആ ദിവസം ട്രഷറിയിൽ 173 കോടി രൂപ യഥാർത്ഥത്തിൽ ക്യാഷ് ബാലൻസിൽ കമ്മിയാണ് ഉണ്ടായിരുന്നത്. അതിപ്പോൾ ധവളപത്രത്തിലൂടെ വ്യക്തമായല്ലോ. എന്നാൽ അതിനുപുറമെ അടിയന്തരമായി കൊടുത്തുതീർക്കേണ്ട മറ്റ് ബാധ്യതകൾകൂടി കണക്കിലെടുത്താൽ ചുരുങ്ങിയത് 10,000 കോടി രൂപയെങ്കിലും വരുമെന്നും ഈ ധവളപത്രത്തിൽ കണക്കാക്കിയിരിക്കുന്നു.

ചെലവിടുന്ന കാര്യത്തിൽ ഒരു തരത്തിലുള്ള ഞെരുക്കവും ഉണ്ടായിട്ടില്ല, എന്നാൽ വരുമാനം വർദ്ധിപ്പിച്ചിട്ടുമില്ല എന്നതാണ് കഴിഞ്ഞ സർക്കാരിന്റെ ഒരു പ്രത്യേകത. അതിന്റെ ഫലമായി റവന്യൂ കമ്മി 2.65 ശതമാനമായി ഉയരുന്ന സ്ഥിതിയുണ്ടായി. 2011-ൽ 3673 കോടി രൂപയായിരുന്നു റവന്യൂ കമ്മി. 2015-ൽ 13,795 കോടി രൂപയായി അത് വർദ്ധിച്ചു. 2016-17-ൽ കമ്മി കുറഞ്ഞുവെന്ന് വരുത്തിതീർക്കാൻ ഒരു വിദ്യ കാണിച്ചിട്ടുണ്ട്. 10,000 കോടിയോളം രൂപയുടെ ചെലവുകളുടെ ബില്ലുകളും ബാധ്യതകളും മാറ്റിവയ്ക്കുകയാണുണ്ടായത്. റവന്യൂ കമ്മി പൂജ്യത്തി ലെത്തിക്കുമെന്നായിരുന്നല്ലോ യു.ഡി.എഫ്. ഗവൺമെന്റ് അവകാശപ്പെട്ടിരുന്നത്. ഇവിടെ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം 2006-2011 കാലത്ത് 17.2 ശതമാനം വീതം വളർന്നത് 2011-16 കാലത്ത് 12.4 ശതമാനമായി മാത്രമെ ഉയർന്നുള്ളൂ എന്നതും ഈ ധവളപത്രത്തിൽ വ്യക്തമാക്കിയിരിക്കുകയാണ്. നികുതി വരുമാന വളർച്ചയുടെ ഇടിവിന്റെ കാരണം ധവളപത്രം കൃത്യമായി വരച്ചു കാണിച്ചിരിക്കുകയാണ്.

ഇവിടെ തലശ്ശേരിയിലെ ഒരു അറസ്റ്റുമായി ബന്ധപ്പെട്ട്, ആ അറസ്റ്റ് കഴിഞ്ഞ ഉടനെ എന്നോട് ചോദ്യം ചോദിച്ചപ്പോൾ ഞാനതിൽനിന്ന് ഒഴിഞ്ഞുമാറിയെന്ന ആക്ഷേപം ഉന്നയിക്കപ്പെട്ടിരുന്നു. സാധാരണനിലക്ക് ഒരു കേസ് ഉടലെടുത്താൽ അപ്പോൾത്തന്നെ അതുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിതന്നെ വിശദീകരണം നൽകേണ്ടതായിട്ടുണ്ടോ? പോലീസ് വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രി ഒരു സംഭവമുണ്ടായ ഉടനെ ആ സംഭവത്തിന്റെ വിശദാംശങ്ങളുമായി മാധ്യമങ്ങളുടെ മുന്നിൽ വരുന്നത് ശരിയാണോ? മന്ത്രിയുടെ നിലപാട് അന്വേഷണത്തെ സ്വാധീനിക്കുന്നതിന് ഇടയാക്കില്ലേ? സാധാരണ മാധ്യമങ്ങൾക്കറിയേണ്ട വിവരങ്ങളാണെങ്കിൽ ആ കേസ് ഉടലെടുത്ത ഉടനെ അതുമായി ബന്ധപ്പെട്ട വിവരങ്ങൾ അവർ അന്വേഷിച്ച് മനസ്സിലാക്കുകയല്ലേ വേണ്ടത്? ഇവിടെ ഡി.ജി.പി. പറഞ്ഞ കാര്യത്തെപ്പോലും പരസ്യമായി തള്ളിപ്പറയുന്ന നില പഴയൊരു കാലത്ത് നമ്മുടെ സംസ്ഥാനത്തെ ആഭ്യന്തര വകുപ്പുമന്ത്രി സ്വീകരിച്ചിരുന്നു. അത് കൃത്യമായി അന്വേഷണം ഇന്ന ദിശയിൽക്കൂടി മാത്രമേ പോകാവൂ എന്ന കൃത്യമായ ധാരണ പോലീസിന് വരുത്താൻ വേണ്ടിയാണ്. അതാണ് വേണ്ടത് എന്നാണോ നിങ്ങൾ പറയുന്നത്; അതല്ല ശരി, അന്വേഷണം അന്വേഷണത്തിന്റെ വഴിക്ക് നടക്കട്ടെ അതിനുശേഷം കാര്യങ്ങളിൽ ശരിയോ തെറ്റോ ഉണ്ടെങ്കിൽ അത് വിലയിരുത്തി ഗവൺമെന്റ് ഇടപെടുന്നതായിരിക്കും നല്ലത് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

പട്ടികജാതി പ്രശ്നത്തിൽ വലിയ തോതിലുള്ള താൽപ്പര്യം പ്രകടിപ്പിച്ചത് നല്ല കാര്യം തന്നെയാണ്. നമ്മുടെ നാട്ടിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ആരും ഒരുതരത്തിലുള്ള ഉപദ്രവത്തിനും ഇരയാകാൻ പാടില്ല. അത് നല്ല വികാരം തന്നെയാണ്. പക്ഷെ ഞാനൊരു കാര്യം ഓർക്കുന്നത്, ഇവിടെ ചിലരൊക്കെ ഞാൻ സെക്രട്ടറിയായിരുന്ന കാലത്തെപ്പറ്റി പറഞ്ഞല്ലോ; ആ കാലത്ത് ഞാൻ പത്തനംതിട്ട ജില്ലയിൽ ഒരു യോഗത്തിൽ പങ്കെടുക്കുന്നതിനായി പോയിരുന്നു. പത്തനംതിട്ട ജില്ലയിൽ കൊട്ടാരക്കരയ്ക്ക് അപ്പുറത്തുള്ള ഒരു സ്ഥലത്താണ് പോയത്. അവിടെയൊരു പഞ്ചായത്തിൽ ഭരണം മാറി. നേരത്തെ ആ പഞ്ചായത്തിലെ പ്രസിഡന്റ് പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഒരാളായിരുന്നു. പിന്നെ വന്നത് സവർണ്ണ വിഭാഗത്തിൽപ്പെട്ട ആളാണ്. അദ്ദേഹം ആ ഓഫീസെല്ലാം അടിച്ചുതളിച്ച് പുണ്യാഹം നടത്തി അവിടെ കയറിയിരിക്കുകയാണ് ചെയ്തത്. അദ്ദേഹം ഏത് പാർട്ടിക്കാരനാണെന്ന് കോൺഗ്രസ്സുകാരായ എല്ലാവർക്കും അറിയാമല്ലോ, ഞാൻ പ്രത്യേകിച്ച് പറയേണ്ട കാര്യമില്ലല്ലോ. ആ വികാരം പൊതുവെ ഉയർന്ന രാഷ്ട്രീയ പ്രവർത്തകർക്കുണ്ടാകാൻ പാടില്ല. ഒരു പഞ്ചായത്ത് പ്രസിഡന്റായിരിക്കുന്ന ഒരാൾ അത്തരമൊരു വികാരവുംകൊണ്ട് നടക്കാൻ പാടില്ല. അപ്പോൾ, നന്നാക്കേണ്ട കാര്യങ്ങൾ നന്നാക്കേണ്ടിടത്ത് നമ്മൾ നന്നാക്കാൻ ശ്രമിക്കുന്നത് നല്ലതാണ് എന്നതാണ് എനിക്കതുമായി ബന്ധപ്പെട്ട് പറയാനുള്ളത്.

ഭരണനിർവ്വഹണം എങ്ങനെയാകണം എന്നതുസംബന്ധിച്ച് വ്യക്തമായ ധാരണ ഈ സർക്കാരിനുണ്ട്. മുല്ലപ്പെരിയാർ സംബന്ധിച്ച് ഒരു വ്യക്തത വന്നുകഴിഞ്ഞിട്ടുണ്ട്. അത് വീണ്ടും ഞാൻ ആവർത്തിക്കേണ്ടതായിട്ടില്ല. എന്നാലും ഒരു കാര്യം നിങ്ങളുടെ ഓർമ്മയ്ക്കായി പറയുന്നു. നേരത്തെ ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ ഒരു ലേഖനം എഴുതിയിരുന്നു. ആ ലേഖനത്തിൽ മുല്ലപ്പെരിയാറിനെപ്പറ്റി പറഞ്ഞൊരു ഭാഗം 'എല്ലാ തലത്തിലും കേരള താൽപ്പര്യങ്ങളെ തകർക്കുന്ന റിപ്പോർട്ടിനെക്കുറിച്ച് കെ.പി.സി.സി. പ്രസിഡന്റ് രമേശ് ചെന്നിത്തലയുടെ പ്രതികരണംകൂടി കേട്ടപ്പോൾ ഷോക്കേറ്റതുപോലെയായി. റിപ്പോർട്ട് നെഗറ്റീവ് അല്ലെന്നും കേരളത്തിന് ദോഷകരമല്ലെന്നുമുള്ള അദ്ദേഹത്തിന്റെ പ്രതികരണമാണ് ഞെട്ടലിന്റെ ആഴം വർദ്ധിപ്പിച്ചത്. ഏത് വീക്ഷണത്തിലാണ് റിപ്പോർട്ട് കേരളത്തിന് ഗുണകരമായതെന്ന് കോൺഗ്രസ് മന്ത്രിമാരും കെ.പി.സി.സി. പ്രസിഡന്റും വിശദീകരിക്കേണ്ടതാണ്...' എന്നാണ്. ഇതിന്റെ വിശദാംശങ്ങളി ലേക്കൊന്നും ഞാനിപ്പോൾ പോകുന്നില്ല. ഇത്രയൊന്നും ഞാനേതായാലും പറഞ്ഞിട്ടില്ല. ഞാൻ പറഞ്ഞ കാര്യം എന്താണെന്ന് പിന്നീട് ഞാൻ കൂടുതൽ വ്യക്തതയോടെ പറയുകയും ചെയ്തിട്ടുണ്ട്. അതിവിടെയും നേരത്തെ ഞാൻ പറഞ്ഞുകഴിഞ്ഞതാണ്. മുല്ലപ്പെരിയാറിന്റെ കാര്യത്തിൽ നമ്മളെടുത്ത പൊതുവായ നിലപാടിൽത്തന്നെയാണ് ഈ സർക്കാർ ഉറച്ചുനിൽക്കുന്നത്, അതിലൊരു ആശങ്കയും ഉണ്ടാകേണ്ടതായിട്ടില്ല.

മദ്യനയം പ്രഖ്യാപിക്കേണ്ട സമയത്ത് പ്രഖ്യാപിക്കുമെന്നുതന്നെയാണല്ലോ എൽ.ഡി.എഫ്. ഗവൺമെന്റ് പറഞ്ഞിട്ടുള്ളത്. തെരഞ്ഞെടുപ്പിൽ നിങ്ങളുടെ വോട്ടൊക്കെ ഒലിച്ചുപോകാനിടയുണ്ട് എന്നതുകൊണ്ട് രാഷ്ട്രീയമായി ഉപയോഗിക്കാൻ ഞങ്ങൾ ഉടനെ എല്ലാ ബാറുകളും തുറക്കാൻ പോവുകയാണ്, അതിനുവേണ്ടിയാണ് നിലപാടെടുക്കുന്നത് എന്നൊക്കെ നിങ്ങൾ പ്രചരിപ്പിച്ചല്ലോ. പക്ഷേ, ഞങ്ങൾ അധികാരത്തിൽ വന്നിട്ട് ആ നിലയ്ക്കൊന്നും നടപടികൾ നീക്കിയില്ലല്ലോ. ഞങ്ങൾ അന്ന് ജനങ്ങളോട് പറഞ്ഞ ഒരു കാര്യമുണ്ട്. പണ്ട് ശ്രീ. എ. കെ. ആന്റണിയുടെ ഗവണ്മെന്റ് ചാരായം നിരോധിച്ചപ്പോൾ ഞങ്ങൾ അന്ന് ചാരായത്തൊഴിലാളികളുടെ പ്രശ്നം ഗൗരവമായെടുത്തു. അവരെ പുനരധിവസിപ്പിക്കേണ്ട പ്രശ്നം പറഞ്ഞു. അപ്പോൾ നിങ്ങൾ പറഞ്ഞു, ഞങ്ങൾ അധികാരത്തിൽ വന്നാൽ ചാരായഷാപ്പെല്ലാം പുനഃസ്ഥാപിക്കാൻ പോവുകയാണെന്ന്. ആ തെരഞ്ഞെടുപ്പിൽ ജയിക്കാൻ കഴിയുമെന്നായിരുന്നു നിങ്ങളുടെ കണക്കുകൂട്ടൽ. പക്ഷെ ജനങ്ങൾ ഇതെല്ലാം വിലയിരുത്തുന്നുണ്ട്. അതിന്റെ ഭാഗമായിട്ടാണ് ഞങ്ങളെത്തന്നെ അധികാരത്തിലെത്തിച്ചത്. ഞങ്ങൾ അധികാരത്തിൽ വന്നതിനുശേഷം ഏതെങ്കിലും ചാരായഷാപ്പ് തുറന്നോ? ഞങ്ങൾക്ക് മദ്യത്തെക്കുറിച്ച് വ്യക്തമായ നയമുണ്ട്. ഞങ്ങൾ മദ്യത്തെ പൊതുവിൽ അനുകൂലിക്കുന്നവരല്ല. എന്നാൽ മദ്യനിരോധനം വരുന്നതിനോട് ഞങ്ങൾക്ക് യോജിപ്പില്ല. അതാണ് ഞങ്ങളുടെ അടിസ്ഥാന നിലപാട്. മദ്യനിരോധനം എന്നതിനോട് യോജിക്കാത്തത് എന്തുകൊണ്ടാണ്? മദ്യനിരോധനം വന്നാൽ മദ്യം വേണ്ടവർ തെറ്റായ മാർഗ്ഗങ്ങളിലൂടെ മദ്യം കഴിക്കാൻ പുറപ്പെടും. ലഹരിക്ക് അടിമപ്പെടും. അത് ഒട്ടേറെ ജീവഹാനികളുണ്ടാക്കും. ആ ഒരവസ്ഥ വേണ്ട എന്നതുകൊണ്ടാണ് മദ്യവർജ്ജനമെന്നതിലേക്ക് ഞങ്ങൾ പോകുന്നത്. ബാക്കി കാര്യങ്ങൾ നയം രൂപീകരിക്കുമ്പോൾ ഞങ്ങൾ വ്യക്തമാക്കും.

മറ്റൊന്ന്, പത്രക്കാരെ ഞാൻ അവഗണിക്കുന്ന പ്രശ്നമൊന്നുമില്ല. പത്രസമ്മേളനത്തോട് എനിക്ക് വിരോധവുമില്ല. പത്രസമ്മേളനം നടത്തേണ്ട ഘട്ടത്തിൽ നടത്തും. പക്ഷെ ഒരു പി.ആർ.ഒ. പണി എടുക്കേണ്ട ആളാണ് മുഖ്യമന്ത്രി എന്ന ധാരണ എനിക്കില്ല. പറയേണ്ട കാര്യങ്ങൾ പറയേണ്ട സമയത്ത് ഞാൻ പറയും. ഓരോ മന്ത്രിസഭായോഗം കഴിയുമ്പോഴും പബ്ലിക് റിലേഷൻസ് ഡിപ്പാർട്ടുമെന്റ് ചെയ്യേണ്ട കാര്യങ്ങൾ ചെയ്യേണ്ടയാളാണ് മുഖ്യമന്ത്രി എന്ന ധാരണ എനിക്കില്ല. അത് മാധ്യമങ്ങളോടുള്ള അവഹേളനം കൊണ്ടല്ല. അവരെ അവഹേളിക്കുന്ന പ്രശ്നമില്ല, അവരെ കാണേണ്ട സമയത്ത് കാണും. അതിനുശേഷം എത്രയോ തവണ ഞാൻ കണ്ടിട്ടുണ്ട്.

പിന്നെ ഞാനൊരു കരുത്തനൊന്നുമല്ലായെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് നല്ലതുപോലെ അറിയാമല്ലോ. ഞാനൊരു മഹാസാധു ഇങ്ങനെ പോകുന്നു. അതുകൊണ്ട് കരുത്തനെന്ന് വിശേഷിപ്പിച്ചതുകൊണ്ടൊന്നും ഞാൻ വീണുപോകേണ്ട കാര്യമില്ല. അങ്ങനെയൊരു തെറ്റിദ്ധാരണ ഉണ്ടാകേണ്ടതില്ല.

ശ്രീ. ഒ. രാജഗോപാലും ഞാനും തമ്മിൽ സംസാരിച്ചതിനെപ്പറ്റി പറയുമ്പോൾ ഞാൻ ശ്രീ. ഉമ്മൻ ചാണ്ടിയെ കണ്ടല്ലോ, അത് അദ്ദേഹവുമായി എന്തെങ്കിലും രാഷ്ട്രീയമായ കൂട്ടുകെട്ടുണ്ടാക്കാനാണോ? ഞാൻ ഡൽഹിയിൽ പോയപ്പോൾ ശ്രീ. എ. കെ. ആന്റണിയെ കണ്ടു. അത് രാഷ്ട്രീയമായി നമ്മൾ തമ്മിലുള്ള നിലനിൽപ്പിന് എന്തെങ്കിലും വ്യത്യാസം വരുത്താനാണോ? ഇതൊക്കെ പൊതുയോഗത്തിൽ പറഞ്ഞാൽ മനസ്സിലാക്കാം. കാരണം, അവിടെ മുമ്പിലിരിക്കുന്നവർ കേട്ടിട്ട് കയ്യടിക്കും. പക്ഷെ ഇവിടെ എന്തിനാണ് അങ്ങനെയുള്ള കാര്യങ്ങളൊക്കെ പറയുന്നത്, അതുകൊണ്ട് എന്തെങ്കിലും കാര്യമുണ്ടോ?

ഭരണനിർവ്വഹണത്തെക്കുറിച്ചാണ് ഞാൻ പറയാൻ ഉദ്ദേശിച്ചത്. ഭരണനിർവ്വഹണത്തെ സംബന്ധിച്ച് വ്യക്തമായ ദർശനവും ധാരണയും ഈ ഗവൺമെന്റിനുണ്ട്. ഊർജ്ജസ്വലവും ജനസൗഹൃദപരവും കാര്യക്ഷമവുമായ പ്രവർത്തനത്തിലൂടെ ജനജീവിതത്തിൽ ഇടപെടണം, ഫലപ്രദമായ മാറ്റങ്ങൾ ഉണ്ടാക്കണം എന്നുതന്നെയാണ് സർക്കാർ ആഗ്രഹിക്കുന്നത്. ആ കാര്യത്തിനു വേണ്ടി നാല് കാര്യങ്ങളിൽ ഊന്നൽ നൽകണമെന്നാണ് ഉദ്ദേശിക്കുന്നത്. ഒന്ന്, ശക്തമായ ഭരണനിർവ്വഹണം ഉണ്ടാകണം. അതോടൊപ്പം വ്യക്തമായ നയസമീപനവും കൃത്യമായ നടത്തിപ്പും വേണം. നമ്മുടെ സമൂഹത്തിൽ അവശത അനുഭവിക്കുന്ന ധാരാളം ആളുകളുണ്ട്. അങ്ങനെ അവശത അനുഭവിക്കുന്നവർക്കെല്ലാം കൈത്താങ്ങും സംരക്ഷണവും നൽകാനാകും.

നമ്മുടെ നാടിന്റെ വികസനകാര്യങ്ങളിൽ അടിസ്ഥാന സൗകര്യ വികസനം വളരെ പ്രധാനപ്പെട്ടതാണ്. ചിലർ ഫയൽ നോക്കുന്നതിനെക്കുറിച്ചുപറഞ്ഞു. ഏത് ഫയൽ നോക്കുമ്പോഴും ജനോപകാരപ്രദമായ കാര്യങ്ങൾ നിഷേധിക്കുന്നതിലല്ല, എങ്ങനെയാണ് അത് സാധ്യമാക്കാൻ കഴിയുക എന്ന കാര്യത്തിലാണ് താല്പര്യം കാണിക്കേണ്ടത് എന്നാണ് ജീവനക്കാർക്ക് നൽകിയ സന്ദേശം. ഉദ്യോഗസ്ഥർക്ക് ഇത്തരം കാര്യങ്ങളിൽ പ്രധാനപ്പെട്ട ഉത്തരവാദിത്വമുണ്ട്. ജനസേവകരായിരിക്കണം ഉദ്യോഗസ്ഥർ എന്ന ധാരണ അവർക്കുണ്ടാകണം. ചെയ്യുന്ന ജോലി ഏത് തരത്തിലുള്ള ഫലമുണ്ടാക്കുന്നുവെന്നത് മുൻകൂട്ടിത്തന്നെ ഉദ്യോഗസ്ഥ സംസ്കാരത്തിന്റെ

ഭാഗമായി വരണം. ജനങ്ങൾക്ക് അനുകൂലമായ ഫലം സൃഷ്ടിക്കുന്ന ഉദ്യോഗസ്ഥ സംസ്കാരം നമ്മുടെ നാട്ടിൽ ഉണ്ടാകേണ്ടതായിട്ടുണ്ട്. ഇപ്പോൾ വല്ലാത്ത കാലതാമസം വരുന്ന ഒരു രീതിയുണ്ട്. അതിന് മാറ്റം വരണം. സമയക്ലിപ്തത വേണം. ഏത് കാര്യവും സമയബന്ധിതമായി തീർക്കാനാകണം. അപ്പോൾ ഉണ്ടാകുന്ന താമസങ്ങളും തടസ്സങ്ങളുമൊക്കെ തീർത്തെടുക്കുക എന്നത് വളരെ പ്രധാനമാണ്. അതോടൊപ്പം ഒരുതലത്തിലും അഴിമതി വച്ചുപൊറുപ്പിക്കാനാവില്ല. ഉത്തമവിശ്വാസത്തോടെ ദുരുദ്ദേശ്യമൊന്നുമില്ലാതെ ഒരുദ്യോഗസ്ഥൻ കാര്യങ്ങൾ ചെയ്യുന്നു, പക്ഷെ അത് വിപരീത ഫലമുളവാക്കുന്നു. അങ്ങനെവന്നാൽ സ്വാഭാവികമായും ആ ഉദ്യോഗസ്ഥനെ സംരക്ഷിക്കുന്ന നിലപാടെടുക്കേണ്ടതായി വരും. കാരണം, ശരിയായ കാര്യം ചെയ്ത് പീഡിപ്പിക്കപ്പെടുന്ന അവസ്ഥ ഉദ്യോഗസ്ഥർക്ക് ഉണ്ടാകില്ല എന്നർത്ഥം. ഒരുതരത്തിലുള്ള സ്വാധീനത്തിനും വഴങ്ങാതെ വസ്തുനിഷ്ഠമായ തീരുമാനങ്ങൾ മാത്രമേ ഉണ്ടാകുവെന്ന് ഉറപ്പുവരുത്താൻ കഴിയണം. സാങ്കേതികജ്ഞാനം ജനങ്ങൾക്ക് നല്ലതുപോലെ പ്രാപ്യമാക്കാനാകണം. അതിന്റെ ഭാഗമായി കാര്യക്ഷമതയോടെയുള്ള ഭരണ നിർവ്വഹണം നടത്താനാകും. അപ്പോൾ ജനങ്ങളെ ഇതിന്റെ ഭാഗമാക്കാനും ഭരണരംഗത്ത് സാങ്കേതികജ്ഞാനം നല്ലതുപോലെ ഉപയോഗിക്കാനും കഴിയണം. നമ്മുടെ സമൂഹത്തിൽ നല്ലതോതിൽ ഒരു സാമൂഹ്യ സമഗ്രത കൊണ്ടുവരേണ്ടതായിട്ടുണ്ട്. പ്രത്യേകിച്ച് ദുർബ്ബല വിഭാഗങ്ങളെ ഉദ്ദേശിച്ചുകൊണ്ടാണ് ഇതുപറയുന്നത്. സർക്കാരിന്റെ പ്രത്യേക പരിരക്ഷയുണ്ടെങ്കിൽ മാത്രം നിലനിൽക്കാനും അതിജീവിക്കാനും കഴിയുന്ന കുടുംബങ്ങൾ നമ്മുടെ നാട്ടിലുണ്ട്. അത്തരം ആളുകളുടെ സാമ്പത്തിക സ്ഥിതിയാണ് ഏറ്റവും പരിതാപകരം. അത്തരത്തിലുള്ള പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾ, എൻഡോസൾഫാൻ ബാധിത കുടുംബങ്ങൾ, ശാരീരികമായി വൈഷമ്യം അനുഭവിക്കുന്നവർ ഉൾപ്പെട്ട കുടുംബങ്ങൾ, മറ്റാരുമില്ലാതെ വല്ലാത്ത അവശതയിലുള്ള സ്ത്രീകൾ നയിക്കുന്ന ചില കുടുംബങ്ങൾ, മാരകരോഗത്തിന് അടിപ്പെട്ട ആളുകളുള്ള കുടുംബങ്ങൾ തുടങ്ങിയവരെയൊക്കെ പ്രത്യേകമായി സംരക്ഷിക്കുന്ന നിലപാട് സ്വീകരിക്കേണ്ടതായിട്ടുണ്ട്. ഇവരുടെ പരിപാലനം നമ്മുടെ നാടിന്റെ ഉത്തരവാദിത്തമായി മാറേണ്ടതുണ്ട്. അങ്ങനെവരുമ്പോൾ അവരെ പരിചരിക്കാൻ, അവരുടെയടുത്തെത്താൻ വോളന്റിയർമാരായി പ്രവർത്തിക്കുന്ന ആളുകൾ ഉണ്ടാകണം. കമ്മ്യൂണിറ്റി വോളന്റിയർമാരെപ്പോലെയുള്ള ആളുകളുണ്ടായാൽ ഈ കുടുംബങ്ങളിൽ ചെന്ന് എന്താണ് പ്രശ്നങ്ങളെന്ന് മനസ്സിലാക്കാൻ കഴിയും. അവർ പ്രശ്നങ്ങൾ നേരിടുന്നുണ്ടെങ്കിൽ ആ പ്രശ്നങ്ങളെക്കുറിച്ച് ശരിക്ക് മനസ്സിലാക്കാനുള്ള ഒരു സംവിധാനം ഇതിന്റെ ഭാഗമായി ഒരുക്കാനാകും.

ഒരു സ്ത്രീ തലയണയുടെ അടിയിൽ വെട്ടുകത്തി വച്ചുകൊണ്ടാണ് കിടന്നുറങ്ങാറുള്ളത് എന്ന വാർത്ത നാമെല്ലാം പത്രത്തിൽ വായിച്ചതാണ്. അങ്ങനെ വെട്ടുകത്തി തലയണയ്ക്കടിയിൽവച്ച് ഉറങ്ങേണ്ട അവസ്ഥ നമ്മുടെ നാട്ടിൽ ഉണ്ടാകരുത്, അത് ഒഴിവാക്കാൻ കഴിയണം. അതിന് പറ്റുന്ന തരത്തിലുള്ള ഒരു നിലപാട് നാം സ്വീകരിച്ചുപോകണം. അരക്ഷിതത്വത്തിന് പൂർണ്ണമായും അന്ത്യമുണ്ടാക്കാൻ കഴിയണം.

ഇവിടെ പ്രധാനപ്പെട്ട ചില വകുപ്പുകളുടെ നയം പ്രഖ്യാപിക്കേണ്ടതായിട്ടുണ്ട്. വലിയ കാലതാമസമില്ലാതെതന്നെ അത്തരം നയപ്രഖ്യാപനങ്ങൾ വരും. നയം പ്രഖ്യാപിക്കുകയെന്നാൽ കരടുനയമാണ് പ്രഖ്യാപിക്കുന്നത്. സ്വാഭാവികമായും പൊതുജനങ്ങൾക്ക് അഭിപ്രായം പറയാനുള്ള അവസരമുണ്ടാകും. അത്തരം അഭിപ്രായങ്ങൾകൂടി കേട്ടുകൊണ്ട് നമുക്ക് ആ നയത്തിന് അവസാനരൂപം കൊടുക്കാൻ കഴിയും. നേരത്തേയും പല വകുപ്പുകളും നയങ്ങൾക്ക് രൂപം നൽകിയിട്ടുണ്ട്. ഈ സർക്കാരും അത്തരത്തിൽ നയത്തിന് രൂപം നൽകുന്ന നിലയിലാണ്. ഇതിന്റെയെല്ലാം ഭാഗമായി നിയമസഭാ സമ്മേളനത്തിൽ ആ നയം അവതരിപ്പിച്ച് കരട് നയം പ്രസിദ്ധീകരിച്ച് അഭിപ്രായങ്ങൾ വാങ്ങി അവസാന അംഗീകാരത്തിന്റെ ഘട്ടത്തിൽ നിയമസഭയുടെ മുമ്പിൽ അവതരിപ്പിക്കാൻ സാധിക്കും.

ഇപ്പോൾ വിവരാവകാശ നിയമമുള്ളതിനാൽ അതിന്റെ അടിസ്ഥാനത്തിൽ പല വിവരങ്ങളും ശേഖരിക്കാൻ കഴിയുന്നുണ്ട്. പക്ഷേ വിവരാവകാശ നിയമത്തെ കാത്തുനിൽക്കാതെ തന്നെ ചില കാര്യങ്ങൾ പരസ്യപ്പെടുത്താൻ സാധിക്കും. എല്ലാ കാര്യങ്ങളും സാധിക്കില്ലെങ്കിലും പരസ്യപ്പെടുത്താവുന്ന ചില കാര്യങ്ങളുണ്ടാവുമല്ലോ. ആർക്കും പരിശോധിക്കാൻ കഴിയുന്ന രീതിയിൽ, സുതാര്യതയുണ്ടാക്കുന്നതിന് ഈ സർക്കാരിന് യാതൊരു തടസ്സവുമില്ല. അതും നമുക്ക് സ്വീകരിക്കാവുന്നതാണ്.

സമൂഹത്തിൽ സഹായം നൽകാൻ തയ്യാറുള്ള വിവിധ വ്യക്തികളും സംഘടനകളുമൊക്കെയുണ്ട്. ഇപ്പോൾ കോർപ്പറേറ്റുകൾക്ക് സാമൂഹ്യ, ധാർമ്മിക, ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് ചെലവഴിക്കാൻ ഫണ്ടുണ്ട്. ആ ഫണ്ട് ശരിയായ രീതിയിൽ ഉപയോഗിച്ചുകൂടേ? അതുപോലെ സംഭാവന കൊടുക്കുന്നവരുണ്ട്, സക്കാത്ത് കൊടുക്കാൻ തയ്യാറാകുന്നവരുണ്ട്. അങ്ങനെ പല രീതിയിലും കാര്യങ്ങൾ ചെയ്യുന്നവരുണ്ട്. അതെല്ലാം ഉൾപ്പെടുത്തിക്കൊണ്ട് ഒരു കൺസോർഷ്യം രൂപപ്പെടുത്താൻ നമുക്ക് കഴിയും. ഓരോ വർഷവും ഓരോ വിഷയമെടുത്ത് അതിനെ മുൻനിർത്തി

ക്കൊണ്ടുള്ള പ്രവർത്തനങ്ങൾക്കായി ഇതുപയോഗിക്കാൻ സാധിക്കും. വീടില്ലാത്തവർക്ക് വീട് എന്നതാണ് ഒരു സ്കീമെങ്കിൽ ആ വർഷം നമുക്ക് വീട് നിർമ്മാണത്തിനു വേണ്ടി ആ ഫണ്ട് ഉപയോഗിക്കാം. ഒരു ഘട്ടത്തിൽ ജനങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങളുണ്ടാക്കാൻ; സ്കിൽ ഡെവലപ്മെന്റിനുവേണ്ടി എന്ന നിലയ്ക്കാണെങ്കിൽ അതിനുവേണ്ടിയും അതുപയോഗിക്കാം. അങ്ങനെയുള്ള ആവശ്യങ്ങൾ എന്താണെന്ന് നിശ്ചയിച്ചുകൊണ്ട് അതിനുവേണ്ടി ഇത്തരം ഫണ്ടുപയോഗിക്കുന്നത് നന്നായിരിക്കുമെന്നാണ് തോന്നുന്നത്.

പ്രവാസികളുടെ നിക്ഷേപത്തിന് നമ്മുടെ സംസ്ഥാനം വലിയ വില കല്പിക്കുകയാണ്. ആ നിക്ഷേപം നല്ല രീതിയിൽ ഉപയോഗിക്കാൻ നമുക്ക് കഴിയണം. പ്രവാസികളുമായിക്കൂടി ചർച്ചചെയ്യേണ്ട ഒരു വിഷയമാണ്. അവർക്കുകൂടി സ്വീകാര്യമാകുന്ന അടിസ്ഥാനഘടനാ വികസനത്തിന് ഫണ്ടുപയോഗിക്കത്തക്ക രീതിയിൽ അവരെക്കൂടി ഉപയോഗിച്ചുകൊണ്ട് ഒരു ഫണ്ട് സമാഹരണം നടത്തേണ്ടതായിട്ടുണ്ട്. സാധാരണ അവർക്ക് കിട്ടുന്ന ബാങ്ക് നിരക്കിനേക്കാളും ചെറിയ ഒരു ഭാഗം വർദ്ധനവ് കൊടുത്താൽ അവർക്കിതിൽ നിക്ഷേപിക്കാൻ താല്പര്യമുണ്ടാവും. അതോടൊപ്പം അവർക്ക് നിക്ഷേപിക്കാൻ താല്പര്യമുണ്ടാകുന്ന ചില വ്യവസ്ഥകളും നമുക്ക് ഏർപ്പെടുത്താൻ സാധിക്കും. ആ തരത്തിൽ കാര്യങ്ങൾ നീക്കാൻ കഴിയണമെന്നുകൂടിയാണ് ഉദ്ദേശിക്കുന്നത്.

കേരളത്തിന്റെ വികസനത്തെക്കുറിച്ച് പറയുമ്പോൾ, സാമൂഹ്യനീതിയിലും തുല്യതയിലും അധിഷ്ഠിതമായ സമഗ്രവും സർവ്വതല സ്പർശിയുമായ വികസനമാണ് സർക്കാർ ലക്ഷ്യമിടുന്നതെന്ന് നേരത്തെ വ്യക്തമാക്കിയിട്ടുണ്ട്. പശ്ചാത്തല സൗകര്യ വികസനം വളരെ പ്രധാനമാണ്. പശ്ചാത്തല സൗകര്യവികസനത്തിൽ ഒന്ന്, റോഡിന്റെ വീതികൂട്ടൽ തന്നെയാണ്. ദേശീയപാത നാലുവരിയാക്കുക എന്നു പറയുമ്പോൾ ഇപ്പോൾ അത് ചേർത്തല വരെയായിട്ടുള്ളൂ, അതിനിപ്പുറം ആയിട്ടില്ല. ഇടപ്പള്ളിക്കപ്പുറത്ത് പോയാൽ ദേശീയപാത ആയിരിക്കില്ല, ഒരു ഇടുങ്ങിയ വഴിയാണ് കാണാൻ സാധിക്കുക. അപകടങ്ങളാണെങ്കിൽ നമ്മുടെ നാട്ടിൽ ധാരാളം നടന്നുകൊണ്ടിരിക്കുകയാണ്. ആളുകൾ മണിക്കൂറുകളോളം റോഡിൽ വഴിമുട്ടിക്കിടക്കുന്ന അവസ്ഥയാണ്. ദേശീയപാത നാലുവരിയാക്കുക എന്നുള്ളത് വളരെ പ്രധാനം തന്നെയാണ്. അതിനുതകുന്ന 45 മീറ്റർ വീതിയിൽ സ്ഥലമെടുക്കാനായി എല്ലാ കക്ഷികളും കൂടിത്തന്നെ തീരുമാനിച്ചിട്ടുള്ളതാണ്. ആ കാര്യത്തിലേക്ക് നമുക്ക് നീങ്ങേണ്ടതായിവരും. ചില പ്രദേശങ്ങളിൽ അതിന് ചില എതിർപ്പുകളുണ്ടെന്നുള്ളത് ശരിയാണ്. പക്ഷേ വികസനംപോലെ പ്രധാനമായി

തന്നെയാണ് പുനരധിവാസത്തെയും കാണുന്നത്. അവരെ ഏതെങ്കിലും തരത്തിൽ ഉപദ്രവിക്കുക എന്നുള്ളതല്ല, മറിച്ച് അവരുടെ പ്രശ്നങ്ങൾ ശരിയായി മനസ്സിലാക്കിക്കൊണ്ട് പുനരധിവസിപ്പിക്കാനുള്ള നടപടി എടുക്കുക എന്നുള്ളതുതന്നെയാണ്. ഏതായാലും നാമെല്ലാം ഒന്നായി നിന്നുകൊണ്ട് 45 മീറ്റർ സ്ഥലമെടുക്കുന്ന നടപടികൾ തുടരേണ്ടതായിട്ടുണ്ട്.

അതുപോലെ ദേശീയജലപാതാ വികസനം അതും പൂർണ്ണതയിലെത്തിക്കാൻ കഴിയണം. ചിലയിടങ്ങളിൽ കുറച്ച് തടസ്സങ്ങളുണ്ട്. എങ്കിലും അത് വേഗതയിൽ തന്നെ പൂർത്തീകരിക്കാൻ നമുക്ക് കഴിയേണ്ടതായിട്ടുണ്ട്.

ഗെയ്‌ലിന്റെ പൈപ്പ് ലൈൻ നിർമ്മാണം സംസ്ഥാന വികസനത്തിന് ഏറ്റവും പ്രധാനമാണ്. ഗെയ്ൽ പൈപ്പ് ലൈൻ എന്നുപറയുന്ന എൽ.എൻ.ജി. പൈപ്പ് ലൈൻ, 1996-ൽ ഞാൻ ഈ സഭയിൽ വൈദ്യുതി മന്ത്രിയായിരിക്കുന്ന കാലത്ത് ബന്ധപ്പെട്ട ആളുകളുമായി ചർച്ച ചെയ്ത കാര്യമാണ്. അന്നേ തുടങ്ങിയതാണെന്നർത്ഥം. അന്ന് നമ്മളോടൊപ്പം തുടങ്ങിയവർ അത് പൂർത്തിയാക്കി, ഗ്യാസ് എത്തി, എല്ലാ കാര്യങ്ങളും ആരംഭിച്ചുകഴിഞ്ഞു. നമ്മൾ ഇപ്പോഴും ഇവിടെത്തന്നെ കിടക്കുകയാണ്. നമുക്ക് ഇനിയും വൈകിക്കാൻ പറ്റില്ല. ഇതിന്റെ ഭാഗമായി ഒരുപാട് മെച്ചം നമ്മുടെ സംസ്ഥാനത്തിന് വരാനുണ്ട്. എല്ലാവർക്കുമറിയാം ഞാനതിന്റെ മറ്റു വിശദാംശങ്ങളിലേയ്ക്ക് പോകേണ്ട കാര്യമില്ല. അതിലും ആളുകൾക്ക് ആശങ്കയുണ്ട്. ആ ആശങ്ക ദൂരീകരിക്കാൻ നമുക്ക് കഴിയണം. നമുക്കെല്ലാം ഒന്നിച്ച് നിന്നുകൊണ്ടുതന്നെ ആളുകളുടെ ആശങ്കയകറ്റാനുള്ള പ്രവർത്തനത്തിലേയ്ക്ക് കടക്കേണ്ടതായിട്ടുണ്ട്.

സംസ്ഥാനത്തെ വൈദ്യുതി പ്രസരണ ശൃംഖലാ വികസനം - നേരത്തെ ഞാൻ സഭയിൽത്തന്നെ വ്യക്തമാക്കിയതാണ്. ലൈൻ വലിക്കേണ്ട പ്രശ്നം, അക്കാര്യവും പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്. അത് ഇനിയും നീട്ടിവയ്ക്കുന്നത് നല്ല കാര്യമല്ല.

അതുപോലെ നിലവിലുള്ള 3 വിമാനത്താവളങ്ങൾ വികസിക്കേണ്ടതായിട്ടുണ്ട്. 3 വിമാനത്താവളങ്ങളിൽ കൊച്ചിക്ക് അധികം പ്രശ്നങ്ങളില്ല. പക്ഷേ തിരുവനന്തപുരത്തിന് വികസിക്കാനായി സ്ഥലമെടുക്കേണ്ടതായിട്ടുണ്ട്. അതുപോലെതന്നെ കോഴിക്കോട് വിമാനത്താവളം, അതിപ്പോൾ ഫലത്തിൽ വിമാനത്താവളമല്ലാതായിക്കൊണ്ടിരിക്കുകയാണ്. ഒരു പ്രശ്നവുമില്ല, അതിനോട

നബന്ധിച്ചുള്ള സ്ഥലം എടുക്കണമെന്നുമാത്രമേയുള്ളൂ. ആ പ്രശ്നവും നമുക്ക് ഒന്നിച്ച് പരിഹരിക്കാനാകണം. അതാത് സ്ഥലത്തുള്ളവരുടെ എതിർപ്പിനെ മറികടന്നു കൊണ്ട്, അവരെ ബോദ്ധ്യപ്പെടുത്തി നമുക്ക് സ്ഥലം എടുക്കാൻ സാധിക്കണം. സ്ഥലം എടുക്കാതെ പറ്റില്ല, എന്നുവച്ചാൽ അവരെ ദ്രോഹിക്കുക എന്നുള്ളതല്ല, അവർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികളിലേക്ക് നമ്മൾ നീങ്ങണം. ഇതാണ് അതുമായി ബന്ധപ്പെട്ടുകൊണ്ട് ഉദ്ദേശിക്കുന്നത്.

ഇതോടൊപ്പം ചില പ്രദേശങ്ങളിൽ എയർ സ്ട്രിപ്പുകൾ തുടങ്ങാനാവും. വിമാനത്താവളമില്ലാത്ത ചില ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ഒരു എയർ സ്ട്രിപ്പ് അനുവദിച്ചു കൊടുത്താൽ അവരുടെ ചാർട്ടേഡ് വിമാനം അവിടെ വന്നിറങ്ങിക്കോളും. അത് നമ്മുടെ ടൂറിസത്തെ നല്ലതുപോലെ അഭിവൃദ്ധിപ്പെടുത്തുന്ന ഒന്നായിരിക്കും. അത്തരം കാര്യങ്ങളും നമ്മൾ ആലോചിക്കേണ്ടതുണ്ട്. നമ്മുടെ നാട് വളരെ സംസ്കാര സമ്പന്നമായ നാടാണ്. പൊതുവിൽ നമ്മളെല്ലാവരും അക്കാര്യത്തിൽ അഭിമാനം കൊള്ളുന്നവരുമാണ്. ദിവസം ഒന്നിലധികം തവണ കുളിക്കുന്നവരാണ് പലരും. പക്ഷേ മാലിന്യക്കൂമ്പാരം നിറഞ്ഞുനിൽക്കുന്ന ഒരു നാടുമാണ്. ഇത് പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യാൻ നമുക്ക് കഴിയണം. മാലിന്യനിർമ്മാർജ്ജനം അതൊരു ബഹുജന ക്യാമ്പയിനായിത്തന്നെ നമുക്ക് എടുക്കാനാവും. നാടാകെ ഒന്നിച്ചു നീങ്ങുന്ന ഒരു നിലയാണ് അതിനുള്ളത്. ഉറവിടത്തിൽ തന്നെ മാലിന്യം സംസ്കരിക്കുക; ജൈവമാലിന്യങ്ങൾ അങ്ങനെ സംസ്കരിക്കാനാവും. എന്നാൽ പ്ലാസ്റ്റിക് പോലെയുള്ള മറ്റ് കാര്യങ്ങൾ റീസൈക്ലിംഗിലൂടെ സംസ്കരിക്കേണ്ടതായി വരും. അത്തരത്തിലുള്ള ശാസ്ത്രീയമായ നടപടികൾ നമുക്ക് സ്വീകരിക്കാൻ കഴിയണം. ഇക്കാര്യത്തിൽ കോർപ്പറേഷനുകളും മുനിസിപ്പാലിറ്റികളും നല്ല ഊന്നൽ കൊടുക്കണം. നാടാകെ ഇത് വ്യാപിപ്പിക്കുകയും ചെയ്യണം. ജനസാന്ദ്രത ഏറ്റവും കൂടുതലുള്ള കോർപ്പറേഷനുകൾക്കും മുനിസിപ്പിലാറ്റികൾക്കും തുടക്കം കുറിക്കാൻ കഴിയേണ്ടതായിട്ടുണ്ട്.

ഐ.ടി. രംഗത്തെക്കുറിച്ച് ചിലർ ഇവിടെ സൂചിപ്പിച്ചു, നമ്മുടെ നാട്ടിൽ ഐ.ടി. രംഗമുണ്ട്. അതില്ല എന്നൊന്നും ആർക്കും പറയാൻ സാധിക്കില്ല.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല) : കഴിഞ്ഞ ഗവൺമെന്റ് തന്നെ നിരവധി മോഡലുകൾ പരീക്ഷിച്ചതാണ്. ഫലപ്രദമായി നടപ്പാക്കാൻ കഴിയുന്ന ഒരു മോഡൽ നമുക്ക് കണ്ടെത്താൻ കഴിഞ്ഞില്ല എന്നുള്ളതാണ് പ്രശ്നം. അങ്ങ് പറഞ്ഞത് ശരിയാണ്; ഇന്ന് കേരളം നേരിടുന്ന ഏറ്റവും വലിയ പ്രശ്നം മാലിന്യവുമായി ബന്ധപ്പെട്ടതാണ്. വളരെ വിശദമായി ചർച്ച നടത്തി കേരളത്തിന് സ്വീകാര്യമായ ഒരു മോഡൽ രൂപപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ : തീർച്ചയായും അതുതന്നെയാണ് വേണ്ടത്. നമ്മുടെ നാടിന് യോജിക്കുന്നതാകണം, പ്രാദേശികമായി യോജിക്കുന്നതാകണം. ഇതിൽ ഏറ്റവും പ്രധാനം ജനങ്ങളുടെ സഹകരണമാണ്. അത്തരമൊരു ബോധം ഉണ്ടാക്കാനും സാധിക്കണം. അതിന് ഒന്നിച്ച് നീങ്ങുന്ന രീതി വരണം. സാക്ഷരതാ പ്രസ്ഥാനത്തിന്റെ കാര്യത്തിൽ നീങ്ങിയതുപോലെ ഒറ്റക്കെട്ടായി നീങ്ങുന്ന രീതി വരണം. അങ്ങനെ ആകുമ്പോൾ നമ്മുടെ എല്ലാ പ്രദേശത്തെയും വൃത്തിയുള്ള നാടാക്കി മാറ്റാൻ കഴിയും. അതിന് എന്താണോ കഴിയുന്നത് അത് കൂട്ടായി കണ്ടെത്തുക തന്നെ ചെയ്യും.

ഐ.ടി. രംഗത്ത് വലിയ കുതിപ്പ് നേടേണ്ടതായിട്ടുണ്ട്. പുതിയ സാങ്കേതിക വിദ്യകൾ ഈ രംഗവുമായി ബന്ധപ്പെട്ട് സാധാരണക്കാരുടെ ജീവിതം സുഗമമാക്കാൻ ഉപയോഗിക്കാനാകണം. എല്ലാ രംഗത്തും ഈ പുതിയ സാങ്കേതിക വിദ്യ ഉപയോഗിക്കാൻ നമുക്ക് കഴിയും. കാർഷിക രംഗത്ത്, നിർമ്മാണ മേഖലയിൽ, വ്യാവസായിക മേഖലയിൽ, പരമ്പരാഗത വ്യാവസായിക മേഖലയിൽ, മത്സ്യബന്ധന മേഖലയിലടക്കം സാധിക്കും. അങ്ങനെ നാടിന്റെ വിവിധ മേഖലകളിൽ, ജനജീവിതവുമായി ബന്ധപ്പെട്ട എല്ലാ മേഖലകളിലും പുതിയ സാങ്കേതിക വിദ്യകൾ ഉപയോഗിക്കാൻ നമുക്ക് കഴിയേണ്ടതായിട്ടുണ്ട്. വിവരസാങ്കേതിക മേഖലയിൽ ഒരുപാട് കണ്ടുപിടിത്തങ്ങളുണ്ട്. അതെല്ലാം ഇതിന് പലതിനും ഉപയോഗിക്കാൻ കഴിയുന്നതാണ്. ഇതെല്ലാംകൂടി ഉൾക്കൊള്ളിച്ചു കൊണ്ട് നേരത്തേ പറഞ്ഞതുപോലുള്ള പോളിസി ഐ.ടി. രംഗത്ത് പ്രഖ്യാപിക്കുകയും അത് നടപ്പിലാക്കുകയും ചെയ്യും.

നമ്മുടെ സംസ്ഥാനത്തെ പ്രധാന വരുമാന മാർഗ്ഗം സെയിൽസ് ടാക്സും എക്സൈസുമാണ്. അവിടെ ചോർച്ച പലപ്പോഴും സംഭവിക്കുന്നുണ്ട് എന്നു പരിശോധിച്ചാൽ കാണാം. ആ ചോർച്ച ഒഴിവാക്കുന്നതിനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിക്കുമെന്ന് ധനകാര്യ വകുപ്പുമന്ത്രി ഇവിടെ വ്യക്തമാക്കിയിട്ടുണ്ട്. വരുമാനം ഉറപ്പാക്കി ചോർച്ച തടയുന്നതിനുള്ള സമഗ്രമായ നടപടികൾ സ്വീകരിക്കും. ഒരുപാട് ടാക്സ് ഡിസ്പ്യൂട്ട് ഉണ്ടാകുന്നുണ്ട്. പലരും വല്ലാതെ പ്രയാസത്തോടെ ഉന്നയിക്കുന്ന പ്രശ്നങ്ങളുമാണ്. ഇക്കാര്യങ്ങൾ പരിഹരിക്കുന്നതിനു വേണ്ടി സുതാര്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കും.

നമ്മുടെ നാടിന്റെ വികസനത്തെക്കുറിച്ച് പറയുമ്പോൾ, കാർഷിക രംഗം വികസിക്കാതെ നാടിന്റെ വികസനം പൂർണ്ണതയിൽ എത്തില്ല. യഥാർത്ഥത്തിൽ ഒരു കാർഷിക വിപ്ലവം തന്നെയാണ് സംസ്ഥാന ഗവൺമെന്റ് ലക്ഷ്യമിടുന്നത്. കൃഷി ഏറ്റവും ആദായകരമായ തൊഴിലാക്കി മാറ്റണം. അതിൽ നൂതന സാങ്കേതിക വിദ്യകൾ പ്രയോഗിക്കണം. റിസർച്ച് ആന്റ് ഡെവലപ്മെന്റ് രീതികൾ അതിനകത്ത് സ്വീകരിക്കാനാകണം. മറ്റുതരത്തിലുള്ള ഗവേഷണ രീതികൾ സ്വീകരിക്കണം. പ്രകൃതിക്ക് ദോഷം ചെയ്യാത്തതരത്തിലുള്ള ഗവേഷണങ്ങൾ അതിന്മേൽ സ്വീകരിക്കാൻ നമുക്ക് കഴിയണം.

ഒരു കാര്യം വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. ആരെയും നിർബന്ധിച്ച് കൃഷി ചെയ്യിക്കാൻ ഈ ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല. ഗവൺമെന്റിന്റെ ഉദ്ദേശ്യം എല്ലാവരെയും സ്വയമേവ കൃഷിയിലേക്ക് എത്തിക്കുകയെന്നതാണ്. അതിനുതകുന്ന നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്. എന്നുപറഞ്ഞാൽ, കൃഷിയും നൂതന സാങ്കേതിക വിദ്യയും ഒന്നിപ്പിച്ച് കാർഷിക മേഖലയെ ഏറ്റവും ലാഭകരമാക്കണം. അങ്ങനെ വന്നാൽ സ്വയമേവതന്നെ ആളുകൾ കൃഷിയിലേക്ക് വന്നുചേരും. പരമാവധി സ്വയംപര്യാപ്തത നേടുകയും ഏറ്റവും മുന്തിയ ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കാൻ ശ്രദ്ധിക്കുകയും ചെയ്യും. ഇതിലൊരു മുദ്രാവാക്യംതന്നെ നാം സ്വീകരിക്കേണ്ടതുണ്ട്. Use Less Grow More - എന്നുപറഞ്ഞാൽ കുറഞ്ഞ ഭൂമി, കുറഞ്ഞ വളം ഇവ ഉപയോഗിച്ച് പരമാവധി ഉത്പാദനം എങ്ങനെ നടത്താൻ പറ്റും എന്നതാണ്. ഇതൊക്കെ അസാധ്യമായ കാര്യമല്ല. സാധ്യമായ കാര്യമാണ്. നമ്മൾ ആ നിലയ്ക്ക് കാര്യങ്ങൾ ചിന്തിക്കേണ്ടതായിട്ടുണ്ട്. അങ്ങനെ വന്നാൽ കർഷകന് ഉത്പന്നങ്ങൾക്ക് നല്ല വില കിട്ടും. ഉത്പന്നങ്ങൾക്ക് മാർക്കറ്റ് ഉറപ്പുവരുത്താൻ നമുക്ക് കഴിയണം. അതോടെ ഭാവിതലമുറയെ കാർഷിക രംഗത്തേക്ക് ആകർഷിക്കാൻ കഴിയും.

ടൂറിസം രംഗത്ത് പുതിയ മേഖലകൾ ഉൾപ്പെടുത്താൻ നമുക്ക് കഴിയണം. അങ്ങനെ വന്നാൽ തൊഴിൽ സാധ്യതയും വർദ്ധിപ്പിക്കാനാകും. മെഡിക്കൽ ടൂറിസം ഒരു മേഖലയാണ്. ആയുർവ്വേദത്തിന് അനന്തമായ സാധ്യതകളുണ്ട്. അവിടെയാണ് രാവിലെ വ്യക്തമാക്കിയ ആയുർവ്വേദ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കാര്യമൊക്കെ വരുന്നത്. ആ രംഗത്ത് ഗവേഷണമടക്കം നടക്കേണ്ടതുണ്ട്. ഗവേഷണങ്ങൾ നല്ലതുപോലെ നടത്താൻ പറ്റുന്ന ഒരു മേഖലയാണ്. അതോടൊപ്പം പിൽഗ്രിമേജ് ടൂറിസവും സംഘടിപ്പിക്കാനാകും. അതും ഇതിനോടൊപ്പം കേന്ദ്രീകരിച്ചുകൊണ്ട് പുതിയ പദ്ധതികൾ ആവിഷ്കരിക്കേണ്ടതായിട്ടുണ്ട്. അതിനോടൊപ്പം എല്ലാ വർഷവും പുതിയ ഡെസ്റ്റിനേഷനുകൾ ടൂറിസ്റ്റ് മേഖലയിൽ സ്ഥാപിക്കാൻ കഴിയണം.

പരിസ്ഥിതി സംരക്ഷണത്തിന് വലിയ ഊന്നൽതന്നെ ഈ സർക്കാർ നൽകും. യാഥാർത്ഥ്യവും സ്ഥായിയുമായ പരിസ്ഥിതി സംരക്ഷണം ഉറപ്പുവരുത്താൻ കഴിയണം. കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ച് നമ്മളെല്ലാം ഉത്കണ്ഠപ്പെടുന്നുണ്ട്. അപ്പോൾ അതും പഠിക്കേണ്ടതായിട്ടുണ്ട്. കൂടുതൽ ശാസ്ത്രീയമായി പഠിക്കാൻ കഴിയണം. Kerala State Environmental Agency സ്ഥാപിക്കുന്നതിനെക്കുറിച്ചും സർക്കാർ ആലോചിക്കും.

വ്യവസായ രംഗത്ത് നമ്മുടെ സംസ്ഥാനത്തെ ഇന്ത്യയിലെ തന്നെ ഏറ്റവും നല്ല സംസ്ഥാനമാക്കി മാറ്റാൻ കഴിയണം. ഇന്ന് നമ്മൾ അർഹിക്കാത്ത പേരുകളൊക്കെ നമ്മുടെ തലയിൽ വന്നു വീണിട്ടുണ്ട്. യഥാർത്ഥത്തിൽ പരിശോധിച്ചാൽ അത്തരമൊരു പേരിനൊന്നും നമ്മുടെ നാട് അർഹരല്ല. കാരണം നമ്മുടെ നാട്, Investor Friendly സംസ്ഥാനമാണ്. പ്രചരണപരമായി വേറൊരു നിലയാണ് എതിരെയുള്ളത്. നമ്മുടെ സംസ്ഥാനത്തെ Most Investor Friendly State ആക്കി മാറ്റാൻ നമുക്ക് കഴിയണം. അതോടൊപ്പം നല്ല രീതിയിൽ എളുപ്പത്തിൽ ബിസിനസ്സ് നടത്താൻ പറ്റുന്ന സ്ഥാപനം എന്ന നിലയും ഇവിടെയുണ്ടാകും. ഇന്ത്യയിൽ ഒന്നാമതെന്ന ലക്ഷ്യത്തോടുകൂടിയ Industrial Policy നമുക്ക് അംഗീകരിക്കാൻ കഴിയണം. അത് നേരത്തെ പറഞ്ഞതുപോലെ, അധികം കാലതാമസം ഇല്ലാതെ കൊണ്ടുവരികയും ചെയ്യും. ചെറുകിട-വൻകിട-പരമ്പരാഗത വ്യവസായങ്ങളെയാകെ പ്രോത്സാഹിപ്പിക്കുന്ന നയമാണ് ഇക്കാര്യത്തിൽ സ്വീകരിക്കേണ്ടത്. ഇൻഡസ്ട്രിയെന്നുപറയുമ്പോൾ, മലിനീകരണമുണ്ടാക്കുന്ന വ്യവസായങ്ങൾ ഇവിടെ പറ്റില്ല. അതല്ലാത്ത വ്യവസായങ്ങളെയാണ് പ്രോത്സാഹിപ്പിക്കേണ്ടത്.

തൊഴിലവസരത്തെക്കുറിച്ച് പറയുമ്പോൾ യുവാക്കൾക്കും സ്ത്രീകൾക്കും തൊഴിലവസരം വർദ്ധിപ്പിക്കേണ്ടതായിവരും. അതിനുതകുന്ന സ്കിൽ ഡെവലപ്മെന്റ് പദ്ധതികൾ നടപ്പിലാക്കാനാകണം. തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിന് ഊന്നൽ നൽകേണ്ടതായിവരും.

നമ്മുടെ സംസ്ഥാനത്തെ റേഷൻ കാർഡുകളിൽ ബി.പി.എൽ. കാർഡിന് അർഹരായവർക്കെല്ലാം ബി.പി.എൽ. കാർഡില്ലായെന്നുള്ളത് ഇപ്പോഴും പരാതിയായി നിലനിൽക്കുന്നുണ്ട്. നേരത്തെ ഭക്ഷ്യ വകുപ്പുമന്ത്രി അതുസംബന്ധിച്ച് വ്യക്തമാക്കിയിട്ടുണ്ട്. അത് പരിഹരിക്കാനുള്ള കുറ്റമറ്റ സംവിധാനം കൊണ്ടു വരേണ്ടതായിട്ടുണ്ട്. പൊതുവിതരണ സംവിധാനം കമ്പ്യൂട്ടറൈസ് ചെയ്ത്

അതിനകത്തുള്ള മറ്റ് വീഴ്ചകൾ പരിഹരിക്കുന്ന നടപടികളിലേയ്ക്കാണ് സർക്കാർ നീങ്ങുന്നത്. റേഷൻ കാർഡ് വിവിധ ആവശ്യങ്ങൾക്ക് ഉപയോഗിക്കത്തക്ക രീതിയിൽ കാലോചിതമാക്കാൻ കഴിയേണ്ടതായിട്ടുണ്ട്. പൊതുഗതാഗതത്തിന് പ്രത്യേക പരിഗണന നൽകേണ്ടതായിട്ടുണ്ട്. ബസ്, മെട്രോ, ജലഗതാഗതം, കുറഞ്ഞ ചെലവിൽ നടപ്പിലാക്കാവുന്ന മറ്റ് ചില ഗതാഗത സംവിധാനങ്ങളുണ്ട്. ഇപ്പോഴുള്ളതല്ല നല്ലത്, മറ്റൊരു സംവിധാനമാണ് വേണ്ടതെന്ന് പഴയ ഗതാഗത വകുപ്പുമന്ത്രി ഒരു നിർദ്ദേശം പറയുകയുണ്ടായി. അങ്ങനെയുള്ള ചെലവുകുറഞ്ഞ ഏറ്റവും നല്ല സംവിധാനങ്ങൾ ഏതൊക്കെയാണെന്നുള്ളത് പരിശോധിച്ച് നടപ്പിലാക്കാൻ കഴിയേണ്ടതായിട്ടുണ്ട്. ഇങ്ങനെയുള്ള വിവിധ തരത്തിലുള്ള സംവിധാനങ്ങളിലൂടെ ഒരു Integral Transporting System ഈ സർക്കാർ ലക്ഷ്യമിടുകയാണ്.

നമ്മുടെ സംസ്ഥാനം ആരോഗ്യരംഗത്ത് മെച്ചപ്പെട്ട സംസ്ഥാനമാണ്. പക്ഷേ, ഇന്നുള്ള ആരോഗ്യരംഗം മാറിയേതീരൂ. ഈ രംഗത്ത് ഇപ്പോഴും ദൗർബല്യങ്ങളുണ്ട്. അത് പരിഹരിക്കാൻ നമുക്ക് കഴിയേണ്ടതായിട്ടുണ്ട്. രോഗത്തേക്കാളും ആളുകൾ ഭയപ്പെടുന്നത് ചികിത്സാ ചെലവിനെയാണ്. അങ്ങനെയുള്ള അവസ്ഥ നമ്മുടെ നാട്ടിൽ വന്നുകഴിഞ്ഞിട്ടുണ്ട്. സമഗ്രമായ ഒരു ആരോഗ്യനയം നടപ്പിലാക്കാൻ കഴിയേണ്ടതുണ്ട്. ഹോസ്പിറ്റലായാലും ലാബായാലും മരുന്നായാലും ഈ മേഖലയിലൊക്കെ ആവശ്യമായ ക്രമീകരണം കൊണ്ടുവരണം. വേറെ ആശങ്കയൊന്നും വേണ്ട. ആര് എന്ത് ചാർജ്ജ് ഈടാക്കണമെന്ന് ഗവൺമെന്റ് പറയുമെന്നല്ല. അങ്ങനെ ഇടപെടാൻ സാധാരണഗതിയിൽ കഴിയില്ല. പക്ഷേ, നല്ല ബോധവത്ക്കരണം കൊണ്ടുവരണം. ബദൽ സംവിധാനം ശക്തിപ്പെടുത്തണം. അങ്ങനെയുള്ള പ്രവർത്തനങ്ങളിലൂടെ ഗവൺമെന്റ് നല്ല ആരോഗ്യരീതി സ്വീകരിക്കുന്ന നിലയാണ് വേണ്ടത്. അതോടൊപ്പം സർക്കാർ ആശുപത്രികളെ കൂടുതൽ കാര്യക്ഷമമാക്കണം. എല്ലാ ചികിത്സയും സർക്കാർ ആശുപത്രികളിൽ ലഭ്യമാക്കണം. അത് നേരത്തെതന്നെ വ്യക്തമാക്കിയിട്ടുണ്ട്. സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യം, മെഡിക്കൽ കോളേജ് മുതൽ താഴോട്ട് പടിപടിയായി നടപ്പാക്കും. അത് ഏതെല്ലാം ആശുപത്രികളിൽ പെട്ടെന്ന് കഴിയുമെന്ന് പരിശോധിച്ച് അത് നടപ്പാക്കേണ്ടതായി വരും. സർക്കാർ സർവ്വീസുകൾ ജനങ്ങളിലേക്ക് എത്തിക്കൽ വളരെ പ്രധാനമാണ്. അക്കാര്യം നേരത്തെ ഞാൻ ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

നമ്മുടെ നാട്ടിൽ വലിയ മാറ്റം വേണ്ട മറ്റൊരു രംഗമാണ് വിദ്യാഭ്യാസ രംഗം. വിദ്യാഭ്യാസ രംഗത്ത് നമ്മൾ പുറകിലാണെന്ന് ആരും പറയില്ല, പക്ഷേ വിദ്യാഭ്യാസ നിലവാരത്തിൽ നമ്മളിപ്പോൾ പിന്നിൽ നിൽക്കുകയാണ്. വിദ്യാഭ്യാസ നിലവാരം ഉയർത്താൻ നമുക്ക് കഴിയണം. കുട്ടികളെ സ്വയംപര്യാപ്തതയിലേക്ക് നയിക്കാൻ ഉതകുന്ന വിദ്യാഭ്യാസരീതി നമുക്ക് സ്വീകരിക്കാനാകണം. ഇപ്പോൾ വിദ്യാഭ്യാസരംഗം നോക്കിയാൽ രണ്ടുതരം പൗരന്മാരുണ്ട്. ഒരു കൂട്ടർക്ക് നല്ല വിദ്യാഭ്യാസ സൗകര്യമുണ്ട്, മറ്റൊരു കൂട്ടർക്ക് അത്രത്തോളം വിദ്യാഭ്യാസ സൗകര്യമില്ല. അതിന്റെ വിശദാംശങ്ങളിലേക്കൊന്നും ഇപ്പോൾ പോകുന്നില്ല. ഉയർന്ന വിദ്യാഭ്യാസ നിലവാരം പുലർത്താൻ കഴിയാത്തത് നമ്മുടെ സംസ്ഥാനത്തെ പാവപ്പെട്ട കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്കാണ്. അവർ മിക്കവാറും പഠിക്കുന്നത് പൊതുവിദ്യാലയങ്ങളിലാണ്. പൊതുവിദ്യാലയങ്ങളുടെ വിദ്യാഭ്യാസ രീതി മോശമായതുകൊണ്ടല്ല. എന്നാൽ അവിടത്തെ മറ്റ് പശ്ചാത്തല സൗകര്യങ്ങളൊക്കെ വലിയതോതിൽ കുറഞ്ഞുനിൽക്കുന്നുണ്ട്. അത്തരം വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവാരം ഉയർത്തേണ്ടതായിട്ടുണ്ട്. ഇന്നത്തെ കാലത്ത് സ്മാർട്ട് ക്ലാസ് റൂമുകളും, ഹൈടെക്ക് ആകാനുമൊക്കെയുള്ള താല്പര്യമാണ് എല്ലാ ആളുകൾക്കുമുള്ളത്. കുട്ടികൾക്കു മാത്രമല്ല രക്ഷിതാക്കൾക്കും ആ താല്പര്യമാണുള്ളത്.

നമ്മൾ വിവിധ ആവശ്യങ്ങൾക്ക് ഫണ്ട് ചെലവഴിക്കുന്നവരാണ്. സർക്കാർ ഫണ്ട്, എം.എൽ.എ. ഫണ്ട്, പഞ്ചായത്ത് ഫണ്ട്, മറ്റ് തരത്തിൽ ചെലവഴിക്കുന്ന ഫണ്ടുകളെല്ലാംകൂടി പൂൾ ചെയ്താൽ ഓരോ സ്ഥലത്തുമുള്ള പൊതുവിദ്യാലയങ്ങൾ സജീവമാക്കാനും സ്മാർട്ടാക്കാനും ഹൈടെക്ക് ആക്കാനും പറ്റും. അത്തരത്തിൽ നമ്മൾ ചിന്തിക്കേണ്ടതായിട്ടുണ്ട്. അങ്ങനെ പൊതുവിദ്യാലയങ്ങളാകെ നല്ലരീതിയിൽ അഭിവൃദ്ധിപ്പെടുത്തണം. പൊതുവിദ്യാലയം സംരക്ഷിക്കണമെന്ന മുദ്രാവാക്യമുയർത്തിയതു കൊണ്ടുമാത്രം കാര്യമില്ല. പൊതുവിദ്യാലയത്തിന്റെ നിലവാരമുയർത്തിക്കൊണ്ട് സംരക്ഷിക്കാൻ നമുക്ക് കഴിയണം. നിലവാരമുയർത്തുമ്പോൾ സ്വാഭാവികമായും കുട്ടികൾ അവിടേക്ക് പോകും. പൊതുവിദ്യാലയത്തിന്റെ അടുത്തുള്ള വീട്ടിൽനിന്ന് കുട്ടി 20 കിലോ മീറ്റർ അപ്പുറത്തുള്ള സ്കൂളിലേക്ക് പോകുകയാണ്. അതൊഴിവാക്കാൻ പൊതുവിദ്യാലയത്തിന്റെ നിലവാരമുയർത്തണം. എല്ലാവരുടെയും സഹകരണവും പിൻതുണയും പൊതുവിദ്യാലയത്തിന് കൊടുത്താൽ സ്വാഭാവികമായും അവ മെച്ചപ്പെട്ടുവരും. അങ്ങനെ നമ്മുടെ വിദ്യാഭ്യാസ മേഖല ദേശീയ നിലവാരത്തിലേക്ക് ഉയരണം; അതിലൂടെ അന്താരാഷ്ട്ര നിലവാരത്തിലേക്കും ഉയർത്താൻ പറ്റണം. ഉന്നത വിദ്യാഭ്യാസ മേഖലയിലുള്ള ചില സ്ഥാപനങ്ങളെയൊക്കെ അത്തരത്തിൽ ഉയർത്താൻ നമുക്ക് കഴിയും.

ലാത്തികൊണ്ടും തോക്കുകൊണ്ടും പൂർണ്ണമായിട്ടും ക്രമസമാധാനം പാലിക്കാൻ കഴിയുമെന്ന് വിശ്വസിക്കുന്ന ഒരാളല്ല ഞാൻ. അങ്ങനെ കഴിയില്ലെന്ന് എല്ലാവർക്കും അറിയാവുന്നതാണ്. പോലീസ് സംവിധാനം കാലാനുസൃതമായി പരിഷ്കരിക്കേണ്ടതായിട്ടുണ്ട്. അവിടെ കുറ്റമറ്റ ആധുനികവൽക്കരണം നടക്കണം. ജനങ്ങളുടെ സേവകരായി പോലീസിനെ ഉയർത്താനാവണം. ഇന്നത്തെ ഒരു പ്രത്യേകത, സൈബർ ക്രൈം വർദ്ധിച്ചുവരുന്നതാണ്. സൈബർ ക്രൈം ഡിപ്പാർട്ടുമെന്റിനെ നവീകരിക്കേണ്ടതായിട്ടുണ്ട്. കുറ്റകൃത്യങ്ങൾ ശാസ്ത്രീയമായി തെളിയിക്കാൻ അന്താരാഷ്ട്ര നിലവാരമുള്ള ഫോറൻസിക് ലാബ് നമ്മൾ സ്ഥാപിക്കേണ്ടതായിട്ടുണ്ട്. കാരണം ചില കുറ്റകൃത്യങ്ങൾ തെളിയാതെ പോകുന്നുണ്ട്. അത് തെളിയിക്കുന്നതിനാവശ്യമായ എല്ലാ സന്നാഹവും നമുക്ക് ഒരുക്കാനാവണം. സ്ത്രീകൾക്കുനേരെയുള്ള കുറ്റകൃത്യങ്ങൾ ഒരു വെല്ലുവിളിയായി നമ്മുടെ സമൂഹത്തിലുയരുകയാണ്. നമ്മുടേത് വളരെ പരിഷ്കൃതമായിട്ടുള്ള സമൂഹമാണ്, പക്ഷേ വേദനാജനകമായ ഒരുപാട് അനുഭവങ്ങൾ നമുക്കുണ്ട്. ഇത് തടയാൻ ഫലപ്രദമായ നടപടികൾ വേണം. സ്ത്രീശാക്തീകരണം അതിന്റെ ഒരു ഭാഗമാണ്. സ്ത്രീശാക്തീകരണം ഫലപ്രദമായി നടപ്പാക്കാൻ നമുക്ക് കഴിയേണ്ടതായിട്ടുണ്ട്. അതോടൊപ്പം കൂടുതൽ വനിതകളെ പോലീസിൽ റിക്രൂട്ട് ചെയ്യാൻ സാധിക്കണം. വനിതകളായിട്ടുള്ള എസ്.ഐ.-മാരെ കുറേക്കൂടി റിക്രൂട്ട് ചെയ്യേണ്ടതായിട്ടുണ്ട്. അതോടൊപ്പം സ്ത്രീകളുടേത് മാത്രമായിട്ടുള്ള പോലീസ് സ്റ്റേഷനുകളുടെ എണ്ണം കുറച്ചുകൂടി വർദ്ധിപ്പിക്കേണ്ടതായിട്ടുണ്ട്. കോടതികളുടെ കാര്യവും ബന്ധപ്പെട്ടവരുമായി ആലോചിക്കണം. സ്ത്രീകളുടേത് മാത്രമായിട്ടുള്ള കോടതികൾ സ്ഥാപിക്കുന്ന കാര്യം, നമ്മൾ മാത്രം തീരുമാനിക്കേണ്ട കാര്യമല്ല, ബന്ധപ്പെട്ടവരുമായി ആലോചിക്കേണ്ടതായിട്ടുണ്ട്.

റോഡ് നിർമ്മാണത്തിന് റബ്ബർ ഉപയോഗിക്കുന്നത് ഫലപ്രദമാണെന്ന് തെളിയിച്ചതാണ്; പക്ഷേ കേന്ദ്ര ഗവൺമെന്റുമായി ചർച്ച ചെയ്തപ്പോൾ അവർക്ക് ചില ആശങ്കകളുണ്ട്. അതുമായി ബന്ധപ്പെട്ട തുടർനടപടികൾ നമ്മൾ സ്വീകരിക്കേണ്ടതുണ്ട്. അതുവഴി നല്ല ഗുണനിലവാരമുള്ള റോഡുകളാക്കി മാറ്റാൻ നമുക്ക് കഴിയുന്നതാണ്.

കേരളത്തിൽ നടപ്പാക്കാൻ കഴിയുന്ന ഒരു പദ്ധതിയാണ് "വാല്യൂ ആഡഡ് കേരള". നാളികേരം, റബ്ബർ, കുരുമുളക്, ഏലം തുടങ്ങിയ സുഗന്ധവ്യഞ്ജനങ്ങളുടെ മൂല്യം വർദ്ധിപ്പിക്കുന്ന വ്യവസായങ്ങൾ നമുക്ക് നല്ലനിലയിൽ കൊണ്ടുവരാൻ കഴിയണം. ചായയുടേയും കാപ്പിയുടേയും രംഗത്ത് ഇത് സാധിക്കും. ചായ

ചായയായി വരുന്നതിനുള്ള സംവിധാനം നമുക്ക് ഒരുക്കാൻ കഴിഞ്ഞിട്ടില്ല. ചായത്തോട്ടങ്ങൾ നമുക്ക് ധാരാളമുണ്ട്. കാപ്പിയുടേയും സ്ഥിതി അതുതന്നെയാണ്. ഇതൊക്കെ നമുക്കുതന്നെ ഒരുക്കാൻ കഴിയുന്ന കാര്യങ്ങളാണ്. ആ വഴിക്ക് മൂല്യവർദ്ധിത നടപടികളിലേക്ക് നാം നീങ്ങേണ്ടതായിട്ടുണ്ട്. വലിയ തോതിൽ പ്രയാസമനുഭവിക്കുന്ന വിഭാഗമാണ് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗം. രാവിലെ അതിനെപ്പറ്റി ഇവിടെ വ്യക്തമാക്കിക്കഴിഞ്ഞു. അവർക്ക് താമസസ്ഥലത്തിന്റെയും ഭൂമിയുടെയും ആരോഗ്യ സംരക്ഷണത്തിന്റെയും തൊഴിലവസരങ്ങളുടെയും ധാരാളം പ്രശ്നങ്ങളുണ്ട്. അത്തരം കാര്യങ്ങൾക്കൊക്കെ ഈ സർക്കാർ വലിയ തോതിൽ മുൻഗണന നൽകും. സാധാരണക്കാരന്റെ ജീവിത നിലവാരം ഉയർത്താൻ നമുക്ക് കഴിയണം. അവരുടെ കുട്ടികൾക്ക് നല്ല വിദ്യാഭ്യാസം കൊടുക്കാൻ കഴിയണം, ഭക്ഷണത്തിന് പ്രയാസമുണ്ടാകുന്ന നിലയുണ്ടാകാൻ പാടില്ല, നല്ല ചികിത്സ ലഭ്യമാകണം, കൃഷിയുടെ കാര്യത്തിൽ സ്വയംപര്യാപ്തത നേടാൻ കഴിയണം, എല്ലാവർക്കും പാർപ്പിട സൗകര്യം ഒരുക്കാൻ സാധിക്കണം. നീതിയുക്തമായ ഒരു ഭരണസംവിധാനം നമ്മുടെ നാട്ടിൽ നടപ്പിലാക്കണം. അതിന് അഴിമതി തുടച്ചുനീക്കൽ വളരെ പ്രധാനമാണ്. അഴിമതിയും വികസനവും ഒന്നിച്ചു പോകില്ല. ഏതൊരു പദ്ധതി വരുമ്പോഴും അതിനെ തകർക്കാൻ നടക്കുന്ന ചില ആളുകളുണ്ടെന്ന് എല്ലാവരും മനസ്സിലാക്കണം. അങ്ങനെ തകർക്കാൻ നടക്കുന്നവരെ നമുക്ക് തിരിച്ചറിയാൻ കഴിയണം. യഥാർത്ഥത്തിൽ അവർ സമൂഹത്തെ പിന്നോട്ടടിക്കാൻ ശ്രമിക്കുന്നവരാണ്. അതിനെതിരെയുള്ള യോജിച്ച നീക്കം നമുക്ക് നടത്താനാവണം. നാടിന്റെ വികസന കാര്യത്തിൽ നിങ്ങൾക്കെല്ലാവർക്കും വ്യത്യസ്തങ്ങളായ ആശയങ്ങളുണ്ടാകാം. അവയെല്ലാം സർക്കാരുമായി പങ്കുവയ്ക്കാൻ തയ്യാറാകണം. ജനങ്ങളുടെ സ്വപ്നങ്ങളിൽ നിങ്ങളെല്ലാവരും പങ്കുചേരണമെന്നാണ് ഈ ഘട്ടത്തിൽ എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഈ നന്ദിപ്രമേയത്തെ ഒന്നുകൂടി അനുകൂലിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ : ശ്രീ. പാറക്കൽ അബ്ദുല്ല അങ്ങയുടെ 1-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. പാറക്കൽ അബ്ദുല്ല : സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ : അനുകൂലിക്കുന്നവർ ..................................

പ്രതികൂലിക്കുന്നവർ..................................

ശ്രീ. പാറക്കൽ അബ്ദുല്ല അവതരിപ്പിച്ച 1-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ടി. എ. അഹമ്മദ് കബീർ അങ്ങയുടെ 2-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ടി. എ. അഹമ്മദ് കബീർ : സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ : അനുകൂലിക്കുന്നവർ ..................................

പ്രതികൂലിക്കുന്നവർ...................................

ശ്രീ. റ്റി. എ. അഹമ്മദ് കബീർ അവതരിപ്പിച്ച 2-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അങ്ങയുടെ 3-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ : അനുകൂലിക്കുന്നവർ ..................................

പ്രതികൂലിക്കുന്നവർ...................................

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 3-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. എസ്. ശബരീനാഥൻ അങ്ങയുടെ 4-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. എസ്. ശബരീനാഥൻ : സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ : അനുകൂലിക്കുന്നവർ ..................................

പ്രതികൂലിക്കുന്നവർ...................................

ശ്രീ. കെ. എസ്. ശബരീനാഥൻ അവതരിപ്പിച്ച 4-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. എസ്. ശിവകുമാർ അങ്ങയുടെ 5-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. എസ്. ശിവകുമാർ : സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ : അനുകൂലിക്കുന്നവർ ..................................

പ്രതികൂലിക്കുന്നവർ...................................

ശ്രീ. വി. എസ്. ശിവകുമാർ അവതരിപ്പിച്ച 5-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. പി. സജീന്ദ്രൻ അങ്ങയുടെ 6-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. പി. സജീന്ദ്രൻ : സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ : അനുകൂലിക്കുന്നവർ ..................................

പ്രതികൂലിക്കുന്നവർ...................................

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 6-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ഹൈബി ഈഡൻ അങ്ങയുടെ 7-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ഹൈബി ഈഡൻ : സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ : അനുകൂലിക്കുന്നവർ ..................................

പ്രതികൂലിക്കുന്നവർ...................................

ശ്രീ. ഹൈബി ഈഡൻ അവതരിപ്പിച്ച 7-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. വിൻസെന്റ് അങ്ങയുടെ 8-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. വിൻസെന്റ് : സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ : അനുകൂലിക്കുന്നവർ ..................................

പ്രതികൂലിക്കുന്നവർ...................................

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 8-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എൽദോസ് കുന്നപ്പിള്ളി അങ്ങയുടെ 9-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എൽദോസ് കുന്നപ്പിള്ളി : സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ : അനുകൂലിക്കുന്നവർ ..................................

പ്രതികൂലിക്കുന്നവർ...................................

ശ്രീ. എൽദോസ് കുന്നപ്പിള്ളി അവതരിപ്പിച്ച 9-ാം നമ്പർ ഭേദഗതി നിരാകരിച്ചു.

ശ്രീ. ഷാഫി പറമ്പിൽ അങ്ങയുടെ 10-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ഷാഫി പറമ്പിൽ : സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ : അനുകൂലിക്കുന്നവർ ..................................

പ്രതികൂലിക്കുന്നവർ...................................

ശ്രീ. ഷാഫി പറമ്പിൽ അവതരിപ്പിച്ച 10-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. അൻവർ സാദത്ത് അങ്ങയുടെ 11-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. അൻവർ സാദത്ത് : സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ : അനുകൂലിക്കുന്നവർ ..................................

പ്രതികൂലിക്കുന്നവർ...................................

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 11-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. സണ്ണി ജോസഫ് അങ്ങയുടെ 12-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. സണ്ണി ജോസഫ് : സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ : അനുകൂലിക്കുന്നവർ ..................................

പ്രതികൂലിക്കുന്നവർ...................................

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 12-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. ഡി. സതീശൻ അങ്ങയുടെ 13-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. ഡി. സതീശൻ : സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ : അനുകൂലിക്കുന്നവർ ..................................

പ്രതികൂലിക്കുന്നവർ...................................

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 13-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. സി. ജോസഫ് അങ്ങയുടെ 14-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. സി. ജോസഫ് : സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ : അനുകൂലിക്കുന്നവർ ..................................

പ്രതികൂലിക്കുന്നവർ...................................

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 14-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. ടി. തോമസ് അങ്ങയുടെ 15-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. ടി. തോമസ് : സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ : അനുകൂലിക്കുന്നവർ ..................................

പ്രതികൂലിക്കുന്നവർ...................................

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 15-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഡോ. എൻ. ജയരാജ് അങ്ങയുടെ 16-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ഡോ. എൻ. ജയരാജ് : സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ : അനുകൂലിക്കുന്നവർ ..................................

പ്രതികൂലിക്കുന്നവർ...................................

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 16-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. റോഷി അഗസ്റ്റിൻ അങ്ങയുടെ 17-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. റോഷി അഗസ്റ്റിൻ : സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ : അനുകൂലിക്കുന്നവർ ..................................

പ്രതികൂലിക്കുന്നവർ...................................

ശ്രീ. റോഷി അഗസ്റ്റിൻ അവതരിപ്പിച്ച 17-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. മോൻസ് ജോസഫ് അങ്ങയുടെ 18-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. മോൻസ് ജോസഫ് : സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ : അനുകൂലിക്കുന്നവർ ..................................

പ്രതികൂലിക്കുന്നവർ...................................

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 18-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച നന്ദിപ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ..................................

പ്രതികൂലിക്കുന്നവർ ..................................

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീ. വി. എസ്. അച്ചുതാനന്ദൻ
4. ശ്രീ. കെ. ആൻസലൻ
5. ശ്രീ. ആന്റണി ജോൺ
6. ശ്രീ. പി. വി. അൻവർ
7. ശ്രീ. എ. എം. ആരിഫ്
8. പ്രൊഫ. കെ. യു. അരുണൻ
9. ശ്രീമതി സി. കെ. ആശ
10. ശ്രീ. കെ. ബാബു
11. ശ്രീ. എ. കെ. ബാലൻ
12. ശ്രീമതി ഇ. എസ്. ബിജിമോൾ
13. ശ്രീ. ഇ. ചന്ദ്രശേഖരൻ
14. ശ്രീ. കെ. ദാസൻ
15. ശ്രീ. ബി. ഡി. ദേവസ്സി
16. ശ്രീ. സി. ദിവാകരൻ
17. ശ്രീ. എൽദോ എബ്രഹാം
18. ശ്രീ. കെ. ബി. ഗണേഷ് കുമാർ
19. ശ്രീമതി ഗീതാ ഗോപി

20. ശ്രീ. ജോർജ് എം. തോമസ്
21. ശ്രീ. ചിറ്റയം ഗോപകുമാർ
22. ശ്രീ. സി. കെ. ഹരീന്ദ്രൻ
23. ഡോ. കെ. ടി. ജലീൽ
24. ശ്രീ. ജെയിംസ് മാത്യു
25. ശ്രീ. ജി. എസ്. ജയലാൽ
26. ശ്രീ. ഇ. പി. ജയരാജൻ
27. ശ്രീ. ജോൺ ഫെർണാണ്ടസ്
28. ശ്രീ. വി. ജോയി
29. ശ്രീ. ഒ. ആർ. കേളു
30. ശ്രീ. സി. കൃഷ്ണൻ
31. ശ്രീ. കെ. കുഞ്ഞിരാമൻ
32. ശ്രീ. കോവൂർ കുഞ്ഞുമോൻ
33. ശ്രീ. വി. കെ. സി. മമ്മത് കോയ
34. ശ്രീ. എം. എം. മണി
35. ശ്രീ. മാത്യു ടി. തോമസ്
36. ശ്രീ. കെ. ജെ. മാക്സി
37. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
38. ശ്രീ. എ. സി. മൊയ്തീൻ
39. ശ്രീ. മുഹമ്മദ് മുഹസിൻ പി.
40. ശ്രീ. എം. മുകേഷ്
41. ശ്രീ. ഡി. കെ. മുരളി

42. ശ്രീ. മുരളി പെരുനെല്ലി
43. ശ്രീ. സി. കെ. നാണു
44. ശ്രീ. എം. നൗഷാദ്
45. ശ്രീ. യു. ആർ. പ്രദീപ്
46. ശ്രീ. എ. പ്രദീപ്കുമാർ
47. ശ്രീ. കെ. ഡി. പ്രസേനൻ
48. ശ്രീമതി യു. പ്രതിഭ ഹരി
49. ശ്രീ. പുരുഷൻ കടലുണ്ടി
50. ശ്രീ. പി. ടി. എ. റഹീം
51. ശ്രീ. എം. രാജഗോപാലൻ
52. ശ്രീ. കെ. രാജൻ
53. ശ്രീ. എസ്. രാജേന്ദ്രൻ
54. ശ്രീ. ആർ. രാജേഷ്
55. ശ്രീ. റ്റി. വി. രാജേഷ്
56. ശ്രീ. കെ. രാജു
57. ശ്രീ. രാജു എബ്രഹാം
58. ശ്രീ. ആർ. രാമചന്ദ്രൻ
59. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
60. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ
61. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
62. ശ്രീ. മുല്ലക്കര രത്നാകരൻ
63. പ്രൊഫ. സി. രവീന്ദ്രനാഥ്

64. ശ്രീ. കാരാട്ട് റസാഖ്
65. ശ്രീ. എസ്. ശർമ്മ
66. ശ്രീ. എ. കെ. ശശീന്ദ്രൻ
67. ശ്രീ. സി. കെ. ശശീന്ദ്രൻ
68. ശ്രീ. പി. കെ. ശശി
69. ശ്രീ. വി. ശശി
70. ശ്രീ. ഐ. ബി. സതീഷ്
71. ശ്രീ. ബി. സത്യൻ
72. ശ്രീ. എ. എൻ. ഷംസീർ
73. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
74. ശ്രീ. ജി. സുധാകരൻ
75. ശ്രീ. വി. ആർ. സുനിൽ കുമാർ
76. ശ്രീ. വി. എസ്. സുനിൽ കുമാർ
77. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
78. ശ്രീ. കെ. സുരേഷ് കുറുപ്പ്
79. ശ്രീ. എം. സ്വരാജ്
80. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
81. ശ്രീ. പി. തിലോത്തമൻ
82. ശ്രീ. തോമസ് ചാണ്ടി
83. ഡോ. ടി. എം. തോമസ് ഐസക്
84. ശ്രീ. പി. ഉണ്ണി
85. ശ്രീമതി വീണാ ജോർജ്ജ്
86. ശ്രീ. കെ. വി. വിജയദാസ്

87. ശ്രീ. ഇ. കെ. വിജയൻ

88. ശ്രീ. പിണറായി വിജയൻ

89. ശ്രീ. എൻ. വിജയൻ പിള്ള

പ്രതികൂലിക്കുന്നവർ

1. ശ്രീ. അബ്ദുൾ ഹമീദ് പി
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. പി. കെ. അബ്ദു റബ്ബ്
4. ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്
5. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
6. ശ്രീ. അടൂർ പ്രകാശ്
7. ശ്രീ. മഞ്ഞളാംകുഴി അലി
8. ശ്രീ. എ. പി. അനിൽ കുമാർ
9. ശ്രീ. അൻവർ സാദത്ത്
10. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
11. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
12. ശ്രീ. എൽദോസ് കുന്നപ്പിള്ളി
13. ശ്രീ. ഹൈബി ഈഡൻ
14. ശ്രീ. ടി. വി. ഇബ്രാഹിം
15. ഡോ. എൻ. ജയരാജ്
16. ശ്രീ. കെ. സി. ജോസഫ്
17. ശ്രീ. പി. ജെ. ജോസഫ്
18. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
19. ശ്രീ. മോൻസ് ജോസഫ്

20. ശ്രീ. കെ. മുരളീധരൻ
21. ശ്രീ. ഉമ്മൻ ചാണ്ടി
22. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
23. ശ്രീ. രമേശ് ചെന്നിത്തല
24. ശ്രീ. റോജി എം. ജോൺ
25. ശ്രീ. വി. പി. സജീന്ദ്രൻ
26. ശ്രീ. എൻ. ഷംസുദ്ദീൻ
27. ശ്രീ. വി. ഡി. സതീശൻ
28. ശ്രീ. സണ്ണി ജോസഫ്
29. ശ്രീ. സി. എഫ്. തോമസ്
30. ശ്രീ. പി. ടി. തോമസ്
31. ശ്രീ. പി. ഉബൈദുള്ള

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ .... 89

പ്രതികൂലിക്കുന്നവർ .... 31

നിഷ്പക്ഷത പാലിക്കുന്നവർ .... ആരുമില്ല.

നന്ദിപ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ഓർഡർ ഓർഡർ..........സഭ ഇപ്പോൾ പിരിയുന്നതും 2016 ജൂലൈ 8-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2016 ജൂലൈ മാസം 8-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 2.12-ന് പിരിഞ്ഞു.)